
www.malankaralibrary.com

# സഭാപിതാക്കന്മാർ

## II



ഡോ. ജി. ചേടിയത്ത്

www.malankaralibrary.com

ഫാ. ജി. ചേടിയത്ത്

# സഭാപിതാക്കന്മാർ

## II

No. 116

പൗരസ്ത്യ വിദ്യാപീഠം
കോട്ടയം
1988

www.malankaralibrary.com

G. Chediath, Sabhapithakanmar–II
(The Fathers of the Church-II)
A Publication of the Oriental Institute of
Religious Studies,
P. B. No. 1, Vadavathoor, Kottayam-686 010, India.

Copyright: G. Chediath, 1988

Printed at the Catholic Mission Press, Kottayam

www.malankaralibrary.com

# വിഷയവിവരം

| | | പേജ് |
|---|---|---|
| | ആമുഖം | iv |
| | അവതാരിക | vi |
| 1 | വിശുദ്ധ ഗ്രിഗറി നസ്യാൻസൻ — ഉയിർപ്പുപ്രസംഗം | 1 |
| 2 | മാർ ഗീവർഗീസ് — കൂദാശകളുടെ വ്യാഖ്യാനം | 5 |
| | മാമോദീസാ— 6. കർബാന— 9. മൂറോൻ— 12 | |
| 3 | മോശബർകേഫാ — വി. കർബാനയുടെ വ്യാഖ്യാനം | 14 |
| 4 | എവാഗ്രിയസ് — പ്രാക്തിക്കോസ് | 66 |
| | വിവർത്തകൻ: പ്രൊഫ. കെ. വി. ജോസഫ് | |
| 5 | ദാദീശോ ഖത്രായാ — | 93 |
| | ഏകാന്തജീവിതം സംബന്ധിച്ച്: ഭാഗം — 1 | 94 |
| | ,, ,, 2 | 126 |
| | ,, ,, 3 | 130 |
| | ,, ,, 4 | 133 |
| | ,, ,, 5 | 140 |
| 6 | യേശുദ്നാഹ് — സന്യാസചരിത്രം | 153 |
| 7 | മാർ ഇസഹാക്കിന്റെ സിനഡ് (410) | 205 |
| 8 | മാർ യാബാലാഹായുടെ സിനഡ് (420) | 227 |
| 9 | മാർ ദാദീശോയുടെ സിനഡ് (424) | 234 |
| | അനുബന്ധം 1: യേശുദ്നാഹ് — സന്യാസചരിത്രം— വിഷയവിവരം | 256 |
| | അനുബന്ധം 2: യേശുദ്നാഹ് — സന്യാസചരിത്രം— അകാരാദിക്രമത്തിൽ | 258 |
| | അനുബന്ധം 3: യേശുദ്നാഹ്— സന്യാസചരിത്രം— കോളത്തിൽ | 259 |
| | ഗ്രന്ഥസൂചിക | 263 |

www.malankaralibrary.com

# ആമുഖം

ക്രൈസ്തവസഭാരംഭകാലത്ത് ആദ്ധ്യാത്മിക മണ്ഡലത്തിൽ ഉയർന്ന് പറക്കുകയും ഗഹനമായ ക്രൈസ്തവ തത്വങ്ങൾ ആകർഷകമായി ആവിഷ്കരിക്കുകയും ചെയ്ത ക്രൈസ്തവ പണ്ഡിതന്മാരാണ് സഭാപിതാക്കന്മാർ. ക്രൈസ്തവ വിശ്വാസ പ്രബോധകരായ പണ്ഡിതരും വിശുദ്ധരുമാണവർ. സ്ഥലകാല സംസ്കാരങ്ങളുടെ കാര്യത്തിൽ കുറേയൊക്കെ വിഭിന്നരായിരുന്നെങ്കിലും സത്യവിശ്വാസ പ്രഘോഷണത്തിൽ അവർ ഏകാഭിപ്രായക്കാരായിരുന്നു. അവരുടെ പ്രബോധനം സഭയുടെ ഈടുററ മുതൽക്കൂട്ടാണ്.

സഭാപിതാക്കന്മാരെപ്പററി ജോൺ പോൾ രണ്ടാമൻ മാർപാപ്പാ രേഖപ്പെടുത്തിയിരിക്കുന്നത് ഇത്തരുണത്തിൽ സ്മർത്തവ്യമാണ്.

''തങ്ങളുടെ വിശ്വാസത്തിന്റെ ശക്തികൊണ്ടും തങ്ങളുടെ പ്രബോധനത്തിന്റെ ആഴവും സമൃദ്ധിയും കൊണ്ടും സഭയ്ക്ക് ആദ്യനൂററാണ്ടുകളിൽ നവജീവനും മഹത്വവും പ്രദാനം ചെയ്ത വിശുദ്ധരാണ് സഭാപിതാക്കന്മാർ. ഇവരിൽനിന്ന് സുവിശേഷ മാധ്യമത്തിലൂടെ സഭ ജീവൻ പ്രാപിച്ചതിനാൽ യഥാർത്ഥത്തിൽ അവർ സഭയുടെ 'പിതാക്കന്മാർ' തന്നെയാണ്. അതുപോലെ, അവരാണ് അതിന്റെ പണിക്കാർ. കാരണം, ശ്ലീഹന്മാർ അടിസ്ഥാനമിട്ട, മിശിഹാ എന്ന ഏക അടിസ്ഥാനത്തിൽ ദൈവത്തിന്റെ സഭയെ പണിതുയർത്തിയത് അവരാണ്. പിതാക്കന്മാരിൽ നിന്നു ലഭിച്ച ജീവൻകൊണ്ട് സഭ ഇന്നും ജീവിക്കുന്നു. ആദ്യപണിക്കാർ പണിത ചട്ടക്കൂടിന്മേൽ, അവരുടെ യാത്രയിലെയും അനുദിനാദ്ധ്വാനത്തിലെയും സന്തോഷത്തിലും സന്താപത്തിലും സഭ ഇപ്പോഴും പണിയപ്പെടുന്നു. അതുകൊണ്ട്, അവർ പിതാക്കന്മാരായിരുന്നു; അവർ എന്നും പിതാക്കന്മാരായി നിലകൊള്ളുകയും ചെയ്യും.

അവർ തന്നെയും യഥാർത്ഥത്തിൽ സഭയുടെ ഉറപ്പുള്ള ചട്ടക്കൂടാണ്. എല്ലാ നൂററാണ്ടുകളിലുമുള്ള സഭയ്ക്കുവേണ്ടി അവർ ശാശ്വത ധർമ്മം നിർവഹിക്കുന്നു. സഭയുടെ തുടർന്നുള്ള സുവിശേഷപ്രഘോഷണവും ഔദ്യോഗിക പ്രബോധനവും ആധികാരികമായിരിക്കണമെങ്കിൽ അവരുടെ പ്രബോധനവും അദ്ധ്യാപനവുമായി പൊരുത്തപ്പെട്ടു പോകണം. അവരുടെ പിതൃത്വമാകുന്ന സജീവ ഉറവയിൽ നിന്നുത്ഭവിക്കേണ്ടവയാണ് എല്ലാ ആദ്ധ്യാത്മിക സിദ്ധികളും സഭാ ശുശ്രൂഷകളും. അനുദിനം വളരുകയും വികസിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന വിശുദ്ധ സൗധത്തോട് കൂട്ടിച്ചേർത്തു പണിയുന്ന ഓരോ പുതിയ കല്ലും അവർ നേരത്തെ അടിസ്ഥാനമിട്ട ഘടനയോടാണ് കൂട്ടിച്ചേർക്കപ്പെടേണ്ടത്. ആ ഘടനയുമായി അഭേദ്യമാംവിധം ഒന്നിച്ചു ചേർന്നിരിക്കുകയും വേണം.

ഈ ബോധ്യത്താൽ നയിക്കപ്പെട്ട്, നിത്യനൂതനവും വിജ്ഞാനപൂർണ്ണവുമായ അവരുടെ കൃതികളിലേയ്ക്കു തിരിയുന്നതിലും അവരുടെ ഓർമ്മ നിരന്തരം പുതുക്കുന്നതിലും സഭ ഒരിക്കലും പരിക്ഷീണിതയാകുന്നില്ല. അതുകൊണ്ട് നാം നമ്മുടെ പിതാക്കന്മാരെ വലിയ സന്തോഷത്തോടുകൂടെയാണ് ആരാധനാവർഷത്തിൽ എപ്പോഴും കണ്ടുമുട്ടുന്നത്.

www.malankaralibrary.com



ഈ ഓരോ അവസരവും നാം വിശ്വാസത്തിൽ ഉറപ്പിക്കപ്പെടുന്നതിനും പ്രതീക്ഷയിൽ പ്രോത്സാഹിപ്പിക്കപ്പെടുന്നതിനും സഹായകമാവുകയും ചെയ്യുന്നു.'' (പാത്രെസ് എക്ലേസിയേ, ജാനുവരി 2, 1980: AAS 72 (1980), 5–6.

വേദപുസ്തകം കഴിഞ്ഞാൽ ക്രൈസ്തവർ പ്രാധാന്യം നൽകേണ്ടതും നൽകുന്നതുമാണ് സഭാപിതാക്കന്മാരുടെ കൃതികൾ. യേശുക്രിസ്തുവിനോടും രക്ഷാകര സംഭവങ്ങളോടും വളരെ അടുത്തു ജീവിച്ച അവരുടെ ക്രിസ്ത്വാനുഭവം, ക്രിസ്തീയ ജീവിതമാതൃക, അവർ വരച്ചുകാട്ടുന്ന ക്രിസ്തുചിത്രം ആദിയായ കാര്യങ്ങൾ ഇന്നു ജീവിക്കുന്ന നമുക്ക് തീർച്ചയായും പ്രചോദനം നൽകുന്നവയാണ്. 'സഭാപിതാക്കന്മാരിലേക്ക് തിരിച്ചുപോകുക എന്നാൽ, യഥാർത്ഥത്തിൽ, ക്രിസ്തീയ ഉറവിടങ്ങളിലേക്കുള്ള തിരിച്ചുപോക്കാണ്'' എന്നു പൗലോസ് ആറാമൻ മാർ പാപ്പ ഒരിക്കൽ പ്രസ്താവിച്ചതു് സ്മരണീയമാണ്. സഭാപിതാക്കന്മാരെ കൂടാതെ സഭയിൽ സ്ഥായിയായ നവീകരണം സാധ്യമല്ല.

'സഭാപിതാക്കന്മാർ–1' 1987 ൽ പ്രസിദ്ധീകരിച്ചു. ഇതു് രണ്ടാം വാല്യമായിട്ടാണ് പ്രസിദ്ധീകരിക്കുന്നതു്. 1980–ൽ പ്രസിദ്ധീകരിച്ച 'സഭാപിതാക്കന്മാർ' (OIRSI –43) എന്ന ഗ്രന്ഥത്തിൽ നിന്ന് ഇതിലുള്ളതു്, വി. ഗ്രിഗറി നസ്യാൻസൻ –ഉയിർപ്പുപ്രസംഗം; മാർ ഗീവർഗീസ് –കൂദാശകളുടെ വ്യാഖ്യാനം എന്നീ രണ്ടു് അദ്ധ്യായങ്ങൾ മാത്രമേയുള്ളൂ. ''മോശബർ കേഫാ–വി. കുർബാനയുടെ വ്യാഖ്യാനം'' നേരത്തെ 1982–ൽ പ്രസിദ്ധീകരിച്ചിരുന്നു. ശേഷിച്ചവയെല്ലാം പുതുതായി വിവർത്തനം ചെയ്തു് ആദ്യമായി മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നവയാണ്. ''എവാഗ്രിയസ് – പ്രാക്തിക്കോസ്'' എന്ന അദ്ധ്യായം വിവർത്തനം ചെയ്തതു് പ്രൊഫ. കെ. വി. ജോസഫ്സാർ അവർകളാണ്.

ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കാൻ സഹായിച്ച എല്ലാവരെയും നന്ദിപൂർവ്വം സ്മരിക്കുന്നു. ഒരു സുപ്രധാനരേഖ വിവർത്തനം ചെയ്തു തന്ന പ്രൊഫ. കെ. വി. ജോസഫ്, ഭാഷ പരിശോധിച്ച് തിരുത്തിത്തന്ന റവ. ജോസഫ് മക്കോളിൽ, കുര്യൻ വാലുപറമ്പിൽ, പകർത്തിയെഴുതി തന്ന് സഹായിച്ച പ്രിയ സുഹൃത്തുക്കൾ എന്നിവരെ നന്ദിപൂർവ്വം ഓർക്കുന്നു. ഇതിന്റെ അച്ചടി ഭംഗിയായി നിർവ്വഹിച്ച കാത്തലിക് മിഷൻ പ്രസ്സിലെ അധികാരികൾക്കും എല്ലാ പ്രവർത്തകർക്കും നന്ദി രേഖപ്പെടുത്തിക്കൊള്ളട്ടെ. ഈ കൃതിക്ക് ഒരു അവതാരിക തന്ന് അനുഗ്രഹിച്ച അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ തിരുമേനിയോടുള്ള കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളട്ടെ.

ഈ ഗ്രന്ഥം സസന്തോഷം സഹൃദയസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

കോട്ടയം
16–7–1688

ഫാ. ഗീവർഗീസ് ചേടിയത്തു്

www.malankaralibrary.com

# അവതാരിക

ഏററവുമധികം പൗരാണികത്വമുള്ള കേരള ക്രൈസ്തവർക്ക് സഭാപിതാക്കന്മാരുടെ എഴുത്തുകൾ ഇന്നും പ്രായേണ അപ്രാപ്യങ്ങളാണ്. ഈ കുറവു പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട ഗീവർഗീസ് ചേടിയത്തച്ചൻ തുടങ്ങിയ പരിശ്രമം അദ്ദേഹം സതതം തുടരുന്നുവെന്നുള്ളതും ഏററവും സന്തോഷപ്രദമാണ്. സഭാപിതാക്കന്മാരുടെ ഗ്രന്ഥങ്ങളിൽ നിന്നു തെരഞ്ഞെടുത്ത ഒൻപതു പ്രബന്ധങ്ങൾ ഇപ്പോൾ അദ്ദേഹം പ്രസിദ്ധീകരിക്കുകയാണ്.

ക്രൈസ്തവസഭയുടെ ആരംഭയുഗങ്ങളിൽ വിശ്വാസികൾ സഭാജീവിതം എത്രമാത്രം ഗൗരവബോധത്തോടുകൂടി കരുതുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തു എന്നുള്ളതു് ഈ ഗ്രന്ഥത്തിൽ നിന്ന് നമുക്കു ഗ്രഹിക്കാം.

വിശ്വാസം നിർമ്മലമായി സംരക്ഷിക്കുന്നതിനും പാരമ്പര്യങ്ങൾ വിശ്വസ്തതയോടെ പാലിക്കുന്നതിനും അവർ അത്യന്തം ശ്രദ്ധിച്ചിരുന്നു. സ്വച്ഛമായ അരുവിയിൽ നിന്നു മാത്രമേ ആത്മീയജീവിതത്തിന് ആവശ്യമായ ഊർജ്ജവും ചൈതന്യവും ലഭ്യമാകുകയുള്ളൂ. ജീവിത സാഹചര്യങ്ങൾ ശീഘ്രമായി മാറിക്കൊണ്ടിരിക്കുകയാണ്. അവസ്ഥാനുസരണമായി ജീവിതത്തിലും മാററങ്ങൾ ഉണ്ടാകേണ്ടതാവശ്യമാണ്. എന്നാൽ സനാതനമായ മൂല്യങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് മാത്രമേ മാററങ്ങൾ വരുത്താവൂ. സഭയുടെ സജീവമായ നേതൃത്വമാണ് ആദ്ധ്യാത്മിക ജീവിതത്തിൽ എന്തെല്ലാമാണ് മാററങ്ങൾക്ക് വിധേയമെന്നും എന്തെല്ലാമാണ് മാററങ്ങൾക്ക് അതീതമെന്നും ആധികാരികമായി നമ്മെ ഉദ്ബോധിപ്പിക്കുന്നതു്.

ക്രൈസ്തവ സഭയുടെ ആരംഭകാലത്തു് പുണ്യപൂർണ്ണതയ്ക്കുള്ള തീവ്രമായ ആഗ്രഹം നിരവധിയാളുകളെ സന്യാസജീവിതത്തിലേക്ക് ആനയിച്ചു. നിരന്തരമായ പ്രാർത്ഥന, തീവ്രമായ തപശ്ചര്യകൾ, ഉഗ്രമായ നിഷ്ഠാജീവിതം ഇവവഴി അനേകർ വിശുദ്ധിയുടെ ഉന്നത ശ്രേണികളിൽ ചെന്നെത്തി. ഇങ്ങനെയുള്ള പുണ്യാത്മാക്കളുടെ ജീവചരിത്രവും അനുഭവങ്ങളും എന്നും നമുക്കു പ്രചോദനം നൽകുന്നവയാണ്.

സുവിശേഷോപദേശങ്ങളുടെ വിശ്വസ്തമായ അനുകരണം എപ്പോഴെല്ലാം സഭയിൽ ശക്തിപ്പെട്ടിരുന്നോ അന്നെല്ലാം സഭാജീവിതവും പൊതുവെ പുരോഗമിച്ചിരുന്നു. സുവിശേഷോപദേശങ്ങൾ സന്യസ്ഥർക്കു മാത്രമുള്ളവയല്ല. ഓരോ ക്രിസ്ത്യാനിയും ജീവിത സാഹചര്യങ്ങൾക്കനുസരണം അവ പാലിക്കുവാൻ വിളിക്കപ്പെട്ടിരിക്കുകയാണ്.

www.malankaralibrary.com



മൂല്യങ്ങളെയെല്ലാം ചോദ്യം ചെയ്യുകയും പരമ്പരാഗതമായ നിഷ്ഠാജീവിതം അവഗണിക്കപ്പെടുകയും ചെയ്യുന്ന ഈ കാലയളവിൽ നമ്മുടെ പൂർവ്വപിതാക്കന്മാരുമായുള്ള സമ്പർക്കം പ്രയോജനകരവും അത്യന്തം സഹായകരവുമാണ്. സഭാപിതാക്കന്മാരെ കൂടുതലായി അറിയുവാനും സ്നേഹിക്കുവാനും അവരുടെ ഉൽകൃഷ്ട മാതൃകയെ പിഞ്ചെല്ലുവാനും ഈ വിശിഷ്ട ഗ്രന്ഥം നമ്മെ സഹായിക്കട്ടെ.

തിരുവനന്തപുരം
ജൂലൈ 26, 1988

ബനഡിക്ട് മാർ ഗ്രീഗോറിയോസ്
തിരുവനന്തപുരം മെത്രാപ്പോലീത്താ

www.malankaralibrary.com

# 1

# വിശുദ്ധ ഗ്രിഗറി നസ്യാൻസൻ ഉയിർപ്പുപ്രസംഗം

**ആമുഖം**

ആദിമ സഭയിലെ ഒരത്യുജ്ജ്വലതാരമായിരുന്ന വി. ഗ്രിഗറി നസ്യാൻസൻ (+389)[1]. 361—ൽ ക്രിസ്മസ് ദിവസം സ്ഥലത്തെ മെത്രാനും തന്റെ പിതാവുമായ ഗ്രിഗറി ഇദ്ദേഹത്തെ വൈദികനാക്കി. എന്നാൽ വൈദികജീവിതത്തിന്റെ കർത്തവ്യങ്ങളോർത്ത് നടുങ്ങിയ ഗ്രിഗറി പോന്തുസിൽ സന്യാസം നടത്തിക്കൊണ്ടിരുന്ന ബസേലിയോസിന്റെ പക്കലേക്കോടി. പിറേറവർഷം തിരിച്ചെത്തിയ അദ്ദേഹം ഉയിർപ്പുദിവസം നസ്യാൻസിലെ പള്ളിയിൽ ജനങ്ങളുടെ മുമ്പിൽ ഒരു പ്രസംഗം നടത്തി. ഇതാണ് ഗ്രിഗോറിയോസിന്റെ ഒന്നാമത്തെ ഉയിർപ്പുപ്രസംഗം. പുറപ്പാടുപുസ്തകം 12—ാം അദ്ധ്യായത്തിൽ ഇസ്രായേൽക്കാർ പെസഹാക്കുഞ്ഞാടിനെ അറുത്തതും രക്ഷപ്രാപിച്ചതും ആധാരമാക്കിയാണ് പ്രസംഗം. ക്രിസ്തുവിന്റെ രക്ഷാകരപെസഹായുടെ മുൻകുറിയും സൂചനയും ഈജിപ്റ്റിലെ പെസഹാകുഞ്ഞാടിൽ കാണാം. ഗ്രിഗോറിയോസ് രണ്ടും ഒന്നായി കാണുന്നു. ആദ്യത്തേത് രണ്ടാമത്തേതിലേയ്ക്ക് നയിക്കുന്നു; രണ്ടാമത്തേത് ആദ്യത്തേതിന്റെ മകുടം. ഇന്നിതിൽ പങ്കെടുക്കുന്നവർക്ക് രക്ഷാകരസംഭവം ഒരോർമ്മ പുതുക്കലല്ല, ഈ നിമിഷം ഈ സ്ഥലത്ത് അത് യാഥാർത്ഥ്യവൽക്കരിക്കപ്പെടുന്നു. അത് ഈ നിമിഷത്തെയും ഇതിൽ സംബന്ധിക്കുന്നവരേയും പവിത്രീകരിക്കയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. ഇന്ന് ക്രിസ്തുവിന്റെ പെസഹാ ഘോഷിക്കുന്നവനും ക്രിസ്തുവിന്റെ അന്നത്തെ പെസഹായിലാണ് പങ്കുചേരുന്നത്. തുടർന്ന്, പെസഹാക്കുഞ്ഞാടായ മിശിഹായെ അനുകരിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്യുന്നു. അവസാനഭാഗം പ്രായോഗികോപദേശങ്ങളാണ്.

## ഉയിർപ്പുപ്രസംഗം

1 ഉയിർപ്പിന്റെ ദിവസമായ ഇന്ന് എന്റെ ആരംഭം ശുഭസൂചകമാണ്; നമുക്കീ പെരുനാള മോടിയായി ആഘോഷിക്കാം, നമുക്ക്

---

1 ജി. ചേടിയത്ത്, ആദിമസഭാപിതാക്കന്മാർ, കോട്ടയം 1983, പേജ് 327—337.

www.malankaralibrary.com



പരസ്പരം ആശ്ലേഷിക്കാം. നമുക്കെല്ലാവരേയും—നമ്മെ വെറുക്കുന്നവരെയും, 'സഹോദരന്മാർ' എന്നു വിളിക്കാം. അതിലുപരി നമ്മോടുള്ള സ്നേഹത്തെപ്രതി സഹിക്കയും പ്രവർത്തിക്കയും ചെയ്യുവരോട് പറയാം: 'ഉയിർപ്പിനെപ്രതി എല്ലാ തെററുകളും ക്ഷമിക്കാം.' പരസ്പരം മാപ്പു കൊടുക്കാം. മഹനീയമായ ഒരു ഉരുക്കുമുഷ്ടിയുടെ കീഴിലമർന്നിരുന്നു് വേദനിച്ച എന്നോടു് ക്ഷമിക്കുവിൻ. എന്റെ മന്ദതയെ പഴിക്കാൻ കാരണമുണ്ടെങ്കിൽ അതു പ്രയോഗിച്ച നിങ്ങളോടു് ഞാനും ക്ഷമിക്കുന്നു. എന്റെ മന്ദത ദൈവതിരുമുമ്പാകെ മററുള്ളവരുടെ എടുത്തുചാട്ടത്തേക്കാൾ വിലപ്പെട്ടതാണു്. വലിയ മോശയും പിന്നെ ജറമിയായും ചെയ്തതുപോലെ (പുറ. 4:10; ജറമി. 1:6). 'അല്പസമയം ഒതുങ്ങിക്കഴിയുന്നതു്' യുക്തമാകുന്നു. അഹറോനും ഏശായായും ചെയ്തതുപോലെ (പുറ. 4:27; ഏശാ. 1:1 f) അവൻ വിളിക്കുമ്പോൾ ഓടിയടുത്തെത്താൻ വേണ്ടിത്തന്നെ. രണ്ടും ചുമതലാബോധത്തോടുകൂടിത്തന്നെയാണു് ചെയ്യപ്പെട്ടതു്. ആദ്യത്തേതു് സ്വയമായി ശക്തിയൊന്നുമില്ലാത്തതുകൊണ്ടു്; രണ്ടാമത്തേതു് വിളിച്ചവന്റെ ശക്തിയാൽ.

2 ഒരു കൂദാശയാൽ ഞാൻ പൂശിതനായി.[1] ആത്മശോധന ചെയ്യാൻ കുറേ സമയത്തേയ്ക്കു് ഒരു രഹസ്യത്താൽ ഞാൻ പിൻവാങ്ങി. ഇപ്പോൾ ഞാൻ ഒരു രഹസ്യവുമായെത്തിയിരിക്കുന്നു. എന്റെ ഭീരുത്വത്തിന്റെയും ബലഹീനതയുടെയും സാക്ഷിയായ ഒരു ദിവസവുമായി ഞാൻ കടന്നുവന്നിരിക്കുന്നു. മരിച്ചവരിൽനിന്നുയർത്തപ്പെട്ടവന്റെ അരൂപിയാൽ നവീകരിക്കപ്പെടുവാനും പുതിയ മനുഷ്യനെ ധരിച്ചുകൊണ്ടു് ദൈവത്താൽ ജനിപ്പിക്കപ്പെട്ട പുതിയ സൃഷ്ടിക്കു് ഒരു മാതൃകയും ഉപദേഷ്ടാവുമായി നൽകപ്പെടുവാനുംവേണ്ടി അവനോടൊത്തു മരിക്കാനും ഉയിർക്കാനും സന്നദ്ധനായി ഞാൻ എത്തിയിരിക്കുന്നു.

3 ഇന്നലെ കുഞ്ഞാടു് അറുക്കപ്പെട്ടു, കട്ടിളപ്പടികൾ രക്തത്താൽ അഭിഷിക്തമായി; ഈജിപ്ററ് അവളുടെ ആദ്യജാതരെപ്രതി വിലപിച്ചു. സംഹാരകൻ നമ്മെ കടന്നുപോയി. മുദ്ര ഭീകരവും ആദരണീയവും ആയിരുന്നു. നാമെല്ലാം അമൂല്യരക്തത്താൽ ചുററപ്പെട്ടു; ഇന്നു നാമെല്ലാം ഈജിപ്തിൽനിന്നും ഫറവോനിൽനിന്നും രക്ഷപെട്ടു. നമ്മുടെ കർത്താവായ ദൈവത്തിനു് പെരുന്നാൾ ഘോഷിക്കുന്നതിൽനിന്നു് ആരും നമ്മെ തടയില്ല. ഇതു നമ്മുടെ പുറപ്പാടിന്റെ പെരുന്നാളാണു്. ദുഷ്ടതയുടെയും അധർമ്മത്തിന്റെയും പഴയ പുളിപ്പുകൊണ്ടല്ല, സത്യത്തിന്റെയും ആത്മാർത്ഥതയുടെയും പുളിപ്പില്ലാത്ത അപ്പത്താൽ (1 കൊറി. 5:8) നമുക്കു് പെരുന്നാൾ ഘോഷിക്കാം. ഈജിപ്തിലെ പുളിപ്പു് കലർന്നതും ദൈവികമല്ലാത്തതുമായ യാതൊന്നും നമ്മിൽ കാണപ്പെടാതിരിക്കാൻ സൂക്ഷിക്കാം.

4 ഇന്നലെ ഞാൻ അവനോടുകൂടെ കുരിശിൽ തറയ്ക്കപ്പെട്ടു. ഇന്നു ഞാൻ അവനോടുകൂടെ മഹത്വീകരിക്കപ്പെട്ടു. ഇന്നലെ ഞാൻ അവനോടുകൂടെ മരിച്ചു; ഇന്നു് അവനോടുകൂടെ ജീവനിലേയ്ക്കാനയിക്കപ്പെട്ടു; ഇന്നലെ ഞാൻ അവനോടുകൂടെ കല്ലറയിൽ അടയ്ക്കപ്പെട്ടു; ഇന്നവനോടുകൂടെ ഉത്ഥാനം ചെയ്യപ്പെട്ടു. നമുക്കുവേണ്ടി മരിക്കയും നമ്മേപ്രതി ഉയിർ

1 ഗ്രിഗറി സ്വീകരിച്ച പട്ടത്വ കൂദാശയെപ്പററിയാണു് ഇവിടെ പരാമർശനം.

www.malankaralibrary.com



ത്തെഴുന്നേൽക്കയും ചെയ്യുവനു് കാഴ്ചകാ സമർപ്പിക്കാം. സ്വർണ്ണമോ, വെള്ളിയോ, തുണിത്തരങ്ങളോ, വിലയേറിയ കല്ലുകളോ, ഈ ലോകത്തിലെ കടന്നുപോകുന്ന മറ്റു വസ്തുക്കളോ കൊടുക്കണമെന്നു് ഞാൻ പറയുമെന്നു് നിങ്ങാം പക്ഷേ വിചാരിച്ചേക്കാം, അവയെല്ലാം ഇവിടെത്തന്നെ അടിഞ്ഞവസാനിക്കുന്നു. പലപ്പോഴും അവയിലധികപങ്കും ചീത്ത മനുഷ്യരുടെ കൈവശമാണു്. അവർ ഈ ലോകത്തിന്റെ അടിമകളും ഈ ലോകത്തിന്റെ അധിപന്മാരുമാകുന്നു. നമുക്കു് നമ്മെത്തന്നെ മിശിഹാസ്സു് സമർപ്പിക്കാം. ദൈവത്തിനേററം വിലയുള്ളതും ഏററം യോജിച്ചതും ഇതാകുന്നു. നമുക്കു് ഛായയ്ക്കു് ഛായയുടെ മാതൃകയെത്തന്നെ സമർപ്പിക്കാം. നമുക്കു് നമ്മുടെ നില മനസ്സിലാക്കാം. നമുക്കു് നമ്മുടെ മുൻകുറിയെ മാനിക്കാം. 'രഹസ്യ'ത്തിന്റെ ശക്തിയും ക്രിസ്തു എന്തിനായി മരിച്ചു എന്നുള്ള യാഥാർത്ഥ്യവും ഗ്രഹിക്കാം.

5 ക്രിസ്തു നമ്മെപ്പോലെ ആയതിനാൽ നാം ക്രിസ്തുവിനെപ്പോലെ ആകണം. ക്രിസ്തു നമുക്കുവേണ്ടി മനുഷ്യനായിത്തീർന്നതിനാൽ അങ്ങയെപ്രതി നമുക്കു് ദൈവത്തിന്റേതാകാം. നമുക്കു് ശ്രേഷ്ഠമായവ നൽകുവാൻ അവൻ ഹീനമായവ സ്വീകരിച്ചു. തന്റെ ദാരിദ്ര്യത്തിൽ നാം സമ്പന്നരാകുവാൻ, അവൻ ദരിദ്രനായി (2 കൊറി. 8:9). നാം നമ്മുടെ സ്വാതന്ത്ര്യം വീണ്ടും പ്രാപിക്കാൻ അവൻ അടിമയായിത്തീർന്നു. നമ്മെ ഉയർത്തുവാൻ അവൻ താഴേയ്ക്കിറങ്ങിവന്നു. നാം വിജയം വരിക്കാൻ അവൻ പ്രലോഭിതനായി. നാം മഹത്വീകരിക്കപ്പെടാൻ അവൻ അപമാനിക്കപ്പെട്ടു. നമ്മെ രക്ഷിക്കാൻ അവൻ മരിച്ചു. പാപഫലമായി താഴെവീണ നമ്മെ തന്നിലേയ്ക്കു് കരേററുവാൻ അവൻ സ്വർഗ്ഗാരോഹിതനായി. നമുക്കുള്ളതെല്ലാം അവനു നൽകാം. നമുക്കുവേണ്ടി ഒരു വീണ്ടെടുപ്പുവിലയായും ഒരു രമ്യതയായും തീർന്നവനു് എല്ലാം സമർപ്പിക്കാം. അവൻ നമുക്കുവേണ്ടി എല്ലാമായി തീർന്നതുപോലെ അവനെപ്രതി സ്വയാർപ്പണത്തിൽ കുറഞ്ഞൊന്നും നൽകാനില്ല എന്നു് മനസ്സിലാക്കാം.

6 നിങ്ങാം കാണുന്നതുപോലെ അവൻ നിങ്ങാംക്കൊരിടയനെ തന്നു. ആടുകാംക്കുവേണ്ടി സ്വന്തജീവനെ വയ്ക്കുന്ന നല്ല ഇടയൻ ആഗ്രഹിക്കുന്നതും പ്രാത്ഥിക്കുന്നതും[2] തന്റെ അജഗണങ്ങളോടു് ആവശ്യപ്പെടുന്നതും ഇതാണു്. ഒന്നിനുപകരം രണ്ടു് അവൻ നിങ്ങാംക്കു് തരുന്നു. തന്റെ വാർദ്ധക്യത്തിലെ വടി നിങ്ങളുടെ അരൂപിയുടെ താങ്ങാക്കി അവൻ പകുത്തി. ജീവനില്ലാത്ത ഈ ആലയത്തിനു് അവൻ ഒരു ജീവനുള്ളവനെ നൽകി. മനോഹരവും സ്വർഗ്ഗീയവുമായ ഈ താഴികക്കുടത്തിനു്[3] നിസ്സാരവും പാവപ്പെട്ടതും എന്നാൽ അവനേററം വിലയുള്ളതുമായ ഒന്നിനെ അവൻ ചേത്തു. ഇതവന്റെ വിയർപ്പിന്റെയും കഷ്ടതകളുടെയും ഫലമാണു്. ഇതവന്റെ പ്രയത്നഫലമാണെന്നു് പറയാൻ ഞാനാഗ്രഹിക്കുന്നു. തനിക്കുള്ളതെല്ലാം—നരച്ച തലമുടി, യൗവനം, ആലയം, മഹാപുരോഹിതൻ, നിയമദാതാവ്, അവകാശി, നിങ്ങാം ആഗ്ര

2 ഗ്രിഗറിയുടെ പിതാവിനെപ്പററിയാണിവിടെ പറയുന്നതു്. തന്റെ മകൻ പിൻഗാമിയായി നസ്യാൻസസ് രൂപത ഭരിക്കണം എന്നതു് പിതാവിന്റെ തീവ്രമായ അഭിലാഷമായിരുന്നു.

3 ദേവാലയത്തിന്റെ താഴികക്കുടം; ഗ്രിഗറിയുടെ പിതാവു് നിർമ്മിച്ചതാണതു്.

www.malankaralibrary.com



ഹിച്ചിരുന്ന ഈ പ്രഭാഷണം എന്നുവേണ്ട സർവതും—അവൻ നിങ്ങൾക്കായി തന്നിരിക്കുന്നു. ഇവ വ്യർത്ഥമാകാനോ, വെള്ളത്തിലെ വരപോലെയാകാനോ പാടില്ല. ഇവ ബാഹ്യശ്രവണേന്ദ്രിയത്തിൽ തട്ടി കാററിൽ അലയാനും പാടില്ല. പ്രത്യുത, അരുപ്പി കല്ലിൽ കൊത്തിവച്ചവയായി നിങ്ങളിലിരിക്കണം; എളുപ്പം മായത്തക്ക രീതിയിൽ വരച്ചാൽ പോരാ, കൊത്തിവച്ചവയായി നിങ്ങളിൽ വസിക്കണം. മഷികൊണ്ടല്ല, കൃപാവരംകൊണ്ട് നിങ്ങളിൽ ആഴമായി എഴുതപ്പെടണം.

7 മഹനീയനായ ഈ അബ്രഹാം നിങ്ങൾക്ക തന്ന ദാനമിതാകുന്നു. ഇവൻ ബഹുമാന്യനും ശ്രേഷ്ഠനുമായ തലവനാകുന്നു. അവൻ പാത്രിയർക്കീസും എല്ലാവിധ നന്മയുടെയും ഉറവയുമാകുന്നു; സുകൃതത്തിന്റെ അളവുകോലാകുന്നു. പൗരോഹിത്യത്തിന്റെ പൂർണ്ണതയാകുന്നു. വാഗ്ദാനപുത്രനായ തന്റെ ഏകജാതനെ അവൻ ഇന്നു സ്വമനസ്സാ ബലിയായി അർപ്പിക്കുന്നു. ഒരു കുടിലിൽ വസിക്കയും അപ്പവും വെള്ളവുംകൊണ്ടു ജീവിക്കയും ചെയ്യുന്ന നിങ്ങളുടെ ഇടയന്മാരായ ഞങ്ങൾക്കും ദൈവത്തിനും അനുസരണയുള്ളവരായി നിങ്ങൾ വർത്തിക്കുമോ നിങ്ങളുടെ ഭാഗത്തുനിന്നു? നിങ്ങളെ അറിയുന്ന ഇടയനെ നിങ്ങൾ അറിയുന്നുണ്ടോ (യോഹ. 10:14)? വാതിലിൽക്കൂടി കയറുന്ന ഇടയനെ എന്നവണ്ണം നിങ്ങളെ വിളിക്കുമ്പോൾ ഇടയനെ നിങ്ങൾ പിൻചെല്ലുന്നുണ്ടോ? കള്ളനെപ്പോലെയും ചതിയനെപ്പോലെയും ആലയിൽ കയറുന്നവനെയല്ല നിങ്ങൾ പിൻതുടരേണ്ടതു്. അപരിചിതമായസ്വരം ഒരിക്കലും നിങ്ങൾ ശ്രദ്ധിക്കരുതു്. അതു് നിങ്ങളെ വഞ്ചിക്കാനായി വലിച്ചുകൊണ്ടുപോകയും സത്യത്തിന്റെ ഗിരിമുകളിൽനിന്നു നിങ്ങളെ ചിതറിക്കയും ചെയ്യും (എസക്കി. 35:6). കർത്താവു സന്ദർശിക്കാത്തിടത്തും മരുഭൂമിയിലും കുഴികളിലും അവർ നിങ്ങളെ ചിതറിക്കും. ഏകശക്തിയും ഏക ദൈവത്വവുമാകുന്ന പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും ഉള്ള സത്യവിശ്വാസത്തിൽനിന്നു നിങ്ങളെ അകററിക്കളയും. എന്റെ അജഗണം ഇടയന്റെ വാക്കുകേട്ടു എന്നും അതുതന്നെ ശ്രവിക്കണം. എന്നാൽ ചതിയന്മാർ അവരുടെ ദുഷിച്ചതും വഞ്ചനാത്മകവുമായ വാക്കുകളാൽ യഥാർത്ഥ ഇടയനിൽനിന്നു ആടുകളെ പറിച്ചെടുത്തുകൊണ്ടുപോകും.

മാരകവും വിഷലിപ്തവുമായ പുൽത്തകിടിയിൽനിന്നെന്നവണ്ണം നാമെല്ലാവരും—ഇടയനും ആടുകളും—തിന്മയിൽനിന്നു അകന്നിരിക്കണം. അതിൽനിന്നു അകന്നുനിൽക്കുകയും അകററിനിർത്തപ്പെടുകയും വേണം. ഇന്നും, സ്വർഗ്ഗീയവിശ്രമത്തിലും നമ്മുടെ കർത്താവീശോമിശിഹായിൽ നാമെല്ലാവരും ഒന്നായിരിക്കേണ്ടതിനുതന്നെ. അവനു ശക്തിയും മഹത്വവും എന്നുമെന്നേയ്ക്കും. ആമ്മീൻ.[4]

4 Oration-1: NPNF, 7. p. 203–204. ഗ്രിഗറിയുടേതായി രണ്ടാമതൊരു ഉയിർപ്പുപ്രസംഗംകൂടിയുണ്ടു്: p. 422-434. (പ്രസംഗം 45)

www.malankaralibrary.com

# 2

# മാർ ഗീവർഗീസ് കൂദാശകളുടെ വ്യാഖ്യാനം

## ആമുഖം

അറബികളുടെ മെത്രാനായിരുന്ന മാർ ഗീവർഗീസ് (ജോർജ്ജ്), (640–724), എഡേസ്സയിലെ മാർ യാക്കോബിന്റെ സ്നേഹിതനായിരുന്നു. മെസപ്പൊട്ടാമിയായിലെ അറബികളായ ഏക സ്വഭാവവാദികൾ (യാക്കോബായക്കാർ) ആയിരുന്നു ഇദ്ദേഹത്തിന്റെ രൂപതയിൽപ്പെട്ടവർ. അവർ ആക്കോളാ, ത്ഥുഹായെ, താന്തക്, തക്‌ലിബിത്തു് തഹ്‌ലബിത്തു് എന്നീ ഗോത്രങ്ങളിൽ ഉൾപ്പെട്ടിരുന്നു. ജോർജിന്റെ മെത്രാസനം ആക്കോളാ (അൽക്കൂഫാ)യിലായിരുന്നു. 686 മുതൽ അദ്ദേഹം മെത്രാനായിരുന്നു.

അരിസ്റ്റോട്ടലിന്റെ 'ഓർഗനോൺ' വിവർത്തനമാണ് ജോർജ്ജിന്റെ പ്രധാന കൃതി. വി. ഗ്രന്ഥത്തിനും, ഗ്രിഗറി നസ്യാൻസന്റെ പ്രസംഗങ്ങൾക്കും ജോർജ്ജ് ഭാഷ്യങ്ങൾ എഴുതിയിട്ടുണ്ട്. എഡേസ്സയിലെ യാക്കോബ് രചിച്ച 'ഹെക്സേമെറോൻ' അദ്ദേഹം പൂർത്തിയാക്കി. ജോർജ്ജിന്റെ ബൈബിൾ സ്കോളിയായിൽ നിന്ന് സേവേറുസും (കത്തേന) ബാർ ഹെബ്രായയും (ഔസാർ റാസേ) ഉദ്ധരിക്കുന്നു.

സഭയിലെ കൂദാശകളെപ്പറ്റി ജോർജ്ജ് എഴുതിയ കൃതി അച്ചടിക്കപ്പെട്ടിട്ടുണ്ട്. മാമോദിസാ, കുർബാന, മൂറോൻകൂദാശ എന്നിവയാണിതിലെ ഉള്ളടക്കം.[1] സെവുഡോ–ഡയനീഷ്യസിന്റെ 'എക്ലേസിയാസ്റ്റിക്ക ഹിയെരാർക്കിയ' എന്ന ഗ്രന്ഥത്തിൽ നിന്നാണ് ജോർജ്ജ് സ്വാധീനം സ്വീകരിച്ചിട്ടുള്ളതു്. മോശ ബർ കേഫാ (+903) ജോർജ്ജിന്റെ കൃതി സ്വതന്ത്രമായി ഉപയോഗിച്ചു.

കുർബാനയുടെ പ്രധാന ഭാഗത്തെപ്പറ്റി വളരെക്കുറച്ചു വിവരണമേ ജോർജ്ജ് നൽകുന്നുള്ളു. സ്നാനാർത്ഥികളെ പിരിച്ചയച്ചു കഴിഞ്ഞാലുടൻ 'സ്വർഗ്ഗസ്ഥനായപിതാവി'ലേയ്ക്കു കടക്കുകയാണദ്ദേഹം. എന്നാൽ 'ജീവന്റെപുസ്തക'ത്തിൽ നിന്നുള്ള വായനയെപറ്റിയുള്ള ആദ്യപരാമർശനം ഈ വിവരണത്തിന്റെ അവസാനത്തിലാണ്.

---

1 R. H. CONNOLLY, & H. W. CODRINGTON, *Two Commentaries on the Jacobite Liturgy by George Bishop of the Arab Tribes*........Oxford 1913.

www.malankaralibrary.com



ജോർജ്ജിന്റെ മററു കൃതികൾ: പദ്യരൂപത്തിൽ വി. മൂറോനെക്കുറിച്ചും ഏകാന്തസന്ന്യാസികളെക്കുറിച്ചും ഓരോ പ്രസംഗങ്ങൾ; പദ്യരൂപത്തിൽ കലണ്ടറിനെപ്പററി ഒരു പ്രതിപാദ്യം. ഏലിയാ ബർ സീനായാ ഇതിൽ നിന്നു് ഉദ്ധരിക്കുന്നു. ധാരാളം കത്തുകൾ എഴുതുന്ന ആളായിരുന്നു ജോർജ്ജ്. ചില സാമ്പിളുകൾ ബ്രിട്ടിഷ് മ്യൂസിയത്തിൽ ഉണ്ടു്. 714നും 718നും ഇടയ്ക്കു് എഴുതപ്പെട്ടവയാണീ കത്തുകൾ. ലിഥർബയിലെ സ്തംഭതാപസ്സനായ യോഹന്നാനു് അയച്ചതാണിവയിൽ മിക്കതും.

# കൂദാശകളുടെ വ്യാഖ്യാനം

'ഗീവർഗീസ് എന്നു് പേരുള്ള ഒരു മെത്രാൻ സഭയുടെ ദിവ്യരഹസ്യങ്ങളെ സംബന്ധിച്ചു് ഉണ്ടാക്കിയ ഭാഷ്യം'

## മാമോദീസാ

വിപുലമായും കൃത്യമായും മനോഹരശൈലിയിലും സഭാരഹസ്യങ്ങളുടെ ഭാഷ്യങ്ങൾ പല സഭാപിതാക്കന്മാരും പ്രത്യേകിച്ചു് ആഥൻസിലെ മെത്രാനും ആരെയോപാഗസിലെ ന്യായാധിപരിലൊരുവനും, പൗലോസിന്റെ ശിഷ്യനുമായ വി. ദിവന്നാസ്യോസ് ഉണ്ടാക്കി. പിതാക്കന്മാരുടെ ഭാഷ്യങ്ങൾ കിട്ടാൻ പ്രയാസമായതിനാലും, അവ ഏവർക്കും സുഗ്രാഹ്യമല്ലാത്തതിനാലും സത്യവിശ്വാസാന്വേഷികളായവർക്കായി, പ്രത്യേകിച്ചു് നമ്മെപ്പോലെ സാധാരണക്കാരും, പിതാക്കന്മാരുടെ ഭാഷ്യം വായിക്കാൻ സാധിക്കാത്തവരും ആയവർക്കായി, ഞാനൊരു ഭാഷ്യം രചിക്കുന്നു. വിശുദ്ധ പിതാക്കന്മാരും ദിവന്നാസ്യോസും വിപുലമായി ഉണ്ടാക്കിയവ വളരെ ഹ്രസ്വമായി, വിശുദ്ധ രഹസ്യങ്ങളുടെ ശക്തി ഗ്രഹിക്കത്തക്ക രീതിയിൽ ലളിതമായ ഭാഷയിൽ ഞാൻ തയ്യാറാക്കുന്നു.

ക്രിസ്ത്യാനികളുടെ 'രഹസ്യ'ങ്ങളുടെ ആരംഭം യഥാർത്ഥവിശ്വാസമാണു്. അതുകൊണ്ടു് ക്രിസ്തുമതത്തിലേക്കടുത്തു വരുന്നവർ ഡീക്കൻമാരുടെ പക്കൽ കുറെനാൾ വി. ഗ്രന്ഥം ശ്രവിച്ചതിനുശേഷം, ആദ്യമായി വിശ്വാസം പഠിക്കണമെന്നു് സഭാനിയമം അനുശാസിക്കുന്നു. ശുദ്ധീകരിക്കുന്നവരായ ഡീക്കന്മാർ വഴി വി. ഗ്രന്ഥശ്രവണം പഴയ നടപടികളെ കഴുകിക്കളയുകയും കൗദാശികമായി അവർക്കൊരു പുതിയരൂപം നൽകുകയും അവരെ പുതിയ സൃഷ്ടിയാക്കുകയും ചെയ്യുന്നു. പരിപൂർണ്ണ സത്യത്തിലേക്കും മാനസ്സാന്തരത്തിലേക്കും നയിക്കുന്ന വഴിയാണു് വിശ്വാസം; ഈ വഴി കൂടാതെ സത്യം സ്വീകരിക്കാൻ ഒരുവനും സാധ്യമല്ല. ശിശു മാതൃഗർഭത്തിൽ ഉരുവാകുകയും പ്രസവത്തോടുകൂടി സൂര്യപ്രകാശം ദർശിക്കുകയും ചെയ്യുന്നതുപോലെ, ക്രിസ്തുമതത്തിലേക്കു് നടന്നു വരുന്നവരെ ഡീക്കന്മാർ രൂപീകരിക്കയും, വിശുദ്ധ ഗ്രന്ഥശ്രവണം വിശുദ്ധീകരിക്കയും ചെയ്യുന്നു. സത്യത്തിലെത്താനുള്ള പാതയായ വിശ്വാസം സ്വീകരിച്ചു കഴിയുമ്പോൾ പുരോഹിത കരങ്ങളാൽ സ്നാനം വഴി അവർ വീണ്ടും ജനിക്കുന്നു. ദൈവകൃപയാൽ അവർ ദൈവപുത്രരായി തീരുകയും ദിവ്യപ്രകാശദർശനത്തിനു് അർഹരായി ഗണിക്കപ്പെടുകയും ചെയ്യുന്നു. സ്നാനം സ്വീകരിച്ചവർ പഠിക്കയും ആവർത്തിക്കയും ചെയ്യുന്ന 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർത്ഥന അവർ ദൈവമക്കളായി തീർന്നെന്നും, പിശാചിന്റെ അധീനതയിൽ നിന്നു് വിമു

www.malankaralibrary.com



ക്തരായെന്നും ക്രോധത്തിന്റെ സന്തതികരം എന്ന നിലയിൽനിന്ന് വിടുതലാക്കപ്പെട്ടെന്നും അവരെ മനസ്സിലാക്കുന്നു.

സ്നാനത്തിനണയുന്നവരുടെ വസ്ത്രങ്ങൾ മാററപ്പെടുന്നു; അവരുടെ ഇടക്കെട്ടുവരഴിക്കുന്നു; ചെരിപ്പ് മാററുന്നു; സ്നാനാർത്ഥികൾ പടിഞ്ഞാറോട്ട് തിരിഞ്ഞുനിന്ന് പിശാചിനെ ഉപേക്ഷിക്കുന്നു. പഴയ വസ്ത്രങ്ങൾ ഉരിഞ്ഞുമാററൽ പഴയതും ഹീനവും അശുദ്ധവുമായ സംസാരത്തെയും പഴയ മനുഷ്യനെയും ഉരിഞ്ഞുകളയുന്നു എന്നതു് അവരെ മനസ്സിലാക്കുന്നു. പടിഞ്ഞാറോട്ട് തിരിഞ്ഞു സാത്താനെ ഉപേക്ഷിക്കുന്നത്, തെററിന്റെ എല്ലാ ഇരുട്ടിനെയും കറുത്ത പിശാചുക്കളെയും അവരുടെ നേതാവായ സാത്താനെയും ഉപേക്ഷിക്കയും തള്ളിക്കളയുകയും ചെയ്യുന്നു എന്നതു് സൂചിപ്പിക്കുന്നു.

പുരോഹിതൻ നടത്തുന്ന ഭൂതോച്ചാടനം സാത്താനുമായുള്ള ഒരു യുദ്ധവും, സ്നാനം സ്വീകരിക്കുന്നവൻ ദുഷ്ടന്റെ അടിമത്തത്തിൽനിന്നും സ്വാധീനത്തിൽനിന്നും സ്വതന്ത്രനാക്കപ്പെടണമെ എന്ന് ന്യായാധിപനോടുള്ള പ്രാർത്ഥനയും ആണ്. അതിനുശേഷം സ്നാനാർത്ഥികളെ പ്രകാശങ്ങളുടെ ദിക്കായ കിഴക്കോട്ട് തിരിച്ചു നിർത്തുന്നു. അവർ ദൈവിക പ്രകാശത്തിലേക്ക് തിരിക്കപ്പെട്ടിരിക്കുന്നു എന്ന് ഇതു് സൂചിപ്പിക്കുന്നു. അവർ അപ്പോൾ ക്രിസ്തുവിനെ ഏററുപറയുന്നു. സാത്താനെ ഉപേക്ഷിച്ചെന്നും അവനിൽനിന്ന് പിന്മാറിയെന്നും യഥാർത്ഥ ദൈവത്തിൻ പക്കലേക്കും അവന്റെ സ്വർഗ്ഗീയസഭയിലേക്കും അടുത്തുവന്നെന്നും ഈ ഏററുപറച്ചിൽ വ്യക്തമാക്കുന്നു.

ത്രിത്വനാമം ഉച്ചരിച്ചുകൊണ്ട് വൈദികൻ കുരിശാകൃതിയിൽ അവരുടെമേൽ എണ്ണകൊണ്ട് [2]മൂന്നു പ്രാവശ്യം റൂശ്മാചെയ്യുന്നു. ക്രിസ്തുവിന്റെ മരണത്തെ സൂചിപ്പിക്കുന്ന വാഴ്ത്തപ്പെട്ട കുരിശടയാളത്താൽ ക്രിസ്ത്യാനികളുടെ എല്ലാരഹസ്യങ്ങളുടെമേലും റൂശ്മാചെയ്യപ്പെടുന്നു എന്ന കാര്യം എല്ലാവരും കൃത്യമായി തന്നെ അറിഞ്ഞിരിക്കട്ടെ. കുരിശടയാളം കൂടാതെ ക്രിസ്ത്യാനികളുടെ ഒരു കൂദാശയും നടത്തപ്പെടുന്നില്ല. മനുഷ്യാവതാരത്തിലും പീഡാനുഭവത്തിലും മരണത്തിലും, ഇച്ഛയിലല്ലാതെ പിതാവും പരിശുദ്ധാത്മാവും സന്നിഹിതരായിരുന്നില്ലെങ്കിലും നാമിതു് സ്ലീബായുടെ അടയാളത്താൽ സൂചിപ്പിക്കുന്നു. ഈ കുരിശിനാൽതന്നെ—അതായതു് അതിന്മേൽ ക്രൂശിക്കപ്പെട്ടവൻ വഴി—പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ത്രിത്വത്തെപ്പററിയുള്ളജ്ഞാനം നാം സമ്പാദിച്ചു.

സ്നാനാർത്ഥികളുടെ മാന്യവും ശ്രേഷ്ഠവുമായ അവയവമായ മുഖത്തും തലയിലും കുരിശു് വരയ്ക്കപ്പെടുന്നതിന്റെ അർത്ഥമിതാകുന്നു: ഇതിന്റെ ദർശനത്താൽ അവർ പിശാചുക്കൾക്ക് ഭയകാരണമാകണം; കുരിശിന്റെ മുൻകുറി ഉണ്ടായിരുന്ന വാതിലിനെ സമീപിക്കാൻ സംഹാരകൻ ഈജിപ്റ്റിൽ ഭയപ്പെട്ടതുപോലെയാണിതു്. തലതൊടുന്നയാൾ (മദ്ധ്യസ്ഥൻ) സുകൃതങ്ങൾ അഭ്യസിക്കുന്നവനും ദൈവികകാര്യങ്ങളിലേക്ക് നയിക്കുന്നവനുമാണ്. അർത്ഥിയുടെ വിനയത്തെ അവൻ സൂചിപ്പിക്കുന്നു. അതായതു് അത്യുന്നതരഹസ്യങ്ങളെ മററുള്ളവരുടെ മദ്ധ്യസ്ഥതകൂടാതെ സമീപിക്കുവാൻ അവൻ മുതിർന്നില്ല. സ്നാനാർത്ഥിയുടെ പേരു് എഴുതുന്നതു്, ജീവന്റെ പുസ്തകത്തിൽ അവന്റെ പേരു് എഴുതപ്പെട്ടു എന്നതിനെ സൂചി

---

2 മാമോദീസാ സൈത്തുകൊണ്ട്.

www.malankaralibrary.com



ക്കണമെന്നു് ജനസമൂഹത്തെ മുഴുവൻ പഠിപ്പിക്കാനാണു്. ഹൃദയങ്ങളെയും ചിന്തകളെയും പരിശോധിക്കുന്ന ദൈവത്തിന്റെ മുൻപാകെയാണു് അവർ ഈ രഹസ്യങ്ങളുടെ സമയത്തു് നില്ക്കുന്നതു് എന്നും സൂചിപ്പിക്കുന്നു. സ്നാനം സ്വീകരിച്ചവർ ഏഴു ദിവസത്തേയ്ക്കു് കൈകൾ കഴുകാത്തതു് തങ്ങൾ സ്വീകരിച്ച അദൃശ്യ ശക്തിയുടെ തേജസ് പ്രഘോഷിക്കാനാണു്.[3]

## വിശുദ്ധ കുർബാന[4]

കുർബാനയ്ക്കുമുമ്പു് ഗീതത്തോടുകൂടി സങ്കീർത്തന ശുശ്രൂഷ നടത്തുന്നതു്, സഭയിലെ കൂട്ടം മുഴുവന്റെയും ഏക മനസ്സും ദൈവവുമായുള്ള അവരുടെ ഐക്യവും സൂചിപ്പിക്കുന്നു.[5] ഏശായാ ദർശിച്ച രഹസ്യങ്ങളുടെ പൂർത്തീകരണവും പുറജാതികളുടെ മാനസാന്തരവും സൂചിപ്പിക്കുന്നതാണു് മൂന്നു പ്രാവശ്യം 'ദൈവമേ, നീ പരിശുദ്ധനാകുന്നു' എന്ന പ്രാർത്ഥന (ഏശാ. 6:3).

അപ്പവും വെള്ളവുംകൊണ്ടു് ശരീരം പരിപോഷിപ്പിക്കപ്പെടുന്നതുപോലെ, വി. ഗ്രന്ഥവും അതിന്റെ ഭാഷ്യവും ശ്രവിക്കുന്നതു് ആത്മാവിനു് നിരന്തരമായൊരാത്മീയ ഭക്ഷണമാണു്. പഴയതു് പുതിയതിൽ പൂർത്തീകരിക്കപ്പെട്ടു എന്നു കാണിക്കാനാണു്, പുതിയതിനു മുൻപു് പഴയ നിയമം വായിക്കുന്നതു്. ദൈവത്തിനു് എല്ലാവരോടുമുള്ള താല്പര്യവും ക്രിസ്തുവിന്റെ കാരുണ്യവും പരിമളവും സൂചിപ്പിക്കാനാണു് ഡീക്കൻ ദേവാലയം മുഴുവൻ വീശുന്നതു്. കത്തുന്നൊരു ദീപത്തിൽനിന്നു് അനേകം ദീപങ്ങൾ കത്തിച്ചാലും ദീപം കുറഞ്ഞുപോകാത്തതുപോലെ മാററമില്ലാത്തതും ഉറച്ചതുമായ ദൈവികപരിപാലനയെ സൂചിപ്പിക്കുവാൻ ഡീക്കൻ ധൂപകലശവുമായി മദ്ബഹായിലേയ്ക്കു് പോകുന്നു.

വിശ്വാസികൾ പരസ്പരം നല്കുന്ന സമാധാനം നേരത്തെ ഉള്ള വിരോധവും കലഹവും മാററുകയും നശിപ്പിക്കുകയും സമാധാനവും ശാന്തിയും കൈവരുത്തുകയും പരസ്പരം രമ്യപ്പെടുകയും ദൈവത്തോടും മാലാഖമാരോടും യോജിപ്പിലെത്തുകയും ചെയ്യുന്നതിന്റെ അടയാളമാണു്.

ഡീക്കന്മാർ ലേവ്യരുടെ സ്ഥാനത്താണു്. ഇക്കാരണത്താൽ പള്ളിയിലെ ശുശ്രൂഷകളൊക്കെ അവർ നിർവഹിക്കുന്നു: വേദപുസ്തകവായന, കാറോസൂസാ വായന, ദേവാലയവാതുക്കൽ നില്ക്കുക, എപ്പോഴും ഭക്ത്യാദരപുരസരം വർത്തിക്കാൻ ജനങ്ങളോടാജ്ഞാപിക്കുക[6], ഓരോരുത്തരുടെയും നിലയനുസരിച്ചു് പള്ളിയിൽ സ്ഥാനം കല്പിച്ചു കൊടുക്കുക. പുരോഹിതനാകട്ടെ മൂന്നു കാര്യങ്ങളാണു് നിർവ്വഹിക്കുന്നതു്. പിതാവിനെ നമ്മോടു രമ്യപ്പെടുത്തുവാൻ നമുക്കുവേണ്ടി പിതാവായ

---

3 തെർത്തുല്യൻ, കിരീടം, 3.

4 'ക്കുറാബാ' എന്നു സുറിയാനി. അർപ്പണം എന്നർത്ഥം.

5 കുർബ്ബാനയ്ക്കുമുമ്പ് നടത്തുന്ന പ്രാർത്ഥനയായിരിക്കാം വിവക്ഷ.

6 'സ്താമെൻ കാലൊസ്': 'നാമെല്ലാവരും നല്ലവണ്ണം നിൽക്കണം' എന്നു കൂടെക്കൂടെ ഡീക്കൻ അനുസ്മരിപ്പിക്കുന്നു.

www.malankaralibrary.com



ദൈവത്തിന് ഒരു യാഗമായി സ്വയം സമർപ്പിച്ച നമ്മുടെ രക്ഷകനും ജീവദാതാവുമായവന്റെ സാദൃശ്യമാണ് ഒന്നാമതായി പുരോഹിതൻ; രണ്ടാമത്ത് സഭാസമൂഹത്തിലെ ശിരസ്സിലുള്ള നാവാണവൻ; മൂന്നാമത്തേത്, ക്രൂദാശകളിൽ ആത്മീയമായ അടയാളങ്ങൾ വരച്ചുകാട്ടുന്നവനാണവൻ.

ജീവവൃക്ഷമായ അമ്മാനുവേലിനെ അംത്താര സൂചിപ്പിക്കുന്നു. അംത്താരയിലെ അപ്പവും വീഞ്ഞും വചനമായ ദൈവത്തിന്റെ മാംസത്തെയും രക്തത്തെയും സൂചിപ്പിക്കുന്നു. അവ ജീവവൃക്ഷത്തിന്റെ ഫലങ്ങളാണ്. ജീവദായകമായ വീഞ്ഞിന്റെ കാസായിൽ വെള്ളം ചേർക്കുന്നത് കുരിശിൽവച്ച് നമ്മുടെ രക്ഷകന്റെ പാർശ്വത്തിൽനിന്നൊഴുകിയ രക്തത്തെയും വെള്ളത്തെയും സൂചിപ്പിക്കുന്നു. വി. കുർബാനയിൽ മറഞ്ഞിരിക്കുന്ന രഹസ്യവും അദൃശ്യവുമായ ശക്തിയെ സൂചിപ്പിക്കുന്നതാണ് അപ്പവീഞ്ഞുകളുടെമേലുള്ള ശോശാപ്പ[7]. ഡീക്കൻ ശോശപ്പ മാറ്റുന്നത് ക്രിസ്തുവിന്റെ വരവിനെയും ഓരോരുത്തർക്കും യോഗ്യമായപോലെ ക്രിസ്തു അവർക്ക് വെളിപ്പെടുന്നതിനെയും സൂചിപ്പിക്കുന്നു. നമുക്കും സ്വർഗ്ഗീയ സ്ഥലത്തിന്റെ മറവിനും ഇടയ്ക്കുള്ള വിരിയെ സൂചിപ്പിക്കുന്നതാണ് മദ്ബഹായിലെ തിരശ്ശീല.

തങ്ങളുടെ ഇച്ഛയ്ക്കെതിരായി (നമുക്കജ്ഞാതമായ കാരണങ്ങളാൽ; അവ ദൈവംമാത്രം അറിയുന്നു.) പിശാചിനാൽ പരീക്ഷിക്കപ്പെടുന്നവർ കുർബാന സ്വീകരിക്കാതെ കുർബാന സമയത്ത് ഇറങ്ങിപ്പോകുന്നു. അതിന്റെ അർത്ഥം ഇതാകുന്നു: ഒന്നാമത് വി. രഹസ്യങ്ങൾ പിശാചിനാൽ അപഹസിക്കപ്പെടാതിരിക്കാൻ. വീണ്ടും, രാജാവിന്റെ ഭാഗത്തുനിന്ന് ആർക്കെങ്കിലും എതിരായി ക്രോധം ഉള്ളിടത്തോളം കാലം രാജ്യത്തെ സംബന്ധിക്കുന്നതൊന്നും അവന് നല്കപ്പെടുന്നില്ല. എന്നാൽ ഓരോരുത്തരും സ്വന്തം ഇച്ഛയാലാണ് പരീക്ഷിക്കപ്പെടുന്നത് എന്ന് പിതാക്കന്മാർ പറയുന്നു (യാക്കോ. 1:14). സ്വന്തം ഇഷ്ടത്താൽ പാപം ചെയ്യുകയും സാത്താന് സ്വയം ഏൽപ്പിക്കുകയും ചെയ്യുവൻ തന്റെ പാപം നിമിത്തം പ്രലോഭിതനാകുന്നു. അവനെപ്പറ്റിയാണ് എഴുതപ്പെട്ടിരിക്കുന്നത്: 'ദൈവത്തെ ദൂഷിക്കാതിരിക്കാൻ അവൻ പഠിക്കാനായി ഞാനവനെ പിശാചിനേൽപ്പിച്ചു' (1 തിമോ. 1:20). ഒരുവൻ തന്റെ അലസത, ഭീരുത്വം ആദിയായ മറ്റു കാരണങ്ങളാലും പരീക്ഷിക്കപ്പെടാം. എന്നാൽ പിതാക്കന്മാരുടെ പാപത്തിന് കുട്ടികൾ പ്രലോഭിതരാകാറുണ്ട്. ദൈവം എല്ലാം മുൻകൂട്ടി കാണുന്നതിനാൽ മുന്നറിയി

7 ശോശപ്പാ എന്ന വാക്ക് അക്കേഡിയൻ ഭാഷയിൽനിന്ന് സുറിയാനിയിൽ വന്നിട്ടുള്ള പദമാണ്. 'ശ്രുശിപ്പു', 'ശ്രുസിപ്പു', 'ശ്രുശ്രുപ്പു', 'ശ്രുസുപ്പു', 'സസുപ്പു' എന്നൊക്കെ അക്കേഡിയനിൽ പ്രയോഗമുണ്ട്. അക്കേഡിയൻ പദം സുമേറിയനിൽനിന്നുണ്ടായതാണ്: 'ശ്രുസുബ്': ആവരണം, വിരിപ്പ് എന്ന് അർത്ഥം. 'ശ്രുശെപ്പോ' എന്ന് പാശ്ചാത്യസുറിയാനിയിലുള്ള രൂപം ഇങ്ങനെയുണ്ടായതാണ്. പൗരസ്ത്യ സുറിയാനിയിൽ ശോശപ്പാ എന്നു പറയും. ആവരണം, മൂടി, തൂവാല ആദിയായ അർത്ഥമുണ്ട്. വി. കുർബാനാരംഭത്തിൽ കാസായും പീലാസായും മൂടുവാനുപയോഗിക്കുന്ന, കുരിശടയാളമുള്ള തുണി (ഫാ. കെ. ലൂക്ക് O. F. M. നോട് കടപ്പാട്).

www.malankaralibrary.com



പ്പായി ചിലപ്പോൾ പരീക്ഷിക്കുകയും രോഗത്തിനു മുൻപ് സൗഖ്യം പ്രദാനം ചെയ്യുകയും ചെയ്യുന്നു. ക്രൂരനായ ബാബിലോൺ രാജാവായ നെബുക്കദ്നെസറിനോട് ദൈവം ചെയ്തത് ഇപ്രകാരമാണ് (ദാനി. 4). സ്വപ്നത്തിൽ ദൈവം അവനെ ഒരു മരം കാട്ടിക്കൊടുത്തു. അതിന്റെ അർത്ഥം അവൻ വെളിപ്പെടുത്തി. സംഭവിക്കുന്നതിനു മുൻപ് ദാനധർമ്മം വഴി അവനുണ്ടായ വൈപരീത്യം നീക്കുവാൻ അവനെ ഉപദേശിച്ചു. ചിലപ്പോൾ ദുഷ്ടമനുഷ്യർവഴിയും ക്ഷുദ്രപ്രയോഗികൾ വഴിയും ഇപ്രകാരമുള്ള പിശാചിനേൽപ്പിക്കൽ സംഭവിക്കും. വിവിധ പാപങ്ങളാൽ പിശാചിനാൽ അനേകർ പരീക്ഷിക്കപ്പെടുന്നു എന്നതു് ഒരു യാഥാർത്ഥ്യമാണ്—എല്ലാ തിന്മകളുടെയും ഉറവ പിശാചാണെങ്കിൽ—നാമെല്ലാം അനേക പാപങ്ങൾ ചെയ്യുന്നെങ്കിലും നമ്മുടെ പാപം വെളിപ്പെടുന്നില്ല. വെളിപ്പെട്ടതും കാണപ്പെട്ടതുമായ സംഗതികളെക്കുറിച്ചു മാത്രമേ സഭ വിധി പ്രസ്താവിക്കുന്നുള്ളൂ. രഹസ്യവും അദൃശ്യവുമായവ അവൾ ദൈവിക ദർശനത്തിനും ദൈവിക വിധിക്കുമായി വിട്ടുകൊടുക്കുന്നു. ദിവ്യ രഹസ്യങ്ങളുടെ സ്വീകരണശേഷം പാപം ചെയ്തവർക്ക് പ്രായശ്ചിത്ത കാലഘട്ടത്തിൽ കുർബ്ബാന കൊടുക്കുന്നില്ല. കാരണം രാജഭവനത്തിൽ നിന്നു കിട്ടിയ ദാനങ്ങൾ രാജാവിന്റെ ശത്രുക്കൾക്ക് കൊടുത്തു് രാജാവിനെ വേദനിപ്പിച്ച അടിമയെ പോലെയാണ് അത്തരക്കാർ. രാജഭവനത്തിലെ മക്കളായ പുരോഹിതർ അതറിയുകയും രാജാവിനോട് പറയുകയും രാജാവിനെ കാണുന്നതിൽനിന്ന് അപ്രകാരമുള്ളവർ വിലക്കപ്പെടുകയും ചെയ്യുന്നു. നമ്മുടെ രക്ഷകനായ യേശുവിന്റെ തലയ്ക്കലും കാല്ക്കലും കാണപ്പെട്ട മാലാഖമാരെ പോലെയാണ് ഡീക്കന്മാർ. (ലൂക്കാ. 24:4). അധികാരത്തിൻ കീഴുള്ളവരെപ്പോലെ പുരോഹിതരോടുള്ള അവരുടെ വിധേയത്വം സൂചിപ്പിക്കുന്നതാണ്, അവരുടെ ഇടത്തെ തോളിലുള്ള ഊറാറ; അധികാരമുള്ളവൻ തലയിലോ ഇരുതോളുകളിലുമോ ഊറാറ ഇടുന്നു. അവരുടെ കൈയിലെ ഫാൻ, തളരാതെ ഉച്ചത്തിൽ പറക്കുന്ന അവരുടെ മനസ്സിന്റെ ചിറകുകളെ സൂചിപ്പിക്കുന്നു. കർത്താവിന്റെ ഉത്ഥാനസമയത്തു് ഭയത്താൽ തറയിൽ വീണ പട്ടാളക്കാരുടേതു പോലെയാണ് അവരുടെ സാഷ്ടാംഗ പ്രണാമം.

ആദാമിന്റെ പാപം നിമിത്തമുള്ള നമ്മുടെ വീഴ്ചയുടെ അടയാളമാണ് മുട്ടുകുത്തൽ: നമ്മുടെ കർത്താവിന്റെ ഉത്ഥാനം വഴിയുള്ള നമ്മുടെ ഉയിർപ്പിന്റെ അടയാളമാണ് നമ്മുടെ എഴുന്നേൽക്കൽ. നമ്മുടെ ഉത്ഥാനം യാഥാർത്ഥ്യമായി തീർത്ത കർത്താവിന്റെ ഉത്ഥാനത്തിന്റെ ദിവസമായ ഞായറാഴ്ചയും പെന്തിക്കോസ്തിയിലെ ഏഴ് ആഴ്ചകളും നാം മുട്ടുകുത്താറില്ല. നാം കൃപയാൽ ദൈവമക്കളായിത്തീർന്നു എന്നു കാണിക്കുന്ന ആത്മവിശ്വാസപ്രാർത്ഥനയാണ് 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ'. അതിൽ സ്രഷ്ടാവിനെ ഏറ്റുപറയുകയും നല്ലകാര്യങ്ങളോടുള്ള സ്നേഹവും ചീത്ത കാര്യങ്ങൾ തള്ളിക്കളയലും പ്രത്യാശയും പാപമോചനവും ആവശ്യങ്ങൾക്കുവേണ്ടിയുള്ള യാചനയും ഉണ്ട്. വിശുദ്ധവസ്തുക്കൾ പാവനരും പരിശുദ്ധരുമായവർക്കാണ്, അശുദ്ധരും മലിനരുമായവർക്കല്ല എന്ന് കാണിക്കുന്ന 'വിശുദ്ധമായവ വിശുദ്ധർക്ക്' എന്ന പ്രഖ്യാപനം. പിതൃപുത്രപരിശുദ്ധാത്മാവായ ത്രിയേക ദൈവത്തിന്റെ സത്താപരമായ ഐക്യം കാണിക്കുന്നതാണ് 'പരിശുദ്ധനായ ഏകപിതാവും, പരിശുദ്ധനായ ഏകപുത്രനും പരിശുദ്ധനായ ഏകപരിശുദ്ധറൂഹായും എന്ന പ്രാർത്ഥന'. തന്റെ പരിശുദ്ധനാമത്തിന് ചേർന്ന വിധം മനുഷ്യരുടെ മർത്യസ്വഭാവത്തെ നിർമ്മിച്ച തന്റെ ദൈവികവും അനുഗ്രഹീതവുമായ സ്വഭാവത്തിന്റെ ഏറ്റുപറച്ചിലാണത്.

www.malankaralibrary.com



വിശറിയുടെ പന്ത്രണ്ട് 'ചിറകുകൾ' യേശുവിന്റെ 'മഹനീയ സ്ഥലത്ത്'' നിൽക്കുന്ന സ്രാപ്പേന്മാരുടെ ചിറകുകളെ സൂചിപ്പിക്കുന്നു. അംത്താരയും നമുക്ക് യേശുവിനെ വരച്ചുകാട്ടുന്നു; മൂറോൻകൊണ്ട് അംത്താര കൂദാശ ചെയ്യപ്പെടുന്നു. അംത്താരമേൽ മൂറോൻ എപ്പോഴും കൂദാശചെയ്യപ്പെടുന്നു. അതുപോലെയാണ് ക്രിസ്തുവും—ദൈവമെന്ന നിലയിൽ അവനാണ് പവിത്രീകരിക്കുന്നവൻ; അവർക്കുവേണ്ടി ഞാൻ എന്നെ ത്തന്നെ വിശുദ്ധീകരിക്കുന്നു (യോഹ. 17:19) എന്ന് അവൻ പറഞ്ഞതുപോലെ മനുഷ്യൻ എന്ന നിലയിൽ നമുക്കുവേണ്ടി വിശുദ്ധീകരിക്കപ്പെട്ടവനും അവൻ തന്നെയാകുന്നു.

സ്നാനജലത്തിൽ വൈദികൻ കുരിശാകൃതിയിൽ മൂറോൻ ഒഴിക്കുന്നത് എല്ലാററിനും മീതെ ദൈവമായ യേശുക്രിസ്തു കുരിശുമരണത്തോളവും, മൂന്നു ദിവസത്തെ അടക്കത്തോളവും താണുവെന്നതിനെ സൂചിപ്പിക്കുന്നു. പൂർണ്ണമായി പൂർത്തിയാകാത്തവർ (സ്നാനാർത്ഥികൾ) ഡീക്കന്റെ അനുശാസനത്തിൽ മൂറോൻ കൂദാശാവസരം പുറത്തുപോകുന്നത് മൂറോന്റെ ശുശ്രൂഷ പൂർത്തിവരുത്തുന്നതും, കുർബ്ബാനപോലെ പൂർണ്ണത നൽകുന്നതും, പൂർണ്ണമായി ആനീതരല്ലാത്തവർ ക്രിസ്ത്യാനികളുടെ ഈ ദിവ്യരഹസ്യങ്ങൾ കാണാൻ പാടില്ലാത്തതും ആണ് എന്നതിനാലത്രേ.

എതിർപ്പും മുൻവിധിയും കൂടാതെ നമ്മുടെ വാക്ക് സ്വീകരിക്കുന്നവർക്കുവേണ്ടി ഈ കാര്യങ്ങൾ ചുരുക്കി തയ്യാറാക്കിയിരിക്കുന്നു.

സഭാരഹസ്യങ്ങളുടെ ഭാഷ്യം അവസാനിച്ചു.

# 3

# മോശ ബർ കേഫാ

**ആമുഖം**

പാശ്ചാത്യ സുറിയാനി സഭയിലെ പണ്ഡിതനായ ഒരു മെത്രാനായിരുന്നു മോശ ബർ കേഫാ (813–903). ശിമഓൻ കേപ്പായുടെയും മറിയത്തിന്റെയും മകനായി ബാലാനിൽ ജനിച്ച മോശ, റമ്പാൻ കുറിയാക്കോസിന്റെ കീഴിൽ വിദ്യാഭ്യാസം നടത്തി. ബാലാനിനടുത്തുള്ള ''ത്തുറാസഹ്യായിലെ'' മാർ സേർജിയുസ് ആശ്രമത്തിന്റെ അധ്യക്ഷനായിരുന്നു കുറിയാക്കോസ്. മോശ അവിടെ വച്ച് സന്യാസവസ്ത്രം സ്വീകരിച്ചു. ക്രി.വ. 863–ൽ മോശ ബേത്റമ്മാൻ (ബാറീമ്മ) ബേത്കീയോനായാ, മോസ്സൂം എന്നിവിടങ്ങളുടെ മെത്രാനായി. അപ്പോൾ സേവേറുസ് എന്ന പേരെടുത്തു. എതാണ്ട് പത്തുവർഷം അദ്ദേഹം തഗ്രീത് ശ്രുപതയുടെ പെരിയദെവുത്തെസുമായിരുന്നു. അദ്ദേഹം മൊത്തം 40 വർഷം മെത്രാനായിരുന്നു. ക്രി.വ. 903–ൽ ആകെ മരിച്ചു. മാർ സേർജിയുസിന്റെ ആശ്രമത്തിൽ സംസ്കരിക്കപ്പെട്ടു.

www.malankaralibrary.com



നിരവധി ഗ്രന്ഥങ്ങളുടെ കർത്താവാണ്‌ മോശ. പഴയനിയമത്തിനും പുതിയനിയമത്തിനും അദ്ദേഹം ഭാഷ്യങ്ങളെഴുതിയിട്ടുണ്ട്‌. ബാർ എബ്രായാ തന്റെ ''ഔസാർ റാസേ'' എന്ന കൃതിയിൽ മിക്കപ്പോഴും ഇതിൽ നിന്ന്‌ ഉദ്ധരിക്കുന്നുണ്ട്‌. അദ്ദേഹം രചിച്ച ''വിശുദ്ധ കുർബാനയുടെ വ്യാഖ്യാനം'' ആണ്‌ ചുവടേ ചേർക്കുന്നത്‌.

# വിശുദ്ധ കുർബാനയുടെ വ്യാഖ്യാനം

(ദിവ്യബലിയാകുന്ന വിശുദ്ധ രഹസ്യങ്ങളുടെ വിശദീകരണം)

## വി. രഹസ്യങ്ങളുടെ പേരുകൾ

സമ്മേളനം, കർത്തൃഭോജനം, അനുരഞ്ജനം. കുർബാന, ദിവ്യരഹസ്യങ്ങൾ, പൂർണ്ണതകളുടെ പൂർണ്ണത എന്നിങ്ങനെ ആറു നാമങ്ങളുണ്ട്‌: നമ്മുടെ ചിതറപ്പെട്ട കഴിവുകളെ ഏകദൈവത്തിന്റെ ഐക്യത്തിലേക്ക്‌ ഒന്നിച്ചു കൂട്ടുന്നതിനാൽ ഇത്‌ സമ്മേളനം എന്ന്‌ വിളിക്കപ്പെടുന്നു. നാം മിശിഹായുടെ ശരീരം ഭക്ഷിക്കുന്നതിനാൽ ഇത്‌ കർത്തൃഭോജനം എന്നു വിളിക്കപ്പെടുന്നു. ''എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു'' (യോഹ. 6:56) എന്നതനുസരിച്ച്‌ നാം അവിടുത്തോടുകൂടി ഏക ശരീരമായിത്തീരുന്നു. നാം ക്രിസ്തുവിന്റെ അവയവങ്ങളാകുന്നു എന്ന്‌ വി. ശ്ലീഹായും പറഞ്ഞിട്ടുണ്ടല്ലൊ (എഫേ. 5:30; 1 കൊറി. 6:15). ഇതുവഴി ദൂരസ്ഥരും സമീപസ്ഥരും, സ്വർഗ്ഗീയരും ഭൗമികരും പരസ്പരം സംയോജിക്കപ്പെട്ടതിനാലാണ്‌ ഇത്‌ അനുരഞ്ജനം എന്നു വിളിക്കപ്പെടുന്നത്‌. പൗലോസ്‌ ശ്ലീഹാ സാക്ഷിക്കുന്നതുപോലെ അവനിലാകുന്നു നമ്മുടെ ഇരുകൂട്ടരുടേയും—സ്വജാതിയുടെയും വിജാതികളുടെയും, സ്വർഗ്ഗീയരുടെയും, ഭൗമികരുടെയും—(പിതാവിന്റെ പക്കലുള്ള) പ്രവേശനം (എഫെ. 2:18). നമ്മുടെ പാപങ്ങൾക്കുവേണ്ടി പിതാവായ ദൈവത്തിന്‌ അവൻ ഒരു ബലിയായി തീർന്നതിനാൽ ഇത്‌ കുർബാന എന്ന്‌ വിളിക്കപ്പെടുന്നു: അവൻ നമുക്കുവേണ്ടി സ്വയം സമർപ്പിച്ചു എന്ന്‌ ശ്ലീഹായും സാക്ഷിക്കുന്നു (എബ്രാ. 9:14). പാപങ്ങൾക്കു വേണ്ടി അർപ്പിക്കപ്പെട്ട ബലികളെയും മോശയുടെ നിയമത്തിൽ കുർബാന എന്ന്‌ വിളിച്ചിരുന്നു. ക്രിസ്തു മാളികമുറിയിൽവച്ച്‌ രഹസ്യമായി തന്റെ ശിഷ്യസമൂഹത്തിന്‌ നല്കിയതിനാൽ ഇത്‌ 'ദിവ്യരഹസ്യങ്ങൾ" എന്ന്‌ വിളിക്കപ്പെടുന്നു. തന്റെ ശിഷ്യന്മാരെ ഇത്‌ ഭരമേല്‌പിച്ചശേഷം, തന്റെ പീഡാനുഭവം സംബന്ധിച്ചുള്ള നിഗൂഢത അവർക്ക്‌ വെളിപ്പെടുത്തിയതിനാലും ഈ പേര്‌ യുക്തമാണ്‌. ദിവ്യരഹസ്യങ്ങളിലൊന്നുപോലും ഇതു കൂടാതെ പൂർത്തീകരിക്കപ്പെടാത്തതിനാൽ 'പൂർണ്ണതകളുടെ പൂർണ്ണത' എന്ന്‌ ഇത്‌ അറിയപ്പെടുന്നു. മാമോദീസാ സ്വീകരിച്ചവർ കുർബാന സ്വീകരണം വഴിയാണ്‌ പൂർണ്ണരാകുന്നത്‌. വൈദികനോ, ശെമ്മാശ്ശനോ ആകുവാൻ വിളിക്കപ്പെടുന്നവർ ഇതിനാൽ പൂർണ്ണരാക്കപ്പെടുകയും പൂർത്തീകരിക്കപ്പെടുകയും ചെയ്യുന്നു.

## മണി അടിക്കുന്നതിന്റെ ആന്തരികാർത്ഥം

മണി അടിക്കുന്നതിന്‌ താഴെ പറയുന്ന കാരണങ്ങളുണ്ട്‌: 1) മർത്താൽ നാം കല്‌പന ലംഘിച്ച്‌ പറുദീസായിൽ നിന്ന്‌ ബഹിഷ്‌

www.malankaralibrary.com



കൃതരായി എന്നും, ഈ ലംഘനപാപത്തിൽനിന്നുള്ള രക്ഷ കുരിശുമര ത്താലത്രേ കൈവന്നതു് എന്നും ഈ ശബ്ദം ശ്രവിക്കുമ്പോൾ നാം അനു സ്മരിക്കുന്നതിനുവേണ്ടിയാണു്. നാം ഈ ശബ്ദം ശ്രവിക്കുമ്പോൾ 'ബാറെക്'മോർ' എന്നു് പറഞ്ഞുകൊണ്ടു് നമ്മുടെ മേൽ തന്നെ കുരിശു വരയ്ക്കുന്നു. അതായതു്, 'കർത്താവേ, നിന്റെ രക്ഷയെപ്രതി നിനക്കു് സ്തോത്രം ചെയ്യാൻ എന്നെ അനുവദിക്കണമെ'. 'കർത്താവേ, എന്റെ അധരങ്ങൾ തുറക്കണമെ' (സങ്കീ. 51:15) എന്നാണല്ലോ ലിഖിതം. 2) കാഹളധ്വനി കേൾക്കുമ്പോൾ സൈന്യങ്ങൾ ഒരുമിച്ചുകൂടി രാജാവിനെ പ്രകീർത്തിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. അതുപോലെ മിശിഹാരാജാവിനെ സ്തുതിക്കാൻ മണിനാദം നമ്മെ ഒന്നിച്ചുകൂട്ടുന്നു. 3) ശത്രുവിനോടു് പോരാടുവാൻ രാജാവിന്റെ സൈന്യങ്ങളെ കാഹളധ്വനി ഒന്നിച്ചുകൂട്ടുന്നതുപോലെ നമ്മുടെ മനുഷ്യകുലത്തിന്റെ ശത്രുവായ സാത്താനോടു് യുദ്ധം ചെയ്യാൻ മണിനാദം നമ്മെ ഒന്നിച്ചുകൂട്ടുന്നു. 4) രാജാവിൽനിന്നു് സമ്മാനങ്ങൾ സ്വീകരിക്കാൻ കാഹളനാദം സൈന്യങ്ങളെ ഒന്നിച്ചുകൂട്ടുന്നതുപോലെ, മണിനാദം നമ്മുടെ രാജാവായ മിശിഹായുടെ സന്നിധിയിൽ നമ്മെ ഒന്നിച്ചുകൂട്ടുന്നു. അവിടുന്നു് നമുക്കു് പാപമോചനം, ന്യായമായ യാചനകളുടെ അംഗീകാരം, ആദ്ധ്യാത്മികദാനങ്ങൾ ആദിയായവ നല്കുന്നു.

## പരിശുദ്ധൻ എന്ന കീർത്തനം [1]

'ദൈവമേ, നീ പരിശുദ്ധനാകുന്നു' എന്നു തുടങ്ങുന്ന ത്രൈശുദ്ധകീർത്തനത്തെപ്പററി ചർച്ചചെയ്യാം. 1) ഈ പ്രാർത്ഥന ചൊല്ലാൻ ആരു നമ്മെ പഠിപ്പിച്ചു? 2) ഈ പ്രാർത്ഥന ത്രിത്വത്തിലെ ഏതു വ്യക്തിയെ അഭിസംബോധന ചെയ്യുന്നതാണു്? 3) ഈ പ്രാർത്ഥന ചൊല്ലുന്നതു് എന്തിനു്? 4) ഈ പ്രാർത്ഥനയുടെ അർത്ഥമെന്തു്? ''ദൈവമേ, നീ പരിശുദ്ധനാകുന്നു. ബലവാനേ, നീ പരിശുദ്ധനാകുന്നു. മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു. ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഞങ്ങളെ അനുഗ്രഹിക്കണമെ''. [2]

---

1 കുർബാനയുടെ ആദ്യഭാഗത്തു് ഇപ്പോഴുള്ള രഹസ്യപ്രാർത്ഥനകളെപ്പററിയോ ''മറിയം ദിലേത്തോക്'' എന്നു തുടങ്ങുന്ന പ്രാർത്ഥനയെപ്പററിയോ ബർകേഫാ പരാമർശിക്കുന്നില്ല. നേരേ ''ത്രൈശുദ്ധകീർത്തന''ത്തിലേക്കു് കടക്കുകയാണു്.

2 ആരംഭത്തിൽ ത്രൈശുദ്ധകീർത്തനം ത്രിത്വോന്മുഖമായിരുന്നെന്നും 451 ലെ കല്ക്കദോനിയ സൂനഹദോസിനുശേഷം കൽക്കദോനെ എതിർത്തതിനാൽ അതു് ക്രിസ്തോന്മുഖമാക്കിയെന്നും അഭിപ്രായമുണ്ടു്. പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനേ, പരിശുദ്ധനായ അമർത്യനേ, ഞങ്ങളെ അനുഗ്രഹിക്കണമെ'' (ത്രിത്വോന്മുഖം). പീററർ ദി ഫുള്ളോ എന്ന പാത്രിയർക്കീസ് (471.475—7. 485—8) ത്രൈശുദ്ധകീർത്തനത്തിൽ ''ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ ഞങ്ങളെ അനുഗ്രഹിക്കണമെ'' (ho staurotheis di hemas) എന്നു് കൂട്ടിച്ചേർത്തു. അങ്ങനെ അതു് ക്രിസ്തോന്മുഖമായിതീർന്നു (W.H.C. Frend, *The Rise of the Monophysite Movement*, Cambridge. 1972, p. 167–168. E. Amann, *Theopaschite (controverse)* in *DTC* 15, col. 505–512). ''നെസ്തോറിയർ''ക്കെതിരായിട്ടാണു്

www.malankaralibrary.com



1 ഈ പ്രാർത്ഥനയുടെ ഉപജ്ഞാതാവ്: ഇതു് ഏശായാ പ്രവാചകനിൽ നിന്നു് എടുത്തിട്ടുള്ളതാണു് എന്നു് ചിലർ പറയുന്നു. ഒരു മഹനീയദർശനത്തിൽ ദൈവത്തിൽനിന്നു് അദ്ദേഹത്തിനു് വെളിപാടുണ്ടാകുകയും 'ശാബതിന്റെ കർത്താവു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ' എന്ന സ്രാപ്പേന്മാർ കർത്താവിനെ ശുദ്ധീകരിച്ചു പാടുന്നതു കേൾക്കുകയും ചെയ്തു (6:6). ഏതോ വിശുദ്ധൻ പ്രസ്തുതഭാഗം സഭയിലെ പ്രാർത്ഥനയാക്കി രൂപാന്തരപ്പെടുത്തി. ചിലർക്കു് വേറൊരഭിപ്രായമാണുള്ളതു്: കർത്താവിന്റെ ക്രൂശുമരണാവസരം തന്റെ ആത്മാവിനെ പിതാവിന്റെ കൈകളിൽ സമർപ്പിച്ചപ്പോൾ വിശുദ്ധ സ്രാപ്പേന്മാർ തന്റെ ശരീരത്തിനു് ചുററും കൂടി 'ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ' എന്നതുവരെ പാടി; ഈ വാചകം അവർ വിട്ടുകളഞ്ഞു. അതു് ന്യായവുമാണു്. കാരണം, അവക്കുവേണ്ടിയല്ല, മനുഷ്യകുലം മുഴുവനും വേണ്ടിയാണു് അവിടുന്നു് ക്രൂശിതനായതു്. തദവസരം ശവസംസ്ക്കാരനായ ജോസഫു് അവിടെ സന്നിഹിതനായിരുന്നു. വിധിയാളനായ പീലാത്തോസിനോടു് ക്രിസ്തുവിന്റെ ശരീരം ചോദിച്ചതും അതിൽ സുഗന്ധദ്രവ്യങ്ങൾ പൂശിയതും അവനായിരുന്നല്ലോ. (മത്താ. 27:57–60). സ്രാപ്പേന്മാരുടെ സ്തുതിപ്പു കേട്ടപ്പോൾ അവന്റെ മനസ്സു് പ്രകാശിതമാവുകയും 'ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഞങ്ങളെ അനുഗ്രഹിക്കണമെ' എന്നതു് കൂട്ടിച്ചേർക്കുകയും ചെയ്തു. പൗലോസു് ശ്ളീഹായുടെ ശിഷ്യനായ അഗ്നിമയൻ ഇഗ്നേഷ്യസാണു് 3. ഇതു് പ്രാർത്ഥനകളിൽ ഉൾപ്പെടുത്തിയതു് എന്നു് വേറെ ചിലർ പറയുന്നു. രണ്ടു് ഗണമായി പാടുന്ന രീതിയും അദ്ദേഹമാണു് തുടങ്ങിയതു്. മുൻകാലങ്ങളിൽ യൂദന്മാരെപ്പോലെ ഒരു ഗണമായിട്ടാണു് ഇതു പാടിയിരുന്നതു്. യൂദന്മാർ ഇപ്പോഴും അപ്രകാരമാണു് ചെയ്യുന്നതു്. ഇഗ്നേഷ്യസ് സ്വർഗ്ഗീയകാര്യങ്ങളിൽ മുഴുകിയിരുന്നപ്പോൾ വാനഗണങ്ങൾ മാറി മാറി സ്തുതി പാടുന്നതും, പ്രത്യുത്തരം പറയുന്നതും കേട്ടു. അവർ ഈ ഗീതം പാടുന്നതായികേട്ട അദ്ദേഹമാകട്ടെ ഇതു് സഭയിൽ നടപ്പാക്കി. ഈ ഗീതം സദാ

---

പീററർ ഇപ്രകാരം കൂട്ടിച്ചേർത്തതെന്നു് അന്ത്യോക്യാ പാത്രിയർക്കീസ് സെവേറുസ് (+538) പറയുന്നു (Homily. 125: *PO* 29, p. 249). അനസ്താസ്യൂസ് ചക്രവർത്തിയുടെ കാലത്തു് (491–518) നൂറു് സഹപ്രവർത്തകരോടുകൂടെ സെവേറുസ് കോൺസ്റ്റാന്റിനോപ്പിളിൽ വരികയും പീററർ കൂട്ടിച്ചേർത്ത രീതിയിൽ ത്രൈശുദ്ധകീർത്തനം അവിടെ പാടുകയും ചെയ്തു. അതു് അവിടെ വലിയ ഇടർച്ചയുണ്ടാക്കി എന്നു് പറയപ്പെടുന്നു. അനസ്താസ്യൂസിന്റെ കാലത്തു് ഈ രീതിയിലത്രേ കോൺസ്റ്റാന്റിനോപ്പിളിൽ പിന്നീടതു് പാടിയിരുന്നതു് (J.B. Bury, *History of the Later Roman Empire*, 1 p 436-441). ക്രിസ്തോപാസനപ്രഖ്യാപനം ക്രിസ്തുവിന്റെ ക്രൂശാരോഹണത്തിന്റെ അവസരം തന്നെ ഉടലെടുത്തു എന്നൊരു പാരമ്പര്യം ഉണ്ടെന്നു് ഡയനീഷ്യസ് ബർസലീബി പറയുന്നു. (cf. *A Treatise against the Melkites*, *WS* 1, p 17–95; 125–171: 165–169).

3 അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ് ( +110)

www.malankaralibrary.com



പാടുന്ന ഒരു പക്ഷി കടൽത്തീരത്തുണ്ടു് എന്നു മററു ചിലർ പറയുന്നു. 4 വി ശുദ്ധ ഇഗ്നേഷ്യസാണ് ഇതു് സഭയിൽ നടപ്പാക്കിയതു്.

2 ആരോടാണു് ഈ പ്രാർത്ഥന? ജഡം ധരിച്ചു് നമുക്കുവേണ്ടി മനുഷ്യനായിതീർന്ന പുത്രനോടാണു് ഈ പ്രാർത്ഥന. കാരണം, പാഷണ്ഡികൾ പറയുന്നതുപോലെ നാം പറയുന്നില്ല. അവർ ഇപ്പോൾ ഇപ്രകാരമാണു് പറയുന്നതു്: ''പിതാവായ ദൈവമേ, നീ പരിശുദ്ധനാകുന്നു; പുത്രനായ ബലവാനേ, നീ പരിശുദ്ധനാകുന്നു; പരിശുദ്ധാത്മാവായ മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു.'' അവർ പറയുന്നതുപോലെയാണു് ഇതെങ്കിൽ ''ക്രൂശിക്കപ്പെട്ടവൻ'' ഈ മൂന്നിൽനിന്നു് വ്യത്യസ്തനായി നാലാമതൊരാൾ ആയിരിക്കണം. അപ്പോൾ അവർ പ്രഖ്യാപിക്കുന്നതു് ക്രിസ്ത്യാനികളുടേതുപോലെ ത്രിത്വമല്ല. ചതുർത്വമാണ്. പുത്രനെ അഭിസംബോധന ചെയ്യാണു് ഇതു് എന്നും നാം പഠിപ്പിക്കുന്നു. ഒരേ പുത്രൻ തന്നെ നമുക്കുവേണ്ടിയും നമ്മെ പ്രതിയും മനുഷ്യനാകുകയും ക്രൂശിതനാകുകയും ചെയ്കതിനാൽ ''ദൈവമേ, നീ പരിശുദ്ധനാകുന്നു; ബലവാനേ, നീ പരിശുദ്ധനാകുന്നു; മരണമില്ലാത്തവനെ, നീ പരിശുദ്ധനാകുന്നു; ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഞങ്ങളെ അനുഗ്രഹിക്കണമെ'' എന്നു പുത്രനോടു് നാം പ്രാർത്ഥിക്കുന്നു.

3 ഈ പ്രാർത്ഥന ചൊല്ലുന്നതു് എന്തിനു്? നമുക്കുവേണ്ടി ജഡം ധരിക്കുകയും ക്രൂശിക്കപ്പെടുകയും മരിക്കുകയും നമ്മെ രക്ഷിക്കുകയും ചെയ്ത വചനത്തിനു് നാം ഇതിലൂടെ നന്ദി പറയുന്നു. നാം അവിടുത്തെ വിശുദ്ധീകരിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു.

4 ഈ പ്രാർത്ഥനയുടെ അർത്ഥം എന്തു്? 'ദൈവമേ, നീ പരിശുദ്ധനാകുന്നു' എന്നതിന്റെ അർത്ഥം: സമ്പന്നനായിരിക്കെ വചനമായ ദൈവം നമുക്കുവേണ്ടി ദരിദ്രനായിത്തീർന്നു എന്നു നാം ഗ്രഹിക്കുന്നു. ദൈവമെന്ന നില കൈവെടിയാതെ അവൻ മനുഷ്യനായിത്തീർന്നു. മാററംകൂടാതെ നമുക്കുവേണ്ടി മനുഷ്യനായതിനാൽ അവ ടുന്നു ദൈവം തന്നെയാണെന്നു് കാണിച്ചു. അക്കാരണത്താൽ 'ദൈവമേ, നീ പരിശുദ്ധനാകുന്നു' എന്നു് പറഞ്ഞുകൊണ്ടു് നാം അങ്ങേയ്ക്കു് കൃതജ്ഞത അർപ്പിക്കുന്നു. 'ബലവാനേ നീ പരിശുദ്ധനാകുന്നു' എന്നതിന്റെ അർത്ഥം: നമുക്കുവേണ്ടി ശരീരിയായിത്തീരുകയും, പീഡസഹിക്കുകയും അടികളും ചമ്മട്ടികളും ഏല്ക്കുകയും കുരിശു സ്വീകരിക്കുകയും ചെയ്ത വചനമായ ദൈവം ഈ ബലഹീനതയിൽ രണ്ടു് രീതിയിൽ ബലവാനായി കാണപ്പെട്ടു. സഹനാതീതനായി നിലകൊണ്ടതുവഴി; ശപിക്കപ്പെട്ട സാത്താനെ ബന്ധിച്ചു് നമ്മെ സ്വേച്ഛാധിപതിയുടെ ആധിപത്യത്തിൽ നിന്നു് വിടുവിച്ചതുവഴി. പൗലോസ് പറയുന്നു: 'തന്റെ ശരീരത്തിന്റെ ഉരിയലാൽ അവൻ അധികാരികളെയും അന്തരീക്ഷശക്തികളെയും ലജ്ജിപ്പിച്ചു' (കൊളൊ. 2:11—15). 'ബലവാനേ, നീ പരിശുദ്ധനാകുന്നു' എന്നു പറഞ്ഞു് അവനെ വിശുദ്ധീകരിച്ചുകൊണ്ടു് നാം അവനു് കൃതജ്ഞത സമർപ്പിക്കുന്നു. മാററംകൂടാതെ മനുഷ്യനായി തീർന്നതിനാലും, സഹനാതീത

---

4 അന്ത്യോക്യയിലെ വി. ഇസഹാക്കു് (5th c). ''ത്രൈശുദ്ധ കീർത്തനം പാടുന്ന പക്ഷിയെപ്പററി'' സുദീർഘമായൊരു ഗീതം രചിച്ചു.

www.malankaralibrary.com



നും അമർത്ത്യനുമായി നിലകൊണ്ടപ്പോഴും, സഹിക്കാനും ക്രൂശിക്കപ്പെടാനും മരിക്കാനും തനിക്കു കഴിഞ്ഞതിനാലും അവിടുന്ന് ബലവാനാണ്. 'മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു' എന്നതിന്റെ അർത്ഥം: വചനമായ ദൈവം തന്റെ ജഡത്തിലൂടെ മരണമാസ്വദിച്ചു; എങ്കിലും അമർത്ത്യനായി നിലകൊണ്ടു. അവിടുന്ന് പാതാളത്തിൽ പ്രവേശിച്ച് അവിടെ ബന്ധിതരായിരുന്ന ആത്മാക്കളെ മോചിപ്പിച്ചു. മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റതുവഴി നമ്മുടെ ഉത്ഥാനത്തിന്റെയും അമർത്ത്യതയുടെയും അച്ചാരം നമുക്കു നല്കി. അതുകൊണ്ട് 'മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു' എന്നു പറഞ്ഞുകൊണ്ട് നാം അവിടുത്തേയ്ക്കു നന്ദി പറയുന്നു. 'ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഞങ്ങളെ അനുഗ്രഹിക്കണമെ' എന്നതിന്റെ അർത്ഥം: അവിടുന്ന് നമുക്കുവേണ്ടി എല്ലാം സഹിക്കുകയും കുരിശുമരണത്തോളം സ്വയം സമർപ്പിക്കുകയും ചെയ്തു എന്ന് ഗ്രഹിക്കുകയും 'ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, എപ്പോഴും നീ ഞങ്ങളെ അനുഗ്രഹിക്കുന്നതുപോലെ ഇപ്പോഴും ഞങ്ങളെ അനുഗ്രഹിക്കേണമെ' എന്നു അപേക്ഷിച്ചുകൊണ്ടു നാം അവിടുത്തേയ്ക്കു നന്ദിപറയുകയും ചെയ്യുന്നു.

## വിശുദ്ധ ഗ്രന്ഥവായന

താഴെപ്പറയുന്ന കാരണങ്ങളാൽ വി. ഗ്രന്ഥം വായിക്കണം: അപ്പവും വെള്ളവും ശരീരത്തെ പോഷിപ്പിക്കുന്നതുപോലെ ആത്മീയഭക്ഷണം നല്കി ആത്മാവിനെ പോഷിപ്പിക്കുന്നതിന് വായന ആവശ്യമാണ്. അതു് ജീവിത തത്വവും സ്വർഗ്ഗരാജ്യത്തിന്റെ സുനിശ്ചിതസദ്വാർത്തയുമാണ്.

ഗീതങ്ങളും സ്തുതിപ്പുകളും 5: ആത്മാവിന്റെ ആദ്ധ്യാത്മിക ഭക്ഷണമായ ദിവ്യവചനം ശ്രവിക്കുവാൻ വി. ഗ്രന്ഥവായനയ്ക്കുമുമ്പുള്ള ഗീതങ്ങളും സ്തുതിപ്പുകളും വിശ്വാസികളെ കാഹളധ്വനിയും കുഴൽനാദവും പോലെ ആഹ്വാനം ചെയ്യുന്നു.

പുതിയനിയമവായനയ്ക്കു് മുമ്പ് പഴയനിയമവായന നടത്തുന്നതു് എന്തിന്? പുതിയതു് സത്യമാണെന്നു് സാക്ഷ്യപ്പെടുത്തുന്നതിനു് പഴയതു് പുതിയതിനു് മുൻപ് വായിക്കപ്പെടുന്നു. പഴയതിന്റെ പൂർത്തീകരണവും യാഥാർത്ഥ്യവല്കരണവുമാണ് പുതിയതു് എന്നു പ്രഖ്യാപിക്കാൻ, പഴയതിനുശേഷം പുതിയതു് വായിക്കപ്പെടുന്നു.

ശെമ്മാശ്ശന്റെ പ്രഖ്യാപനം: ''നാമെല്ലാവരും നല്ലവണ്ണം നിന്നു് .... 6 എന്നു് സുവിശേഷവായനയ്ക്കു് മുൻപ് ശെമ്മാശ്ശൻ പറയുന്നതിന്റെ അർത്ഥം: 'നിശ്ശബ്ദരായിനിന്നു് ശ്രവിക്കുവിൻ' എന്നാണു്. മൂന്നു് കാര്യങ്ങൾ ചെയ്യാൻ അവൻ ജനങ്ങളെ പ്രേരിപ്പിക്കുന്നു. i) സംസാരിക്കാതെ നിശ്ശബ്ദരായിരിക്കണം.

---

5 'സൂമാറേ ഉഹല്ലാലേ': വി. ഗ്രന്ഥവായനയ്ക്കു് മുമ്പുള്ള സ്തുതിപ്പുകളാണ് വിവക്ഷ

6 ''നമ്മുടെ മുൻപാകെ വായിക്കപ്പെടുന്ന കർത്താവേശുമിശിഹായുടെ വിശുദ്ധ ഏവൻഗേലിയോനിലെ ദൈവത്തിന്റെ ജീവനുള്ള വചനങ്ങൾ ആദരവോടും ഭക്തിയോടുംകൂടെ നാം ശ്രദ്ധിച്ചുകേൾക്കണം.''

www.malankaralibrary.com



ii ഭക്തിപൂർവ്വം വ്യാപരിക്കണം. iii വായിക്കപ്പെടുന്നവ ശ്രദ്ധാപൂർവ്വം ശ്രവിക്കണം; ചിന്തകൾ കാടുകയറാൻ അനുവദിക്കരുതു്. 'നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ' എന്നു് സുവിശേഷത്തിനു് മുൻപു് വൈദികൻ ആശംസിക്കുന്നതിന്റെ അർത്ഥം: 'ക്രിസ്തുവിന്റെ സമാധാനത്തിന്റെ സദ്വാർത്തയാണു് ഞാൻ വായിക്കുന്നതു്'' എന്നു് ഈ ആശംസ സൂചിപ്പിക്കുന്നു. അവിടുന്നു് സ്വർഗ്ഗീയരേയും, ഭൗമികരേയും, സ്വജനത്തേയും, ജാതികളേയും രമ്യപ്പെടുത്തി. 'ഇതാ, മഹാസന്തോഷത്തിന്റെ സദ്വാർത്ത ഇന്നു് നിങ്ങൾക്കു് ഞാൻ നൽകുന്നു' എന്നാണല്ലോ ദൂതൻ ഇടയന്മാരോടു പറഞ്ഞതു് (ലൂക്കാ . 2:10). 'സമാധാനത്തിന്റെ സദ്വാർത്ത അറിയിക്കുന്നവരുടെ പാദങ്ങൾ മലമുകളിൽ എത്ര മനോഹരമാണു്'' എന്നും എഴുതപ്പെട്ടിട്ടുണ്ടല്ലോ. 'ഏവൻഗേലിയോൻ' എന്നതിന്റെ അർത്ഥം 'സദ്വാർത്ത' എന്നാണു്.

സുവിശേഷവായനയ്ക്കു ശേഷം ശെമ്മാശ്ശൻ ചെയ്യുന്ന പ്രഖ്യാപനം:[7] നമുക്കുവേണ്ടി രക്ഷാകരകർമ്മം നിർവ്വഹിച്ച വചനമായ ദൈവത്തോടു് അപേക്ഷിക്കാനും യാചിക്കാനും ശെമ്മാശ്ശൻ ജനങ്ങളെ ആഹ്വാനം ചെയ്യുന്നു. ശെമ്മാശ്ശന്റെ പ്രസ്താവനകളിൽ മിക്കതും ജനങ്ങളോടാണു് എന്നറിഞ്ഞിരിക്കുന്നതു് നന്നായിരിക്കും.

## സ്നാനാർത്ഥികളെയും മററും പള്ളിയിൽ നിന്നു് പുറത്താക്കുന്നതു്[8]

'പിരിച്ചുവിടപ്പെട്ടവർ പുറത്തുപോകട്ടെ' എന്നു് ശെമ്മാശ്ശൻ പ്രഖ്യാപിക്കുന്നതു് സംബന്ധിച്ചും ആ സമയത്തു് പുറത്തുപോകുന്നവരെ സംബന്ധിച്ചും ഉള്ള വിവരണം: 'പിരിച്ചുവിടപ്പെട്ടവർ പുറത്തുപോക

7 ''കാറോസൂസാ'' എന്നാണു് സുറിയാനി എങ്കിലും ഏതെങ്കിലും 'ലുത്തിനിയാ' അല്ല വിവക്ഷ എന്നത്രേ പണ്ഡിതമതം. അന്ത്യോക്യൻ സുറിയാനി റീത്തിൽ ചില ശുശ്രൂഷകൾക്കു് ഏവൻഗേലിയോൻ കഴിഞ്ഞു് ലുത്തിനിയാ ഉണ്ടു്. എന്നാൽ വി. കുർബാനയ്ക്കിടയ്ക്കു് ഉള്ളതായി രേഖകളില്ല. എന്നാൽ കൽദായ സുറിയാനി റീത്തിൽ കുർബാന കഴിഞ്ഞുള്ള ലുത്തിനിയാ സർവ്വസാധാരണമാണു്. എന്താണു് പ്രകൃതത്തിൽ വിവക്ഷ എന്നതു് വ്യക്തമല്ല. ഇപ്പോൾ സാധാരണയായി ഏവൻഗേലിയോൻ കഴിഞ്ഞു്, മാറി മാറി വരുന്ന ഗീതങ്ങളാണു് പ്രസ്തുതസന്ദർഭത്തിൽ ഉപയോഗിക്കാറുള്ളതു്. കാറോസൂസ എന്നാൽ പ്രകാശനം, അറിയിപ്പു്, വിജ്ഞാപനം, പ്രഖ്യാപനം എന്നൊക്കെയാണർത്ഥം.

8 ഇപ്രകാരം ഒന്നു് ഇപ്പോൾ അന്ത്യോക്യൻ ക്രമത്തിലില്ല. എന്നാൽ കൽദായ ക്രമത്തിൽ ഇപ്പോഴും ഉണ്ടു്:
''മാമോദീസ സ്വീകരിച്ചിട്ടില്ലാത്തവർക്കു് പോകാം.
ജീവന്റെ മുദ്ര സ്വീകരിച്ചിട്ടില്ലാത്തവർക്കു് പോകാം.
വി. രഹസ്യങ്ങൾ സ്വീകരിച്ചിട്ടില്ലാത്തവർക്കു് പോകാം.
ശ്രോതാക്കളായി വരുന്നവർക്കു് പോകാം.
നിങ്ങൾ വാതിലുകൾ സൂക്ഷിക്കുവിൻ.''
ഇതേപ്പററിയുള്ള വ്യാഖ്യാനത്തിനു് ജേക്കബ് വെള്ളിയാൻ, കുർബാന ഒരു പഠനം, 1, കോട്ടയം, 1980, p, 153–160 കാണുക.

www.malankaralibrary.com



ട്ടെ' എന്നു് ശെമ്മാശ്ശൻ അനുശാസിക്കുമ്പോൾ അഞ്ചുതരം ആളുകൾ പള്ളിയിൽനിന്നു് പുറത്തുപോകുക ഒരുകാലത്തു് പതിവായിരുന്നു. അവർ താഴെ പറയുന്നവരാണു്: സ്നാനാർത്ഥികൾ, എനെർഗുമെൻസ്, മറെറാരുതരം എനെർഗുമെൻസ്, ചെറിയ അനുതാപികൾ, വലിയ അനുതാപികൾ. സ്നാനാർത്ഥികൾ, സ്നാനം സ്വീകരിച്ചവരല്ല; പിന്നെയോ, സ്നാനത്തിനായി കുറേനാൾകൊണ്ടു് ഒരുങ്ങിക്കൊണ്ടിരുന്നവരാണു്. പിശാച് ബാധിതരാണു് എനെർഗുമെൻസ്. പാപവികാരങ്ങൾക്കടിമപ്പെട്ടവരാണു് മറേറക്കൂട്ടർ; ഈ രണ്ടു കൂട്ടരും സ്നാനസ്വീകരണവും വിശുദ്ധരഹസ്യങ്ങളിലുള്ള ഭാഗഭാഗിത്വവും കഴിഞ്ഞു് ബാധയേററവരാണു്. പ്രായശ്ചിത്തം തുടങ്ങിയിട്ടു് കുറേനാൾ കഴിയുകയും അതിന്റെ അന്ത്യം അടുക്കയും ചെയ്തവരാണു് വലിയ അനുതാപികൾ. അടുത്തകാലത്തു് പ്രായശ്ചിത്തം ആരംഭിച്ചവരാണു് ചെറിയ അനുതാപികൾ. ഈ ഇരുകൂട്ടരും സ്നാനത്തിനും വിശുദ്ധരഹസ്യങ്ങളുടെ ഭാഗഭാഗിത്വത്തിനും ശേഷം പാപം ചെയ്തവരാണു്. ഈ അഞ്ചു വിഭാഗക്കാർക്കും സുവിശേഷശ്രവണത്തിനു് അനുവാദം ഉണ്ടായിരുന്നു. അവർ ശ്രവിച്ച ദൈവവചനം അവരെ വിശുദ്ധീകരിക്കുന്നതിനു വേണ്ടിയാണു് അവരെ ഇപ്രകാരം അനുവദിച്ചിരുന്നതു്. വി. ഗ്രന്ഥവായനയ്ക്കുശേഷം ശെമ്മാശ്ശൻ അവരെ ശുദ്ധീകരിക്കുകയും പറഞ്ഞുവിടുകയും ചെയ്തിരുന്നു. 'പഠിച്ചുവിടപ്പെട്ടവർ പുറത്തുപോകട്ടെ' എന്നു് പുരുഷന്മാരോടും സ്ത്രീകളോടും അവൻ അനുശാസിക്കുന്നു. ഈ അഞ്ചു് വിഭാഗക്കാരോടും പൊതുവായിട്ടാണു് അവൻ ഇങ്ങനെ പറയുന്നതു്. പിന്നീടു്, അവർ ഓരോരുത്തരോടായി ഓരോവാക്കു് പറഞ്ഞു് പുറത്താക്കുന്നു. 'സ്നാനാർത്ഥികളാരും' ഇവിടെ നില്ക്കരുതു് എന്നു് പറഞ്ഞുകൊണ്ടു് 'സ്നാനം സ്വീകരിച്ചിട്ടില്ലാത്തവരെ പുറത്താക്കിയിരുന്നു. ''പിശാചു് ബാധിതരിലാരും'' എന്നുപറഞ്ഞുകൊണ്ടു് പിശാചു് ബാധിതരെയും ബഹുവിധ പ്രലോഭനങ്ങളാൽ അലട്ടപ്പെടുന്നവരേയും അവൻ പുറത്താക്കിയിരുന്നു. 'ഞങ്ങളോടുകൂടെ പ്രാർത്ഥിക്കാൻ സാധിക്കാത്തവരാരും' എന്നു പറഞ്ഞുകൊണ്ടു് പ്രായശ്ചിത്തം ചെയ്യുന്ന രണ്ടു് വിഭാഗക്കാരെയും അവൻ പുറത്താക്കിയിരുന്നു. 'പരസ്പരം ശ്രദ്ധിപ്പിൻ' എന്നു പറയുമ്പോൾ, ഈ അഞ്ചു് വിഭാഗത്തിൽ ഉൾപ്പെട്ടവരാരെങ്കിലും തങ്ങളുടെകൂടെ നില്ക്കുന്നുണ്ടോ എന്നു് പള്ളിയിൽ നില്ക്കുന്നവർ പരിശോധിക്കണമായിരുന്നു; കാരണം അത്തരക്കാർ നിഗൂഢവും വിശുദ്ധവും ആയ ദിവ്യരഹസ്യങ്ങളുടെ ദർശനത്തിനും ഭാഗഭാഗിത്വത്തിനും അർഹരായി ഗണിക്കപ്പെട്ടിരുന്നില്ല. 'വാതിലടച്ചു് നന്നായിനില്ക്കുക' എന്നു് ശെമ്മാശ്ശൻ പറയുന്നു: 'വാതിലടക്കുക' എന്നു് സഹശുശ്രൂഷകരോടാണു് അവൻ ആജ്ഞാപിക്കുന്നതു്. ഈ അഞ്ചു് ഗണത്തിൽപ്പെട്ടവരാരും ദേവാലയത്തിൽ പ്രവേശിക്കാതിരിക്കാനാണു് വാതിൽ കാക്കുക. അക്കൂട്ടർ വാതിലിനു് പുറത്തുനില്ക്കുക പതിവായിരുന്നു.. 'നന്നായി നില്ക്കുക' എന്ന അനുശാസനം വിശുദ്ധജനത്തോടാണു്. ദിവ്യരഹസ്യങ്ങളിൽ അവർ നന്നായി പങ്കെടുക്കാൻ വേണ്ടിയാണതു്.

ഈ അഞ്ചുകൂട്ടർ പുറത്താക്കപ്പെടുന്നതും വിശുദ്ധരഹസ്യങ്ങളിൽ പങ്കെടുക്കാതിരിക്കുന്നതും എന്തുകൊണ്ടാണു് എന്നു് വിവരിക്കുക ഇവിടെ ആവശ്യമാണു്: സ്നാനാർത്ഥികൾ സ്നാനം സ്വീകരിച്ചവരല്ല; സ്നാനം സ്വീകരിക്കാത്തവർ വിശുദ്ധ രഹസ്യങ്ങളിൽ പങ്കെടുക്കുന്നതു് ശരിയല്ല; മാമോദീസാവഴി പാപമോചനവും വിശുദ്ധീകരണവും പ്രാപിക്കാത്തവരാണു് ഇക്കൂട്ടർ. മലിനതയുള്ളവർ വിശുദ്ധരഹസ്യങ്ങളുമായി

www.malankaralibrary.com



സംബന്ധപ്പെടുന്നതു് നല്ലതല്ല. പിശാചുബാധിതർ കുട്ടികളോ, പ്രായമുള്ളവരോ ആകാം. അവർ എന്തിനാണ് പ്രലോഭിതരാകുന്നതു് എന്നതു് തന്റെ വിശകലനാതീതമായ വിധികളനുസരിച്ച് എല്ലാം അറിയുന്ന ദൈവം മാത്രം അറിയുന്നു. നമുക്കു് ഇത്രയും മനസ്സിലാക്കാൻ സാധിക്കും. പ്രായമായവർ താഴെപ്പറയുന്ന മൂന്നു കാരണങ്ങളാൽ പിശാചിനാൽ പ്രലോഭിതരാകാം: i) സ്വന്തം പാപങ്ങൾ നിമിത്തം: ''ദൈവദൂഷണം പറയാതിരിക്കാൻ അവർ അഭ്യസിപ്പിക്കപ്പെടേണ്ടതിനായി ഞാൻ അവരെ സാത്താനു് ഏല്പിച്ചു'' എന്നു് എഴുതപ്പെട്ടിരിക്കുന്നു (1 തിമോ. 1:20). ii) ഭീരുക്കളും അലസരും ആയതു നിമിത്തം അവർ പിശാചുക്കളെ അനുസരിക്കുന്നതിനാൽ. iii) രക്തസാക്ഷിയായ സിപ്രിയാനു് സംഭവിച്ചതുപോലെ പിശാചിനെ എതിർക്കുമ്പോൾ അവർ പ്രലോഭിതരാകുന്നു. കുട്ടികൾ പ്രലോഭിതരാകുന്നതു് മാതാപിതാക്കളുടെ പാപംമൂലം ആകാം; അല്ലെങ്കിൽ അവക്കു് സംഭവിക്കാനിരിക്കുന്നതു് ദൈവം മുൻകൂട്ടി കാണുന്നതിനാൽ, നെബുക്കദ്നേസറിന്റേതുപോലെ രോഗത്തിനുമുൻപു് ചികിത്സ എന്നവണ്ണം അവർക്കുവേണ്ടി അവൻ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതാകാം. നെബുക്കദ്നേസറിനെ ദൈവം സ്വപ്നത്തിൽ ഒരു വൃക്ഷം കാണിച്ചുകൊടുത്തു. അതു് വ്യാഖ്യാനിച്ചുകൊണ്ടു് ആപത്തു് സംഭവിക്കുന്നതിനുമുൻപു് ദാനധർമ്മങ്ങൾവഴി തന്റെ മുറിവു് സുഖമാക്കുവാൻ ദാനിയേൽ അവനെ ഉപദേശിച്ചു (ദാനി. 2). പിശാചുബാധിതരെ ശെമ്മാശ്ശന്മാർ പുറത്താക്കിയിരുന്നു. ദിവ്യരഹസ്യങ്ങളിൽ ഭാഗഭാക്കുകളാകാൻ മൂന്നു കാരണങ്ങളാൽ അവർ അവരെ അനുവദിച്ചിരുന്നില്ല. i) ദിവ്യരഹസ്യങ്ങൾ പിശാചിനാൽ അവഹേളിക്കപ്പെടാതിരിപ്പാൻ. ii) മിശിഹാരാജാവു് അവരോടു് കോപിച്ചിരിക്കുന്നതിനാൽ രാജഭവനത്തിലെ വസ്തുവകകൾ ഒന്നും അവർക്കു നല്ലാൻ പാടില്ല. iii) പരിശുദ്ധാത്മാവും അശുദ്ധാത്മാവും ഒന്നിച്ചു വസിക്കാൻ സാധ്യമല്ല. രണ്ടു തരത്തിലുള്ള പ്രായശ്ചിത്തക്കാരെയും, ശെമ്മാശ്ശന്മാർ ദൈവാലയത്തിൽനിന്നു് പുറത്താക്കിയിരുന്നു. കാരണം, ദിവ്യരഹസ്യങ്ങളിൽ ഭാഗഭാഗിത്വം ലഭിച്ചശേഷം അവർ പാപം ചെയ്തു. രാജാവിന്റെ പക്കൽനിന്നു കിട്ടിയ സമ്മാനങ്ങൾ ശത്രുക്കൾക്കു് കൊണ്ടുപോയി കൊടുത്തു് രാജാവിനെ ദ്രോഹിക്കുന്ന ദാസന്മാരെപ്പോലെയാണവർ. ഇതറിയുന്ന രാജാവു് അതിനുശേഷം അവക്കു് ഒരു സമ്മാനവും നല്കുകയില്ല.

വിശുദ്ധരഹസ്യങ്ങൾ മദ്ബഹായിൽനിന്നു് ഹൈക്കലായിലേയ്ക്കും തിരിച്ചു് മദ്ബഹായിലേയ്ക്കും കൊണ്ടുവരുന്നതിന്റെ അർത്ഥം:[9] വചനമായ ദൈവം ഇറങ്ങിവന്നു്, മനുഷ്യനായിത്തീർന്നെന്നും, ലോകത്തിൽ വ്യാപരിച്ചെന്നും നമുക്കുവേണ്ടി രക്ഷാകരകർമ്മം നിർവ്വഹിച്ചെന്നും അതിനുശേഷം ക്രൂശിലേറി എന്നും, തന്റെ പിതാവിന്റെ പക്കലേയ്ക്കു് എടുക്കപ്പെട്ടെന്നും, കാണിക്കാനാണു് വിശുദ്ധരഹസ്യങ്ങൾ മദ്ബഹായിൽനിന്നു് ക്രമമായി ഹൈക്കലായിലേക്കും തിരികെ മദ്ബഹായിലേക്കും കൊണ്ടുവരുന്നതു്.

---

9 അപ്രകാരമൊരു പതിവു് ഇന്നു് കാണുന്നില്ല.

www.malankaralibrary.com



## മദ്ബഹായുടെ സൂചനകൾ

ജീവന്റെ വൃക്ഷമായ ഇമ്മാനുവേലിനെ മദ്ബഹാ സൂചിപ്പിക്കുന്നു എന്നു് ദിവന്നാസ്യോസ് പറയുന്നു. എന്നാൽ മദ്ബഹാ കുരിശിനെ സൂചിപ്പിക്കുന്നു എന്നു് വേറെ ചിലർ പറയുന്നു. കുരിശിന്മേലാണല്ലോ കർത്താവു് ബലികഴിക്കപ്പെട്ടതും, കർബ്ബാനയായി അർപ്പിക്കപ്പെട്ടതും. 'മദ്ബഹാ മിശിഹായുടെ കബറിടത്തെ പ്രതിനിധീകരിക്കുന്നു' എന്നു് യോഹന്നാൻ[9a] പറയുന്നു. 'മിശിഹാ' എന്നും 'ജീവവൃക്ഷം' എന്നും 'കുരിശു്' എന്നും മദ്ബഹാ വിളിക്കപ്പെടുന്നു എന്നു് നമുക്കറിയാമല്ലോ. എന്നാലിവരുടെ മദ്ബഹാ മിശിഹായുടെ കബറിടത്തെ സൂചിപ്പിക്കുന്നു എന്നു് നമ്മൾ പറയുന്നു. അവന്റെ ശരീരം കുരിശിൽ നിന്നിറക്കി കല്ലറയിൽ വയ്ക്കപ്പെട്ടു. ആ കല്ലറയുടെ സ്ഥാനത്താണു് മദ്ബഹാ. അക്കാരണത്താൽ മദ്ബഹാ നിർമ്മിക്കുമ്പോൾ ശവക്കുഴിയുടെ ആകൃതിയിൽ തെക്കുവടക്കായി നീളത്തിൽ നിർമ്മിക്കുന്നതാണു് ക്രമം. മദ്ബഹാ ഇമ്മാനുവേലിനെ സൂചിപ്പിക്കുന്നുവെങ്കിൽ അവരുടെ രണ്ടു് ഇമ്മാനുവേൽ ഉണ്ടെന്നു വരുന്നു. ശരീരവും രക്തവും ഇമ്മാനുവേൽ തന്നെയാണു്. മററു ചിലർ പറയുന്നതുപോലെ മദ്ബഹാ കുരിശിനെ സൂചിപ്പിക്കുകയും നാം അതിന്മേൽ മിശിഹായുടെ ശരീരവും രക്തവും അർപ്പിക്കുകയും ചെയ്യുന്നെങ്കിൽ, നാം അവന്റെ കുരിശുമരണത്തിന്റെയും ബലിയർപ്പണത്തിന്റെയും അനുസ്മരണയാണു് നടത്തുന്നതു് എന്നതു് വാസ്തവമാണല്ലോ. അപ്പോൾ നാം അവനെ ക്രൂശിക്കുന്നവരെപ്പോലെയാകുന്നു. എന്നാൽ പൗലോസ് പറയുന്നതു് അവൻ ഒരിക്കൽ മാത്രം ബലി അർപ്പിക്കപ്പെട്ടു എന്നത്രേ (എബ്രാ. 9:28). അതുകൊണ്ടു് മദ്ബഹാ മിശിഹായുടെ കല്ലറയെ പ്രതിനിധീകരിക്കുന്നു. 'നിങ്ങൾ എന്റെ മരണത്തിന്റെ ഓർമ്മ നടത്തുവിൻ' (ലൂക്കാ. 22:19; 1 കൊറി. 1:24–26) എന്നതിൽനിന്നു് അതു് വ്യക്തമാണു്. അവന്റെ മരണവും ഉത്ഥാനവും കല്ലറയിലും കല്ലറയിൽ നിന്നും ആയിരുന്നു.

മദ്ബഹായിലെ അപ്പവും വീഞ്ഞും എന്തിനെ സൂചിപ്പിക്കുന്നു? അപ്പം വചനമായ ദൈവത്തിന്റെ ശരീരവും വീഞ്ഞു് അവിടുത്തെ രക്തവും ആകുന്നു. വീഞ്ഞു് തനിച്ചാകാതെ വീഞ്ഞും വെള്ളവും കൂടി ഉപയോഗിക്കുന്നതെന്തുകൊണ്ടു്?[10] കുന്തംകൊണ്ടു് കർത്താവിന്റെ വിലാവിൽ കുത്തപ്പെട്ടപ്പോൾ രക്തം തനിച്ചല്ല, രക്തവും വെള്ളവും ഒഴുകി. 'അവനിൽനിന്നു് രക്തവും വെള്ളവും ഒഴുകി' എന്നു് സുവിശേഷകനായ യോഹന്നാൻ സാക്ഷ്യപ്പെടുത്തിയിരിക്കുന്നതുപോലെ ആ രക്തത്തോടുകൂടി വെള്ളവും കലർന്നിരുന്നു (യോഹ. 19:34).

---

9a ജോൺ ക്രിസൊസ്തോം

10 വീഞ്ഞിൽ വെള്ളം ചേർക്കുമ്പോൾ വൈദികൻ ചൊല്ലുന്നു: ''ദൈവമായ കർത്താവേ, നിന്റെ ദൈവത്വം ഞങ്ങളുടെ മനുഷ്യത്വവുമായി യോജിച്ചു; ഈ വെള്ളം ഈ വീഞ്ഞുമായി യോജിക്കുവാൻ നീ ഇടയാക്കണമെ''. വെള്ളം കലർത്തിയ കാസായെപ്പററി വി. ജസ്റ്റിൻ (+ 165) രേഖപ്പെടുത്തിയിരിക്കുന്നു: (I Apologia, 65; 67); cf. ജെ. വെള്ളിയാൻ *op. cit.* p. 172.

www.malankaralibrary.com



## വൈദികന്റെ സ്ഥാനം

തന്നെ പിതാവിന്റെ മുൻപാകെ തന്റെ ശരീരം മുറിച്ച് തന്റെ ശിഷ്യന്മാർക്ക് കൊടുത്ത മിശിഹായുടെ സ്ഥാനത്താണ് വൈദികൻ. 'ഇതു് നിങ്ങൾക്കുവേണ്ടി മുറിക്കപ്പെടുന്ന എന്റെ ശരീരമാകുന്നു' എന്നു് അവിടുന്നു് അരുൾചെയ്തിട്ടുണ്ടല്ലോ. സഭ മുഴുവനുംവേണ്ടി ദൈവത്തോടു് അപേക്ഷിക്കുന്ന വിശ്വാസികളുടെ സമൂഹത്തിലെ ശിരസ്സിലുള്ള നാവാണ് വൈദികൻ. ദിവ്യരഹസ്യങ്ങൾവഴി ആദ്ധ്യാത്മിക കാര്യങ്ങൾ വരച്ചുകാട്ടുന്ന ചിത്രപ്പണിക്കാരനാണു് അയാൾ. അതുപോലെ ദൈവത്തിനും മനുഷ്യനും മദ്ധ്യേയുള്ള മദ്ധ്യസ്ഥനും.

## ശെമ്മാശ്ശന്മാരുടെ സ്ഥാനം

മാലാഖമാരുടെ സ്ഥാനമാണ് ശെമ്മാശ്ശന്മാരുടെ ക്രമത്തിനുള്ളതു്; തങ്ങളുടെ ചിറകുകൾകൊണ്ടു് ത്രോണോസിനെ മൂടുന്ന ക്രോബേന്മാരുടെയും സ്രാപ്പേന്മാരുടെയും ശുശ്രൂഷയാണു് അവർ നിർവ്വഹിക്കുന്നതു്. അവർ ഈച്ചയെ ഓടിക്കയല്ല, പിന്നെയോ അനുവദനീയമല്ലാത്തതൊന്നും ത്രോണോസിനെ സമീപിക്കാൻ അവർ അനുവദിക്കയില്ല. കാരണം, ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: താഴെയുള്ളതിന്റെ സാദൃശ്യം മുകളിലുള്ളതിന്റേതാണ്.[11] ശെമ്മാശ്ശന്മാർ മുൻകാലത്തെ ലേവ്യരുടെ സ്ഥാനവും വഹിക്കുന്നു. നമ്മുടെ രക്ഷകനായ യേശുവിന്റെ തലയ്ക്കലും കാല്ക്കലും കാണപ്പെട്ട മാലാഖമാരുടെ സാദൃശ്യമാണ് ശെമ്മാശ്ശന്മാർ. "അവൻ തന്റെ മാലാഖമാരെ അരൂപികളായും തന്റെ ശുശ്രൂഷകരെ (ശെമ്മാശ്ശന്മാരെ) എരിയുന്ന അഗ്നിയായും ഉണ്ടാക്കി" എന്നും (സങ്കീ. 104.4) "തന്റെ ഇഷ്ടം ചെയ്യുന്ന ശുശ്രൂഷകർ" എന്നും (സങ്കീ. 103:21) പൗരോഹിത്യ സങ്കീർത്തനങ്ങൾ പറയുന്നു.

അതുകൊണ്ടു് സഭയിലെ എല്ലാ ശുശ്രൂഷകളും അവർ ചെയ്യുന്നു. 'പരിശുദ്ധൻ' എന്നു് മൂന്നു പ്രാവശ്യം അവർ ഉച്ചത്തിൽ ഉദ്ഘോഷിക്കുന്നതു്, പുറജാതികളുടെ മാനസ്സാന്തരവും, ഏശയാ ദർശിച്ചതും നമ്മൾ നിറവേററുന്നതുമായ ഈ രഹസ്യത്തിന്റെ പൂർത്തീകരണവും ആണു്. അതായതു, വിശുദ്ധഗ്രന്ഥവായന, അറിയിപ്പുകൾ, പള്ളിയുടെ വാതില്ക്കൽ ഉള്ള നില്പ്പ്. നിശബ്ദരായിരിക്കാൻ അവർ എപ്പോഴും ജനങ്ങളോടു് ആവശ്യപ്പെടുന്നു. പള്ളിയിൽ വരുന്ന ഓരോരുത്തർക്കും അവരവരുടെ ക്രമമനുസരിച്ചും നിലയനുസരിച്ചും അവർ സ്ഥാനം നിശ്ചയിച്ച് കൊടുക്കുന്നു. അവരുടെ ഇടത്തേ തോളിലെ ഊറാറാ വിധേയത്വമുള്ള കീഴുള്ളവരെപ്പോലെ അവരുടെ വിധേയത്വത്തെ സൂചിപ്പിക്കുന്നു. അധികാരമുള്ളവൻ ഇരുതോളിലുമോ, തലയിലോ തന്റെ ഊറാറാ ധരിക്കുന്നു.

'ബാറെക്മോർ' എന്നു് ശെമ്മാശ്ശൻ വൈദികനോടു് പറയുന്നതിന്റെ അർത്ഥം: പരിശീലനം ലഭിക്കാത്തവരും അറിവില്ലാത്തവരുമായ പല വൈദികരും ശെമ്മാശ്ശൻ 'ബാറെക്മോർ' എന്നു് പറയുമ്പോൾ

11 സോളമന്റെ ഗീതകം, 34:4

www.malankaralibrary.com



'ബാറെക്മോർ' എന്നു പറയുന്നു. താഴെപ്പറയുന്ന കാരണങ്ങളാൽ വൈദികൻ 'ബാറെക്മോർ' എന്നു പറയാൻ പാടില്ല. 'ബാറെക്മോർ' എന്ന് ശെമ്മാശ്ശൻ പറഞ്ഞു കഴിഞ്ഞു. 'ബാറെക്മോർ' എന്ന് പറയുന്നതുവഴി പ്രാർത്ഥിക്കാനും അനുഗ്രഹിക്കാനുമായി ശെമ്മാശ്ശൻ വൈദികനോട് യഥാർത്ഥത്തിൽ അപേക്ഷിക്കുകയാണ്. വൈദികൻ തിരികെ 'ബാറെക്മോർ' എന്ന് പറയുന്നതുവഴി അനുഗ്രഹിക്കണമെന്ന് ശെമ്മാശ്ശനോട് അപേക്ഷിക്കുകയാണ്. അതുകൊണ്ട് 'ബാറെക്മോർ' എന്ന് വൈദികൻ പറയുന്നത് ശരിയല്ല.

## ധൂപം

മദ്ബഹായിൽ നിന്ന് ഹൈക്കലായിലേക്കും അവിടെ നിന്ന് മദ്ബഹായിലേക്കും ഉള്ള ധൂപാർപ്പണം താഴെ പറയുന്ന കാര്യങ്ങളെ സൂചിപ്പിക്കുന്നു. പരിശുദ്ധ ത്രിത്വത്തിന്റെ നന്മ: അവിടുത്തെ പരിപാലന എല്ലാവിശുദ്ധരിലേക്കും വ്യാപിക്കുന്നു എങ്കിലും ക്രമവലക്കരണത്തിനു് മാററം വരുന്നില്ല, കുറഞ്ഞു പോകുന്നുമില്ല. സ്വർഗ്ഗത്തിൽനിന്ന് താഴേക്ക് വരികയും ഒരു മധുരരസവും അനുരഞ്ജനത്തിന്റെ സുഗന്ധവും ആയിത്തീർന്ന വചനമായ ദൈവത്തെ സൂചിപ്പിക്കുന്നു. അവിടുന്ന് നമുക്കുവേണ്ടി പിതാവായ ദൈവത്തിനു് സ്വയം സമർപ്പിച്ചു; ലോകം മുഴുവനുംവേണ്ടി പാപപരിഹാരമായിത്തീർന്നു. തന്റെ ദൈവത്വം നഷ്ടപ്പെടാതെയും മാററംകൂടാതെയും അവിടുന്ന് തന്റെ പിതാവിന്റെ പക്കലേക്ക് പോയി. (c) ഇമ്മാനുവേലിനെ സൂചിപ്പിക്കുന്ന മദ്ബഹായിൽനിന്നുള്ള സുഗന്ധധൂപം ജനങ്ങളുടെ ഇടയിൽ ഹൈക്കലായിൽ എല്ലായിടത്തും വ്യാപിക്കുന്നു. അവരുടെ അംഗീകാരവും അവിടുത്തെ നേക്കുള്ള സന്മനോഭാവവും എല്ലാം സ്വീകരിച്ച് ത്രോണോസിലെത്തിക്കുന്നു. 12

## വിശ്വാസപ്രമാണം

വിശുദ്ധ ശ്ലീഹന്മാരുടെ കാലം മുതൽ വിശ്വാസിയായ കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ കാലംവരെ ധൂപാർപ്പണത്തിനുശേഷം വൈദികർ നേരിട്ട് അനാഫറയിലേക്ക് പ്രവേശിക്കയായിരുന്നു പതിവ്. എന്നാൽ അദ്ദേഹം "318 മെത്രാന്മാരുടെ സിനഡ്" വിളിച്ചുകൂട്ടി, നാം വിശ്വസിച്ച് പ്രഖ്യാപിക്കുന്ന സത്യവിശ്വാസപ്രമാണം തയ്യാറാക്കി. അനാഫറക്ക് മുൻപ് വിശ്വാസികൾ ഇത് ചൊല്ലണം എന്നും അതിനുശേഷം വൈദികർ അനാഫറ തുടങ്ങണം എന്നും ഈ സിനഡ് അനുശാസിച്ചു. താഴെപ്പറയുന്ന കാരണങ്ങളാൽ വിശ്വാസികൾ ഇത് ചൊല്ലണം. തങ്ങൾ ശരിയായി വിശ്വസിക്കുകയും ഏററു പറയുകയും ചെയ്യുന്നു എന്ന് അറിയിക്കാൻ. അവരുടെ വിശ്വാസവും പ്രഖ്യാപനവും ഒന്നാണെന്ന് കാണിക്കാൻ. അതുവഴി വിശ്വാസികളുടെ മനസ്സും ഹൃദയങ്ങളും അധരങ്ങളും പവിത്രീകരിക്കപ്പെടാൻ. സഭാശരീരത്തിന്റെ നാവായ വൈദികൻ ഈ പ്രാർത്ഥന തുടങ്ങുന്നത് യുക്തമാണ്.

12 'പാപപരിഹാരപ്രാർത്ഥന' (ഹൂസോയോ) യെപ്പററി ബർകേഫാ പരാമർശിക്കുന്നില്ല.

www.malankaralibrary.com



'ഞങ്ങൾ വിശ്വസിക്കുന്നു' എന്നല്ല 'ഞാൻ വിശ്വസിക്കുന്നു' എന്നാണ് സിനഡിൽ രൂപീകൃതമായതു് എന്നു് ഗ്രഹിക്കുന്നതു് നന്നായിരിക്കും. ഇതൊരു പ്രാർത്ഥനയോ, അപേക്ഷയോ അല്ലാത്തതിനാൽ 'ഞാൻ വിശ്വസിക്കുന്നു' എന്നു് അവർ എഴുതിവച്ചു. പരസ്പരം പ്രാർത്ഥിക്കാനും മററുള്ളവരോടു് ചേർന്നു് പ്രാർത്ഥിക്കാനും നമുക്കു് കല്പനയുണ്ടു്; അതു നല്ലതുമാണു്. എന്നാൽ ഇതൊരു വിശ്വാസപ്രഖ്യാപനമാണു്. മററുള്ളവരോടു് ചേർന്നും മററുള്ളവർക്കുവേണ്ടിയും വിശ്വസിക്കാനും പ്രഖ്യാപനം നടത്താനും നമ്മോടു് കല്പിക്കപ്പെട്ടിട്ടില്ല; അതു് ചേർന്നതുമല്ല. ഓരോരുത്തരും താന്താങ്ങൾക്കുവേണ്ടി സ്വയം ഏററുപറയുകയും ചെയ്യട്ടെ. അതുകൊണ്ടു്, സിനഡ് തീരുമാനിച്ചതുപോലെ ഓരോരുത്തരും 'ഞങ്ങൾ വിശ്വസിക്കുന്നു' എന്നല്ല 'ഞാൻ വിശ്വസിക്കുന്നു' എന്നത്രേ ചൊല്ലേണ്ടതു്.[13] ഈ വിശ്വാസപ്രമാണത്തിനു് അഞ്ചു് ഭാഗങ്ങൾ ഉണ്ടു്: ദൈവശാസ്ത്രം, മനുഷ്യാവതാരം, സ്നാനം, പൊതുവായ ഉത്ഥാനം, ഭാവിയിലെ വിധിയും പ്രതിഫലവും.

## പടിയിലെ പ്രഖ്യാപനം

നന്നായി നില്ക്കുവാനും, ബോധപ്പുതർച്ചയിൽനിന്നും ലൗകിക വ്യഗ്രതകളിൽനിന്നും മനസ്സിനെ അകററുവാനും, വൈദികൻ പറയുന്ന സംഗതികൾ ശ്രദ്ധിക്കാനും, തങ്ങൾ സ്വീകൃതരാകുവാനും കേൾക്കപ്പെടുവാനുമായി ദൈവത്തോടു് പ്രാർത്ഥിക്കാനും, പ്രത്യുത്തരം നല്കേണ്ടവക്കു് പ്രത്യുത്തരം നല്കാനും, ശെമ്മാശ്ശൻ ജനങ്ങളെ ഇപ്രകാരം പ്രേരിപ്പിക്കുന്നു.

'സമാധാനപ്രാർത്ഥനയെപ്പററി'; 'എന്റെ കർത്താവേ, നിന്റെ കൃപയാൽ ഞങ്ങളുടെ കടങ്ങൾ ക്ഷമിക്കണമെ' എന്നതിനെപ്പററി; പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി എന്നതിനെപ്പററി; സമാധാനപ്രാർത്ഥനയ്ക്കു് മുൻപോ പിൻപോ ഇവ ചൊല്ലേണ്ടതു് എന്നതിനെപ്പററി—''എന്റെ കർത്താവേ, ഞങ്ങളുടെ കടങ്ങൾ ക്ഷമിക്കണമെ; നീ കോപിക്കാത്ത നല്ലവനാകുന്നു'' എന്നിത്യാദി പ്രാർത്ഥനകൾ സമാധാന പ്രാർത്ഥനയ്ക്കു് മുൻപ് ചൊല്ലാൻ പാടില്ല. കാരണം, അവ അവയിൽതന്നെ നല്ലവയാണെങ്കിലും ചൊല്ലാനുള്ള സ്ഥലവും സമയവും ഇതല്ല. ഉദാ: സുവിശേഷം നല്ലതാണു്; എന്നാൽ ഹല്ലാലയുടെ (സ്തുതിപ്പിന്റെ) സ്ഥാനത്തു് അതു് പാടില്ല; അതുപോലെ അസമയത്തും പാടില്ല. അതുപോലെ ഈ പ്രാർത്ഥനകളും ഇവിടെ ചൊല്ലാൻ പാടില്ല; കാരണം, ക്ഷമയും, വിശുദ്ധീകരണവും, പാപമോചനവും അതുപോലുള്ളതൊക്കെയും അനാഫറയ്ക്കു് മുൻപു് വരണം; സമാധാന പ്രാർത്ഥനയ്ക്കു് മുമ്പല്ല വരേണ്ടതു്.

---

13 പ്രാചീന സുറിയാനി കയ്യെഴുത്തു പ്രതികളിൽ 'ഞങ്ങൾ വിശ്വസിക്കുന്നു' (മ്ഹൈമ്നീനാൻ) എന്നും 'ഞാൻ വിശ്വസിക്കുന്നു' (മ്ഹൈമെൻനാ) എന്നും കാണുന്നുണ്ടു്. cf. F. Schulthess, *Die Syrischen Kanones der Synoden von Nicaea bis Chalcedon*, Berlin, 1908, p. 2–3, ഗ്രീക്കിലുള്ള കൈയെഴുത്തു പ്രതികളിൽ ''ഞങ്ങൾ വിശ്വസിക്കുന്നു'' എന്നാണു് (H. Hahn, *Bibliothek*, p. 160).

www.malankaralibrary.com



''പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി'' എന്നതു് സമാധാനപ്രാർത്ഥനയ്ക്കു് മുൻപ്പു് ചൊല്ലുന്നതു് യുക്തമല്ല. പിതാവിനോടൊപ്പം പുത്രനെയും പരിശുദ്ധാത്മാവിനെയും മഹത്വപ്പെടുത്തുന്നതു് തെററായതുകൊണ്ടല്ല; അവനിൽ നിന്നാണല്ലോ അവരുടെ സത്താപരമായ മഹത്വം. വി. കുർബാനയിൽ ത്രിത്വത്തിലെ മൂന്നാളുകളെ അഭിസംബോധനചെയ്തു് വൈദികർ പ്രാർത്ഥിക്കാൻ പാടില്ല എന്നതു് കൊണ്ടാണിതു്.

ജനങ്ങളും, പിതാവിനോടു് 'പിതാവായ ദൈവമേ, ഞങ്ങളിൽ കരുണ തോന്നണമെ' എന്നു് പ്രത്യുത്തരിക്കുന്നതിൽ നിന്നു് ഇതു് വ്യക്തവുമാണു്. ''പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി'' എന്ന പ്രാർത്ഥന അനാഫറയുടെ ഭാഗമല്ല, വൈദികർ കൂട്ടിച്ചേർത്തതാണു്. വൈദികരുടെ ശുശ്രൂഷക്രമങ്ങൾ ഓരോരുത്തരുടെയും ഇഷ്ടാനുസരണമാണു് എഴുതപ്പെട്ടിരിക്കുന്നതു്. അവ തമ്മിൽ ഐകരൂപ്യം ഇല്ല; പഴയനിയമത്തിലെയും പുതിയനിയമത്തിലെയും വായനപ്പുസ്തകങ്ങളിൽ അല്പംപോലും വ്യത്യാസമില്ല. എന്നാൽ വൈദികരുടെ തക്സാകളിൽ നിരവധി വ്യത്യാസങ്ങളുണ്ടു്.

# അനാഫറ

## ഒന്നാം ഭാഗം

വി. കുർബ്ബാന അഞ്ചു ഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഒന്നാം ഭാഗം ഇവിടെ ആരംഭിക്കുന്നു. ഹൃദയവിശുദ്ധിയോടും ദൈവികസ്നേഹത്തോടുംകൂടെ പരസ്പരം സമാധാനം നല്കുവാൻ അനുഗ്രഹം ലഭിക്കുന്നതിനുവേണ്ടി പിതാവായ ദൈവത്തോടുള്ള അപേക്ഷയാണു് ആദ്യപ്രാർത്ഥന.

'നിങ്ങൾക്കെല്ലാവക്കും സമാധാനം ഉണ്ടായിരിക്കട്ടെ' എന്നതിനെപ്പററി: വൈദികരും ജനങ്ങളും ഒരുപോലെ സ്നേഹത്തിലും സമാധാനത്തിലും പരസ്പരം സമാധാനം നല്കുവാൻ ഇതുവഴി വൈദികർ പ്രേരിപ്പിക്കയാണു്. ''നിങ്ങൾ പരസ്പരം സ്നേഹിക്കുന്നതുവഴി എൻെറ ശിഷ്യരാണു് എന്നു് ലോകം അറിയും'' (യോഹ. 13:35) എന്നു് കർത്താവു് തൻെറ ശിഷ്യരോടു് പറഞ്ഞതനുസരിച്ചു് വൈദികരും, ''നിന്നെപ്പോലെ നിൻെറ അയല്ക്കാരനെ സ്നേഹിക്കണം'' (മത്താ. 19:19; ലേവ്യ. 19:18) എന്നതനുസരിച്ചു് ജനങ്ങളും സ്നേഹിക്കണം.

'അങ്ങയുടെ ആത്മാവോടുകൂടെ ഉണ്ടായിരിക്കട്ടെ' എന്ന ജനങ്ങളുടെ പ്രത്യുത്തരം സംബന്ധിച്ചു്: ക്രിസ്തുവിനോടെന്നവണ്ണം വൈദികനോടു്, 'അങ്ങയുടെ ആത്മാവോടും കൂടെ' എന്നു് അവർ പ്രത്യുത്തരം നല്കുന്നു. എൻെറ സമാധാനം ഞാൻ നിങ്ങൾക്കു നല്കുന്നു; എൻെറ സമാധാനം ഞാൻ നിങ്ങൾക്കു് വിട്ടിട്ടു പോകുന്നു' (യോഹ. 14:27) എന്നു് നീ ആശംസിച്ച സമാധാനവും യോജിപ്പും ഞങ്ങൾക്കുണ്ടാകട്ടെ; മാമോ

www.malankaralibrary.com



ഭീസായിൽ നീ ഞങ്ങൾക്കു നല്കിയ ആ സമാധാനം ഞങ്ങളോടുകൂടെ വസിക്കട്ടെ.' 'നീ കൊടുക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന സമാധാനം' എന്നു് ദൈവശാസ്ത്രജ്ഞനായ വിശുദ്ധ ഗ്രീഗോറിയോസ് നസ്യാൻസൻ പറയുന്നതുപോലെ 'നിന്നോടുകൂടെയും സമാധാനം ഉണ്ടായിരിക്കട്ടെ' എന്നു് വൈദികനോടു് അവർ പ്രത്യുത്തരിക്കുന്നു.

## സമാധാന ചുംബനം

കുർബ്ബാനയ്ക്കിടയ്ക്കു് പരസ്പരം നല്കുന്ന സമാധാനചുംബനത്തെപ്പററി താഴെപ്പറയുന്ന കാര്യങ്ങളാണു് സമാധാന ചുംബനം സൂചിപ്പിക്കുന്നതു്: തൻെറ ശരീരം വഴി ദൈവവുമായി സംസർഗ്ഗം ചെയ്യാൻ നാം ഒരുങ്ങുമ്പോൾ നമ്മിൽതന്നെയും അന്യോന്യവും നാം വിഭജിതരെങ്കിൽ അതു് അസാധ്യമാകയാൽ, നാം സമാധാനം നല്കുന്നു. ബാഹ്യമായി നാം ആശ്ലേഷിക്കുന്നതുവഴി ആന്തരികമായി നമുക്കു സ്നേഹവും ഐക്യവും ഉണ്ടെന്നു് നാം കാണിക്കുന്നു. പരസ്പരം സമാധാനത്തിലായിരിക്കുമ്പോൾ നാം ദൈവത്തോടു് രമ്യതയിലാണു്. നാം പരസ്പരം നല്കുന്ന സമാധാനം പരസ്പരമുള്ള ശത്രുതയെ ഹനിക്കുന്നു. ദൈവവും മർത്ത്യരും തമ്മിലും, സ്വജനവും ജാതികളും തമ്മിലും, ആത്മാവും ശരീരവും തമ്മിലും ഉള്ള ശത്രുതയെ ക്രിസ്തു ഇല്ലാതാക്കുകയും നമ്മുടെ ഇടയിൽ സ്നേഹവും സമാധാനവും വസിക്കാൻ ഇടയാക്കുകയും ചെയ്തു എന്നു് നാം നല്കുന്ന സമാധാനം സൂചിപ്പിക്കുന്നു. 'നീ ബലിപീഠത്തിൽ നിൻെറ വഴിപാടു് കൊണ്ടുവരികയും .... നിൻെറ വഴിപാടു് ബലിപീഠത്തിൽ വച്ചിട്ടു് സഹോദരനുമായി രമ്യപ്പെടുക' (മത്താ. 5:23—24) എന്ന കർത്തൃവചനം പരസ്പരം സമാധാനം നല്കുന്നതുവഴി നാം പൂർത്തീകരിക്കുകയാണു്,

## ജീവൻെറ പുസ്തകം [14]

മദ്ബഹായിൽ വായിക്കപ്പെടുന്ന ജീവൻെറ പുസ്തകം: താഴെപ്പറയുന്ന കാരണങ്ങളാൽ മദ്ബഹായിൽ ജീവൻെറ പുസ്തകം വായിക്കപ്പെടുന്നു. ഭക്തിയോടും വിശുദ്ധിയോടും കൂടെ ശ്രേഷ്ഠമായ അന്ത്യം പ്രാപിച്ചവരെ നമ്മുടെ മുൻപാകെ അവതരിപ്പിക്കുന്നു. അവർ മരിച്ചവരല്ല, ജീവിക്കുന്നവരാണു് എന്നു് ഇതു് കാണിക്കുന്നു. യേശുവിനോടുകൂടെയാണു് അവരുടെ നാമം അനുസ്മരിക്കുന്നതു് എന്നതിൽ നിന്നു് ഇതു വ്യക്തവുമാണു്. ''നീതിമാന്മാരുടെ ആത്മാക്കൾ ദൈവകരങ്ങളിലാണു്'' (വിജ്ഞാനം 3:1) എന്നാണല്ലോ എഴുതപ്പെട്ടിരിക്കുന്നതു്. ജീവിച്ചിരുന്നപ്പോൾ വിശുദ്ധ വസ്തുക്കളോടു് അവർ പററിച്ചേർന്നു. മരിച്ചുകഴിഞ്ഞപ്പോൾ വിശുദ്ധ വസ്തുക്കളിന്മേൽ അവരെ അനുസ്മരിക്കുക എന്നതു് ന്യായമാണു്. യേശുവിനെ പ്രതിനിധീകരിക്കുന്ന മദ്ബഹായിൽ അവരെ അനുസ്മരിക്കുമ്പോൾ, അവർ സദാ യേശുവിനോടുകൂടെയാണു് എന്നു് വ്യക്തമാക്കുന്നു. ''ഞാനെവിടെയോ, അവിടെ എൻെറ ശുശ്രൂഷകനു

---

14 സ്വർഹായേ = ജീവിക്കുന്നവരുടെ ഗ്രന്ഥം: ജീവൻെറ പുസ്തകം. അനാഫറയ്ക്കു് തൊട്ടുമുമ്പുള്ള 'അനുസ്മരണ' ഇതിൻെറ സ്ഥാനത്താണു്. ഇപ്പോൾ ജീവൻെറ പുസ്തകത്തിൽനിന്നു് വായിക്കാറില്ല: ലൂയിസ് മൂലവീട്ടിൽ, യാക്കോബിൻെറ അനാഫറ ഒരു പഠനം, കോട്ടയം, 1976, പേ. 144—147.

www.malankaralibrary.com



മായിരിക്കും'' എന്നും (യോഹ. 12:26) 'അവർ നമ്മിൽ ഒന്നായിരിക്കുവാൻ' എന്നും ഉണ്ടല്ലോ (യോഹ. 17:21). ഇതുവരെ അവരെപ്പററിയുള്ള പാവനമായ അനുസ്മരണ ഉണ്ടെന്നു കാണിക്കുന്നു. നാമും അവരുടെ ശ്രേഷ്ഠമായ അന്ത്യം പ്രാപിക്കുന്നതിനു യോഗ്യരായി തീരുന്നതിനും അവർ അനുസ്മരിക്കപ്പെടുന്നതുപോലെ വി. മദ്ബഹായിൽ അനുസ്മരിക്കപ്പെടുന്നതിനും അവരുടെ വിശുദ്ധ ജീവിതവും സത്യവിശ്വാസവും അനുകരിക്കാൻ അതു് പ്രേരിപ്പിക്കുന്നു.

## കൈകഴുകൽ

ദിവ്യരഹസ്യങ്ങളുടെ മുൻപാകെ പട്ടക്കാരനും മേല്പട്ടക്കാരനും കൈകഴുകുന്നതിനെ സംബന്ധിച്ചു്:

എല്ലാവിധ ലൗകിക വ്യഗ്രതകളിൽനിന്നും ജനങ്ങൾ തങ്ങളുടെ ഹൃദയത്തെ വെടിപ്പാക്കണമെന്നു് ദിവ്യരഹസ്യങ്ങളുടെ സമയത്തു് അവർ ത്താരുള്ള മുൻപിൽ വൈദികൻ നടത്തുന്ന കൈകഴുകൽ പഠിപ്പിക്കുന്നു. വൈദികൻ വിരലിൻെറ അഗ്രം കഴുകുന്നതുവഴി, കർത്താവിൻെറ മുമ്പാകെ തൻെറ മനസ്സാക്ഷി നിർമ്മലമാണു് എന്നു് കാണിക്കുന്നു. ഹൃദയത്തേയും അന്തരിന്ദ്രിയങ്ങളേയും പരിശോധിക്കയും രഹസ്യകാര്യങ്ങൾ വെളിപ്പെടുത്തുകയും ചെയ്യുന്ന മിശിഹായിൽ തൻെറ ചിന്തകളും മനസ്സിൻെറ കഴിവുകളും സമർപ്പിക്കുന്നു എന്നു് അദ്ദേഹം വ്യക്തമാക്കുന്നു. താൻ പാപങ്ങളിൽ നിന്നു് വിമുക്തനാണെന്നും ചില്ലറ കുറവുകളും, അപൂർണ്ണതയുടെ നിഴലുകളും മാത്രമേ ഉള്ളുന്നും വിരലിൻെറ അഗ്രം മാത്രം കഴുകുന്നതുവഴി വൈദികൻ തെളിയിക്കുന്നു. നിയമത്തിനു് അധീനരായിരുന്ന വൈദികരുടെ ക്ഷാളനങ്ങൾ ഇതിൻെറ മുൻകുറിയായിരുന്നു.

## കൈവയ്പിൻെറ ഒന്നാം പ്രാർത്ഥന

''കർത്താവിൻെറ മുൻപാകെ നമുക്കു് തലകുനിക്കാം'' എന്നു് ശെമ്മാശ്ശൻ പറയുന്നതിനെപ്പററി: ആത്മികവും ശാരീരികവുമായ തലകളെ കർത്താവിൻെറ മുൻപാകെ കുനിക്കുന്നതിനും, അവിടുത്തോടു് അപേക്ഷിക്കുന്നതിനും അങ്ങിൽനിന്നു് ഈ അനുഗ്രഹം പ്രാപിക്കുന്നതിനും അദ്ദേഹം ജനങ്ങളെ പ്രേരിപ്പിക്കുന്നു. ഈ രണ്ടാം പ്രാർത്ഥനയിൽ വൈദികൻ ഇക്കാര്യങ്ങൾക്കായി ദൈവത്തോടു് പ്രാർത്ഥിക്കുന്നു.

കുർബ്ബാനയിൽ കൈവയ്പിൻെറ മൂന്നു പ്രാർത്ഥനകളാണുള്ളതു്: i) ഈ രണ്ടാം പ്രാർത്ഥന; ii) 'വിശുദ്ധമായവ വിശുദ്ധിയും വെടിപ്പും ഉള്ളവക്കു്' എന്നതിൻെറ മുമ്പു്; iii) കുർബ്ബാനയുടെ അവസാനഭാഗത്തുള്ള പ്രാർത്ഥന. ഈ മൂന്നു് പ്രാവശ്യവും പ്രാർത്ഥനയ്ക്കു് മുൻപ്, 'കർത്താവിൻെറ മുൻപാകെ നമുക്കു് തലകുനിക്കാം' എന്നു് ശെമ്മാശ്ശൻ പറയുന്നതിൽ നിന്നു് ഇവ പ്രത്യേകമായി ജനങ്ങളുടെ മേലുള്ള പ്രാർത്ഥനയാണെന്നു് വ്യക്തമാകുന്നു. 'കൈവയ്പിൻെറ പ്രാർത്ഥന' എന്നും 'ജനങ്ങളുടെ മേലുള്ള പ്രാർത്ഥന' എന്നും ഇവ അറിയപ്പെടുന്നു. 'കർത്താവിൻെറ മുൻപാകെ നമുക്കു് തലകുനിക്കാം' എന്നു് ശെമ്മാശ്ശൻ പ്രസ്താവിക്കുമ്പോഴെല്ലാം മേല്പട്ടക്കാരനോ പട്ടക്കാരനോ 'ജനങ്ങളുടെ മേലുള്ള പ്രാർത്ഥന' ചൊല്ലുന്നു.

www.malankaralibrary.com



കുർബ്ബാനയിൽ ജനങ്ങൾ മുട്ടുകുത്താനേ പാടില്ല എന്നു് അറിഞ്ഞിരിക്കുന്നതു് നന്നായിരിക്കും. അതിനു് രണ്ടു് കാരണങ്ങളുണ്ടു്. i) മുട്ടുകുത്തൽ നമ്മുടെ വീഴ്ചയുടെ അടയാളമാണു്. ii) 'കർത്താവിന്റെ മുൻപാകെ നമുക്കു് തലകുനിക്കാം' എന്നാണു്, 'കർത്താവിന്റെ മുൻപാകെ നമുക്കു് മുട്ടുകുത്താം" എന്നല്ല ശെമ്മാശ്ശൻ പ്രസ്താവിക്കുന്നതു്. അതുകൊണ്ടു് അവൻ കല്പിക്കുന്നതുപോലെ ജനങ്ങൾ പ്രവർത്തിക്കുന്നതും തലമാത്രം കുനിക്കുന്നതുമാണു് ഉത്തമം. 'ശിരസ്സ് നമിച്ചിരിക്കുന്നവരെ' എന്നു് പുരോഹിതൻ പ്രാർത്ഥിക്കുന്നുമുണ്ടല്ലോ. നാം മുട്ടുകുത്തലിനെ പാടെ എതിർക്കുന്നില്ല. കാരണം, 'പിതാവിനും പുത്രനും' ഉച്ചരിക്കുന്ന അവസരങ്ങളിലെല്ലാം ദൈവമുൻപാകെ നാം മുട്ടുകുത്തുന്നു;[15] കുർബ്ബാനയിലും ഞായറാഴ്ചകളിലും മുട്ടുകുത്തുന്നതു് ഒരിക്കലും ശരിയല്ല എന്നതാണു് നമ്മുടെ ഖണ്ഡിതമായ അഭിപ്രായം.

## ശോശപ്പായുടെ മേലുള്ള പ്രാർത്ഥന

തന്റേയും തന്റെ പിന്നിൽ അണിനിരന്നിരിക്കുന്ന ജനങ്ങളുടേയും ബലി സ്വീകരിക്കണമെന്നു് പിതാവായ ദൈവത്തോടു് ചെയ്യുന്ന അപേക്ഷയാണിതു്. 'ഞങ്ങളുടെ നീതിയിൽ ആശ്രയിച്ചുകൊണ്ടല്ല' നിനക്കു് ബലി അർപ്പിക്കാൻ ഞങ്ങൾ അടുത്തു വന്നിരിക്കുന്നതു് എന്നു് ഏറ്റുപറയുന്നു; കാരണം, ഞങ്ങളെല്ലാം പാപികളാകുന്നു; നീ ഇതു് ഞങ്ങളിൽ നിന്നു് സ്വീകരിക്കുമെന്നു് നിന്റെ കരുണയിൽ ആശ്രയിച്ചുകൊണ്ടു് ഞങ്ങൾ ഇതു് അർപ്പിക്കുന്നു.

ശെമ്മാശ്ശന്റെ പ്രഖ്യാപനം: 'നമുക്കു് നന്നായി നില്ക്കാം' എന്നു തുടങ്ങുന്ന പ്രസ്താവന: ജനങ്ങൾ ചിട്ടയോടും ഭക്തിയോടും അടക്കത്തോടും വിശുദ്ധിയോടും കൂടെ നില്ക്കണമെന്നാണു് ഇതുവഴി അവൻ ഉദ്ബോധിപ്പിക്കുന്നതു്; രണ്ടു കാരണങ്ങളുണ്ടു്: i) വിശുദ്ധവും ദൈവികവുമായ രഹസ്യങ്ങൾ അവയുടെമേൽ വസ്തപ്പെട്ടിരിക്കുന്ന മറ മാററി വെളിപ്പെടുത്തപ്പെടാൻ പോകുന്നു. ii) ഈ നാഴികയിൽ സ്വർഗ്ഗവാതിൽ തുറക്കപ്പെടുകയും സ്വർഗ്ഗീയ സൈന്യങ്ങളും പരിപൂർണ്ണരാക്കപ്പെട്ട നീതിമാന്മാരുടെ ആത്മാക്കളും ദിവ്യരഹസ്യങ്ങളെ ദർശിക്കാനും ബഹുമാനിക്കാനും ഇറങ്ങി വരികയും ചെയ്യുന്നു. ഈ അവസരം മാലാഖമാർ താഴേക്കിറങ്ങി വരുന്നു; സ്രാപ്പേമാലാഖമാരുടെ ചിറകുകളുടെ സദൃശ്യമായ വിശറി (മർബഹസ) ശെമ്മാശ്ശന്മാർ ഇപ്പോൾ വഹിക്കുന്നതു് ഇതിനെ സൂചിപ്പിക്കുന്നു.

## ശോശപ്പാ അഥവാ അനാഫറ

നാലു് സംഗതികളെ സംബന്ധിച്ചു് നാം അന്വേഷിക്കുന്നതു് ഉചിതമായിരിക്കും. 1) അനാഫറ എന്ന വാക്കിന്റെ അർത്ഥമെന്താ

---

15 'പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി' എന്നു് ചൊല്ലുമ്പോൾ ഇപ്പോൾ മുട്ടുകുത്തി കുമ്പിടാറില്ല; എന്നാൽ ത്രൈശുദ്ധകീർത്തനം ചൊല്ലുമ്പോൾ കുമ്പിടാറുണ്ടു്.

www.malankaralibrary.com



ണ്?  2) എന്തുകൊണ്ടാണ് ദിവ്യരഹസ്യങ്ങളുടെ മേൽ അതു് വിരിച്ചിരിക്കുന്നതു്?  3) അതു മാററുന്നതെന്തിനാണ്?  4) മൂന്നു പ്രാവശ്യം അതു് ഉയർത്തുകയും താഴ്ത്തുകയും ചെയ്തു് ആഘോഷിക്കുന്നതു് എന്തുകൊണ്ടാണ്? 16

താഴെപ്പറയുന്ന കാരണങ്ങളാൽ ശോശപ്പാ ദിവ്യരഹസ്യങ്ങളുടെ മേൽ വിരിച്ചിരിക്കുന്നു. i) ദിവ്യരഹസ്യങ്ങളിൽ മറഞ്ഞിരിക്കുന്ന ദൈവത്വത്തിന്റെ അദൃശ്യവും നിഗൂഢവുമായ അവസ്ഥയെ സൂചിപ്പിക്കുന്നു. ii) നമ്മുടെ രക്ഷകന്റെ കബറിങ്കൽ വയ്ക്കപ്പെട്ട കല്ലിന്റെ പ്രതീകമാണതു്. iii) പഴയനിയമ ബലികളിലും അന്നത്തെ 'പ്രതീകാത്മക ശുശ്രൂഷകളിലും' ഇമ്മാനുവേൽ നിഗൂഢനായി മറഞ്ഞിരുന്നു.

ദിവ്യരഹസ്യങ്ങളിൽനിന്നു് ശോശപ്പാ എടുത്തുമാററുന്നതു്: i) ദിവ്യരഹസ്യങ്ങളിൽ മറഞ്ഞിരിക്കുകയും ഇതിലേക്കാനീതരാകാത്തവർക്കും അവിശ്വാസികൾക്കും അജ്ഞാതമായിരിക്കുകയും ചെയ്യുന്ന ദൈവത്വം വിശ്വാസികൾക്കും, ആനീതരായവർക്കും അറിയപ്പെടാൻവേണ്ടി വെളിപ്പെടുത്തപ്പെടുന്നു. ii) നമ്മുടെ രക്ഷകന്റെ കല്ലറയിൽ വയ്ക്കപ്പെടുകയും മാലാഖ ഉരുട്ടി മാററുകയും ചെയ്ത കല്ലിനെ ഇതു് സൂചിപ്പിക്കുന്നു. iii) പഴയനിയമ ബലികളിൽ മറഞ്ഞിരിക്കുകയും തന്റെ വ്യാപാരത്താൽ നമുക്കു് സ്വയം വെളിപ്പെടുത്തുകയും ചെയ്ത ഇമ്മാനുവേലിനെ ഇതു് പ്രഖ്യാപനം ചെയ്യുന്നു.

ശോശപ്പാ ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നതു് താഴെപ്പറയുന്ന കാരണത്താലാണ്: മാമോദീസായുടെയും പാപമോചനത്തിന്റെയും കൃപാവരം യഹൂദന്മാർക്കു് മാത്രമാണ് നല്കപ്പെട്ടതെന്നു് പത്രോസ് ശ്ലീഹാ കരുതിയപ്പോൾ, സ്വർഗ്ഗത്തിൽനിന്നു് താഴേക്കു വരുന്ന ഒരു പാത്രത്തിന്റെ ദർശനം അവനുണ്ടായി. അതിൽ എല്ലാവിധ നാല്ക്കാലിമൃഗങ്ങളും, ഇഴജന്തുക്കളും പക്ഷികളും പറവകളും ഉണ്ടായിരുന്നു. അവയിൽ ചിലതു് വിശുദ്ധവും ചിലതു് അശുദ്ധവുമായിരുന്നു (നടപടി. 10;1–16). നിയമം വിശുദ്ധീകരിച്ച യഹൂദജനത്തിനു മാത്രമല്ല, അശുദ്ധരായിരുന്ന ജാതികൾക്കും വിശുദ്ധ മാമോദീസായുടെ ഈ കൃപാവരം നല്കപ്പെട്ടു എന്നു് ഇതുവഴി ദൈവം അവനെ കാണിക്കയാണ് ചെയ്തതു്. ഈ വിശുദ്ധരഹസ്യങ്ങളുടെ കൃപാവരം ക്രിസ്തുവിൽ വിശ്വസിക്കുന്ന സ്വജനത്തിനും ജാതികൾക്കും മോചനത്തിനായി നല്കപ്പെട്ടിരിക്കുന്നു എന്നു് കാണിക്കാനാണ് ശോശപ്പാ ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നതു്.

---

16 ശോശപ്പാ ആഘോഷിക്കുമ്പോൾ വൈദികൻ ചൊല്ലുന്നു: ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങൾക്കു് പന്ത്രണ്ടു നീരുറവകൾ ഒഴുക്കിക്കൊടുത്ത തീക്കൽപാറ നീയാകുന്നു; ഞങ്ങളുടെ രക്ഷകന്റെ കബറിങ്കൽ വയ്ക്കപ്പെട്ട തീക്കൽ പാറയും നീ തന്നെയാകുന്നു.''

www.malankaralibrary.com



'ഈ കർബാന അനുഗ്രഹങ്ങളും സമാധാനവും ബലിയും സ്തോത്രവുമാകുന്നു' എന്നു് ജനങ്ങൾ ഉത്തരമായി പറയുന്നതിന്റെ അർത്ഥം: ദൈവത്തിന്റെ **അനുഗ്രഹം** നമ്മുടെ മേൽ ചൊരിയപ്പെട്ടിരിക്കുന്നു; നമ്മുടെ വർഗത്തിനുവേണ്ടി അർപ്പിക്കപ്പെട്ട ബലിയും അതുവഴിയുള്ള മോചനവുമാണു് ഈ അനുഗ്രഹം; ഈ ബലി സ്വർഗീയരെയും, ഭൗമികരെയും, സ്വജനത്തെയും ജാതികളെയും, ആത്മാവിനെയും ശരീരത്തെയും തമ്മിൽ രമ്യപ്പെടുത്തിയതിനാൽ ഇതു് **സമാധാനം** ആകുന്നു. ഇതു് **സ്തോത്രം** ആകുന്നു: ക്രിസ്തു മാളികമുറിയിൽവച്ചു് സ്തോത്രാർപ്പണം നടത്തി ശിഷ്യന്മാർക്കു് കൊടുത്തപ്പോൾ നമുക്കുവേണ്ടിയാണു് അവിടുന്നു് കൃതജ്ഞതാപ്രകടനം നടത്തിയതു്. 'നാം സ്വീകരിക്കുന്ന അനുഗ്രഹത്തിന്റെ അപ്പവും, സ്തോത്രാർപ്പണത്തിന്റെ കാസായും' എന്നു് പൗലോസു് പറയുന്നതു് ഇതേപ്പററിയാണു് (1 കൊറി. 10:16). ഇവിടെ കർബാനയുടെ ഒന്നാംഭാഗം അവസാനിക്കുന്നു.

# രണ്ടാം ഭാഗം

## ഒന്നാമത്തെ ആശീർവാദം

''പിതാവായ ദൈവത്തിന്റെ സ്നേഹവും ഏകജാതന്റെ കൃപയും ജീവനുള്ള പരിശുദ്ധാത്മാവിന്റെ സംസർഗ്ഗവും ആവാസവും നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ'' എന്നു് പറഞ്ഞുകൊണ്ടു് വൈദികൻ രണ്ടാംഭാഗം ആരംഭിക്കുന്നു. ജനങ്ങളുടെ സാന്നിദ്ധ്യം ശുദ്ധവും കറമററതും ആകുന്നതിനു് മൂന്നു പ്രാവശ്യം കുരിശാകൃതിയിൽ റൂശ്മാ ചെയ്തുകൊണ്ടു് വിശുദ്ധ ത്രിത്വത്തിനു് അദ്ദേഹം അവരെ സമർപ്പിക്കുന്നു. 'പിതാവായ ദൈവത്തിന്റെ സ്നേഹം' എന്നു് പറയുന്നതു വഴി, ശ്ലീഹാ പ്രസ്താവിക്കുന്നതുപോലെ ''ദൈവം നമുക്കുവേണ്ടി സ്നേഹംമൂലം തന്റെ പുത്രനെ മരണത്തിനു കയ്യാളിച്ചു'' എന്നതു് വ്യക്തമാക്കുന്നു. ''ഏകജാതന്റെ കൃപ'' എന്നു പറയുന്നതു വഴി, തന്റെ കൃപയാലാണു്, മനുഷ്യരുടെ യോഗ്യത കൊണ്ടല്ല, പുത്രൻ മരണം ആസ്വദിച്ചതു് എന്നു് സ്പഷ്ടമാക്കുന്നു. 'പരിശുദ്ധാത്മാവിന്റെ സംസർഗ്ഗവും ആവാസവും എന്നു പറയുന്നതുവഴി, പരിശുദ്ധാത്മാവിന്റെ ആവാസം വഴിയാണു് ബലികൾ പൂർണ്ണമാകുന്നതും സ്വീകരിക്കപ്പെടുന്നതും എന്നു് അവൻ പ്രഖ്യാപിക്കുന്നു. 'പിതാവായ ദൈവത്തിന്റെ സ്നേഹം' എന്നു പറഞ്ഞുകഴിഞ്ഞു് വൈദികൻ നിർത്തുകയും ജനം 'ആമ്മീൻ' എന്നു് പറയുകയും ചെയ്യുന്നതു് ശരിയല്ല. കാരണം, ഇതൊരു പ്രാർത്ഥനയല്ല; പിന്നെയോ, ദൈവം സ്നേഹംമൂലം തന്റെ പുത്രനെ നമുക്കുവേണ്ടി തന്നു എന്ന പ്രഖ്യാപനമാണു്.

### അനാഫൊറ

'നാമെല്ലാവരുടെയും ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും ........മഹോന്നതങ്ങളിൽ ആയിരിക്കണം, എന്നതിനെക്കുറിച്ചു്: ഈ സമയം വിശുദ്ധരഹസ്യങ്ങൾ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. സ്വർഗ്ഗവാതിൽ തുറക്കപ്പെട്ടിരിക്കുന്നു. ദിവ്യ രഹസ്യങ്ങളെ ബഹുമാനിക്കാനായി സ്വർഗ്ഗീയ സൈന്യങ്ങളും നീതിമാന്മാരുടെ ആത്മാക്കളും സമാഗതരായിരിക്കുന്നു. നമ്മുടെ ബോധങ്ങളും വിചാരങ്ങളും താഴെ ഭൗമികകാര്യങ്ങളിലല്ല, മഹോന്നതങ്ങളിൽ ആയിരിക്കട്ടെ.

www.malankaralibrary.com



'അവ നമ്മുടെ ദൈവമായ കർത്താവിങ്കൽ നമുക്കുണ്ട്' എന്ന് ചിലർ പ്രത്യുത്തരിക്കുന്നു. 'നാം ദൈവമായ കർത്താവിങ്കലാകുന്നു' എന്ന് മററ് ചിലർ പറയുന്നു. ഇതു രണ്ടും ശരിയല്ല. ഒന്നാമത്തേതു് ശരിയല്ല: കാരണം, 'അവ നമ്മുടെ ദൈവമായ കർത്താവിങ്കൽ നമുക്കുണ്ട്' എന്ന് ജനം പ്രത്യുത്തരം ചെയ്യത്തക്കവിധം 'അവ കർത്താവിങ്കൽ നമുക്കുണ്ട്' എന്നോ 'ആയിരിക്കട്ടെ' എന്നോ അവൻ പറഞ്ഞാൽ 'നമ്മുടെ ദൈവമായ കർത്താവിങ്കൽ അവ നമുക്കുണ്ട്' എന്ന പ്രത്യുത്തരം ശരിയാണ്. 'നമ്മുടെ ദൈവമായ കർത്താവിങ്കൽ അവ നമുക്കുണ്ട്' എന്നും 'അവ ദൈവമായ കർത്താവിങ്കലായിരിക്കട്ടെ' എന്നും വൈദികൻ ജനങ്ങളോട് പറയുന്നില്ല. രണ്ടാമത്തേതും ശരിയല്ല. കാരണം, 'നമുക്ക് കർത്താവിങ്കലായിരിക്കാം' എന്ന് വൈദികൻ പറയുന്നില്ല. അപ്രകാരം അവൻ പറഞ്ഞാൽ ജനങ്ങൾക്ക് പറയാം: 'നാം നമ്മുടെ ദൈവമായ കർത്താവിങ്കലാകുന്നു.' അതുകൊണ്ട് ഈ രണ്ട് പ്രത്യുത്തരവും ശരിയല്ല. 'നാമെല്ലാവരുടേയും ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും മഹോന്നതങ്ങളിലായിരിക്കട്ടെ' എന്ന് വൈദികൻ പറയുന്നു. 'അവ നമ്മുടെ ദൈവമായ കർത്താവിങ്കലാകുന്നു' എന്ന് അവർ പ്രത്യുത്തരിക്കുന്നതാണ് ശരിയായിട്ടുള്ളതു്.[17]

'അവ നമ്മുടെ ദൈവമായ കർത്താവിങ്കൽ നമുക്കുണ്ട്' എന്നു ചിലർ പറയുന്നതിന്റെ അത്ഥമെന്തെന്ന് നോക്കാം. i) നമ്മുടെ പിതാവായ ദൈവം 'നമ്മോടുകൂടെയുണ്ട്'; അവിടുത്തെ കരുണ നമ്മുടെമേൽ ഉണ്ട്. ii) അവിടുത്തോടുകൂടെ പുത്രന്റെ മനുഷ്യാവതാരവും നമുക്കുണ്ട്; അതുവഴി അവിടുന്ന് നമ്മെ വീണ്ടെടുത്തു. iii) അവനോടുകൂടെ പരിശുദ്ധാത്മാവിയുടെ മുദ്രയും നമുക്കുണ്ട്. സ്നാനത്തിലൂടെ ലഭ്യമാകുന്ന പുത്രസ്വീകാര്യത്തിൽ അവൻവഴി നാം എഴുതപ്പെട്ടിരിക്കുന്നു. 'നിങ്ങളുടെ നാമം സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നതിനാൽ ആനന്ദിക്കുവിൻ' (ലൂക്കാ. 10:20) എന്നുണ്ടല്ലോ.

'ഭയത്തോടുകൂടെ കർത്താവിന് നമുക്ക് സ്തോത്രം നല്കാം' എന്നതിനെപ്പററി: 'ഭയത്തോടുകൂടെ കർത്താവിന് സ്തോത്രം നല്കാം' എന്ന് വൈദികൻ അനുശാസിക്കുന്നതു് എന്തുകൊണ്ടാണ്? അതിന് മൂന്നു കാരണങ്ങൾ ഉണ്ട്. 1) മറയ്ക്കപ്പെട്ടിരുന്ന ദിവ്യരഹസ്യങ്ങൾ ഇപ്പോൾ വെളിവാക്കപ്പെട്ടിരിക്കുന്നു. 2) മാലാഖാമാർ ഇറങ്ങിവന്ന് ദിവ്യരഹസ്യങ്ങൾക്ക് ചുററും നില്ക്കുന്നു. 3) അവിടുന്ന് നമുക്ക് ഈ വലിയ ദാനം നല്കിയിരിക്കുന്നു.

'അതു് ന്യായവും യുക്തവും ആകുന്നു' എന്നു ജനങ്ങൾ പ്രത്യുത്തരിക്കുന്നു. അതായതു്, അങ്ങുന്ന് പറഞ്ഞതുപോലെ, 'ഭയത്തോടുകൂടെ കർത്താവിന് സ്തോത്രം നല്കുന്നതു് യുക്തവും ന്യായവും ആകുന്നു.' താനും സമൂഹവും ഒത്തുചേർന്ന് ഒരു സമൂഹമായി തീർന്ന എന്ന് കാണുന്ന വൈദികൻ, അവരുടെ അംഗീകാരം സ്വീകരിച്ചുകൊണ്ട് അവക്കുവേണ്ടി ഈ ബലി അർപ്പിക്കാനായി തല കുനിക്കുന്നു. രഹസ്യത്തിൽ കർത്താവിനെ

---

17 ജനം: ഞങ്ങളുടെ ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും ദൈവമായ കർത്താവിങ്കൽ ആയിരിക്കുന്നു,

www.malankaralibrary.com



സ്തോത്രം ചെയ്തുകൊണ്ട് അദ്ദേഹം പറയുന്നു: 'നിന്നെ ഞങ്ങൾ മഹത്വപ്പെടുത്തുന്നതും വാഴ്ത്തുന്നതും തികച്ചും യുക്തവും ന്യായവുമാകുന്നു' എന്നിങ്ങനെ. കർബാനയുടെ ആരംഭമിതത്രേ. ഈ അവസരം മുതൽ പുരോഹിതൻ ബലിയർപ്പിക്കാൻ തുടങ്ങുന്നു.

പുരോഹിതൻ നിവന്ന് നിന്ന് ഉയന്ന സ്വരത്തിൽ ''ആകാശം ആരെ മഹത്വപ്പെടുത്തുന്നുവോ'' .... എന്നതിനെപ്പററി: അതായത് ആരാണോ സ്തുതിക്കു അർഹനായിരിക്കുന്നത്, ആക്കാണോ മഹത്വം ഉചിതമായിരിക്കുന്നത്, ആ ആളിന് ദൃശ്യവും, അദൃശ്യവും, ശാരീരികവും, ആത്മികവുമായ ഈ സൃഷ്ടി മുഴുവൻ മഹത്വം കരേററുന്നു. സ്രാപ്പേന്മാർക്ക് ആറു ചിറകുകൾ ഉണ്ടെന്ന് പറയുന്നതിനെപ്പററിയും, ''രണ്ടു ചിറകുകൾകൊണ്ട് അവർ മുഖം മൂടുകയും, മററു രണ്ടു ചിറകുകൾകൊണ്ട് പാദം മൂടുകയും, ശേഷിച്ച രണ്ടുകൊണ്ട് പറക്കുകയും ചെയ്തു 'ശാബതിന്റെ കർത്താവ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ' എന്ന സ്തുതിഗീതം പാടുന്നതിനെ'' പ്പററിയും:

ഒരു വ്യാഖ്യാനം: മുഖം മൂടുന്നതുവഴി ദൈവം നിത്യനാണെന്നും, ആരംഭരഹിതനാണെന്നും അവർ സൂചിപ്പിക്കുന്നു. അവർ തങ്ങളുടെ പാദങ്ങൾ മൂടുന്നതുവഴി ദൈവം അവസാനമില്ലാത്തവനും, അതിർത്തിയില്ലാത്തവനുമാണെന്ന് കാണിക്കുന്നു. ആരംഭവും, അന്ത്യവുമില്ലാത്തവൻ എല്ലാവരിൽ നിന്നും സ്തുതിക്കർഹനാണെന്ന് ഇരുചിറകുകൾ കൊണ്ടുള്ള പറക്കലും സ്തുതിപ്പും സൂചിപ്പിക്കുന്നു, മൂന്നു പ്രാവശ്യം ''പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ'' എന്നു പാടുന്നതു് ആരംഭവും അവസാനവുമില്ലാത്ത ഈ ദൈവം മൂന്ന് ആളുകളാണെന്ന് സൂചിപ്പിക്കുന്നു. ''കർത്താവ്'' എന്നു പറയുന്നതുവഴി ഈ മൂന്ന് ആളുകൾക്കും ഒരേ സ്വഭാവവും, ഒരേ കർത്തൃത്വവുമാണെന്ന് കാണിക്കുന്നു. ''സർവ്വശക്തൻ'' എന്നു് പറയുന്നതുവഴി തന്റെ മഹോന്നതശക്തി ഈ പ്രപഞ്ചത്തെ ഉണ്മയിലേക്ക് കൊണ്ടുവന്നെന്നും, അതിനെ തന്റെ പരിപാലനയാൽ താങ്ങിനിർത്തുന്നെന്നും, സംരക്ഷിക്കുന്നെന്നും സൂചിപ്പിക്കുന്നു. ''ശാബതു്'' എന്ന് പറയുന്നതുവഴി അവിടുന്ന് സൈന്യങ്ങളുടെ കർത്താവാകുന്നുവെന്ന് സൂചിപ്പിക്കുന്നു. കാരണം എബ്രായക്കാർ ''ശാബതു'', ''സൈന്യങ്ങൾ'' എന്ന് വ്യാഖ്യാനിക്കുന്നു. അപ്പോൾ ''സൈന്യങ്ങളുടെ സർവ്വശക്തനായ കർത്താവ്'' എന്നത്രേ സ്രാപ്പേന്മാർ പാടുന്നതു്.

മറെറാരു വ്യാഖ്യാനം: വി. ത്രിത്വത്തിൽ ഒരുവനും, മനുഷ്യനായി അവതരിക്കേണ്ടവനുമായ പുത്രനെ ഉന്നത സിംഹാസനത്തിലിരിക്കുന്നവനും സ്രാപ്പേന്മാരാൽ ചുററപ്പെട്ടവനുമായി ഏശയ്യാ ദർശിച്ചു ഇത്യാദി (ഏശ. 6:12). അവർ തങ്ങളുടെ മുഖം മൂടുന്നതുവഴി തന്റെ നിത്യത അഗ്രാഹ്യമാണെന്ന് സൂചിപ്പിക്കുന്നു. പാദം മൂടുന്നതുവഴി തന്റെ മനുഷ്യാവതാരം അപരിമേയമാണെന്ന് കാണിക്കുന്നു. രണ്ടു ചിറകുകൾ കൊണ്ട് പറക്കുന്നതു് അവർ അവനെ നിരന്തരം പുകഴ്ത്തി ശുദ്ധീകരിക്കുന്നതിനെ സൂചിപ്പിക്കുന്നു. ''പരിശുദ്ധൻ'' എന്ന് അവർ മൂന്നു പ്രാവശ്യം പ്രഘോഷിക്കുന്നതു് അവിടുന്ന് മൂന്നു വിശുദ്ധ ആളുകളിൽ ഒരാളാണെന്ന് പ്രഖ്യാപിക്കുന്നു. ''കർത്താവ്'' എന്നു് പറയുന്നതുവഴി അവിടുന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടും സത്തയിൽ തുല്യനാണെന്ന് അവർ വെളിപ്പെടുത്തുന്നു. ''സർവ്വശക്തൻ'' എന്നു് പറയുന്നതുവഴി ദൈവമെന്ന അവസ്ഥയ്ക്കു വ്യത്യാസം കൂടാതെ അവൻ മനുഷ്യനായി തീർന്നെന്നും, മരണത്തേയും, സാത്താനേയും കീഴടക്കിയെന്നും, മനു

www.malankaralibrary.com



ഷ്യകുലത്തെ വീണ്ടെടുത്തെന്നും അവർ പ്രഘോഷിക്കുന്നു. അവിടുന്ന് ഇതെല്ലാം തന്റെ ദൈവികശക്തിയാലാണ് പ്രവർത്തിച്ചത്.

വേറൊരു വ്യാഖ്യാനം: സ്രാപ്പേന്മാർ ശ്രേഷ്ഠരാണെങ്കിലും, അനുവദിക്കപ്പെട്ടതിനപ്പുറം അപഗ്രഥിക്കുവാൻ തുനിയുന്നില്ല എന്ന് കാണിക്കുന്നതിനാണ് മുഖം മൂടുന്നത്. നിങ്ങൾക്കു നിഗൂഢമായവ അന്വേഷിക്കേണ്ട'' എന്ന് വിജ്ഞാനി പറയുന്നതുപോലെ, പാദം മൂടുന്നതുവഴി അപരിമേയമായ ദൈവത്തിന്റെ വിധികളുടെ ആഴം അളക്കുവാൻ തുനിയുന്നില്ലെന്ന് അവർ സൂചിപ്പിക്കുന്നു. ‘‘നിനക്ക് ഏററം ആഴമേറിയവ നീ പരിശോധനാവിധേയമാക്കേണ്ട'' എന്ന് എഴുതപ്പെട്ടിരിക്കുന്നതുപോലെ ‘ദൈവം കൊടുത്തിരിക്കുന്ന സംഗതികളെ സംബന്ധിച്ച് അവർ ക്രമം പാലിക്കുന്നു; സ്രഷ്ടാവായ ദൈവം അവക്ക് നിശ്ചയിച്ചിരിക്കുന്ന നിയമം അവർ ലംഘിക്കുന്നില്ല. പിശാചാകട്ടെ ലംഘിക്കുകയും നിയമത്തെ നിന്ദിക്കയും ചെയ്യുന്നു' എന്ന് കാണിക്കുവാൻ ഇടയുള്ള രണ്ടു ചിറകുകൾകൊണ്ട് അവർ പറക്കുന്നു.

ജനങ്ങൾ ഉത്തരമായി പറയുന്നു: ‘‘തന്റെ മഹത്വത്താൽ ആകാശവും, ഭൂമിയും നിറഞ്ഞിരിക്കുന്ന സർവ്വശക്തനായ കർത്താവ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; ഉയരങ്ങളിൽ ഓശാന. കർത്താവിന്റെ തിരുനാമത്തിൽ വന്നവനും, വരുവാനിരിക്കുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ഉയരങ്ങളിൽ ഓശാന.'' അതായത്, സ്രാപ്പേന്മാർ അവിടുത്തെ വിശുദ്ധീകരിക്കയും മഹത്വപ്പെടുത്തുകയും ചെയ്യുന്നവെന്ന് ഞാൻ പറഞ്ഞതുപോലെ, താഴെ പറയുന്ന കാരണങ്ങളാൽ അവിടുന്ന് സർവ്വശക്തനായ കർത്താവാണ്: 1) അവിടുന്ന് പ്രപഞ്ചത്തെ ഉണ്മയിലേക്ക് കൊണ്ടുവന്നതിനാൽ. 2) അത് നശിക്കാതിരിക്കുവാൻ തന്റെ സംരക്ഷണയാൽ അതിനെ താങ്ങുകയും പരിപാലിക്കുകയും ചെയ്യുന്നതിനാൽ. 3) ദൈവമെന്ന സ്ഥിതിക്ക് മാററം സംഭവിക്കാതെ മനുഷ്യനായി തീർന്നതിനാൽ. 4) അവിടുന്ന് പാപത്തേയും, മരണത്തേയും, സാത്താനേയും കീഴടക്കി അവയിൽ നിന്ന് നമ്മെ രക്ഷിച്ചതിനാൽ. 5) നമ്മുടെ ബലഹീന ശരീരം എടുത്ത് അവതരിച്ചുവെങ്കിലും, തന്റെ ദൈവത്വത്തിൽ അവിടുന്ന് സർവ്വശക്തനാകുന്നു എന്നതിനാൽ.

‘‘തന്റെ മഹത്വത്താൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന'' അതായത്, സ്വർഗ്ഗീയവും ഭൗമികവുമായ എല്ലാ ജീവികളും സ്തുതിക്കുന്നവന് ‘‘അത്യുന്നതങ്ങളിൽ ഓശാന''. ‘‘ഓശാന'' എന്നത് ഒരു ഹീബ്രു പദമാണ്. ഗ്രീക്കുകാരും, സുറിയാനിക്കാരും പ്രസ്തുത ഭാഷയിൽ നിന്നെടുത്തു. എബ്രായർ ‘‘ഹോശാന'' എന്നാണ് ഉച്ചരിക്കുന്നത്. ഗ്രീക്കുകാരാകട്ടെ, ‘‘ഒസ്സാന്ന'' എന്നും, സുറിയാനിക്കാരു ‘‘ഓശാന'' എന്നും ഉച്ചരിക്കുന്നു. എബ്രായഭാഷയിൽ ഹോശാന, ‘‘രക്ഷ'' എന്നാണ് വ്യാഖ്യാനിക്കപ്പെടുന്നത്. ഗ്രീക്കിലാകട്ടെ ‘‘മഹത്വം'' എന്നും. അത് രണ്ടും ശരിയുമാണ്. കാരണം, യേശു രക്ഷകനും മഹത്വത്തിന്റെ കർത്താവുമാകുന്നു. അവൻ രക്ഷകനാണ് എന്നതിന് ഗബ്രിയേൽ മാലാഖ സാക്ഷിയാണ്. അവൻ യൗസേപ്പിനോട് പറഞ്ഞു: ‘‘അവിടുന്ന് തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിക്കും'' (മത്താ. 1:21). അവിടുന്ന് നമ്മെ പാപത്തിൽ നിന്നും മരണത്തിൽനിന്നും, പിശാചിൽനിന്നും രക്ഷിച്ചു. ‘അവിടുന്ന് മഹത്വത്തിന്റെ കർത്താവാകുന്നു'വെന്ന് പൗലോസും സാക്ഷിക്കുന്നു.

www.malankaralibrary.com



അവൻ പറഞ്ഞു: 'അവർ അറിഞ്ഞിരുന്നുവെങ്കിൽ മഹത്ത്വത്തിന്റെ കർത്താവിനെ ക്രൂശിക്കുകയില്ലായിരുന്നു' (1 കൊറി 2:8). ഓശാനയെ സംബന്ധിച്ച് ഭാഗ്യവാനായ മത്തായിയുടെ സുവിശേഷത്തിന്റെ ഭാഷ്യത്തിലും, ഓശാനയെപ്പററിയുള്ള നമ്മുടെ കൃതിയിലും, നാം വിസ്തരിച്ച് പ്രതിപാദിച്ചിട്ടുണ്ട്. ജനങ്ങൾ ഇപ്രകാരം ഉത്തരമായി പറയുന്നു: ഞങ്ങൾക്കുവേണ്ടി അവതരിക്കുകയും, ഞങ്ങളെ രക്ഷിക്കുകയും ചെയ്ത പുത്രന് സ്തുതി.

''കർത്താവിന്റെ നാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനുമായവൻ വാഴ്ത്തപ്പെട്ടവനാകുന്നു.'' അതായത്, ''അവിടുന്നു വന്നു.'' തന്റെ ആദ്യത്തെ വരവിൽ അവിടുന്ന് നമ്മെ രക്ഷിച്ചു. ''അവിടുന്ന് വീണ്ടും വരുവാനിരിക്കുന്നു.'' തന്റെ രണ്ടാമത്തെ വരവിൽ എല്ലാവരെയും വിധിക്കുകയും, പ്രതിഫലം നല്കുകയും ചെയ്യുവാൻതന്നെ. ''കർത്താവിന്റെ നാമത്തിൽ'': അവിടുന്ന് തന്നെ പറഞ്ഞതുപോലെ ആദ്യത്തെ വരവിൽ അവിടുന്ന് തന്റെ പിതാവായ കർത്താവിന്റെ നാമത്തിൽ വന്നു തന്റെ രണ്ടാമത്തെ വരവിലും അവിടുന്ന് തന്റെ പിതാവിന്റെ നാമത്തിൽ വരും. സ്വഭാവത്തിൽ കുറഞ്ഞവനായിട്ടോ, വ്യത്യസ്ത സ്വഭാവത്തിലോ അല്ല; പ്രത്യുത പൂർണ്ണവും സത്തയിൽ പിതാവിന് തുല്യനുമായിട്ടത്രേ. അവിടുന്ന് തന്നെ പറഞ്ഞു: 'ഞാനും എന്റെ പിതാവും ഒന്നാകുന്നു' (യോഹ. 10:30); 'എന്റെ പിതാവിനുള്ളതെല്ലാം എനിക്കുള്ളതാകുന്നു' (യോഹ. 16:15); 'എന്നെ കാണുന്നവൻ പിതാവിനേയും കാണുന്നു' (യോഹ. 14:9).

'അവിടുന്ന് സത്യമായും പരിശുദ്ധനാകുന്നു'. എന്നിങ്ങനെ പറഞ്ഞുകൊണ്ട് വൈദികൻ താഴെ വന്നണയുന്നതിനെപ്പററി: അതായത്, ത്രിത്വത്തെ 'വിശുദ്ധീകരിച്ചുകൊണ്ട്' സ്രാപ്പേന്മാർ പറയുന്നത് അവൻ അംഗീകരിക്കുന്നു എന്ന് സാരം. വൈദികൻ വീണ്ടും ഉത്തരമായി പറയുന്നു: 'പിതാവേ, നീ പരിശുദ്ധനാകുന്നു. പുത്രാ, നീ പരിശുദ്ധനാകുന്നു, പരിശുദ്ധാത്മാവേ, നീ പരിശുദ്ധനാകുന്നു'. എന്നാൽ പുരോഹിതൻ അതിനുശേഷം പിതാവിനെ അഭിസംബോധന ചെയ്യുന്നു. നമുക്കുവേണ്ടിയുള്ള പുത്രന്റെ വ്യാപാരത്തെ സംബന്ധിച്ച് വിവരണരീതിയിലാണ് അദ്ദേഹം പ്രതിപാദിക്കുന്നത്.[18] അങ്ങനെ ചർച്ച ചെയ്തതിനുശേഷം നേരെ നിവർന്നുനിന്ന് മാളികമുറിയിൽ അത്താഴസമയത്ത് രഹസ്യത്തിൽ നടന്ന സംഗതികളെപ്പററി സംസാരിക്കുന്നു.

---

18 'മനുഷ്യനെ മണ്ണിൽനിന്ന് നീ സൃഷ്ടിച്ച് പറുദീസായിലാക്കി. അവൻ നിന്റെ കല്പന ലംഘിച്ചുവെങ്കിലും, നശിച്ചുപോകുന്നതിന് അവനെ നീ അനുവദിച്ചില്ല. പിന്നെയോ ദീർഘദർശിമാർ മുഖേന അവന് നീ മാർഗ്ഗദർശനം നല്കി. അവസാനം നിന്റെ ഏകപുത്രനെത്തന്നെ നീ ലോകത്തിലേക്കയയ്ക്കുകയും അവൻ പരിശുദ്ധാത്മാവിനാൽ കന്യകമറിയാമിൽനിന്ന് മനുഷ്യാവതാരം ചെയ്ത് ക്ഷയിച്ചുപോയിരുന്ന നിന്റെ സാദൃശ്യത്തെ നവീകരിക്കുകയും ചെയ്തു.'

www.malankaralibrary.com



## സ്ഥാപന വചനങ്ങൾ [19]

'അവിടുന്ന്' തിരുവിഷ്ടപ്രകാരം മരണം കൈവരിക്കുവാൻ ഒരുങ്ങിയപ്പോൾ തന്റെ പരിശുദ്ധമായ കൈകളിൽ അപ്പമെടുത്ത് സ്തോത്രം ചെയ്തു; ആശീർവദിച്ച്, ശുദ്ധീകരിച്ച് മുറിച്ചു.' അതായത്, 'അവിടുന്ന് അപ്പമെടുത്തു' എന്നതുവഴി കന്യകയിൽനിന്ന് ശരീരമെടുത്തു എന്ന് പ്രഖ്യാപിക്കയാണ്. എന്നാൽ അതു് 'പിതാവിനെ കാണിച്ചു' എന്നതുവഴി രണ്ടു കാര്യങ്ങളാണ് പ്രഖ്യാപിക്കുന്നത്. i) തന്റേതന്നെ ഒരു കാര്യത്തിനെന്നവണ്ണം അവിടുന്ന് സംസാരിക്കുന്നു. ii) അവിടുന്ന് പിതാവിനെതിരല്ല എന്ന് വ്യക്തമാക്കുന്നു; ക്രിസ്തുവിനെ സംബന്ധിച്ച് യൂദന്മാർ ജല്പിച്ചിരുന്നതുപോലെയല്ല. 'അവിടുന്ന് സ്തോത്രം ചെയ്തു' എന്നതു വഴി നമ്മോട് രണ്ടുകാര്യങ്ങൾ പ്രഖ്യാപിക്കുന്നു. i) പൗലോസ് പറയുന്നതുപോലെ നമുക്കുവേണ്ടിയുള്ള തന്റെ വ്യാപാരത്തെപ്രതി അവിടുന്ന് പിതാവിന് സ്തോത്രം നല്കി. ii) അവിടുന്ന് പിതാവിന്റെ ഇച്ഛയോട് യോജിക്കുന്നു; സ്തോത്രാർപ്പണം അംഗീകാരമാണല്ലോ. 'പിതാവേ, മനുഷ്യകുലത്തിനുവേണ്ടി ഞാൻ സഹിക്കുകയും, മരിക്കുകയും ചെയ്യണമെന്നുള്ള നിന്റെ തിരുവിഷ്ടത്തോട് ഞാൻ യോജിക്കുന്നു' എന്നു പറയുന്നതിന് തുല്യമാണത്. 'ആശീർവ്വദിച്ചു' എന്നതുവഴി താഴെ പറയുന്നവ വെളിപ്പെടുത്തുന്നു: i) നമ്മുടെ വർഗ്ഗത്തിന്റെ അനുസരണക്കേടുമൂലമുള്ള ശാപം നീക്കി ആശീർവ്വദിച്ചു. 'സ്ത്രീകളിൽ നീ ഭാഗ്യവതി, നിന്റെ ഉദരഫലവും വാഴ്ത്തപ്പെട്ടതു്' (ലൂക്കാ. 1:42) എന്ന് കന്യകയോട് ഏലീശ്വാ പറഞ്ഞതുപോലെയാണിത്. ii) ആശീർവ്വദിക്കുന്ന പിതാവിനേക്കാൾ സ്വഭാവത്തിൽ താൻ കുറഞ്ഞവനല്ലെന്നും, താനും ആശീർവ്വദിക്കുന്നവനാണെന്നും ഇതു് കാണിക്കുന്നു. 'ശുദ്ധീകരിച്ചു' എന്നതുവഴി രണ്ട് കാര്യങ്ങൾ വിളംബരം ചെയ്യുന്നു. i) നമ്മെ അവിടുന്ന് പാപത്തിൽ നിന്ന് ശുദ്ധീകരിച്ചു. 'ഇതാ ലോകത്തിന്റെ പാപം വഹിക്കുന്ന ദൈവകുഞ്ഞാട്' (യോഹ. 1:29) എന്നുണ്ടല്ലോ. ii) 'അവർക്കുവേണ്ടി ഞാൻ സ്വയം ശുദ്ധീകരിക്കുന്നു' (യോഹ. 17:19) എന്ന് അവിടുന്ന് അരുൾചെയ്തതുപോലെ നമുക്കുവേണ്ടി അവിടുന്ന് സ്വയം ശുദ്ധീകരിച്ചു. 'മുറിച്ചു' എന്നതുവഴി തന്റെ പീഡാസഹനം, ക്രൂശാരോഹണം, കൊല, കുന്തംകൊണ്ടുള്ള കുത്തിത്തുളയ്ക്കൽ, തന്റെ മരണം എന്നിവ അവിടുന്ന് നമ്മെ പഠിപ്പിച്ചു. ഈ അവസരം പുരോഹിതൻ കാഴ്ചയപ്പം അല്പം മുറിക്കുന്നു. എന്നാൽ പരസ്പരം വേർ

19 'പാപമില്ലാത്തവനായ താൻ പാപികളായ ഞങ്ങൾക്കുവേണ്ടി തിരുവിഷ്ടപ്രകാരം മരണം കൈവരിക്കുവാൻ ഒരുങ്ങിയപ്പോൾ ലോകത്തിന്റെ ജീവനും രക്ഷയ്ക്കുംവേണ്ടി അവൻ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ നിഷ്കളങ്കവും നിർമ്മലവും പരിശുദ്ധവുമായ കൈകളിൽ അപ്പമെടുത്ത് പിതാവായ ദൈവമേ, നിന്നെ കാണിച്ച് സ്തോത്രം ചെയ്തു; വാഴ്ത്തി ശുദ്ധീകരിച്ച്, മുറിച്ച് ശിഷ്യന്മാർക്ക് നല്കിക്കൊണ്ട് അരുൾചെയ്തു: വാങ്ങി ഭക്ഷിക്കുവിൻ; ഇതു് എന്റെ ശരീരമാകുന്നു; നിങ്ങൾക്കായും അനേകർക്കായും ഇതു് മുറിക്കപ്പെടുകയും പാപമോചനത്തിനും നിത്യജീവനുംവേണ്ടി നല്കപ്പെടുകയും ചെയ്യുന്നു.'

www.malankaralibrary.com



പെടുത്തുന്നില്ല. അതിന്റെ അർത്ഥവും അറിയുന്നതു് യുക്തമാണു്. കുരിശിൽവച്ചു് ക്രിസ്തു മുറിക്കപ്പെടുകയും കൊല്ലപ്പെടുകയും, തന്റെ ശരീരത്തിൽനിന്നു് തന്റെ ആത്മാവു് വേർപെടുത്തപ്പെടുകയും ചെയ്തുവെങ്കിലും തന്റെ ദൈവത്വം ആത്മാവിൽനിന്നോ ശരീരത്തിൽനിന്നോ വേർപിരിഞ്ഞില്ല. പ്രത്യുത, തന്റെ ആത്മാവോടും, തന്റെ ശരീരത്തോടും സ്വഭാവത്തിലും വ്യക്തിത്വത്തിലും യോജിച്ചിരുന്നു എന്നു് ഈ കർമ്മം സൂചിപ്പിക്കുകയും, പ്രഖ്യാപിക്കുകയും ചെയ്യുന്നു. ഇക്കാരണത്താൽ ഈ അവസരം കാഴ്ചയപ്പം മുറിക്കുമ്പോൾ രണ്ടായി പിളർന്നു പോകാതെ മേൽപറയപ്പെട്ട രീതിയിൽ മുറിക്കുന്നതിനു് വൈദികർ ശ്രദ്ധിക്കണം. മുറിക്കുന്നതുവഴി ക്രിസ്തുവിന്റെ ആത്മാവു് അവിടുത്തെ ശരീരത്തിൽനിന്നു് വേർപിരിഞ്ഞു എന്നു് അവർ സൂചിപ്പിക്കുന്നു. രണ്ടു് കഷണങ്ങളായി വേർതിരിക്കാത്തതു വഴി തന്റെ ദൈവത്വം ആത്മാവിൽനിന്നോ, ശരീരത്തിൽനിന്നോ വേർപിരിഞ്ഞില്ല എന്നു് കാണിക്കുന്നു.

'തന്റെ ശിഷ്യന്മാർക്കു് നല്കികൊണ്ടു് അരുളിചെയ്തു: എടുത്തു് ഇതിൽനിന്നു് ഭക്ഷിക്കുവിൻ'. അതായതു്, ശിഷ്യന്മാർ സംശയം കൂടാതെ ആ ശരീരത്തിൽനിന്നു് ഭക്ഷിച്ചു. കർത്താവുതന്നെ അതിൽനിന്നും ഭക്ഷിച്ചുവോ, ഇല്ലയോ എന്നന്വേഷിക്കുന്നതു് ഉചിതമായിരിക്കും. തന്റെ ശരീരത്തിൽനിന്നു് അവിടുന്നു് ഭക്ഷിക്കുകയും, തന്റെ രക്തത്തിൽനിന്നു് അവിടുന്നു് കുടിക്കുകയും ചെയ്തെന്നു് നാം അഭിപ്രായപ്പെടുന്നു. അവിടുന്നു് അരുളിചെയ്തതിൽ നിന്നു് ഇതു് വ്യക്തവുമാണു്. 'ദൈവരാജ്യത്തിൽ നിങ്ങളോടുകൂടെ ഞാൻ കുടിക്കുന്നതുവരെ മുന്തിരിയുടെ ഈ ഫലത്തിൽനിന്നു് ഞാൻ കുടിക്കുന്നതല്ല' (മത്താ. 26:29; മർക്കോ. 14:25). കൂടാതെ, അവിടുന്നു് രുചിച്ചതിനു ശേഷമാണു് ശിഷ്യന്മാർക്കു് കൊടുത്തതെന്നു് യോഹന്നാൻ[20] പ്രസ്താവിക്കുന്നു. അവിടുന്നു് തന്റെ ശരീരത്തിൽനിന്നു് ഭക്ഷിക്കുകയും രക്തത്തിൽനിന്നു് കുടിക്കുകയും ചെയ്തെന്നു് കുറിയാക്കോസു് പാത്രിയാക്കീസു് പറയുന്നു. 'അവിടുന്നു തന്റെ ശരീരം ഭക്ഷിക്കുകയും, ഭക്ഷിക്കാൻ കൊടുക്കുകയും ചെയ്തു; അവിടുന്നു് തന്റെ രക്തം കുടിക്കുകയും, കുടിക്കുവാൻ കൊടുക്കുകയും ചെയ്തു' എന്നു് മാർ അപ്രേമും സാക്ഷിക്കുന്നു.

'എന്തെന്നാൽ ഇതെന്റെ ശരീരമാകുന്നു'— ക്രിസ്തു എടുത്തു് ആശീർവ്വദിച്ചു് ശുദ്ധീകരിക്കുകയും, തന്റെ ശരീരം എന്നു് വിളിക്കുകയും ചെയ്ത അപ്പം കന്യകയിൽ നിന്നെടുത്ത ശരീരം തന്നെയാണോ, വ്യത്യസ്തം ആണോ എന്നും ആ വീഞ്ഞു് കന്യകയിൽ നിന്നെടുത്ത രക്തം തന്നെയാണോ, മറെറന്തെങ്കിലും ആണോ എന്നും ആരായുന്നതും ഉചിതമായിരിക്കും. അതു കന്യകയിൽ നിന്നെടുത്ത ശരീരവും രക്തവും ആണെന്നാണു് നമ്മുടെ അഭിപ്രായം. അതെങ്ങനെ സാദ്ധ്യമാകും എന്നു് ഒരുപക്ഷേ ആരെങ്കിലും ചോദിച്ചേക്കാം. അവരോടുള്ള നമ്മുടെ മറുപടി ഇതാണു്. ആദിയിൽ ഭൂമിയിൽ നിന്നു് മണ്ണെടുത്തു് ആദാമിന്റെ ശരീരമുണ്ടാക്കിയ ആ വലത്തുകൈ തന്നെ ഈ അപ്പത്തെ മാററി അതിനെ കന്യകയിൽ നിന്നെടുത്ത വചനത്തിന്റെ ശരീരമാക്കി. അതേകരം വീഞ്ഞിനെ മാററി കന്യകയിൽ നിന്നുള്ള രക്തമാക്കിത്തീർത്തു. ഈജിപ്റ്റിൽ

---

20 വി. ജോൺ ക്രിസോസ്തോം

www.malankaralibrary.com



വച്ച് കുഞ്ഞാടിന്റെ ശരീരം സ്വീകരിക്കുകയും എബ്രായക്കാരുടെ രക്ഷയ്ക്കു നിദാനമാക്കുകയും ചെയ്ത പരിശുദ്ധാത്മാവ് ഈ അപ്പത്തെ മാററി വിശുദ്ധ കന്യകയിൽനിന്നുള്ള ശരീരമാക്കിത്തീർത്തു. അവൻ വീഞ്ഞിനേയും മാററി വിശുദ്ധകന്യകയിൽനിന്നുള്ള രക്തമാക്കി പകർത്തി. വൈദികൻ അർപ്പിക്കുന്ന അപ്പവീഞ്ഞുകളെ സംബന്ധിച്ചും ഇങ്ങനെയാണ് മനസ്സിലാക്കുക: കന്യകയുടെ ഉദരത്തിലേക്ക് ഇറങ്ങിവരികയും അവളിൽ നിന്നുള്ള ശരീരത്തെ വചനമായ ദൈവത്തിന്റെ ശരീരവും രക്തവും ആക്കിത്തീർക്കുകയും ചെയ്ത പരിശുദ്ധാത്മാവുതന്നെ മദ്ബഹായിലേക്കിറങ്ങിവരുന്നു. അതിൽ വയ്ക്കപ്പെട്ടിരിക്കുന്ന അപ്പവീഞ്ഞുകളെ വൈദിക ശുശ്രൂഷയും അർപ്പണവും നടത്തുന്ന പുരോഹിതന്റെ കരങ്ങളാൽ അവിടുന്ന് മറിയാമിൽ നിന്നെടുത്ത വചനമായ ദൈവത്തിന്റെ ശരീരവും രക്തവുമാക്കി മാററുന്നു.

ഈജിപ്ത് മുതൽ മാളികമുറിവരെ നൈയാമികവും മോശയ്ക്കടുത്തതുമായ ക്രമീകരണത്താൽ ഈ രഹസ്യം ശരീരത്തിന്റേയും രക്തത്തിന്റേയും സാദൃശ്യത്തിലാണ് പരികർമ്മം ചെയ്യപ്പെട്ടിരുന്നത്; മാളികമുറിമുതൽ ലോകാവസാനംവരെ സാദൃശ്യത്തിലല്ല, സത്യമായി നമ്മുടെ യജമാനനും, രക്ഷകനും, വചനമായ ദൈവവും ആയ ഈശോമിശിഹായുടെ ശരീരവും രക്തവും കൊണ്ടാണ് പരികർമ്മം ചെയ്യപ്പെടുന്നത്. മാളികമുറിയിൽവച്ച് സംഭവിച്ച വലിയ അത്ഭുതം എന്താണെന്ന് മനസ്സിലാക്കുക: അവിടുന്ന് ശ്ലീഹന്മാരോടുകൂടി ഭക്ഷണത്തിനിരിക്കുകയായിരുന്നു. അവിടുന്ന് ജീവനുള്ളവനായിരുന്നു; അവിടുന്ന് സ്വശരീരം ഭക്ഷിക്കുകയും ഭക്ഷിക്കുവാൻ കൊടുക്കുകയും ചെയ്തു. സ്വരക്തം കുടിക്കുകയും കുടിക്കുവാൻ കൊടുക്കുകയും ചെയ്തു. സത്യമായും ഇത് മാനുഷികവിചാരങ്ങളെ അതിലംഘിക്കുന്ന ഒരത്ഭുതമാണ്; മനുഷ്യക്ക് ഇത് അഗ്രാഹ്യമാണ്. എന്തെന്നാൽ അവക്ക് ഗ്രഹിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ ഇത് അത്ഭുതമല്ലാതായിത്തീരുമായിരുന്നു.

നാം ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നത് വചനമായ ദൈവത്തിന്റെ ശരീരവും രക്തവുമാണോ, പാഷണ്ഡികം പറയുന്നതുപോലെ 'മറിയാമിൽ നിന്നുള്ള മനുഷ്യന്റേതാണോ' എന്നന്വേഷിക്കുന്നത് ഇത്തരുണത്തിൽ ഉചിതമായിരിക്കും. വചനമായ ദൈവത്തിന്റെ ശരീരവും രക്തവും ആണ് എന്നത്രേ നമ്മുടെ അഭിപ്രായം. ദിവ്യനായ പൗലോസ് അതിന് സാക്ഷിയാണ്. അവൻ പറയുന്നു: 'കർത്താവിന്റെ ശരീരം ഭക്ഷിക്കുകയും അവിടുത്തെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ'... എന്നിങ്ങനെ. വീണ്ടും അവൻ പറയുന്നു. 'കർത്താവിന്റെ ശരീരത്തേയും രക്തത്തേയും അവൻ വിവേചിച്ചറിയാത്തതിനാൽ' (1കൊറി 11: 27—29). അവൻ അതിനെ കർത്താവിന്റെ ശരീരവും രക്തവും എന്നാണ് വിളിക്കുന്നത്. അല്ലാതെ മനുഷ്യന്റെ എന്നല്ല. അതുകൊണ്ട് നാം മനുഷ്യന്റേതല്ല വചനമായ ദൈവത്തിന്റെ ശരീരവും രക്തവുമാണ് സ്വീകരിക്കുന്നത്.

'നിങ്ങൾക്കുവേണ്ടിയും അനേകർക്കുവേണ്ടിയും മുറിക്കപ്പെടുന്ന'— അതായത് പന്ത്രണ്ട് ശിഷ്യന്മാരേ, ഈ ശരീരം നിങ്ങൾക്കുവേണ്ടി മാത്രം മുറിക്കപ്പെടുന്നതല്ല. പിന്നെയോ, എന്നിൽ വിശ്വസിക്കുന്ന അനേകർക്കുവേണ്ടിക്കൂടിയും ആകുന്നു. 'മുറിക്കപ്പെടുന്നത്' എന്നതിന്റെ അർത്ഥം

www.malankaralibrary.com



'കുരിശിന്മേൽ ബലി അർപ്പിക്കപ്പെട്ട' എന്നാണ്. 'ഇത് പാപങ്ങളുടെ മോചനത്തിനും നിത്യജീവനുമായി നല്കപ്പെട്ടിരിക്കുന്നു.' തന്റെ വിശുദ്ധശരീരം വിശ്വാസികൾക്ക് നല്കപ്പെട്ടിരിക്കുന്നു എന്ന് അവിടുന്ന് പറഞ്ഞതിന് രണ്ട് കാരണങ്ങളുണ്ട്: i) 'ഇത് അവരുടെ പാപങ്ങൾ മോചിക്കുന്നതിനാണ്. ii) 'എന്റെ ശരീരം ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കുമെന്ന് അവിടുന്നൊരിടത്ത് പറഞ്ഞിരിക്കുന്നതുപോലെ (യോഹ. 6:54–58). സ്വർഗ്ഗരാജ്യത്തിൽ അവർക്ക് നിത്യജീവൻ പ്രദാനം ചെയ്യുന്നതിനാണ്. 'നിത്യജീവനുവേണ്ടിയും' എന്നു വൈദികൻ പറയുമ്പോൾ 'ആമ്മീൻ' എന്നു പറയാൻ ഇടം കൊടുക്കുന്നത് ശരിയല്ല എന്ന് അറിഞ്ഞിരിക്കണം. കാരണം ഇതൊരു പ്രാർത്ഥനയോ അപേക്ഷയോ അല്ല. പിന്നെയോ, ഒരു വിവരണമാണ്. വിവരണത്തിനല്ല പ്രാർത്ഥനയ്ക്കാണ് ജനങ്ങൾ 'ആമ്മീൻ' പറയുന്നത്. അതുകൊണ്ട് 'ഞാൻ വരുന്നതുവരെ എന്റെ ഉത്ഥാനത്തെ നിങ്ങൾ ഏററുപറയുവിൻ' എന്നതുവരെ പുരോഹിതൻ ചൊല്ലുകയാണ് വേണ്ടത്.

'വീഞ്ഞും വെള്ളവും കലർത്തി അവരോട് പറഞ്ഞു:[21] എടുത്ത് നിങ്ങളെല്ലാവരും ഇത് കുടിക്കുവിൻ. ഇത് പുതിയ ഉടമ്പടിയിലെ എന്റെ രക്തമാകുന്നു' —ഉടമ്പടി എന്താണെന്നും എപ്പോഴാണ് ഉറപ്പിക്കപ്പെടുന്നതെന്നും എപ്പോഴല്ലെന്നും ആരായുന്നത് ഉചിതമായിരിക്കും. ഉടമ്പടി ഒരു കല്പനയാണെന്ന് നാം പറയുന്നു. ഉടമ്പടി ഉണ്ടാക്കിയ ആൾ മരിച്ചുകഴിഞ്ഞാൽ അത് ഉറപ്പിക്കപ്പെട്ടു കഴിഞ്ഞു (എബ്രാ. 9:17). അതിൽനിന്നൊന്നും മാററാൻ സാധിക്കയില്ല. അയാൾ മരിച്ചില്ലെങ്കിൽ അത് ഉറപ്പിക്കപ്പെട്ടിട്ടില്ല. കാരണം തനിക്കിഷ്ടമുള്ള രീതിയിൽ അത് മാററുവാൻ അയാൾക്ക് അധികാരമുണ്ട്. അതിന്റെ അർത്ഥമെന്താണ്? രണ്ടു കാര്യങ്ങൾ അതിൽ ഉൾക്കൊള്ളുന്നു: 1) അതുണ്ടാക്കിയവന്റെ മരണം. 2) തനിക്കിഷ്ടമുള്ള ആളിന് താൻ കൊടുത്തതോ, കൊടുക്കുന്നതോ ആയ അവകാശം. പുതിയ ഉടമ്പടി തന്റെ രക്തം കൊണ്ട് ക്രിസ്തു ഉറപ്പിച്ചു. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ രക്തം ചിന്തൽ കൂടാതെ പാപമോചനമില്ല. (എബ്രാ. 9:22). കോലാടുകളുടെയും, കുഞ്ഞാടുകളുടെയും, കാളക്കിടാങ്ങളുടെയും രക്തംകൊണ്ടാണല്ലോ പഴയ നിയമം ഉറപ്പിക്കപ്പെട്ടത്. ഈ ഉടമ്പടി അഥവാ കല്പന വഴി ക്രിസ്തു എന്താണ് നമുക്കു നല്കിയത്? താഴെ പറയുന്നവയാണവ: 1) മാമോദീസാവഴി അവിടുന്ന് നമ്മെ തന്റെ പിതാവിന്റെ മക്കളാക്കി. 2) തന്റെ ശരീരവും രക്തവുംവഴി നമ്മുടെ കടങ്ങളും പാപങ്ങളും പരിഹരിച്ചു. 3) നമ്മെ സ്വർഗ്ഗരാജ്യത്തിലേക്ക് ആനീതരാക്കി. 4) അവിടെ നമുക്കായി വിശുദ്ധവും അവാച്യവുമായ സൗഭാഗ്യങ്ങൾ ഒരുക്കിയിരിക്കുന്നു. തന്റെ ശരീരം മുറിച്ചപ്പോൾ 'എടുത്ത് ഇതിൽ നിന്ന് ഭക്ഷിക്കുവിൻ' എന്നും, പാനപാത്രത്തെക്കുറിച്ച് 'എടുത്ത്

---

21 'അപ്രകാരം അത്താഴത്തിനുശേഷം പാനപാത്രം എടുത്ത് വീഞ്ഞും വെള്ളവും കലർത്തി സ്തോത്രം ചെയ്തു; വാഴ്ത്തി, ശുദ്ധീകരിച്ച് ശിഷ്യരായ ശ്ലീഹന്മാർക്ക് നല്കിക്കൊണ്ട് അരുൾചെയ്തു: നിങ്ങൾ എല്ലാവരും വാങ്ങി ഇതിൽനിന്ന് പാനം ചെയ്യുവിൻ: ഇത് പുതിയ നിയമത്തിലെ എന്റെ രക്തം ആകുന്നു. നിങ്ങൾക്കായും അനേകർക്കായും ഇത് ചിന്തപ്പെടുകയും പാപമോചനത്തിനും നിത്യജീവനും വേണ്ടി നല്കപ്പെടുകയും ചെയ്യുന്നു.'

www.malankaralibrary.com



**നിങ്ങളെല്ലാവരും** ഇതിൽനിന്നു കുടിക്കുവിൻ' എന്നും നമ്മുടെ കർത്താവു തന്റെ ശിഷ്യന്മാരോടു പറഞ്ഞതെന്തുകൊണ്ടാണു? ശിഷ്യന്മാരെല്ലാം ശരീരത്തിന്റെ നിലനില്പിനു ആഹാരം കഴിച്ചിരുന്നു. എന്നാൽ എല്ലാവരും വീഞ്ഞു കഴിച്ചിരുന്നില്ല. എന്തെന്നാൽ അവരുടെയിടയിൽ ചിലർ നസ്രായവ്രതക്കാർ ആയിരുന്നു. അതുകൊണ്ടാണു നസ്രായവ്രതക്കാരും 'എടുത്തു കുടിക്കുവിൻ' എന്നു അവിടുന്നു പറഞ്ഞതു.

## കല്പനാനുസ്മരണം

'എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇപ്രകാരം ചെയ്യുക'—അതായതു ഞാൻ ചെയ്യുന്നതു നിങ്ങൾ കണ്ടതുപോലെ. 'നിങ്ങൾ ഈ അപ്പം ഭക്ഷിക്കുമ്പോഴും ഈ പാനപാത്രം കുടിക്കുമ്പോഴും എന്റെ മരണം ആചരിക്കുകയും എന്റെ ഉത്ഥാനം പ്രഘോഷിക്കുകയും ചെയ്യുവിൻ'. അതായതു നിങ്ങൾ ഈ രഹസ്യം പരികർമ്മം ചെയ്യുമ്പോൾ അതു നിങ്ങളുടെ പാപങ്ങൾ മോചിക്കുന്നതു കൂടാതെ നിങ്ങൾ രണ്ടു കാര്യങ്ങൾ ചെയ്യുന്നു. i) നിങ്ങൾ എന്റെ മരണം ആചരിക്കുന്നു. ii) നിങ്ങൾ എന്റെ ഉത്ഥാനം പ്രഘോഷിക്കുന്നു. 'ഞാൻ വരുന്നതുവരെ'—ഈജിപ്തു മുതൽ മാളിക മുറിവരെ ഈ രഹസ്യം പ്രതീകാത്മകമായിട്ടേ ആചരിക്കപ്പെട്ടിരുന്നതു. എന്നാൽ മാളികമുറിമുതൽ ലോകാവസാനം വരെ നമ്മുടെ കർത്താവായ മിശിഹായുടെ ശരീരംകൊണ്ടാണു പരികർമ്മം ചെയ്യപ്പെടുന്നതു. ജനങ്ങൾ ഉത്തരം പറയുന്നു: 'ഞങ്ങളുടെ കർത്താവേ, നിന്റെ മരണം ഞങ്ങൾ ആചരിക്കുന്നു. നിന്റെ ഉത്ഥാനം ഞങ്ങൾ പ്രഘോഷിക്കുന്നു. നിന്റെ വരവിനായി ഞങ്ങൾ കാത്തിരിക്കുന്നു'—അതായതു നിന്റെ കല്പനയനുസരിച്ചു ഞങ്ങൾ നിന്റെ മരണം ആചരിക്കുന്നു. കാരണം, അതുവഴി ഞങ്ങളുടെ മരണത്തെ നീ കൊന്നു. 'നിന്റെ ഉത്ഥാനം ഞങ്ങൾ പ്രഘോഷിക്കുന്നു.' കാരണം, അതു ഞങ്ങളുടെ ഉത്ഥാനത്തിന്റെ അച്ചാരമായും നവജീവന്റെ ആദ്യഫലമായും തീർന്നു: 'നിന്റെ വരവിനെ ഞങ്ങൾ പ്രതീക്ഷിക്കുന്നു.' നീ പറഞ്ഞതുപോലെ നിന്റെ പിതാവിന്റെ രാജ്യത്തിലെ ആദ്ധ്യാത്മിക ഉറവയിൽനിന്നു ഞങ്ങൾ ആത്മികവീഞ്ഞു പാനം ചെയ്യുന്നതിനായി 'നിന്റെ വരവിനെ' ഞങ്ങൾ പ്രതീക്ഷിക്കുന്നു. നമുക്കിവിടെ അജ്ഞാതമായ സംഗതികളെ സംബന്ധിച്ചുള്ള നവീനവും ആദ്ധ്യാത്മികവുമായ പ്രബോധനമാണു അവിടെ നാം അവിടുത്തോടുകൂടി പാനം ചെയ്യുന്ന വീഞ്ഞു.

''കർത്താവേ, നിന്റെ മരണത്തെയും" ............ എന്നു വൈദികൻ—ഇവിടെ പുരോഹിതൻ രക്ഷാകരവ്യാപാരത്തിന്റെ ഓർമ്മസ്മരണ നടത്തുകയും അതോടുകൂടി ഒരപേക്ഷ ചേർക്കുകയുമാണു: 'അല്ലയോ പുത്രാ, നിന്റെ ദിവ്യരഹസ്യങ്ങൾ നിന്നോടും നിന്റെ പിതാവിനോടും മദ്ധ്യസ്ഥാപേക്ഷ ചെയ്യട്ടെ.' ഞങ്ങളുടെ പാപങ്ങൾക്കനുസരണം ഞങ്ങളോടു പ്രവർത്തിക്കരുതേ'. പിന്നയോ, നിന്റെ ആ രണ്ടാമത്തെ വരവിന്റെ ദിവസത്തിൽ ഞങ്ങളോടു ക്ഷമിച്ചു ഞങ്ങളെ അനുഗ്രഹിക്കണമെ. 'ഇവയ്ക്കുവേണ്ടിയും'— അതായതു എല്ലാ രക്ഷാകരവ്യാപാരങ്ങൾക്കുവേണ്ടിയും. 'നിന്റെ സഭയും നിന്റെ അവകാശവും' അതായതു നിന്റെ നാമം ഉച്ചരിക്കപ്പെട്ട നിന്റെ ജനം—'ക്രിസ്തോസു'' എന്നതിൽ നിന്നു ക്രിസ്ത്യാനികൾ. അതായതു അഭിഷിക്തൻ (മിശി

www.malankaralibrary.com



ഹാ) എന്നതിൽനിന്നു് അഭിഷിക്തർ എന്നും—നിന്റെ പിതാവു് നിനക്കു് തന്ന 'നിന്റെ അവകാശം' എന്നും—'എന്നോടു ചോദിക്കുക, ഞാൻ നിനക്കു് ജാതികളെ അവകാശമായി തരും' (സങ്കീ. 2:8) എന്നും 'ആകാശത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു് നല്കപ്പെട്ടിരിക്കുന്നു' (മത്താ. 28:18) എന്നും ഉണ്ടല്ലോ. വീണ്ടും, 'നിന്റെ അവകാശം'. സ്വർഗ്ഗരാജ്യം അവകാശപ്പെടുത്തുവാൻ നീ അതിനു് അവകാശം നല്കിയിട്ടുണ്ടല്ലോ. 'നിന്നോടപേക്ഷിക്കുന്നു'. അതായതു് അവരുടെ പാപങ്ങൾ അവർക്കു് കണക്കിടാതെ, നിന്റെ വരവിന്റെ ദിവസം അവരോടു് ക്ഷമിക്കണമെന്നാണു്. 'നീ മുഖാന്തരം': അതായതു് കാരണത്തോടു് കാര്യമെന്നവണ്ണം. വീണ്ടും, 'നീ മുഖാന്തരം;' പിതാവിനും നമുക്കും ഇടയിൽ മദ്ധ്യസ്ഥനെന്നവണ്ണം. 'നിന്നോടു കൂടെയും'. അതായതു്, സത്തയിലും സ്വഭാവത്തിലും പിതാവിനു് തുല്യൻ എന്നർത്ഥം.

'ജനങ്ങളാകട്ടെ ഉത്തരമായി പറയുന്നു: 'സർവ്വശക്തിയുള്ള പിതാവായ ദൈവമേ, ഞങ്ങളോടു് കരുണചെയ്യണമെ.' അതായതു് പിതാവായ ദൈവമേ, ഞങ്ങളുടെ മദ്ധ്യസ്ഥനായിത്തീർന്ന നിന്റെ പുത്രനിലൂടെ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. നീ ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമെ. നിന്റെ ഏകജാതന്റെ രണ്ടാമത്തെ വരവിൽ നിന്റെ കരുണ ഞങ്ങളിൽ ചൊരിയണമെ.

വൈദികൻ, 'കർത്താവേ, ഞങ്ങൾ സകലത്തിനും വേണ്ടി നിനക്കു് നന്ദിപറയുന്നു' എന്നു് ഏറ്റുപറയുന്നു'—അതിന്റെ അർത്ഥം ഇതാണു്: ആരംഭം മുതൽ നിന്റെ ഏകജാതന്റെ മനുഷ്യാവതാരംവരെ നീ ഞങ്ങൾക്കു് ചെയ്തിട്ടുള്ള എല്ലാററിനുംവേണ്ടി ഞങ്ങൾ നിനക്കു നന്ദി പറയുന്നു. നിന്റെ ഛായയിൽ നീ ഞങ്ങളെ സൃഷ്ടിച്ചു; നീ ഞങ്ങളെ ബുദ്ധിശക്തികൊണ്ടനുഗ്രഹിച്ചു. ഞങ്ങളുടെ കാര്യത്തിൽ നീ ശ്രദ്ധാലുവായി ഇത്യാദി. 'സകലത്തെക്കുറിച്ചും' അതായതു്, നിന്റെ ഏകജാതന്റെ മനുഷ്യാവതാരംവഴി ഞങ്ങളുടെമേൽ ചൊരിയപ്പെട്ട എല്ലാററിനെപ്രതിയും: പാപങ്ങളുടെ മോചനം, ദത്തുപുത്രസ്ഥാനം, സ്വർഗ്ഗരാജ്യം, ആവിടെയുള്ള ആനന്ദം; ഇവയോടു് തുല്യമായ മററു സംഗതികൾ.

ജനങ്ങൾ ഉത്തരമായി പറയുന്നു: 'ഞങ്ങളുടെ കർത്താവായ ദൈവമേ, ഞങ്ങൾ നിന്നെ സ്തുതിക്കുന്നു, ഞങ്ങൾ നിന്നെ വാഴ്ത്തുന്നു, ഞങ്ങൾ നിന്നെ ഏററുപറയുന്നു, നിന്നോടു് ഞങ്ങൾ അപേക്ഷിക്കുകയും ചെയ്യുന്നു.'—പുരോഹിതൻ പറയുന്ന സംഗതികൾക്കെല്ലാം ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ക്രോബേന്മാരെപ്പോലെ ഞങ്ങൾ നിന്നെ വാഴ്ത്തുന്നു; പ്രമാണലംഘനത്തിന്റെ ശാപത്തിൽനിന്നു് മോചിക്കുവാനായി നീ ഞങ്ങളുടെ വർഗ്ഗത്തെ ആശീർവദിച്ചല്ലോ! നീ ഞങ്ങളുടെ ദൈവവും ഗുണകാംക്ഷിയുമാണെന്നു് ഞങ്ങൾ ഏററുപറയുന്നു. ഞങ്ങളുടെ ന്യായമായ ആവശ്യങ്ങൾ സാധിച്ചുതരുന്നതിനാൽ നിന്നോടു് ഞങ്ങൾ അപേക്ഷിക്കുന്നു.

ശുശ്രൂഷകൻ പറയുന്നു: 'ഭയത്തോടും നിശ്ശബ്ദതയോടും കൂടി നിങ്ങൾ നില്ക്കുവിൻ.'[22] —അതായതു് പരിശുദ്ധാത്മാവു് ഇറങ്ങിവരു

---

22 ശുശ്രൂഷകൻ ചൊല്ലുന്നതിന്റെ ചുരുക്കമാണു് ഇവിടെ കൊടുത്തിരിക്കുന്നതു്.

www.malankaralibrary.com



മ്പോൾ ആരാധനാസമൂഹത്തിന്റെ ശാരീരിക നിലപാടിൽ രണ്ട് കാര്യങ്ങൾ ഉണ്ടായിരിക്കണമെന്ന് അവൻ അവരെ ആഹ്വാനം ചെയ്യുന്നു. 1) നിശ്ശബ്ദത: കാരണം, പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ നിശ്ശബ്ദതയിലാണ് നല്കപ്പെടുന്നത്. 2) ഭയം: അവർ ഉച്ചത്തിലുള്ള ശബ്ദം ഉണ്ടാക്കാതിരിക്കുവാനത്രേ ഭയം: സീനായ് മലയിൽവച്ച് ഇസ്രായേൽക്കാർക്ക് സംഭവിച്ചത് അവർക്ക് സംഭവിക്കാതിരിക്കാനും കൂടിയാണത്. ഇസ്രായേൽക്കാർ മോശയോട് പറഞ്ഞു: 'ഞങ്ങൾ മരിക്കാതിരിക്കുവാൻ നീ ഞങ്ങളോട് സംസാരിച്ചാൽ മതി. ദൈവം ഞങ്ങളോട് സംസാരിക്കേണ്ട' (പുറ. 20:19).

## റൂഹാക്ഷണം[23]

മദ്ബഹാമേൽ വയ്ക്കപ്പെട്ടിരിക്കുന്ന അപ്പവീഞ്ഞുകളിന്മേൽ പരിശുദ്ധാത്മാവ് ഇറങ്ങി വരുന്നതെന്തിനാണെന്ന് ആരായുന്നത് ഉചിതമായിരിക്കും. പുത്രനിറങ്ങിവന്ന് അപ്പവും വീഞ്ഞുമായി സത്താപരമായി ഐക്യപ്പെടുന്നു എന്ന് നമുക്കറിയാമല്ലോ. എന്നാൽ പരിശുദ്ധാത്മാവ് എന്തിനാണ് ഇറങ്ങിവരുന്നത്. 'പരിശുദ്ധാത്മാവ് നിന്റെ മേൽ വരും' (ലൂക്കാ. 1:35) എന്നിങ്ങനെ മാലാഖ പറഞ്ഞതുപോലെ അവിടുന്ന് പരിശുദ്ധ കന്യകമറിയാമിന്റെ ഉദരത്തിലിറങ്ങി വരികയും കന്യകയിൽ നിന്നുള്ള ശരീരം വചനമായ ദൈവത്തിന്റെ ശരീരമാക്കിത്തീർക്കുകയും ചെയ്തു. അതുപോലെ മദ്ബഹാമേൽ വയ്ക്കപ്പെട്ടിരിക്കുന്ന അപ്പത്തിന്റെയും വീഞ്ഞിന്റെയും മേൽ വന്നിറങ്ങി അവയെ വചനമായ ദൈവത്തിന്റെ, കന്യകയിൽനിന്നുള്ള ശരീരമാക്കിത്തീർക്കുന്നു. വീണ്ടും, പരിശുദ്ധ കന്യകമറിയാമിന്റെ കാര്യത്തിൽ: പുത്രൻ അവളിൽനിന്ന് അവതരിക്കണമെന്ന് പിതാവ് തീരുമാനിച്ചു. എന്നാൽ പുത്രനാണ് കന്യകയുടെ ഉദരത്തിൽ വന്നിറങ്ങിയത്. പരിശുദ്ധാത്മാവ് കന്യകയിൽ ഇറങ്ങിവരികയും പുത്രൻ അവളിൽനിന്ന് ജനിക്കുവാൻ ഇടയാക്കുകയും ചെയ്തു. ത്രോണോസിന്റെ കാര്യത്തിലും ഇപ്രകാരമാണ്. പുത്രൻ അപ്പവും വീഞ്ഞുമായി സത്താപരമായി ഐക്യപ്പെടണമെന്നും അവ പുത്രന്റെ ശരീരവും രക്തവും ആകണമെന്നും പിതാവ് ആഗ്രഹിക്കുന്നു. അപ്പവും വീഞ്ഞുമായി സത്താപരമായി യോജിക്കുവാൻ പുത്രനിറങ്ങിവരുന്നു. കന്യയിൽനിന്ന് പുത്രൻ മനുഷ്യാവതാരം ചെയ്യുവാൻ ഇടയാക്കിയതുപോലെ അപ്പത്തേയും വീഞ്ഞിനേയും പുത്രനുമായി ഒന്നിപ്പിക്കുവാൻ പരിശുദ്ധാത്മാവ് ഇറങ്ങിവരുന്നു. ഇക്കാരണത്താലത്രേ പുരോഹിതൻ ഭയത്തോടുകൂടി കുനിഞ്ഞുനിന്ന് രഹസ്യമായി നെടുവീർപ്പുകളോടെ പിതാവിനോടപേക്ഷിക്കുന്നത്. പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും കാലാതീത കാരണ

---

23 ''പിതാവായ ദൈവമേ, ഞങ്ങളോട് കരുണ ചെയ്യണമെ. സിംഹാസനത്തിലും, രാജത്വത്തിലും നിത്യമായ സാരാംശത്തിലും നിന്നോടും നിന്റെ പുത്രനോടും സമനായ കർത്താവും, പഴയനിയമവും പുതിയ നിയമവും വഴി സംസാരിച്ചവനും യോർദാൻ നദിയിൽവച്ച് പ്രാവിന്റെ രൂപത്തിൽ ഞങ്ങളുടെ കർത്താവീശോമിശിഹായുടെയും, മാളികയിൽവച്ച് അഗ്നിനാവുകളുടെ രൂപത്തിൽ ശ്ലീഹന്മാരുടെയും മേൽ ഇറങ്ങിയവനുമായ പരിശുദ്ധാത്മാവിനെ ഈ കുർബാനമേൽ നീ അയച്ചു തരണമെ,

www.malankaralibrary.com



വും എല്ലാ നല്ല ദാനങ്ങളുടെ ദാതാവും (യാക്കോ. 1:17) എന്ന നിലയ്ക്കു് തന്റെ മേലും തന്റെ പിമ്പിൽ നില്ക്കുന്ന വിശ്വാസികളുടെ മേലും ത്രോണോസിന്മേൽ വയ്ക്കപ്പെട്ടിരിക്കുന്ന രഹസ്യങ്ങളുടെ മേലും പരിശുദ്ധാത്മാവിനെ അയയ്ക്കണമേയെന്നു് വൈദികൻ പിതാവിനോടു് പ്രാർത്ഥിക്കുന്നു. പല അരൂപികളുള്ളതിനാൽ അവയിൽനിന്നു് വേർതിരിച്ചറിയുവാൻ പരിശുദ്ധാത്മാവിനെ 'നിന്റെ പരിശുദ്ധാത്മാവു്' എന്നു് അവൻ വിളിക്കുന്നു. മാലാഖമാരും പരിശുദ്ധാരൂപികളായതിനാൽ അവയിൽനിന്നു് വേർതിരിച്ചറിയുവാൻ 'ജീവദാതാവായ കർത്താവെന്നു്' വൈദികൻ കൂട്ടിച്ചേർത്തു് ചൊല്ലുന്നു. അതായതു് ഈ അരൂപി കർത്താവാണു്; കൂടാതെ അവിടുന്നു് മാലാഖമാരുടെമേലും ജീവനുള്ള മറ്റെല്ലാററിന്മേലും ജീവൻ ചൊരിയുന്നു.

'സാരാംശത്തിൽ സമൻ'. അതായതു്, മററു് അരൂപികളിൽ നിന്നു് വേർതിരിക്കുന്ന മറെറാരു പ്രത്യേകതകൂടി പരിശുദ്ധാത്മാവിനുണ്ടു്. എന്താണതു്? അവിടുന്നു് പിതാവിനോടും പുത്രനോടും സത്തയിൽ സമനാണു്. അവരെപ്പോലെ പൂർണ്ണനുമാണു്. ഇതിനുശേഷം വൈദികൻ മറെറാന്നു് അവതരിപ്പിക്കുന്നു. 'നിയമത്തിൽ സംസാരിച്ചവനും' എന്നിത്യാദി. ഇവിടെ പറയുന്നവ മററു പലതിൽനിന്നും പരിശുദ്ധാത്മാവിനെ വ്യത്യസ്തനാക്കുന്ന ഘടകങ്ങളാണു്.

'വൈദികൻ സ്വരമുയർത്തി പറയുന്നു: 'കർത്താവേ, എന്നോടു് ഉത്തരമരുളിച്ചെയ്യണമെ.' ജനങ്ങൾ 'കുറിയേലായിസ്സോൻ' എന്നു് പ്രത്യുത്തരം പറയുന്നു. അതെന്തിനാണു്? പരിശുദ്ധാത്മാവു് ഇറങ്ങിവരികയും പൂർത്തിവരുത്തുകയും രഹസ്യങ്ങളെ പൂർണ്ണമാക്കുകയും ചെയ്യു എന്നു് വിശ്വാസത്താൽ ദർശിക്കുന്നതിനാൽ, 'കർത്താവേ ഞങ്ങളെ അനുഗ്രഹിക്കണമെ' എന്നു് ദീർഘനിശ്വാസത്തോടെ അവർ പിതാവിനോടു് അപേക്ഷിക്കുന്നു. 'കുറിയേലായിസ്സോൻ' എന്നതിന്റെ അർത്ഥം 'കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമെ' എന്നാണു്. 'കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമെ' എന്നു് ചൊല്ലുവാൻ ജനങ്ങളെ പ്രേരിപ്പിക്കാനാണു് വൈദികനും സ്വരമുയർത്തിച്ചൊല്ലുന്നതു്. മൂന്നു പ്രാവശ്യം 'കുറിയേലായാസ്സോൻ' എന്നു് ചൊല്ലുന്നതുവഴി അപേക്ഷയുടെ അത്യാവശ്യകത വ്യക്തമാക്കപ്പെടുന്നു. പാണ്ഡിത്യം കുറഞ്ഞ ചില വൈദികർ തദവസരം നെഞ്ചത്തടിക്കുന്ന പതിവുണ്ടു്; അതിനു് ഇവിടെ ഒരു പ്രസക്തിയുമില്ല എന്നു് അവർ അറിയുന്നില്ല. തങ്ങൾ ചെയ്യുവയെപ്പററിയുള്ള ദുഃഖം ഓർത്തായിരിക്കാം ഒരുപക്ഷേ അതു്! ഈ അവസരം വൈദികർ നെഞ്ചത്തു് ഇടിക്കുന്നതു് ശരിയല്ല; കാരണം, 1) ആത്മാവിന്റെ ദാനങ്ങൾ നിശ്ശബ്ദതയിലാണു് ആരവാരങ്ങളിലല്ല നല്കപ്പെടുന്നതു്. 2) ദൈവവചനം നിശബ്ദതയിലും ശാന്തതയിലുമാണു് കന്യകയിൽ ഇറങ്ങിയതും, അവളിൽനിന്നു പിറന്നതും, അല്ലാതെ ആരവാരങ്ങളിലും അട്ടഹാസങ്ങളിലുമല്ല എന്നതിനാൽ. ഇവിടെയും അവിടുന്നു് ഇറങ്ങിവന്നു് ത്രോണോസിലെ അപ്പവീഞ്ഞുകളിന്മേൽ സത്താപരമായി സ്വയം യോജിക്കുന്നു. 'ഭയത്തിനായി, അടിമത്തത്തിന്റെ ആത്മാവിനെയല്ല നാം സ്വീകരിച്ചിരിക്കുന്നതു്' (റോമ. 8:15). എന്നതിനാൽ; ഇസ്രായേല്യർക്കു് ദാനങ്ങൾ ലഭിച്ചപ്പോൾ അവർ ആരവാരം ഉണ്ടാക്കിയതുപോലെ നാം ശബ്ദകോലാഹലം ഉണ്ടാക്കാൻ പാടില്ല. അവർ അടിമത്തത്തിലായിരുന്നു; എന്നാൽ ശ്ലീഹാ പറഞ്ഞതുപോലെ, 'നാമാകട്ടെ, അടിമത്തത്തിന്റെ ആത്മാവിനെയല്ല, പിന്നെയോ, ദൈവത്തെ ആബാ, ഞങ്ങളുടെ പിതാവേ, എന്നു് വിളിക്കുന്ന പുത്രസ്വീകാര്യത്തിന്റെ ആത്മാ

www.malankaralibrary.com



വിനെയത്രേ പ്രാപിച്ചിരിക്കുന്നതു്. അതുകൊണ്ടു് നാം പുത്രരാണു്.' നാം ആരവാരം ഉണ്ടാക്കുന്നതു് നന്നല്ല. 'എങ്ങനെയാണു് ആരവാരത്തിലും ശബ്ദത്തിലും അവിടന്നു് സീനായ് മലയിലിറങ്ങിയതു്' എന്നു് ആരെങ്കിലും ചോദിച്ചേക്കാം. അവർ അടിമത്തത്തിലായിരുന്നു; അതുകൊണ്ടു് പിടലി കടുത്തവരും ഹൃദയത്തിൽ പരിച്ഛേദനം ഇല്ലാത്തവരുമായ ജനത്തിന്റെ മദ്ധ്യത്തിലെന്നവണ്ണമാണു് അവിടന്നിറങ്ങിവന്നതു്; ഇവിടെ ആകട്ടെ, ശ്ലീഹാ പറഞ്ഞിരിക്കുന്നതുപോലെ പുത്രന്മാരുടെ മേലെന്നവണ്ണം ശാന്തമായി അവിടന്നിറങ്ങിവരുന്നു.

'അവൻ ഇറങ്ങിവന്നു് ഈ അപ്പത്തെ' ഇത്യാദി.[24] അതായതു്, 'ഞാൻ പിതാവിനോടപേക്ഷിച്ച പരിശുദ്ധാത്മാവിനെ അയയ്ക്കാൻ....' 'ജനങ്ങൾ 'ആമ്മീൻ' എന്നു പ്രത്യുത്തരിക്കുന്നു: 'അതായതു് നീ പറഞ്ഞതുപോലെ ആയിരിക്കട്ടെ,' 'ആമ്മീൻ' രണ്ടർത്ഥത്തിൽ പ്രയോഗിക്കാറുണ്ടു്: 1) 'അപ്രകാരമായിരിക്കട്ടെ'. എന്നർത്ഥത്തിൽ; 2) 'സത്യമായി' എന്നർത്ഥത്തിൽ. 'ഇവിടെ അപ്രകാരമായിരിക്കട്ടെ' എന്നർത്ഥത്തിലാണു്; 'ആമ്മീൻ' ഞാൻ നിങ്ങളോടു പറയുന്നു എന്നു് നമ്മുടെ കർത്താവു് സുവിശേഷത്തിൽ അരുൾചെയ്തിരിക്കുന്നതു് 'സത്യമായി' എന്നർത്ഥത്തിലാണു്: 'സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.'

'ഭാഗഭാഗിത്വമുള്ള എല്ലാവർക്കുമായി ഭവിക്കട്ടെ' എന്നിത്യാദി പ്രാർത്ഥന നിവർന്നു നിന്നുകൊണ്ടു് പുരോഹിതൻ ചൊല്ലുന്നു:— അതു തീരുമ്പോൾ 'യുഗങ്ങളോളം' എന്നു് ചൊല്ലാൻ പാടില്ല. മറിച്ചു് ചൊല്ലേണ്ടതു് ഇപ്രകാരമാണു്: 'നിന്റെ ഏകജാതനു് മനുഷ്യകുലത്തോടുള്ള സ്നേഹത്താലും കൃപയാലും ദയയാലും.... കാലാന്ത്യം വരെ.... അവനോടുകൂടെ നിനക്കു മഹത്വവും ബഹുമാനവും ഉചിതമാകുന്നു' എന്നിത്യാദി. ലോകാവസാനത്തിനുശേഷം ദുഷ്ടതയോ പാഷണ്ഡതയോ ഒന്നുമില്ലല്ലോ.

കുർബാനയുടെ രണ്ടാംഭാഗം ഇവിടെ അവസാനിക്കുന്നു.

# മൂന്നാം ഭാഗം

## മദ്ധ്യസ്ഥപ്രാർത്ഥന

എല്ലാ 'ഗ്ഹന്താ'കളിലും 'പ്ശാത്താ'കളിലും[25] ഒരേ നിയമമാണു് വൈദികർ പാലിക്കുന്നതു്: അതായതു്: രഹസ്യത്തിലും ഉച്ചത്തിലും വൈദികൻ ഒരേ കാര്യത്തിനാണു് പ്രാർത്ഥിക്കുന്നതു്. വൈദികൻ

---

24 'പരിശുദ്ധാത്മാവു് ആവസിച്ചു് ഈ അപ്പത്തെ ജീവനുണ്ടാക്കുന്ന ശരീരവും, രക്ഷാകരശരീരവും ഞങ്ങളുടെ ദൈവമായ മിശിഹായുടെ ശരീരവും ആക്കിത്തീർക്കട്ടെ'. 'അവൻ ഈ കാസായെ പുതിയ നിയമത്തിന്റെ രക്തവും രക്ഷാകരരക്തവും ഞങ്ങളുടെ ദൈവമായ മിശിഹായുടെ രക്തവും ആക്കി പൂർത്തിയാക്കട്ടെ'.

25 'ഗ്ഹന്താ' താണു വണങ്ങി നിന്നുകൊണ്ടു് രഹസ്യത്തിൽ ചൊല്ലുന്ന പ്രാർത്ഥനയാണു്, 'പ്ശാത്താ' നിവർന്നുനിന്നുകൊണ്ടു് ഉച്ചത്തിൽ ചൊല്ലുന്ന പ്രാർത്ഥനയാണു്.

www.malankaralibrary.com



ഒരു 'ഗ്ഹന്താ' ചൊല്ലുമ്പോഠം, എന്തിനുവേണ്ടിയാണ് രഹസ്യത്തിൽ കുനിഞ്ഞുനിന്ന് അദ്ദേഹം പ്രാർത്ഥിക്കുന്നതെന്ന് ശെമ്മാശ്ശൻ ജനങ്ങളെ അറിയിക്കുന്നു. വൈദികൻ പ്രാർത്ഥിക്കുന്ന അതേ കാര്യങ്ങഠംക്കുവേണ്ടി പ്രാർത്ഥിക്കാൻ അയാഠം ജനങ്ങളെ ആഹ്വാനം ചെയ്യുകയാണ്. അതിനു ശേഷം വൈദികൻ നിവർന്നുനിന്ന് ഉച്ചത്തിൽ ദൈവത്തോടു പ്രാർത്ഥിക്കുന്നു; കുനിഞ്ഞു പ്രാർത്ഥിച്ചുകൊണ്ടിരുന്നതു് അവക്കു വേണ്ടിയാണെന്ന് ഇതുവഴി ജനങ്ങളെ അറിയിക്കുക കൂടിയാണ്.

ശെമ്മാശ്ശൻ ചൊല്ലുന്ന തുബ്ദേനേപ്പററി: ജീവിച്ചിരിക്കുന്നവരുടെ മൂന്ന്, മരിച്ചവരുടെ മൂന്ന് എന്നിങ്ങനെ തുബ്ദേൻ ആറെണ്ണമുണ്ട്. മദ്ബഹായിൽ ജീവന്റെ പുസ്തകം വായിക്കാത്ത അവസരങ്ങളിൽ ഇവയിലൊന്നും വിട്ടുകളയാൻ പാടില്ല. അതിലടങ്ങിയിരിക്കുന്ന രഹസ്യം കാരണം: അതായതു് മൂന്നും മൂന്നും. മാർ യാക്കോബിന്റെ കർബാനയിൽ രാജാക്കന്മാരെക്കുറിച്ചുള്ളമദ്ധ്യസ്ഥപ്രാർത്ഥന ശെമ്മാശ്ശന്മാർ ഉപേക്ഷിക്കുന്ന പതിവുണ്ട്. എന്നാൽ ഇക്കാലത്തും എത്യോപ്യർ ഇബേര്യർ തുടങ്ങിയവക്ക് വിശ്വാസികളായ രാജാക്കന്മാർ ഉള്ളതിനാലും, രാജ്യങ്ങഠം തമ്മിൽ സമാധാനം സ്ഥാപിക്കാനുള്ള അപേക്ഷ ആയതിനാലും ലോകത്തിന്റെ നാലു ഭാഗങ്ങളിലും സമാധാനം ഉണ്ടാകുന്നതിനുവേണ്ടിയാകയാലും, ഇതു ചൊല്ലേണ്ടതാണ്.

ഓരോ തുബ്ദേനും ശേഷം ജനങ്ങഠം നല്കുന്ന പ്രത്യുത്തരത്തെപ്പററി ചിന്തിക്കാം: 'എല്ലാവക്കുംവേണ്ടിയും, എല്ലാവരെ പ്രതിയും,' 'ആമ്മീൻ' 'കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമെ,' എന്നീ പ്രതിവാക്യങ്ങളെല്ലാം തെററാണ്.[26] സഭയിലുള്ള എല്ലാ വിഭാഗക്കാരേയും ശെമ്മാശ്ശൻ അനുസ്മരിക്കുന്നില്ല; ലോകത്തിലുള്ള സകല വിഭാഗക്കാർക്കും വേണ്ടി പ്രാർത്ഥിക്കുന്നുമില്ല. അവക്കെല്ലാം വേണ്ടി പ്രാർത്ഥിക്കാൻ അയാഠം അനുശാസിക്കുന്നുമില്ല; അപ്പോഠം 'എല്ലാവക്കുംവേണ്ടിയും എല്ലാവരെപ്രതിയും' എന്നു പറയുന്നതു് അസാംഗത്യമാണ്. അതുപോലെ സന്നിഹിതരായി പ്രാർത്ഥിക്കുന്ന വിശ്വാസികളെപ്പററിയല്ല തുബ്ദേനുകളിൽ പരാമർശിക്കപ്പെടുന്നതു്. തങ്ങഠംക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കാൻ അവൻ അനുശാസിക്കുന്നുമില്ല. അപ്പോഠം 'ആമ്മീൻ, കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമെ' എന്നു ചൊല്ലുന്നതു് അപ്രസക്തമാണ്. എന്നാൽ താൻ തുബ്ദേനിൽ അനുസ്മരിച്ചവരെ ഓർത്തു് പ്രാർത്ഥിക്കാനാണ് ശെമ്മാശ്ശൻ നിർദ്ദേശിക്കുന്നതു്. 'കുറിയേലായിസ്സോൻ' എന്നു ജനങ്ങഠം പ്രത്യുത്തരിക്കുന്നതാണ് ശരി. അതിന്റെ അർത്ഥം 'കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമെ' എന്നാണ്. ഗ്രീക്കുകാരോടു് അടുത്തുള്ള പടിഞ്ഞാററൻ പ്രദേശങ്ങളിലുള്ള വിശ്വാസികഠം ഇപ്പോഴും ഇപ്രകാരമാണ് പ്രത്യുത്തരിക്കുന്നതു്. അതിൽനിന്ന് അതാണ് ശരിയെന്നു വ്യക്തമാണല്ലോ. അതുകൊണ്ടു് ഓരോ തുബ്ദേനും കഴിഞ്ഞു്, 'കർത്താവേ ഞങ്ങളെ അനുഗ്രഹിക്കണമെ' എന്നത്ഥമുള്ള 'കുറിയേലായിസ്സോൻ' എന്നു ജനങ്ങഠം പ്രത്യുത്തരം നല്കുന്നതാണ് ഉചിതമായിട്ടുള്ളതു്. അതായതു്, 'കർത്താവേ, ഈ തുബ്ദേനിൽ ശെമ്മാശ്ശൻ അനുസ്മരിക്കുന്നവരെ അനുഗ്രഹിക്കണമെ.' തുബ്ദേനിൽ താൻ അനുസ്മരി

---

26 അക്കാലത്തും നടപ്പിലിരുന്ന ചില ശൈലീപ്രയോഗങ്ങളെപ്പററിയാണ് സൂചന, ഇപ്പോഠം അങ്ങനെയല്ല ചൊല്ലുക.

www.malankaralibrary.com



കകയും പേരു പറയുകയും ചെയ്യുന്നവൎക്കുവേണ്ടി ദൈവത്തോടു പ്രാൎത്ഥിക്കാനാണു് അയാൾ അനുശാസിക്കുന്നതു്. അവർ നന്നായി 'കൎത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമെ' എന്നൎത്ഥത്തിൽ 'കുറിയേലായിസ്സോൻ' ചൊല്ലുന്നു. എന്നാൽ എല്ലാവരേയും അനുസ്മരിക്കുന്ന ജീവന്റെ പുസ്തകം വായിക്കപ്പെടുന്നെങ്കിൽ ജനങ്ങൾ 'എല്ലാവൎക്കുവേണ്ടിയും എല്ലാവരെപ്രതിയും' എന്നു് നന്നായും ശരിയായും ഉത്തരം പറയണം.

വൈദികൻ ചൊല്ലുന്ന ഗ്ഹെന്താകളെപ്പററിയും, പ്ശാത്താകളെപ്പററിയും: ആറു ഗ്ഹന്താകളും ആറു പ്ശാത്താകളുമുണ്ടു്. ഓരോ ഗ്ഹന്തായിലും ഓരോ പ്ശാത്തായിലും ഏതെല്ലാം വിഭാഗക്കാൎക്കുവേണ്ടി വൈദികൻ പ്രാൎത്ഥിക്കുകയും അപേക്ഷിക്കുകയും ചെയ്യുന്നു എന്നതു് വ്യക്തമാണല്ലോ. മരിച്ചവൎക്കുവേണ്ടിയുള്ള പ്രാൎത്ഥനയുടെ അവസാനം വൈദികൻ ഇപ്രകാരം ചൊല്ലുന്നു: 'ഞങ്ങളുടെ കൎത്താവീശോമിശിഹാ അല്ലാതെ പാപമില്ലാത്തവനാരുമില്ല. അവനിലൂടെ നാമും അവരും ദയ പ്രാപിക്കുമെന്നു് പ്രതീക്ഷിക്കുന്നു'— അതായതു് ക്രിസ്തു ബലി അൎപ്പിക്കപ്പെട്ടതിനാൽ 'അവൻവഴി, അവൻ മുഖാന്തിരം, പിതാവിൽനിന്നു്, അനുഗ്രഹങ്ങളും പാപമോചനവും പ്രാപിക്കാമെന്നു് നാം വിശ്വസിക്കുന്നു— നാമും നാം അനുസ്മരിക്കുന്ന പരേതരും—അതായതു് സകല വിശ്വാസികളും എന്നൎത്ഥം.

'ദൈവമേ, മനസ്സോടും മനസ്സുകൂടാതെയും, അറിവോടും അറിവുകൂടാതെയും ഞങ്ങൾ ചെയ്ത തെററു ക്ഷമിച്ചു് മായിച്ചു്, വിശ്രമവും മോചനവും നല്കണമെ'—അതായതു് വേർപെട്ട വിശ്വാസികൾക്കു് അബ്രഹാമിന്റെ മടിയിൽ 'ദൈവമേ, വിശ്രമം നല്കണമെ.' അതു ഞങ്ങളുടെ മരണശേഷം ഞങ്ങൾക്കും നല്കണമെ. അറിവോടും അറിവുകൂടാതെയും മനസ്സോടും മനസ്സുകൂടാതെയും ഞങ്ങളും അവരും ചെയ്തുപോയിട്ടുള്ള പാപങ്ങളും തെററുകളും ക്ഷമിച്ചു് മോചിച്ചു് മായിക്കണെമെ, ഇതിൽനിന്നു് അറിവുകൂടാതെ ഉള്ള പാപങ്ങൾക്കും ദൈവം ശിക്ഷ നല്കുന്നു എന്നു നാം ഗ്രഹിക്കുന്നു. അല്ലെങ്കിൽ സഭ അവയ്ക്കുവേണ്ടി പ്രാൎത്ഥിക്കുകയില്ലായിരുന്നു.

'എല്ലാ സംഗതികളിലെന്നപോലെ ഇതിലും': അതായതു്, ഞങ്ങളുടെ നേൎക്കുള്ള നിന്റെ കൃപകൾക്കു പുറമേ നീ ഞങ്ങൾക്കു് ക്രിസ്തീയവും ഭക്തിനിറഞ്ഞതുമായ ഒരന്ത്യം നല്കണമെ. ഈ സംഗതികളെപ്രതി പിതാവേ, ഞങ്ങൾ നിന്റെ നാമവും നിന്റെ പുത്രനും ഞങ്ങളുടെ കൎത്താവുമായ ഈശോമിശിഹായുടേയും നിന്റെ പരിശുദ്ധാത്മാവിന്റേയും നാമവും സ്തുതിച്ചു മഹത്വപ്പെടുത്തുന്നു.

ആയിരുന്ന പ്രകാരവും ആകുന്ന പ്രകാരവും ഇരിക്കയും തലമുറ തലമുറയായി കാലാകാലങ്ങളോളം സ്ഥിതിചെയ്യുകയും ചെയ്യുന്നു. ആമ്മീൻ. അതായതു്, 'ആയിരുന്നു' എന്നതു് ഭൂതകാലത്തേയും 'ആകുന്നു' വൎത്തമാനകാലത്തേയും 'തലമുറ തലമുറയായി' ഭാവികാലത്തേയും 'കാലാകാലങ്ങളോളം' ഇരുലോകങ്ങളേയും സൂചിപ്പിക്കുന്നു. ആമ്മീൻ എന്നാൽ സത്യമായും എന്നാണൎത്ഥം. ഈ വാക്കുകളുടെ അൎത്ഥമിതാണു്: പിതാവേ, ഭൂതകാലത്തു് നിന്റേയും നിന്റെ ഏകജാതന്റേയും നിന്റെ പരിശുദ്ധാത്മാവിന്റേയും നാമം സ്തുതിക്കപ്പെട്ടു് മഹത്വീകരിക്കപ്പെട്ടിരുന്നതുപോലെ, ഇക്കാലത്തും ഭാവിയിലും ആയിരിക്കട്ടെ. ഈ കാല

www.malankaralibrary.com



ങ്ങളിൽ മാത്രമല്ല, ഇപ്പോഴത്തേതും വരുവാനിരിക്കുന്നതുമായ ഇരുലോകങ്ങളിലും നിൻേറയും നിൻെറ പിതാവിൻേറയും നിൻെറ പരിശുദ്ധാത്മാവിൻേറയും നാമം സ്തുതിക്കപ്പെട്ട് മഹത്വീകരിക്കപ്പെടട്ടെ. 'ആയിരുന്ന പ്രകാരം ആകുന്നു' എന്നുചൊല്ലി ഇടയ്ക്കുള്ള സംബന്ധികയായ 'ഉം' വിട്ടുകളയുന്നതു് ഉചിതമല്ല: കാരണം, വൈദികൻ ഇപ്രകാരമത്രേ പറയുന്നതു്: 'ഞങ്ങളുടെ നേക്കുള്ള നിൻെറ എല്ലാവിധ കൃപകളെ പ്രതിയും, ഞങ്ങൾക്കു നീ ക്രിസ്തീയവും ഭക്തിനിർഭരമായ ഒരന്ത്യം നൽകുന്നതിനെപ്രതിയും പിതാവേ, നിൻേറയും നിൻെറ പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തെ ഞങ്ങൾ സ്തുതിച്ചു മഹത്വപ്പെടുത്തുന്നു.'

'ഭൂതകാലത്തു് അതു് സ്തുതിക്കപ്പെട്ട് മഹത്വീകരിക്കപ്പെട്ടതുപോലെ, ഇപ്പോഴും, ഭാവിയിലും' എന്നിങ്ങനെ ജനങ്ങൾ ഉത്തരമായി പറയുന്നു: ചിലർ പറയുന്നതു് ഇതു് പുത്രനെ പററിമാത്രമാണു് മനസ്സിലാക്കേണ്ടതു് എന്നാണു്; അതുകൊണ്ടു് താഴെപറയും പ്രകാരം പ്രത്യുത്തരം നല്കുന്നതു് ശരിയാണെന്നു് അവർ പറയുന്നു: 'അവൻ ആയിരിക്കുന്നതുപോലെ ആകുന്നു; തലമുറ തലമുറവരെ തുടരുകയും ചെയ്യും.' അതായതു്, നിത്യമായി:—'തിരുവവതാരത്തിനു് മുൻപുതന്നെ ദൈവമായിരുന്നതുപോലെ, അതിനുശേഷവും അവിടുന്നു് ദൈവമാണു്; അവിടുന്നു് ജഡത്തിൽ തലമുറ തലമുറകളോളം ദൈവമായിരിക്കുന്നു.'—ഈ വ്യാഖ്യാനം ശരിയല്ല; വൈദികൻ താഴെ പറയുന്ന പ്രകാരം പ്രഖ്യാപിക്കുന്നതിൽ നിന്നു് ഇതു് വ്യക്തവുമാണു്; 'എല്ലാററിലുമെന്നപോലെ ഇതിലും സർവ്വാദരണീയവും അനുഗ്രഹീതവുമായ നിൻെറ നാമം, ഞങ്ങളുടെ കർത്താവീശോമിശിഹായുടേയും നിൻെറ പരിശുദ്ധാത്മാവിൻേറയും നാമത്തോടുകൂടെ സ്തുതിക്കപ്പെട്ട് മഹത്വീകരിക്കപ്പെടട്ടെ.' അതുകൊണ്ടു് വൈദികൻ പറയുന്നതനുസരിച്ചു് ജനങ്ങൾ പ്രത്യുത്തരം നല്കുന്നതു് ഉചിതമാകുന്നു.

## രണ്ടാമത്തെ ആശീർവ്വാദം

വൈദികൻ: 'നമ്മുടെ കർത്താവും രക്ഷകനുമായ യേശുമിശിഹായായ ദൈവത്തിൻെറ കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.'—കരിശിന്മേൽ ഒരിക്കൽ അർപ്പിക്കപ്പെട്ട ഈ യാഗം തന്നെയാണു് 'കൃപ'[27] 'അവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു' (യോഹ. 6:56) എന്നു് അവിടുന്നു് അരുൾചെയ്തതുപോലെ, അതു് ഇപ്പോഴും നിങ്ങളോടുകൂടി ആയിരിക്കാൻ പോകുന്നു.

അപ്പോൾ ശെമ്മാശ്ശൻ മദ്ബഹായുടെ മറയിടുന്നു.—നമുക്കും സ്വർഗ്ഗീയസംഘത്തിൻെറ മറവിനും ഇടയ്ക്കുള്ള വിരിയെ സൂചിപ്പിക്കുന്നതാണു് മദ്ബഹായിലെ തിരശ്ശീല. 'മാലാഖമാർ നോക്കുവാൻ കാംക്ഷിക്കുന്നിടം' എന്നുണ്ടല്ലോ (1 പത്രോ. 1:12).

27 'കൃപ (ഖാരിസ്) എന്നതു് യേശുവിൻെറ പേരാണു്: ഡിഡാക്കെ. 10 6.

www.malankaralibrary.com



## ഖണ്ഡാന ശുശ്രൂഷ

തദവസരം വൈദികൻ ചെയ്യുന്ന കർമ്മം: കാഴ്ചയപ്പം തന്റെ കൈകളിൽ എടുത്തു് രണ്ടായി മുറിക്കുന്നതുവഴി വചനമായ ദൈവം സത്യമായി ജഡത്തിൽ കഷ്ടതയനുഭവിച്ചെന്നും, കുരിശിൽ ബലികഴിക്കപ്പെട്ടെന്നും മുറിക്കപ്പെട്ടെന്നും, വൈദികൻ കാണിക്കുന്നു. ഒരുഭാഗം രക്തത്തിൽ മുക്കി, അതുകൊണ്ടു് ശരീരം റൂശ്മാ ചെയ്യുന്നതുവഴി, 'ഇതെന്റെ രക്തമാകുന്നു' എന്നു മാളികമുറിയിൽവച്ചു് അരുളിച്ചെയ്തപ്പോഴും, കുരിശിൽ വച്ചു് കുന്തംകൊണ്ടു് കുത്തപ്പെട്ട അവസരം രക്തവും വെള്ളവും പുറപ്പെട്ടപ്പോഴും, അറുക്കപ്പെട്ട ശരീരം അവിടുത്തെ രക്തത്താൽ നനയപ്പെട്ടു എന്നു് അദ്ദേഹം സൂചിപ്പിക്കുന്നു. രക്തംകൊണ്ടു് ശരീരത്തെ റൂശ്മാ ചെയ്യുന്നതു്, ആത്മാവും ശരീരവും തമ്മിലുള്ള ഐക്യം ചൂണ്ടിക്കാട്ടുന്നു; വചനത്തിന്റെ ആത്മാവു് തന്റെ ശരീരത്തിൽനിന്നു് വേർപെട്ടശേഷം വീണ്ടും അതേ ശരീരത്തോടു് ചേർന്നു; എന്നാൽ തന്റെ ദൈവത്വം ആത്മാവിൽനിന്നോ ശരീരത്തിൽനിന്നോ വേർപിരിഞ്ഞില്ല; വേർപിരിയാൻ സാധിക്കുകയുമില്ല. ഈ അപ്പം വചനമായ ദൈവത്തിന്റെ ശരീരമാണു്, വീഞ്ഞു് അവിടുത്തെ രക്തമാണു്; സർവ്വജഡത്തിന്റെയും ആത്മാവു് രക്തമാണു് (ലേവ്യ 17:11–14) എന്നു് എഴുതപ്പെട്ടിരിക്കുന്നതുപോലെ, രക്തം ആത്മാവിന്റെ പ്രതീകമാണു്. രക്തംകൊണ്ടു് ശരീരത്തിൽ റൂശ്മ ചെയ്തശേഷം വൈദികൻ അപ്പത്തിന്റെ രണ്ടുഭാഗങ്ങളും ഒന്നിച്ചുചേർത്തുവയ്ക്കുന്നതു് ഇമ്മാനുവേൽ ഏകനാണെന്നും, യോജിപ്പിനുശേഷം ഇരു സ്വഭാവങ്ങളും വേർപിരിയുന്നില്ലെന്നു് സൂചിപ്പിക്കാനും കാണിക്കാനും ആണു്. അവിടുന്നു് കുരിശിൽ അർപ്പിക്കപ്പെട്ടപ്പോൾ കുരിശിലെ തന്റെ രക്തത്താൽ (കൊളോ. 1:20) എല്ലാററിനേയും രമ്യപ്പെടുത്തി; ഭൗമികരെയും സ്വർഗ്ഗീയരെയും, സ്വജനത്തെയും ജാതികളെയും[28] ആത്മാവിനെയും ശരീരത്തെയും ഐക്യപ്പെടുത്തി ഒന്നിച്ചുചേർത്തു എന്നു് വൈദികൻ കാണിക്കുന്നു. ലോകം മുഴുവന്റേയും പാപത്തിനുവേണ്ടിയാണു് അവിടുന്നു് ബലി അർപ്പിക്കപ്പെട്ടതു് എന്നു കാണിക്കാനും, സൂചിപ്പിക്കാനും ആണു് അപ്പക്കഷണങ്ങൾ വൃത്താകൃതിയിൽ ഒന്നിച്ചുവയ്ക്കുന്നതു്. രക്തംകൊണ്ടു് ശരീരം റൂശ്മാ ചെയ്യപ്പെടുന്നു; എന്തുകൊണ്ടാണു് ശരീരംകൊണ്ടു് രക്തം റൂശ്മാ ചെയ്യപ്പെടാത്തതു്? കാരണം, രക്തം ആത്മാവാണു്; അവൻ മരിച്ചവരിൽനിന്നു് ഉയിർത്തപ്പോൾ ആത്മാവു് വന്നു് ശരീരത്തോടു് ചേർന്നു; ശരീരം പോയി ആത്മാവിനോടു ചേരുകയല്ല ചെയ്തതു്.

എന്തിനാണു് വൈദികൻ ശരീരത്തിന്റെ ഒരു ഭാഗമെടുത്തു്[29] കാസായിലേക്കിടുന്നതു്? ഈ രക്തം ഈ ശരീരത്തിന്റേതാണു്. മറെറാന്നിന്റേതുമല്ല എന്നു് വ്യക്തമാക്കാനാണിതു്. അതു് രക്തത്തിലിടുന്നതു് രക്തം ശരീരത്തിൽ നിന്നാണു്. ശരീരം രക്തത്തിൽ നിന്നല്ല എന്നു കാണിക്കാനാണു്: പ്രകൃതി നിയമമനുസരിച്ചു് ഇപ്രകാരമാണു്. ശരീരത്തിന്റെ ഭാഗം രക്തത്തിലിടുന്നതു് ഇതു് ആരുടെ ശരീരവും രക്തവുമായിരിക്കുന്നുവോ, അവൻ നമുക്കുവേണ്ടി കുരിശി

---

28 ആമോ = ഇസ്രായേല്യർ ആമേ = മററുള്ള ജനങ്ങൾ.

29 ഗ്മുർതാ = തീക്കട്ട: ഏശായാ, 6:6–7.

www.malankaralibrary.com



ന്മേൽ സ്വയം അർപ്പിച്ചു എന്നു കാണിക്കാനാണ്. ശരീരവും രക്തവും രണ്ടു പാത്രങ്ങളിൽ വയ്ക്കപ്പെട്ടിരിക്കുന്നുവെങ്കിലും അതു വചനമായ ദൈവത്തിന്റെ ജീവനുള്ള ശരീരമാണ് എന്നു കാണിക്കാനാണ് രക്തത്തിൽ ശരീരത്തിന്റെ ഭാഗമിടുന്നത്. ശരീരത്തിന്റെ ഒരുഭാഗം രക്തത്തിൽ ഇട്ടശേഷം ചെറിയ കഷണങ്ങളാക്കി ശരീരം വിഭജിക്കുമ്പോൾ മാളികയിൽവച്ച് തന്റെ ശരീരം മുറിച്ച് പകുത്തു ശിഷ്യന്മാർക്കു കൊടുത്ത നമ്മുടെ കർത്താവിനെപ്പോലെയാണ് വൈദികൻ പ്രവർത്തിക്കുന്നത്. സന്നിഹിതരായ വിശ്വാസികൾക്കുവേണ്ടി അവൻ അപ്പം വിഭജിക്കുന്നു. അറിവും വിവേകവും ഉള്ള വൈദികർ കർത്തൃശരീരം പങ്കിടുമ്പോൾ സ്വീകരിക്കുന്നവർ ആൺകുട്ടികളോ പെൺകുട്ടികളോ പുരുഷന്മാരോ, സ്ത്രീകളോ ആരായിരുന്നാലും 'തീക്കട്ട' രണ്ടു മൂന്നായിമുറിക്കാതെ ഓരോരുത്തർക്കും മുഴുവനായി കൊടുക്കുന്നു. അങ്ങനെ ഓരോന്നിലും കുരിശിന്റെ അടയാളം ഉണ്ടായിരിക്കും; സ്വീകരിക്കുന്നവർക്കു അതു ലഭിക്കുകയും ചെയ്യും; മുറിക്കുന്നതു വഴി അതിലുള്ള കുരിശിന്റെ അടയാളം വിരൂപമാകില്ല. ദിവ്യരഹസ്യങ്ങളെപ്പററി അജ്ഞരും വിവേകമില്ലാത്തവരുമായ ചില വൈദികർ മുറിക്കുന്നതു തെററായിട്ടത്രേ.

പ്രാചീന ഓർത്തഡോക്സ്കാരുടെയിടയിൽ[30] വൈദികർ കാസായിലെ അപ്പക്കഷണം—കാസായിലെ രക്തത്തിലിട്ട ശരീരഭാഗം—രക്തത്തിൽനിന്ന് മാററിയിരുന്നില്ല. അവർ അപ്പക്കഷണം പുറത്തെടുത്തിരുന്നില്ല; കാസായിൽ നിന്നുതന്നെ വിശ്വാസികൾക്ക് കൊടുത്തിരുന്നു. തങ്ങൾ നേരത്തെ സ്വീകരിച്ച ശരീരഭാഗമാണ് കാസയിലേതും എന്ന് മനസ്സിലാക്കുവാനും, ഗ്രഹിപ്പിക്കാനുമാണിപ്രകാരം അവർ ചെയ്യുന്നത്. നാം നേരത്തെ വിവരിച്ച രണ്ട് സൂചനകൾ കൂടി അതിനുണ്ട്. രക്തത്തിന്റെ കാസാ ത്രോണോസിൽ കൊണ്ടുവന്ന ശേഷം പരികർമ്മം ചെയ്യുമ്പോൾ കുർബാന സ്വീകരിക്കുന്നു. ഈ രീതി വളരെ നല്ലതും അർത്ഥസംപുഷ്ടവുമായി തോന്നുന്നു. ഇന്നത്തെ ഓർത്തഡോക്സുകാർ ഈ രീതി വിട്ടുകളഞ്ഞെങ്കിലും ഈ രീതിയും പാരമ്പര്യവും ഇന്നും കല്ദായക്കാർ പാലിക്കുന്നു. നെസ്തോറിയന്മാരാകട്ടെ ശരീരത്തിന്റെ കഷണങ്ങൾ കാസായിലുള്ള രക്തത്തിൽ ഇടാറേയില്ല. കാരണം, അവർ ദിവ്യരഹസ്യങ്ങളിൽനിന്നും അവയുടെ അന്തസ്സത്തയിൽനിന്നും വെട്ടിമാററപ്പെട്ടവരാണ്; അവർ ഇതുമാത്രമല്ല അനുവർത്തിക്കാത്തതു്; അവർ ഉപേക്ഷിക്കുന്നതും ചെയ്യാത്തതുമായ മററ് നിരവധി സംഗതികൾ ഉണ്ട്.

വൈദികൻ എന്തുകൊണ്ടാണ് ശരീരവും രക്തവും കുരിശാകൃതിയിൽ റൂശ്മാ ചെയ്യുന്നത് എന്ന് ചോദിച്ചേക്കാം. അവ വിശുദ്ധീകരിക്കപ്പെടാനാണത്. സഭയിൽ വിശുദ്ധീകരിക്കപ്പെടുന്നവയെല്ലാം—മൂറോൻ, സ്നാനജലം, തിരുശരീരരക്തങ്ങൾ, കൈവെപ്പ്, ത്രോണോസ്, ഭവനം, പള്ളി എന്നിവയെല്ലാം സ്ലീബായുടെ അടയാളം കൊണ്ടാണ്

30 ഗ്രീക്കു (ബൈസൻറയിൻ) സഭക്കാരെക്കുറിച്ചാണ് പരാമർശനം.

www.malankaralibrary.com



വിശുദ്ധീകരിക്കപ്പെടുകയും, പൂർത്തിയാക്കപ്പെടുകയും, പൂർണ്ണമാക്കപ്പെടുകയും ചെയ്യുന്നതു്. കുരിശിനെക്കുറിച്ചുള്ള 'മാനീസാ'യിൽ[31] മാർ സേവേറൂസ് പറയുന്നു: 'സ്നാനത്തിലെ പുനർജന്മത്തെ വിശുദ്ധീകരിക്കുന്നതു് ഇതാകുന്നു; രക്തരഹിതവും ബൗദ്ധികവുമായ ബലിയേയും, പൗരോഹിത്യ ശുശ്രൂഷയേയും, വിശുദ്ധ ശുശ്രൂഷകളേയും, പൂർണ്ണമാക്കുന്നതും പൂർത്തീകരിക്കുന്നതും ഇതാകുന്നു.' സഭയിൽ വിശുദ്ധീകരിക്കപ്പെടുന്നവയെല്ലാം സ്ലീബായാൽ വിശുദ്ധീകരിക്കപ്പെടുകയും, പൂർത്തീകരിക്കപ്പെടുകയും ചെയ്യുന്നതു് എന്തുകൊണ്ടാണു് എന്നറിയുന്നതു് അത്യാവശ്യമാണു്. സ്ലീബാ മിശിഹായെ വരച്ചുകാട്ടുന്നു; അവിടുന്നു് വിശുദ്ധീകരിക്കുന്നവനാണു്, വിശുദ്ധീകരിക്കപ്പെടുന്നവനല്ല. ക്രിസ്തുവിനെ വരച്ചുകാട്ടുന്നതിനു് മററു് രീതികളും ഉണ്ടെങ്കിലും രക്ഷാകരവ്യാപാരം[32] മുഴുവൻ പൂർത്തീകരിക്കപ്പെട്ടതു് സ്ലീബാവഴിയത്രേ.

ശരീരരക്തങ്ങളിന്മേൽ എത്ര കുരിശു്, എത്ര പ്രാവശ്യം, ഏതെല്ലാം അവസരങ്ങളിൽ വരയ്ക്കപ്പെടുന്നു എന്നതിനെ സംബന്ധിച്ചു്:— മൊത്തം പതിനെട്ടു കുരിശുകൾ: ഒൻപതെണ്ണം ശരീരത്തിന്മേലും ഒൻപതു് രക്തത്തിന്മേലും. മൂന്നുപ്രാവശ്യം മൂന്നുസ്ഥലത്തു് അവ വരയ്ക്കപ്പെടുന്നു. 'അവൻ തന്റെ കൈകളിൽ അപ്പമെടുത്തു' എന്നു് പറയുന്നിടത്തു് ഒന്നാമതു്; പരിശുദ്ധാത്മാവു് ആവസിച്ചു് ഈ അപ്പത്തെ മിശിഹായുടെ ശരീരവും രക്തവുമാക്കട്ടെ' എന്നു പറയുന്നിടത്തു് രണ്ടാമതു്; മൂന്നാമതു് ഖണ്ഡനശുശ്രൂഷാവസരം.

എന്തുകൊണ്ടാണു് മൂന്നിടത്തു് മൂന്നുപ്രാവശ്യംവീതം വരയ്ക്കപ്പെടുന്നതു്? പരിശുദ്ധ ത്രിത്വത്തിന്റെ സ്തുതിക്കുവേണ്ടിയാണതു്. പിതാവിന്റെ പുത്രനും, വചനവും, ദൈവവുമായ ത്രിത്വത്തിലൊരുവന്റെ ശരീരവും രക്തവുമാണിതു് എന്നു സൂചിപ്പിക്കാനാണു് മൂന്നുപ്രാവശ്യം മൂന്നിടത്തു് വൈദികൻ റൂശ്മാ ചെയ്യുന്നതു്. അതു് കർത്താവിന്റെ കബറടക്കവും മൂന്നാം ദിവസത്തെ ഉത്ഥാനവും സൂചിപ്പിക്കുന്നു.

ശരീരത്തിന്മേലും രക്തത്തിന്മേലും മൂന്നിടത്തു് മുമ്മൂന്നു പ്രാവശ്യം റൂശ്മാ ചെയ്യുന്നതു്: ഒന്നാമത്തേതു്, 'അവൻ തന്റെ കൈകളിൽ അപ്പമെടുത്തു' എന്നു ചൊല്ലുന്നിടത്താണു്. പിതാവു് യഥാർത്ഥത്തിൽ ഇച്ഛിക്കുന്നു; പുത്രൻ സമ്മതിക്കുന്നു; പരിശുദ്ധാത്മാവു് വിശുദ്ധീകരിക്കുന്നു എന്നു് അതു് വ്യക്തമാക്കുന്നു. രണ്ടാമത്തേതു്, 'അവൻ ഇറങ്ങി ഈ അപ്പത്തെ' എന്നു ചൊല്ലുന്നിടത്താണു്. അവിടെയും പിതാവു് ഇച്ഛിക്കുന്നു; പുത്രൻ സമ്മതിക്കുന്നു; പരിശുദ്ധാത്മാവു് പൂർത്തീകരിക്കുന്നു എന്നു് വ്യക്തമാക്കുകയാണു്. മൂന്നാമത്തേതു്, ഖണ്ഡന ശുശ്രൂഷാവസരമാണു്. പിതാവു് ഇച്ഛിക്കുന്നു, പുത്രൻ സമ്മതിക്കുന്നു, പരിശുദ്ധാത്മാവു് പൂർണ്ണമാക്കുന്നു എന്നു് കാണിക്കുന്നു.

പുരോഹിതൻ തന്റെ മേലും, വൈദിക സമൂഹത്തിന്റെ മേലും, ജനങ്ങളുടെ മേലും വരയ്ക്കുന്ന റൂശ്മായെപ്പററി ചർച്ച ചെയ്യാം. ബലിയർപ്പിക്കുന്ന വൈദികനൊഴിച്ചു് കർബാനസ്ഥിടക്കു് വൈദികഗണത്തിൽ

31 'മാനീസാ' = പ്രതിസ്തോത്രം (Responsorium)
32 മ്ദബറാനൂസാ

www.malankaralibrary.com



പെട്ടവരിൽ ആരെങ്കിലുമോ, ജനങ്ങളിൽ ആരെങ്കിലുമോ മററുള്ളവരുടെ മേൽ റൂശ്മാ ചെയ്യരുത്. അപ്പ്കൻ തന്റെ മേലും, വൈദികഗണത്തിന്മേലും, ജനത്തിന്മേലും റൂശ്മാ ചെയ്യുന്നു. 'പിതാവായ ദൈവത്തിന്റെ സ്നേഹവും....' എന്നു പറയുന്നിടത്ത് ആദ്യം; 'വലിയവനും നമ്മുടെ രക്ഷകനും....' എന്നു പറയുന്നിടത്തു രണ്ടാമത്, 'വിശുദ്ധിയും മഹത്വമുള്ളതും സൃഷ്ടിയല്ലാത്തതും.... ത്രിത്വത്തിന്റെ കൃപ' എന്നു പറയുന്നിടത്ത് മൂന്നാമത്തേത്. നാലാമതായി, കുർബാന സ്വീകരണാനന്തരം ജനങ്ങളെ ദൈവത്തിനു കയ്യേല്പിക്കുമ്പോൾ, 'കൃപയോടും സ്നേഹനിർഭരമായ ദയയോടും കൂടെ ഞങ്ങളുടെ പക്കലേക്കു തിരിയണമേ, നിന്റെ ജനത്തെ ആശീർവ്വദിച്ച് നിന്റെ അവകാശത്തെ സംരക്ഷിക്കണമേ' എന്നു പറയുന്നിടത്ത്.

മേല്പറഞ്ഞ സ്ഥലത്തെല്ലാം വൈദികൻ തന്റെമേൽ ഒരു കുരിശു വരയ്ക്കുന്നു. തന്റെ ഇടത്തുവശത്തും വലത്തുവശത്തും നില്ക്കുന്ന വൈദികസമൂഹത്തിന്റെമേൽ ഓരോ കുരിശു വരയ്ക്കുന്നു. തന്റെ പിൻപിൽ നില്ക്കുന്ന ജനങ്ങളുടെമേൽ മൂന്നു കുരിശുവരയ്ക്കുന്നു. തന്റെ വലത്തും ഇടത്തും വൈദികരോ, ശെമ്മാശ്ശന്മാരോ ഇല്ലെങ്കിൽ വലത്തും ഇടത്തും കുരിശു വരയ്ക്കേണ്ടതില്ല; തന്റെമേലും ജനങ്ങളുടെമേലും വരച്ചാൽ മതി. തന്റെ പിൻപിൽ ജനങ്ങളാരും ഇല്ലെങ്കിൽ—ഒരാൾപോലുമില്ലാതെ തനിച്ചാണു അപ്പ്കനെങ്കിൽ — തന്റെമേൽ മാത്രം വരച്ചാൽ മതി, ഇരുവശത്തേക്കും തിരിഞ്ഞു കുരിശു വരയ്ക്കേണ്ട.

ഇവയ്ക്കെല്ലാം പുറമേ ഇതും അറിഞ്ഞിരിക്കുന്നതു നന്നായിരിക്കും: തുബ്ദേൻശേഷം ശെമ്മാശ്ശൻ ചൊല്ലുന്ന 'കാതോലിക്കി'[33] ശ്ലീഹന്മാരുടെ കാലത്ത് ഇല്ലായിരുന്നു എന്നു പറയപ്പെടുന്നു. വൈദികൻ ദിവ്യരഹസ്യങ്ങളുടെ ശുശ്രൂഷ പൂർത്തിയാക്കുന്ന അവസരം ജനങ്ങളുടെ മനസ്സ് പതറിപ്പോകാതിരിക്കാൻ തുബ്ദേൻശേഷം ഇതു ചൊല്ലണമെന്നു ശ്രേഷ്ഠവും, ഉചിതവുമായ രീതിയിൽ വിശുദ്ധ പിതാക്കന്മാർ തീരുമാനിച്ചു. നിരവധി 'കാതോലിക്കി'കളുണ്ട്. ചിലവ നല്ലതും അവസരോചിതവുമാണ്. എന്നാൽ വേറെ ചിലവ തെററും അസ്വീകാര്യവുമാണ്. 'മുഖപ്രസാദത്തോടുകൂടി അതിപരിശുദ്ധമായ ഈ രഹസ്യം സ്വീകരിക്കാൻ ഞങ്ങൾ യോഗ്യരാകുവാൻ' എന്ന കാതോലിക്കിയും, 'ശുദ്ധതയിലും.... ദിവ്യബലി പൂർത്തിയായിരിക്കുന്നു....' എന്നതും ശരിയും അവസരോചിതവുമാണ്; അന്ത്യത്തിലും അങ്ങനെതന്നെ. എന്നാൽ ആ ചെറിയതു തിരുത്തേണ്ടതുണ്ട്. അതു തിരുത്തണം.[34] ശേഷിച്ചവയിൽ ചിലവ അസ്വീകാര്യമാണ്; ചില കാര്യങ്ങൾ തെററുമാണ്. 'കാതോലിക്കി'ക്കുമുൻപ് കർത്താവിനോടു നാം പ്രാർത്ഥിക്കണം എന്നു ശെമ്മാശ്ശൻ പറയുന്നതു അനാവശ്യമാണ്. ഇവിടെ മൂന്നാം ഭാഗം അവസാനിക്കുന്നു.

---

33 ഖണ്ഡനശുശ്രൂഷാവസരം ശുശ്രൂഷകൻ ചൊല്ലിയിരുന്ന ദീർഘമായ മദ്ധ്യസ്ഥപ്രാർത്ഥനകളാണ് 'കാതോലിക്കി' എന്നറിയപ്പെടുന്നത്. മുൻകാലങ്ങളിൽ കാതോലിക്കിയോടുകൂടി ലുത്തിനിയാകളും ചൊല്ലിയിരുന്നു. ഇന്നു പ്രസ്തുത അവസരം ജനങ്ങൾ ഗീതങ്ങൾ ആലപിക്കയാണ് പതിവ്. cf. മൂലവീട്ടിൽ, *op. cit.* p. 234 ff.

34 അക്കാലത്തുള്ള പ്രാദേശിക പാരമ്പര്യമാണ് വിവക്ഷ.

www.malankaralibrary.com



# നാലാം ഭാഗം

## കർതൃ പ്രാർത്ഥന

നാലാം ഭാഗം മുഴുവൻ പിതാവിനെ അഭിസംബോധന ചെയ്തു കൊണ്ടുള്ളതാണ്. അപ്പം മുറിച്ച് അശീർവ്വദിച്ചിട്ട്, 'ഞങ്ങളുടെ കർത്താവായ യേശുമിശിഹായുടെ പിതാവായ ദൈവമേ,' എന്നു തുടങ്ങുന്ന പ്രാർത്ഥനയാണ് വൈദികൻ ചൊല്ലുന്നത്. അതായത് നമ്മുടെ ശരീരത്തേയും, ആത്മാവിനേയും പിതാവ് ശുദ്ധീകരിക്കണമെന്നും അങ്ങനെ നമ്മുടെ കർത്താവ് തന്റെ ശിഷ്യരെ പഠിപ്പിച്ച പ്രാർത്ഥന ശുദ്ധതയിൽ ചൊല്ലാൻ അനുഗ്രഹം തരണമെന്നും വൈദികൻ പിതാവിനോട് അപേക്ഷിക്കുന്നു. 'ലജ്ജാരഹിതമായ മുഖത്തോടും': അതായത്, കല്പന ലംഘനംവഴി ഉണ്ടാകുന്ന പാപത്താൽ ലജ്ജിക്കാതെ; ഏതെങ്കിലും പാപം നിമിത്തമുള്ള ലജ്ജകൂടാതെ എന്നർത്ഥം. 'ഞങ്ങൾ നിന്നെ വിളിക്കാൻ' അതായത്, ശുദ്ധരായിരുന്നുകൊണ്ട് ഞങ്ങൾ ഈ പ്രാർത്ഥന ചൊല്ലുന്നെങ്കിലും ഈ പ്രാർത്ഥന ചൊല്ലുവാൻ ഞങ്ങൾ അയോഗ്യരാണ്. പൊടിയും ചാരവുമായ ഞങ്ങൾ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, എന്നു വിളിക്കുന്നതു സാഹസമാണ്. ജ്ഞാനസ്നാനം വഴിയാണ് പിതാവായ ദൈവം നമ്മുടെ പിതാവായിത്തീർന്നത്. 'ഇവൻ എന്റെ പ്രിയപുത്രനാകുന്നു' (മത്താ. 3:17) എന്ന് മാമ്മോദീസായുടെ അവസരം പിതാവു് പുത്രനെപ്പററി പറഞ്ഞു. പാഷണ്ഡികൾ പറയുന്നതുപോലെ 'ഇവൻ എന്റെ പ്രിയ പുത്രനാകുന്നു' എന്നു പറഞ്ഞതുവഴി പിതാവു് അവനെ പുത്രനാക്കുകയല്ല ചെയ്തതു്. നിത്യതയിൽ തന്നെ പിതാവു് പുത്രനെ ജനിപ്പിച്ചതിനാൽ സ്വഭാവത്താലെയും, സത്താപരമായും, നിത്യമായും അവിടുന്നു് പിതാവിന്റെ പുത്രനാണു്. മറഞ്ഞു് നിഗൂഢമായിരുന്ന ആൾ അവതരിക്കയും, സ്നാനപ്പെടുകയും ചെയ്തപ്പോൾ പിതാവു് അവനെ വെളിപ്പെടുത്തുകയും 'ഇവൻ എന്റെ പ്രിയപുത്രനാകുന്നു' എന്നു് അവനെ കാണിക്കുകയും ചെയ്തു. മറഞ്ഞിരുന്നെങ്കിലും ജഡത്തിൽ വെളിപ്പെടുത്തപ്പെട്ട ഇവൻ സ്വഭാവത്താലേ തന്റെ പുത്രനാണെന്നു് 'ഇവൻ എന്റെ പ്രിയ പുത്രനാകുന്നു' എന്നതു വഴി യഥാർത്ഥമായി പിതാവു് ചൂണ്ടിക്കാണിച്ചിരിക്കുന്നു. 'ഇവൻ എന്റെ പ്രിയ പുത്രനാകുന്നു' എന്നു് അവനെ വിളിച്ചതുവഴി മാമോദീസാ സ്വീകരിച്ച വിശ്വാസികളെല്ലാവരേയും അവനിലൂടെ 'മക്കൾ' എന്നു പിതാവു് വിളിക്കുകയാണു് ചെയ്തതു്. ഇക്കാരണത്താലത്രേ, സ്നാനാനന്തരം ഉടനെ 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,' എന്നു് നാമും വിളിക്കുന്നതു്.

വൈദികൻ പ്രാർത്ഥന അവസാനിപ്പിക്കുമ്പോൾ ജനം 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,' എന്നു് വിളിച്ചു പ്രാർത്ഥിക്കുന്നു. നാം കൃപയാൽ ദൈവമക്കളായത്തീരുന്നു എന്നു കാണിക്കുന്ന വിശ്വാസത്തിന്റെ പ്രാർത്ഥനയാണിതു്. നമ്മുടെ നിർമ്മാതാവിനെ നാം ഏററു പറയുന്നതും, നല്ല സംഗതികളോടു് നമുക്കുള്ള സ്നേഹവും ദുഷ്കൃത്യങ്ങളിൽ നിന്നുള്ള പരിപൂർണ്ണ വിമോചനവും, പ്രത്യാശയും പാപമോചനവും അതിൽ ഉൾപ്പെടുന്നു. 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ:' പല കാര്യങ്ങൾ ഇവിടെ അപഗ്രഥനാവിഷയമാക്കുന്നതു് ഉചിതമെന്നു തോന്നുന്നു. 1) ഏതെല്ലാം അർത്ഥത്തിൽ 'പിതാവ്' എന്ന പദം ഉപയോഗി

www.malankaralibrary.com



ച്ചിട്ടുണ്ട്. 2) ദൈവം നമ്മുടെ പിതാവെന്നും നാം തന്റെ മക്കളെന്നും പറയുന്നത് ഏതർത്ഥത്തിലാണ്? 3) ദൈവത്തെ നമ്മുടെ പിതാവെന്ന് വിളിക്കാൻ ക്രിസ്തു നമ്മെ പഠിപ്പിച്ചതു് എന്തുകൊണ്ട്? 4) 'എന്റെ പിതാവേ' എന്നല്ല 'ഞങ്ങളുടെ പിതാവേ' എന്നു വിളിക്കാൻ അവിടുന്ന് നമ്മോട് പറഞ്ഞതു് എന്തുകൊണ്ട്? 5) ദൈവം പിതാവായിട്ടുള്ള ആരെയൊക്കെ പിതാവ് എന്നു് വിളിക്കാൻ സാധിക്കും, ആരെയൊക്കെ വിളിക്കാൻ സാധിക്കുകയില്ല?

'ഞങ്ങളുടെ പിതാവേ, എന്നതിനോട് സ്വർഗ്ഗസ്ഥനായ എന്നു ചേർത്തതു് എന്തുകൊണ്ട്? അതിർത്തികൂടാതെ അവിടുന്ന് ധരയിലും, വായുവിലും, കടലിലും പ്രപഞ്ചം മുഴുവനും ഇല്ലേ? ഏതെല്ലാം അർത്ഥത്തിൽ പിതാവേ എന്ന പദം ഉപയോഗിക്കാം? പിതാവ് എന്ന പദം രണ്ടു് രീതിയിൽ പ്രയോഗിക്കാം, സ്വാഭാവികം, ബാന്ധവികം; അതുപോലെ പുത്രൻ എന്ന പദവും. സ്വാഭാവിക പിതാവ് എന്ന പദത്തിനു് രണ്ടു ഉപവിഭാഗങ്ങളുണ്ട്. അകന്ന പിതാവ്, അടുത്ത പിതാവ്. ആദാം അബ്രഹാമിന്റെ അകന്ന പിതാവാണ്. അബ്രഹാം ഇസഹാക്കിന്റെ അടുത്ത പിതാവാണ്. 'സ്വാഭാവിക പുത്രനും' രണ്ടുതരം ഉണ്ട്. അകന്നതും അടുത്തതും. ബാന്ധവിക പിതൃത്വം പല രീതികളിലാകാം. ''സുവിശേഷം കൊണ്ട് യേശുക്രിസ്തുവിൽ നിങ്ങളെ ജനിപ്പിച്ചതു് ഞാനാകുന്നു' (1 കൊറി. 4:15) എന്നു് ശ്ലീഹാ പറയുന്നതുപോലെ, വിശ്വാസം പഠിപ്പിക്കുന്നയാൾ പിതാവ് എന്നു് വിളിക്കപ്പെടുന്നു. മുന്നൂററിപതിനെട്ടു് പേർ പിതാക്കന്മാർ എന്നു് വിളിക്കപ്പെടുന്നു. നിങ്ങൾ സാത്താന്റെ മക്കളാകുന്നു (യോഹ. 8:44) എന്നു് മിശിഹാ യൂദന്മാരോട് പറഞ്ഞതുപോലെ, നല്ലതോ ചീത്തയോ ആയ സംഭാഷണം, തഴക്കം എന്നിവയെ ആധാരമാക്കി പിതാവ് എന്നു പറയപ്പെടുന്നു. കാരണം അവരിൽ സാത്താന്റെ ദുഷ്ടതഴക്കങ്ങളും, സംഭാഷണങ്ങളും, പ്രവർത്തനങ്ങളും കാണപ്പെടുന്നു. മാമോദീസാത്തൊട്ടിയിൽനിന്നു് ശിശുവിനെ സ്വീകരിക്കുന്ന ആളെയും പിതാവ് എന്നു് വിളിക്കുന്നു; കാരണം, ഒരാളുടെ തലതൊടുന്നയാൾ അയാളുടെ അപ്പനാണെന്നു് പറയാറുണ്ടല്ലോ. അതുപോലെ അദ്ധ്യാപകരെ പിതാവ് എന്നു് വിളിക്കാറുണ്ടല്ലോ. അങ്ങനെ ശിഷ്യന്റെ പിതാവാണ് ഗുരു. ബഹുമാന സൂചകമായും പിതാവ് എന്നു് വിളിക്കാറുണ്ട്. ഒരു വന്ദ്യനായ വൃദ്ധനെ കാണുമ്പോൾ നാം പിതാവ് എന്നു വിളിക്കുന്നു. മററ് പല രീതികളിലും ഒരാൾക്കു് ബാന്ധവപിതൃത്വം ഉണ്ടായിരിക്കാം.

ഇതിലേതർത്ഥത്തിലാണ് ദൈവം നമ്മുടെ പിതാവായിരിക്കുന്നതു്? ഇതിലൊരർത്ഥത്തിലുമല്ല; ജ്ഞാനസ്നാനം വഴിയാണ് ദൈവം നമ്മുടെ പിതാവായിരിക്കുന്നതു്. ക്രിസ്തുവും നമ്മളും കർത്തൃമാമോദീസായാകുന്ന ഒരേ ഉദരത്തിൽ നിന്നു് പിറന്നതിനാൽ നാം അവിടുത്തെ സഹോദരങ്ങളും തന്റെ സ്വർഗ്ഗീയ പിതാവിന്റെ മക്കളുമായി തീർന്നു. ഒരേ ഉദരത്തിൽ നിന്നു് പിറക്കുന്നവരെ സംബന്ധിച്ചുള്ള നിയമം ഇതാണ്: അവർ പരസ്പരം സഹോദരന്മാരാണ്; അവരെ ജനിപ്പിച്ചവന്റെ മക്കളുമാണ്. തന്റെ പരിശുദ്ധാത്മാവിനാൽ മാമോദീസായിൽ നിന്നു് ജനിപ്പിച്ചതിനാൽ ദൈവത്തെ നാം പിതാവ് എന്നു വിളിക്കുന്നു. സുവിശേഷകനായ യോഹന്നാൻ അതിനു് സാക്ഷിയാണ്: അവൻ പറയുന്നു: അവർക്കു് ദൈവമക്കളാകുവാൻ അവിടുന്ന് അധികാരം നല്കി; അവർ രക്തത്തിൽ നിന്നല്ല, ജഡേച്ഛയിൽ നിന്നല്ല, പുരുഷേച്ഛയിൽ നിന്നുമല്ല; ദൈവത്തിൽ നിന്നത്രേ ജനിച്ചതു് (യോഹ. 1:12–13).

www.malankaralibrary.com



ഭാഗ്യവാനായ പൗലോസും പറയുന്നു: ഭയത്തിനായി അടിമത്തത്തിന്റെ ആത്മാവിനെയല്ല നിങ്ങൾ പ്രാപിച്ചിരിക്കുന്നത് (റോമ. 8:15). വീണ്ടും പറയുന്നു: നിങ്ങൾ മിശിഹായുടെ സഹോദരരും, കൂട്ടവകാശികളും ആകുന്നു (റോമ. 8:17). പൗലോസിനോടുകൂടെ ദാവീദും പറയുന്നു: നിന്റെ നാമം ഞാൻ എന്റെ സഹോദരന്മാരെ അറിയിക്കും (സങ്കീ. 22:23; എബ്രാ. 2:12). അതുകൊണ്ട് നാം ക്രിസ്തുവിന്റെ സഹോദരന്മാരും സ്വർഗ്ഗീയ പിതാവിന്റെ മക്കളുമാണ്. സ്വഭാവത്താലെ പിതാവിന്റെ പുത്രനാണ് ക്രിസ്തു. നാം കൃപയാലത്രേ മക്കളായിരിക്കുന്നത്. പരിശുദ്ധാത്മാവ് തനിക്ക് ലഭിക്കേണ്ടതുണ്ട് എന്ന രീതിയിൽ ക്രിസ്തു ആത്മാവിനെ പ്രാപിച്ചില്ല–കാരണം, അവിടുത്തേക്ക് അതേ സ്വഭാവമാണ്; സത്തയിൽ സമനാണ്; അവനെ പുറപ്പെടുവിക്കുന്നവനുമാണ്— തന്റെ മദ്ധ്യസ്ഥതയാൽ അവനെ നമുക്ക് നല്കാൻ അവൻ പരിശുദ്ധാത്മാവിനെ പ്രാപിച്ചു. നാം ആവശ്യക്കാരായതിനാൽ പരിശുദ്ധാത്മാവിന്റെ ആവാസം പ്രാപിച്ചു. 'ശ്രേഷ്ഠധ്യാനം' എന്ന കൃതിയിൽ നാം ഇതു് വിവരിച്ചിട്ടുണ്ടല്ലോ.

ദൈവത്തെ പിതാവേ എന്നു വിളിക്കാൻ അവിടുന്നു നമ്മെ പഠിപ്പിച്ചതു് എന്തിനാണ്? ഒന്ന്, നാം സ്വീകരിച്ച ശ്രേഷ്ഠകാര്യങ്ങൾ—ഭാതായതു്, നമ്മെ തന്റെ സഹോദരങ്ങളും തന്റെ പിതാവിന്റെ മക്കളുമാക്കി എന്നകാര്യം അനുസ്മരിപ്പിക്കാൻ. രണ്ട്, പ്രാർത്ഥനയ്ക്കായി അണയുന്നവർക്കെതിരെ പിശാചു് യുദ്ധം ചെയ്യുകയും അവരെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു—യൂസോദോക്കിന്റെ പുത്രനായ യോശുവാ പ്രാർത്ഥിക്കാനായി നിന്നപ്പോൾ സാത്താനടുത്തുചെന്ന് അവനെ ഉപദ്രവിക്കാൻ ഉദ്യമിച്ചതിൽനിന്നു് ഇതു് വ്യക്തമാണ് (സക്കറിയാ. 2:1). പ്രാർത്ഥിക്കാൻ ഒരുങ്ങിവന്നു് ദൈവത്തെ 'ഞങ്ങളുടെ പിതാവേ' എന്നു നാം വിളിക്കുന്നതു കേൾക്കുന്ന പിശാചു് നഷ്ടധൈര്യനായി ഓടിപ്പോകുന്നു—ശിശുവിനെ ഉപദ്രവിക്കാൻ വല്ലവനും വരുമ്പോൾ ശക്തനായ തന്റെ പിതാവിനെ അപ്പാ എന്നു് കുഞ്ഞു് വിളിക്കുകയും തദവസരം അവന്റെ മുമ്പിൽ നിന്നു് ദുഷ്ടൻ ഓടിപ്പോകുകയും ചെയ്യുന്നതുപോലെയാണിതു്. മൂന്നു്, 'പിതാവ്, പുത്രന്മാർ' എന്നീ നാമങ്ങൾ വഴിയും അവ തമ്മിലുള്ള ബന്ധം വഴിയും ദൈവത്തെ സ്നേഹിക്കാനും, തന്റെ ഇഷ്ടം ചെയ്യാനും, തന്റെ കല്പനകൾ പാലിക്കാനും, അവിടുന്നു് നമ്മെ പ്രേരിപ്പിക്കുന്നു. നാല്, കഴിയുന്നിടത്തോളം ദൈവച്ഛായ പ്രതിബിംബിപ്പിക്കാൻ നമ്മെ പഠിപ്പിക്കുന്നതിനുവേണ്ടി. സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവ് പരിപൂർണ്ണനാണ് എന്നകാര്യം നമ്മിൽതന്നെ പ്രദർശിപ്പിക്കുന്ന മക്കളായി നാം വ്യാപരിക്കാനാണിതു്.

'എന്റെ പിതാവേ' എന്നല്ല 'ഞങ്ങളുടെ പിതാവേ', എന്നു വിളിക്കാൻ എന്തുകൊണ്ടാണ് അവിടുന്നു് നമ്മോടു പറഞ്ഞതു്? 'ഞങ്ങളുടെ പിതാവേ', എന്ന പ്രയോഗം സാർവ്വത്രികമാണ്, എന്റെ പിതാവേ എന്നതു് ഓരോ വ്യക്തിക്കും പ്രത്യേകമാണ്. ഞങ്ങളുടെ പിതാവേ, എന്നു് പൊതുവായി വിളിക്കാൻ നമ്മോടു കല്പിച്ചതുവഴി താഴെപ്പറയുന്ന സംഗതികൾ അവിടുന്നു് നമ്മെ പഠിപ്പിക്കുന്നു. ഒന്നു്, സഭാശരീരം ഒന്നാണ്. രണ്ടു്, നമ്മൾ ഒന്നിച്ചു് പ്രാർത്ഥിക്കുന്നതു് തികച്ചും ഉചിതമാണ്. മൂന്നു്, നമ്മിൽ നിന്നു് അഹങ്കാരം മാററാൻവേണ്ടി അവിടുന്നു് ഇപ്രകാരം ചെയ്തു: രാജാക്കളും, പ്രഭുക്കളും, ധനികരും, ദരിദ്രരും, അധികാരികളും, വിധേയരും, ബുദ്ധിമാന്മാരും, ഭോഷന്മാ

www.malankaralibrary.com



രും ഇക്കാര്യത്തിൽ ഒരുപോലെയാണ്. അവർക്കെല്ലാം ഒരു പിതാവേ ഉള്ളു. അരൂപിയിൽ അവരെല്ലാം ഒരേ വർഗ്ഗമാണ്. ഞങ്ങളുടെ പിതാവേ, എന്നു വിളിച്ചു പ്രാർത്ഥിക്കുക:— അജ്ഞതയോ, ദാരിദ്ര്യമോ, ഉത്ഭവത്തെപ്പററിയുള്ള അവ്യക്തതയോ ഒന്നും ഒരുത്തനും ഇതിൽ തടസ്സമായി നില്ക്കുന്നില്ല. നാലു്, അവൻ നമ്മുടെ ഇടയിൽനിന്നു് വിദ്വേഷവും, വെറുപ്പും,ശത്രുതയും നീക്കി പരസ്പരസ്നേഹത്താൽ നമ്മെ ബന്ധിക്കാനായി, 'എന്റെ പിതാവേ,' എന്നല്ല. 'ഞങ്ങളുടെ പിതാവേ,' എന്നു് അവിടുന്നു് പഠിപ്പിച്ചു. നാം സ്നേഹത്താൽ ബന്ധിതരാകുവാനും വിദ്വേഷത്താൽ ഭിന്നിക്കാതിരിക്കാനുമാണിതു്.

ദൈവം പിതാവെന്ന നിലയിൽ ആരൊക്കെയുമായാണ് ബന്ധപ്പെട്ടിരിക്കുന്നതു്? ആരുടെയൊക്കെ പിതാവാണു ദൈവം? ആരുടെയൊക്കെയല്ല? പരിശുദ്ധമായ ചിന്തകളുള്ളവർ, അനുയോജ്യമായവ സംസാരിക്കുന്നവർ, സൽപ്രവൃത്തികൾ ചെയ്യുന്നവർ, ഉപവാസം, പ്രാർത്ഥന, അടക്കം, വിശുദ്ധി, ദയ, ശാന്തസ്വഭാവം എന്നിവയുള്ളവർ— യഥാർത്ഥത്തിൽ ദൈവം ഇത്തരക്കാരുടെ പിതാവാണ്; സംശയമെന്യേ ഇവരാണ് അവിടുത്തെ മക്കൾ. 'നിങ്ങളുടെ സ്വർഗ്ഗീയ പിതാവു് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ' (മത്താ. 5:48) എന്നും, 'നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് ദയയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും ദയയുള്ളവരായിരിക്കുവിൻ' എന്നും (ലൂക്കാ. 6:36) കർത്താവു തന്നെ പറഞ്ഞിട്ടുണ്ടു്.

എന്നാൽ ദുർവ്വിചാരങ്ങളും ചീത്ത സംഭാഷണവും വിദ്വേഷം, വെറുപ്പ്, കപടത, ചതി, കള്ളം, വ്യഭിചാരം തുടങ്ങിയ ദുഷിച്ച പെരുമാററവും ഉള്ളവർ ദൈവമക്കളല്ല, അവിടുന്നു് അവരുടെ പിതാവുമല്ല; കർത്താവു് യൂദന്മാരോടു് പറഞ്ഞതുപോലെ, അവർ സാത്താന്റെ മക്കളാണ് (യോഹ. 8:44). 'ഞാൻ മക്കളെ വളർത്തി വലിയവരാക്കി; അവരെനിക്കെതിരെ മത്സരിച്ചു' (ഏശ. 1:2) എന്നും, 'അപരിചിതമക്കൾ തടസ്സപ്പെടുത്തപ്പെട്ടു; അവരുടെ പാത അടഞ്ഞിരിക്കും' (സങ്കീ. 18:45) എന്നും ദൈവം തന്നെ പറയുന്നതുപോലെയാണതു്.

'പ്രകാശത്തിനു് അന്ധകാരത്തോടു് എന്തു സാമ്യമാണുള്ളതു്? എന്നു് ശ്ലീഹാ ചോദിക്കുന്നു (2 കൊറി. 6:14). ഇവർക്കു് ദൈവത്തോടു് ബന്ധമോ, കൂട്ടായ്മയോ ഇല്ല. അതുകൊണ്ടു് അവിടുന്നു് അവരുടെ പിതാവല്ല. കാരണം, സുകൃതികളെപ്പോലെ അവർ തങ്ങളിൽ അവിടുത്തെ ച്ഛായ പ്രതിബിംബിപ്പിക്കുന്നില്ല, പിന്നെയോ, സാത്താന്റേതാണ് പ്രതിബിംബിപ്പിക്കുന്നതു്. ദുഷ്ടന്മാരായിരിക്കുന്നവർ 'ഞങ്ങളുടെ പിതാവേ,' എന്നു ദൈവത്തെ വിളിക്കുമ്പോൾ പച്ചക്കള്ളം പറയുന്നു. പ്രകാശത്തിനു് ഇരുട്ടിനോടും, ജീവനു് മരണത്തോടും, വേഴ്ച ഇല്ലാത്തതുപോലെ ദൈവം ദുഷ്ടന്റെ പിതാവല്ല. ദൈവത്തെ പിതാവു് എന്നു് വിളിക്കുന്നവർ കഴിവുള്ളിടത്തോളം സുകൃതികളും നല്ലവരും ആയിരിക്കണം.

'ഞങ്ങളുടെ പിതാവേ', എന്നതിനോടു് 'സ്വർഗ്ഗസ്ഥനായ' എന്നു് ചേർത്തതു് എന്തുകൊണ്ടു്? അതില്ലാതെ കൂടാതെ ദൈവം എല്ലാററിലുമില്ലേ? ദൈവം സ്വർഗ്ഗത്തിൽ അടയ്ക്കപ്പെട്ടിരിക്കുന്നു എന്നർത്ഥ

www.malankaralibrary.com



ത്തിലല്ല 'സ്വർഗ്ഗസ്ഥനായ' എന്ന പദം അവിടുന്നു് കൂട്ടിച്ചേർത്തു്. പ്രാർത്ഥിക്കുന്നവരുടെ മനസ്സിനെ ഭൂമിയിൽനിന്നും ഭൗമികകാര്യങ്ങളിൽ നിന്നും അകററി, സ്വർഗ്ഗത്തിലേക്കുള്ളതും, സ്വർഗ്ഗീയവുമായ കാര്യങ്ങളിൽ വ്യാപരിക്കാൻ ഉന്നതത്തിലേക്കുയർത്താൻവേണ്ടിയാണിതു്. 'ഭൂമിയിൽ ആരെയും പിതാവെന്നു് വിളിക്കരുതു്, സ്വർഗ്ഗസ്ഥനായ ഏകൻ മാത്രമാകുന്നു നിങ്ങളുടെ പിതാവു്' (മത്താ. 23:9) എന്നു് അവിടുന്നു് ഒരിടത്തു പറഞ്ഞിരിക്കുന്നതുപോലെയാണതു്. നാം ഉന്നതത്തിലുള്ളവയിൽ ശ്രദ്ധിക്കണം എന്നതാണു് അവിടുത്തെ പ്രബോധനത്തിന്റെ ലക്ഷ്യം. ശ്ലീഹായും പറയുന്നു: 'ഉന്നതത്തിലുള്ളവയെ അന്വേഷിക്കുവിൻ; ഭൂമിയിലുള്ളതല്ല, സ്വർഗ്ഗത്തിലുള്ളവയെ ശ്രദ്ധിപ്പിൻ' (കൊളോ. 3:1–2).

'നിന്റെ നാമം പരിശുദ്ധമാകപ്പെടണമെ.' 'നിന്റെ നാമം പരിശുദ്ധമാകപ്പെടട്ടെ' എന്നു് നാം പ്രാർത്ഥിക്കുന്നതിനുമുമ്പു് തന്റെ നാമം പരിശുദ്ധമല്ലേ? അവിടുന്നു് പരിശുദ്ധനും, പരിശുദ്ധിയെ പ്രദാനം ചെയ്യുന്നവനുമാണു്. 'നിന്റെ നാമം ഞങ്ങളുടെ മനസ്സിൽ പരിശുദ്ധമാകപ്പെടട്ടെ' എന്നാണു്—'നിന്റെ നാമം പരിശുദ്ധമാകപ്പെടണമെ' എന്നതിന്റെയർത്ഥം. 'ഇതിൽ നിന്നെന്തു ഗുണം കിട്ടും' എന്നാരെങ്കിലും ചോദിച്ചേക്കാം. പലതുണ്ടു്; അവിടുന്നു് പരിശുദ്ധനാണു്, തന്റെ നാമം പരിശുദ്ധമാണു് എന്നു് നാം പരിഗണിക്കുമ്പോൾ, വിശുദ്ധരാകാതെ തന്റെ മക്കളായിരിക്കാൻ സാധ്യമല്ല എന്നു് നാം മനസ്സിലാക്കുന്നു. അവിടുന്നു പറഞ്ഞു: 'ഞാൻ പരിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും പരിശുദ്ധരായിരിക്കുവിൻ' (ലേവ്യ 11:45). വീണ്ടും, 'നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമെ': 'പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ' എന്നു് സ്രാപ്പേന്മാർ വിശുദ്ധീകരിക്കുന്നതുപോലെ 'നിന്റെ നാമം ഞങ്ങളുടെ മനസ്സിലും, നാവിലും, അധരങ്ങളിലും, വായിലും പരിശുദ്ധമാക്കപ്പെടട്ടെ.' 'നിന്റെ നാമം വിശുദ്ധീകരിക്കപ്പെടണമെ': 'വിശുദ്ധീകരിക്കപ്പെടണമെ' എന്നാൽ 'സ്തുതിക്കപ്പെടട്ടെ' എന്നർത്ഥത്തിൽ. സുകൃതങ്ങളും നല്ല പെരുമാററവും വളർത്തിയെടുക്കാൻ നമ്മെ യോഗ്യരാക്കാൻ നാം അവിടുത്തോടു് പ്രാർത്ഥിക്കുന്നു. നമ്മെ കാണുമ്പോൾ നമ്മെപ്രതി ആളുകൾ ദൈവത്തെ സ്തുതിക്കും.

'മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ടു് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തട്ടെ' (മത്താ. 5:16) എന്നുണ്ടല്ലോ? ദുഷ്ടവും നീചവുമായ പെരുമാററത്തഴക്കങ്ങൾ നാം വളർത്തിയെടുക്കാതിരിക്കാനാണിതു്. അപ്പോൾ ജനം നമ്മെ കണ്ടു് പറയും. 'ഇതു് അവരുടെ വിശ്വാസം ആവശ്യപ്പെടുന്നു.' പ്രവാചകനിലൂടെ ദൈവം പറഞ്ഞു: 'നിങ്ങൾ നിമിത്തം എന്റെ നാമം വിജാതികളുടെ ഇടയിൽ അപമാനിക്കപ്പെടുന്നു' (ഏശാ. 52:5; റോമ. 2:24). വീണ്ടും 'നിന്റെ നാമം വിശുദ്ധീകരിക്കപ്പെടട്ടെ.' അതായതു്, 'നിന്റെ നാമം വിശ്വാസികളാലും, അവിശ്വാസികളാലും വിശുദ്ധീകരിക്കപ്പെടട്ടെ' എന്നു് അവിടുന്നു് തന്റെ ശ്ലീഹന്മാരെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചു. അവിശ്വാസികൾ നിന്റെ നാമത്തിലേക്കും നിന്നിലുള്ള വിശ്വാസത്തിലേക്കും ആനീതരാക്കപ്പെടുന്നതിനാൽ, വിശ്വാസികൾ സുവിശേഷവായന ശ്രദ്ധിക്കുന്നതിനാൽ, മനുഷ്യർക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്ന ആശ്വാസപ്രദരായ പുത്രനും, പരിശുദ്ധാത്മാവിനും ഇക്കാര്യത്തിൽ ശ്ലീഹന്മാർ സദൃശ്യരായിത്തീർന്നു.

www.malankaralibrary.com



'നിന്റെ രാജ്യം വരണമെ'. നിന്റെ രാജ്യം വന്ന് ദുഷ്ടനിൽനിന്ന് ഞങ്ങളെ രക്ഷിക്കണമെ. ദുഷ്ടവിചാരങ്ങളും, ചീത്തപെരുമാററവുംവഴി ഞങ്ങളുടെമേൽ ഭരണം നടത്താൻ അവൻ ആഗ്രഹിക്കുന്നു. തന്റെ മകനായ യോശുവ ഗബ്രിയേലിനെയും മിഖായേലിനെയും വിളിച്ചതുപോലെ നിന്റെ പക്കലെത്താൻ നീ മാലാഖമാരെയല്ല, ദൈവത്തെ തന്നെ വിളിക്കുകയും 'നിന്റെ രാജ്യം വരണമെ' എന്ന് വിളിച്ച് ദുഷ്ടനിൽനിന്ന് ഞങ്ങളെ രക്ഷിക്കണമെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നത് കേൾക്കുമ്പോൾ അവനും, അവന്റെ സൈന്യങ്ങളും ഭയന്നുവിറച്ച് അകന്നുപോകുന്നു. വീണ്ടും, 'നിന്റെ രാജ്യം വരണം'! നാം പ്രതീക്ഷിക്കുന്ന രാജ്യം ക്രിസ്തുവിന്റെ വരവിൽ യാഥാർത്ഥ്യവൽകരിക്കപ്പെടുവാൻവേണ്ടി. 'വരാനിരിക്കുന്ന രാജ്യത്തിനുവേണ്ടി നാം പ്രാർത്ഥിക്കുന്നതുകൊണ്ടെന്തു ഫലം എന്നാരെങ്കിലും ചോദിച്ചേക്കാം. പലതും പറയാനുണ്ട്. 1) നാം കരുതലില്ലാതെയല്ല കരുതലോടെ, സുകൃതികളായി ജീവിക്കാൻ വേണ്ടി. 2) പ്രതിഫലം പ്രാപിക്കുവാൻ സുകൃതികളും വിശുദ്ധരും അതിനായി ആകാംക്ഷാപൂർവ്വം നോക്കിപ്പാർക്കുന്നു— 'എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, നിങ്ങളുടെ പിതാവിന്റെ സന്തോഷത്തിൽ പ്രവേശിക്കുവിൻ' (മത്താ. 25: 21, 23. 34) എന്നുണ്ടല്ലോ. 3) ഭൗമികകാര്യങ്ങളാൽ അലട്ടപ്പെടുന്നവരാകാതെ, വരാനിരിക്കുന്നവയെ നോക്കിപ്പാർത്തിരിക്കയും, ആകാംക്ഷാപൂർവ്വം ആഗ്രഹിക്കുകയും ചെയ്യുന്നത് നല്ല മക്കൾക്ക് ചേർന്നതാണ്: 'ജീവന്റെ ആദ്യഫലങ്ങൾ സ്വീകരിച്ച നാം തന്നെയും നെടുവീർപ്പിടുകയും, പുത്രസ്വീകാര്യവും നമ്മുടെ ശരീരങ്ങളുടെ വിടുതലും നോക്കിപാർത്തിരിക്കയും ചെയ്യുന്നു' (റോമ. 8:23). 'നിന്റെ രാജ്യം വരണമെ': അവൻ രാജ്യത്തെ 'പരിശുദ്ധാത്മാവിന്റെ സഹായവും, സംരക്ഷണവും' എന്ന് വിളിക്കുന്നു. പിതാവായ ദൈവം നിങ്ങൾക്ക് പരിശുദ്ധാത്മാവിന്റെസഹായം അയച്ചുതരാനായി പ്രാർത്ഥിക്കുക എന്ന് അവിടുന്ന് അരുൾചെയ്യുന്നു. കാരണം, നിങ്ങൾക്ക് ശക്തിയായ പ്രലോഭനങ്ങൾ ഉണ്ടാകാൻ പോകുന്നു; നിങ്ങൾക്കെതിരായി യുദ്ധം തുടങ്ങാൻ പോകുന്നു.

'നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപോലെ ഭൂമിയിലും ആകണമെ'—മനുഷ്യക്ക് സ്വർഗ്ഗത്തിലും, ഭൂമിയിലും ആയി രണ്ട് വാസഗൃഹങ്ങളുണ്ട്. പാപത്തിൽനിന്ന് മോചനം പ്രാപിക്കാത്ത ഇക്കാലത്ത' നാം ഭൂമിയിൽവസിക്കുന്നു; സ്വർഗ്ഗത്തിൽ ഉത്ഥാനശേഷം നീതിമാന്മാർ വസിക്കും. അവിടെ പാപത്തിലേക്കുള്ള എല്ലാവിധ പ്രേരണകളിൽനിന്നും നാം വിമുക്തരായിരിക്കും; എല്ലാവിധ ഭൗമിക മോഹങ്ങൾക്കും അതീതരായിരിക്കും. അവിടുന്നും പറയുന്നതിതാണ്: ഞങ്ങൾ ഭൂമിയിലായിരിക്കുന്ന ഈ കാലത്ത് തിരുഹിതം ഞങ്ങളിലായിരിക്കാൻ കൃപതരിക. പാപങ്ങളിൽനിന്നും ഭൗമികമോഹങ്ങളിൽനിന്നും വിമുക്തരായി ഞങ്ങൾ സ്വർഗ്ഗത്തിൽ വസിക്കുമ്പോൾ നിന്റെ ഹിതം ഞങ്ങളിലായിരിക്കുന്നതുപോലെ, ഇപ്പോൾ ഈ ലോകത്തിലായിരിക്കുമ്പോൾ തന്നെ പാപങ്ങളിൽനിന്നും ഭൗമികമോഹങ്ങളിൽനിന്നും വിമുക്തരായിരിക്കുവാൻ കൃപതരണമെ.

'നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലും ആകണമെ.' സ്വർഗ്ഗത്തിൽ വസിക്കുന്ന മാലാഖമാരെ 'സ്വർഗ്ഗം' എന്നും, ധരയിൽ വസിക്കുന്ന മർത്ത്യരെ 'ഭൂമി' എന്നും വിളിക്കുന്നു; അവിടുന്ന് ഉദ്ദേശിക്കു

www.malankaralibrary.com



ന്നതു് ഇതാണു്: സ്വർഗ്ഗത്തിൽ വസിക്കുന്ന മാലാഖമാരിൽ നിന്റെ ഇഷ്ടം നിറവേറുന്നതുപോലെ ധരയിൽ വസിക്കുന്ന മനുഷ്യരിലും നിറവേറട്ടെ. മാലാഖമാർ നിന്റെ കല്പനകൾ കാക്കുകയും തിരുഹിതം നിറവേററുകയും ചെയ്യുന്നു. ''തന്റെ ഇഷ്ടംചെയ്യുന്ന ശുശ്രൂഷകർ'' (സങ്കീ. 103:21) എന്നുണ്ടല്ലോ. നിന്റെ കല്പനകൾ കാക്കുവാനും തിരുഹിതം നിറവേററുവാനും ഞങ്ങളെ നീ സഹായിച്ചാലും. സ്വർഗ്ഗത്തിൽ വസിക്കുന്ന മാലാഖമാർ നിന്നെ സ്തുതിക്കുന്നതിൽ നീ സംപ്രീതനാകുന്നതുപോലെ ധരയിൽ വസിക്കുന്ന ഞങ്ങളും നിന്നെ സ്തുതിക്കുന്നതിൽ നീ പ്രീതിപ്പെടണമെ. വീണ്ടും, 'സൈന്യങ്ങളുടെ സർവ്വശക്തനായ കർത്താവു് പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ' എന്നു പറഞ്ഞുകൊണ്ടു് ഏകദൈവത്തെ മൂന്നാളുകളായി ഏററുപറയുന്ന മാലാഖമാരിൽ തിരുഹിതം നിറവേറുന്നതുപോലെ, അവരുടെ സ്തുതിയെ അനുകരിക്കുകയും ധരയിൽ വസിക്കയും ചെയ്യുന്ന ഞങ്ങളിലും തിരുഹിതം നിറവേറട്ടെ. വീണ്ടും, 'നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ.' പ്രാർത്ഥിക്കുന്നവൻ ലോകം മുഴുവന്റേയും കാര്യത്തിൽ താല്പര്യം കാണിക്കുന്നു എന്നു് വ്യക്തമാകുന്നു. 'നിന്റെ ഇഷ്ടം' 'എന്നിലല്ല', 'ഞങ്ങളിലുമല്ല', 'ഭൂമിയിൽ' എന്നു് പറയുന്നതിൽനിന്നു് ഇതു് വ്യക്തമാണു്. നിന്റെ ഇഷ്ടം മത്സരമോ, കള്ളമോ, അനീതിയോ ഇല്ലാതെ, സമാധാനവും സത്യവും നീതിയും ഉള്ള സ്വർഗ്ഗത്തിൽ ആയിരിക്കുന്നതുപോലെ ധരയിലും ആയിരിക്കാൻ അവിടുന്നു് ഇഷ്ടപ്പെടണമെ.

'ഞങ്ങൾക്കാവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്കു് തരണമെ'—അപ്പത്തിനുവേണ്ടി യാചിക്കയും ചോദിക്കയും ചെയ്യണം എന്നു് നമ്മെ പഠിപ്പിക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങളാണു് അവിടുന്നു് അർത്ഥമാക്കിയതു്: 1) സമ്പാദ്യങ്ങൾക്കുവേണ്ടിയും, സുഖഭോഗവസ്തുക്കൾക്കുവേണ്ടിയും നാം യാചിക്കരുതു്. ശരീരസന്ധാരണത്തിനുള്ള അപ്പത്തിനുവേണ്ടിയാണു അപേക്ഷിക്കേണ്ടതു്. 2) ഈ പ്രാർത്ഥന ദരിദ്രർക്കും ധനികർക്കും ഒരുപോലെയായിരിക്കുന്നതിനു്; പാവങ്ങളെ സംബന്ധിച്ചു്, അവർക്കു് അവരുടെ ആവശ്യം സാധിച്ചുകിട്ടണം; ധനികരെ സംബന്ധിച്ചു് അവർ ഈ പ്രാർത്ഥന ചൊല്ലുമ്പോൾ, അവർക്കു് ഒരവകാശം ലഭിക്കയും ദരിദ്രർക്കു് അതു് കൊടുക്കാൻ സാധിക്കുകയും ചെയ്യും. 3) സ്വർണ്ണമോ, വെള്ളിയോ, മുത്തുകളോ ഒന്നും വിശപ്പടക്കില്ല, അപ്പമേ ഉപകരിക്കൂ എന്നു് ഇതുവഴി അവിടുന്നു വ്യക്തമാക്കുന്നു. 4) നമ്മുടെ ആവശ്യത്തിൽ കവിഞ്ഞൊന്നും യാചിക്കരുതെന്നും, ആവശ്യമുള്ളവ മാത്രം ചോദിക്കണമെന്നും അവിടുന്നു് നമ്മെ പഠിപ്പിക്കുന്നു. 'അപ്പം' എന്നതുവഴി ശരീരത്തിന്റെ എല്ലാ ആവശ്യങ്ങളും അവിടുന്നു് ഉൾപ്പെടുത്തുന്നു എന്നു് ചിലർ പറയുന്നു: അപ്പം, വസ്ത്രം, ഭവനം—കാരണം, ഇവയെല്ലാം ശരീരത്തിനാവശ്യമാണല്ലോ.

'ഇന്നു്, ആവശ്യമുള്ള' എന്നതിന്റെയർത്ഥം ഭാവികാര്യങ്ങളെപ്പററി നാം പര്യാകുലരാകരുതെന്നും വർത്തമാനകാലത്തിലുള്ളവയെപ്പററി ചിന്തിച്ചാൽ മതിയെന്നുമാണു്; 'ഇന്നു്' എന്നതു് വർത്തമാനകാലത്തെ കുറിക്കുന്നു. ഇപ്രകാരം അവിടുന്നു പറയുന്നു: ഈ വർത്തമാനകാലത്തിൽ നിങ്ങൾക്കു് പ്രയോജനപ്രദവും ആവശ്യവുമായ സംഗതികൾക്കായി അപേക്ഷിക്കുക. 'നാളെയേപ്പററി പര്യാകുലരാകേണ്ടാ' എന്നു് അവിടുന്നു് ഒരിടത്തു് അരുൾചെയ്തിരിക്കുന്നു (മത്താ.6:34). ഭാവിയെപ്പററി നാം ആകുലരാകേണ്ട, ഒരുപക്ഷേ, നാം അധികനാൾ ജീവിക്കയില്ലായിരി

www.malankaralibrary.com



ക്കാം; അതുപോലെ മററ് പല കാരണങ്ങളും കണ്ടേക്കാം. 'ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരണമെ': സ്വർഗ്ഗീയ സൈന്യങ്ങളുടെ ശ്രദ്ധത നമുക്കുണ്ടായിരിക്കണം. യാക്കോബിനുപോലും ഉണ്ടായിരുന്ന ഭാരം നിങ്ങൾക്കുണ്ടാകാതിരിപ്പാൻ ഞാൻ നിങ്ങൾക്ക് അനുദിനം ആവശ്യമുള്ള അപ്പം തരുന്നു. വിശുദ്ധ സിറിലിൽ നിന്ന്: ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്ന് ഞങ്ങൾക്ക് തരണമേ. അതായതു് സ്വർഗ്ഗത്തിൽ നിന്നിറങ്ങുന്ന ജീവനുള്ള അപ്പം; ആത്മാക്കളുടേയും ശരീരങ്ങളുടേയും ജീവനാണതു്. സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു എന്നുണ്ടല്ലോ (യോഹ. 6:51). ഒരു ദിവസം മാത്രമല്ല, എല്ലാ ദിവസവും; ശരീരം സ്വാഭാവിക ഭക്ഷണത്താൽ പുരിരക്ഷിക്കപ്പെടുന്നതുപോലെ ആത്മാവ് ജീവനുള്ള അപ്പത്താൽ പോററപ്പെടുന്നു.

ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ— ഈ ഭാഗം നമ്മെ പഠിപ്പിക്കുന്നതു് ഇതാണ്: നമ്മുടെ പാപങ്ങളെപ്പററി നമ്മെ അനുസ്മരിപ്പിക്കുന്നതുവഴി വിനയത്തിനുള്ള കാരണം അവിടുന്ന് നമുക്ക് നല്കുന്നു. നാം ദൈവത്തോടു മോചനം അപേക്ഷിക്കുകയും അനുതാപംവഴി അതു പ്രാപിക്കയും ചെയ്യണം. അങ്ങനെ നിത്യാഗ്നിയിൽ നിന്ന് രക്ഷപെടുകയും സ്വർഗ്ഗരാജ്യത്തിന് യോഗ്യരായി തീരുകയും ചെയ്യും. നാമും നീതിപൂർവ്വം പെരുമാറണം. കാരണം, 'നാം അളക്കുന്ന അളവുകൊണ്ടും തൂക്കംകൊണ്ടും നമുക്കും അളന്നും തൂക്കിയും ലഭിക്കും. എങ്ങനെ? നമുക്കെതിരായി പാപം ചെയ്തവരോട് നാം ക്ഷമിച്ചാൽ ദൈവം നമ്മോടും ക്ഷമിക്കും; നാം ക്ഷമിച്ചില്ലെങ്കിൽ ദൈവം ക്ഷമിക്കയില്ല. നാം പ്രതികാര മാനസ്സരായിരിക്കരുതെന്നും അവിടുന്ന് നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ ക്ഷമയ്ക്കുപകരം അവിടുന്ന് ക്ഷമ കുന്നുകൂട്ടി വയ്ക്കുന്നു: ഒരു മണിക്കൊരു കുന്നും ഒരു തുള്ളിക്കൊരു കടലും പ്രതിഫലം നല്കുന്നു. നാം ക്ഷമിക്കുന്നതിനേക്കാൾ ശ്രേഷ്ഠമാണ് അവിടുന്ന് നമ്മോടു ക്ഷമിക്കുക എന്നുള്ളതു്; അവിടുന്ന് ദൈവമെന്ന നിലയിൽ മനുഷ്യരോട് ക്ഷമിക്കുന്നു; നാം മനുഷ്യർ എന്ന നിലയിൽ മനുഷ്യരോട് ക്ഷമിക്കുന്നു; യജമാനൻ അടിമയോട് എന്നവണ്ണം അവിടുന്ന് ക്ഷമിക്കുന്നു; നാം, അടിമ അടിമയോട് എന്ന രീതിയിൽ മാത്രം. തനിക്കൊരാവശ്യവും ഇല്ലാതിരിക്കെ അവിടുന്ന് ആവശ്യക്കാരോട് ക്ഷമിക്കുന്നു; നാം ആവശ്യക്കാരായി ആവശ്യക്കാരോടു ക്ഷമിക്കുന്നു. 'ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കണമെ.' മാമോദീസായ്ക്കുശേഷം അനുതാപത്തിന് പ്രസക്തിയില്ലായെന്ന് വാദിക്കുന്നവർ പൂർണ്ണമായി ദുഷ്ടരാണ്, കാരണം, ഈ പ്രാർത്ഥന, സ്നാനം സ്വീകരിച്ചവർ ചൊല്ലുന്നതാണ്; അക്രൈസ്തവർക്കുള്ളതല്ല. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ: നമ്മോടു ക്ഷമിക്കാനുള്ള കാരണം ഇതാണ്: നാം പരസ്പരം ക്ഷമിച്ചില്ലെങ്കിൽ മിശിഹായും നമ്മോടു ക്ഷമിക്കയില്ല. തന്റെ യജമാനനിൽ നിന്ന് ക്ഷമ പ്രാപിക്കുകയും എന്നാൽ സഹദാസനോട് ക്ഷമിക്കാതിരിക്കുകയും ചെയ്തവന്റെ അനുഭവം അനുസ്മരിക്കുക.

'ഞങ്ങളെ പരീക്ഷയിൽ ഉൾപ്പെടുത്തരുതു്'. ഇയ്യോബ്, അബ്രഹാം, പൗലോസ് ആദിയായവർ പരീക്ഷകളിലൂടെ കിരീടം അണിഞ്ഞെങ്കിൽ, എന്തുകൊണ്ടാണ് പരീക്ഷയിൽ ഉൾപ്പെടുത്തരുതെന്ന് പ്രാർത്ഥിക്കണമെന്ന് അവിടുന്ന് കല്പിച്ചതു്? അവിടുന്ന് പറഞ്ഞിട്ടുണ്ട്,

www.malankaralibrary.com



'സഹോദരങ്ങളേ, ബഹുവിധപരീക്ഷകൾ നിങ്ങൾക്കുണ്ടാകുമ്പോൾ നിങ്ങൾ സർവ്വപ്രകാരേണയും സന്തോഷിക്കുവിൻ' (യാക്കോ. 1:2). നാം പരീക്ഷയിലൂടെ കിരീടമണിയിക്കപ്പെടാൻ അവിടുന്ന് ആഗ്രഹിക്കാത്തതിനാലല്ല നമ്മോട് പ്രാർത്ഥിക്കാൻ പറഞ്ഞത്. 'അവസാനം വരെ സഹിച്ചു നില്ക്കുന്നവൻ രക്ഷപ്രാപിക്കും എന്ന് അവിടുന്ന് പറഞ്ഞിട്ടുണ്ടല്ലോ (മത്താ. 10:22). താഴെ പറയുന്നവയാണ് കാരണങ്ങൾ: നമ്മുടെ സ്വഭാവത്തിന്റെ ബലഹീനത അവിടുന്ന് വെളിവാക്കുന്നു; കാരണം, പരീക്ഷയിൽ ഉൾപ്പെടുമ്പോൾ നാം ഭീരുക്കളെപ്പോലെ പെരുമാറുന്നു. ഇതുവഴി നമ്മെ പീഡിപ്പിച്ചിരുന്നവരെ അവിടുന്ന് വേറുതെ വിടുകയും അവർ ശാപഗ്രസ്തരാകാതിരിക്കുകയും ചെയ്യും. പരീക്ഷകളിൽ നമുക്കു തനിയെ ഒന്നും സാധ്യമല്ലെന്നും ഇതു പഠിപ്പിക്കുന്നു. നമ്മുടെ ഇച്ഛക്കെതിരെ മററുള്ളവർ നമ്മെ പരീക്ഷയിലേക്ക് വലിച്ചിഴച്ചാൽ നാം എന്താണ ചെയ്യേണ്ടത്? നാം സഹിക്കുകയും പൗരുഷമായും ധൈര്യമായും പെരുമാറുകയും, ഭീരുക്കളായി പെരുമാറാതിരിക്കുകയും ചെയ്യണം. അപ്പോൾ നാം വിജയിക്കും, വിജയകിരീടം നേടും. നമ്മുടെ യുദ്ധത്തിന്റെ പ്രതിഫലം പ്രാപിക്കുകയും ചെയ്യും. അവിടുന്ന് 'പരീക്ഷയെ' സാത്താൻ എന്നു തന്നെയാണ് ഇവിടെ വിളിക്കുന്നത് എന്നു ചിലർ പറയുന്നു. അതുകൊണ്ട് അവനിൽ നിന്നു രക്ഷപെടാനും അവന്റെ ദുഷ്ടതയിൽ പ്രവേശിക്കാതിരിക്കാനും ന്യായമായി അവൻ കല്പിച്ചിരിക്കുന്നു.

വീണ്ടും, ഞങ്ങളെ പരീക്ഷയിൽ പ്രവേശിപ്പിക്കരുത്. അനുതാപം വഴി മായിക്കപ്പെടാത്ത പാപത്തിന് ഞങ്ങളെ അനുവദിക്കരുതെ! അതിരൂക്ഷമായ പ്രലോഭനമാണത്. നാം തന്നെ പീഡകരുടെ പക്കലേക്ക് കയറി ചെല്ലരുത്. പീഡനങ്ങൾ കാണുമ്പോൾ വീണു പോകാതിരിപ്പാൻ നാം നമ്മുടെ ബലഹീനതയെ ഓർത്തുപോകരുത്. നാം തന്നെ പീഡകരുടെ ശിക്ഷയ്ക്ക് കാരണക്കാരാകരുത്.

പിന്നെയോ, 'ദുഷ്ടനിൽ നിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ' — 'ദുഷ്ടൻ' എന്ന് പിശാചിനെയാണ് അവിടുന്ന് ഇവിടെ വിളിക്കുന്നത്. അവന്റെ വൈവിദ്ധ്യമാർന്ന ദുഷ്കർമ്മങ്ങൾ നിമിത്തം അവന് പല പേരുകൾ ഉണ്ട്. 'ഡിയാബൊളുസ്', 'ബേൽസെബൂബ്', ലോകത്തിന്റെ അധികാരി, ദുഷ്ടൻ, മനുഷ്യരെ കൊല്ലുന്നവൻ, നുണയുടെ പിതാവ് എന്നിങ്ങനെ അവൻ വിളിക്കപ്പെടുന്നു. താഴെ പറയുന്ന കാരണങ്ങളാൽ ദുഷ്ടനിൽനിന്ന് രക്ഷിക്കപ്പെടുവാൻ പ്രാർത്ഥിക്കണമെന്ന് അവൻ നമ്മോട് കല്പിച്ചിരിക്കുന്നു. 1) നമുക്കെതിരെയുള്ള അവന്റെ ഗൂഢാലോചനകൾ നിരവധിയാണ്. 2) നമ്മെ സുകൃതങ്ങളിൽ നിന്ന് അവൻ തടയുന്നു. 3) പൗലോസ് റോമാക്കാർക്കെഴുതുന്നു: സമാധാനത്തിന്റെ ദൈവം സാത്താനെ നിങ്ങളുടെ പാദത്തിൻ കീഴമർത്തും (റോമ. 16:20). തെസ്സലോനിക്കരോട് അവൻ പറയുന്നു, 'നിങ്ങളുടെ പക്കലേക്ക് വരാൻ ഞാനാഗ്രഹിച്ചു; എന്നാൽ സാത്താൻ എന്നെ തടഞ്ഞു' (1 തെസ്സ. 2:18). പിശാച് നല്ല കാര്യങ്ങളെ തടയുന്നവനാണ് എന്ന് അവൻ കാണിക്കുന്നു. നമ്മുടെ മനസ്സിനെ ഉണർത്തി ഭയം കൊണ്ടു നിറച്ചിട്ട്, ദൈവം ആശ്വാസവും പ്രോത്സാഹനവും നല്കുന്നു; പിശാചിനും അവന്റെ പ്രലോഭനത്തിനും എതിരെ ഉറച്ചു നില്പാൻ നമ്മെ സഹായിക്കുകയും ചെയ്യുന്നു.

www.malankaralibrary.com



കാരണം അവിടുന്നുപറയുന്നു:— 'എന്തെന്നാൽ രാജ്യം നിൻേറതാകുന്നു'. അതായതു്, രാജ്യംഅവിടുത്തേതാണെങ്കിൽ തൻെറ ഭടന്മാർ പേടിക്കേണ്ടതില്ല; കാരണം, തനിക്കെതിരെ നില്ക്കാൻ ഒന്നിനും സാദ്ധ്യമല്ല. സാത്താൻ മത്സരിക്കുന്നവനാണെങ്കിലും, അവനും ദൈവത്തിൻെറ ആധിപത്യത്തിനു് കീഴാകുന്നു. ദൈവത്തിൽ നിന്നുള്ള അനുവാദം കൂടാതെയും, ചെയ്യാൻ സമ്മതം കിട്ടാതെയും സാത്താനു് ഒന്നും ചെയ്യാൻ സാധിക്കയില്ല. ഇയ്യോബിൻെറയും പന്നികളുടെയും കാര്യത്തിൽ നിന്നു് ഇതു വ്യക്തമാണു്. അനുവാദം കിട്ടി കഴിഞ്ഞപ്പോൾ മാത്രമേ അവനു് അവരിൽ എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞുള്ളു. 'ശക്തിയും', — എല്ലാം പ്രവർത്തിക്കാൻ കഴിയുന്ന ശക്തി അവിടുത്തേക്കുള്ളതിനാൽ സാദ്ധ്യവും പ്രയോജനപ്രദവുമായ സർവ്വതും പ്രവർത്തിക്കാൻ നിങ്ങൾക്കു കഴിയുമെന്നു് ഉറപ്പായിരിക്കുവിൻ. 'മഹത്വവും എന്നേക്കും. ആമ്മീൻ', —അവിടുത്തെ രാജ്യം ബലവത്തായിരിക്കയും, ശക്തി മഹത്തരമായിരിക്കയും ചെയ്യുന്നതുപോലെ, തൻെറ മഹത്വവും അവസാനമില്ലാതെ തുടരും.

സുദീർഘമായ പ്രാർത്ഥനകൾകൊണ്ടു് നാം പ്രാർത്ഥിക്കണമെന്നു് അവിടുന്നു് നമ്മെ പഠിപ്പിക്കാഞ്ഞതു് എന്തുകൊണ്ടാണു്? വാക്കുകളുടെ ധാരാളത കൊണ്ടും നീണ്ട പദപ്രയോഗങ്ങൾകൊണ്ടും പ്രാർത്ഥന അരോചകമാകാതിരിക്കാനാണിതു്. പ്രാർത്ഥിക്കാൻ നമ്മെ പഠിപ്പിക്കുകയും കോപവും ക്രോധവും കൂടാതെ, എല്ലാററിനും ഉപരിയായി താൻ സമാധാനം കാംക്ഷിക്കുന്നവനാണെന്നു് അവിടുന്നു് കാണിക്കുകയും ചെയ്യുന്നു. ഭീഷണിയും പീഡനവുംവഴി നമ്മുടെ ഉള്ളിൽ നിന്നു് കോപം പിഴുതെറിയാനായി അവിടുന്നു് വീണ്ടും തിരിയുന്നു: മാധുര്യമേറിയ സംഗതികളുടെ വാഗ്ദാനം വഴി ശ്രോതാവിനെ അനുസരണയിലേക്കു് കൊണ്ടുവരാൻ അവിടുന്നു് പരിശ്രമിക്കുന്നു.

എന്നാൽ വീണ്ടും പുരോഹിതൻ ഈ പ്രാർത്ഥന ചൊല്ലുന്നു: 'അതേ കർത്താവേ, സഹിക്കാൻ കഴിയാത്ത പ്രലോഭനങ്ങളിലേക്കു് ഞങ്ങളെ നയിക്കരുതേ:' അതായതു് നമ്മൾ ചൊല്ലുന്ന ഈ പ്രാർത്ഥന താൻ സ്വീകരിക്കണമെന്നു് പിതാവിനോടു് പ്രാർത്ഥിക്കുകയാണു്. ജനം ആമ്മീൻ എന്നു് പ്രത്യുത്തരിക്കുന്നു.

'നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.' എന്നു് വൈദികൻ പറയുന്നു. നമ്മൾ പ്രയാസങ്ങളിൽ നിന്നു സ്വതന്ത്രരായിരിക്കണമെന്നും, നമ്മിൽ തന്നെയും പരസ്പരവും സമാധാനമായി വർത്തിക്കണമെന്നും, അങ്ങനെ ജീവദായകമായ രഹസ്യങ്ങൾ സ്വീകരിക്കാൻ യോഗ്യരായി എണ്ണപ്പെടുവാൻ ഇടയാകണമെന്നും അവിടുന്നു് ആശംസിക്കുന്നു.

## കൈവയ്പിൻെറ രണ്ടാം പ്രാർത്ഥന

'കർത്താവിൻെറ മുൻപാകെ നാം തലകുനിക്കണം' എന്നു് ശെമ്മാശ്ശൻ ജനങ്ങളോടു് അനുശാസിക്കുന്നു. —അവൻ ഇപ്രകാരം നിർദ്ദേശിക്കുന്നു: 'ദൈവമുമ്പാകെ തലകുനിക്കുവിൻ'. കാരണം വൈദികൻ ഈ പ്രാർത്ഥന നിങ്ങൾക്കു വേണ്ടിയും നിങ്ങളെ പ്രതിയുമാണു് ചൊല്ലുന്ന

www.malankaralibrary.com



ത്തും ദൈവത്തിനു് അർപ്പിക്കുന്നതും. വൈദികൻ പ്രാർത്ഥിക്കുന്നതു് നിങ്ങൾക്കു് ലഭിക്കാനായി കർത്താവിന്റെ മുൻപാകെ തല കുനിച്ചു് അവിടുത്തോടു് അപേക്ഷിക്കുക. ജനം പ്രത്യുത്തരിക്കുന്നു, 'ഞങ്ങളുടെ ദൈവമായ കർത്താവേ, നിന്റെ മുൻപാകെ' അതായതു്, ഞങ്ങളുടെ ദൈവമായ കർത്താവേ, ശെമ്മാശ്ശൻ ഞങ്ങളോടു് പറയുന്നതുപോലെ നിന്റെ മുമ്പാകെ ഞങ്ങൾ ഞങ്ങളുടെ തല കുനിക്കുന്നു.

വൈദികൻ പ്രാർത്ഥിച്ചുകൊണ്ടു് പറയുന്നു: 'നിന്റെ മുമ്പാകെ നിന്റെ ദാസന്മാർ നമ്രശിരസ്ക്കരായി നില്ക്കുന്നു' ദൈവം തന്റെ ജനത്തിന്മേൽ കരുണയും അനുഗ്രഹങ്ങളും അയയ്ക്കാനും, ഒരുക്കത്തോടും വിശുദ്ധിയോടും വിശുദ്ധവും ജീവദായകവുമായ രഹസ്യങ്ങളെ അവർ സ്വീകരിക്കാനും ഈ പ്രാർത്ഥനയിൽ അവൻ ദൈവത്തോടു് അപേക്ഷിക്കുന്നു. ജനം: 'ആമ്മീൻ'. വൈദികൻ, 'നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ': മാളികമുറിയിൽവച്ചു് കർത്താവു് തന്റെ ശിഷ്യർക്ക നല്കിയതുപോലെയാണു് വൈദികൻ ഈ അവസരം ജനങ്ങൾക്ക നല്കുന്ന ഈ സമാധാനാശംസ (യോ. 20: 19–26). ജനം: 'അവിടുത്തെ ആത്മാവോടും കൂടെ'.

## മൂന്നാമത്തെ ആശീർവാദം

വൈദികൻ, 'വിശുദ്ധിയും മഹത്വവുമുള്ളതും സൃഷ്ടിയല്ലാത്തതും.... ഉണ്മയായതും.....ഉണ്ടായിരിക്കട്ടെ' — ഇതാണു് വൈദികൻ അവരോടു പറയുന്നതു്: ആശീർവദിക്കപ്പെടുകയും, പൂർത്തിയാക്കപ്പെടുകയും, നിങ്ങൾക്കായി പൂർത്തീകരിക്കപ്പെടുകയും, നിങ്ങൾ സ്വീകരിക്കാൻ പോകുകയും ചെയ്യുന്ന ഈ രഹസ്യങ്ങൾ പരിശുദ്ധ ത്രിത്വത്തിന്റെ കൃപയാലത്രേ നിങ്ങൾക്ക നല്കപ്പെടുന്നതു്. കാരണം, അതു ത്രിത്വത്തെക്കൂടാതെയല്ല; പിന്നെയോ, മനുഷ്യാവതാരം ചെയ്ത, ത്രിത്വത്തിലൊരുവനായ, പുത്രൻ തന്നെയാണു്. ജനം: 'അവിടുത്തെ ആത്മാവോടും കൂടെ'. ശെമ്മാശ്ശൻ ജനങ്ങളോടു പറയുന്നു, 'ഭയത്തോടുകൂടെ നാം സൂക്ഷിക്കണം'. വൈദികൻ ഉയർത്തി നിങ്ങളുടെ കൺമുൻപിൽ കാട്ടുന്ന, ലോകത്തിൽനിന്നു വളരെ ഉപരിസ്ഥമായ, ഈ രഹസ്യങ്ങളെ ഭയത്തോടുകൂടെ നമുക്ക ദർശിക്കാം.

'വിശുദ്ധമായവ വിശുദ്ധർക്കു്' എന്നു ചൊല്ലിക്കൊണ്ടു് വൈദികൻ രഹസ്യങ്ങൾ ഉയർത്തിക്കാണിക്കുന്നു. വിശുദ്ധവും ജീവദായകവുമായ ഈ രഹസ്യങ്ങൾ വിശുദ്ധർക്ക നല്കുന്നതു് ഉചിതമാകുന്നു എന്നാണു് അവൻ പറയുന്നതു്. ജനം ഇപ്രകാരം ഏറ്റുപറയുന്നു: 'പരിശുദ്ധനായ ഏകപിതാവും, പരിശുദ്ധനായ ഏകപുത്രനും, പരിശുദ്ധനായ ഏകറൂഹായും' — അതായതു്, വൈദികനേ, ഈ വിശുദ്ധമായവ വിശുദ്ധർക്ക നല്കുന്നതു് ഉചിതമെന്നു് നീ പ്രസ്താവിച്ചല്ലോ. ഞങ്ങൾ പരിശുദ്ധരല്ലെന്നു് ഞങ്ങൾ ഏറ്റുപറയുന്നു; പിതാവും തന്റെ പുത്രനും തന്നിൽനിന്നുള്ള ആത്മാവും അല്ലാതെ ആരും പരിശുദ്ധരല്ല എന്നു ഞങ്ങൾ പ്രഖ്യാപിക്കുന്നു. 'പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും എന്നേക്കും സ്തുതി. ആമ്മീൻ: രഹസ്യങ്ങൾ സ്വീകരിക്കുന്നതിനു മുൻപു് ദൈവത്തിനർപ്പിക്കുന്ന മഹത്വംകൊണ്ടു് വിശുദ്ധീകരിക്കപ്പെടാനാണു് പരിശുദ്ധവും വിശുദ്ധീകരിക്കുന്നതുമായ ത്രിത്വത്തിനു്

www.malankaralibrary.com



മഹത്ത്വം കരേറുന്നതു്. വൈദികൻ രഹസ്യങ്ങളെ തുണികൊണ്ടു് മൂടുന്നു. താനും ജനങ്ങളും ഭാഗഭാക്കുകളാകുവാൻ മൂടിമാററി പുറകോട്ടു് ചുരുട്ടിവയ്ക്കുന്നു. രഹസ്യങ്ങളെ മൂടുവാനും മറയ്ക്കുവാനും ഉപയോഗിക്കുന്ന തുണി നമ്മുടെ കർത്താവിന്റെ കബറിങ്കൽ വയ്ക്കപ്പെടുകയും കല്ലറയുടെ വാതിൽ അടയ്ക്കപ്പെടുകയും മറയ്ക്കപ്പെടുകയും ചെയ്ത കല്ലിനു് സാദൃശ്യമാണു്.

വൈദികൻ രഹസ്യങ്ങളിന്മേലുള്ള തുണി പുറകോട്ടു് ചുരുട്ടി മാററി രഹസ്യങ്ങൾ അനാവരണം ചെയ്യുന്നതു് കല്ലറയിൽനിന്നുള്ള നമ്മുടെ കർത്താവിന്റെ ഉത്ഥാനവും ശിഷ്യർക്കു കാണപ്പെട്ടതും, തന്റെ ഉയിർപ്പിനെപ്പററി അവർക്കുറപ്പു നല്കിയതും സൂചിപ്പിക്കുന്നു. വീണ്ടും, വിശുദ്ധ രഹസ്യങ്ങളിൽ മറഞ്ഞിരിക്കുന്ന ശക്തിയുടെ മറവിനേയും അദൃശ്യാവസ്ഥയേയും അതു് സൂചിപ്പിക്കുന്നു. വീണ്ടും, വൈദികൻ രഹസ്യങ്ങളെ മൂടുന്നതു് ഭൂതകാലത്തെ സൂചിപ്പിക്കുന്നു; അതായതു് വചനമായ ദൈവം അവതാരം ചെയ്യുന്നതിനു മുൻപുള്ള സമയം. അന്നു് അവിടുന്നു് മറയ്ക്കപ്പെട്ടു് മനുഷ്യരിൽനിന്നു മറയപ്പെട്ടിരുന്നു. രഹസ്യങ്ങളുടെ മേലുള്ള മറ മാററുന്നതു്, അവിടുന്നു് മനുഷ്യർക്കു് വെളിപ്പെടുത്തപ്പെട്ടു് അറിയിക്കപ്പെട്ട മനുഷ്യാവതാരത്തിനു ശേഷമുള്ള കാലത്തിന്റെ സൂചനയാണു്.

വീണ്ടും, ജനങ്ങൾക്കു കുർബാന കൊടുക്കുന്നതിനു മുൻപു് വൈദികൻ കുർബാന സ്വീകരിക്കുന്നതു്, രഹസ്യങ്ങളെ സംബന്ധിച്ചു് നല്ല സാക്ഷ്യം നല്കുന്നതാണു്. നമ്മുടെ കർത്താവു് ചെയ്തതുപോലെ വൈദികനും ചെയ്യുന്നു. നമ്മുടെ കർത്താവു് മാളികമുറിയിൽവച്ചു് ആദ്യം തന്റെ ശരീരം ഭക്ഷിക്കുകയും പിന്നെ ശിഷ്യർക്കു കൊടുക്കുകയും ചെയ്തു. തന്റെ അദ്ധ്വാനത്തിൽ നിന്നു് കൃഷിക്കാരൻ ആദ്യം ആസ്വദിക്കുകയും പിന്നെ മററുള്ളവർ ഭക്ഷിക്കുകയും ചെയ്യുക എന്നതു് ന്യായമാണു്. അദ്ധ്യാപകൻ ആദ്യം പ്രബോധനങ്ങളാൽ നിറയപ്പെടുകയും അതിനുശേഷം മററുള്ളവരെ പഠിപ്പിക്കയും ചെയ്യുക യുക്തമാണു്. വൈദികൻ ആദ്യം വൈദികസമൂഹത്തിനും പിന്നെ ജനങ്ങൾക്കും രഹസ്യങ്ങൾ വിഭജിച്ചു കൊടുക്കുന്നു.

വൈദികൻ വൈദികഗണത്തിനും ജനങ്ങൾക്കുമായി വിഭജിച്ചു കൊടുക്കുന്ന ശരീരത്തിന്റെയും രക്തത്തിന്റെയും രഹസ്യം ഉത്ഥാനത്തിനുശേഷമുള്ള സഹനാതീതവും അമർത്ത്യവുമായ ശരീരമാണു്, അല്ലാതെ ഉത്ഥാനത്തിനു മുൻപുള്ള ശരീരമായിട്ടല്ല. കുർബാന സ്വീകരിക്കാൻ വലതുകരം നീട്ടുന്നതും ഇടതുകരം അതിനെ താങ്ങുന്നതും, സ്വീകരിക്കപ്പെടുന്ന ദാനത്തിന്റെ അമൂല്യാവസ്ഥയെ സൂചിപ്പിക്കുന്നു. നിത്യജീവന്റെ അച്ചാരമാണല്ലോ ഈ ദാനം.[35] വിശുദ്ധരഹസ്യങ്ങളുടെ സ്വീകരണം — ക്രിസ്തുദർശനത്തിന്റെ സ്വീകരണമാണതു്; ഏകദൈവവുമായുള്ള ഐക്യമാണതു്.

നാലാം ഭാഗം ഇവിടെ അവസാനിക്കുന്നു.

---

35 വി: കുർബാന കൈകളിൽ സ്വീകരിച്ചു് ഭക്ഷിക്കുന്നതു് നല്ലൊരു രീതിയാണു്; അതു് പ്രാചീന പാരമ്പര്യങ്ങൾക്കു് അനുസൃതവുമാണു്.

www.malankaralibrary.com



## അഞ്ചാം ഭാഗം

ശെമ്മാശ്ശൻ പറയുന്നു, 'ഈ രഹസ്യങ്ങളെ സ്വീകരിച്ചശേഷം': ദൈവം നമുക്കു നല്കിയ ജീവദായകവും പാപപരിഹാരപ്രദവുമായ രഹസ്യത്തിന്റെ അവാച്യദാനത്തെപ്രതി ദൈവത്തിനു നന്ദിപറയാൻ അയാൾ ജനങ്ങളെ പ്രേരിപ്പിക്കുന്നു (2 തിമൊ. 2:6). ജനങ്ങൾ പറയുന്നു, 'ഞങ്ങളുടെ ദൈവമായ കർത്താവേ, ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.' അയോഗ്യരും ദരിദ്രരുമായ ഞങ്ങൾക്കു് നീ നിരന്തരം നല്കുന്ന ശ്രേഷ്ഠദാനങ്ങൾക്കും കൃപകൾക്കും ഞങ്ങൾ നിനക്കു നന്ദിപറയുന്നു. വൈദികൻ പ്രാർത്ഥിച്ചു പറയുന്നു: 'ഞങ്ങളുടെ ദൈവമായ കർത്താവേ, ഞങ്ങൾ നിനക്കു നന്ദിപറയുന്നു'. ദൈവം നമുക്കു നല്കിയ ജീവദായകമായ രഹസ്യങ്ങളെപ്രതി ഈ പ്രാർത്ഥനയിൽ ദൈവത്തിനു നന്ദി പറയുന്നു. അതു് ന്യായവിധിക്കാകാതെ, ക്ഷമക്കും ശുദ്ധീകരണത്തിനുമായി തീരണമേ എന്നും വൈദികൻ ദൈവത്തോടു പ്രാർത്ഥിക്കുന്നു. ലോകാരംഭം മുതൽ, തന്നെ പ്രസാദിപ്പിച്ച എല്ലാവർക്കുമുള്ള അവകാശത്തിനും, ഓഹരിക്കും, അംശത്തിനും വരുവാനിരിക്കുന്ന ലോകത്തിൽ നാം യോഗ്യരാകുവാൻ, നമ്മെ നീതിയിലും വിശുദ്ധിയിലും കാക്കണമെ എന്നു് വൈദികൻ ദൈവത്തോടു് പ്രാർത്ഥിക്കുന്നു.

## കൈവയ്പിന്റെ മൂന്നാം പ്രാർത്ഥന

ശെമ്മാശ്ശൻ പറയുന്നു: 'കർത്താവിന്റെ മുൻപാകെ നാം തല കുനിക്കണം.' കർത്താവിന്റെ മുൻപാകെ തല വണങ്ങുവാൻ അവൻ കല്പിക്കുന്നു; അവർക്കുവേണ്ടിയാണു് വൈദികൻ ഈ പ്രാർത്ഥന ചൊല്ലുന്നതു്. 'സ്വർഗ്ഗം ചായിച്ചിറങ്ങിവന്ന സർവ്വവല്ലഭനും വിസ്മയനീയനുമായ ദൈവമേ!'—വൈദികൻ പുത്രനോടാണു് ഈ പ്രാർത്ഥന ചൊല്ലുന്നതു്. തങ്ങളുടെമേൽ കരുണ കാണിക്കണമെന്നും, തന്റെ ദാനങ്ങൾ അവരുടെമേൽ വർഷിക്കണമെന്നും, പാപത്തിൽനിന്നും ദോഷങ്ങളിൽനിന്നും സംരക്ഷിക്കണമെന്നും അവൻ പ്രാർത്ഥിക്കുന്നു. കർബാനയിലെ എല്ലാ പ്രാർത്ഥനകളും പിതാവിനെ അഭിസംബോധന ചെയ്തുകൊണ്ടുള്ളതാണു് എന്നതു് നാം അറിഞ്ഞിരിക്കണം. അപ്പകനായ വൈദികൻ ദൈവത്തിനും മനുഷ്യർക്കുമിടയിൽ മദ്ധ്യസ്ഥനായിത്തീർന്ന (2 തിമൊ. 2:5) ക്രിസ്തുവിനെ സൂചിപ്പിക്കുന്നതിൽനിന്നു് ഇതു് വ്യക്തവുമാണു്. ക്രിസ്തുവിന്റെ സ്ഥാനത്തു നിന്നുകൊണ്ടു് ശരീരത്തേയും രക്തത്തേയും തന്റേതെന്നു് അവൻ വിളിക്കുന്നു. പരിശുദ്ധാത്മാവിനെ വിളിക്കുമ്പോഴും പിതാവിനോടാണു അവൻ സംസാരിക്കുന്നതു്. 'സർവ്വശക്തനായ പിതാവായ ദൈവമേ, ഞങ്ങളിൽ കരുണ തോന്നണമെ. ഞങ്ങളുടെമേലും ഈ കാഴ്ചകളിന്മേലും നിന്റെ പരിശുദ്ധാത്മാവിനെ അയയ്ക്കണമെ.' കർത്താവിന്റെ ശരീരത്തിലുള്ള വ്യാപാരത്തെ വൈദികൻ ആചരിക്കുമ്പോൾ, ക്രിസ്തുവിങ്കലേക്കു് അവൻ തിരിയുന്നു. അവൻ പറയുന്നു, 'കർത്താവേ, നിന്റെ മരണത്തേയും മരിച്ചവരിൽ നിന്നുള്ള മൂന്നാം ദിവസത്തെ നിന്റെ ഉയിർത്തെഴുന്നേല്പിനേയും ഞങ്ങൾ അനുസ്മരിക്കുന്നു.' എന്നിരുന്നാലും എല്ലാ പ്രാർത്ഥനകളിലുമെന്നപോലെ ഇതിലും അവസാനം വൈദികൻ ക്രിസ്തുവിനോടു് ഇപ്രകാരം പറഞ്ഞുകൊണ്ടു് പിതാവിൻ പക്കലേക്കു് തിരിയുന്നു. 'അവനി

www.malankaralibrary.com



ലൂടെയും അവനോടു കൂടെയും നിന്റെ പിതാവിനോട്....' ജനം ഒന്നു ചേർന്ന് പിതാവിനോട് പ്രത്യുത്തരിക്കുന്നു. സർവ്വശക്തിയുള്ള പിതാവായ ദൈവമേ, ഞങ്ങളെ അനുഗ്രഹിക്കണമെ.' അതുകൊണ്ട് ഈ അവസാന പ്രാർത്ഥന ഒഴികെ കുർബാനയിലെ മറ്റെല്ലാ പ്രാർത്ഥനകളും പിതാവിനോടാണ് എന്നു വ്യക്തമാണ്. അവസാനത്തെ ഈ പ്രാർത്ഥന പുത്രനോടാണ്. ഇതിൽ പുരോഹിതൻ പുത്രനെ ഏററു പറയുന്നു. കാരണം, തന്റെ സനാതനവും പാവനവുമായ വചനം അനുസരിച്ച് അവൻവഴി നമുക്കു പിതാവിലേക്ക് സാമീപ്യം ലഭിച്ചു; പിതാവിലേക്ക് നമ്മെ നയിക്കുന്ന വഴിയും കൂട്ടിക്കൊണ്ടു പോകുന്ന വാതിലും അവിടുന്നാകുന്നു.

അതുകൊണ്ട് (ഇതൊഴികെ) പകർത്തി എഴുതിയപ്പോഴും തെററിയതു വഴിയോ, അറിവില്ലാത്തവരും പരിശീലനം ലഭിക്കാത്തവരുമായ വൈദികരുടെ കുററംകൊണ്ടോ, കുർബാനയിൽ പുത്രനെ അഭിസംബോധന ചെയ്യുന്ന പ്രാർത്ഥനകളുണ്ടെങ്കിൽ അതു തിരുത്തി കുർബാനയിലെ മററു പ്രാർത്ഥനപോലെ പിതാവിനോടാക്കണം. അപ്പകനായ വൈദികൻ ക്രിസ്തുവിന്റെ സ്ഥാനത്തു നില്ക്കുന്നു; അവിടുത്തെ സ്ഥാനത്തു ദൈവത്തിനും മനുഷ്യനും ഇടയിൽ മദ്ധ്യസ്ഥനായി അവൻ നിലകൊള്ളുന്നു. അവസാന പ്രാർത്ഥന പുത്രനെ അഭിസംബോധന ചെയ്ത് ചൊല്ലുന്നതാണുത്തമം. കാരണം, അവിടുന്നു നമുക്കു പിതാവിനെ സമീപിക്കാനുള്ള ഉപകരണമായിത്തീർന്നു. ഈ പ്രാർത്ഥനയിലൂടെ പുത്രനെ ഏററുപറഞ്ഞു് അവിടുത്തേക്ക് നന്ദിപറയാം. കാരണം, ഈ വലിയ അനുഗ്രഹത്തിന് ഹേതുഭൂതൻ അവിടുന്നാണ്; നാം ദൂരസ്ഥരും തന്റെ പിതാവിനാൽ പരിത്യക്തരുമായിരുന്നപ്പോഴും പുത്രനിലും പുത്രൻവഴിയും പിതാവ് നമ്മെ വിളിച്ച് തന്നിലേക്കടുപ്പിച്ചു: അവിടുത്തേക്ക് എന്നേക്കും സ്തുതിയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

മോശ ബർ കേഫാ ആയ ഭക്തനും വിശുദ്ധനുമായ സെവേറുസ് രചിച്ച വിശുദ്ധ രഹസ്യങ്ങളുടെ ഭാഷ്യം അവസാനിച്ചു.

# 4

# എവാഗ്രിയസ്

ഈജിപ്തിലെ സന്യാസ പിതാക്കന്മാരുടെ കൂട്ടത്തിൽ ഏററം കൂടുതൽ കൃതികൾ രചിച്ചതു് എവാഗ്രിയസാണ് (345—399). മൊണാസ്റ്റിക് മിസ്റ്റിസിസത്തിന്റെ കർത്താവാണദ്ദേഹം. ഈജിപ്ഷ്യൻ മരുഭൂമിയിലെ ഏററം നല്ല ആദ്ധ്യാത്മിക ഗ്രന്ഥകാരനും അദ്ദേഹം തന്നെ. 'പ്രാക്തിക്കോസ്', 'ഗ്നോസ്റ്റിക്കോസ്', 'ഗ്നോസ്റ്റിക് പ്രശ്നങ്ങൾ', 'പ്രാർത്ഥന', ആൻറിറെട്ടിക്കോസ്', തുടങ്ങി അദ്ദേഹത്തിന്റെ നിരവധി ഗ്രന്ഥങ്ങൾ നമുക്കു കൈവന്നിട്ടുണ്ട്. ഇവയിൽ 'പ്രാക്തിക്കോസ്' എന്ന കൃതിയാണു ചുവടേ ചേർക്കുന്നതു്.

www.malankaralibrary.com



# പ്രാക്ടിക്കോസ്[1]

സന്യാസജീവിതത്തെപ്പറ്റി നൂറ് ഖണ്ഡികകളിലായി ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. എവാഗ്രിയസിന്റെ ഒരു സുപ്രധാന കൃതിയാണിത്. പ്രാർത്ഥന, ദുർവികാരങ്ങളെ നിയന്ത്രിക്കൽ, ആത്മശുദ്ധിപ്രാപിക്കൽ എന്നിവയെ സംബന്ധിച്ച് നിരവധി കാര്യങ്ങൾ അദ്ദേഹം ഇതിൽ ചർച്ച ചെയ്യുന്നുണ്ട്. സന്യാസികളെ മുന്നിൽ കണ്ടുകൊണ്ടാണ് അദ്ദേഹം ഇതു രചിച്ചതെങ്കിലും മററുള്ളവർക്കും ഇതു് പ്രയോജനപ്രദമാണ്. പ്രായോഗിക ജീവിത സഹായികളായ പ്രബോധനങ്ങളാണ് 'പ്രാക്ടിക്കോസി'ലുള്ളത്: തിന്മകളോടു പോരാടുന്നതിനും സുകൃതങ്ങൾ നേടുന്നതിനും ഉതകുന്ന പ്രായോഗിക പരിപാടികൾ. താപസജീവിതത്തിന്റെ കുസുമമായ വികാരാതീതത്വത്തിൽ (apatheia) എത്തിച്ചേരാനുള്ള വഴികൾ അദ്ദേഹം ഉപദേശിക്കുന്നു. ഇതു ദൈവഭയം തന്നെയാണ്. ദൈവസ്നേഹത്താൽ പ്രേരിതനായി വൈകാരിക ജീവിതത്തെ നിയന്ത്രിക്കുന്നതിന്റെ ഫലമായി സംജാതമാകുന്ന ശാന്തത നിറഞ്ഞ അവസ്ഥയാണിതു്. വികാരാതീതത്വവും ദൈവസ്നേഹവും ഒരേ യാഥാർത്ഥ്യത്തിന്റെ രണ്ടു വശങ്ങളാണ്. ഒന്നുള്ളിടത്തു് മററതും ഉണ്ടായിരിക്കും. ദൈവകല്പനകളനുസരിച്ചും സുകൃതങ്ങളഭ്യസിച്ചും ഇതിലെത്തിച്ചേരാം. വിനയം അഭ്യസിച്ചും പാപത്തെപ്പററിയുള്ള ദുഃഖം നിലനിർത്തിയും ഇതു വളർത്തിയെടുക്കാം. പിശാചുക്കളുടെ അക്രമണത്തിൽ നിന്നു് ഇതിനെ നിരന്തരം സംരക്ഷിക്കണം. എല്ലാ മനുഷ്യരേയും സ്നേഹിക്കാനുള്ള കഴിവ് ഇതുവഴി കൈവരുന്നു. സ്നേഹിക്കാതിരിക്കുന്നതും, സുകൃതം അഭ്യസിക്കാതിരിക്കുന്നതും, ഒന്നും ചെയ്യാതിരിക്കുന്നതുമല്ല വികാരാതീതത്വം. ഇതു പ്രാർത്ഥനയുടെ ഫലമാണ്. പരിശുദ്ധാത്മാവിന്റെ ദാനമാണ്. കൂദാശകൾ സ്വീകരിക്കുന്നതുവഴി നാം ഇതിൽ വളരുന്നു. നിരവധി പ്രാവശ്യം 'പ്രാക്ടിക്കോസിൽ' ഇതേപ്പററി എവാഗ്രിയസ് പ്രതിപാദിക്കുന്നുണ്ട്.

പിശാചുക്കളെപ്പററിയും പൈശാചിക പ്രവർത്തനങ്ങളെപ്പററിയും തുടരെത്തുടരെ അദ്ദേഹം പ്രബോധിപ്പിക്കുന്നു. നൂറ് ഖണ്ഡികകളിൽ അറുപത്തേഴ പ്രാവശ്യം പിശാചുക്കളെക്കുറിച്ച് പരാമർശനം നടത്തുന്നു. സന്യാസകൃതികൾ പൊതുവെ പൈശാചിക പ്രവർത്തനത്തിന് അമിതമായ ഊന്നൽ കൊടുത്തിരുന്നു. പ്രസ്തുത പാരമ്പര്യം എവാഗ്രിയസിലും ദൃശ്യമാണ്. പിശാചുക്കളുടെ ആക്രമണപരിപാടികളെപ്പററി അദ്ദേഹം സന്യാസികളെ ബോധവാന്മാരാക്കുന്നു.

പാശ്ചാത്യവും പൗരസ്ത്യവുമായ സഭകളിലെല്ലാം എവാഗ്രിയസ് ഗണ്യമായ സ്വാധീനം ചെലുത്തി.

---

1. Evagrius Ponticus, *The Praktikos, Chapters on Prayer*, (Cistercian Publications) Spencer, Mass. 1970, p. 12-42 (tr. by J. E. Bamberger).

www.malankaralibrary.com



# പ്രാക്തിക്കോസ്

## അനറ്റോളിയൂസിനുള്ള ആമുഖലേഖനം

എനിക്ക് ഏററം പ്രിയപ്പെട്ട സഹോദരനായ അനറ്റോളിയൂസേ, വിശുദ്ധ പർവ്വതത്തിൽ നിന്ന്[1] അടുത്തകാലത്ത് താങ്കൾ എനിക്കെഴുതി. ഈജിപ്തിലെ സന്യാസിമാരുടെ വേഷവിധാനത്തിന്റെ അർത്ഥങ്ങൾ വിശദീകരിച്ചു തരണം എന്നാവശ്യപ്പെട്ടുകൊണ്ടാണല്ലോ താങ്കൾ എഴുതിയത്. മററാളുകളുടെ വസ്ത്രങ്ങളിൽ നിന്നു വളരെ വ്യത്യസ്തമായ വിധത്തിലൊരു വസ്ത്രക്രമീകരണം ഈജിപ്തിലെ സന്യാസിമാർ സ്വീകരിച്ചിട്ടുള്ളത് ഒരു കാരൃവുമില്ലാതെയല്ല എന്നു താങ്കൾക്കറിയാമല്ലോ. അതിനാൽ വിശുദ്ധരായ പിതാക്കന്മാരിൽ നിന്ന് ഇക്കാര്യത്തെക്കുറിച്ചു ഞാൻ മനസ്സിലാക്കിയിട്ടുള്ളിടത്തോളം കാര്യങ്ങൾ താങ്കൾക്കു പറഞ്ഞു തരാം.

ശിരോവേഷ്ടനം[2]: ഇതു് നമ്മുടെ രക്ഷകനായ ദൈവത്തിന്റെ സ്നേഹത്തിന്റെ പ്രതീകമാണ്. അതു് നമ്മുടെ ശരീരത്തിലെ ഏററവും പ്രധാന അവയവത്തെ ആവരണം ചെയ്യുകയും ക്രിസ്തുവിൽ ദൈവത്തിന്റെ മക്കളായ നമ്മെ ചൂടോടെ സംരക്ഷിക്കുകയും ചെയ്യുന്നു. നമ്മെ അടിക്കുകയും ക്ഷതപ്പെടുത്തുകയും ചെയ്യാൻ ശ്രമിക്കുന്നവരിൽ നിന്ന് അതു നമ്മെ രക്ഷിക്കുന്നു എന്നു പറയാം. അതിനാൽ ഈ ശിരോവേഷ്ടനം ശിരസ്സിൽ ധരിക്കുന്നവരെല്ലാവരും താഴെ പറയുന്ന വാക്കുകൾ ഉറക്കെ പാടുന്നു: കർത്താവു ഭവനം പണിയുന്നില്ലെങ്കിൽ പണിക്കാർ വൃഥാ അദ്ധ്വാനിക്കുന്നു; കർത്താവു നഗരം കാക്കുന്നില്ലെങ്കിൽ കാവൽക്കാർ വൃഥാ കാത്തിരിക്കുന്നു (സങ്കീ. 127:1). ഇത്തരം വചനങ്ങൾ നമ്മിൽ എളിമ വളർത്തുന്നു; നീണ്ടുനില്ക്കുന്ന തിന്മയായ അഹങ്കാരത്തെ വേരോടെ പറിച്ചു കളയുന്നു. ഉഷകാലനക്ഷത്രം പോലെ പ്രഭാതത്തിൽ ഉദിച്ചുയന്ന ലൂസിഫർ സ്വർഗ്ഗത്തിൽ നിന്നു വലിച്ചെറിയപ്പെടാൻ അഹങ്കാരം വഴിതെളിച്ചു.[3]

സന്യാസിമാർ നഗ്നമായ കരങ്ങളോടെ സഞ്ചരിക്കുന്നു. സകല കപടനാട്യങ്ങളിലും നിന്നു വിമുക്തമായ ജീവിതത്തെയാണിതു് സൂചിപ്പിക്കുന്നതു്. പൊള്ളയായ അഹങ്കാരത്തിന് എല്ലാ സദ്ഗുണങ്ങളേയും മൂടിക്കളയുകയും തണലിലാക്കുകയും ചെയ്യാനുള്ള ഭീകര ശക്തിയുണ്ട്. അതു് എപ്പോഴും മനുഷ്യരിൽ നിന്ന് സ്തുതിവചനങ്ങൾ തേടിക്കൊണ്ടിരിക്കും. വിശ്വാസത്തെ നിർവ്വാസനം ചെയ്യും. നമ്മുടെ കർത്താവ് ഇക്കാര്യം വളരെ മനോഹരമായി പ്രതിപാദിച്ചിട്ടുണ്ട്:

---

1 ഒലിവുമല

2 Cowl

3 പ്രഭാതനക്ഷത്രത്തിന് 'ലൂസിഫർ' എന്നു പേരുണ്ട്. ഏശാ. 14:12 (ഉഷകാല നക്ഷത്രമേ, പ്രഭാതപുത്രാ, ആകാശത്തുനിന്നു നീ എങ്ങനെ വീണുപോയി?) വ്യാഖ്യാനിച്ചുകൊണ്ട് പിതാക്കന്മാർ പിശാചുക്കളുടെ തലവനു് ആരോപിച്ചു.

www.malankaralibrary.com



'അന്യോന്യം ബഹുമതി സ്വീകരിക്കുകയും ദൈവത്തിൽ നിന്നുള്ള ബഹുമതിമാത്രം അന്വേഷിക്കാതിരിക്കുകയും ചെയ്യുന്ന നിങ്ങൾക്ക് എങ്ങനെ വിശ്വസിക്കാൻ കഴിയും' (യോഹ. 5:14). നന്മയെ അതിനുവേണ്ടി ത്തന്നെ നാം അനുധാവനം ചെയ്യണം. നാം നന്മ പ്രവർത്തിക്കുന്നത് മററന്തെങ്കിലും ലക്ഷ്യം വച്ച് ആയിരിക്കരുത്. അങ്ങനെ ചിന്തിച്ചാൽ നന്മ ചെയ്യുന്ന സന്ദർഭം നന്മയേക്കാൾ ശ്രേഷ്ഠമാണെന്നു വരും. ദൈവത്തേക്കാൾ മെച്ചമായിട്ട് എന്തെങ്കിലുമുണ്ട് എന്നൊരാൾ പറയാനിടയാകുന്ന സാഹചര്യത്തെക്കുറിച്ചു ചിന്തിച്ചു നോക്കുക. അതെത്ര അപഹാസ്യമായിരിക്കും?

കുരിശിൻെറ ആകൃതിയിലുള്ളതും സന്യാസിയുടെ തോളിനെ ആവരണം ചെയ്യുന്നതുമായ തോൾവസ്ത്രം സന്യാസികൾ ക്രിസ്തുവിലുള്ള വിശ്വാസത്തിൻെറ പ്രതീകമാകുന്നു. അതു ശാന്തസ്വഭാവികളെ ഉയർത്തുകയും തടസ്സങ്ങൾ നീക്കുകയും സ്വതന്ത്രവും അപ്രതിഹതവുമായ പ്രവർത്തനത്തിനു വഴിതെളിക്കുകയും ചെയ്യുന്നു.

സന്യാസിമാർ അരയിൽ ധരിക്കുന്ന ബെൽററ് അവർ എല്ലാ അശുദ്ധികളേയും തിരസ്കരിക്കുന്നു എന്നു വ്യക്തമാക്കുന്നു. 'സ്ത്രീയെ സ്പർശിക്കാതിരിക്കുന്നത് പുരുഷനു നല്ല കാര്യമാകുന്നു' (1 കൊറി 7:1) എന്ന് അതു പ്രഖ്യാപിക്കുന്നു. ഈ സന്യാസിമാർ ക്രിസ്തുവിൻെറ പീഡാനുഭവങ്ങൾ എപ്പോഴും അവരുടെ ശരീരത്തിൽ വഹിക്കുകയാണ്. യുക്തിവിരുദ്ധമായ അഭിലാഷങ്ങളെയെല്ലാം അവർ നിയന്ത്രിക്കുന്നു. ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നതിനുവേണ്ടി ആട്ടിൻതോൽ കൊണ്ടുള്ള ഒരു വസ്ത്രവും സന്യാസിമാർ ധരിക്കുന്നുണ്ട്[4]. നന്മയിലുള്ള ഐക്യംകൊണ്ട് തിന്മകളെയെല്ലാം അവർ വിച്ഛേദിച്ചു കളയുന്നു. അവർ ദാരിദ്ര്യത്തെ സ്നേഹിക്കുകയും അത്യാഗ്രഹത്തിൽ നിന്ന് ഓടിയകലുകയും ചെയ്യുന്നു. അത്യാഗ്രഹം വിഗ്രഹാരാധനയുടെ മാതാവത്രേ.

സന്യാസികൾ വടികൊണ്ടു നടക്കാറുണ്ട്. അത് ജീവൻെറ വൃക്ഷമാണ്. അതിൽ ഉറപ്പിച്ചു പിടിക്കുന്നവർക്ക് അതു സുരക്ഷിതത്വം നൽകുന്നു. നമ്മുടെ കർത്താവിനെ എന്നപോലെ അതിനെ ആശ്രയിച്ച് അവർക്കു നിൽക്കാം.

ചുരുക്കത്തിൽ, സന്യാസിയുടെ വേഷവിധാനം നാം മുകളിൽ പറഞ്ഞ കാര്യങ്ങളുടെയെല്ലാം ഒരു സംഗൃഹീത പ്രതീകമാണെന്നു പറയാം. യുവസന്യാസിമാർക്ക് ഈ സന്യാസവസ്ത്രം നൽകുമ്പോൾ മുതിർന്ന സന്യാസിമാർ അവരോട് ഇങ്ങനെ പറയുന്നു: 'എൻെറ മകനേ, ദൈവഭയം വിശ്വാസത്തെ ശക്തിപ്പെടുത്തുന്നു; ആത്മസംയമനം ദൈവഭയത്തെ ശക്തിപ്പെടുത്തുന്നു. ക്ഷമയും ശരണവും ഈ രണ്ടാമതുപറഞ്ഞ

4 ആട് ബലിയുടെ പ്രതീകമാണ്; പെസഹാക്കുഞ്ഞാട്; ഏശാ. 53:7 ലെ ആട്;

www.malankaralibrary.com



സുകൃതത്തെ അവിചാല്യമായ വിധം ഉറപ്പിക്കുന്നു. അവ വികാരാതീതത്വം [5] എന്ന സദ്ഗുണത്തിനു ജന്മം നൽകുന്നു. വികാരാതീതത്വത്തിന് അഗാപേ [6] എന്ന ഒരു കുട്ടിയുണ്ട്. ആ അഗാപ്പേ സൃഷ്ടപ്രപഞ്ചത്തെക്കുറിച്ചുള്ള അഗാധ ജ്ഞാനത്തിന്റെ ദ്വാരപാലകനാണ്. പ്രസ്തുത ജ്ഞാനത്തെ ദൈവജ്ഞാനവും ദൈവജ്ഞാനത്തെ നിത്യസൗഖ്യവും പിന്തുടരുന്നു. [7]

സന്യാസിമാരുടെ വേഷവിധാനത്തെയും പൂർവികരുടെ അദ്ധ്യാപനത്തേയും കുറിച്ചുള്ള വിശദീകരണം ഇത്രയും മതിയെന്നു വയ്ക്കുക. സന്യാസിമാരുടെ സമ്പ്രദായങ്ങളേയും അവരുടെ ധ്യാനനിരതമായ ജീവിതത്തേയുംകുറിച്ച് ഇനി ചർച്ചചെയ്യാം. കണ്ടിട്ടും കേട്ടിട്ടുമുള്ള കാര്യങ്ങളെല്ലാം പറയുകയില്ല; മററുള്ളവരോട് പറയാൻ പിതാക്കന്മാർ ഞങ്ങളെ പഠിപ്പിച്ചിട്ടുള്ള കാര്യങ്ങളെല്ലാം തീർച്ചയായും പറയും.

സന്യാസ ജീവിതത്തെക്കുറിച്ചു പറയാനുള്ള കാര്യങ്ങൾ നൂറു വിഭാഗങ്ങളായി സംഗ്രഹിച്ചു പറയാം. വേറൊരു അറുനൂററമ്പതു വിഭാഗങ്ങൾ ധ്യാനപരമായ കാര്യങ്ങളെക്കുറിച്ചും പറയാം. [8] പരിശുദ്ധമായ വസ്തുക്കൾ പട്ടികൾക്കു കൊടുക്കുകയും മുത്തുകൾ പന്നികളുടെ മുന്നിൽ വിതറുകയും ചെയ്യാൻ പാടില്ലല്ലോ. അതിനാൽ ചില കാര്യങ്ങളെല്ലാം ഒളിച്ചുവയ്ക്കേണ്ടിയിരിക്കുന്നു. ചില കാര്യങ്ങളെക്കുറിച്ച് അവ്യക്തമായി പരാമർശിക്കണം. എന്നാൽ സന്യാസത്തിന്റെ അതേ പാതയിൽ സഞ്ചരിക്കുന്നവർക്ക് അവയെല്ലാം ശരിക്കും വ്യക്തമായിരിക്കും.

## നൂറു ഖണ്ഡികകൾ

1 നമ്മുടെ രക്ഷകനായ ക്രിസ്തു പഠിപ്പിച്ച തത്വങ്ങളുടെ സമാഹാരമാണു ക്രിസ്തുമതം. പ്രാക്തിക്കെ, [9] ഭൗതിക ലോകത്തെക്കുറിച്ചുള്ള വിചിന്തനം, ദൈവത്തെക്കുറിച്ചുള്ള വിചിന്തനം എന്നിവയാണതിന്റെ ഘടകങ്ങൾ.

5 apatheia

6 agape

7 എവാഗ്രിയസിന്റെ ആദ്ധ്യാത്മികജീവിതത്തിന്റെ രത്നച്ചുരുക്കം ഇതിൽ ദർശിക്കാം.

8 പ്രാക്തിക്കോസ്, ഗ്നോസ്റ്റിക്കോസ്, എന്നീ കൃതികൾ ഒന്നിച്ച് മൊണാക്കിക്കോസ് എന്നു അറിയപ്പെട്ടു. ഇതോടു കൂടി ഗ്നോസ്റ്റിക് പ്രശ്നങ്ങൾ (കെഫാലയാ ഗ്നോസ്റ്റിക്കാ) എന്നു മൂന്നാമതൊന്നുകൂടി ചേരുമ്പോൾ ഒരു യൂണിററാകും. ചെറിയ ചെറിയ മൊഴികളായിട്ടാണ് ഈ കൃതികൾ രചിക്കപ്പെട്ടിരിക്കുന്നത്: പ്രാക്തിക്കോസിൽ 100 ഖണ്ഡികകൾ, ഗ്നോസ്റ്റിക്കോസിൽ 50 ഖണ്ഡികൾ, ഗ്നോസ്റ്റിക് പ്രശ്നങ്ങളിൽ 600 ഖണ്ഡികകൾ (chapters).

9 പ്രായോഗിക പരിശീലനം

www.malankaralibrary.com



2 ആത്മാവിന്റെ വികാരാതീതത്വവും അസ്തിത്വമുള്ള വസ്തുക്കളെക്കുറിച്ചുള്ള യഥാർത്ഥ ജ്ഞാനവും ചേർന്നതാണ് സ്വർഗ്ഗരാജ്യം.

3 ബുദ്ധിക്ക് അതിശയകരമായ അഴിവില്ലായ്മ പ്രദാനം ചെയ്യുന്ന, അതിന്റെ കഴിവിനനുസൃതമായ, ത്രിത്വജ്ഞാനമത്രേ ദൈവരാജ്യം.

4 ഒരു മനുഷ്യൻ എന്തിനെയെല്ലാം സ്നേഹിക്കുന്നുണ്ടോ അവയെയെല്ലാം സർവ്വശക്തിയോടുംകൂടെ അവൻ ആഗ്രഹിക്കും. ആഗ്രഹിക്കുന്നതു കൈക്കലാക്കാൻ അവൻ ശ്രമിക്കുകയും ചെയ്യും. എല്ലാ സുഖങ്ങളും ആഗ്രഹത്തെ പിന്തുടർന്നാണു വരുന്നത്. വികാരങ്ങൾ ആഗ്രഹങ്ങൾക്കു ജന്മം നൽകുന്നു. വികാരത്തിനു വിഷയമാകാത്തതു് ആഗ്രഹത്തിനു വിഷയമാകുന്നില്ല.

5 പിശാചുക്കൾ ഏകാന്തജീവിതം നയിക്കുന്ന സന്യാസികളോടു നേരിട്ടു യുദ്ധം ചെയ്യുന്നു. എന്നാൽ സമൂഹജീവിതം നയിക്കുന്ന സന്യാസിമാരെ സംബന്ധിച്ചാണെങ്കിൽ, അവരിൽ അലസരും അശ്രദ്ധരുമായവരെ മറ്റുള്ളവർക്കെതിരായി അണിനിരത്തുകയാണ് അവർ ചെയ്യുന്നതു്. ഈ രണ്ടാം വിഭാഗത്തിലുള്ള യുദ്ധം ആദ്യത്തേതിനേക്കാൾ ലഘുവാകുന്നു. എന്തെന്നാൽ പിശാചുക്കളേക്കാൾ ഭയങ്കരന്മാരായ മനുഷ്യർ ഭൂമിയിലില്ലല്ലോ. ഒരേസമയം അവരുടെ ദുഷ്ക്രിയകൾക്കെല്ലാം പിന്തുണ നൽകുന്നവരുമില്ല.

## എട്ടുതരം ദുഷ്ടവിചാരങ്ങൾ

6 പൊതുവായും അടിസ്ഥാനപരമായും എട്ടു വിഭാഗങ്ങളിൽപ്പെട്ടവയാണ് വിചാരങ്ങൾ. എല്ലാ വിചാരങ്ങളും അവയിൽ ഉൾപ്പെടുന്നു. അവയിൽ ആദ്യത്തേതാണ് ഭോജനപ്രിയം. അശുദ്ധത, അത്യാഗ്രഹം, ശോകാകുലത്വം, കോപം, വിരസത[10] പൊങ്ങച്ചം, അഹങ്കാരം എന്നിവ തുടർന്നുവരുന്നു. ഈ വിചാരങ്ങൾ നമ്മെ അസ്വസ്ഥരാക്കുന്നുണ്ടോ എന്നു നിശ്ചയിക്കാൻ നമുക്കു കഴിവില്ല. എന്നാൽ അവ നമ്മുടെ മനസ്സിൽ തങ്ങിനിൽക്കണമോ വേണ്ടയോ എന്നും അവ നമ്മുടെ വികാരങ്ങളെ തട്ടിയുണർത്തണമോ വേണ്ടയോ എന്നും തീരുമാനിക്കാൻ നമുക്കു കഴിയും.

7 സന്യാസജീവിതം വേഗം ഉപേക്ഷിച്ചുപോകാനുള്ള പ്രേരണയാണ് ഭോജനപ്രിയത്തിൽ നിന്നുണ്ടാകുന്നതു്. വിവിധങ്ങളായ ഉദരാവയവങ്ങൾ, ദീർഘരോഗങ്ങൾ, ഭക്ഷ്യവിഭവങ്ങളുടെ ദൗർലഭ്യം, ചികിത്സാസൗകര്യങ്ങൾ ലഭിക്കാതെ വന്നാലുള്ള ക്ലേശങ്ങൾ തുടങ്ങിയ കാര്യങ്ങളെല്ലാം അതു മനസ്സിലേയ്ക്കു കൊണ്ടുവരുന്നു. അത്തരം ബുദ്ധിമുട്ടുകൾക്കിരയായ ചില സഹോദരങ്ങളുടെ കാര്യം അതു് നിരന്തരം ഓർമ്മയിലേയ്ക്കു കൊണ്ടുവരുന്നു. അത്തരം ക്ലേശങ്ങൾ അനുഭവിച്ച ചിലർ

---

10 accedia

www.malankaralibrary.com



സന്യാസപരിശീലനം നടത്തുന്ന മററുള്ളവരെ സമീപിച്ച് തങ്ങൾക്കുണ്ടായിട്ടുള്ള വിഷമങ്ങൾക്കെല്ലാം കാരണം സന്യാസജീവിതമാണെന്നു പറയുന്ന അവസ്ഥവരെ ഉണ്ടായെന്നും വരാം.

8 അശുദ്ധിയുടെ പിശാച് ശരീരങ്ങളെക്കുറിച്ചുള്ള ആസക്തി വളർത്താനാണ് ഉത്സാഹിക്കാറുള്ളത്. ആ പിശാച് ആത്മനിയന്ത്രണം പാലിക്കുന്നവരെ കൂടുതൽ രൂക്ഷമായി ആക്രമിക്കും. ഇന്ദ്രിയനിഗ്രഹംകൊണ്ട് ഒരു നേട്ടവുമുണ്ടാകാനില്ല എന്ന ബോദ്ധ്യം വന്നിട്ട് അവർ സന്യാസം പരിത്യജിക്കും എന്ന പ്രതീക്ഷയോടുകൂടിയാണ് ആ പിശാച് അങ്ങനെ ചെയ്യുന്നത്. അശുദ്ധമായ പരിശീലനങ്ങളിലേയ്ക്ക് ആത്മാവിനെ വലിച്ചുകൊണ്ടുവരാൻ ഒരു ചാതുര്യമുണ്ട് ഈ പിശാചിന്. അശുദ്ധകാര്യങ്ങളോടു ബന്ധപ്പെട്ട ചില വാക്കുകൾ പറയുകയും കേൾക്കുകയും ചെയ്യുമ്പോൾ ആ വസ്തുത നേരിട്ടു കാണുന്നതുപോലുള്ള ഒരനുഭൂതി അവൻ ഉളവാക്കുന്നു.

9 അത്യാഗ്രഹം മനസ്സിലേയ്ക്കു കൊണ്ടുവരുന്നതു താഴെ പറയുന്ന കാര്യങ്ങളാണ്. ദീർഘമായ വാർദ്ധക്യം, കായികാദ്ധ്വാനശേഷി ഇല്ലാതാകുന്ന അവസ്ഥ (ഭാവിയിൽ ഉണ്ടാകാവുന്നത്), തീർച്ചയായും വരാവുന്ന ക്ഷാമങ്ങൾ, നമുക്കു വന്നുപെട്ടേക്കാവുന്ന രോഗങ്ങൾ, ദാരിദ്ര്യത്തിന്റെ രൂക്ഷവേദന, ജീവിതാവശ്യങ്ങൾ മററുള്ളവരുടെ കാരുണ്യം കൊണ്ടു സാധിക്കേണ്ടിവരുന്നതിലെ നാണക്കേട്.

10 ആഗ്രഹങ്ങൾ വിഫലമായിത്തീരുമ്പോഴാണ് ശോകാകുലത അനുഭവപ്പെടുന്നത്. മററു സന്ദർഭങ്ങളിൽ അതു് കോപത്തോടുചേർന്നു പ്രത്യക്ഷപ്പെടുന്നു. അഭിലാഷവൈഫല്യത്തിൽ നിന്ന് ഉദ്ഭൂതമാകുമ്പോൾ അതു സംഭവിക്കുന്നതു താഴെപറയുംവിധമാകുന്നു: ആദ്യമായി ചില ചിന്തകൾ ആത്മാവിനെ മാതാപിതാക്കളെയും ഭവനത്തെയും കുറിച്ചുള്ള ഓർമ്മകളിലേയ്ക്ക് ആനയിക്കുന്നു. അല്ലെങ്കിൽ പഴയ ജീവിതരംഗങ്ങളെക്കുറിച്ചുള്ള മധുര സ്മരണകളാകും ഉണ്ടാവുക. അത്തരം സ്മരണകളെയും ചിന്തകളെയും ആത്മാവ് ചെറുക്കുന്നില്ലെന്നും അവയിൽ അഭിരമിക്കുന്നുവെന്നും വ്യക്തമായിക്കഴിയുമ്പോൾ അവ ആത്മാവിനെ ദുഃഖത്തിലേയ്ക്ക് വലിച്ച് ആഴ്ത്തുന്നു. അതിന്റെ ഫലമായി അതുവരെ മനസ്സിലുണ്ടായിരുന്ന ആശയങ്ങളെല്ലാം അപ്രത്യക്ഷമാകുന്നു. താല്ക്കാലികജീവിതത്തിന്റെ സ്വഭാവം കാരണമായി മുൻപറഞ്ഞ സങ്കല്പങ്ങളിലെ അനുഭൂതികൾ നേരിട്ടാസ്വാദിക്കാൻ സാദ്ധ്യമല്ല. അതിനാൽ ദയനീയസ്ഥിതിയിൽപ്പെട്ട ആത്മാവ് അപമാനഭരിതമായി മുൻപറഞ്ഞ ചിന്തകളിൽ മുഴുകിപ്പോകുന്നു.

11 ഏററവും ഭീകരമായ വികാരം കോപമത്രേ. നമ്മെ ഉപദ്രവിച്ച—അഥവാ ഉപദ്രവിച്ചതെന്നു നാം കരുതുന്ന—ആളിനെതിരായിട്ടുള്ള നമ്മുടെ രോഷത്തിന്റെ ശക്തിയായ ഇളക്കമോ തിളച്ചുമറിയലോ ആണതു്. അതു് ആത്മാവിനെ നിരന്തരം അലോസരപ്പെടുത്തുന്നു. പ്രത്യേകിച്ചും പ്രാർത്ഥനയുടെ സമയത്തു് അതു് ആത്മാവിനെ പിടികൂടുന്നു; വെറുപ്പിനു വിഷയമായ ആളിന്റെ രൂപം ഭാവനാദൃഷ്ടികൾക്കു മുമ്പിൽ പ്രത്യക്ഷമാകുന്നു. പിന്നീട് ആ ദൃശ്യങ്ങൾ കൂടുതൽ ദീർഘനേരം നിലനിൽക്കുന്നതായിത്തീരുന്നു; വികാരം അമർഷമായി മാറുന്നു.

www.malankaralibrary.com



അതിന്റെ ഫലമായി രാത്രിയിൽ സംഭ്രമജനകമായ അനുഭൂതികൾ ഉണ്ടാകുന്നു. തുടർന്ന് ശരീരത്തിനു വല്ലാത്ത ക്ഷീണം അനുഭവപ്പെടുന്നു. ശരീരത്തിനു പോഷണക്കുറവും അതിന്റെ ഫലമായ നിറഭേദവും സംഭവിക്കുന്നു. വിഷജീവികളും കാട്ടുജന്തുക്കളും ആക്രമിക്കുന്നതായിട്ടുള്ള തോന്നലുണ്ടാകുന്നു. അമർഷത്തെ തുടർന്ന് ഉണ്ടാകാവുന്നതായി ഇവിടെ പറഞ്ഞ നാലുതരം അനുഭൂതികളും വേറെ ചില വികാരങ്ങളോടും അനുബന്ധിച്ച് ഉണ്ടാകാവുന്നതാണ്.

12 വിരസത എന്ന വികാരത്തിന്റെ പിശാച് — ഇതിനെ ഉച്ചപ്പിശാച്[11] എന്നും വിളിക്കുന്നു — ആണ് ഏറ്റവും ഗൗരവമുള്ള ശല്യങ്ങൾ ചെയ്യുന്നത്. അവൻ സന്യാസിയെ നാലാം മണിക്കൂറിൽ ഉപദ്രവിച്ചു തുടങ്ങുന്നു. എട്ടാം മണിക്കൂർവരെ ആ ഉപരോധം തുടരും. സൂര്യൻ വളരെ മന്ദഗതിയിൽ സഞ്ചരിക്കുന്നു എന്ന തോന്നലാണ് അവൻ ആദ്യമായി ഉളവാക്കുന്നത്. ദിവസത്തിന് അമ്പതു മണിക്കൂർ നീളമുണ്ടെന്നും ചിന്തിപ്പിക്കും. പിന്നീട് ജനലിലൂടെ നിരന്തരം പുറത്തേയ്ക്കു നോക്കുന്നതിനും സ്വന്തം മുറിയിൽനിന്നു പുറത്തിറങ്ങി നടക്കുന്നതിനും സൂര്യൻ ഒമ്പതാംമണിക്കൂറിൽനിന്ന് എത്രയകലെയാണെന്നറിയാൻ വേണ്ടി നിരന്തരം സൂര്യന്റെനേരെ നോക്കുന്നതിനും മറ്റുസഹോദരന്മാരാരെങ്കിലും അവരുടെ മുറിയിൽ നിന്നു പുറത്തിറങ്ങിയിട്ടുണ്ടോ എന്നറിയാൻ വേണ്ടി അങ്ങോട്ടുമിങ്ങോട്ടും നോക്കുന്നതിനും പ്രേരിപ്പിക്കും. പിന്നെ സന്യാസിയുടെ മനസ്സിൽ ആ സ്ഥലത്തെക്കുറിച്ച് വെറുപ്പുളവാക്കാൻ ശ്രമിക്കും. കായികാദ്ധ്വാനത്തെക്കുറിച്ചും സന്യാസജീവിതത്തെക്കുറിച്ചുതന്നെയും വെറുപ്പുളവാക്കാനാണ് പിന്നത്തെ ശ്രമം. സ്നേഹമെന്നതു സഹോദരന്മാരിൽ നിന്നു വേർപെട്ടുപോയിരിക്കുന്നു എന്ന ചിന്തയാണു പിന്നീട് ആ പിശാച് സന്യാസിയുടെ മനസ്സിലേയ്ക്കു കടത്തിവിടുക. ഒരു പ്രോത്സാഹനവും ആരും നൽകുന്നില്ലല്ലോ എന്ന പരിതാപവും ഉണ്ടാകും. ഈ സന്ദർഭത്തിൽ ആരെങ്കിലും ഏതെങ്കിലും വിധത്തിൽ ആ സന്യാസിക്കു മനോവേദന ഉളവാക്കാനിടയായാൽ സന്യാസത്തോട് അദ്ദേഹത്തിനുള്ള വിരോധം വർദ്ധിപ്പിക്കാൻ അതിനെയും പിശാച് ഒരു കരുവാക്കും. ജീവിതാവശ്യത്തിനുള്ള വിഭവങ്ങൾ കൂടുതൽ അനായാസമായി ലഭിക്കുന്നതും ജീവിതത്തെ കൂടുതൽ വിജയപൂർണ്ണമാക്കാനുതകുന്നതുമായ ജീവിതമേഖലകൾ ആഗ്രഹിക്കാൻ ഈ പിശാച് പ്രേരണ ചെലുത്തും. ഏതെങ്കിലും ഒരു സ്ഥലത്തു ജീവിക്കുന്നതല്ല ദൈവപ്രീതിക്കുള്ള മാർഗ്ഗം എന്ന് പിശാചു ചിന്തിപ്പിക്കും. ദൈവത്തെ എല്ലായിടത്തും ആരാധിക്കാമല്ലോ. ഈ ചിന്തകളോട് പ്രിയപ്പെട്ട ബന്ധുജനങ്ങളെക്കുറിച്ചുള്ള മധുരസ്മരണകളും പഴയ ജീവിതരംഗങ്ങളെക്കുറിച്ചുള്ള ഓർമ്മകളും പിശാചു കൂട്ടിക്കലർത്തും. ജീവിതം സുദീർഘമായ ഒരു കാലഘട്ടത്തിലേയ്ക്കു നീണ്ടുകിടക്കുകയാണെന്നും അക്കാലം മുഴുവൻ സന്യാസജീവിതത്തിന്റെ ദുരിതങ്ങൾ അനുഭവിക്കുന്നതു ദുസ്സഹമാണെന്നും അവൻ അനുസ്മരിപ്പിക്കും. ചുരുക്കിപ്പറഞ്ഞാൽ പിശാച് സന്യാസിയെ അദ്ദേഹത്തിന്റെ ആശ്രമമുറിയിൽ നിന്നു പുറത്തു ചാടിക്കാൻ സകല അടവുകളും പയറ്റിനോക്കും. ഇവൻ പരാജയപ്പെട്ടാൽ ഉടനെ തുടർന്നു നമ്മെ പ്രലോഭിപ്പിക്കാൻ മറ്റൊരു പിശാചും വരികയില്ല. ആ സമരത്തിന്റെ വിജയത്തെ തുടർന്ന് അഗാധമായ സമാധാനവും അവർണ്ണനീയമായ സന്തോഷവും നമുക്ക് അനുഭവപ്പെടും.

---

11 noon day demon

www.malankaralibrary.com



13 പൊങ്ങച്ചത്തിന്റെ ദുഷ്ടാരൂപിയാണ് ഏററവും കൗശലക്കാരൻ. സുകൃതങ്ങൾ പരിശീലിക്കുന്നവരുടെ ആത്മാക്കളിൽ അവൻ അനായാസം വളർച്ചനേടുന്നു. പുണ്യപൂർണ്ണതയ്ക്കുവേണ്ടിയുള്ള തങ്ങളുടെ പ്രയത്നങ്ങൾക്ക പ്രസിദ്ധി കിട്ടണമെന്നാഗ്രഹിക്കാൻ അവൻ പ്രേരണനല്കും. തങ്ങൾ സ്ത്രീകളുടെ രോഗങ്ങൾ സുഖപ്പെടുത്തുന്നത്, പിശാചുക്കളുടെ അലർച്ച കേൾക്കുന്നത്, തങ്ങളുടെ വസ്ത്രാഗ്രത്തിൽ ഒന്നു തൊടുന്നതിനുവേണ്ടി ജനക്കൂട്ടം തിരക്കുകൂട്ടുന്നത് തുടങ്ങിയ കാര്യങ്ങളെല്ലാം അവർ ഭാവനയിൽ കാണാൻ തുടങ്ങും. തങ്ങൾ വൈദികത്വം പ്രാപിക്കുമെന്നും പിശാച് അവരെക്കൊണ്ടു ചിന്തിപ്പിക്കും. തങ്ങളുടെ ഉപദേശം തേടി ആളുകൾ നിരന്തരം വാതിൽക്കൽ വന്നു മുട്ടുന്നത് അവർ ഭാവന ചെയ്യും; സന്ദർശനമനുവദിച്ചില്ലെങ്കിൽ ജനങ്ങൾ ബലമായി പിടിച്ചുകൊണ്ടുപോകുന്നതായിട്ടായിരിക്കും ഭാവനയിൽ കാണുക. ഇങ്ങനെ മൂഢമായ ആശകളുടെ ശൂന്യാകാശത്തിൽ ഉയർന്നുപറക്കുന്ന നേരത്ത് പൊങ്ങച്ചത്തിന്റെ പിശാച് ആ സന്ന്യാസിയെ കൈവിട്ടിട്ടു കടന്നുകളയുന്നു. അപ്പോൾ സന്ന്യാസി അഹങ്കാരത്തിന്റെയോ, ശോകാകുലതയുടെയോ പിശാചിന്റെ പിടിയിൽപ്പെടുന്നു. ആ പിശാച് സന്ന്യാസിയുടെ പ്രതീക്ഷകൾക്ക വിപരീതമായ ചിന്തകൾ അയാളുടെ മനസ്സിലേയ്ക്കു കൊണ്ടുവരുന്നു. പുണ്യവാനായ പുരോഹിതനായിരുന്ന ഒരു വ്യക്തി അല്പസമയം കഴിയുമ്പോൾ, ഈ വിധത്തിൽ, ആശുദ്ധിയുടെ പിശാചിനാൽ പരീക്ഷിക്കപ്പെടുന്ന അവസ്ഥയിലെത്തിച്ചേർന്ന ഉദാഹരണങ്ങളുമുണ്ട്.

14 ആത്മാവിന്റെ ഏററവും വിനാശകരമായ പതനത്തിലേയ്ക്കു നയിക്കുന്നത് അഹങ്കാരത്തിന്റെ ദുഷ്ടാത്മാവാകുന്നു. ദൈവം തന്റെ സഹായമാകുന്നുവെന്ന വസ്തുത നിഷേധിക്കാനും തന്റെ സുകൃതകൃത്യങ്ങളുടെയെല്ലാം കാരണം താൻതന്നെയാണെന്നു വിചാരിക്കാനും അവൻ സന്ന്യാസിയെ പ്രേരിപ്പിക്കുന്നു. അതിന്റെ ഫലമായി അയാൾക്ക തലക്കനം വർദ്ധിക്കുന്നു. താൻ ആഗ്രഹിക്കുന്ന വിധം, തന്നെ ആദരിക്കാത്ത സഹോദരസന്ന്യാസിമാരെല്ലാം വെറും മണ്ടന്മാരാണെന്ന് അയാൾ കരുതാൻ തുടങ്ങുന്നു.

അഹങ്കാരദുഷ്ടാത്മാവിന്റെ പിറകേ കൂടുന്നവരാണ് കോപവും ശോകാകുലതയും. അവരുടെയെല്ലാം പ്രവർത്തനഫലമായി ഏററവും വലിയ ദുരന്തം സംഭവിക്കുന്നു—മനസ്സിന്റെ താളം തെററൽ. തുടർന്ന് അട്ടഹാസങ്ങളോ ആകാശത്തിൽ പിശാചുക്കളുടെ സമൂഹങ്ങൾ പ്രത്യക്ഷപ്പെടുന്നതായിട്ടുള്ള ഭ്രാമകദർശനങ്ങളോ ഒക്കെ സംഭവിക്കും.

## എട്ട് ഉത്ക്കട വികാരങ്ങൾക്കെതിരെ

15 വായന, ജാഗരണം, പ്രാർത്ഥന—ഇവയാണ് അലഞ്ഞുനടക്കുന്ന മനസ്സിനു സ്ഥിരത നൽകുന്നത്. വിശപ്പ്, അദ്ധ്വാനം, ഏകാന്തത എന്നിവ ആശകളുടെ ജ്വാലകൾ കെടുത്താൻ സഹായിക്കുന്നു. പ്രാർത്ഥനാഗാനങ്ങളുടെ ആലാപനം, ക്ഷമ, ദാനധർമ്മം എന്നിവകൊണ്ട് കലുഷിതമായകോപത്തെ ശാന്തമാക്കാൻപററും. എന്നാൽ ഇക്കാര്യങ്ങളെല്ലാം വേണ്ട അളവിലും യുക്തമായ സമയത്തും മാത്രമേ നിർവ്വഹിക്കാവൂ. അതിരു

വിട്ടതോ അസമയത്തുള്ളതോ ആയ കാര്യങ്ങൾ കുറച്ചുകാലം മാത്രമേ നിലനിൽക്കൂ. അല്പായുസ്സായിട്ടുള്ളതുകൊണ്ട് ഉപകാരത്തേക്കാളേറെ ഉപദ്രവമായിരിക്കും ഉണ്ടാവുക.

16 ആത്മാവ് വിവിധതരം ഭക്ഷണങ്ങൾക്കുവേണ്ടി അഭിലാഷം കൊള്ളാൻതുടങ്ങുന്നുവെങ്കിൽ അപ്പവും പച്ചവെള്ളവും മാത്രം കൊടുത്ത് അതിനെ മര്യാദ പഠിപ്പിക്കണം. അപ്പോൾ അല്പം ഭക്ഷണത്തിന്റെ പേരിൽ ദൈവത്തിനു നന്ദിപറയാൻ അതു പഠിക്കും. ഭക്ഷണത്തിൽ നിരന്തരം സംതൃപ്തി ലഭിച്ചുകഴിയുമ്പോൾ പലതരം ഭക്ഷണപദാർത്ഥങ്ങൾ കിട്ടണമെന്നു തോന്നും. എന്നാൽ നല്ല വിശപ്പനുഭവിക്കുന്നവന് അപ്പം മാത്രം കിട്ടിയാൽ സംതൃപ്തനാകാൻ കഴിയും.

17 ജലപാനം നിയന്ത്രിക്കുന്നത് ആത്മനിയന്ത്രണത്തിനു സഹായകമാകും. മിദിയാൻ ആക്രമിക്കുന്നതിനായി ഗിദയോനെ അനുഗമിച്ച മുന്നൂറ് ഇസ്രായേൽക്കാർ ആക്രമണത്തിനുമുമ്പ് ചെയ്തത് ഇക്കാര്യം വ്യക്തമാക്കുന്നു (ന്യായാ.7:5–6).

18 ജീവനും മരണവും ഒരേ സമയത്ത് അനുഭവിക്കാൻ നമുക്കു സാധിക്കുകയില്ലല്ലോ. അതുപോലെ ധനവും പരസ്നേഹവും ഒരേ സമയം ഒരാളുടെ പക്കൽ ഉണ്ടായിരിക്കുക എന്നത് അസാദ്ധ്യമാകുന്നു. എന്തെന്നാൽ പരസ്നേഹം ധനത്തെ മാത്രമല്ല, ഈ ജീവിതത്തെത്തന്നെയും കൈവെടിയും.

19 ലൗകികസുഖങ്ങളിൽനിന്നു് ഓടിയകലുന്ന മനുഷ്യൻ ശോകാകുലതപിശാചിന് ഒരുതരത്തിലും തകർത്തുകയറാൻ സാദ്ധ്യമല്ലാത്ത ഒരു ഗോപുരമത്രേ. യഥാർത്ഥത്തിൽ ലഭ്യമോ സാങ്കല്പികമോ ആയ ഒരു ഐന്ദ്രിക സുഖാനുഭൂതിയുടെ നിഷേധമാണ് ശോകാകുലതയ്ക്കു കാരണമാകാറ്. അതിനാൽ ലൗകികമായ എന്തിനെക്കുറിച്ചെങ്കിലും നമുക്ക് അഭിലാഷമുള്ള കാലത്തോളം നമുക്ക് ഈ ദുർവ്വികാരത്തെ അകററിനിർത്താൻ സാദ്ധ്യമല്ല. ആ വികാരത്തിന്റെ പിശാച്, നമ്മുടെ സവിശേഷമായ അഭിലാഷം ഏതു വിഷയത്തിലാണെന്നു കണ്ടെത്തി, അതിൽ കെണിവച്ച് നമ്മെ അകപ്പെടുത്തുന്നു.

20 കോപംകൊണ്ടും വിദ്വേഷംകൊണ്ടും കോപം വർദ്ധിക്കും. എന്നാൽ ദാനധർമ്മവും ശാന്തതയും കോപം ശമിപ്പിക്കും.

21 നമ്മുടെ കോപത്തിന്മേൽ സൂര്യൻ അസ്തമിക്കാൻ അനുവദിക്കരുത്. അങ്ങനെ അനുവദിച്ചാൽ രാത്രിയിൽ പിശാചുവന്ന് നമ്മെ ആക്രമിച്ച് ആത്മാവിൽ ഭീതി നിറയ്ക്കും, അടുത്ത പ്രഭാതത്തിൽ കോപത്തിനെതിരായി സമരം ചെയ്യാൻ ആത്മാവ് കൂടുതൽ അധീരമായിരിക്കും. കോപത്തിന്റെ ശല്യപ്പെടുത്തുന്ന സ്വാധീനം മൂലം ഭീകരങ്ങളായ ചില ദൃശ്യങ്ങൾ മനസ്സിൽ ഉദയം ചെയ്യുന്നു. പ്രക്ഷുബ്ധമായ മുൻകോപംപോലെ സന്ന്യാസം ഉപേക്ഷിക്കാൻ പ്രേരണ നൽകുന്നതായി മറെറാന്നുമില്ല.

22 ഏതെങ്കിലും പ്രകോപനം മൂലം നമ്മുടെ മനസ്സിലെ മുൻകോപം ഉത്തേജിതമായിത്തീരുമ്പോൾ പിശാചുക്കൾ ഏകാന്തതയുടെ മാഹാത്മ്യത്തെക്കുറിച്ചു ചിന്തിക്കാൻ നമുക്കു പ്രേരണ നൽകും,

www.malankaralibrary.com



നമ്മുടെ ദു:ഖത്തിന്റെ അടിസ്ഥാനകാരണം നീക്കാനല്ല, പിന്നെയോ, അപ്പോഴുണ്ടായ ശല്യത്തിൽനിന്നു വിടുതൽകിട്ടാനാണ് അപ്രകാരം പ്രേരിപ്പിക്കുന്നത്. നമ്മിൽ ദുരാശ ഉത്തേജിപ്പിച്ച്, മനുഷ്യരുടെ സൗഹൃദ സഹവാസം വീണ്ടും പെട്ടെന്നുതേടാൻ അവ നമ്മെ പ്രേരിപ്പിക്കും. ശരീരങ്ങൾക്കുവേണ്ടിയുള്ള ആഗ്രഹം തോന്നിച്ച്, ചിലപ്പോൾ ആഗ്രഹസാഫല്യം നടന്നേക്കാം എന്ന പ്രതീക്ഷയിൽ നമ്മെ കാടന്മാരെന്നോ ക്രൂരന്മാരെന്നോ അവർ വിളിച്ചേക്കാം. എന്നാൽ അത്തരം പ്രേരണകളെ വിശ്വസിക്കരുത്. മറിച്ച് അതിനെതിരായി പ്രവർത്തിക്കുക.

23 നിങ്ങളെ അലസോരപ്പെടുത്തിയ ആളുമായി മനസ്സിൽ യുദ്ധംചെയ്യത്തക്കവിധം നിങ്ങൾ നിങ്ങളെത്തന്നെ കോപത്തിനധീനരാക്കരുത്. ലൈംഗികസുഖങ്ങളെക്കുറിച്ചുള്ള സങ്കല്പങ്ങൾക്കും നിങ്ങൾ അധീനരാകരുത്. ആദ്യത്തേത് ആത്മാവിനെ ഇരുട്ടിലാഴ്ത്തും; രണ്ടാമത്തേത് വികാരം കത്തിജ്വലിക്കാൻ കാരണമാകും. രണ്ടും മനസ്സിനെ മലീമസമാക്കുന്നു. പ്രാർത്ഥനാസമയത്തു് മനസ്സ് അത്തരം വികാരങ്ങളിൽ വ്യാപരിക്കുകയാണെങ്കിൽ ദൈവത്തിനു സമർപ്പിക്കുന്ന പ്രാർത്ഥന കളങ്കിതമായിത്തീരുന്നു. തത്ഫലമായി, താമസിയാതെ, സൈ്വരക്കേടിന്റെ ചെകുത്താൻ നിങ്ങളുടെ തലയിൽ വന്നു വീഴും; ഒരു മാൻകുട്ടിയെ എന്നപോലെ നിങ്ങളുടെ ആത്മാവിനെ തട്ടിക്കൊണ്ടുപോവുകയും ചെയ്യും.

24 പിശാചുക്കൾക്കും എല്ലാത്തരം സുഖാസക്തികൾക്കും എതിരായി യുദ്ധംചെയ്യുന്നതിനുവേണ്ടിയാണ് ദൈവം നമുക്കു കോപം തന്നിരിക്കുന്നത്. മാലാഖമാർ ആദ്ധ്യാത്മിക സുഖങ്ങളെയും അതിനെത്തുടർന്നു സംപ്രാപ്യമായ സ്വർഗ്ഗീയ സുഖത്തെയും കുറിച്ചുള്ള ചിന്തകൾ നമ്മുടെ മനസ്സുകളിലേയ്ക്കു കടത്തിവിടുന്നു. നമ്മുടെ കോപം പിശാചുക്കളുടെ നേരേ തിരിക്കാൻവേണ്ടിയാണിത്. എന്നാൽ പിശാചുക്കളാകട്ടെ, നമ്മുടെ കോപത്തെ ലൗകികാഭിനിവേശങ്ങൾക്കനുഗുണമായി തിരിച്ചുവിടുന്നു. അതിന്റെ ഫലമായി നാം നമ്മുടെ പ്രകൃതിക്കുവിരുദ്ധമായ രീതിയിൽ നമ്മുടെ സഹോദരങ്ങളായ മനുഷ്യരോടു യുദ്ധംചെയ്യുന്നു. തുടർന്ന് നാം മനസ്സിൽ അന്ധരായിത്തീരുകയും യഥാർത്ഥ ജ്ഞാനത്തിൽ നിന്നകന്നുപോവുകയും ചെയ്യുന്നു. അങ്ങനെ നമ്മുടെ ആത്മാവു് നമ്മുടെ ശത്രുവായിത്തീരുന്നു.

25 നിങ്ങളുടെ കോപം കാരണമായി ഏതെങ്കിലും ഒരു സഹോദരൻ സന്ന്യാസഭവനം ഉപേക്ഷിച്ചുപോകാനിടയാകാതെയിരിക്കാൻ നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. അങ്ങനെ സംഭവിച്ചാൽപിന്നെ ജീവിതകാലത്തൊരിക്കലും ശോകപ്പിശാചിന്റെ കയ്യിൽനിന്നു വിമുക്തനായിരിക്കാൻ നിങ്ങൾക്കു സാധിക്കുകയില്ല. പ്രാർത്ഥനയുടെ സമയത്തു് അതു നിങ്ങൾക്ക് ഒരു നിരന്തര പ്രതിബന്ധമായിരിക്കും.

26 ഒരു സമ്മാനം കോപാഗ്നിയെ കെടുത്തിക്കളയുന്നു. യാക്കോബ് ഈ വസ്തുത നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. ഏശാവ് നാനൂറ് ആളുകളുമായി തനിക്കെതിരെവന്നപ്പോൾ യാക്കോബ് സമ്മാനങ്ങൾകൊണ്ടു് അദ്ദേഹത്തെ പ്രീതിപ്പെടുത്തി. എന്നാൽ നാം പാവപ്പെട്ട മനുഷ്യരാണല്ലോ. മേശയൊരുക്കുന്ന വിധം കൊണ്ടു് വിഭവങ്ങളുടെ പരിമിതിക്കു് നാം പരിഹാരം കാണണം.

www.malankaralibrary.com



27 അസ്വസ്ഥതയുടെ പിശാചിനെ എതിരിടേണ്ടി വരുമ്പോൾ നാം കണ്ണീരോടെ നമ്മുടെ ആത്മാവിനെ രണ്ടായി വിഭജിക്കണം. അതിൽ ഒരു ഭാഗം കൊണ്ട് മറേറ ഭാഗത്തെ പ്രോത്സാഹിപ്പിക്കണം. അങ്ങനെ നമുക്ക് നമ്മിൽത്തന്നെ ഉറച്ച പ്രത്യാശയുടെ വിത്തു വിതറാൻ സാധിക്കും. അനന്തരം വിശുദ്ധനായ ദാവീദിനോടൊപ്പം നമുക്കും ഇങ്ങനെ പാടാം. 'എന്റെ ആത്മാവേ, നീ എന്തിനു വിഷാദിക്കുന്നു? എന്തിന് ഉള്ളിൽ ആകുലപ്പെടുന്നു? ദൈവത്തിൽ പ്രത്യാശ അർപ്പിക്കുക. എന്റെ സഹായമായ എന്റെ ദൈവത്തെ ഞാൻ വീണ്ടും സ്തുതിക്കും. അവിടുന്നാണ് എന്നെ രക്ഷിക്കുന്നത്. എന്റെ കണ്ണിന്റെ പ്രകാശവും അവിടുന്നുതന്നെ' (സങ്കീ. 42:5–6).

28 പ്രലോഭനങ്ങൾ ഉണ്ടാകുന്ന സന്ദർഭത്തിൽ എന്തെങ്കിലും നീതീകരണങ്ങൾ കണ്ടുപിടിച്ചുകൊണ്ട് സന്യാസി സ്വന്തം മുറി വിട്ടു പുറത്തു പോകരുത്. ക്ഷമയോടുകൂടെ അവിടെ ഉറച്ചു നില്ക്കണം. പിശാചു നിങ്ങളുടെമേൽ ഏല്പിക്കുന്ന ആഘാതങ്ങളെയെല്ലാം ധീരമായി നേരിടുക. വിരസതയുടെ പിശാചിനെ ഏററവും ജാഗ്രതയോടുകൂടി നേരിടണം. അവനാണ് ഏററവും ഭയങ്കരൻ. അവനെ പരാജയപ്പെടുത്തിയാൽ ആത്മാവിന് ഏററവും വലുതായ ശുദ്ധീകരണം ലഭിക്കും. അത്തരം ആന്തര സംഘർഷങ്ങളിൽ നിന്നൊളിച്ചോടിയാൽ അതു് മനസ്സിനെ ഭീരുത്വത്തിലും വല്ലാത്ത അവസ്ഥയിലും പരിശീലിപ്പിക്കലാകും.

29 ഏററവും പരിശുദ്ധനും ഉന്നതതാപസനുമായ ഞങ്ങളുടെ ഗുരു[12] ഇങ്ങനെ പറഞ്ഞിട്ടുണ്ട്: 'താൻ നാളെ മരിക്കുമെന്നുള്ള ബോദ്ധ്യത്തോടുകൂടി വേണം സന്യാസി ജീവിക്കാൻ. എന്നാൽ ഇനിയും അനേക വർഷം ജീവിക്കാനുണ്ട് എന്ന കരുതലോടെ ശരീരത്തെ കൈകാര്യം ചെയ്യണം.' ആദ്യത്തെ ബോദ്ധ്യംമൂലം വിരസതയിൽ നിന്നുളവാകുന്ന സകല പ്രശ്നങ്ങളേയും അകററി നിർത്താനും രണ്ടാമത്തെ ചിന്തകൊണ്ട് ശരീരത്തെ ആരോഗ്യത്തോടും ആത്മനിയന്ത്രണത്തോടും സംരക്ഷിക്കാനും കഴിയുമെന്ന് അദ്ദേഹം വിശദീകരിക്കുന്നു. അസ്വസ്ഥത അകററിയെങ്കിലേ സന്യാസജീവിതപരമായ പരിശീലനങ്ങളിൽ തീക്ഷ്ണത ആർജ്ജിക്കാൻ സാധിക്കൂ.

30 ഗണനീയമായ ബുദ്ധിമുട്ടോടുകൂടി മാത്രമേ ഒരാൾക്ക് പൊങ്ങച്ചത്തിന്റേതായ ചിന്തകളിൽ നിന്ന് വിമുക്തനാകാൻ കഴിയൂ. അതിനെ അടിച്ചമർത്താൻ നിങ്ങൾ ചെയ്യുന്ന പ്രയത്നം വേറെ ഏതെങ്കിലും തരം പൊങ്ങച്ചത്തിന് അടിസ്ഥാനമായിത്തീരുന്നു. നമ്മുടെ എല്ലാ നല്ല ചിന്തകളേയും പിശാചുക്കൾ എതിക്കാറില്ല. നമ്മിലുള്ള ചില തിന്മകൾ വേറെ ചില തിന്മകൾക്കെതിരായി വരാറുമുണ്ട്.

31 പൊങ്ങച്ചപ്പിശാചിനെ മിക്കവാറും മറെറല്ലാ പിശാചുക്കളും ചേർന്ന് അനുധാവനം ചെയ്യുന്നതു ഞാൻ നിരീക്ഷിച്ചിട്ടുണ്ട്. പിന്തുടരുന്നവർ വീണുകഴിയുമ്പോൾ അവൻ നാണമില്ലാതെ അടുത്തുചെല്ലുകയും സ്വന്തം ഗുണങ്ങളുടെ ഒരു നീണ്ട പട്ടിക അവരെ പറഞ്ഞുകേൾപ്പിക്കുകയും ചെയ്യും.

12 മക്കാരിയൂസ്

www.malankaralibrary.com



32 വിചിന്തനപരമായ വിജ്ഞാനവും തജ്ജന്യമായ ആഹ്ലാദവും സ്വായത്തമാക്കിയിട്ടുള്ള ഒരുത്തൻ പൊങ്ങച്ചപ്പിശാചിന് ഒരിക്കലും അധീനനാവുകയില്ല. ആ പിശാച് ലോകത്തിലെ എല്ലാ സന്തോഷങ്ങളും അയാൾക്കു വാഗ്ദാനം ചെയ്താലും ഫലമുണ്ടാവുകയില്ല. ആദ്ധ്യാത്മികമായ പരിചിന്തനത്തെ പശ്ചാത്കരിക്കുവാൻ മറ്റെന്തിനാണു കഴിയുക? നാം ചെയ്യുന്നവയെല്ലാം ഈ ഒററക്കാര്യസാധ്യത്തിനാണെന്ന് ദൈവത്തിനു കാണിച്ചുകൊടുത്തുകൊണ്ട്, ഈ ജ്ഞാനം പശ്ചാത്കരിക്കുവാൻ ലഭിക്കുന്നതുവരെ സന്യാസജീവിതത്തിൽ ഇതിനായിട്ടാണു നാം താല്പര്യപൂർവ്വം പരിശ്രമിക്കുന്നത്.

33 നിങ്ങളുടെ പൂർവ്വജീവിതത്തെക്കുറിച്ചും അന്നു ചെയ്തിട്ടുള്ള പാപങ്ങളെക്കുറിച്ചും ഓർക്കുക. നിങ്ങൾ വിവിധ വികാരങ്ങൾക്ക് അധീനരായിരുന്നുവെങ്കിലും ക്രിസ്തുവിൻെറ കാരുണ്യത്താൽ വികാരാതീതത്വത്തിലേയ്ക്ക് ആനീതരായെന്നും ഓർക്കുക. വളരെയേറെ കാര്യങ്ങളിൽ വളരെ പ്രാവശ്യം നിങ്ങളെ നിമ്നമായ തലത്തിലേയ്ക്കു വലിച്ചുകൊണ്ടു പോയിട്ടുള്ള ലോകത്തിൽ നിന്ന് നിങ്ങൾ അകററപ്പെട്ടു എന്നും ഓർക്കുക. 'ഞാൻ നിങ്ങളെ ഈ മരുഭൂമിയിൽ സംരക്ഷിക്കുകയും നിങ്ങളെ ആക്രമിക്കാൻ വരുന്ന പിശാചുക്കളെ പലായനം ചെയ്യിക്കുകയും ചെയ്തു' എന്ന് ക്രിസ്തു നിങ്ങളോടു പറഞ്ഞതായി സ്മരിക്കുക. ഇത്തരം ചിന്തകൾ നമ്മിൽ വിനയം നിറയ്ക്കും. അഹങ്കാരത്തിൻെറ പിശാചിനെ നമ്മുടെ മനസ്സിലേയ്ക്ക് കടത്തിവിടാതിരിക്കും.

34 വികാരത്തിൻെറ നിറം കലന്ന ചില ഓർമ്മകൾ നമ്മിൽ നിലനിൽക്കുന്നതായി നാം കാണുന്നു. ഏതെങ്കിലും വികാരത്തിന് അധീനനായിരിക്കെ നമുക്കുണ്ടായ അനുഭവങ്ങളുടെ ഓർമ്മയായിരിക്കുമവ. ഇന്ന് അതുപോലെ വികാരാധീനരായി നാം ചെയ്യുന്ന പ്രവർത്തികളുടെ അവശേഷം വികാരം നിറഞ്ഞ ഓർമ്മകളായി നമ്മിൽ നിലനിൽക്കും. അതിനാൽ ഇത്തരം വികാരങ്ങളെ ഉണർത്തി വിടുന്ന പിശാചുക്കളെ പരാജയപ്പെടുത്തുന്ന വ്യക്തി ആ പിശാചുക്കളെ മാത്രമല്ല, അവ ഉളവാക്കുന്ന വികാരങ്ങളേയും വെറുക്കുകയും തിരസ്കരിക്കുകയും വേണം. എന്തെന്നാൽ ഭൗതിക ശത്രുവിനേക്കാൾ അഭൗതികശത്രു കൂടുതൽ ഭീകരനാണെന്ന് ഉറപ്പായി മനസ്സിലാക്കിക്കൊള്ളുക.

35 ആത്മാവിൻെറ വികാരങ്ങൾ മനുഷ്യൻ മൂലമുണ്ടാകുന്നു. ശാരീരിക വികാരങ്ങൾ ശരീരത്തിൽ നിന്നാണുത്ഭവിക്കുക. ശാരീരിക വികാരങ്ങൾ മനസ്സാക്ഷിയാൽ വിച്ഛേദിക്കപ്പെടുന്നു; ആത്മാവിൻെറ വികാരങ്ങൾ ആദ്ധ്യാത്മിക സ്നേഹത്താലും.

36 ആത്മാവിൻെറ വികാരങ്ങളെ ഭരിക്കുന്ന പിശാചുക്കൾ നമ്മുടെ മരണംവരെ നിരന്തരോത്സാഹത്തോടെ പ്രയത്നിക്കുന്നു. ശാരീരിക വികാരങ്ങളെ ഭരിക്കുന്ന പിശാചുക്കൾ കൂടുതൽ വേഗത്തിൽ പിരിഞ്ഞു പോകുന്നവരത്രേ, ആത്മാവിൻെറ ഒരു ഭാഗത്തുമാത്രം കാണപ്പെടുന്ന മററു പിശാചുക്കൾ ഉദയസൂര്യനെയോ അസ്തമനസൂര്യനെയോ പോലുള്ളവരാകുന്നു. എന്നാൽ മദ്ധ്യാഹ്ന പിശാച് [13] ആത്മാവിനെ പൂർണ്ണമായി ബാധിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ വികാ

13 ഖണ്ഡിക 12 കാണുക.

www.malankaralibrary.com



രങ്ങളെല്ലാം കെട്ടടങ്ങിക്കഴിയുമ്പോഴത്രേ ഏകാന്തജീവിതം മധുരമായി ത്തീരുക; കാരണം അപ്പോൾ വികാരങ്ങൾ വളരെ ലളിതമാകുന്നു. എന്നു മാത്രമല്ല, ആ വിഷയത്തിലുള്ള യുദ്ധം സന്യാസിയെ യുദ്ധത്തിനു മാത്രമല്ല, അതിനെക്കുറിച്ചുള്ള വിചിന്തനത്തിനും തയ്യാറാക്കുകയും ചെയ്യുന്നു.

37 വികാരം വിചാരത്തിനാണോ അതോ വിചാരം വികാരത്തിനാണോ കാരണമാകുന്നത് എന്ന വിഷയത്തെക്കുറിച്ച് നമുക്കിനി പരിചിന്തനം ചെയ്യാം. അഭിജ്ഞന്മാർ ഈ വിഷയത്തിൽ വിഭിന്ന മതക്കാരാണ്.

38 ഇന്ദ്രിയങ്ങൾ മൂലമാണ് വികാരങ്ങൾ ഉത്തേജിതമാകുന്നത്. സ്നേഹവും ആത്മസംയമനവും മനസ്സിൽ കുടികൊള്ളുമ്പോൾ വികാരങ്ങളൊന്നും ഉത്തേജിതങ്ങളാകുന്നില്ല. അവയില്ലാത്തപ്പോൾ വികാരങ്ങൾ ഉണ്ടാകുന്നു. ഭോഗേച്ഛയേക്കാളധികമായി പരിഹരിക്കപ്പെടേണ്ട വികാരം കോപമത്രേ. അതിനാൽ ഉപവി എന്ന സുകൃതത്തെ വളരെ പ്രധാനപ്പെട്ട ഒരു നന്മയായി കരുതണം. മോശയെന്ന മഹാനായ വിശുദ്ധൻ പ്രകൃതിയിലെ കാര്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നിടത്തു സ്നേഹത്തെ 'സർപ്പസംഹാരി' എന്നാണു വിളിക്കുന്നത്.[14]

39 പിശാചുക്കളുടെ ദുർഗന്ധത്തിൽ, അരൂപി[15] സാധാരണയായി ദുർവികാരങ്ങൾക്കെതിരെ കത്തിജ്വലിക്കും. അവർ അടുത്തുവന്ന് ആക്രമണകാരിയുടെ വികാരങ്ങളോടുകൂടി ആത്മാവിനെ സ്വാധീനിക്കുമ്പോൾ അവയെ ശരിയായി ദർശിക്കാം.

## നിർദ്ദേശങ്ങൾ

40 ജീവിതത്തെ സംബന്ധിക്കുന്ന പൊതുവായ നിയമങ്ങൾ പാലിക്കാൻ എപ്പോഴും എല്ലാവർക്കും സാധിച്ചെന്നു വരികയില്ല. എന്നാൽ അവനവന്റെ കർത്തവ്യങ്ങൾ ഏറ്റവും നന്നായി നിർവ്വഹിക്കുന്നതിനു സഹായകമായ സന്ദർഭങ്ങൾ ശരിയായി ഉപയോഗപ്പെടുത്താൻ എല്ലാവരും ജാഗ്രതാപൂർവ്വം പരിശ്രമിക്കേണ്ടതാണ്. അത്തരം സന്ദർഭങ്ങളിൽ തങ്ങൾക്കു ലഭിക്കുന്ന സാദ്ധ്യതകളെക്കുറിച്ച് പിശാചുക്കൾ അജ്ഞരല്ല. അതിനാൽ അവർ നമ്മോടുള്ള വിരോധം കാരണം, സാദ്ധ്യമായ കാര്യങ്ങൾ നമ്മെക്കൊണ്ടു ചെയ്യിക്കാതിരിക്കാനും അസാദ്ധ്യകാര്യങ്ങൾ ചെയ്യിക്കാനും കഴിയുന്നതു ശ്രമിച്ചു നോക്കും. രോഗികൾ വേദനസഹിക്കുന്ന സന്ദർഭത്തിൽ ദൈവത്തിനു നന്ദിപറയുന്നത് അവർ തടയും. അവർക്കാവശ്യമുള്ള ചികിത്സാകർമ്മങ്ങളിൽ ക്ഷമാപൂർവ്വം സഹകരിക്കുന്നതിനെയും തടയാൻ ശ്രമിക്കും. ദുർബ്ബലരായ സന്യാസികളെ കഠിനമായ ഉപവാസങ്ങളനുഷ്ഠിക്കാൻ അവർ പ്രേരിപ്പിക്കും; രോഗംമൂലം അവശരായവരെ വളരെ ദീർഘനേരം നിന്നുകൊണ്ടു ഗാനങ്ങൾ ആലപിക്കാൻ പ്രേരിപ്പിക്കും.

---

14 ലേവ്യ 11:22 (സെപ്റ്റ്വജിന്ത്)

15 Psyche

www.malankaralibrary.com



41 നാം ഏതെങ്കിലും കാരണവശാൽ ഏതെങ്കിലും നഗരത്തിലോ പട്ടണത്തിലോ വസിക്കാൻ നിർബ്ബന്ധിതരാകുന്ന സന്ദർഭത്തിലാണ് നാം ഏററവും ആത്മനിയന്ത്രണപൂർവ്വം പെരുമാറേണ്ടത്. അപ്പോൾ നാം ഭൗതികജീവിതം നയിക്കുന്നവരുടെ മദ്ധ്യത്തിലായിരിക്കും. ആ സാഹചര്യത്തിൽ നമ്മുടെ സന്യാസചൈതന്യം ദുർബ്ബലമായിപ്പോകാതിരിക്കണമെങ്കിൽ ആത്മനിയന്ത്രണം ആവശ്യമാണ്. മരുഭൂമിയിലെ ആശ്രമങ്ങളിൽ പതിവുള്ള ഭക്താഭ്യാസങ്ങളിൽ നിന്ന് അകന്നിരിക്കുന്ന സന്ദർഭത്തിൽ വേണ്ടുവോളം ചിന്തിക്കാതെ നാം വല്ല അബദ്ധങ്ങളും പ്രവർത്തിച്ചുപോകാനിടയുണ്ട്. അങ്ങനെ വരാതിരിക്കാനും ആത്മനിയന്ത്രണം ആവശ്യമത്രേ. അത്തരം അബദ്ധങ്ങൾ വല്ലതും സംഭവിച്ചുപോയാൽ സന്യാസാശ്രമത്തിലെ പരിശീലനങ്ങളിൽ നിന്ന് ഓടിയകലാൻ നമ്മെ പ്രേരിപ്പിക്കുന്നതിന് സാത്താൻ അതൊരു കാരണമാക്കും.

42 നിങ്ങൾക്ക് ഏതെങ്കിലും പ്രലോഭനം ഉണ്ടാകുമ്പോൾ പെട്ടെന്ന് പ്രാർത്ഥനയിലേയ്ക്ക് ചാടി വീഴരുത്. ഉടൻ ചെയ്യേണ്ടത് പ്രലോഭനം പ്രയോഗിക്കുന്ന പിശാചിൻെറ നേരേ ഏതെങ്കിലും കോപവചനങ്ങൾ പ്രയോഗിക്കുകയാണ്. ഇങ്ങനെ പറയാൻ കാരണമുണ്ട്; മനസ്സ് വിവിധ ചിന്തകളാൽ പര്യാകുലമായിരിക്കുന്ന സന്ദർഭത്തിൽ നമുക്ക് സംശുദ്ധമായ പ്രാർത്ഥനയിൽ ഏർപ്പെടാൻ സാധിക്കുകയില്ല. പിശാചിൻെറ നേരേ കോപിക്കുകയാണെങ്കിൽ നിങ്ങൾ അവനെ അമ്പരപ്പിക്കുകയും അവൻെറ പ്രയത്നങ്ങളെ വൃഥാവിലാക്കുകയുമാണ്. കൂടുതൽ ശ്രേഷ്ഠമായ വികാരങ്ങളുടെമേലും കോപത്തിൻെറ സ്വാധീനം ഇത്തരം പ്രതികരണങ്ങൾ ഉളവാക്കുമെന്നത് നിസ്സംശയമാകുന്നു.[16]

43 വിവിധതരം ചെകുത്താന്മാരെ വിവേചിച്ചറിയണം. അവർ ഓരോരുത്തരും നമ്മുടെ അടുത്തുവരുന്നതു് ഏതു സാഹചര്യത്തിലാണെന്നും നാം മനസ്സിലാക്കണം. ഇക്കാര്യങ്ങൾ നമ്മുടെ ചിന്തകളിൽ നിന്നു നമുക്കറിയാം (ചിന്തകളുടെ ലക്ഷ്യങ്ങളിൽ നിന്നു തിരിച്ചറിയാൻ കഴിയും). ഏതു പിശാചുക്കളുടെ ആക്രമണമാണ് അടുത്തടുത്തുണ്ടാകുന്നതു്, അടുത്തടുത്തുണ്ടാകാത്തതു്, ആരാണു നമ്മെ കൂടുതൽ കഷ്ടപ്പെടുത്തുന്നതു്, ആരാണുവേഗം പിൻമാറുന്നതു്, ആരാണുകൂടുതൽ ശക്തിയായ ചെറുത്തു നില്പുനടത്തുന്നതു് എന്നെല്ലാം നാം വകതിരിച്ചു മനസ്സിലാക്കണം. അപ്രതീക്ഷിതമായി ആക്രമണം നടത്തി ആത്മാവിനെ പൊടുന്നനെ ദൈവദൂഷണത്തിലേയ്ക്കു തള്ളിവിടുന്നതാരാണെന്നും മനസ്സിലാക്കണം. ഇക്കാര്യങ്ങൾ ശരിക്കും മനസ്സിലാക്കിയിട്ടുണ്ടെങ്കിലേ ഓരോ ദുർവ്വിചാരവും സമീപിക്കുമ്പോൾ അതിനോടു പറയേണ്ട ശരിയായ വാക്കുകൾ പറയാൻ നമുക്കു സാധിക്കൂ. ഓരോന്നിൻെറയും സ്വഭാവത്തിനനുഗുണമായിത്തന്നെ നാം വാക്കുകൾ പ്രയോഗിക്കണം. അവ നമ്മുടെ മാനസികാവസ്ഥയെ തകിടം മറിക്കുന്നതിനു മുമ്പ് നാം അതു ചെയ്യുകയും വേണം. ഇങ്ങനെ ചെയ്താൽ ദൈവാനുഗ്രഹം കൊണ്ട് നമുക്ക് ഈ വിഷയത്തിൽ ക്രമമായ പുരോഗതികൈവരിക്കാൻ കഴിയും. ദുഃഖത്തോടെ കുണ്ഠിതപ്പെട്ടും നമ്മുടെ കാര്യപ്രാപ്തിയിൽ ആശ്ചര്യപ്പെട്ടും കൊണ്ട് അവ അകന്നു പൊയ്ക്കൊള്ളും.

16 എവാഗ്രിയസ്, പ്രാർത്ഥന, 20–27 കാണുക

www.malankaralibrary.com



44 പിശാചുക്കൾ ഒരു സന്യാസിക്കെതിരായ പ്രയത്നങ്ങളിൽ ഒരു വിജയവും കിട്ടാതെ വരുമ്പോൾ കുറെ സമയത്തേയ്ക്കു് അവർ പിൻവാങ്ങും. ഏതു സുകൃതത്തിൻെറ കാര്യത്തിലാണു് ആ സന്യാസി അവഗണന കാട്ടുന്നതെന്നു് അവർ ശ്രദ്ധാപൂർവ്വം നിരീക്ഷിക്കും. പിന്നീടു് അവരെല്ലാവരും ചേർന്നു് ആ ഒരു സുകൃതത്തിൻെറ വിഷയത്തിൽ സംഘടിതവും ശക്തവുമായ ആക്രമണം നടത്തി ആ പാവത്തിനെ തകർത്തുകളയുന്നു.

45 പരാജയപ്പെട്ട പിശാചുക്കൾ തങ്ങളേക്കാൾ കൂടുതൽ പരാജയം ബാധിച്ച മററു പിശാചുക്കളെ സഹായികളായി കൂട്ടുന്നു. ആത്മാവിനെ നശിപ്പിക്കുന്ന കാര്യത്തിൽ അവർ ഏകാഭിപ്രായക്കാരായിരിക്കും. എന്നാൽ ഏതു വികാരത്തെ അടിസ്ഥാനമാക്കി ആക്രമിക്കണം എന്നതിനെക്കുറിച്ച് അവർ തമ്മിൽ ശക്തിയായ മതഭേദമുണ്ടാകും.

46 പിശാചു നമ്മുടെ ആത്മാവിനെ തട്ടിയെടുത്തു് ദൈവദൂഷണത്തിലേയ്ക്കും പറയാൻ കൊള്ളാത്ത പലതരം നികൃഷ്ട ചിന്തകളിലേയ്ക്കും നയിക്കുന്നു. എന്നാൽ ഇതുകൊണ്ടൊന്നും നാം നിരാശപ്പെടരുതു്. നല്ലകാര്യങ്ങളിലുള്ള നമ്മുടെ അഭിനിവേശം അതുമൂലം മന്ദീഭവിച്ചു പോകാൻ നാം അനുവദിക്കുകയും ചെയ്യരുതു്. 'ദൈവം ഹൃദയങ്ങളെ കണ്ടറിയുന്നു' എന്ന വാക്യം ഓർമ്മയിൽ വയ്ക്കുക. നാം ലോകത്തിൻെറ മദ്ധ്യത്തിൽ ജീവിച്ചിരുന്ന കാലത്തും ഇത്തരം ഭ്രാന്തിൽ നിപതിച്ചിരുന്നില്ല എന്നോർക്കുക. നമ്മുടെ പ്രാർത്ഥനാശീലം ഇല്ലായ്മ ചെയ്യാൻ കഴിയും എന്ന പ്രതീക്ഷയിലാണു് ഈ പിശാചു കഴിയുന്നതു് എന്നതാണു വസ്തുത. അങ്ങനെ വരുമ്പോൾ നാം കർത്താവായ ദൈവത്തിൻെറ സന്നിധിയിൽ നിൽക്കാത്തവരായിത്തീരുമല്ലോ. ദൈവദൂഷണം പറഞ്ഞ ഒരാളിനു് ദൈവസന്നിധിയിലേയ്ക്കു് പ്രാർത്ഥനാപൂർവ്വം കരങ്ങൾ ഉയർത്താൻ കഴിയുകയില്ലല്ലോ.

47 നമ്മുടെ വചനങ്ങളും ശരീരത്തിൻെറ ചലനങ്ങളും നമ്മുടെ ആത്മാക്കളുടെ വികാരങ്ങളുടെ അടയാളങ്ങളാണു്. പിശാചു് ആനയിച്ച വികാരങ്ങളെ നാം ആത്മാവിൽ ഉൾക്കൊണ്ടിട്ടുണ്ടോ, അതോ, ആത്മരക്ഷയിലുള്ള താല്പര്യം മൂലമായി അവയെ വലിച്ചെറിഞ്ഞു കളഞ്ഞിട്ടുണ്ടോ എന്നു് ആ ശത്രു മനസ്സിലാക്കുന്നതു് പ്രസ്തുത അടയാളങ്ങൾ വഴിയാണു്. നമ്മെ സൃഷ്ടിച്ച ദൈവം മാത്രമാണു് നമ്മുടെ ആത്മാക്കളുടെ യഥാർത്ഥ സ്വഭാവം ശരിക്കറിയുന്നതു്. ആത്മാവിൻെറ ഉള്ളിലെ രഹസ്യങ്ങൾ മനസ്സിലാക്കാൻ ദൈവത്തിനു് ബാഹ്യ അടയാളങ്ങൾ ഒന്നും ആവശ്യമില്ല.

48 ലോകമദ്ധ്യത്തിൽ ജീവിക്കുന്ന മനുഷ്യരുടെ കാര്യത്തിൽ പിശാചുക്കൾ അവരെ ദ്രോഹിക്കുന്നതു് പ്രവൃത്തികളുടെ മണ്ഡലത്തിലാണു്. എന്നാൽ സന്യാസികളെ ദ്രോഹിക്കുന്നതു് വിചാരങ്ങളുടെ മണ്ഡലത്തിലത്രേ. എന്തെന്നാൽ മരുഭൂമിയിൽ ദുഷ്കൃത്യങ്ങൾക്കുള്ള സന്ദർഭങ്ങൾ വിരളമാണല്ലോ. പ്രവൃത്തികൊണ്ടു പാപം ചെയ്യുന്നതിനേക്കാൾ വളരെ എളുപ്പമാണു വിചാരം കൊണ്ടു പാപംചെയ്യാൻ. അതിനാൽ വിചാരത്തിൻെറ മണ്ഡലത്തിൽ പാപത്തിനെതിരായിട്ടുള്ള സമരം വസ്തുതകളുടേയും സംഭവങ്ങളുടേയും മണ്ഡലത്തിലുള്ളതിനേക്കാൾ

www.malankaralibrary.com



ശ്രുക്ഷയിർവ്വമാകുന്നു. പാപകരമായ സങ്കല്പങ്ങളുടെ മുന്നിൽ മനസ്സ് വളരെ വേഗം ഇളകിപ്പോകുന്നു. അതിനെ നിയന്ത്രിക്കുക ദുഷ്കരമാകുന്നു.

49 കഠിനാദ്ധ്വാനം ചെയ്യണമെന്നോ രാത്രിമുഴുവൻ ജാഗരണം നടത്തണമെന്നോ നിരന്തരമായി ഉപവസിക്കണമെന്നോ ദൈവം നമുക്കു കല്പന നൽകിയിട്ടില്ല. എന്നാൽ നിരന്തരം പ്രാർത്ഥിക്കാൻ നമുക്കു കടമയുണ്ട്. മുകളിൽ പറഞ്ഞ താപസകൃത്യങ്ങൾ ആത്മാവിന്റെ വികാരങ്ങളെ ശമിപ്പിക്കുന്നതിനു ഉപയുക്തങ്ങളാണ്. എന്നാൽ ശരീരത്തിന്റെ വിവിധ ദൗർബ്ബല്യങ്ങൾ അവയുടെ നിർവ്വഹണത്തിനു തടസ്സമായി നിൽക്കുന്നു; ശരീരം കൊണ്ടല്ലാതെ അവയൊന്നും നിർവ്വഹിക്കാൻ സാദ്ധ്യമല്ലതാനും. എന്നാൽ പ്രാർത്ഥന ആത്മാവിനെ പവിത്രവും ശക്തവുമാക്കുന്നു; പ്രാർത്ഥിക്കുക എന്നതു് ആത്മാവിനു സ്വാഭാവികവുമാണ്. എന്നു മാത്രവുമല്ല, ആത്മാവിന്റെ മറ്റു നന്മകൾക്കു വേണ്ടി ശരീരത്തിന്റെ സഹായമൊന്നും കൂടാതെ അടരാടുന്നതിനു പ്രാർത്ഥന പര്യാപ്തവുമാണ്.

50 സന്യാസ ജീവിത കലയെ സംബന്ധിച്ച് അധികമായ അനുഭവജ്ഞാനം നേടുന്നതിനുവേണ്ടി കൂടുതൽ ഭീകരന്മാരായ പിശാചുക്കളുടെ ശക്തി അളന്നറിയാൻ ഏതെങ്കിലും സന്യാസി ആഗ്രഹിക്കുന്നെങ്കിൽ, അയാൾ സ്വന്തം വിചാരങ്ങളെ ശരിയായി നിരീക്ഷിച്ചു പഠിക്കട്ടെ. അവയുടെ തീക്ഷ്ണത, അവയുടെ ഉത്ഥാനപതനക്രമങ്ങൾ എന്നിവയെല്ലാം ശ്രദ്ധിച്ചു മനസ്സിലാക്കണം. വിചാരങ്ങളുടെ പരസ്പര സങ്കലനം, അവയുടെ കാലക്രമം, അവയ്ക്കു കാരണക്കാരായ പിശാചുക്കൾ, അവയുടെ നൈരന്തര്യം എന്നിവയെല്ലാം നിരീക്ഷണ വിഷയമാക്കണം. അനന്തരം അവയെല്ലാമുള്ള വിശദീകരണം ക്രിസ്തുവിനോട് ആവശ്യപ്പെടണം. അധികാധികമായ ധ്യാനാത്മകതയോടുകൂടി സജീവമായ സുകൃതാഭ്യാസം ചെയ്യുന്നവരെക്കുറിച്ച് പിശാചുക്കൾ കോപാന്ധരായിത്തീരുന്നു. 'ഹൃദയ പരമാർത്ഥതയുള്ളവരെ ഇരുട്ടിൽ അമ്പെയ്തു വീഴ്ത്താൻ' വരെ അവർക്കു മനസ്സുണ്ട്.

51 ശ്രദ്ധാപൂർവ്വം നിരീക്ഷിച്ചാൽ രണ്ടു പിശാചുക്കൾ ഏററവും വേഗത്തിൽ പ്രവർത്തിക്കുന്നവരാണെന്നു നിങ്ങൾക്കു കണ്ടുപിടിക്കാൻ കഴിയും—വിചാരത്തേക്കാൾ വേഗത്തിലാണ് അവരുടെ പ്രവർത്തനം. അവരുടെ പേരു്: അശുദ്ധിയുടെ പിശാചും ദൈവദൂഷണത്തിന്റെ പിശാചും. രണ്ടാമതു പറഞ്ഞതിന്റെ ആക്രമണകാലം ഹ്രസ്വമാകുന്നു. രണ്ടാമത്തവനു് നമ്മിൽ ആവേശം നിറഞ്ഞ വിചാരങ്ങൾ നിറയ്ക്കാൻ സാധിക്കുന്നില്ലെങ്കിൽ ദൈവചിന്തയ്ക്കു തടസ്സം നിൽക്കാൻ സാധിക്കുകയുമില്ല.

52 ശരീരത്തെ ആത്മാവിൽ നിന്നു വേർപിരിക്കുക എന്നുള്ളതു് അവയെ തമ്മിൽ യോജിപ്പിച്ച ആളിന്റെ മാത്രം അധികാരത്തിൽ പെട്ട കാര്യമാണ്. എന്നാൽ ആത്മാവിനെ ശരീരത്തിൽ നിന്നകററാൻ സുകൃതങ്ങളെ പിന്തുടരുന്ന മനുഷ്യനും സാധിക്കും. മരണത്തെക്കുറിച്ചുള്ള ധ്യാനം, ശരീരത്തിൽ നിന്നുള്ള പലായനം എന്നിവയ്ക്കു ചേർത്തു് നമ്മുടെ

www.malankaralibrary.com



പിതാക്കന്മാർ ഒരു പ്രത്യേക പേരു കൊടുത്തിട്ടുണ്ട്; അനാക്കോറേസിസ്.[17]

53 ചിലയാളുകൾ ശരീരത്തിനു വളരെ പരിമിതമായ പോഷണം മാത്രം നൽകുകയും അതേ സമയം 'ശരീരത്തിന്റെ അഭിലാഷങ്ങൾക്കു സന്തർപ്പണം നൽകാൻ' ശ്രദ്ധിക്കുകയും ചെയ്യുന്നു (റോമ. 13:14). ഈ സ്ഥിതിയ്ക്കു് അവരെ മാത്രമല്ലാതെ അവരുടെ ശരീരത്തെ കുറപ്പെടുത്തേണ്ടതില്ല. കാരണം, ശരീരത്തിന്റെ സഹായത്തോടുകൂടി ഹൃദയശുദ്ധി നേടുകയും സൃഷ്ടവസ്തുക്കളെക്കുറിച്ചു കുറെയെങ്കിലും ധ്യാനിക്കുകയും ചെയ്തിട്ടുള്ളവർ, നമുക്കു ശരീരം തന്നതും ദൈവത്തിന്റെ അനുഗ്രഹമാണെന്നു മനസ്സിലാക്കുന്നു.

54 പിശാചുക്കൾ നമ്മുടെ ഭോഗാസക്തിയെ ആയുധമാക്കി ശരിക്കൊരു യുദ്ധംതന്നെ നമുക്കെതിരായി നടത്തുന്നുണ്ടു്. അതുസംബന്ധിച്ച പല മിഥ്യാദൃശ്യങ്ങളും അവർ നമ്മുടെ ബോധത്തിനു മുമ്പിൽ അവതരിപ്പിക്കും. (അവയുടെ അടുത്തേയ്ക്കു നാം പാഞ്ഞടുക്കുകയും ചെയ്യും) സുഹൃത്തുക്കളുമൊത്തുള്ള സല്ലാപങ്ങൾ, ബന്ധുക്കളോടുകൂടിയുള്ള ഭോജനോത്സവങ്ങൾ, സ്ത്രീകളുടെ സമൂഹങ്ങൾ തുടങ്ങിയ അനേകം ദൃശ്യങ്ങൾ. അത്തരം മായാദൃശ്യങ്ങൾ നമ്മുടെ സുഖാസക്തിയെ വളർത്തിവിടുന്നു. തൽഫലമായി നമ്മുടെ മാനസികാരോഗ്യം ക്ഷയിക്കുന്നു. വേറെ ചില സന്ദർഭങ്ങളിൽ നമ്മുടെ കോപാവേശത്തെ ഊതികത്തിക്കാനായിരിക്കും പിശാചുക്കൾ ശ്രമിക്കുക. അത്തരം അവസരങ്ങളിൽ നാം ദുർഗ്ഗമ പഥങ്ങളിലൂടെ സഞ്ചരിക്കുന്നതായും അപ്പോൾ സായുധരായ മനുഷ്യരും വിഷസർപ്പങ്ങളും നരഭോജികളായ ജന്തുക്കളും നമ്മെ ആക്രമിക്കാൻ വരുന്നതായും ഉള്ള മായാദൃശ്യങ്ങളായിരിക്കും അവർ ആവിഷ്കരിക്കുക. അപ്പോൾ നാം ഭയാക്രാന്തരായി പലായനം ചെയ്യുന്നതായും പ്രസ്തുത ശത്രുക്കൾ നമ്മെ അനുധാവനം ചെയ്യുന്നതായും നാം സങ്കല്പത്തിൽ കാണുന്നു. ഇത്തരം സന്ദർഭങ്ങളിൽ നിന്നു രക്ഷപെടുന്നതിനുവേണ്ടി നാം രാത്രിജാഗരണങ്ങളിൽ ക്രിസ്തുവിനോടു പ്രാർത്ഥിക്കണം; ഇതിനു്, മുകളിൽ പരാമർശിച്ചിട്ടുള്ള പരിഹാരമാർഗ്ഗങ്ങൾ അവലംബിക്കുകയും വേണം.

55 സ്വാഭാവികമായ ചില പ്രക്രിയകൾ ചിലപ്പോൾ ഉറക്കത്തിൽ സംഭവിക്കുമല്ലോ. അവ ഉത്തേജകമായ സ്വപ്നദർശനങ്ങളോടു കൂടിയല്ലെങ്കിൽ ആരോഗ്യമുള്ള ഒരു മനസ്സിന്റെ സൂചകമായി മാത്രം മനസ്സിലാക്കിയാൽ മതി. എന്നാൽ വ്യക്തവും ഉത്തേജകവുമായ സ്വപ്നദൃശ്യങ്ങൾ രോഗാതുരമായ മനസ്സിന്റെ സ്പഷ്ടസൂചനകളാണു്. സ്വപ്നത്തിൽ ഏതെങ്കിലും ഒരു മുഖം അവ്യക്തമായി കാണുമ്പോൾ അതു്

17 പിന്മാറ്റം (Withdrawl) എന്നാണു് പദാർത്ഥം. എന്നാൽ സഭാരംഭം മുതലേ ഇതു് സന്യാസ ജീവിതത്തെ കുറിക്കാൻ ഉള്ള ഒരു പദമായിത്തീർന്നു.

www.malankaralibrary.com



പഴയകാലത്തെ വൈകാരികാനുഭവങ്ങളെ സൂചിപ്പിക്കുന്നതായി കണക്കാക്കാം. എന്നാൽ നേരെമറിച്ച് വ്യക്തമായി കാണുന്ന മുഖങ്ങൾ പുതുമയോടെ നിലനിൽക്കുന്ന മുറിവുകളെ സൂചിപ്പിക്കുന്നു.

56 വികാരാതീതത്വത്തിന്റെ സൂചനകളെ പകൽ വിചാരങ്ങൾ വഴിയും രാത്രി സ്വപ്നങ്ങൾ വഴിയുമാണ് നാം തിരിച്ചറിയുന്നത്. വികാരാതീതത്വത്തെ ആത്മാവിന്റെ ആരോഗ്യം എന്നു നാം വിളിക്കുന്നു. ധ്യാനാത്മകമായ വിജ്ഞാനമാണ് ആത്മാവിന്റെ ഭക്ഷണം എന്നു പറയാം. കാരണം, അതിനുമാത്രമേ നമ്മെ വിശുദ്ധ ശക്തികളുമായി സംയോജിപ്പിക്കാൻ കഴിയുകയുള്ളു. അഭൗതിക വ്യക്തികളുടെ സ്നേഹം അഗാധമായ വീക്ഷണ സമാനതയിൽ നിന്നുത്ഭവിക്കുന്നതാകുന്നു.

## വികാരാതീതത്വത്തിന്റെ അവസ്ഥാവിശേഷം [18]

57 ആത്മാവിന്റെ ശാന്തിപൂർണ്ണമായ അവസ്ഥകൾ [19] രണ്ടു തരം ഉണ്ട്. അവയിലൊന്ന് ആത്മാവിന്റെ സ്വാഭാവികമായ അടിസ്ഥാന ശക്തികളിൽ നിന്നുത്ഭവിക്കുന്നതാകുന്നു. രണ്ടാമത്തേത് പിശാചുക്കളുടെ പിൻവാങ്ങലിൽ നിന്നുത്ഭവിക്കുന്നു. വിനയവും സഹതാപവും, കണ്ണീരും, അനന്തശക്തിയായ ദൈവത്തിനുവേണ്ടിയുള്ള ആഗ്രഹം പ്രയത്നത്തോട് അളവററ താത്പര്യം എന്നിവയെല്ലാം ആദ്യത്തേതിനെ തുടർന്നു വരുന്നു. രണ്ടാമത്തേതിനെ തുടർന്നു വരുന്നത് പൊങ്ങച്ചവും അഹന്തയുമത്രേ. മററു പിശാചുക്കൾ പിൻമാറുമ്പോൾ ഈ പിശാചുക്കൾ സന്യാസിയെ ആകർഷിക്കുന്നു. ആദ്യത്തെ അവസ്ഥയുടെ അധികാരഭൂമി സുരക്ഷിതമായി സംരക്ഷിക്കുന്ന ഒരു സന്യാസിക്ക് അതിന്മേൽ പിശാചുക്കൾ നടത്തുന്ന ആക്രമണം കൂടുതൽ സൂക്ഷ്മമായി ഗ്രഹിക്കാൻ കഴിയും.

58 പൊങ്ങച്ചത്തിന്റെ പിശാച് അശുദ്ധിയുടെ പിശാചുമായി വിദ്വേഷത്തിലാണു കഴിയുക. അതിനാൽ അവർക്കു രണ്ടുപേർക്കുംകൂടെ ഒരേ സമയം ഒരാത്മാവിനെ ആക്രമിക്കുക അസാദ്ധ്യമാകുന്നു. ഒരാൾ ബഹുമതികൾ വാഗ്ദാനംചെയ്യുമ്പോൾ അപരൻ അപമാനത്തിന്റെ ഏജന്റായി പ്രവർത്തിക്കുന്നു. അതിനാൽ ഇവരിൽ ഒരാൾ നിങ്ങളെ ആക്രമിക്കാൻ വരുകയാണെങ്കിൽ മറെറയാൾ വരുത്തിയ വിചാരങ്ങൾ നിങ്ങളുടെ ഉള്ളിൽ പ്രവർത്തിക്കുന്നുണ്ട് എന്നു ഭാവിച്ചുകൊള്ളുക. പഴഞ്ചൊല്ലിൽ പറയുന്നതുപോലെ, അങ്ങനെ ഒരാണികൊണ്ട് മറെറാരാണിയെ അടിച്ചു പുറത്താക്കാൻ കഴിയുമെങ്കിൽ നിങ്ങൾ വികാരാതീതത്വത്തിന്റെ സമീപത്ത് എത്തിക്കഴിഞ്ഞു എന്നുറപ്പിക്കാം. എന്തെന്നാൽ പിശാചുക്കൾ ഉത്തേജിപ്പിക്കുന്ന വിചാരങ്ങളെ മാനുഷിക വിചാരങ്ങൾ കൊണ്ടു നിഷ്കാസനം ചെയ്യാൻ നിങ്ങളുടെ മനസ്സു ശക്തമാണെന്ന് അതുകൊണ്ടു വ്യക്തമായിരിക്കുന്നു. പൊങ്ങച്ചത്തിന്റെ വിചാരങ്ങളെ

---

18 The state bordering on apatheia.

19 'കതസ്തസിസ്': state of soul

www.malankaralibrary.com



വിനയംകൊണ്ടും അശ്രദ്ധതയുടെ പിശാചിനെ ആത്മനിയന്ത്രണംകൊണ്ടും പുറംതള്ളാനുള്ള കഴിവു വികാരാതീതത്വത്തിന്റെ ശക്തമായ തെളിവത്രേ. പരസ്പര വിരോധികളായ എല്ലാ പിശാചുക്കളെയും ഇതേ തന്ത്രം ഉപയോഗിച്ചു പരാജയപ്പെടുത്താൻ എല്ലാ കഴിവുകളും വിനിയോഗിക്കണം. അതേ സമയം ഏതു വികാരത്തിനാണു് നിങ്ങളെ അപഥത്തിലേയ്ക്കു നയിക്കാൻ ഏററവുമധികം കഴിവുള്ളതെന്നു നിരീക്ഷിച്ചു മനസ്സിലാക്കാൻ ശ്രമിക്കുകയും വേണം. ആ ശത്രുവിനെ അകററിനിർത്താൻ ദൈവാനുഗ്രഹം ലഭിക്കാൻ നിരന്തരം പ്രാർത്ഥിക്കുന്നതും ആവശ്യമാണു്.

59 ആത്മാവു സുകൃതമാർഗ്ഗത്തിൽ പുരോഗമിക്കുന്തോറും പിശാചുക്കൾ അതിനെതിരായി നടത്തുന്ന പോരിനു ഭീകരതയേറും. ഒരേ പിശാചുതന്നെ ഒരാത്മാവിനെ നിരന്തരം ദ്രോഹിച്ചുകൊണ്ടിരിക്കും എന്ന അഭിപ്രായം ഞാൻ സ്വീകരിക്കുന്നില്ല. നിരന്തരമായി പല കഠിന പ്രലോഭനങ്ങളെ എതിർത്തു വിജയിച്ചിട്ടുള്ളവർക്കു് ഇതിന്റെ പരമാർത്ഥമറിയാം. തങ്ങൾക്കു ലഭിച്ചിട്ടുള്ള ഹൃദയശുദ്ധി ഒന്നിനുപിറകെ മറെറാന്നായി അനേകം പിശാചുക്കളെ പരാജയപ്പെടുത്തിയതിന്റെ ഫലമാണെന്നു് അവർ നിരീക്ഷിച്ചു മനസ്സിലാക്കിയിട്ടുണ്ടു്.

60 സന്ന്യാസജീവിതത്തിനു പലവിധത്തിലുള്ള തടസ്സങ്ങൾ സൃഷ്ടിക്കുക എന്നതു പിശാചുക്കളുടെ ജോലിയാണു്. ആ ജോലിചെയ്യുന്ന അസംഖ്യം സാത്താന്മാരെ പരാജയപ്പെടുത്തിക്കഴിയുമ്പോഴേ പരിപൂർണ്ണമായ ഹൃദയവിശുദ്ധി കരഗതമാവുകയുള്ളു. എന്നാൽ അപൂർണ്ണമായ ഹൃദയവിശുദ്ധി എന്നതുമുണ്ടു്; ആത്മാവിനെതിരായി നിരന്തരസമരം നടത്തുന്ന സാത്താന്മാരുടെ ശക്തി പരിഗണിക്കുമ്പോൾ അങ്ങനെയൊന്നുണ്ടാകാതെ വയ്യ.

61 സ്വന്തം ആന്തരികസ്ഥിതിയിൽ നിരന്തരമായ തെററുതിരുത്തലുകൾ നടത്തിക്കൊണ്ടിരുന്നില്ലെങ്കിൽ അദൃശ്യശക്തികളോടൊത്തുള്ള പ്രവാസത്തിൽ ആത്മാവിനു പുരോഗതിനേടാൻ പററുകയില്ല. ഇതിനു കാരണമുണ്ടു്. ആന്തരിക സംഘർഷങ്ങളിൽനിന്നുത്ഭവിക്കുന്ന ഉത്കണ്ഠ പിന്നിൽ വിട്ടുപോന്ന വസ്തുക്കളെ താല്പര്യപൂർവ്വം വീക്ഷിക്കാൻ ആത്മാവിനെ പ്രേരിപ്പിക്കും.

62 സുകൃതങ്ങളും തിന്മകളും ഒരുപോലെ മനസ്സിനെ അന്ധമാക്കും. സുകൃതങ്ങൾ തിന്മകൾക്കെതിരായും തിന്മകൾ സുകൃതങ്ങൾക്കെതിരായിട്ടുമാണു് ഈ അന്ധത വരുത്തിവയ്ക്കുക.

## വികാരാതീതത്വത്തിന്റെ അടയാളങ്ങൾ

63 പ്രാർത്ഥനയുടെ സമയത്തു് അന്യ ചിന്തകളിൽനിന്നു മോചനം ലഭിച്ച ഒരവസ്ഥ വന്നുകഴിഞ്ഞാൽ പിന്നെ കോപശീലം സംബന്ധിച്ചു് രാപകൽ വിരാമമില്ലാത്ത ഒരു യുദ്ധം ആരംഭിക്കുകയായി.

64 ആത്മാവു് അതിന്റെ സ്വന്തം പ്രകാശം കാണാൻ തുടങ്ങുമ്പോൾ വികാരാതീതത്വം കരഗതമായിരിക്കുന്നു എന്നു മനസ്സിലാക്കാം.

www.malankaralibrary.com



സ്വപ്നത്തിൽ പല സങ്കല്പ ദൃശ്യങ്ങൾ കണ്ടാലും ആ അവസ്ഥയിൽ മനസ്സ് പര്യാകുലമാകുന്നില്ല; ജീവിതത്തിലെ വിവിധ പ്രശ്നങ്ങളെ നേരിടുമ്പോഴും മനസ്സിന് ക്ഷോഭമുണ്ടാകുന്നില്ല.

65 പ്രാർത്ഥനയുടെ സമയത്ത് ഭൗതികകാര്യങ്ങളെക്കുറിച്ചുള്ള ദൃശ്യങ്ങളൊന്നും മനസ്സിൽ വരുന്നില്ലെങ്കിൽ ആ മനസ്സ് ആരോഗ്യമുള്ളതാണെന്നു നിശ്ചയിക്കാം.

66 ദൈവസഹായത്താൽ സജീവമായി സന്ന്യാസജീവിതം നയിക്കുകയും ധ്യാനാത്മക വിജ്ഞാനത്തെ സമീപിക്കുകയും ചെയ്യുന്ന ആത്മാവ് ആത്മാവിന്റെ യുക്തിശൂന്യമായ ഭാഗം കാണുന്നതേയില്ല എന്ന അവസ്ഥയിൽ എത്തിച്ചേരുന്നു. പ്രസ്തുത ധ്യാനാത്മക വിജ്ഞാനം ആത്മാവിനെ ഔന്നത്യത്തിലേയ്ക്കു സംവഹിക്കുകയും ഇന്ദ്രിയ വേദനകളിൽനിന്നു മുക്തമാക്കുകയും ചെയ്യുന്നു.

67 വികാരാതീതത്വം കൈവന്ന ആത്മാവ് മാറിമാറി വരുന്ന സംഭവങ്ങളാൽ മാത്രമല്ല, അവയെക്കുറിച്ചുള്ള ഓർമ്മകളാലും പ്രക്ഷുബ്ധമാകുന്നില്ല.

68 പരിപൂർണ്ണത നേടിയ മനുഷ്യൻ ആത്മസംയമനത്തിനുവേണ്ടി ക്ലേശിക്കുന്നില്ല; വികാരാതീതത്വം നേടിയ മനുഷ്യൻ ക്ഷമാശീലം നേടാൻവേണ്ടി പ്രയത്നിക്കുന്നുമില്ല. കാരണം, ആശാസ്യമല്ലാത്ത വികാരക്ഷോഭങ്ങളെ അഭിമുഖീകരിക്കുന്ന മനുഷ്യന് ആവശ്യമുള്ള ഗുണമാണു ക്ഷമ; ആത്മസംയമനം, ശല്യപ്പെടുത്തുന്ന വികാരങ്ങളെ നേരിടുവാനുള്ളതുമാകുന്നു.

69 മഹത്തായ ഒരു കാര്യമാണ്—അന്യവിചാരം കൂടാതെ പ്രാർത്ഥിക്കുക എന്നത്. അതിനേക്കാൾ മഹത്തായ മറ്റൊരു കാര്യമുണ്ട്—അന്യവിചാരം കൂടാതെ ദൈവസ്തുതിഗാനങ്ങൾ പാടുക എന്നത്.

70 സദ്ഗുണങ്ങളെ തന്നിൽ സ്ഥിരമായി പ്രതിഷ്ഠിക്കുകയും അവ വ്യക്തിത്വത്തിൽ പൂർണ്ണമായി വ്യാപിക്കുകയും ചെയ്തുകഴിഞ്ഞിട്ടുള്ള ഒരുവൻ പിന്നെ നിയമങ്ങളെയോ കല്പനകളെയോ ശിക്ഷകളെയോ കുറിച്ചു ചിന്തിക്കുന്നില്ല. അവന്റെ വചനങ്ങളും പ്രവൃത്തികളുമെല്ലാം അവന്റെ വിശിഷ്ടമായ ശീലങ്ങൾ അനുസരിച്ചായിരിക്കും.

71 പിശാചുക്കളിൽനിന്നു പ്രചോദനം ഉൾക്കൊണ്ട ഗാനങ്ങൾ നമ്മുടെ ജഡികാഭിലാഷങ്ങളെ തട്ടിയുണർത്തുകയും ആത്മാക്കളെ ലജ്ജാകരമായ സങ്കല്പങ്ങളിലേയ്ക്കു തള്ളിവിടുകയും ചെയ്യുന്നു. എന്നാൽ ദൈവസ്തുതിഗീതങ്ങളും ആദ്ധ്യാത്മിക ഗാനങ്ങളും ആത്മാവിനെ നന്മയെക്കുറിച്ചുള്ള നിരന്തരസ്മരണയിലേയ്ക്ക് നയിക്കുന്നു, അവ, തിളയ്ക്കുന്ന കാമക്രോധങ്ങളെ കെടുത്തിക്കളയുന്നു.

www.malankaralibrary.com



72 മററുള്ളവരെ എടുത്തെറിയുകയും മററുള്ളവരാൽ എടുത്തെറിയപ്പെടുകയും ചെയ്യുക എന്നതു് ഗുസ്തിക്കാരുടെ മാത്രം സവിശേഷതയല്ല. പിശാചുക്കളും ഗുസ്തി നടത്തുന്നുണ്ടു്—നമ്മോടു്. ചിലപ്പോൾ അവർ നമ്മെ എടുത്തെറിയുന്നു; ചിലപ്പോൾ അവരെ നാം എടുത്തുനിലത്തെറിയുന്നു. എന്തെന്നാൽ സങ്കീർത്തകൻ പറയുന്നു: ''ഞാൻ അവരെ തകർക്കും; അവർക്കു് എഴുന്നേററു നിൽക്കാൻ കഴിയുകയില്ല.'' (സങ്കീ. 18:38) വീണ്ടും, 'എന്നെ എടുത്തെറിയുന്നവരും എന്റെ ശത്രുക്കളും ദുർബ്ബലരായി വീണുപോകും.' (സങ്കീ. 27:2)

73 വിശ്രമം വിവേകത്തോടും പ്രയത്നം ഔചിത്യബോധത്തോടും യോജിപ്പിക്കപ്പെട്ടിരിക്കുന്നു. ഒരു കഠിനയുദ്ധത്തിനു ശേഷമല്ലാതെ വിവേകം കൈവരുകയില്ല; കാര്യാകാര്യ വിവേകമില്ലാത്തവനു നല്ലവിധം യുദ്ധം ചെയ്യാൻ സാധിക്കുകയുമില്ല. പിശാചുക്കളുടെ കോപത്തിനെതിരായുള്ള യുദ്ധം ഏല്പിക്കപ്പെട്ടിട്ടുള്ളതു് കാര്യാകാര്യ വിവേകത്തെയാണു്. ആത്മാവിന്റെ എല്ലാ കഴിവുകളെയും അവയുടെ സ്വഭാവത്തിനനുസരിച്ചു ക്രമീകരിക്കുമ്പോൾ വിവേകത്തിന്റെ പാത തെളിയുന്നു.

74 പ്രലോഭനം സന്ന്യാസിക്കു വിധിച്ചിട്ടുള്ളതാകുന്നു; കാരണം, ആത്മാവിൽ വികാരത്തിനിരിപ്പിടമായ ഭാഗത്തുനിന്നു് അയാളുടെ മനസ്സിൽ ഇരുട്ടു പരത്തുന്ന ചിന്തകൾ പുറപ്പെടാതിരിക്കുകയില്ല.

75 ഒരു സന്ന്യാസി സദാ ജാഗ്രതയോടെ നോക്കിയിരുന്നു് ഒഴിവാക്കേണ്ട ഒരു പാപമുണ്ടു്—ഏതെങ്കിലും നിഷിദ്ധ സുഖത്തിനു മനസ്സുകൊണ്ടു സമ്മതം നൽകുന്നതു്.

76 തിന്മകൾക്കു് സങ്കോചം സംഭവിക്കുമ്പോൾ മാലാഖമാർ ആഹ്ളാദിക്കുന്നു. നന്മകൾക്കാണു സങ്കോചം സംഭവിക്കുന്നതെങ്കിൽ അപ്പോൾ സന്തുഷ്ടരാകുന്നതു് പിശാചുക്കളായിരിക്കും. മാലാഖമാർ കരുണയുടെയും ഉപവിയുടെയും ശുശ്രൂഷകരാകുന്നു; പിശാചുക്കൾ കോപവിദ്വേഷങ്ങളുടെ ദാസന്മാരത്രേ. മാലാഖമാർ നമ്മെ സമീപിക്കുമ്പോൾ അവർ നമ്മെ ആദ്ധ്യാത്മിക ചിന്തകൾകൊണ്ടു പൂരിതരാക്കുന്നു; പിശാചുക്കളാകട്ടെ, മനസ്സിൽ ലജ്ജാകരമായ ഭാവനാദൃശ്യങ്ങൾ നിറയ്ക്കുന്നു.

77 പിശാചുക്കൾക്കു നമ്മെ ആക്രമിക്കാൻ നന്മകൾ തടസ്സമാകുന്നില്ല; എന്നാൽ അവ നമ്മെ കുററമില്ലാത്തവരാക്കി നിലനിർത്തും.

78 ആത്മാവിന്റെ അഭിലാഷപരമായ വശത്തിനു ശുദ്ധീകരണം നൽകുന്ന ആദ്ധ്യാത്മിക പദ്ധതിയാണു് സന്ന്യാസജീവിതം.

79 ദൈവകല്പനകൾ പാലിക്കുന്നതുകൊണ്ടു മാത്രം ആത്മാവിന്റെ എല്ലാ ശക്തികളും ആരോഗ്യമുള്ളവയായി സംരക്ഷിക്കപ്പെടുന്നില്ല. പ്രസ്തുത ശക്തികൾ ഓരോന്നിനും യുക്തമായ വിധത്തിൽ, ധ്യാനപൂർവ്വകമായ പ്രവർത്തനങ്ങളും അതിനാവശ്യമത്രേ. അത്തരം പ്രവർത്തനങ്ങൾ ആത്മാവിലേയ്ക്കു കടന്നു ചെല്ലേണ്ടതുണ്ടു്,

www.malankaralibrary.com



80 പിശാചുക്കൾ ഉത്തേജിപ്പിക്കുന്ന എല്ലാ വിചാരങ്ങളെയും വലിച്ചെറിയാൻ കഴിയും. എന്നാൽ മാലാഖമാർ പ്രചോദിപ്പിക്കുന്ന സകല വിചാരങ്ങളെയും ചെറുത്തുനിൽക്കാൻ നമുക്കു കഴിയുകയില്ല, മാലാഖമാർ ആനയിക്കുന്ന വിചാരങ്ങൾ ആത്മാവിൽ സമാധാനം നിറയ്ക്കുന്നു. പിശാചുക്കൾ കൊണ്ടുവരുന്ന വിചാരങ്ങളാകട്ടെ, മനസ്സിൽ അശാന്തി പരത്തുന്നു.

81 അഗാപെ വികാരാതീതത്വത്തിന്റെ സന്തതിയത്രേ. വികാരാതീതത്വം സന്ന്യാസത്തിന്റെ [20] പുഷ്പമാകുന്നു. സന്ന്യാസം ദൈവകല്പനകളുടെ പാലനത്തിൽ അടങ്ങിയിരിക്കുന്നു. • ഈ കല്പനകളുടെ സംരക്ഷകൻ ദൈവഭയമാകുന്നു. ആ ദൈവഭയം യഥാർത്ഥ വിശ്വാസത്തിന്റെ സന്തതിയുമാകുന്നു. ഈ വിശ്വാസമെന്നതു് ഒരു ആന്തരിക ഗുണമാണ്. ദൈവത്തിൽ വിശ്വസിക്കാത്തവരിൽപ്പോലും ചിലപ്പോൾ ആ ഗുണം കാണാൻ കഴിയും.

82 ശരീരംവഴി ആത്മാവ് പ്രവർത്തിക്കുമ്പോൾ, രോഗഗ്രസ്ഥമായ ആത്മീയാംശങ്ങളെ കണ്ടെത്താൻ ആത്മാവിനു കഴിയുന്നു. അതുപോലെ തന്റെ കഴിവുകളെ കർമ്മനിരതമാക്കുമ്പോൾ അരൂപി തന്റെ ശക്തി അറിയുന്നു. തന്റെ സ്വതന്ത്രചലനത്തിനുള്ള തടസ്സങ്ങളെ അനുഭവിച്ചറിയുന്നതുവഴി, സൗഖ്യദായകമായ കല്പന കണ്ടെത്താൻ അതിനു സാധിക്കുന്നു.

83 വികാരങ്ങൾക്കെതിരായിട്ടുള്ള സമരത്തിൽ ഏർപ്പെട്ടിരിക്കുന്ന ആത്മാവിന് ആ യുദ്ധത്തിന്റെ അടിസ്ഥാനപരമായ അർത്ഥം മനസ്സിലാകുന്നില്ല. രാത്രിയുടെ അന്ധകാരത്തിൽ യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന ആളിന്റേതിനു തുല്യമാണു് ആ ആത്മാവിന്റെ സ്ഥിതി. എന്നാൽ ഹൃദയവിശുദ്ധി നേടിക്കഴിയുമ്പോൾ ശത്രുവിന്റെ തന്ത്രങ്ങൾ എന്തെല്ലാമെന്നു ശരിക്കു ഗ്രഹിക്കാൻ അതിനു കഴിയുന്നു.

84 സന്ന്യാസജീവിതത്തിന്റെ ലക്ഷ്യം ഉപവിയാകുന്നു. ധ്യാനാത്മകവിജ്ഞാനത്തിന്റെ ലക്ഷ്യം ദൈവജ്ഞാനം. സന്ന്യാസജീവിതത്തിന്റെ ആരംഭം വിശ്വാസമാണെങ്കിൽ ധ്യാനാത്മക വിജ്ഞാനത്തിന്റെ ആരംഭം പ്രകൃതിയെക്കുറിച്ചുള്ള വിചിന്തനവുമത്രേ. ആത്മാവിന്റെ വൈകാരികഭാഗങ്ങളെ പിടികൂടുന്ന പിശാചുക്കൾ സന്ന്യാസജീവിതത്തിന്റെ ശത്രുക്കളാണെന്നു പറയപ്പെടുന്നു. ആത്മാവിന്റെ യുക്തിപരമായ ഭാഗങ്ങളെ ശല്യപ്പെടുത്തുന്ന പിശാചുക്കൾ എല്ലാ സത്യത്തിന്റെയും ശത്രുക്കളും ധ്യാനത്തിന്റെ വൈരികളും ആകുന്നു.

85 ശരീരത്തെ ശുദ്ധീകരിക്കുന്ന ഔഷധങ്ങൾ രോഗിയുടെ ശരീരത്തിനുള്ളിൽ നിലനിൽക്കുന്നില്ല. എന്നാൽ ആത്മാവിനെ ശുദ്ധീകരിക്കുന്ന സുകൃതങ്ങൾ ശുദ്ധീകൃതമായ ആത്മാവിൽ പിന്നെയും നിലനിൽക്കുന്നു.

86 യുക്തിനിഷ്ഠമായ ആത്മാവു് പ്രകൃത്യനുസൃതമായി പ്രവർത്തിക്കുന്നു. താഴെ പറയുന്ന വ്യവസ്ഥകൾക്കനുസൃതമായിട്ടാണു പ്രവർ

---

20 Ascesis

www.malankaralibrary.com



ത്തനം; അതിന്റെ കാമയമാനമായ ഭാഗം സുകൃതം ആഗ്രഹിക്കുന്നു; കോപാത്ഭുധമായ ഭാഗം അതു സ്വായത്തമാക്കാൻ അടരാടുന്നു; അവസാനമായി യുക്തിപരമായ ഭാഗം സൃഷ്ടവസ്തുക്കളെക്കുറിച്ചുള്ള ധ്യാനത്തിൽ ഏർപ്പെടുന്നു.

87 സന്യാസജീവിതത്തിൽ പുരോഗമിക്കുന്ന മനുഷ്യൻ വികാരത്തിന്റെ ശക്തി കുറയ്ക്കുന്നു. ധ്യാനത്തിൽ പുരോഗമിക്കുന്ന മനുഷ്യൻ സ്വന്തം അജ്ഞത ചെറുതാക്കുന്നു. വികാരങ്ങളെക്കുറിച്ചു പറഞ്ഞാൽ, അവ പൂർണ്ണമായും നശിപ്പിക്കപ്പെടുന്ന ഒരു സമയം വരും. അജ്ഞതയുടെ കാര്യത്തിലാകട്ടെ, അതിൽ ഒരു തരത്തിൽപ്പെട്ടതു് അവസാനിക്കും, മറെറാരു തരത്തിൽപ്പെട്ടതു് അവസാനിക്കുകയില്ല.

88 നന്മയ്ക്കോ തിന്മയ്ക്കോവേണ്ടി ഉപയോഗിക്കുന്നതിനനുസരിച്ചു നല്ലതോ ചീത്തയോ ആകുന്ന വസ്തുക്കളാണ് സുകൃതത്തിനും ദുഷ്കൃതത്തിനും കാരണമായിത്തീരുന്നവ. വസ്തുക്കളെ നല്ലതിനും ചീത്തയ്ക്കും ഉപയോഗിക്കുന്ന ഗുണം ഔചിത്യബോധമത്രേ.

89 വിജ്ഞാനധനനായ ഞങ്ങളുടെ ഗുരുവിന്റെ അഭിപ്രായമനുസരിച്ച് യുക്തിനിഷ്ഠമായ ആത്മാവു് മൂന്നു ഭാഗങ്ങൾ ചേർത്തു നിർമ്മിക്കപ്പെട്ടിട്ടുള്ളതാണ്. യുക്തിയുടെ ഭാഗത്തു നന്മ ജന്മമെടുക്കുമ്പോൾ അതു് ഔചിത്യബോധം, ധാരണാശക്തി അഥവാ വിവേകം എന്നു വിളിക്കപ്പെടുന്നു. അതു് കാമവാസനയുടെ രംഗത്താകുമ്പോൾ ആത്മനിയന്ത്രണം, ചാരിത്ര്യം അഥവാ അടക്കം എന്നറിയപ്പെടുന്നു. ഇങ്ങനെയാണെങ്കിലും നീതി ആത്മാവിലാകെ വ്യാപ്തമായിട്ടാണു സ്ഥിതി ചെയ്യുന്നതു്. കോപാകുലതയുടെ ഭാഗത്തെ നന്മ ധൈര്യം അല്ലെങ്കിൽ ക്ഷമ എന്നറിയപ്പെടുന്നു. ഔചിത്യബോധത്തിന്റെ ശരിയായ ധർമ്മം വിപരീത ശക്തികളോടു് അടരാടി സുകൃതങ്ങൾക്കു സംരക്ഷണം നൽകുകയത്രേ. തിന്മകൾക്കെതിരായി നന്മകളുടെ ശക്തികളെ അണിനിരത്തുകയും കാലത്തിന്റെ ആവശ്യങ്ങൾക്കനുസ്യതമായ രീതിയിൽ കാര്യങ്ങൾ ക്രമീകരിക്കുകയുമാണ് ഇതിനുവേണ്ടതു്. ധാരണാശക്തിയുടെ പ്രവർത്തനമണ്ഡലം ഏതാണെന്നോ? നമ്മെ പൂർണ്ണതയിലേയ്ക്കു നയിക്കുന്ന കാര്യങ്ങളെയെല്ലാം അവയുടെ ലക്ഷ്യപ്രാപ്തിക്കുതകും വിധം സജ്ജീകരിക്കുന്നതാണ്. ഭൗതികവും ഭൗതികാതീതവുമായ വസ്തുക്കളുടെ സാർത്ഥകമായ ഘടനയെ സംബന്ധിച്ച വിചിന്തനത്തെ വിവേകം ഭരിക്കുന്നു. യുക്തിവിരുദ്ധമായ മായാദർശനങ്ങൾക്കു കാരണമാകുന്ന കാര്യങ്ങളെ വികാരവിമുക്തരായി വീക്ഷിക്കുന്നതിനുള്ള കഴിവു് ആത്മനിയന്ത്രണം നമുക്കു നൽകുന്നു. ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഓരോ മനുഷ്യനോടും ഏററവും അധികം സ്നേഹാദരങ്ങളോടുകൂടി പെരുമാറുവാൻ ഉപവി നമ്മെ പ്രാപ്തരാക്കുന്നു. ആ പ്രതിരൂപങ്ങളെ വികൃതമാക്കുവാൻ പിശാചുക്കൾ എത്രയധികം ശ്രമിച്ചിട്ടുണ്ടെങ്കിലും അതുമൂലം നമ്മുടെ വീക്ഷണത്തിൽ വ്യതിയാനം വരുന്നില്ല. നാവിനു സുഖാനുഭൂതി നൽകുന്ന വിഭവങ്ങളെ സന്തോഷപൂർവ്വം തിരസ്കരിക്കാനും ആത്മനിയന്ത്രണം സഹായകമാകുന്നു. ശത്രുക്കളെ ഭയപ്പെടാതിരിക്കാനും പീഡനങ്ങളെ ശാന്തമായി സഹിക്കാനും നമ്മെ സഹായിക്കുക എന്നതാണ് ധൈര്യത്തിന്റെയും ക്ഷമയുടെയും ജോലി. ആത്മാവിന്റെ വിവിധ ഭാഗങ്ങൾ തമ്മിൽ പരസ്പര ക്രമീകരണം വരുത്താൻ നീതി സഹായിക്കുന്നു.

www.malankaralibrary.com



90 ധാന്യക്കററകളുടെ ഉത്ഭവം വിത്തിൽ നിന്നാണല്ലോ. സുകൃതങ്ങളുടെ ഫലമായി വിജ്ഞാനം ഉണ്ടാകുന്നു. വിതയുടെ കഷ്ടപ്പാട് കണ്ണീരിനു കാരണമാകുമെങ്കിൽ കൊയ്ത്തിനോടൊപ്പം ആനന്ദവും ഉണ്ടായിരിക്കും.

## വിശുദ്ധ സന്യാസിമാരുടെ ഉക്തികൾ

91 വളരെ അത്യാവശ്യമായ ഒരു കാര്യം കൂടെ ഇവിടെ ചെയ്യാനുണ്ട്. നമ്മുടെ മുൻഗാമികളായ സന്യാസിമാരുടെ ജീവിത പഥങ്ങൾ ശ്രദ്ധാപൂർവ്വം പരിശോധിച്ച് മനസ്സിലാക്കുക എന്നുള്ളതാണത്. അവർ നേർവഴിയിൽ സഞ്ചരിച്ചവരാണല്ലോ. ആ വഴി നമുക്കും ധൈര്യമായി പിന്തുടരാം. അവർ അവശേഷിപ്പിച്ച അതിവിശിഷ്ടങ്ങളായ വചനങ്ങളും കർമ്മങ്ങളുമുണ്ട്. അവരിൽ ഒരാളുടേതായ ഈ ഉക്തി ഒരുദാഹരണമാണ്. 'ശുഷ്കവും ക്രമീകൃതവുമായ ഭക്ഷണം ഉപവിയോടു ചേർന്ന് സന്യാസിയെ ഹൃദയവിശുദ്ധിയുടെ തുറമുഖത്തേയ്ക്ക് അതിവേഗം നയിക്കുന്നു'. രാത്രിയിൽ അസ്വാസ്ഥ്യജനകമായ ദർശനങ്ങൾ ഉണ്ടാകുക പതിവുള്ള ഒരു സഹോദരനെ പ്രസ്തുത സന്യാസി ആ അനുഭവത്തിൽ നിന്നു രക്ഷിച്ചു. ഉപവസിച്ചുകൊണ്ടു രോഗികളെ ശുശ്രൂഷിക്കുക എന്ന മാർഗ്ഗമാണ് അദ്ദേഹം നിർദ്ദേശിച്ചത്. അങ്ങനെ നിർദ്ദേശിക്കാനുള്ള കാരണമെന്ത് എന്നു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'ഇത്തരം വിഷമതകൾ പരിഹരിക്കാനുള്ള ഏററവും നല്ല ഔഷധം കാരുണ്യമാകുന്നു.'

92 അന്നത്തെക്കാലത്തെ അറിയപ്പെട്ട ജ്ഞാനികളിലൊരാൾ സന്യാസിശ്രേഷ്ഠനായ അന്തോനീസിനെ സമീപിച്ച് അദ്ദേഹത്തോടു ചോദിച്ചു: 'പുസ്തകങ്ങളിൽ നിന്നുള്ള സഹായമൊന്നും ലഭിക്കാത്ത അവസ്ഥയിൽ അങ്ങ് എങ്ങനെയാണു മുമ്പോട്ടു പോകുന്നത്?' അദ്ദേഹം മറുപടി പറഞ്ഞു, 'തത്വജ്ഞാനിയായ മഹാത്മാവേ, സൃഷ്ടവസ്തുക്കളുടെ സ്വഭാവമാണ് എന്റെ പഠനഗ്രന്ഥം. അത് എപ്പോഴും എന്റെ സമീപത്തുണ്ട്. അതിൽനിന്ന് ദൈവത്തിന്റെ വചനങ്ങൾ ഞാൻ വായിക്കുന്നു.'

93 ഈജിപ്റ്റിലെ വലിയ മക്കാരിയൂസ് എന്ന തെരഞ്ഞെടുക്കപ്പെട്ടപാത്രം എന്നോടു ചോദിച്ചു: 'മനുഷ്യർ നമ്മോടു ചെയ്യുന്ന ഉപദ്രവങ്ങൾ മനസ്സിൽ സൂക്ഷിക്കുമ്പോൾ ആത്മാവിന്റെ ഓർമ്മശക്തിയെ നാം നശിപ്പിക്കുന്നു. എന്നാൽ പിശാചുക്കൾ ചെയ്യുന്ന ഉപദ്രവം ഓർമ്മിക്കുമ്പോൾ നാം അതിനെ ഭദ്രമായി സൂക്ഷിക്കുന്നു. എന്തുകൊണ്ടാണിത്?' മറുപടി പറയാൻ എനിക്കു വിഷമമുണ്ടായി. കാരണം വിശദമാക്കിത്തരാൻ ഞാൻ അദ്ദേഹത്തോടു യാചിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, 'കാരണമുണ്ട്: ആദ്യത്തേത് പ്രകൃതിക്കെതിരാണ്. രണ്ടാമത്തേത് നമ്മുടെ ആത്മാവിന്റെ പ്രകൃതിക്ക് അനുകൂലവുമാണ്.'

94 വിശുദ്ധപിതാവായ മക്കാരിയൂസിനെ കാണാൻ ഞാൻ പോയത് ഒരു നട്ടുച്ചസമയത്താണ്. ഞാൻ അവിടെയെത്തിയപ്പോൾ ദാഹിച്ചു പൊരിയുകയായിരുന്നു. അതിനാൽ ഞാൻ അദ്ദേഹത്തോട് കുടിക്കാൻ അല്പം വെള്ളം ആവശ്യപ്പെട്ടു. അദ്ദേഹം എന്നോടു പറഞ്ഞു, 'ഇവിടെയുള്ള ഈ തണൽകൊണ്ടു തൃപ്തിപ്പെടുക. എന്തെന്നാൽ

www.malankaralibrary.com



കരയ്ക്കും കടലിലും യാത്രചെയ്യുന്ന അനേകർക്കു് ഈ തണൽപോലും ലഭിക്കുന്നില്ല.' ആശയടക്കത്തെ സംബന്ധിച്ച അദ്ദേഹത്തിന്റെ ആശയങ്ങൾ അംഗീകരിക്കാൻ എന്റെ വിചാരങ്ങളോടു് എനിക്ക വളരെ മല്ലപിടിക്കേണ്ടി വന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു, 'എന്റെ മകനേ, ധൈര്യമായിരിക്കുക. കഴിഞ്ഞ ഇരുപതു വർഷമായി ഞാൻ വിശപ്പടങ്ങാൻ ഭക്ഷണം കഴിച്ചിട്ടില്ല. ആവശ്യത്തിനു വെള്ളം കടിക്കുകയോ ഉറങ്ങുകയോ ചെയ്തിട്ടില്ല. ചുരുങ്ങിയ തോതിൽ മാത്രം ഭക്ഷിച്ചു; ചുരുങ്ങിയ അളവിൽ വെള്ളം കുടിച്ചു; മതിലിൽ ചാരിനിന്നു് അല്പം മാത്രം ഉറങ്ങി.'

95 ഒരാൾവന്നു് ഒരു സന്യാസിയോടു് അദ്ദേഹത്തിന്റെ പിതാവു മരിച്ചു എന്നറിയിച്ചു. സന്യാസി അവനോടു പറഞ്ഞു, 'ദൈവദൂഷണം പറയരുതു്. എന്റെ പിതാവു് അമർത്യനാകുന്നു.'[21]

96 ഒരിക്കൽ ഒരു സഹോദരൻ വൃദ്ധനായ ഒരു സന്യാസിയോടു് ഒരുപദേശം ആവശ്യപ്പെട്ടു. വീട്ടിൽ പോകുമ്പോൾ അമ്മയും സഹോദരിമാരും ഒരുമിച്ചു ഭക്ഷണം കഴിക്കാമോ എന്നതിനെക്കുറിച്ചായിരുന്നു ഉപദേശം ആവശ്യപ്പെട്ടതു്. 'സ്ത്രീകളുടെകൂടെ ഭക്ഷണം കഴിക്കരുതു്' എന്നതായിരുന്നു വൃദ്ധസന്യാസിയുടെ ഉപദേശം.

97 ഒരു സഹോദരനു് ഒരു സുവിശേഷ പുസ്തകം മാത്രമാണുണ്ടായിരുന്നതു്. അദ്ദേഹം അതുവിററു് ആ പണം ദരിദ്രരുടെ സംരക്ഷണത്തിനായി ദാനം ചെയ്തു. അതിനെക്കുറിച്ചു് അദ്ദേഹം നടത്തിയ പ്രസ്താവന അനുസ്മരണാർഹമാണു്: 'നിന്റെ സമ്പത്തു് എല്ലാം വിററു് ദരിദ്രർക്കു് ദാനം ചെയ്യുക' എന്നെന്നോടു പറഞ്ഞ ആ വാക്കുകൾ തന്നെ ഞാൻ വിററു.'

98 അലക്സാണ്ഡ്റിയയ്ക്കടുത്തു് ഒരു ദ്വീപുണ്ടു്. മരിയാ എന്ന തടാകത്തിന്റെ വടക്കുഭാഗത്തായിട്ടാണു് അതു കിടക്കുന്നതു്. സംശയാതീതമായ സുകൃതപൂർണ്ണതയുള്ള ഒരു സന്യാസി അവിടെ ജീവിക്കുന്നു. ധ്യാനിക്കുന്ന സന്യാസിമാരുടെ സമൂഹത്തിലെ ഒരംഗം. അഞ്ചു കാരണങ്ങളിലൂടെയാണു് സന്യാസിമാരുടെ സകല പ്രവർത്തനങ്ങളും നിർവ്വഹിക്കപ്പെടുന്നതെന്നു് അദ്ദേഹം അഭിപ്രായപ്പെടുന്നു. ആ കാരണങ്ങൾ താഴെ പറയുന്നവയാണു്: ദൈവം, പ്രകൃതി, ശീലം, ആവശ്യം, കായികാദ്ധ്വാനം. അദ്ദേഹം ഒരുകാര്യംകൂടെ പറഞ്ഞിട്ടുണ്ടു്. പ്രകൃത്യാ നന്മ ഒന്നാണു്. എന്നാൽ ആത്മാവിന്റെ ശക്തികൾ അതിനെ പല വിധത്തിൽ അനുകരിക്കുന്നു. അദ്ദേഹം തുടരുന്നു, 'സൂര്യപ്രകാശത്തിനു് പ്രത്യേക ആകൃതിയില്ല. എന്നാൽ പല വിടവുകളിലൂടെ അതു് ഒരു മുറിയിൽ പ്രവേശിക്കുമ്പോൾ അതിനു് ആ വിടവുകളുടെ ആകൃതികൾ ലഭിക്കുന്നു.'

---

21 ഈ താപസൻ എവാഗ്രിയസ് തന്നെയാണു്: ലൗസിയാക് ചരിത്രം, 38:13.

www.malankaralibrary.com



99 മറെറാരു സന്യാസി വേറൊരിക്കൽ ഇങ്ങനെ പറഞ്ഞു, 'കുപിതനായിത്തീരുന്നതിനുള്ള ഒഴികഴിവുകൾ ഇല്ലാതാക്കുന്നതിനുവേണ്ടിയാണ് ഞാൻ സുഖങ്ങളെ ഉപേക്ഷിക്കുന്നത്. കോപം സുഖങ്ങൾക്കുവേണ്ടി നിരന്തര സമരം ചെയ്യുന്നുവെന്ന് എനിക്കറിയാം. അത് മനസ്സിനെ വികാരാകുലമാക്കുന്നു. തന്മൂലം ധ്യാനാത്മകവിജ്ഞാനം വിനഷ്ടമായിപ്പോകുന്നു.'

വൃദ്ധനായ മറെറാരു സന്യാസി ഒരിക്കൽ ഇങ്ങനെ പ്രസ്താവിച്ചു: 'ഭക്ഷണസാധനങ്ങളോ പണമോ സൂക്ഷിച്ചുവയ്ക്കാൻ ഉപവിക്കറിഞ്ഞുകൂടാ.' 'പിശാചുക്കൾ ഒരേ വിഷയത്തിൽ ഒന്നിലധികം തവണ എന്നെ വഞ്ചിച്ചിട്ടുള്ളതായി എനിക്കറിവില്ല' എന്നു പ്രസ്താവിച്ചതും അദ്ദേഹം തന്നെ.

100 എല്ലാ സഹോദരന്മാരേയും ഒരുപോലെ സ്നേഹിക്കുക അസാദ്ധ്യമാകുന്നു. എന്നാൽ എല്ലാ സഹോദരന്മാരോടും വികാരത്തിനുപരിയായ വിധത്തിൽ ഇടപെടാൻ സാദ്ധ്യമാണ്—അതായത് വിദ്വേഷവും അമർഷവും കൂടാതെ. എല്ലാ മനുഷ്യരും ദൈവം കഴിഞ്ഞാൽ ഏററവും അധികമായി പുരോഹിതന്മാരെ സ്നേഹിക്കണം. അവർ ദൈവിക രഹസ്യങ്ങൾ വഴി നമ്മെ ശുദ്ധീകരിക്കുകയും നമുക്കുവേണ്ടി പ്രാത്ഥിക്കുകയും ചെയ്യുന്നവരാണല്ലോ. നമ്മുടെ കൂട്ടത്തിലെ പ്രായമായവർ മാലാഖാമാക്കു തുല്യം ബഹുമാനിക്കപ്പെടണം. ആദ്ധ്യാത്മിക യുദ്ധങ്ങൾക്കുവേണ്ടി നമ്മെ അഭിഷേകം ചെയ്യുന്നത് അവരത്രേ. കാട്ടുമൃഗങ്ങളുടെ കടിമൂലം ഉണ്ടാകുന്ന വ്രണങ്ങൾ നീക്കാൻവേണ്ട ചികിത്സയും അവർ നൽകുന്നു.

എനിക്കു വളരെ പ്രിയപ്പെട്ട അനറോളിയൂസേ, സന്യാസ ജീവിതത്തെക്കുറിച്ചുള്ള ചർച്ച തല്ക്കാലം നമുക്കിവിടെ അവസാനിപ്പിക്കാം, നമ്മുടെ പാകമായി വരുന്ന മുന്തിരിച്ചെടിയുടെ വളർച്ചയിൽ നിന്നു ഞാൻ പെറുക്കി ശേഖരിച്ചെടുത്ത ചില കാര്യങ്ങളാണ് മുകളിൽ കൊടുത്തിട്ടുള്ളത്. പരിശുദ്ധാത്മാവിന്റെ അനുഗ്രഹംകൊണ്ടിതു സാധിച്ചു. തിളക്കമുള്ള 'നീതിയുടെ സൂര്യൻ' നമ്മുടെമേൽ പ്രകാശിക്കുകയും നമ്മുടേതായ മുന്തിരിക്കുല പാകമാകുകയും ചെയ്യുന്നെങ്കിൽ അതിന്റെ വീഞ്ഞു നാം കുടിക്കും. 'മനുഷ്യ ഹൃദയത്തെ ആഹ്ലാദിപ്പിക്കുന്ന' വീഞ്ഞാണത്. (സങ്കീ.104:15). നീതിമാനായ ഗ്രിഗറിയുടെ[22] പ്രാത്ഥനകളും മദ്ധ്യസ്ഥതയും വഴി അപ്രകാരം സംഭവിക്കുവാൻ ഇടയാകട്ടെ. അദ്ദേഹമാണ് എന്നേയും എനിക്ക് ആദ്ധ്യാത്മിക ജലസേചനം നൽകുന്ന വിശുദ്ധപിതാക്കന്മാരേയും ഈ മുന്തിരിത്തോട്ടത്തിൽ നട്ടത്. എന്നെ വളരാൻ സഹായിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ശക്തിയും ഈ പരിണാമത്തിലേക്കു നമ്മെ നയിക്കട്ടെ. അവിടുത്തേക്ക് സ്തുതിയും ശക്തിയും എന്നെന്നേയ്ക്കും ഉണ്ടായിരിക്കട്ടെ. ആമ്മേൻ.

22 വി. ഗ്രിഗറി നസ്യാൻസൻ

www.malankaralibrary.com



# 5

# ദാദീശോ ഖത്രായാ

പേർഷ്യൻ ഉൾക്കടലിലെ ഖത്തറിൽനിന്നുള്ള ഒരു മിസ്റ്റിക്കൽ എഴുത്തുകാരനായിരുന്ന ദാദീശോ(7th c). ഖത്തറിൽ നിന്നുള്ളയാൾ എന്ന അർത്ഥത്തിലാണ് ഖത്രായാ എന്ന് അദ്ദേഹം വിളിക്കപ്പെടുന്നത്. ഖത്തറിലെ റാബ്—കിന്നാറെ ആശ്രമത്തിലെ സന്ന്യാസിയായിരുന്ന ദാദീശോ. പൗരസ്ത്യ സുറിയാനിസഭയുടെ ഒരാശ്രമം റാബ്—കിന്നാറെയിൽ ഉണ്ടായിരുന്നു.

ആബാ ഏശായായുടെ കൃതികൾക്ക് ദാദീശോ ഭാഷ്യമെഴുതിയിട്ടുണ്ട്. ഏകാന്തജീവിതം നയിക്കുന്ന താപസരുടെ ജീവിതരീതികൾ വരച്ചുകാട്ടുന്ന ഒരു ഗ്രന്ഥം ദാദീശോ രചിച്ചു. ''ഏകാന്തജീവിതം സംബന്ധിച്ച്'' എന്നാണ് ശീർഷകം. ഈ കൃതിക്ക് അഞ്ച് ഭാഗങ്ങളുണ്ട്. അതാണു താഴെ കൊടുക്കുന്നത്. പല പല സന്ദർഭങ്ങളിലായി ദാദീശോ രചിച്ചതാകാം ഈ ഭാഗങ്ങൾ,

പ്രാചീനകാലത്തെ താപസ്സർ ഏകാന്തതയ്ക്കും [illegible]ശൂന്യതയ്ക്കും സന്ന്യാസത്തിൽ വലിയ വില കല്പിച്ചിരുന്നു. പലതരം 'ഏകാന്തത' ഉണ്ടായിരുന്നു. ''ഏഴുദിവസം'', ''ഏഴാഴ്ച'' എന്നിങ്ങനെ ഏകാന്തത തിരിക്കപ്പെട്ടിരിക്കുന്നു. കൂട്ടജീവിതം നയിച്ചിരുന്ന താപസരാണ് ഈ ഏകാന്തത പാലിച്ചിരുന്നത്. ജീവിതകാലം മുഴുവൻ ഏകാന്തജീവിതം നയിച്ചിരുന്നവരെപ്പററിയും ഗ്രന്ഥകാരൻ ചർച്ചചെയ്യുന്നു. അലഞ്ഞുനടക്കുന്ന ഏകാന്തവാസികൾ ആശ്രമംതോറും കയറിയിറങ്ങി കഴിഞ്ഞിരുന്നു. ആശ്രമത്തിനു പുറത്ത് ഇക്കൂട്ടർക്കു സ്വന്തമായി മുറിയുണ്ടായിരുന്നു. മരുഭൂമിയിലെ താപസർ; ചിലപ്പോഴൊക്കെ അവർ ആശ്രമത്തിൽ എത്തിയിരുന്നു. മൂന്നാമത്തെക്കൂട്ടർ എല്ലാ മാനുഷിക ബന്ധങ്ങളിൽനിന്നും അകന്നുകഴിഞ്ഞു. ഉടമ്പടിയുടെ മക്കളെപ്പററിയും ദാദീശോ സൂചിപ്പിക്കുന്നു. ഗ്രാമങ്ങളുടെയും പട്ടണങ്ങളുടെയും സമീപത്തായി അവർ താപസജീവിതം നയിച്ചു.

ഏഴാഴ്ചത്തെയും ഏഴുദിവസത്തെയും ഏകാന്തതയിൽ പ്രവേശിക്കുന്ന വ്യക്തി അനുഷ്ഠിക്കേണ്ട ആദ്ധ്യാത്മിക കർമ്മങ്ങളെപ്പററി ദാദീശോ തന്റെ കൃതിയിൽ ചർച്ചചെയ്യുന്നു. ആത്മീയവും ശാരീരികവുമായ കർമ്മപരിപാടികൾ വിവരിക്കുന്നു. അവ ശരിയായി പരിശീലിച്ചാൽ ''ശുദ്ധപ്രാർത്ഥനയും'' ''മിസ്റ്റിക്കൽ പ്രാർത്ഥനയും'' താപസനു ലഭിക്കും.

ഈ കൃതിയുടെ ഒരു ഭാഗം നിനിവെയിലെ ഇസഹാക്കിന്റെ പേരിൽ 1909—ൽ പോൾ ബഡ്ജാൻ പ്രസിദ്ധീകരിച്ചു. യാക്കോബായക്കാരനായ പകർത്തിയെഴുത്തുകാരൻ നെസ്തോറിയൻ സഭാനേതാക്കന്മാരുടെ പേരു വരുന്നിടത്തൊക്കെ തിരുത്തി നെസ്തോറിയൻ വിരുദ്ധരുടെ പേരുകൾ എഴുതിവച്ചിരുന്നു. അപ്രകാരമുള്ള തിരുത്തലോടുകൂടിയാണ് ബഡ്ജാൻ പ്രസിദ്ധീകരിച്ചത്. മാർ ബാബായിറംബായുടെ പേരിനുപകരം മക്കാരിയൂസിന്റെ പേരാണ് ബഡ്ജാന്റെ കൃതിയിൽ. എന്നാൽ

www.malankaralibrary.com



''നോവീസസിൻവേണ്ടി'' എന്നപേരിൽ മക്കാരിയൂസ് ഒരു കൃതി രചിച്ചിട്ടില്ല. അതുപോലെ തിയഡോറിന്റെ പേരിന്റെ സ്ഥാനത്ത് സിറിൾ എന്ന തിരുത്തിയിട്ടുണ്ട്. 'ഭാഷ്യകാരൻ' എന്നതു് തിയഡോറിന്റെ പേരാണ്. ചിലയിടങ്ങളിൽ സിറിൽ എന്നാക്കി 'ഭാഷ്യകാരൻ' എന്നതു നിലനിർത്തി. ചിലപ്പോൾ ''ഭാഷ്യകാരന്മാർ'' എന്നാക്കിയിട്ടുമുണ്ട്.

# ഏകാന്തജീവിതം സംബന്ധിച്ച്

## ഭാഗം 1

നമ്മുടെ കർത്താവേശുമിശിഹായുടെ സഹായത്താൽ, ഏഴാഴ്ചയിലെ ഏകാന്തതയെക്കുറിച്ചുള്ള പ്രയോജനപ്രദമായ പ്രതിപാദനങ്ങൾ എഴുതാൻ തുടങ്ങുന്നു. ഏകാന്തജീവിതക്കാരൻ എപ്രകാരം സ്വയം പരിശീലിപ്പിക്കണം, അവൻ അനുഷ്ഠിക്കേണ്ട സംഗതികൾ ഏവയെല്ലാം, ഏകാന്തതയുടെ പ്രാധാന്യം എന്താണ് എന്നിവയെക്കുറിച്ച് റാബ് കിന്നാറേ ആശ്രമത്തിലെ സന്യാസിയും, വിദഗ്ദ്ധോപദേശകനുമായ വിശുദ്ധ റമ്പാൻ മാർ ദാദീശോ ഖത്രായാ എഴുതിയതാണിവ. എന്റെ കർത്താവേ, നിന്റെ കരുണയാൽ സമാധാനത്തിൽ ഈ ജോലി പൂർത്തിയാക്കുവാൻ എന്നെ സഹായിക്കണമെ. ആമ്മീൻ. 1

എന്റെ വത്സലസഹോദരാ, ഏഴാഴ്ചത്തെ ഏകാന്തത അനുഷ്ഠിക്കാൻ ആഗ്രഹിക്കുന്നവർക്കുവേണ്ടി കുറേ ഉപദേശങ്ങളും അനുഷ്ഠാനങ്ങളും എഴുതി അറിയിക്കണമെന്ന് താങ്കൾ ആവശ്യപ്പെട്ടതനുസരിച്ച്, താങ്കളുടെ ആഗ്രഹ പൂർത്തീകരണത്തിനായും, താല്പര്യം അനുസരിച്ചും താങ്കളുടെ പ്രാർത്ഥനാസഹായത്താൽ എന്റെ നിസ്സാരമായ അറിവിനനുസൃതം ചില സംഗതികൾ ഞാൻ എഴുതുന്നു.

ക്രിസ്ത്യാനികൾക്ക് പലതരത്തിലുള്ള ആദ്ധ്യാത്മികാനുഷ്ഠാനങ്ങൾ ഉണ്ടെന്ന് ആദ്യമായി നീ മനസ്സിലാക്കണം. നമ്മുടെ കർത്താവേശുമിശിഹാ നമ്മുടെ മുൻപിൽവച്ച ലക്ഷ്യം ശാരീരികവും, ആത്മീകവുമായ കഠിനാദ്ധ്വാനത്തിലൂടെ, താല്പര്യത്തോടും, തീക്ഷ്ണതയോടും, ശ്രദ്ധയോടും, എത്തിപ്പിടിക്കാനായി പരിപൂർണതയുടെ ദുർഘട പാതയിൽ ചരിക്കാൻ എല്ലാവരും അശക്തരാണ്; എല്ലാവരും ചരിക്കാൻ കൂട്ടാക്കുന്നുമില്ല. മനുഷ്യപ്രകൃതിയുടെ ഈ സങ്കീർണ്ണതയും ബലഹീനതയും നമ്മുടെ കർത്താവേശുമിശിഹായ്ക്കു് നന്നായറിയാം. കർത്താവ് വച്ച ലക്ഷ്യം ഇതത്രേ: നമ്മുടെ കർത്താവ് നമ്മെ പൂർണമായി സ്നേഹിച്ചു. കുരിശുമരണംവരെ നമുക്കുവേണ്ടി സഹിച്ച പരീക്ഷണങ്ങളിലൂടെയും കഷ്ടതകളിലൂടെയും അവിടുന്ന നമ്മോടുള്ള തന്റെ സ്നേഹം കാണിച്ചു. അതുപോലെ ജീവദായകമായ തന്റെ കല്പനകൾ പാലിച്ചുകൊണ്ട് നാമും മരണംവരെ പൂർണഹൃദയത്തോടെ കർത്താവിനെ സ്നേഹിക്കണം. ഇക്കാരണത്താലാണ് അവിടുന്ന് തന്റെ മഹനീയമായ കാരുണ്യത്തോടുകൂടി നമ്മോട് ഇടപെടുന്നും പല വഴികളും വിവിധ പാതകളും നമുക്കു കാ

---

1 പകർത്തിയെഴുത്തുകാരന്റെ കുറിപ്പ്

www.malankaralibrary.com



ണിച്ചു തന്നതും. അങ്ങനെ ക്ലേശകരമായ പാതയിൽ ചരിക്കാൻ പ്രയാസമുള്ളവന് എളുപ്പമുള്ള മററൊരു പാത തെരഞ്ഞെടുക്കാം; ക്ലേശകരമായ പാതയിലൂടെ നടക്കാൻ ഇഷ്ടമില്ലാത്തവനും കഴിവില്ലാത്തവനും ആയാസരഹിതമായമററൊന്നിലൂടെ സഞ്ചരിക്കാം. നമ്മെപ്രതിയുള്ള തന്റെ പീഡാസഹനവും രക്തം ചിന്തലും മരണവുംവഴി മിശിഹാ നേടിത്തന്ന സ്വർഗ്ഗസൗഭാഗ്യം തന്നിൽ വിശ്വസിക്കുന്ന ഒരു ക്രിസ്ത്യാനിക്കും ലഭിക്കാൻ ഇടയാകാതെ വരരുതെന്നും എല്ലാ ക്രിസ്ത്യാനികളും സ്വർഗരാജ്യത്തിൽ പ്രവേശിച്ചു തന്നോടുകൂടി സന്തോഷിക്കണമെന്നുമുള്ളതാണ് ഇതിലെ ലക്ഷ്യം.

നമ്മുടെ കർത്താവിനോടുള്ള സ്നേഹത്തിന്റെയും, തന്റെ കല്പനകൾ പാലിക്കുന്നതിന്റെ അളവിനെയും ആശ്രയിച്ചായിരിക്കും ഓരോരുത്തനും പ്രതിഫലവും സന്തോഷവും ലഭിക്കുക. എന്റെ പിതാവിന്റെ ഭവനത്തിൽ പല വാസസ്ഥലങ്ങളുണ്ട് എന്ന് നമ്മുടെ കർത്താവ് പറയുന്നു (യോഹ. 14:2). ''ഒരു നക്ഷത്രം മററൊന്നിനെ തേജസ്സിൽ ഉല്ലംഘിക്കുന്നതുപോലെ മരിച്ചവരുടെ ഉത്ഥാനത്തിൽ സംഭവിക്കും'' എന്ന് ശ്ലീഹായും സാക്ഷിക്കുന്നു (1 കോറി. 5:41–42). ക്രിസ്തുമതത്തിന്റെ ആദ്ധ്യാത്മികാനുഷ്ഠാനങ്ങൾ ചെയ്യുന്നവർ അനേകരാണ്; എന്നാൽ ചിലർ മററുള്ളവരെക്കാൾ കൂടുതൽ പരിപൂർണരും സുകൃതമുള്ളവരും ശ്രേഷ്ഠരുമായിരിക്കാം.

നല്ലൊരു ക്രിസ്ത്യാനിയുടെ കടമകൾ ഒന്ന്; ഉടമ്പടിയുടെ മക്കളെന്ന് അറിയപ്പെടുന്നവരുടേത് മററൊന്ന്; വിവാഹം കഴിക്കാത്തവരും മാംസം ഭക്ഷിക്കാത്തവരുമായ സന്ന്യാസികളുടെ ജോലി മററൊന്ന്; അവർ ലളിതമായി വസ്ത്രം ധരിക്കുന്നു; ഏകാന്തവാസികളുടേതിനേക്കാൾ ചെറുതും, അല്മായരുടേതിനേക്കാൾ വലുതുമാണ് അവരുടെ പട്ടംവെട്ടൽ. അവർ കൃത്യമായി കാനോന നമസ്കാരം ചൊല്ലുന്നു. ആശ്രമത്തിലെ പറമ്പിൽ കൃഷി ചെയ്യുന്നു; തങ്ങളുടെ ആശ്രമങ്ങൾ വഴിയരികിലാകയാൽ അവർ എല്ലാത്തരത്തിലുമുള്ള സ്ത്രീപുരുഷൻമാരായ യാത്രക്കാരെ സ്വീകരിച്ചു സൽക്കരിക്കുന്നു; ഇതാണ് സന്ന്യാസികൾ എന്നു വിളിക്കപ്പെടുന്നവരുടെ ജോലി.

ആശ്രമങ്ങളിൽ കൂട്ടജീവിതം നയിക്കുകയും എന്നാൽ കുറേ കാലത്തേയ്ക്ക് ഏകാന്തവാസം നയിക്കുകയും ചെയ്യുന്ന യുവസന്ന്യാസിയുടെ ജോലി ഒന്ന്; തങ്ങളുടെ മുറികളിൽത്തന്നെ കഴിഞ്ഞുകൂടി ഇട ദിവസങ്ങളിലെ ചെറിയ ഏകാന്തത പാലിക്കുന്നവരുടെ കടമ മററൊന്ന്. ഏഴ് നിർബന്ധിതാഴ്ചകളിലെ—അതായത്, നമ്മുടെ കർത്താവിന്റെ നോമ്പിന്റെ ഏഴാഴ്ച, ശ്ലീഹൻമാരുടെ ഏഴാഴ്ച, പ്രവാചകൻമാരുടെ ഏഴാഴ്ച—ഏകാന്തത പാലിക്കുന്നവരുടെ ജോലി വേറൊന്ന്; സന്ന്യാസികളുടെ കൂട്ടജീവിതത്തിനു വെളിയിലായി മരുഭൂമികളിലും നിർജനപ്രദേശങ്ങളിലും ഏകാന്തജീവിതം നയിക്കുന്നവരുടെ നിയമങ്ങളും പരിപാടികളും മുകളിൽ പറഞ്ഞവയിൽനിന്നു വ്യത്യസ്തമാണ്. ആബാ ഏശായായുടെ ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്ന അലഞ്ഞു നടക്കുന്ന പന്ത്രണ്ട് ഏകാന്തജീവിതക്കാരെപ്പോലെയും ക്ലിസ്മായിലെ ഒരു ഗുഹയിൽ പാർത്തിരുന്ന ആബാ ശീശോയെ സന്ദർശിച്ച അലഞ്ഞുനടന്ന ഏഴ് ഏകാന്തജീവിതക്കാരെപ്പോലെയും കഴിയുന്ന സന്ന്യാസികളുടെ നിയമങ്ങളും പരിപാടികളും വ്യത്യസ്തമാണ്. എല്ലാവിധ മാനുഷിക സംസർഗത്തിൽനിന്നു,

www.malankaralibrary.com



അകന്നുകഴിയുന്ന കഠിനതാപസരായ ഏകാന്തവാസികളുടെ ജീവിതനിയമങ്ങളാകട്ടെ മുകളിൽപറഞ്ഞവയിൽനിന്നെല്ലാം വളരെ വ്യത്യസ്തമാണ്.

ക്രിസ്ത്യാനികളുടെ ആദ്ധ്യാത്മിക കർമ്മപരിപാടികളിലെ വൈവിധ്യത്തെപ്പററി പറഞ്ഞാൽ ഓരോന്നിന്റെയും പ്രത്യേകസ്വഭാവത്തെപ്പററി വരച്ചുകാട്ടാൻ പ്രത്യേകം പ്രത്യേകം പ്രതിപാദനംതന്നെ വേണ്ടിവരും. അതുകൊണ്ട്, നീ ആവശ്യപ്പെട്ടതുപോലെ, ഏഴ് നിർബന്ധിതാഴ്ചകളിലെ ഏകാന്തതയെക്കുറിച്ച്, വളരെ ചുരുക്കമായി ചർച്ചചെയ്യാം. അധികം ചർച്ചചെയ്ത് അതിന്റെ മേന്മ കുറച്ചുകാണിക്കാനോ നിന്റെ തീക്ഷ്ണത കുറഞ്ഞുപോകാനോ ഇടയാകാതിരിക്കട്ടെ. നിന്റെ ഏകാന്തജീവിതത്തിലൂടെ ഈ രീതിയിൽ ദൈവത്തെ പ്രസാദിപ്പിക്കാൻ നിനക്കു സാധിക്കും.

ആദ്യമായിത്തന്നെ നിന്റെ ചോദ്യത്തിനുത്തരം പറയാം: ''ഏഴാഴ്ചകളിലെ ഏകാന്തത പാലിക്കാൻ സന്ന്യാസ സഹോദരന്മാരെ പ്രേരിപ്പിക്കയും നിർബന്ധിക്കുകയും ചെയ്യുന്നതായി മാർ ബാബായിയുടെയും അദ്ദേഹത്തിന്റെ കാലത്തുള്ള പിതാക്കന്മാരുടെയും കൃതികളിൽ കാണാത്തത് എന്തുകൊണ്ടാണ്?'' അതിനുശേഷം, ഈ ഏഴാഴ്ചകളിലെ ഏകാന്തതയും നിശ്ശബ്ദതയുംമൂലം കൈവരുന്ന നന്മകളെപ്പററി ചുരുക്കിവിവരിക്കാം.

വത്സല സഹോദരാ, മാർ ബാബായിയും ശേഷം സഹവിശുദ്ധരും ജീവിച്ച കാലമായിരുന്ന നമ്മുടേതെങ്കിൽ ഏഴ് നിർബന്ധിതാഴ്ചകളിൽ, നവാർത്ഥികളായ സഹോദരന്മാർക്ക് അടച്ചിട്ടിരിക്കുന്നതിന്റെ ഒരാവശ്യവും ഉണ്ടാകുമായിരുന്നില്ല എന്ന് അറിഞ്ഞാലും. നോംവീസസിനുവേണ്ടി അദ്ദേഹം രചിച്ച ഗ്രന്ഥത്തിൽ നിന്നു നാം ഗ്രഹിക്കുന്നതുപോലെ സഹോദരന്മാർ തങ്ങളുടെ മുറികളിൽനിന്ന് ഞായറാഴ്ചവരെ പുറത്തുപോയിരുന്നില്ല. ആഴ്ച പകുതിയാകുമ്പോൾ ഒരു സഹോദരനും തന്റെ സഹസന്യാസിയുടെ പക്കൽ പോയിരുന്നുമില്ല. ശനിയാഴ്ച വൈകിട്ട് ഉപവാസത്തോടുകൂടി അവർ മുറിവിട്ടിറങ്ങി സമൂഹത്തിലെത്തുമായിരുന്നു. കാരണം തണുപ്പുകാലത്തും ചൂടുകാലത്തും ആണ്ടുവട്ടം മുഴുവൻ സഹോദരന്മാർ ശനിയാഴ്ച കർബാന സ്വീകരിച്ചിരുന്നു. പിതാക്കന്മാരും സഹോദരന്മാരും തങ്ങളുടെ മുറികളിൽ നിന്നിറങ്ങി പൊതുവായന ശ്രദ്ധിക്കാനായി ആശ്രമത്തിൽ ഒന്നിച്ചുകൂടിയിരുന്നു. ഇതിൽ ഉപേക്ഷ വിചാരിക്കുന്നയാളെ കർക്കശമായി ശിക്ഷിച്ചിരുന്നു. തുടർന്ന് സായാഹ്നശുശ്രൂഷയ്ക്കായി അവർ എഴുന്നേല്ക്കുകയും, കർത്താവിന്റെ ശരീരത്തിലും രക്തത്തിലും പങ്കുകൊണ്ടിട്ട് ഭക്ഷണശാലയിലേക്ക് പോകുകയും ചെയ്തിരുന്നു. ഭക്ഷണശാലയിൽ നിന്നെഴുന്നേററാലുടൻ അവസാനത്തെ സായാഹ്നപ്രാർത്ഥനയായി. ആ രാത്രി മുഴുവൻ അവർ ഉറക്കമിളച്ച് പ്രാർത്ഥനയിൽ ചെലവഴിക്കുന്നു. അവർ രാത്രി മുഴുവൻ സങ്കീർത്തനങ്ങളാലപിച്ചും ദൈവത്തെ സ്തുതിച്ചും പ്രാർത്ഥിച്ചും ഭാഷ്യകാരനും ഭാഗ്യവാനുമായ തിയഡോറിന്റെയും സന്യാസപിതാക്കന്മാരുടെയും കൃതികൾ വായിച്ചും ചെലവഴിച്ചിരുന്നു.

സഹോദരന്മാർ പിതാക്കന്മാരോട് നിരവധി ചോദ്യങ്ങൾ ചോദിക്കുകയും പിതാക്കന്മാർ അവ വ്യക്തമാക്കിക്കൊടുക്കുകയും ചെയ്തിരുന്നു. പിശാചോ മററ് ബാഹ്യകാരണങ്ങളോ, ബലഹീനരും പൂർണ്ണസമർ

www.malankaralibrary.com



പ്പിതരല്ലാത്തവരും കൃത്യനിർവഹണത്തിൽ അത്ര നിഷ്ഠയില്ലാത്തവരു
മായ സഹോദരന്മാരെ പരീക്ഷിക്കാൻ അവസരം കണ്ടെത്തിയിരു
ന്നില്ല. അതുപോലെ, തീക്ഷ്ണരും സുകൃതനിഷ്ഠയുള്ളവരും കൃത്യ
നിർവഹണതല്പരരുമായ സഹോദരന്മാർക്ക് അസഹ്യമായവയിൽ—
അതായത് ലൗകിക വാർത്തകൾ, അർത്ഥരഹിതമായ പൊട്ടക്കഥകൾ,
കലഹം, തർക്കം, അപവാദം, പരദൂഷണം—ഉൾപ്പെട്ട് തങ്ങളുടെ നാവു
കൊണ്ട് ഇടറി വീഴാനുള്ള അവസരം ഇങ്ങനെ ഒഴിവാക്കപ്പെട്ടിരുന്നു.
ഉത്സാഹരാഹിത്യം, ക്ഷീണം, തളർച്ച, നിരാശതാബോധം എന്നി
വയാൽ ആഴ്ചയുടെ മദ്ധ്യത്തിൽ ക്ലേശിക്കാനിടയാകുന്ന സഹോദര
ന്മാരുണ്ടെങ്കിൽ, അവർ സഹോദരന്മാരുടെ സമൂഹത്തിൽവന്ന്, പിതാ
ക്കന്മാരുടെ മഹനീയ ജോലികളും മററ് സഹോദരന്മാരുടെ ജീവിത
നിഷ്ഠയും ദർശിക്കുമ്പോൾതന്നെ ആത്മീയ തീക്ഷ്ണതയാൽ അവരുടെ
ഉള്ളിൽ അഗ്നി കത്തിജ്ജ്വലിക്കുന്നു. അവർ കണ്ടതും കേട്ടതുമായ
സംഗതികളാൽ ഒരാഴ്ചത്തെ പോരാട്ടത്തിനുള്ള തയ്യാറെടുപ്പോടും സഹാ
യത്തോടുംകൂടെ തങ്ങളുടെ മുറികളിലേക്കു പോകുന്നു.

വിശുദ്ധ ഞായറാഴ്ച ദിവസം ഒന്നിച്ചു കൂടുന്നതിൽനിന്ന് ഇത്ത
രം നിരവധി നന്മകൾ നോവിസസ് പ്രാപിച്ചിരുന്നതിനാൽ ഏഴാ
ഴ്ചത്തെ ഏകാന്തത വിഷമമായി അവർക്കു തോന്നിയിരുന്നില്ല. എന്നാൽ
സുകൃതരഹിതവും തീക്ഷ്ണതാരഹിതവും, സ്നേഹശൂന്യവും അനുഷ്ഠാന
തല്പരരഹിതവുമായ നമ്മുടെ ഈ കാലത്താകട്ടെ, നാം യോഗത്തി
ലേക്കുപോകുമ്പോൾ, നമ്മുടെ ശുശ്രൂഷയേക്കാളും പ്രാർത്ഥനയേക്കാളും
കൂടുതലാണ് നമ്മുടെ ശൂന്യവും അലസവും നിസ്സാരവുമായ സംഭാഷ
ണം. അനുഷ്ഠാന തല്പരരായി ആരെങ്കിലും നമ്മുടെ ഇടയിലുണ്ടെ
ങ്കിൽ അവർ പുറത്തുപോകുന്നതോടെ, ബലഹീനതയാലും അനുഷ്ഠാ
നങ്ങളോടുള്ള നിരന്തരമായ അവിശ്വസ്തതയാലും ഈ ദുഃശ്ശീലത്തിൽ
തഴങ്ങിയവരുടെ വ്യർത്ഥഭാഷണംകേട്ട് അനുഷ്ഠാനത്തിൽ നേടിയ
സുകൃതം അപ്രത്യക്ഷമാകുന്നു. ഇക്കാരണത്താൽ, തങ്ങളുടെ
ആത്മരക്ഷയിൽ തല്പരരും നമ്മുടെ കർത്താവിനോടും തന്റെ ജീവ
ദായകവും ആനന്ദദായകവുമായ കല്പനകളോടും സ്നേഹമുള്ളവരും
തങ്ങളുടെ കഴിവനുസരിച്ച് താല്പര്യപൂർവം ഏകാന്തതയിൽ വ്യാ
പരിക്കേണ്ടതു് അത്യാവശ്യമാണ്.

ആദ്യമാദ്യം ഒരാഴ്ചത്തെ ഏകാന്തത പാലിക്കാൻ ശ്രദ്ധിക്കണം.
അതിനിടയ്ക്ക് ആഴ്ചയുടെ മധ്യഭാഗത്ത് പുറത്തുപോകരുത്. തന്നെ സ
ന്ദർശിക്കാൻ ആരേയും അനുവദിക്കയുമരുത്. പിശാചുക്കളിൽ നിന്നു
ള്ള പ്രലോഭനങ്ങളെയും ഈ ദിവസങ്ങളിലെ ഏകാന്തതയിൽ നിന്ന്
ഉളവാകുന്ന പരീക്ഷകളേയും ജയിച്ച് ഇടദിവസങ്ങളിലെ ചെറിയ ഏകാ
ന്തതയ്ക്ക് ആവശ്യമായ ദൈവികസമാശ്വാസവും ആദ്ധ്യാത്മികജ്ഞാനവും
ദൈവത്തിൽ നിന്നു പ്രാപിക്കുന്നതുവരെ, കഴിയുമെങ്കിൽ, മുറിയുടെ വാ
തിൽക്കൽ നിന്നുപോലും ആരും അവനോട് സംസാരിക്കരുത്. തുടർന്ന്,
ഇതിനേക്കാൾ ഉപരിസ്ഥമായ, ഏഴാഴ്ചത്തെ നിർബന്ധിതമായ, ഏകാ
ന്തതയിലേക്ക് അവൻ പ്രവേശിക്കുന്നു. അവസാനം, അവന് മനസ്സും
കഴിവും ഉണ്ടെങ്കിൽ, നമ്മുടെ കർത്താവിന്റെ ഇഷ്ടമനുസരിച്ച്, ജീവി
തം മുഴുവനുമുള്ള പൂർണ്ണവും നിരന്തരവുമായ ഏകാന്തതയാൽ അവൻ
പൂർണ്ണനാക്കപ്പെടും.

www.malankaralibrary.com



ഒരാഠ ഇടദിവസങ്ങളിലെ ചെറിയ ഏകാന്തത പാലിക്കുന്നു എന്നു കരുതുക. തന്റെ ശക്തിയും കഴിവുമനുസരിച്ച് തന്റെ ഇന്ദ്രിയങ്ങളെ നിയന്ത്രിക്കാനായി ആണ്ടുവട്ടം മുഴുവൻ ഈ ഏകാന്തതയിൽ അവൻ ജീവിക്കുന്നു. ഒരുത്തന്റെയും കഴിവിനതീതമായിട്ടൊന്നും ദൈവം ആവശ്യപ്പെടുന്നില്ലല്ലോ. എന്നാൽ ഞായറാഴ്ച ജനസമൂഹത്തിൽ പോകാൻ ഇടയാകുമ്പോഠ തന്റെ അനുഷ്ഠാനങ്ങളിലും, കർമ്മങ്ങളിലും, മുറിക്കുള്ളിലെ ഒതുങ്ങിയ ജീവിതത്തെ സ്നേഹിക്കുന്നതിലും പുരോഗമിക്കുന്നില്ലെന്നു് അവൻ കാണുന്നു. താൻ കാണുകയും കേഠക്കുകയും ചെയ്യുന്ന സംഗതികളുടെ ഫലമായി, ഒന്നിലേറെ പ്രാവശ്യം കുറവുള്ളവനായി കാണപ്പെടുന്നെന്നു് അവനു മനസ്സിലാകുന്നു. തന്റെ ശബ്ദം അന്തരീക്ഷത്തിൽ മുഴങ്ങുകയും പ്രയോജനപ്രദവും പ്രയോജനരഹിതവുമായ എല്ലാ സംഗതികളാലും ആകൃഷ്ടനാകുകയും അശ്രദ്ധനായി വ്യാപരിക്കുകയും, തന്റെ മുറിയെ വെറുക്കത്തക്കവിധം സൂക്ഷ്മതയില്ലാത്തവനായിരിക്കയും ചെയ്യുന്നു. ഈ ബലഹീനത നിമിത്തം മുറിക്കകത്തു നിന്നു് കൂടെക്കൂടെ പുറത്തുപോയി തിന്നാനും കുടിക്കാനും വർത്തമാനങ്ങഠ പറയാനും മററും അവൻ പ്രേരിതനായിത്തീരുന്നു. ഇങ്ങനെ സംഭവിക്കുന്നു എങ്കിൽ അയാഠ തീക്ഷ്ണതാപൂർവം തന്റെ മുറിയിലേക്കോടി സന്തുഷ്ടഹൃദയത്തോടെ ഏഴാഴ്ചകളിലെ നിർബന്ധിതമായ ഏകാന്തത സ്വീകരിക്കട്ടെ. ''ഏകാന്തത നല്ലതും സ്വീകാര്യവുമാണു്....എന്നാൽ ദുശ്ചിന്തകളുടെ ഓളങ്ങളെ എതിരിടാൻ കഴിവില്ലാത്തവൻ തന്റെ മനസ്സ് മുറിപ്പെടാതിരിക്കാൻ ശ്രദ്ധിക്കട്ടെ'' എന്നു് ആബാ എവാഗ്രിയസ് പറഞ്ഞതു് സഹോദരന്മാരുടെ കൂട്ടജീവിതത്തിലെയോ, ഇടദിവസങ്ങളിലെയോ, ഏഴാഴ്ചകളിലെയോ ഏകാന്തതയെക്കുറിച്ചല്ല; ആശ്രമങ്ങളിൽ ചില സന്യാസികഠ സ്വയം അനുഷ്ഠിക്കുന്ന ഏകാന്തതയെക്കുറിച്ചുമല്ല. പിന്നെയോ, മരുഭൂമിയിലും നിർജന പ്രദേശത്തും പാലിക്കുന്ന ഏകാന്തതയെപ്പററിയാണു്. ഈ ഏകാന്തത എല്ലാവർക്കും ഉപകരിക്കുന്നില്ല; അറിവാകുന്ന ഉപ്പുചേർത്തു് ഉറകൂട്ടിയവരും ഏകാന്തതയെ ധാരാളമായി സ്നേഹിച്ചവരും അതിൽ സ്ഥിരമായി നിലനിന്നവരുമായ, പൂർണത പ്രാപിച്ചവർക്കു മാത്രമാണു് അതു് ഉപകരിക്കുക.

മരുഭൂമിയിലെ ഏകാന്തജീവിതത്തിൽ മൂന്നു് വലിയ പോരാട്ടങ്ങളാണുള്ളതു്. രാത്രിയിലെ വലിയ ഭയം, പകലത്തെ കഠിനവും ക്രൂരവുമായ വിരസത, പിശാചുക്കഠ ഉണ്ടാക്കുന്ന വ്യാജ ദർശനങ്ങഠ. ആർക്കെങ്കിലും മരുഭൂമിയിൽവച്ചു് ഇവ മൂന്നും ഉണ്ടാകുകയും, അതിനെപ്പററി അജ്ഞനായിരിക്കയും, അവനിൽ നമ്മുടെ കർത്താവിന്റെ സ്നേഹവും, വലിയ സഹനവും, ഒരുപദേശകനും ഇല്ലാതിരിക്കയും ചെയ്താൽ അവന്റെ മനസ്സ് എളുപ്പത്തിൽ മുറിപ്പെടാൻ ഇടയുണ്ടു്. സഹോദരന്മാരുടെ സമൂഹത്തിന്റെ നടുവിൽ ജീവിക്കുകയും എന്നാൽ ഏകാന്തതയെ സ്നേഹിക്കാതിരിക്കയും ചെയ്യുന്നവർക്കു് ഈ പോരാട്ടങ്ങളുടെ തീവ്രത അനുഭവപ്പെടുകയില്ല: അതു് ഇടദിവസത്തെ ചെറിയ ഏകാന്തതയാകാം; ഏഴാഴ്ചത്തെ ഏകാന്തതയാകാം; ആശ്രമത്തിൽ ജീവിക്കുന്ന ചില സഹോദരന്മാർ സ്വയം അനുഷ്ഠിക്കുന്ന സമ്പൂർണമായ ഏകാന്തതയാകാം. ഈ പോരാട്ടങ്ങഠ ചെറിയ തോതിലനുഭവപ്പെട്ടാൽ അതിനെ പരാജയപ്പെടുത്തി കീഴടക്കാൻ ദൈവകൃപയുടെ സഹായത്തോടുകൂടി ഒരുപദേഷ്ടാവ് മതിയാകും. ''ഏകാന്തതകൊണ്ടു് പ്രയോജനം ഉണ്ടാകാത്ത സഹോദരൻ സമൂഹജീവിതത്തിലേക്കു് തിരിയട്ടെ'' എന്നു്

www.malankaralibrary.com



ഭാഗ്യവാനായ എവാഗ്രിയസ് പറഞ്ഞത് ഇതുകൊണ്ടാണ്. 'ഏഴാഴ്ചക ളിലെ ഏകാന്തതയോ പരിപൂർണമായ ഏകാന്തതയോ ആയി ആശ്രമങ്ങ ളിൽ സഹോദരന്മാർ പാലിക്കുന്ന ഏകാന്തതകൊണ്ട് ഒരാൾക്ക് പ്രയോജ നം ഉണ്ടാകുന്നില്ലെങ്കിൽ, അവൻ കൂട്ടജീവിതത്തിലേക്ക് തിരിയുകയോ, ഇടദിവസങ്ങളിലെ ഏകാന്തത സ്വീകരിക്കയോ ചെയ്യട്ടെ' എന്നല്ല അദ്ദേ ഹം പറഞ്ഞത്. പിന്നെയോ, 'ആശ്രമത്തിനു വെളിയിലുള്ള ഏകാ ന്തതയിൽവച്ചുണ്ടാകുന്ന പോരാട്ടങ്ങളുടെ രൂക്ഷതയെ നേരിടാൻ കഴി വില്ലാത്തവൻ എത്രയും വേഗം ആശ്രമത്തിലേക്ക മടങ്ങി ഏഴാഴ്ചകളി ലെ ഏകാന്തതയോ, പൂർണമായ ഏകാന്തതയോ സ്വീകരിക്കട്ടെ' എ ന്നാണ്.

സമൂഹത്തിലെ നായകൻെറ അനുവാദത്തോടുകൂടി ആദ്ധ്യാത്മിക പി താക്കന്മാരെയും സഹോദരന്മാരെയും പ്രചോദിപ്പിക്കുന്നതിനുവേണ്ടി അ യാൾ അനുതാപത്തോടും കണ്ണുനീരോടും കൂടി ദൈവത്തോടു പ്രാർത്ഥി ക്കട്ടെ. വിശ്വാസത്തോടും താഴ്മയോടും കൂടെ പ്രാർത്ഥിച്ചാൽ ദൈവം പ്രാർത്ഥനയ്ക്കുത്തരമരുളി അവൻെറ ആഗ്രഹം സാധിക്കും. നമ്മുടെ കർ ത്താവിനോടോ തൻെറ വിശുദ്ധരോടോ ഉള്ള പ്രാർത്ഥനകൾ ഉടനെ തന്നെ സാധിച്ചു കിട്ടുക നന്നല്ല; അതിനായി വേണ്ടവണ്ണം പരിശ്രമി ച്ചിട്ട്, അത് ലഭിക്കുന്നതാണുത്തമം. ഉടനെ പ്രത്യുത്തരം ലഭിക്കാതിരു ന്നാൽ ദൈവം ഒരിക്കലും തരാൻ പോകുന്നില്ലെന്ന് ആരും കരുതാതി രിക്കട്ടെ.

ഏകാന്തത, പ്രത്യേകിച്ച് ഏഴാഴ്ചത്തെ ഏകാന്തത പാലിക്കു ന്നവന് എല്ലാററിനും മുമ്പ് മൂന്നു സംഗതികൾ ഉണ്ടായിരിക്കണം. ശ്രദ്ധനിയോഗം, പരിപൂർണ നിശ്ശബ്ദതയിൽ തൻെറ മുറിയിൽവച്ച് ആദ്ധ്യാത്മിക കർമ്മങ്ങൾ അനുഷ്ഠിക്കൽ, ഒരുപദേഷ്ടാവ്. ഇതു മൂന്നും അവശ്യാവശ്യമാണ്. ശാരീരിക ബലഹീനത കൊണ്ടും ആത്മീയമായ അലസതകൊണ്ടും, തൻെറ സ്വന്തം മുറിയിൽ തടസ്സം കൂടാതെ യാമ പ്രാർത്ഥനയും പോരാട്ടവും നടത്താൻ ഒരാൾ അശക്തനാണെങ്കിലും ശ്രദ്ധ നിയോഗവും ഗുരുവിൻെറ നിർദ്ദേശങ്ങളും ഉപേക്ഷിക്കരുത്. കാരണം ഈ രണ്ടു സംഗതികളെ മുറിപ്പെടുത്തുവാനോ, വ്രണപ്പെടുത്താനോ, തടസ്സ പ്പെടുത്താനോ ശാരീരികബലഹീനതയ്ക്കോ ആത്മനൈരാശ്യത്തിനോ സാധിക്കയില്ല.

ഏകാന്തവാസിക്ക് ശ്രദ്ധനിയോഗം പ്രത്യേകമായി ആവശ്യ മാണ്; കാരണം പരിപൂർണതയ്ക്കായി ഇതുകൂടാതെ ചെയ്യപ്പെടുന്നവ ഫലരഹിതമായും വ്യർത്ഥമായും കരുതപ്പെടും. ഉറപ്പില്ലാത്ത അടിസ്ഥാ നത്തിൽ കെട്ടിപ്പൊക്കുന്ന ഉയർന്നഗോപുരം വേഗം താഴെപ്പോകുന്ന പോലെ ശ്രദ്ധനിയോഗം കൂടാതുള്ള സുകൃതാഭ്യാസങ്ങൾ വേഗം അവ സാനിക്കും. ശ്രദ്ധനിയോഗം ഇതിൽ അടങ്ങിയിരിക്കുന്നു: ദൈവത്തെ പ്രതിയും നമ്മുടെ കർത്താവേശുമിശിഹായോടുള്ള സ്നേഹത്തെപ്രതിയും മാത്രം ഏകാന്തജീവിതം നയിക്കണം. ശാരീരികസുഖം, ലൗകിക നേട്ടം, നേതൃസ്ഥാനത്തുള്ള കയററം, ബഹുമാനം, സ്തുതി, ലൗകിക മഹത്വം എന്നീ ലൗകിക കാര്യങ്ങൾ ഒന്നും തൻെറ പ്രയത്നത്തിൻെറ പ്രതിഫലമായി കിട്ടുമെന്നു പ്രതീക്ഷിക്കുകയോ, ചിന്തിക്കുകയോ ചെയ്യാതിരിക്കുക. അറിയപ്പെടുന്നതിനും മനുഷ്യരാൽ ബഹുമാനിക്ക

www.malankaralibrary.com



പ്പെടുന്നതിനുമായി അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കാനുള്ള കഴിവോ, പരിശുദ്ധാത്മാവിൻെറ ദാനങ്ങളോ തൻെറ പോരാട്ടത്തിനു പ്രതിഫലമായി തരണമേയെന്ന് നമ്മുടെ കർത്താവിനോട് പ്രാർത്ഥിക്കാനോ, അതിനായി ആഗ്രഹിക്കാനോ പാടില്ല. രാജാവിൻെറ ധനമല്ല അവൻെറ ദർശനവും സ്നേഹവും സഹവാസവും മാത്രം കാംക്ഷിക്കുന്നവളും രാജാവിനോട് വിവാഹനിശ്ചയം ചെയ്തവളും കന്യകയും ആയ രാജകുമാരിയെപ്പോലെ, നമ്മുടെ കർത്താവേശുമിശിഹായുടെ പരിപൂർണ്ണ സ്നേഹത്തിനും അവിടുത്തെ ദർശനത്തിനും യോഗ്യനായിത്തീരണമേ എന്നതു് മാത്രമായിരിക്കണം അവൻെറ ലക്ഷ്യവും നിയോഗവും. ഏകാന്തജീവിതം നയിക്കുന്ന സന്യാസിക്ക് തൻെറ മുറിയിൽ ഉണ്ടായിരിക്കേണ്ട ശ്രേഷ്ഠവും പരിപാവനവുമായ ശുദ്ധനിയോഗം ഇതത്രേ.

ഏകാന്തവാസി ഏകാന്തതയിൽ തൻെറ യാമപ്രാർത്ഥനകൾ ചൊല്ലേണ്ടതാവശ്യമാണ്. തൻെറ ശത്രുക്കളായ പിശാചുക്കളിൽ നിന്ന് അവ അവനെ സംരക്ഷിക്കും. ആബാ ഏശായാ പറയുന്നു "നിൻെറ ശത്രുക്കളുടെ കരങ്ങളിൽ നിപതിക്കാതിരിക്കാൻ നിൻെറ ശുശ്രൂഷകളിൽ നീ ശ്രദ്ധാലുവായിരിക്കണം." ഭടന്മാർക്ക് പ്രതിഫലം ലഭിക്കുന്നതുപോലെ ഈ പ്രാർത്ഥനാശുശ്രൂഷകൾ വഴി ആത്മാവ് ശക്തി പ്രാപിക്കുന്നു, മനസ്സ് പ്രകാശിക്കുന്നു, അവനാവശ്യമുള്ളവ ലഭിക്കുന്നു. ആബാ മർക്കോസ് പറയുന്നു: "നാം കല്പനകൾ പാലിക്കയും ശുശ്രൂഷകൾ നിർവഹിക്കയും ചെയ്യുമ്പോൾ കർത്താവിൽ നിന്ന് നമുക്കാവശ്യമുള്ളവ ലഭിക്കുന്നു." അതായതു്, നമ്മുടെ ഏകാന്തതയുടെ കടമകളും യാമനമസ്കാരവും ഉപേക്ഷിക്കാതെ നമ്മുടെ കഴിവും ശക്തിയും അറിവും അനുസരിച്ച് ചെയ്താൽ ആത്മീയജ്ഞാനവും ദൈവിക സമാശ്വാസവും പ്രലോഭനങ്ങളിൽ വിജയവും അനുദിനം നമുക്ക് കൈവരും.

ഏകാന്തജീവിതം നയിക്കുന്ന യുവസന്യാസിക്ക് ഒരു ഗുരു ആവശ്യമാണ്. ആ ഗുരു പ്രത്യേക അവസരങ്ങളിൽ അവനെ സന്ദർശിച്ച് മുറിയുടെ വാതിൽക്കൽ നിന്നുകൊണ്ട് അത്യാവശ്യ സംഗതികളെപ്പററി അവനോടു സംസാരിക്കുകയും അവൻ ചെയ്യേണ്ടവ ഏവയെന്ന് അവനെ ഉപദേശിക്കയും ചെയ്യണം.

ഏകാന്തതയിൽ കഴിയുന്ന സന്യാസിക്ക് രണ്ട് കഠിനപോരാട്ടങ്ങൾ നടത്തുവാനുണ്ട്. ഒന്ന്, കടുത്ത നിരാശാബോധം, രണ്ട് പൈശാചിക പ്രവർത്തനം മൂലമുള്ള വികാരങ്ങളുടെ ആളിക്കത്തൽ. ഇവ രണ്ടും പരസ്പര വിരുദ്ധങ്ങളാണ്. അവനെ ആശ്വസിപ്പിക്കാനും, നിരാശാബോധത്തിനടിപ്പെട്ടാൽ അവനെ സമാശ്വസിപ്പിക്കാനും, പഠിപ്പിക്കാനും, ഉപദേശിക്കാനും, പൈശാചിക പ്രേരണയാൽ വികാരവിക്ഷോഭമുണ്ടായി വീഴാനിടയായാൽ കുററപ്പെടുത്താനും ഇവ രണ്ടിലും പരിചയവും പക്വതയുമുള്ള ഒരാൾ അവനാവശ്യമാണ്. ഇക്കാരണത്താലാണ് മാർ അപ്രേം എവിടെയോ പറഞ്ഞതു്: "ദൈവത്തിലേയ്ക്കുയരുവാൻ ആഗ്രഹിക്കുന്നവർക്ക് ദൈവനിയുക്തരായ ഗുരുക്കന്മാരെ കൂടാതെ പുരോഗതിയുടെ പാത സുഗമമായിരിക്കയില്ല." മാനസിക തോന്നലുകളിൽ നിന്ന് വിമുക്തനാകാൻ ശ്രമിക്കുന്ന വ്യക്തിക്ക് വാസ്തവത്തിൽ അത്തരം നിരവധി തടസ്സങ്ങളെ അഭിമുഖീകരിക്കേണ്ടിയിരിക്കുന്നു.

www.malankaralibrary.com



ഏഴാഴ്ചത്തെ ഏകാന്തത പാലിക്കുന്ന നവസന്യാസി ഞായറാഴ്ച യാമപ്രാർത്ഥന ചൊല്ലാൻ നിർബന്ധിതനാണോ, വി. കുർബാന സ്വീകരണത്തിന് അവൻ തന്റെ മുറിയിൽനിന്നു പുറത്തുപോകേണ്ടതുണ്ടോ, തന്നെ കാണാൻവരുന്നവരോട് തന്റെ മുറിയുടെ വാതിലിലെ ദ്വാരത്തിലൂടെ സംസാരിക്കുന്നതു് ഉചിതമാണോ, തന്റെ ദാസനോട് സംസാരിക്കുന്നതും, വിശുദ്ധലിഖിതത്തിൽനിന്നു് ഒരദ്ധ്യായം വായിക്കാൻ അവനോട് ആവശ്യപ്പെടുന്നതും, അത്തരം സംഗതികൾ ചെയ്യുന്നതും ശരിയാണോ, എന്നു തുടങ്ങിയ നിന്റെ ചോദ്യങ്ങൾക്ക് ഉത്തരം നൽകാം. ഏകാന്തത സംബന്ധിച്ച് പിതാക്കന്മാർ ഉണ്ടാക്കിയ ചില കാനോനകൾ തീർത്തും അലംഘനീയമാണ്; എന്നാൽ മററു ചില നിയമങ്ങൾ ഓരോരുത്തരുടെയും കഴിവും അറിവും അനുസരിച്ച് പാലിക്കാനായി ഉണ്ടാക്കപ്പെട്ടവയാണ്. എന്റെ അറിവനുസരിച്ച് ഇവയെക്കുറിച്ച് നിനക്കെഴുതുന്നു. ഏകാന്തതയെ സംബന്ധിച്ച്, പിതാക്കന്മാരുടെ ലക്ഷ്യത്തോട് ഞാൻ യോജിക്കുന്നു. ഞാൻ അറിയുകയും അനുഭവിക്കുകയും ചെയ്തതിൽനിന്നു് എനിക്കു തോന്നുന്നതു് ഇതാണ്: ഏഴാഴ്ചത്തെ ഏകാന്തത പാലിക്കുന്ന നവസന്യാസി ഏകാന്തതയുടെ ആരംഭം മുതൽ അവസാനം വരെ ഒരിക്കലും, ഒരടിപോലും, തന്റെ മുറിയുടെ വാതിലിൽനിന്നു പുറത്തുപോകരുതു്, ഉന്നതരോ, താഴെയുള്ളവരോ, ആശ്രമസ്ഥരോ, പുറത്തുള്ളവരോ, തന്റെ ശിഷ്യർതന്നെയോ ആയ ആരുമായും സംസാരിക്കാനേ പാടില്ല. തന്റെ ഗുരുവും ഉപദേഷ്ടാവുമായ വ്യക്തിയുമായി അവനു സംസാരിക്കാം; അതും ഏഴാഴ്ചകളിൽ ഒരിക്കൽമാത്രം; അവശ്യാവശ്യമെങ്കിൽ രണ്ടു പ്രാവശ്യം. കൃത്യമായി ഇതെല്ലാം പാലിക്കാൻ കഴിവില്ലാത്തവൻ തന്റെ കഴിവും, അറിവും, ശക്തിയും അനുസരിച്ച് ഏകാന്തത പാലിക്കട്ടെ; അവന്റെ ശുദ്ധനിയോഗം ദർശിക്കുന്ന ദൈവം, അവന്റെ കഴിവും അറിവും അപര്യാപ്തമാണെങ്കിലും അവന്റെ പരിശ്രമങ്ങളെ അംഗീകരിക്കും.

ഏകാന്തവാസിയായ സഹോദരൻ മററുള്ളവരുമായി സംസാരിക്കരുതു് എന്നു പിതാക്കന്മാർ പറയുന്നതിന്റെ കാരണം എന്തെന്നു് ആരായാം. സഹോദരങ്ങളുടെ കൂട്ടജീവിതത്തിൽനിന്നുമാറി ഏകാന്തജീവിതം നയിക്കുകയും, ഏകാന്തത ആഗ്രഹിക്കുകയും ചെയ്യുന്ന സഹോദരൻ ഉപവാസം, ജാഗരണം, വർജ്ജന, സങ്കീർത്തനങ്ങളാലപിക്കൽ, കൂടെക്കൂടെയുള്ള സാഷ്ടാംഗപ്രണാമങ്ങൾ, വെറും തറയിൽ കിടന്നുറങ്ങൽ ആദിയായ താപസകർമ്മങ്ങൾകൊണ്ട് സ്വയം ശാരീരിക ദണ്ഡനങ്ങൾ സ്വീകരിക്കുന്നു. എന്നാലതുമാത്രം പോരാ. കാരണം, ഇടദിവസങ്ങളിലെ ഏകാന്തതമാത്രം നോക്കുന്നവരും, കൂട്ടജീവിതം നയിക്കുന്ന സാധാരണക്കാരായ തീക്ഷ്ണ താപസരും ഇവയൊക്കെ അനുഷ്ഠിക്കുന്നുണ്ട്. ഏകാന്തത പാലിക്കുന്ന സഹോദരനെ സംബന്ധിച്ച് ഏകാന്തതകൊണ്ട് അവനു ലഭിക്കേണ്ടവയും അവന്റെ ലക്ഷ്യവും താഴെപ്പറയുന്നവയാണ്:

1 കഴിഞ്ഞകാല പാപങ്ങളെപ്പററിയുള്ള കരച്ചിൽ; അനുദിന ജീവിതത്തിലുള്ള കുറവുകളെപ്പററിയുള്ള വിലാപം. മഹാനായ ആബാ മക്കാരിയൂസ് ഒരിക്കൽ രണ്ടു താപസരെ സന്ദർശിച്ചു. അവർ അദ്ദേഹത്തോടു പറഞ്ഞു, ''നിനക്കു ഞങ്ങളെപ്പോലെ ആയിരിക്കാൻ കഴിയില്ലെങ്കിൽ, നിന്റെ മുറിയിലിരുന്നു് നിന്റെ പാപങ്ങളെ ഓർത്തു കരയുക,''

www.malankaralibrary.com



2 പിശാചുക്കളുടെ പരീക്ഷണങ്ങൾക്കെതിരായി സ്വയം ശക്തിപ്പെടുത്തുക. ആബാ അന്തോണിയോസ് തന്റെ ശിഷ്യനായ പൗലോസിനോട് പറഞ്ഞു: ''പിശാചുക്കളുടെ പരീക്ഷണങ്ങൾക്കെതിരായി സ്വയം ശക്തിപ്പെടുത്തുവാൻ ഏകാന്തതയിൽ കഴിയുക.''

3 സ്വയം അറിയുക; അതായത്, തന്റെ തെററായ ചാച്ചിലുകളെപ്പററിയുള്ള അവബോധം ഉണ്ടാകുക. തേബായ്ഡിലെ ദാർശിനികനായ യോഹന്നാൻ പറയുന്നു: ''ഏകാന്തതയിലല്ലാതെ ഒരുവനും സ്വയം അറിയുവാൻ സാധ്യമല്ല.''

4 നിരന്തരമായ ദൈവികചിന്ത; മററു ചിന്തകളെല്ലാം ഉപേക്ഷിക്കാൻ ഈജിപ്റ്റിലെ ആബാ മക്കാരിയൂസ് പറയുന്നു: ഏകാന്തത പാലിക്കുന്നവൻ തന്റെ മുറിയിലിരിക്കുമ്പോൾ ആരെപ്പററിയും ചിന്തിക്കാൻ പാടില്ല എന്നത് അവശ്യാവശ്യമാണ്.''

5 ദുർവികാരങ്ങൾക്കും പിശാചുക്കൾക്കും എതിരായ പോരാട്ടം; തേബായ്ഡിലെ ദാർശനികനായ യോഹന്നാൻ ഇപ്രകാരം പറയുന്നു: 'ദൈവമനുഷ്യന്റെ വലിയ ഗുണാണ് ആദ്ധ്യാത്മിക ജ്ഞാനം; പോരാട്ടങ്ങൾ സഹിക്കുന്നതുവഴി ഇത് ലഭ്യമാകുന്നു; ഏകാന്തതയിലും പരീക്ഷണങ്ങളിലും പോരാട്ടങ്ങളിലും ഇതു കൈവരുന്നു.'

6 ഹൃദയ നൈർമല്യം: ആനീതരാക്കപ്പെട്ടവരിൽ ഏററം ശ്രേഷ്ഠനായ എവാഗ്രിയസ് പറയുന്നു, 'ദൃശ്യവസ്തുക്കളെ സംബന്ധിച്ചുള്ള എല്ലാ ചിന്തകളെയും ഏകാന്തതയിൽ തള്ളിക്കളയുന്നതുവഴി ഹൃദയനൈർമല്യം സമ്പാദിക്കാം.'

7 ഹൃദയസമാധാനം: ഭാഗ്യവാനും, വയോവൃദ്ധനുമായ ആബാ ഏശായാ പറയുന്നു: ''സമാധാനം സമാധാനത്തെ ജനിപ്പിക്കുന്നു.''

8 നിഷ്കളങ്കമായ പ്രാർത്ഥന: ആദ്ധ്യാത്മിക താത്വികനായ ആബാ മർക്കോസ് പറയുന്നു: ''നിഷ്കളങ്കപ്രാർത്ഥന എന്ന സുരക്ഷിത സ്ഥലം നീ കീഴടക്കിയെങ്കിൽ ഉന്നതമായ വിജ്ഞാനം നഷ്ടപ്പെടാതിരിപ്പാനായി ശത്രുവിനാൽ പ്രചോദിതമായ ഭൗതികജ്ഞാനം സ്വീകരിക്കാതിരിക്കുക. ശത്രുവിനെതിരായ നമ്മുടെ പ്രാർത്ഥനകളിൽനിന്ന് നമ്മെ വ്യതിചലിപ്പിക്കാൻ പരിശ്രമിച്ച് തനിക്കിരയെ സജ്ജമാക്കാൻ ശത്രുവിന് സമയംകൊടുക്കാതെ, അധോമണ്ഡലങ്ങളിൽ ബന്ധനസ്ഥനായിരിക്കുമ്പോഴേ അവനെ പ്രാർത്ഥനയാകുന്ന കുന്തങ്ങൾകൊണ്ട് കുത്തിത്തുളയ്ക്കുന്നതാണുത്തമം.''

ഏകാന്തതയിൽ വസിക്കുന്ന താപസന് അനുദിനം നൽകപ്പെടുന്ന ദിവ്യദാനങ്ങളുടെ എണ്ണവും സ്വഭാവവും കാണിച്ചുകൊണ്ട് അദ്ദേഹം പറയുന്നു, ''അവൻ ജോലികൊണ്ട് തുടങ്ങട്ടെ.'' എന്താണ് ഈ ജോലി? ഏകാന്തത, ദുർവിചാരങ്ങളെ തള്ളിക്കളയൽ, നിരന്തര പ്രാർത്ഥന. പടിപടിയായി ഈ രീതിയിൽ നാം പുരോഗമിക്കുമ്പോൾ ദൈവത്തിലുള്ള പ്രത്യാശയും സത്യവിശ്വാസവും യഥാർത്ഥസ്നേഹവും നമുക്കുണ്ടാ

www.malankaralibrary.com



കും; നാം ചീത്തക്കാര്യങ്ങൾ ഓർക്കുകയില്ല; നമ്മുടെ സഹോദരങ്ങളെ സ്നേഹിക്കും; വജ്ജന, ക്ഷമ, ആന്തരികജ്ഞാനം, പരീക്ഷകളിൽനിന്നുള്ള വിടുതൽ, ആദ്ധ്യാത്മിക ദാനങ്ങൾ, നന്ദിനിറഞ്ഞ ഹൃദയം, അനുതാപത്തിന്റെ കണ്ണുനീർ, നമ്മെ അലട്ടുന്ന ബുദ്ധിമുട്ടുകൾ സഹിക്കാനുള്ള സന്നദ്ധത, സഹോദരങ്ങളോടു പൂർണ്ണമായി ക്ഷമിക്കൽ, ആദ്ധ്യാത്മിക കല്പനകളെപ്പററിയുള്ള അറിവ്, ദൈവനീതിയെപ്പററിയുള്ള മനസ്സിലാക്കൽ, പരിശുദ്ധാത്മാവിന്റെ സന്ദർശനം, ആദ്ധ്യാത്മിക ഭണ്ഡാഗാരത്തിലെ ദാനങ്ങൾ എന്നിവ നമുക്കുണ്ടാകും. പ്രാർത്ഥനയും ഏകാന്തതയുമുള്ള താപസനു് ഈ ദാനങ്ങളെല്ലാം നൽകപ്പെടും; ഈ നന്മകൾ പ്രാപിക്കാനാണു് താപസർ ഏകാന്തത ഇഷ്ടപ്പെടുന്നതു്. എല്ലാ ചിന്തകളെയും, ഭാവനകളെയും നിയന്ത്രിക്കാതിരിക്കയും, മനുഷ്യരുമായി സമ്പർക്കം പുലർത്താൻ ആഗ്രഹിക്കുകയും ശുദ്ധ നിയോഗത്തോടും ബുദ്ധിമുട്ടുകൾ സഹിക്കുവാനുള്ള താല്പര്യത്തോടുംകൂടെ നിരന്തരം ഏകാന്തതയിൽ വസിക്കാതിരിക്കയും ചെയ്യുന്നവൻ തന്റെ മുൻകാല പാപങ്ങൾ അനുസ്മരിക്കയാകട്ടെ, അനുദിനകുറവുകൾ കാണുകയാകട്ടെ ചെയ്യുന്നില്ല; തന്റെ ദുർവാസനകൾ ഏവയെന്നു് അവനു് അറിവില്ല; ദുഷ്ടന്റെ പ്രേരണകൾ അവൻ തിരിച്ചറിയുന്നുമില്ല; ദുർവിചാരങ്ങൾക്കും, പിശാചുക്കൾക്കും എതിരായി യുദ്ധം ചെയ്യാൻ അവൻ സ്വയം സജ്ജമാകുന്നില്ല; അവനു് ഹൃദയ നൈർമല്യം ലഭിക്കയില്ല; നിർമ്മലപ്രാർത്ഥനകളും അവനിൽനിന്നു് അകലെയായിരിക്കും; ആദ്ധ്യാത്മിക പ്രാർത്ഥനയ്ക്കും അവൻ അർഹനായിത്തീരില്ല; തന്റെ മനസിന്റെ പ്രകാശം ദർശിക്കാൻ അവനു് കഴിവില്ലാതായിത്തീരും; പരിശുദ്ധാത്മാവിന്റെ ആവാസത്തിൽ ക്രിസ്തുവിന്റെ മഹത്വത്തിന്റെ ദിവ്യപ്രകാശം അവന്റെ ആത്മാവിൽ പ്രകാശിക്കയില്ല.

ഏകാന്തതയിലും മുറിക്കകത്തും മാത്രമേ ഈ ദാനങ്ങളും നന്മകളും നല്കപ്പെടുന്നുള്ളു; പുറത്തു് ഒരിക്കലും നൽകപ്പെടുന്നില്ല. ഏകാന്തതയേയും അതിന്റെ പരീക്ഷണങ്ങളെയും സ്നേഹിക്കുന്നവർക്കു് കുറവുകൂടാതെ ഇവ നല്കപ്പെടും. എന്നാൽ ലോകത്തെ ഉപേക്ഷിച്ച ചിലയാളുകൾക്കു് അവസാനത്തെ ചില നന്മകൾ നൽകപ്പെട്ടിട്ടില്ലായിരിക്കാം. അവർ അഹങ്കരിച്ചു് എല്ലാം നഷ്ടമാക്കുമെന്നു് കരുതിയോ നമുക്കജ്ഞാതമായ മററു് കാരണങ്ങളാലോ ആകാം. എന്നാൽ ആദ്യത്തെ നന്മകൾ തീർച്ചയായും അവർക്കു നൽകപ്പെടും. നമ്മുടെ കർത്താവിനോടുള്ള സ്നേഹംകൊണ്ടും നമ്മുടെ കർത്താവിനോടുള്ള സ്നേഹംകൊണ്ടു് ഏകാന്തതയിൽ അവർ സഹിച്ച പരീക്ഷണങ്ങളെപ്രതിയും അവസാനത്തെ നന്മകൾ സ്വർഗരാജ്യത്തിൽ പൂർണമായി അനുഭവിക്കാൻ അവർക്കിടയാകുക തന്നെ ചെയ്യും. ചില അജ്ഞാതകാരണങ്ങളാൽ ആദ്ധ്യാത്മിക പ്രാർത്ഥന അവർക്കു നൽകപ്പെടുന്നില്ലെങ്കിലും, ക്രിസ്തുവിന്റെ വെളിപാടിന്റെ രഹസ്യങ്ങൾക്കു് അവൻ അർഹരായി കാണപ്പെടുന്നില്ലെങ്കിലും, അവർ ഏകാന്തതയിൽ നിലനിന്നാൽ അവർക്കു് ഹൃദയനൈർമല്യവും നിർമ്മല പ്രാർത്ഥനയും ദൈവിക ദർശനവും ലഭിക്കും.

രോഗാവസ്ഥയിലോ, അവശ്യസന്ദർഭങ്ങളിലോ, അല്ലാതെ ഏകാന്തവാസി മററുള്ളവരുമായി സംസാരിക്കരുതെന്നു് ഭാഗ്യവാന്മാരായ നമ്മുടെ പിതാക്കന്മാർ നമുക്കു മുന്നറിയിപ്പു തന്നതു് ഇക്കാരണത്താലാണു്. ശാരീരികേന്ദ്രിയങ്ങളെ പ്രത്യേകിച്ചു് നോട്ടം, കേൾവി, നാവു് എന്നിവയെ നിയന്ത്രിക്കാൻ കഴിയാത്തവനു് ആത്മീയ സമാധാനം ലഭി

www.malankaralibrary.com



ക്കയില്ല. ആബ്ബാ മർക്കോസ് പറയുന്നു: ''ശാരീരിക സമാധാനം ഇല്ലാത്തിടത്തു് ആത്മീയ സമാധാനമില്ല. ദാർശനികനായ യോഹന്നാൻ പറയുന്നു: ''മനസ്സിന്റെ ചങ്ങലകളായ കാഴ്ചയേയും, കേൾവിയേയും മററു് ഇന്ദ്രിയങ്ങളേയും അവൻ നിഗ്രഹിക്കണം. ശാരീരികേന്ദ്രിയങ്ങളെ നിയന്ത്രിക്കാതെ നാവുകൊണ്ടു് തന്റെ ദാസനോടും മററുള്ളവരോടും സംസാരത്തിലേർപ്പെടുകയും, അവരെ തന്റെ കണ്ണുകൊണ്ടു് നോക്കിക്കൊണ്ടിരിക്കയും, തന്റെ ചെവികൊണ്ടു് അവരുടെ സംസാരം കേട്ടുകൊണ്ടിരിക്കയും ചെയ്യുന്ന നവസന്യാസിക്കു് ഏകാന്തതകൊണ്ടു് എന്തു പ്രയോജനമാണു് കൈവരാൻ പോകുന്നതു്? ഏകാന്തതയുടെ കൈപ്പു് ആദ്യമേ അനുഭവിക്കാത്തവനു് എങ്ങനെ അതിന്റെ മാധുര്യം ആസ്വദിക്കാനാവും? നിരാശതാബോധത്തിന്റെ കൈപ്പു് നുകരാത്തവനു് എങ്ങനെ മാധുര്യം നുകരാനാവും? തന്റെ ദാസനോടു് ചോദ്യങ്ങൾ ചോദിക്കുകയും സംസാരത്തിലേർപ്പെടുകയും മുറിയുടെ വാതിൽക്കൽ നിന്നുകൊണ്ടു് തന്നെ കാണാൻ ആഗ്രഹിക്കുന്നവരോടു് സംസാരിക്കുകയും ചെയ്യുന്ന ഏകാന്തവാസിക്കു് ഏകാന്തതയുടെ കൈപ്പനുഭവവേദ്യമാകില്ല. രാത്രിയുടെ ഭീകരതയോടോ വികാരവിജൃംഭണത്തോടോ ഒന്നും അവനു് യുദ്ധം ചെയ്യേണ്ടതായും വരുന്നില്ല. ഓരോരുത്തന്റേയും ഏകാന്തതയേയും, അനുഷ്ഠാനങ്ങളേയും മുറിയിൽ ഇരിക്കലിനേയും ആശ്രയിച്ചായിരിക്കും പോരാട്ടവും നേട്ടവും നൽകപ്പെടുക. കൃത്യമായി അനുഷ്ഠിക്കേണ്ടവയാണു് ഞാൻ വരച്ചുകാട്ടുന്നതു്. എന്നാൽ മാനുഷിക ബലഹീനത കണക്കിലെടുത്തുകൊണ്ടു് ഓരോരുത്തന്റേയും കഴിവും, അറിവും, തീക്ഷ്ണതയും, ദൈവകൃപയും അനുസരിച്ചു് ഇവ അനുഷ്ഠിക്കുവാൻ നമ്മുടെ പിതാക്കന്മാർ അനുവദിച്ചു. അവർ ഒരേയൊരു നിബന്ധന മാത്രം വച്ചു. അതായതു് സന്യാസി ഏകാന്തതയിൽ വസിക്കണം. ഏകാന്തതയിലും മുറിക്കകത്തും വസിക്കാത്തവർ ഏകാന്തവാസിയേ അല്ല. തന്റെ മുറിയും അതിന്റെ ഏകാന്തതയും നിശബ്ദതയും ഉപേക്ഷിച്ചു് തനിക്കുതോന്നുമ്പോഴെല്ലാം തിന്നാനും, കുടിക്കാനും മററുള്ളവരോടുകൂടെ ഉല്ലസിക്കാനും പുറത്തുപോകുന്നവൻ ഒരാൾ മാത്രമേ ഉള്ളൂ എങ്കിലും ഏകാന്തവാസിയല്ല, ഇരുവരിൽ ഒരുവൻ മാത്രം. രണ്ടു പേരോടുകൂടി ആണെങ്കിൽ ഏകന്തവാസി എന്നു പറയുവാനേ പാടില്ല. മൂവരിൽ ഒരുവൻ. അനേകരോടു കൂടെയാണെങ്കിൽ ഏകാന്തവാസി അല്ല. അനേകരിൽ ഒരുവൻ മാത്രം.

ദൈവത്തിന്റെ ഏകജാതനോടുകൂടി ഏകനായി ജീവിച്ചാൽ മാത്രമേ യഥാർത്ഥത്തിലുള്ള ഏകാന്തവാസിയാകൂ. എങ്കിലേ അങ്ങനെ വിളിക്കപ്പെടാൻ അർഹതയുള്ളൂ. അവിടുന്നാണു് തന്റെ കൃപയാൽ തന്റെ നാമത്തിന്റെ ബഹുമാനത്തിനു് അവനെ അർഹനാക്കിയതു്. തന്റെ കല്പനകൾ പാലിക്കാൻ കഴിവുലഭിക്കുന്നതിനും തന്റെ സ്നേഹത്തിൽ പൂർണ്ണനാക്കപ്പെടുന്നതിനും വേണ്ടി പരിശുദ്ധാത്മ ദാനം നൽകണമെന്നും, തന്റെ കൃപയാൽ പാപങ്ങൾ ക്ഷമിക്കണമെന്നും, ശുദ്ധീകരിക്കണമെന്നും, പൊറുക്കണമെന്നും, അനുതാപത്തോടും കണ്ണുനീരോടും കൂടെ രാപകൽ അവൻ ദൈവത്തോടു പ്രാർത്ഥിക്കുന്നു. കണ്ണീരിന്റെ കൃപ അവനു നല്കപ്പെട്ടിട്ടില്ലെങ്കിലും, അനുതാപത്തിന്റെ കണ്ണുനീർ അവനു് കൈവന്നിട്ടില്ലെങ്കിലും, അവന്റെ ഹൃദയതാപവും, ആത്മാനുതാപവും കണ്ണീരിനു പകരം മതിയാവുന്നതാണു്. തന്റെ പാപങ്ങൾ പൊറുക്കപ്പെട്ടെന്നും ക്രിസ്തുവിന്റെ സ്നേഹത്തിന്റെ സ്ഫുല്ലിംഗം തന്റെ ഹൃദയത്തിൽ കത്തുന്നുവെന്നും, തന്റെ കല്പനകൾ

www.malankaralibrary.com



പാലിക്കാൻ ശക്തിലഭിച്ചെന്നും, ദുർവികാരങ്ങൾ കീഴ്പ്പെടുത്തപ്പെട്ടെന്നും, ശാരീരികപ്രവണതകൾ നിയന്ത്രണ വിധേയമാക്കപ്പെട്ടെന്നും പിശാചുക്കൾ ലജ്ജിതരാക്കപ്പെട്ടെന്നും നമ്മുടെ കർത്താവിൻെറ മുഖപ്രസാദവും, തൻെറ വലത്തുകൈയുടെ വിജയത്തിൻെറ മാധുര്യവും പൂർണ്ണമായി തൻേറതാക്കപ്പെട്ടെന്നും രഹസ്യമായി അവന് അനുഭവപ്പെടുന്നതുവരെ ഏകാന്തതയിൽ നിന്ന് അവൻ വിരമിക്കുകയോ, വിശ്രമിക്കുകയോ, പിന്മാറുകയോ ചെയ്യരുത്. ഇങ്ങനെയുള്ളവനാണ് ഏകാന്തവാസി; താപസജീവിതത്തിൻെറ ലക്ഷ്യം ഇതാണ്.

അല്പവിശ്വാസം നിമിത്തമോ മററന്തെങ്കിലും ബലഹീനത നിമിത്തമോ ഇപ്രകാരം പ്രവർത്തിക്കാൻ കഴിവില്ലാത്തവൻെറ ചാഞ്ചല്യത്തെ കുററപ്പെടുത്തിക്കൊണ്ട് ഭാഗ്യവാനായ ആബാ മർക്കോസ് പറയുന്നു: അവന് യഥാർത്ഥത്തിലുള്ള ആത്മജ്ഞാനം ഉണ്ടായിരിക്കുകയും തൻെറ കഴിവിനനുസരിച്ച് പുരോഗമിക്കുകയും ചെയ്യുന്നെങ്കിലും തൻെറ അരിഷ്ടതയ്ക്കും പീഡനങ്ങൾക്കും കാരണം പിശാചുക്കളുടെ പരീക്ഷണവും, അജ്ഞതയും ആണ് എന്നു പറയുന്നതിനേക്കാൾ, യഥാർത്ഥത്തിലുള്ള ആത്മജ്ഞാനത്തിൻെറ പോരായ്മയാണെന്ന് പറയുന്നതാവും ഉത്തമം.

എന്നാൽ വാത്സല്യവാനേ, നീ ഏകാന്തവാസം ആരംഭിച്ചിട്ടേ ഉള്ളു എന്നതിനാൽ കഠിന താപസ ജീവിതത്തിന് ഉടനെ അശക്തനാണെങ്കിൽ, നിൻെറ ദാസനോട് നിൻെറ മുറിയുടെ വാതില്ക്കൽ നിന്നുകൊണ്ട് സംസാരിച്ചുകൊള്ളുക. എന്നാൽ നിന്നെ അപകടത്തിലാക്കുന്ന ഒന്നിനേപ്പററിയും സംസാരിക്കരുതെന്ന് ശക്തിയായി അവനെ ഉദ്ബോധിപ്പിക്കുക. ആശ്രമത്തിൽ നടക്കുന്ന സംഗതികളോ ലൗകികവാർത്തകളോ ഒന്നും അവൻ നിന്നോടു പറയുവാൻ പാടില്ല. പുറത്തുനിന്നു വരുന്ന പിതാക്കന്മാരെ കാണാൻ നിനക്കു ആഗ്രഹമുണ്ടെങ്കിൽ, അവർ നിന്നെ കാണാനാഗ്രഹിച്ചാൽ, നിൻെറ മുറിയുടെ വാതില്ക്കൽ നിന്ന് പരിപാകതയോടുകൂടെ അവരോട് സംസാരിക്കുക. നിൻെറ പുരോഗതിക്കുവേണ്ടി അവരോട് പ്രാർത്ഥന യാചിക്കുക. എന്നാൽ ആശ്രമവാസികളെ ആഴ്ചാഴ്ച കഴിഞ്ഞേ കാണാവൂ. എന്നാൽ നിന്നെ കാണാൻ ആഗ്രഹിക്കുന്ന ഗുരുവിനേയും, നിയന്താവിനേയും അദ്ധ്യക്ഷനേയും കാണാവുന്നതാണ്. നീ നവസന്യാസി ആയിരിക്കുന്നിടത്തോളം കാലം ഞായറാഴ്ച പകൽ സമയത്ത് നിൻെറ നിശ്ചിത പ്രാർത്ഥനകൾ പതിവുപോലെ ചൊല്ലണം. ആബാ ഏശായാ പറയുന്നതുപോലെ നീ മാററങ്ങളുടെ കാലഘട്ടത്തിലെത്തുന്നതുവരെ — പിതാക്കന്മാരുടെ വാക്കനുസരിച്ച് നിൻെറ മുറി തന്നെ നിന്നെ എല്ലാം പഠിപ്പിക്കുന്നതുവരെ— അപ്രകാരം തുടരണം. ഞായറാഴ്ച രാത്രികളിൽ മററുള്ളവരെപ്പോലെ രണ്ട് മൗതാകൾ ചൊല്ലണം; ഈ ദിവസത്തെ ഏകാന്തതയിലെപ്പോലെ തുടർന്നുള്ള നിൻെറ നിശ്ചിത പ്രാർത്ഥനകളും ക്രമങ്ങളും ചൊല്ലണം. ആഴ്ചമുഴുവൻ നീ ആരെയെങ്കിലും കാണുകയാകട്ടെ, ആരുമായി സംസാരിക്കുകയാകട്ടെ ചെയ്യുന്നില്ലെങ്കിൽ, ഏകാന്തതയാണ് നിൻെറ മനസിനു ചേർന്നതു് എന്നു കാണുകയാണെങ്കിൽ ആഴ്ചക്കാലത്തെ ഏകാന്തത തീരുന്നതുവരെ കുർബ്ബാന സ്വീകരിക്കാൻ പുറത്തുപോകേണ്ടതില്ല. എന്നാൽ നീ മററുള്ളവരുമായി സംസാരിക്കുകയും പരിപൂർണ്ണമായ ഏകാന്തതയിൽ ജീവിക്കാതിരിക്കുകയും ചെയ്യുന്നെങ്കിൽ ശനിയാഴ്ച രാത്രിയിൽ രാത്രിപ്രാർത്ഥനയ്ക്കുള്ള മണിയടിക്കുന്നതിനു

www.malankaralibrary.com



മുമ്പ് നിന്റെ മുറിയിൽ നിന്നു പുറത്തിറങ്ങി വെള്ളിയാഴ്ച കൂദാശ ചെയ്തുവച്ച അപ്പത്തിൽനിന്ന് കുർബാന സ്വീകരിക്കുക, കപ്യാരോടോ മററാരോടെങ്കിലുമോ സംസാരിക്കാതെ നിന്റെ മുറിയിലേയ്ക്കു തിരികെ പോരുകയും ചെയ്യുക.

എന്നാൽ നീ പരിപൂർണ്ണമായ ഏകാന്തതയിൽ ജീവിക്കുകയും ഏഴാഴ്ച തീരുന്നതുവരെ ഒരിക്കലും ജീവദായകമായ വിശുദ്ധ കുർബാന സ്വീകരിക്കുന്നതിനുപോലും പുറത്തുപോകാൻ ആഗ്രഹിക്കാതിരിക്കുകയും ചെയ്യുന്നെങ്കിൽ, നമ്മുടെ കർത്താവിന്റെ ശരീരരക്തങ്ങളോടുള്ള ബഹുമാനത്താൽ ആഹാരത്തിൽ ഒരു ഭാഗം ഭക്ഷിക്കാതെ നീക്കിവച്ചുകൊണ്ട് അനുതാപചിന്തകളോടെ ഞായറാഴ്ച രാത്രിയും പകലും നിന്റെ മുറിക്കുള്ളിൽ കഴിച്ചുകൂട്ടുക. നിന്റെ ശാരീരിക ബലഹീനത നിമിത്തം ഭക്ഷണത്തിൽ ഒരു ഭാഗം നീക്കിവെയ്ക്കാൻ നിനക്കു കഴിയില്ലെങ്കിൽ, നിന്റെ മനസിൽ അനുതാപചിന്തകൾ പുലർത്തി താഴെക്കാണുംവിധം ആത്മഗതം ചെയ്യുക: ''ഞാൻ പാപിയും അരിഷ്ടനും ആണ്; പാപം ചെയ്യുവൻ പാപത്തിന്റെ ഗൗരവം അനുസരിച്ച് അനുതപിച്ച് ദൈവവുമായി രമ്യപ്പെടുന്ന കാലാവധിവരെ വിശുദ്ധ രഹസ്യങ്ങളിൽ പങ്കുകൊള്ളുന്നതിനെ സഭാനിയമം വിലക്കുന്നു; അതിനുശേഷം അവന് ജീവദായകമായ കൂദാശ സ്വീകരിക്കാം. എന്നെ സംബന്ധിച്ചും ഇപ്രകാരമാണ്. എന്റെ നിരവധി തെററുകളും കുററങ്ങളും വഴി ഞാനിതാ ദൈവകോപം ഉജ്ജ്വലിപ്പിച്ചിരിക്കുന്നു. ഞാൻ ഏഴാഴ്ചക്കാലം എന്റെ മുറിയിലിരിക്കും. മാനുഷിക ബന്ധങ്ങളിൽ നിന്നും ബാഹ്യസംസർഗ്ഗത്തിൽനിന്നും ഞാൻ അകന്നിരിക്കും. എനിക്കു ലഭിച്ചിരിക്കുന്ന കഴിവിനനുസൃതം എന്റെ പാപങ്ങളെപ്പററി ഓർത്ത് എന്റെ ദുഷ്കൃത്യങ്ങളെപ്പററി കരയും. എന്റെ പാപങ്ങളെപ്പററി കരയാനും കണ്ണുനീരുകൊണ്ട് ദൈവത്തോടു രമ്യപ്പെടുവാനുമായി ഞാൻ എന്റെ മുറിയിൽ തന്നെ കഴിച്ചുകൂട്ടും. ഏഴാഴ്ചയുടെ അവസാനം എന്റെ അനുതാപത്തിന്റെ തീച്ചൂള പൂർത്തിയാകുമ്പോൾ നമ്മുടെ കർത്താവായ മിശിഹായുടെ കൃപ, തന്റെ ശരീരരക്തങ്ങളിൽ ഭാഗഭാക്കാകുവാനും, തന്റെ വിശുദ്ധരുടെ ദർശനത്തിനും അവരുമായുള്ള സംസർഗ്ഗത്തിനും എന്നെ യോഗ്യനാക്കും. നമ്മുടെ കർത്താവു പറയും: ''മക്കളുടെ അപ്പം എന്നെപ്പോലെയുള്ള നായ്ക്കൾക്കു കൊടുക്കുന്നതു നല്ലതല്ല'' (മത്താ. 15:26). ഞാൻ ഒരു മകനല്ല, നായാണ്. കർത്താവിന്റെ മക്കൾ തന്റെ മേശയിൽ നിന്നു ഭക്ഷിച്ച് സന്തോഷിക്കുമ്പോഴെല്ലാം ഞാനും ഭക്ഷിച്ചുല്ലസിക്കുന്നതു ശരിയല്ല. എന്നാൽ പ്രശസ്തരായ ഗുരുക്കന്മാരുടെ കൂടെ ചിലപ്പോഴെല്ലാം കർത്താവിന്റെ മേശയിൽനിന്നു വീഴുന്ന ചെറിയ കഷണങ്ങൾ തിന്ന് ഞാനും ജീവിക്കും. മേശയിൽ നിന്നു ഭക്ഷിച്ചുല്ലസിക്കുന്നതിൽ നിന്ന് ഏഴാഴ്ച തീരുന്നതുവരെ ഞാൻ എന്നെ തടയുന്നതുപോലെ തന്റെ മക്കളായ വിശുദ്ധ പിതാക്കന്മാരേയും ഭാഗ്യവാന്മാരായ സഹോദരന്മാരേയും കാണുന്നതിൽനിന്ന് അവൻ എന്നെ തടയുന്നു. വിശുദ്ധ പിതാക്കന്മാരിൽ നിന്നു പൂർവ്വികമായി നമുക്കു ലഭിച്ചിരിക്കുന്ന കാനോനാകളും നിയമങ്ങളും അനുസരിച്ച് ഏഴാഴ്ചത്തെ ഏകാന്തത പാലിക്കുന്നയാൾ ഏഴാഴ്ച തീരുന്നതുവരെ തന്റെ മുറിയിൽ നിന്നു പുറത്തുപോവുകയോ ആരെയെങ്കിലും കാണുകയോ ആരെങ്കിലുമായും സംസാരിക്കുകയോ ചെയ്യാൻ പാടില്ല.''

www.malankaralibrary.com



നിന്റെ ഏകാന്തതയുടെ കാലാവധി മുഴുവൻ, പ്രത്യേകിച്ച് ഞായറാഴ്ച രാത്രിയും പകലും ഇത്തരം വിനീത ചിന്തകളും അനുതാപ ഹൃദയവും പുലർത്തുക. വിശുദ്ധ രഹസ്യങ്ങളെ അനുസ്മരിക്കുന്നതിൽ നിന്നും അവയ്ക്ക് ബഹുമാനം കൊടുക്കുന്നതിൽനിന്നും നിന്റെ മനസ്സിനെ നീ തിരിക്കരുത്. കർത്താവിന്റെ വിശുദ്ധരോടും സഹോദരന്മാരോടുമുള്ള ആത്മീയ സംസർഗ്ഗത്തിൽ നിന്നു നീ വിരമിക്കരുത്. കാരണം, നീ കുർബാന സ്വീകരണം കൂടാതെയാണ് നിന്റെ ശരീരത്തിൽ കഴിയുക. പുറത്തുള്ള പിതാക്കന്മാരും സഹോദരന്മാരും പാലിക്കുന്ന ഞായറാഴ്ച കടമകൾ നീ പാലിക്കുന്നുമില്ല, ഭാഗ്യവാനായ പൗലോസ്ശ്ലീഹാ മുന്നറിയിപ്പു നല്കിയിരിക്കുന്നതുപോലെ കർത്തൃശരീരരക്തങ്ങളെ വിവേചിച്ചറിയുക (1 കൊറി. 11:29). വലിയ സ്നേഹത്തോടും ഭക്തിയോടുംകൂടെ ഞായറാഴ്ച രാത്രിയും പകലും വിശുദ്ധ കൂദാശയെപ്പററി ചിന്തിക്കുക. ഇടദിവസങ്ങളിലേക്കാൾ കൂടുതലായി ദുർവികാരങ്ങളിൽനിന്നും ദുശ്ചിന്തകളിൽനിന്നും പൈശാചിക പ്രേരണകളിൽനിന്നും ലൗകിക ചിന്തകളിൽനിന്നും നിന്റെ മനസ്സിനെ ശുദ്ധീകരിക്കുക. നാല്പതു വർഷം ഞാങ്ങണനൂല്ല് മാത്രം തിന്നു ജീവിച്ച സ്തുത്യർഹനായ ആ ഏകാന്തവാസിയുടെ ആത്മാവിന് വിശുദ്ധ രഹസ്യങ്ങളോടുണ്ടായിരുന്ന ആ സ്നേഹവും വികാരതീവ്രതയും സ്വായത്തമാക്കാൻ നീയും കിണഞ്ഞുപരിശ്രമിക്കുക. അപ്പം ഭക്ഷിക്കുകയോ ദർശിക്കുകയോ ചെയ്യാതെ നാല്പതുവർഷം അദ്ദേഹം ജീവിച്ചു. ഒരിക്കൽ മരുഭൂമിയിൽകൂടി പോകുന്ന ചിലർ അപ്പം ചുവന്നുകൊണ്ട് പോകുന്നതായി അദ്ദേഹം കാണുവാൻ ഇടയായി.

വിശുദ്ധ കൂദാശയോടുള്ള അതീവസ്നേഹത്താൽ അദ്ദേഹം ഞായറാഴ്ചതോറും തന്റെ ചിന്തയിൽ മദ്ബഹായിൽ പ്രവേശിക്കുകയും ആന്തരികനയനങ്ങളാൽ അൾത്താരയിൽ വയ്ക്കപ്പെട്ടിരിക്കുന്ന നമ്മുടെ കർത്താവീശോമിശിഹായുടെ ശരീരരക്തങ്ങളെ ദർശിക്കുകയും വാനഗണങ്ങളെപ്പോലെ ആത്മീയമായി അത് അനുഭവിക്കുകയും ചെയ്തുപോന്നു. ശാരീരികമായി താൻ വിശുദ്ധ രഹസ്യങ്ങളിൽനിന്ന് അകന്നിരുന്നെങ്കിലും ആത്മീയമായി സ്നേഹവും ബഹുമാനവും വണക്കവും കാണിച്ചിരുന്നു. അക്കാരണത്താൽ അൾത്താരയിൽ വയ്ക്കപ്പെടുന്ന അപ്പത്തിന്റെ സാദൃശ്യത്തിലുള്ള അപ്പം കണ്ട ഉടനെ കർതൃശരീരരക്തങ്ങളെപ്പററിയുള്ള ചിന്തയാൽ അവന്റെ ഹൃദയം ആനന്ദതുന്ദിലമായി. അവൻ ഇപ്രകാരം അട്ടഹസിച്ചുദ്ഘോഷിച്ചു, ''ഞങ്ങളുടെ കർത്താവീശോമിശിഹായേ, നിനക്കു സ്വസ്തി; നിന്റെ വിശുദ്ധ ബലിപീഠത്തിൽ വൈദികൻ അർപ്പിക്കുന്ന അപ്പത്തോട് സ്വഭാവത്താലെ സദൃശ്യമായ അപ്പം നാല്പതുവർഷങ്ങൾക്കു ശേഷം ദർശിക്കുവാൻ നീയെന്നെ യോഗ്യനാക്കി. വൈദികന്റെ പ്രാർത്ഥനകളും, ആശീർവാദങ്ങളും വഴിയും, പരിശുദ്ധാത്മാവിന്റെ ആവാസംവഴിയും അവർ അർപ്പിക്കുന്ന അപ്പം സത്യമായും നിന്റെ ശരീരമായി തീരുന്നു. അതു സ്വീകരിക്കുന്നവൻ പാപമോചനവും നിത്യജീവനും പ്രാപിക്കുന്നു.''

ഭാഗ്യവാനായ മാർ ഹബീശായുടെ തീവ്രമായ ആഗ്രഹവും സ്നേഹവും അനുസ്മരിക്കുക. അദ്ദേഹത്തിന്റെ ചരിത്രം ''ദൈവസ്നേഹിതരുടെ ഗ്രന്ഥത്തിൽ'' എഴുതപ്പെട്ടിരിക്കുന്നു. മെത്രാനായ തിയഡോറററ് അദ്ദേഹത്തെ സന്ദർശിച്ചപ്പോൾ തുടരെത്തുടരെയുള്ള അപേക്ഷയ്ക്കു

www.malankaralibrary.com



ശഷം മാത്രമെ അദ്ദേഹം മെത്രാനെ തൻെറ മുറിയിൽ പ്രവേശിപ്പിച്ചുള്ളു. മെത്രാനോട് അദ്ദേഹം ഇപ്രകാരം പറഞ്ഞു, ''എൻെറ നിയമങ്ങൾക്കെതിരായി എൻെറ മുറിയിൽ പ്രവേശിക്കണമെന്ന് നീ ശഠിച്ചതിനാൽ നമ്മുടെ കർത്താവീശോമിശിഹായുടെ ശരീരരക്തങ്ങളിൽ ഭാഗഭാക്കാകുവാൻ എന്നെ അനുവദിക്കുക'' ഉടനെ തിരുവസ്ത്രങ്ങൾ കൊണ്ടുവന്ന് കുർബ്ബാന യൊരുക്കാൻ മെത്രാൻ കല്പിച്ചു. അൾത്താരസ്സുപകരമായി ഒരു ശെമ്മാശനെ ഉപയോഗിച്ചു. അവൻെറ കൈയ്യിൽ കാസായും പീലാസായുംവച്ച് വിശുദ്ധ രഹസ്യങ്ങൾ കൂദാശചെയ്യാൻ തുടങ്ങി. വിശുദ്ധ ഹബീശായാകട്ടെ ആത്മീയ സന്തോഷത്താൽ നിറഞ്ഞു; താനൊരു സ്വർഗ്ഗീയ ദർശനത്തിലാണെന്ന് അവനു തോന്നി: അവൻ അട്ടഹസിച്ചു. ''ഇപ്രകാരമൊരാനന്ദാനുഭൂതി ഞാനൊരിക്കലും അനുഭവിച്ചിട്ടില്ല.''

എൻെറ വത്സലനേ, താപസരും ഏകാന്തവാസികളും നമ്മുടെ കർത്താവീശോമിശിഹായുടെ ശരീരത്തോടും രക്തത്തോടും കാണിച്ച സ്നേഹവും ഭയഭക്തിബഹുമാനവും എപ്രകാരമാണെന്ന് അറിഞ്ഞനുഭവിച്ച നീയും അവരെ അനുകരിക്കുകയും ഈ ചിന്തയിൽ, പ്രത്യേകിച്ച് ഞായറാഴ്ച രാത്രിയും പകലും, വ്യാപരിക്കയും ചെയ്യുക. കഴിയുമെങ്കിൽ ഞായറാഴ്ചദിവസം ഭാഷ്യകാരനായ മാർ തിയഡോറും മററ് ഓത്തഡോക്സ് പണ്ഡിതരും നമ്മുടെ കർത്താവീശോമിശിഹായുടെ ശരീരരക്തങ്ങളുടെ മഹത്വത്തേയും ബഹുമാനത്തേയും കുറിച്ച് രചിച്ച കൃതികൾ വായിക്കുക. മററ് ഗ്രന്ഥങ്ങൾ വായിക്കരുത്. എന്നാൽ എല്ലാററിനും മുൻപ്, സുവിശേഷകനായ യോഹന്നാൻ എഴുതിയ ഗ്രന്ഥത്തിലെ ആറാം അദ്ധ്യായം ഞായറാഴ്ചദിവസം വായിക്കുക. അവിടെ നമ്മുടെ കർത്താവു പറഞ്ഞത് നിനക്കു മനസിലാകും, ''സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ അപ്പം ഞാനാകുന്നു, ഞാൻ കൊടുക്കുന്ന അപ്പം ലോകത്തിൻെറ ജീവനു വേണ്ടി ഞാൻ കൊടുക്കുന്ന എൻെറ ശരീരമാകുന്നു'' (51). ''എൻെറ ശരീരം ഭക്ഷിക്കുകയും, എൻെറ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു'' (55—56). ''അവസാന ദിവസം ഞാൻ അവനെ ഉയിർപ്പിക്കും'' (54). നമ്മുടെ കർത്താവുച്ചരിച്ചതും സുവിശേഷത്തിൽ കാണപ്പെടുന്നതുമായ വാചകങ്ങളും ചൊല്ലുക. ''ഇത് പാപമോചനത്തിനായി നിങ്ങൾക്കുവേണ്ടി മുറിക്കപ്പെടുന്ന എൻെറ ശരീരമാകുന്നു; ഇത് പാപമോചനത്തിനായി നിങ്ങൾക്കുവേണ്ടി ചൊരിയപ്പെടുന്ന എൻെറ രക്തമാകുന്നു.'' (മത്താ: 26:26,28; 1 കൊറി: 11,24). നമ്മുടെ കർത്താവീശോമിശിഹായുടെ ശരീരത്തോടും രക്തത്തോടുമുള്ള ഭയഭക്തി ബഹുമാനാദരവുകളെക്കുറിച്ച് ഭാഗ്യവാനായ പൗലോസ് എഴുതിയിരിക്കുന്നതിനെപ്പററിയും ധ്യാനിക്കുക. ''നാം മുറിക്കുന്ന അപ്പം മിശിഹായുടെ ശരീരത്തിലുള്ള ഭാഗഭാഗിത്വമല്ലയോ? നാം ആശീർവദിക്കുന്ന പാനപാത്രം മിശിഹായുടെ രക്തത്തിലുള്ള ഭാഗഭാഗിത്വമല്ലയോ? അയോഗ്യമായി കർത്താവിൻെറ ശരീരം ഭക്ഷിക്കുകയും അവൻെറ പാനപാത്രം കുടിക്കുകയും ചെയ്യുന്നവൻ കർത്താവിൻെറ ശരീരത്തെയും രക്തത്തെയും വിവേചിക്കാത്തതിനാൽ തനിക്കുതന്നെയുള്ള ശിക്ഷാവിധിയാകുന്നു ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്യുന്നത്. അതുകൊണ്ട് എല്ലാവരും ആദ്യമായി സ്വയം പരിശോധിക്കുകയും പിന്നീട് ഈ അപ്പം ഭക്ഷിക്കയും ഈ കാസാ പാനം ചെയ്യുകയും ചെയ്യട്ടെ. കാരണം, നിങ്ങൾ ഈ അപ്പം ഭക്ഷിക്കയും, ഈ കാസാ പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം, കർത്താവിൻെറ വരവുവരെ തൻെറ മരണം ആണ് അനുസ്മരിക്കുന്നത്''' (1 കൊറി 10;16; 11:29, 28;26).

www.malankaralibrary.com



നടപടിപുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നതും ഇതോടൊപ്പം അനുസ്മരിക്കുക: ''ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം അപ്പം മുറിക്കാൻ അവർ ഒന്നിച്ചുകൂടിയപ്പോൾ'' (20:7). ഈ വാക്യത്തിന്റെ അർത്ഥം വ്യാഖ്യാനിച്ചുകൊണ്ട് ഭാഗ്യവാനായ ഭാഷ്യകാരൻ 1 ഇപ്രകാരം എഴുതുന്നു. ''ഞായറാഴ്ചതോറും നാം നമ്മുടെ കർത്താവിന്റെ ഉത്ഥാനത്തിന്റെ മഹോത്സവം കൊണ്ടാടുന്നു. 'ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം അപ്പംമുറിക്കാൻ അവർ ഒന്നിച്ചുകൂടിയപ്പോൾ' എന്നു് ഭാഗ്യവാനായ ലൂക്കോസ് പറഞ്ഞതിന്റെ അർത്ഥം എല്ലാവരുടേയും ഉത്ഥാനത്തിനും മരണത്തിന്റെ നീക്കിക്കളയലിനുംവേണ്ടി സംഭവിച്ച ദിവ്യരഹസ്യങ്ങൾ പരികർമ്മം ചെയ്യാൻ ഞായറാഴ്ചയ്ക്കുചിതമായ വിധം അവർ ഒന്നിച്ചുകൂടി എന്നത്രേ. നമ്മുടെ കർത്താവിന്റെ മരണത്തിന്റെ പൂർത്തീകരണമായ ഉത്ഥാനത്തിന്റെ അനുസ്മരണയാണതു്. ''നിങ്ങളീ അപ്പം ഭക്ഷിക്കുമ്പോഴെല്ലാം'' എന്നിങ്ങനെ ശ്ലീഹാ പ്രബോധിപ്പിക്കുന്നതും ഇതുതന്നെ. മരണത്തെ നീക്കിക്കളയാനായി നമ്മുടെ കർത്താവിന്റെ ഉത്ഥാനം സംഭവിച്ചതു് ഞായറാഴ്ചയാകയാൽ ഈ ദിവസത്തെ വിശുദ്ധ ശ്ലീഹാ പ്രത്യേകമായി എടുത്തുകാട്ടിയതു് ന്യായയുക്തമാണു്. ''അപ്പം മുറിക്കാൻ അവർ ഒന്നിച്ചു കൂടിയപ്പോൾ'' എന്നു് അവൻ പറയുന്നു. കാരണം, വിശുദ്ധ ഗ്രന്ഥപാരായണം പ്രബോധനം എന്നു തുടങ്ങി പല സംഗതികളെ സംബന്ധിച്ചു് അവർ പരിചിന്തനം ചെയ്തെങ്കിലും വിശുദ്ധ രഹസ്യങ്ങൾ പരികർമ്മംചെയ്യുന്ന പ്രവൃത്തിയിൽ അവൻ ചുരുക്കി. കാരണം, കർത്താവീശോമിശിഹായുടെ വരവാൽ നമുക്കു വെളിപ്പെടുത്തപ്പെട്ട നന്മകളുടെ അടയാളവും അനുസ്മരണയുമാകയാൽ ഇതു് മററുള്ളവയെക്കാൾ മഹനീയവും മററുള്ളവയെയെല്ലാം ഉറപ്പിക്കുന്നതുമാണു്.''

''കൂദാശാഭാഷ്യം'' എന്ന കൃതിയിൽ ഭാഗ്യവാനായ ഭാഷ്യകാരൻ എഴുതിയതും വായിക്കുക. അതിൽ നിന്നു് താഴെക്കാണുന്നതു് ഞാനുദ്ധരിക്കുന്നു. 2 ''നമ്മുടെ കർത്താവിന്റെ ശരീരവും രക്തവും അതിൽനിന്നു് ലഭിക്കുന്ന പരിശുദ്ധാത്മാവിന്റെ കൃപയും സത്പ്രവൃത്തികൾ ചെയ്യാൻ നമ്മെ ശക്തരാക്കും. നമ്മുടെ മനസിനെ ശക്തിപ്പെടുത്തും. എല്ലാ ദുർവിചാരങ്ങളും നമ്മിൽനിന്നകററും. മനസ്സുകൂടാതെ ഉണ്ടാകുന്ന പാപവികാരങ്ങളെ ശമിപ്പിക്കും.....അനുതാപത്തോടും, ദുഃഖത്തോടും അവനോടു പ്രാർത്ഥിക്കുമ്പോൾ, ''നമ്മുടെ ശരീരത്തിന്റെ സമുദ്ധാരണത്തിനു നാം ഭക്ഷണം കഴിക്കുന്നതുപോലെ, നമ്മുടെ പ്രത്യാശ നിലനിർത്താൻ നാം വിശുദ്ധ കൂദാശയിൽനിന്നു് പങ്കുപററുന്നു.''3

വി. രഹസ്യങ്ങളുടെ മഹനീയതയോടുകൂടി സ്നേഹവും, ഭയവും, ഭക്തിയും നിന്റെ ഹൃദയത്തിൽ സുസ്ഥിരമാക്കണമെന്നും, അവയെക്കുറിച്ചുള്ള ഭീതിജനകവും മധുരതരവുമായ അനുസ്മരണ ജീവന്റെ നിക്ഷേപമായി നിന്റെ ആത്മാവിൽ കാണപ്പെടണമെന്നും, നിന്റെ പാപങ്ങളെ

---

1 തിയഡോർ

2 തിയഡോർ, മതാധ്യാപനപ്രസംഗങ്ങൾ, 16:34: ചേടിയത്തു്, പേ. 269.

3 Ibid. 16:33. പേ. 269.

www.malankaralibrary.com



കുറിച്ചുള്ള അന്തരംഗമുണ്ടാകണമെന്നും, യഥാർത്ഥമായി നീ ആഗ്രഹിക്കുന്നെങ്കിൽ, നിന്റെ ഏകാന്തതയുടെ ഏഴാഴ്ചത്തെ എല്ലാ ഞായറാഴ്ചകളിലും ആരാധ്യമായ കുരിശിന്റെ മുൻപാകെ വിനയാന്വിതനായി ഇരിക്കുന്ന അവസരം ഭാഗ്യവാനായ ഭാഷ്യകാരൻ രചിച്ച പൗരോഹിത്യത്തെ കുറിച്ചുള്ള ഗ്രന്ഥത്തിലെ 1 രണ്ടാം പ്രതിപാദനം വായിക്കുക. അതിൽ ഒരദ്ധ്യായം ഇപ്രകാരമത്രേ: ''കല്പിക്കപ്പെട്ടതെല്ലാം ചെയ്തശേഷം വിശുദ്ധ രഹസ്യങ്ങളെ നോക്കാനോ, അവയെ സമീപിക്കാനോ, കർത്തൃവചനാനുസൃതം അയോഗ്യനായി ഒരാൾ സ്വയം കരുതുമ്പോൾ മാത്രം (ലൂക്കോ: 17:10), ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നതും, എല്ലാ സൃഷ്ടവസ്തുക്കൾക്കും ഉപരിസ്ഥമായതും, സ്വർഗ്ഗത്തിൽ ജീവിക്കുന്നതും മാനുഷിക നയനങ്ങൾക്കു നോക്കുവാൻ സാധിക്കാത്തതും ഉജ്ജ്വല പ്രകാശത്തിൽ വസിക്കുന്നതും, (1 തിമോ. 6:16) ദൈവസ്വഭാവവുമായി യോജിച്ചതുമായ ശ്രേഷ്ഠപ്രകൃതിയെ ഭക്ഷിക്കുകയും, പാനം ചെയ്യുകയും ചെയ്യട്ടെ. തന്റെ കാഴ്ചശക്തി വഹിക്കുവാൻ കഴിയുംവിധം ഭാഗ്യവാനായ പൗലോസ് ആ പ്രകാശരശ്മിയുടെ സ്ഫുലിംഗം സ്വീകരിച്ചപ്പോൾ അവന്റെ കൃഷ്ണമണികൾ കേടുപററി; ദൈവംതന്നെ അവനെ സുഖപ്പെടുത്തിയില്ലായിരുന്നെങ്കിൽ അത് എന്നേക്കും അപ്രകാരംതന്നെ ഇരുന്നേനെ. നമ്മുടെ കർത്താവീശോമിശിഹാ സ്വർഗ്ഗത്തിൽനിന്നു പ്രത്യക്ഷപ്പെട്ടപ്പോൾ, അവസാനത്തിൽ ഉണ്ടാകുന്ന പ്രകാശം ഭൂതലത്തെ മുഴുവൻ എത്ര ഉജ്ജ്വലമായി പ്രകാശിപ്പിക്കുകയില്ല! അതിന്റെ പ്രകാശരശ്മിയിൽ സൂര്യൻ നിഷ്പ്രഭമായിത്തീരും. ദൈവം നമുക്കു ശക്തി നൽകാതിരുന്നാൽ ഭൗമികസൂര്യനെ നോക്കാൻ നമുക്കു കഴിയുകയില്ല. അങ്ങനെയെങ്കിൽ കർത്താവിനെ നോക്കുക എന്നത് എത്ര സാഹസമായിരിക്കയില്ല! അവിടുത്തെ സമീപിക്കുക എത്ര അപകടം നിറഞ്ഞതായിരിക്കയില്ല! അവനെ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നതു സംബന്ധിച്ച്: കരുണനിറഞ്ഞ കർത്താവായ ദൈവം നമുക്കു ശക്തി നൽകാതെ, നമ്മുടെ സ്വന്തം യോഗ്യതയാൽ കർത്താവിനെ സമീപിക്കാം എന്നു നാം വിശ്വസിക്കുന്നെങ്കിൽ, ഇതുപോലൊരു ബുദ്ധിഭ്രമവും, ചികിത്സിച്ചു ഭേദമാക്കാൻ അസാധ്യമായ ഭ്രാന്തും ഉണ്ടാകാനില്ല. അവിടുന്നു നമ്മിൽനിന്നെടുത്ത ശരീരം ശ്രേഷ്ഠവും മഹനീയവുമത്രേ. നമ്മുടെ നന്മയ്ക്കുവേണ്ടി അവിടുന്ന് അതിനെ തന്നോട് ചേർത്ത് അപ്രകാരമാക്കി. അതുവഴി അവിടുന്നു നമ്മെ ഉയർത്തി ക്രിസ്തുവിൽ തന്നോടുകൂടി സ്വർഗ്ഗത്തിലിരിക്കാൻ യോഗ്യരാക്കി (എഫേ: 2:6). ശ്ലീഹാ പറഞ്ഞതുപോലെ നാമും അവനിൽ മഹത്വീകരിക്കപ്പെടുകയും, തന്റെ മഹത്വമുള്ള ശരീരത്തിന്റെ സാദൃശ്യത്തിൽ രൂപീകരിക്കപ്പെട്ട് (ഫിലി: 3:21) അവനോടുകൂടി ഭരിക്കുകയും ചെയ്യാനാണിത് (റോമ:8:17). അവിടുന്നു നമുക്കുവേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും അതിനെ എടുത്തു; എല്ലാററിനും മുൻപ് അതിനെ മരിക്കാൻ അവിടുന്നു സജ്ജമാക്കി; തന്റെ ഉത്ഥാനംവഴി അവൻ നമ്മേക്കാളും സർവ്വസൃഷ്ടികളേക്കാളും ഉപരിസ്ഥനായിത്തീർന്നു. തന്റെ അനന്ത കരുണയാൽ അവിടുന്നു സ്വയം നമുക്കു ഭക്ഷിക്കാനും കുടിക്കാനുമായി നൽകി; തന്നെ ഭക്ഷിക്കുകയും, പാനംചെയ്യുകയും ചെയ്യുന്നവർക്ക് ശിക്ഷാവിധിയല്ല, നിത്യജീവൻ അവിടുന്നു വാഗ്ദാനം ചെയ്തു''.

---

1 ഈ ഗ്രന്ഥം നമുക്കു കൈവന്നിട്ടില്ല.

www.malankaralibrary.com



ഭാഗ്യവാനായ ഭാഷ്യകാരൻ ഇതോടുകൂടെ എഴുതിയ മററു സംഗതികളുംഅതേ കൃതിയിൽ തന്നെ കാണാവുന്നതാണ്. അവ ക്രിസ്ത്യാനികളുടെ ജീവനം, അനുതാപികളുടെ പ്രത്യാശയുമാണ്. അവ വായിച്ച് ധ്യാനിച്ച് ഹൃദിസ്ഥമാക്കുക. വിശുദ്ധ രഹസ്യങ്ങളെക്കുറിച്ചുള്ള അനുസ്മരണ നിന്റെ മനസ്സിൽ ഉടലെടുക്കുമ്പോൾ ബലിപീഠത്തിലേയ്ക്കു നിന്റെ ആന്തരിക നയനങ്ങൾ തിരിച്ച് സ്നേഹത്തോടും, ദു:ഖത്തോടും വിളിച്ചുപറയുക: 'സജീവ ദൈവമേ, എന്റെ ആത്മാവ് നിന്നെക്കുറിച്ച് ദാഹിക്കുന്നു' (സങ്കീ.42:2). എന്നാണ് ഏഴാഴ്ചകൾ അവസാനിക്കുന്നതും ഞാൻ വന്നു് നിന്റെ മുഖം കാണുന്നതും? എന്റെ ആത്മാവിൽ അങ്ങയുടെ ശക്തി ദർശിക്കാൻ, എന്റെ ആത്മാവ് അങ്ങേയ്ക്കായി ദാഹിക്കുന്നു. നിന്റെ ശരീരവും രക്തവും വഴി എന്റെ ശരീരത്തിൽ നിന്റെ മഹത്വം ദർശിക്കാൻ എന്റെ ശരീരം നിനക്കായി കാംക്ഷിക്കുന്നു (സങ്കീ. 63:1). അവ എനിക്കു പാപമോചനവും, വികാരങ്ങളുടെ ശമനവും ശത്രുക്കളുടെമേൽ വിജയവും, തിരുവിഷ്ടം ചെയ്യാനും നിന്റെ കല്പനകൾ പാലിക്കാനുമുള്ള ആത്മശക്തിയും, നിന്റെ രാജ്യത്തെക്കുറിച്ചുള്ള നല്ല പ്രത്യാശയും, നിന്റെ സ്നേഹത്തിലുള്ള പരിപൂർണ്ണ സന്തോഷവും പ്രദാനം ചെയ്യുന്നു. വി. രഹസ്യങ്ങളുടെ ബഹുമാനത്തിനായി, അനേക സംഗതികളിൽ നിന്നു് ഈ കാര്യങ്ങൾ നിന്റെ ശ്രദ്ധയിൽപ്പെടുത്തി എന്നുമാത്രം. നിന്റെ ഏകാന്തത അനുശാസിക്കുന്നതനുസരിച്ച് ഏഴാഴ്ച മുഴുവൻ അവ കൂടാതെ ജീവിക്കേണ്ടി വന്നാലും, അവയെപ്പററിയുള്ള ഭീതിജനകവും, സന്തുഷ്ടവുമായ അനുസ്മരണയിൽ നിന്നു്, പ്രത്യേകിച്ച് ഞായറാഴ്ചകളിൽ, മനസ്സിനെ അകററരുത്. നീ ഇവ അനുവർത്തിച്ച് ഈ സംഗതികളെല്ലാം ചെയ്താൽ ഏഴാഴ്ചത്തെ നിന്റെ എല്ലാ ദിവസവും, ദു:ഖത്തിലും, അനുതാപത്തിലും, നിതാന്തജാഗ്രതയിലും, കർത്തവ്യ നിർവ്വഹണത്തിലും നീ ചെലവഴിക്കും. ഏഴാഴ്ചയുടെ അവസാനം കർത്താവിന്റെ വിശുദ്ധരോടുകൂടി വിശുദ്ധ രഹസ്യങ്ങൾ സ്വീകരിക്കാൻ സഹോദരങ്ങളുടെ സമൂഹത്തിലേക്ക് നീ പോകും. കർത്താവിന്റെ ശരീരവും, രക്തവും സ്വീകരിക്കുന്നതുവഴി നിന്റെ ആത്മാവിൽ അവാച്യവും, അതുല്യവും അഭൗമികവുമായ മാധുര്യത്തിന്റെ അലയടിയുയരും. ഏകാന്തതയിൽ ജീവിക്കുന്ന വിവിധ വിഭാഗക്കാരായ സഹോദരന്മാർ അനുഷ്ഠിക്കേണ്ട ശാരീരിക താപസ കർമ്മങ്ങളെ സംബന്ധിച്ച്, ആനീതരാക്കപ്പെട്ട നമ്മുടെ പിതാക്കന്മാർ പൊതുവെ, കൃത്യമായും, വ്യക്തമായും നിബന്ധനകൾ ഒന്നും വച്ചിട്ടില്ല എന്നു് ഗ്രഹിച്ചാലും; എന്നാൽ ഓരോരുത്തരുടേയും കഴിവും, ശക്തിയും, ശാരീരികാരോഗ്യവും, രാജ്യവും, കാലാവസ്ഥയും പരിഗണിച്ച്, തങ്ങളുടെ ഗുരുക്കന്മാരുടേയും ഉപദേഷ്ടാക്കളുടേയും ഉപദേശവും ചട്ടങ്ങളും അനുസരിച്ച് പ്രവർത്തിക്കാൻ അവർ അനുവദിച്ചു.

അവരിൽ ഏററം മഹനീയനായ, തേബായ്ഡിലെ ദാർശനികൻ യോഹന്നാൻ തന്റെ കൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്നതു വായിക്കുക: 'എല്ലാ കർമ്മങ്ങളേക്കാളും ശ്രേഷ്ഠമായി ഏകാന്തതയെ നാം പരിഗണിക്കണം'. നിയമം അനുശാസിക്കാത്ത ഉപവാസം, നിരന്തര ജാഗരണം, വലിയ സഹനം എന്നിവയിലൂടെ നാം ഏകാന്ത ജീവിതം നയിക്കണമെന്നല്ല അതിനർത്ഥം. പിന്നെയോ, ഏഴാഴ്ചക്കാലം മുഴുവൻ മാനസിക വ്യഥകൾക്കായി നാം സ്വയം സമർപ്പിക്കണമെന്നത്രേ. ''മാനസിക വ്യാപാരങ്ങളോടുകൂടിയ നിരന്തര ഏകാന്തത കുററമുള്ളതായി കാണപ്പെടുകയില്ല; രക്ഷയുടേയും, സന്തോഷത്തിന്റേയും സുരക്ഷിത തുറമുഖത്തു് അവനെ എത്തിക്കാതിരിക്കയുമില്ല.

www.malankaralibrary.com



എല്ലാ സുകൃതങ്ങളേയും ഉൾക്കൊള്ളുന്നതും, അതിനാലും, അതിലും എല്ലാ മാനസിക വ്യാപാരങ്ങളും ചെയ്യപ്പെടുകയും, പൂർത്തീകരിക്കപ്പെടുകയും ചെയ്യുന്ന രണ്ടു സുകൃതങ്ങളാണുള്ളത്. അവവഴി മനുഷ്യർ ഹൃദയവിശുദ്ധി കരസ്ഥമാക്കുന്നു. ഏകാന്തതയുടെ അനുഷ്ഠാന ക്രമങ്ങളനുസരിച്ചും അവ അവശ്യസംഗതികൾ തന്നെ. മന:പതർച്ച കൂടാതുള്ള നിരന്തര പ്രാർത്ഥന, ഹൃദയത്തിലുയരുന്ന വികാരങ്ങളേയും, പൈശാചിക പ്രേരണകളേയും സത്വരം തുടച്ചുനീക്കൽ എന്നിവയാണവ. എല്ലാ മാനസിക വ്യാപാരങ്ങളും ആത്മാവിന്റെ എല്ലാ സുകൃതങ്ങളും അടങ്ങിയിരിക്കുന്നത് ഈ രണ്ടു സുകൃതങ്ങളിലും, ഈ രണ്ടു പ്രവർത്തനങ്ങളിലുമാണ്. ആത്മാവിന്റെ എല്ലാ ദാനങ്ങളും ഉൾക്കൊള്ളുന്ന രണ്ടു നന്മകളെ അവ പുറപ്പെടുത്തുകയും, രണ്ട് ദിവ്യദാനങ്ങൾക്കു ജന്മം നൽകുകയും ചെയ്യുന്നു. മഹനീയ സുകൃതങ്ങൾ എന്ന് ആബാ ഏശായാ അവയെ വിളിക്കുന്നു. അവ സുകൃതങ്ങളേക്കാൾ ഉപരിസ്ഥമാണ്; ശാരീരികാദ്ധ്വാനത്താൽ സമ്പാദിക്കാവുന്നവയോ, ആത്മാവ് നേടിയെടുക്കുന്നവയോ അല്ല, പിന്നെയോ, അവയെപ്പററി ചിന്തിക്കുന്നതിനു മുൻപേ പരിശുദ്ധാത്മശക്തിയിലൂടെ കൃപയാൽ അവ ചൊരിയപ്പെടുന്നു. അവ താഴെപ്പറയുന്ന ഫലങ്ങൾ പുറപ്പെടുവിക്കുന്നു. പരിപൂർണ്ണമായ ദൈവസ്നേഹത്തിന്റെ തീക്ഷ്ണതയിൽ ആത്മാവിന്റെ ശക്തികളെ ത്വരിപ്പിക്കുന്ന ഒരു ആത്മീയത്വര; പ്രകാശദർശനവും പരിശുദ്ധാത്മാവിന്റെ വെളിപാടുവഴി നമ്മുടെ കർത്താവീശോമിശിഹായുടെ മഹത്വവും; ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു, ''എന്നെ സ്നേഹിക്കുകയും എന്റെ കല്പനകൾ പാലിക്കുകയും ചെയ്യുന്നവനെ ഞാൻ സ്നേഹിക്കുകയും എന്നെത്തന്നെ അവനു കാണിച്ചുകൊടുക്കുകയും ചെയ്യും'' (യോഹ. 14:21). ഇതിൽ ശാരീരിക വ്യാപാരങ്ങൾ മാത്രമല്ല ആത്മീയ വ്യാപാരങ്ങളും അടങ്ങിയിരിക്കുന്നു. അതായത്, ''എന്റെ സ്നേഹത്തിൽ തുടർച്ചയായി അവനെ ഞാൻ സന്തോഷിപ്പിക്കും, അവന്റെ ആന്തരിക നയനങ്ങളാൽ എന്റെ പ്രകാശവും എന്റെ മഹത്വവും കാണാൻ ഞാൻ അവനെ അർഹനാക്കും. എന്നെ ശരീരത്തിൽ ദർശിച്ചില്ല എന്നതുകൊണ്ട് അവനു കുറവോ നഷ്ടമോ ഒന്നും ഉണ്ടാകയുമില്ല. ഉത്ഥാനദിവസം ഞാൻ സ്വർഗ്ഗത്തിൽ നിന്നു വരുമ്പോൾ അവനെ ഇതിലും സന്തോഷിപ്പിക്കും.''

സഹോദരാ, പൂർണ്ണമോ, ഭാഗികമോ ആയ ഏകാന്തജീവിതത്തെ നീ സ്നേഹിക്കുന്നെങ്കിൽ, നീ പ്രകാശിതനായിത്തീർന്നെങ്കിൽ, നിന്റെ മുൻകാല പാപങ്ങളെക്കുറിച്ചുള്ള ചിന്തയിൽ നിന്നിലുടലെടുക്കുന്ന പാപചിന്തകളെ വിവേചിച്ചറിയാനും ആബാഏശായാ, മാർ എവാഗ്രിയസ്, മററു പിതാക്കന്മാർ എന്നിവരുടെ വാക്കുകളിൽ പിശാചിന്റെ പ്രേരണകളാൽ ഉടലെടുക്കുന്ന സംഗതികളെ മനസ്സിലാക്കാനും, നിന്റെ ആന്തരികേന്ദ്രിയങ്ങൾ കഴിവുററവയാണെങ്കിൽ, അവയോട് യുദ്ധം ചെയ്ത് അവയെ തോല്പിക്കുവാൻ പരിശ്രമിക്കുക. ഈ പൈശാചിക വികാരങ്ങൾ നിന്നെ പാപത്തെപ്പററി അനുസ്മരിപ്പിക്കുന്നു എന്നതൊഴിച്ചാൽ അവയ്ക്ക് നിന്റെമേൽ യാതൊരധികാരവുമില്ല; ഈ വികാരങ്ങൾ, അതോടൊപ്പം ഉണ്ടാകുന്ന ശാരീരിക പ്രേരണകൾക്കു നിന്നെ പ്രേരിപ്പിക്കും. ഒരു സ്ത്രീയെപ്പററിയുള്ള ജഡികവും വൈകാരികവുമായ ഓർമ്മ, നിന്നെ വ്രണപ്പെടുത്തിയ ഒരു സഹോദരനെപ്പററിയുള്ള ചിന്ത, ഇത്തരം ദുർവികാരങ്ങൾ ഇളക്കിവിടുന്ന മററു ചിന്തകൾ എന്നിവ ഇതിൽപ്പെടുന്നു. ഏകാന്തവാസിയായ യോഹന്നാൻ പറഞ്ഞു: 'തന്റെ ദുർവികാരങ്ങളെ മനസ്സിലാക്കി, അവയ്ക്കെതിരെ യുദ്ധംചെയ്ത് തന്റെ മനസ്സിന്റെ നിയ

www.malankaralibrary.com



ണ്ണത്തിൽ കൊണ്ടുവരുന്നതിനേക്കാൾ വലിയ ജ്ഞാനമില്ല.' യഥാർത്ഥത്തിൽ ഈ യുദ്ധംവഴി മനുഷ്യർ പെട്ടെന്നു ഹൃദയശുദ്ധി കരസ്ഥമാക്കി ദൈവത്തെ കാണും. അദ്ധ്വാനശീലനും, ആനീതനാക്കപ്പെട്ടവനുമായ ഏകാന്തവാസിയുമായി ഇടപെടാൻ ഇടയായാൽ അവനുമായി ഹൃദയശുദ്ധിയെപ്പററി നിർലോഭം സംസാരിക്കുക. ഹൃദയശുദ്ധിവഴി ദൈവത്തെ കാണാമെന്നാണല്ലോ നമ്മുടെ കർത്താവു് വാഗ്ദാനം ചെയ്തിരിക്കുന്നതു്: 'ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാൻമാർ, എന്തെന്നാൽ അവർ ദൈവത്തെ കാണും' (മത്താ: 5;8).

നീ സത്യമായും ഏകാന്തജീവിതത്തെ സ്നേഹിക്കുന്നെങ്കിൽ എല്ലാററിനേക്കാളും അഭികാമ്യമായി ഹൃദയശുദ്ധിയെ കാംക്ഷിക്കണം. നിൻെറ സർവ്വലക്ഷ്യവും സർവ്വപ്രവർത്തനങ്ങളും അതിനെ ലക്ഷ്യംവച്ചുകൊണ്ടുള്ളതായിരിക്കണം. ഹൃദയശുദ്ധി എന്താണെന്നു് അന്വേഷിച്ചു പഠിക്കുക; വായിച്ചു ഗ്രഹിക്കുക. എപ്രകാരമാണു് അതു നേടേണ്ടതെന്നും ഏതെല്ലാം വികാരങ്ങൾ മററു വികാരങ്ങളെ ഉത്തേജിപ്പിക്കുന്നെന്നും, ഏകാന്തജീവിതത്തിൻെറ കാലയളവിൽ ഏതെല്ലാം താപസകർമ്മങ്ങൾ കൊണ്ടു് അവയെ ജയിക്കാൻ സാധിക്കുമെന്നും മനസ്സിലാക്കുക.

ആബാ ഏശായാ പറയുന്നു: ''നിനക്കുണ്ടാകുന്ന എല്ലാ പ്രലോഭനങ്ങളേയും ജയിക്കുമ്പോൾ മുതൽ, വൈകാരിക ചിന്തകളിൽ നിന്നു് പൈശാചിക പ്രേരണകളെ കൃത്യമായും, വ്യക്തമായും, വിവേചിച്ചറിയാനുള്ള ആദ്ധ്യാത്മിക വിവേചനാശക്തി നൽകപ്പെടുന്നതുവരെ അവയെ തിരിച്ചറിയാനും മനസ്സിലാക്കാനും നിൻെറ നോവിഷ്യേററു കാലം മുഴുവൻ താഴെപ്പറയുന്ന മാനദണ്ഡം സ്വീകരിച്ചാലും. നീ വളരെ കൃത്യമായും തീക്ഷ്ണമായും നിൻെറ ശുശ്രൂഷകളും ഏകാന്തതയുടെ അനുഷ്ഠാനങ്ങളും മനഃപതർച്ച കൂടാതെ പാലിക്കുന്നെങ്കിലും നിന്നിൽ ദുശ്ചിന്തകൾ ഉടലെടുക്കുന്നെങ്കിൽ, അവ വൈകാരിക ചിന്തകളല്ല, പൈശാചിക പ്രേരണകളാണെന്നു് സത്യമായും അറിഞ്ഞാലും. കാരണം, ആദ്ധ്യാത്മികാനുഷ്ഠാനങ്ങളിൽ ശ്രദ്ധാലുവായ മനുഷ്യനിൽ മുൻകാല ദുർഗ്ഗുണങ്ങളിൽ നിന്നുള്ള വൈകാരിക ചിന്തകൾ ഉടലെടുക്കാറില്ല; ഉടലെടുക്കാനിടയായാൽ, അവൻെറ ശ്രദ്ധയും ജോലിയിലുള്ള തീക്ഷ്ണതയും ദുശ്ചിന്തകളോടുള്ള വെറുപ്പും നിമിത്തം അവ പെട്ടെന്നു് മറഞ്ഞു പോകുന്നു. എന്നാൽ പൈശാചിക പ്രേരണകളാൽ ഉളവാകുന്ന പ്രലോഭനങ്ങൾ ശ്രദ്ധാലുവും, പ്രകാശിതനും, സദ്പ്രവൃത്തികളിൽ നിരതനും, പ്രത്യേകിച്ചു്, ഭക്ഷിക്കുകയും, വിശ്രമിക്കുകയും, കിടക്കുകയും, നടക്കുകയും ചെയ്യുമ്പോൾ ഉള്ള സങ്കീർത്തനങ്ങൾ, കർതൃപ്രാർത്ഥന, സ്വയംപ്രേരിത പ്രാർത്ഥനകൾ എന്നീ ഭക്താഭ്യാസങ്ങൾ നടത്തുന്നവനും ജാഗരണം പ്രാർത്ഥനകൾ എന്നിവയിൽ നിഷ്ഠയുള്ളവനുമായ വ്യക്തിയിൽ കൂടുതലായി ഉണ്ടാകുന്നു. എന്തെന്നാൽ അയാൾ അവർക്കെതിരെ ആയുധം സജ്ജമാക്കുന്നു എന്നു് അറിയുന്നതിനാൽ പിശാചു് കൂടുതൽ ക്രുദ്ധനാകുന്നു. തൻെറ കർത്തവ്യത്തിൽ അവൻ അശ്രദ്ധകാട്ടുമെന്നും, തൻെറ ജോലിയിൽ വിരസനായിത്തീരും, എന്നും കരുതി നിരന്തരമായും തുടരെത്തുടരേയും പിശാചു് പൈശാചിക പ്രേരണകളാൽ അവനെ പരീക്ഷിക്കുകയും ദുശ്ചിന്തകളാൽ അവനെ അലട്ടുകയും ചെയ്യുന്നു. ദൈവമഹത്വത്തിനും ദൈവം വാഗ്ദാനം ചെയ്തതും നൽകിയതുമായ നന്മകൾക്കു നന്ദിപറയുന്നതിനും, ദയയും രക്ഷയും സൗഖ്യമാക്കലും യാചിക്കുന്നതിനും ഉള്ള

www.malankaralibrary.com



ത്രിവിധ പ്രാർത്ഥനാരൂപങ്ങളായ സങ്കീർത്തനങ്ങൾ, കർതൃപ്രാർത്ഥന, സ്വയംകൃതപ്രാർത്ഥനകൾ എന്നിവ ശത്രുവിനെതിരെ വിഷം പുരട്ടിയ കൂർത്തു മൂർത്ത മൂന്ന് അമ്പുകൾ കണക്കെ വർത്തിക്കയും ദയാരഹിതമായി ശത്രുവിനെ നിഹനിക്കുകയും ചെയ്യുന്നു. നിന്റെ ചിന്തകൾ കാടുകയറുകയും, ഏകാന്തതയുടെ ചട്ടവട്ടങ്ങൾ അനുഷ്ഠിക്കുന്നതിൽ നീ അലസനായിരിക്കുകയും ചെയ്താൽ പൈശാചിക പ്രേരണകളേക്കാൾ നിന്റെ ഹൃദയത്തിൽ ആശാപാശങ്ങൾ ഉയരുകയും ദുഷ്കർമ്മങ്ങൾക്കു നിന്നെ പ്രേരിപ്പിക്കുകയും ചെയ്യും. നിന്റെ വികാരങ്ങളെപ്പററിയുള്ള അറിവോടും പൈശാചിക പ്രേരണകൾക്കെതിരെയുള്ള പോരാട്ടത്തോടും പാപചിന്തകളുടെ നിർമാർജ്ജനത്തോടും ഹൃദയശുദ്ധിയും ശുദ്ധനീയാഗവും ആത്മാവിന്റെ പാപരഹിതമായ അവസ്ഥയും സമ്പാദിക്കുന്നതിനുള്ള താല്പര്യത്തോടും, അഗാധ സ്നേഹത്തോടും, പ്രത്യേക ശ്രദ്ധയോടും കൂടെ നിരന്തരവും തടസ്സം കൂടാതെയും ഉള്ള പ്രാർത്ഥന സ്വായത്തമാക്കാൻ യത്നിക്കുക; കാരണം നിരന്തര പ്രാർത്ഥനയിലും ദുർവികാരങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിലുമാണ് ഏകാന്തതയുടെ നിയമങ്ങൾ അനുശാസിക്കുന്ന മാനസിക വ്യാപാരങ്ങൾ അടങ്ങിയിരിക്കുന്നത്.

തന്റെ പോരാട്ടത്തിന്റെ തീവ്രതയും യുദ്ധത്തിന്റെ ഉഗ്രതയും കൊണ്ടുണ്ടാകുന്ന ചിന്തകളിൽ നിന്ന് ഉടലെടുക്കുന്ന പാപവികാരങ്ങളെ യാതൊരു സാഹചര്യത്തിലും, ഒരു മനുഷ്യനും സ്വേച്ഛയാലോ, ബലഹീനത നിമിത്തമോ, കാംക്ഷിക്കാൻ പാടില്ല, മറിച്ച് അവയെക്കുറിച്ചുള്ള വെറുപ്പുകൊണ്ട് അവൻ സ്വയം സുസജ്ജനാകണം. അങ്ങനെ ഏകാന്തതാ പരിശീലനം മാധുര്യമായിത്തീരും; നിരാശതാബോധം അവനെ കീഴടക്കുകയുമില്ല. നിരന്തരവും, ഏകാഗ്രവുമായ പ്രാർത്ഥന, ഹൃദയശുദ്ധി എന്നീ രണ്ടു സംഗതികൾ സമ്പാദിക്കാൻ നീ ശ്രമിച്ചാൽ, എല്ലാ നല്ല മാനസിക വ്യാപാരങ്ങളും ഒന്നിച്ച് നിനക്കു ലഭിക്കും. പ്രാർത്ഥനയ്ക്കുള്ള നിശ്ചിത സമയത്തിനു മുൻപുതന്നെ നിന്റെ ആത്മാവിനെയും, ശരീരത്തെയും, നിരന്തര പ്രാർത്ഥനയ്ക്കായി സമർപ്പിക്കുക. അപ്പോൾ നിന്റെ മനസ്സ് ഒരുങ്ങാതിരിക്കുമ്പോഴും ഈ നിരന്തര പ്രാർത്ഥനയ്ക്കു നീ യോഗ്യനായിത്തീരും. എന്നാൽ നിന്റെ കഴിവനുസരിച്ച് എപ്പോഴും എല്ലായിടത്തും എല്ലാ പ്രവർത്തനങ്ങളിലും നിന്റെ ആത്മാവിനെയും, ശരീരത്തെയും പ്രാർത്ഥനയ്ക്കായി ഉത്തേജിപ്പിച്ചില്ലെങ്കിൽ നവസന്യാസി എന്ന നിലയിൽ നിന്റെ മനസ്സ് ഒരുക്കമില്ലാതിരിക്കുമ്പോൾ നിരന്തര പ്രാർത്ഥന എന്ന ദാനം നിനക്കു നൽകപ്പെടുകയില്ല.

ദുരാശകളിൽ നിന്നും, പിശാചുക്കളിൽ നിന്നും ഉടലെടുക്കുന്ന ദുർവികാരങ്ങളെ ജയിക്കാൻ പതിവായി നീ സ്വയം ശിക്ഷണം നൽകുന്നില്ലെങ്കിൽ അലഞ്ഞുതിരിയുന്ന ചിന്തകളിൽനിന്ന് നിനക്കു മോചനം ലഭിക്കില്ല; കാരണം എല്ലാ നല്ല മാനസിക വ്യാപാരങ്ങളും ഈ രണ്ടു സുകൃതങ്ങളിൽ ഒതുക്കി നിർത്താം; ഇവ രണ്ടും പരസ്പര ബന്ധിതമാണ്. പരസ്പരം കെട്ടിപ്പെടുക്കുന്നു. ശരീരത്തിന്റെ പ്രകൃതി ഒന്ന്, ആത്മാവിന്റേത് മറെറാന്ന്; എന്നാൽ പരസ്പരബന്ധം വഴി അവ ഒരു സ്വഭാവമാകുന്നു; അവയുടെ പരസ്പര ഐക്യവും ഭാഗഭാഗിത്വവും വഴി അവയുടെ പ്രവർത്തനം പൂർത്തീകരിക്കപ്പെടുന്നു; അതുപോലെ, പ്രാർത്ഥനയും, വിചാരനൈർമ്മല്യവും രണ്ടു വ്യത്യസ്തസംഗതികളാണെ

www.malankaralibrary.com



കിലും അവയുടെ ഐക്യവും ഭാഗഭാഗിത്വവും വഴി ഒരേ ഒരു പ്രവർത്തനം ഉണ്ടാകുന്നു. ''മാനസിക പ്രവർത്തനം'' എന്നു് പിതാക്കന്മാർ അതിനെ വിളിക്കുന്നു; ഒന്നിന്റെ പൂർത്തീകരണത്തിനു് മററതു് ആവശ്യമാണു്. ആബാ മർക്കോസ് പറയുന്നു: ''ശ്രദ്ധനിയോഗം പ്രാർത്ഥനവഴി കണ്ടെത്തപ്പെടുന്നു; പ്രാർത്ഥന ശ്രദ്ധനിയോഗം വഴിയും; സ്വഭാവത്താലേ ഓരോന്നിനും മററതിന്റെ ആവശ്യമുണ്ട്''. സങ്കീർത്തനാലാപത്തിൽ, പ്രത്യേകിച്ച് രാത്രിപ്രാർത്ഥനയിലേതിൽ, നിന്റെ മനസ്സ് ഏകാഗ്രമാക്കി സ്വയം ശിക്ഷണവിധേയനാക്കി പരിശീലിക്കുക; സങ്കീർത്തനങ്ങളിൽ പരിശുദ്ധാത്മാവ് ഉൾക്കൊള്ളിച്ചിരിക്കുന്ന ആദ്ധ്യാത്മികാർത്ഥം ഗ്രഹിക്കാൻ നിനക്കു സാധിക്കും. ഇതിനു നീ യോഗ്യനായിത്തീർന്നാൽ ഏകാന്തജീവിതം നിനക്കൊരിക്കലും വിരസമായിരിക്കയില്ല. ആത്മീയ താപസ കർമ്മങ്ങളനുഷ്ഠിക്കാതെ, ശരീരിക താപസകർമ്മങ്ങൾ മാത്രം അനുഷ്ഠിക്കുന്ന ഏകാന്തവാസി ബഹുവിധകാര്യങ്ങളാൽ അലട്ടപ്പെട്ട് മനപ്പതച്ച് ഉള്ളവനായിരിക്കും എന്നറിഞ്ഞുകൊള്ളുക. എന്നാൽ ആത്മീയ താപസകർമ്മങ്ങളനുഷ്ഠിക്കുന്നവനു് ശരീരിക താപസകർമ്മങ്ങളുപേക്ഷിക്കാൻ സാധിക്കയില്ല; കാരണം, ആത്മീയ താപസകർമ്മങ്ങൾ അവനെ മടിയനാക്കാതെ കർമ്മനിരതനാക്കുന്നു. ഇക്കാരണത്താൽ ആത്മീയ താപസകർമ്മങ്ങൾ മഹത്തും പ്രയാസപൂർണ്ണവും ക്ലേശഭൂയിഷ്ഠവും ആണു്. അതിൽനിന്നുളവാകുന്ന സന്തോഷവും അപ്രകാരം തന്നെ മഹത്തരമത്രേ. നീ ശാരീരികവും മാനസികവുമായ താപസകർമ്മങ്ങൾ അനുഷ്ഠിക്കുന്നവനാണെങ്കിൽ മന്ദത എന്ന അവസ്ഥയിൽ എത്താതിരിക്കട്ടെ. നിന്റെ ശക്തിയും അറിവും അനുസരിച്ചും, സന്യാസാർത്ഥി എന്ന അവസ്ഥയ്ക്കനുസരിച്ചും ഉള്ള താപസകർമ്മങ്ങളേ അനുഷ്ഠിക്കാവൂ. സാവധാനത്തിൽ ആത്മീയതാപസകർമ്മങ്ങളനുഷ്ഠിക്കുക.

പൈശാചിക പ്രേരണകൾക്കു വശംവദനാകാതിരിപ്പാൻ ഒരു ഗുരുവും നേതാവും നിനക്കുണ്ടായിരിക്കണം. താഴെ പറയുന്നതിലൂടെ നിന്റെ പിതാവ് ആബാ ഏശായാ നിന്നെ ഉപദേശിക്കുകയും, ഗുണദോഷിക്കുകയും, മാനസികതാപസകർമ്മങ്ങൾക്കായി നിന്നെ പ്രേരിപ്പിക്കുകയും ചെയ്യുന്നു, ''എന്റെ മകനേ, നിനക്കെതിരെ യുദ്ധം ചെയ്യുന്ന മാനസിക വികാരങ്ങളിൽ നിന്നു് ഓടിയകലുക; കർത്താവ് നിന്റെ ശത്രുക്കളെ പരാജിതരാക്കും''. അദ്ദേഹം പറഞ്ഞതിന്റെ അർത്ഥമിതാണു്: മന:പതർച്ച ഉണ്ടാക്കുന്ന എല്ലാ സംഗതികളിൽ നിന്നും അകന്നു മനുഷ്യസംസർഗ്ഗം കൂടാതെയും കർത്തൃകല്പനകളനുസരിച്ചു് കർത്താവുമായി നിരന്തര സംസർഗ്ഗത്തിൽ വസിച്ചും നിന്റെ ഏകാന്തതയിൽ നീ വ്യാപരിക്കുന്നതു് ദുഷ്ടാത്രൂപികളെ അസൂയാകലുഷിതരാക്കുന്നു; അവർ നിന്നെ ദുഷ്കർമ്മങ്ങൾക്കു പ്രേരിപ്പിക്കുന്നു. നമ്മുടെ കർത്താവിന്റെ സ്നേഹത്തിൽ നിന്നും, ആത്മീയ സന്തോഷത്തിൽ നിന്നും നിന്റെ ഏകാന്തതയും താപസകർമ്മങ്ങളും നിമിത്തം നിനക്കായി ഒരുക്കപ്പെട്ടിരിക്കുന്ന പ്രതിഫലത്തിൽ നിന്നും നിന്നെ അകററാൻ അവർ പരിശ്രമിക്കുന്നു.

എന്നെ ശ്രവിക്കു: കോപത്തിന്റെയോ, വ്യർത്ഥാഭിമാനത്തിന്റെയോ, മറേറതെങ്കിലും പാപത്തിന്റെയോ, ദുർവികാരം സാത്താൻ നിന്നിൽ ഉണർത്തിയാൽ അതിനു കീഴ്പ്പെട്ടു് അതിനനുസരിച്ചു് പ്രവർത്തിക്കരുതു്. അതിനെ നിന്റെ ഉള്ളിൽ പ്രവേശിപ്പിച്ച് അതിൽ നിന്നുളവാകുന്ന നശ്വരസന്തോഷം അനുഭവിക്കാതെ, കർത്താവ് നമ്മ

www.malankaralibrary.com



ക്കായി ഒരുക്കിയിരിക്കുന്ന സന്തോഷത്തെ ഓർത്തു്, ആ നൈമിഷിക സന്തോഷത്തെ നിസ്സാരമായി കരുതുകയും, നിന്റെ ചിന്ത അതിൽ നിന്നു മാററുകയും ചെയ്യുക. അങ്ങനെ ആ ദുഷ്ടവിചാരത്തിൽ നിന്നു നീ വിമുക്തനായിത്തീരും. പാപത്തിന്റെ രസം നിന്നെ എത്രമാത്രം വലിച്ചടുപ്പിക്കാൻ ശ്രമിച്ചാലും നീ നിർബന്ധപൂർവ്വം അതിൽ നിന്നോടിയകലുക; നിന്റെ ചിന്തയിൽ കർത്താവിന്റെ സന്നിധിയിലേയ്ക്കുയർത്തു് അവിടുത്തെ സഹായം അപേക്ഷിക്കുക; അവൻ നിനക്കു വിജയം നൽകും. കർത്താവിന്റെ സ്നേഹം അനുഭവിക്കാൻ വേണ്ടി ചിന്തയിൽ പോലും പാപത്തിന്റെ രസം അനുഭവിക്കാൻ നീ ഇഷ്ടപ്പെടാത്തതിനാൽ, നിന്റെ സന്മനസ്സുകാണുന്ന കർത്താവു് ദുർവിചാരങ്ങളുമായി നിനക്കെതിരെ പോരാടുന്ന സാത്താനെ, കാററടിക്കുമ്പോൾ പതിരെന്നപോലെ (സങ്കീ.1:4) ഓടിച്ചുകളയാൻ, നിന്നെ അനുഗമിക്കുന്ന മാലാഖയ്ക്കു് അടയാളം കൊടുക്കും.

നമ്മുടെ കർത്താവു നിനക്കു നൽകുന്ന സഹായത്തിന്റെ മാഹാത്മ്യം വിശദമാക്കാനായി വിശുദ്ധഗ്രന്ഥം ഉദ്ധരിച്ചുകൊണ്ടു് ആബാ ഏശായാ പറയുന്നു: ''നിന്നെക്കൊണ്ടു് യുദ്ധോപകരണങ്ങളെ കഷണങ്ങളായി ഞാൻ ഒടിക്കും; നിന്നെക്കൊണ്ടു് കുതിരയേയും കുതിരക്കാരനേയും ഞാൻ തകർക്കും. നിന്നെക്കൊണ്ടു് രഥത്തേയും അതിൽ സഞ്ചരിക്കുന്നവനേയും ഞാൻ നശിപ്പിക്കും. നിന്നെക്കൊണ്ടു് യുവാക്കളേയും യുവതികളേയും ഞാൻ നിഹനിക്കും. നിന്നെക്കൊണ്ടു് ഇടയനേയും അവന്റെ ആടുകളേയും ഞാൻ ചിതറിക്കും. നിന്നെക്കൊണ്ടു് ഉഴുന്നവനെയും അവന്റെ കലപ്പയേയും ഞാൻ സംഹരിക്കും. നിന്നെക്കൊണ്ടു് കപ്പിത്താനേയും, രണാധിപനേയും ഞാൻ ഓടിക്കും'' (ജറ.51:20,23). നമ്മുടെ കർത്താവു നിനക്കു നൽകുന്ന സഹായത്തിന്റെ മാഹാത്മ്യം എടുത്തുകാട്ടുവാനാണു് ആബാ ഏശായാ നിരവധി വാക്കുകൾ ഉപയോഗിച്ചതു്.

''നിന്റെ ഹൃദയത്തിന്റെ ദുഷ്കാമങ്ങളിൽ നിന്നു് ഓടിയകലുക'' എന്നു് തന്റെ പ്രസംഗത്തിന്റെ ആരംഭത്തിൽ തന്നെ അവൻ നിന്നോടു പറയുകയുണ്ടായി. അതായതു്, സാവധാനം സ്വയം ശിക്ഷണവിധേയനാക്കുക; പ്രലോഭനങ്ങളോടു നിനക്കുള്ള വെറുപ്പും നമ്മുടെ കർത്താവിനോടു നിനക്കുള്ള സ്നേഹവും, പിശാചുക്കളെ കാണിക്കുക. ഉടനെ നമ്മുടെ കർത്താവു് പിശാചുക്കളെ നിന്നിൽ നിന്നു് ആട്ടിപ്പുറത്താക്കി, നിന്നിൽ അവർ ഉദിപ്പിച്ച പ്രലോഭനങ്ങളെ ഇല്ലാതാക്കും; നിന്റെ മനസ്സിനെ പ്രകാശിപ്പിക്കും; തന്റെ കൃപയിൽ നിന്നു് നിന്റെ ആത്മാവിനെ സമാധാനവും, സുരക്ഷിതത്വവും, സമാശ്വാസവും കൊണ്ടു നിറയ്ക്കും. ''ബാബിലോണിനെ അതിന്റെ പ്രവൃത്തികൾക്കനുസരണം ഞാൻ ശിക്ഷിക്കും'' (ജറ 51:24) എന്നു് അതുകൊണ്ടാണു് ആബാ ഏശായാ നന്നായി പറഞ്ഞതു്. വാസ്തവത്തിൽ ഈ വാക്കുകളുടെ അർത്ഥം വളരെ വലുതാണു്; ദുരാശകൾക്കും പിശാചുക്കൾക്കും എതിരെയുള്ള പോരാട്ടത്തിന്റെ അവസരം മുഴുവൻ ഏകാന്തതയിൽ കഴിയുന്ന ഏകാന്തവാസിക്കു് ഇതു വലിയ സമാശ്വാസം പ്രദാനം ചെയ്യുന്നു. അവൻ നിന്നെ പഠിപ്പിക്കുകയും ഒരു ജനറലിനെപ്പോലെ നന്നെ പ്രേരിപ്പിക്കുകയും, സമാശ്വസിപ്പിക്കുകയും, വിളിച്ചുപറയുകയും ചെയ്യുന്നു:

www.malankaralibrary.com



കർത്താവിനോടുള്ള സ്നേഹം നിമിത്തം ഏകാന്തതയെ സ്നേഹിക്കുകയും, പാപത്തിനെതിരെയുള്ള നല്ല പോരാട്ടം മരണം വരെ പോരാടുകയും ചെയ്യുന്ന ഏകാന്തവാസീ, നീ ഭയപ്പെടേണ്ട; നിന്റെ പോരാട്ടത്തിന്റെ കാലാവധി ദീർഘിക്കുകയില്ല; കാരണം, നിശ്ചിത കാലാവധിക്കുശേഷം, അതിന്റെ ദൈർഘ്യം എന്തായാലും, ശത്രുക്കളോടുള്ള പോരാട്ടത്തിൽ നിന്റെ സന്മനസ്സും, കർത്താവിനോടുള്ള നിന്റെ യഥാർത്ഥ സ്നേഹവും പരീക്ഷിക്കപ്പെട്ടശേഷം, പിശാചുക്കൾ നിനക്കെതിരെ പോരാടുമ്പോൾ, കർത്താവ് എപ്പോഴും ചെയ്യുന്നതുപോലെ, തന്റെ സഹായം നിനക്കയച്ചുതരും; നിന്റെ പോരാട്ടത്തിന്റെ കാലാവധി തീരുമ്പോൾ അവിടുന്ന് നിന്നിൽ നിന്ന് പിശാചിനെ പൂർണ്ണമായി ഓടിച്ചുകളയുകയും നിന്റെ ഹൃദയത്തിൽ നിന്ന് അവരുടെ ദുഷ്പ്രേരണകളെ നിർമ്മാർജ്ജനം ചെയ്യുകയും ചെയ്യും. നിന്റെ പോരാട്ടത്തിന്റെ അവസരം അവർ ഇളക്കിവിട്ട നിരവധി ദുഷ്ചിന്തകൾക്കു പകരം, നിരവധി ആത്മീയ ദർശനങ്ങളാൽ അവിടുന്ന് നിന്റെ ആത്മാവിനെ നിറയ്ക്കും. അപ്പോൾ നിന്റെ മനസ്സ് ദിവ്യചിന്തകളാൽ പൂർണ്ണമായി സന്തോഷിക്കും. താഴെപ്പറയുന്നവ അത്തരത്തിൽപ്പെട്ടവയാണ്: ദൈവസ്വഭാവത്തിന്റെ മഹത്വത്തെക്കുറിച്ചുള്ള ധ്യാനം, മഹനീയത്രിത്വത്തെക്കുറിച്ചുള്ള വിചിന്തനം, ക്രിസ്തുവിന്റെ സ്നേഹത്തിന്റെയും, സ്വർഗ്ഗത്തിൽ അവനിൽ വസിക്കുന്ന ദിവ്യമഹത്വത്തിന്റെ പ്രകാശത്തിന്റെയും നിരന്തരവും ഇടമുറയാത്തുള്ളതുമായ സഹായം, വിശുദ്ധ മാലാഖമാരുടെ മഹനീയ നിരകളെക്കുറിച്ചുള്ള ധ്യാനം, പറുദീസായെക്കുറിച്ചും മരിച്ച നീതിമാന്മാരുടെ ആത്മാക്കളെക്കുറിച്ചുമുള്ള വിചിന്തനം, നമ്മുടെ കർത്താവിന്റെ, സ്വർഗ്ഗത്തിൽ നിന്നുള്ള മഹത്വപ്രത്യക്ഷീകരണം, വിശുദ്ധരുടെ സ്വർഗ്ഗപ്രവേശനം, കർത്താവിനോടൊത്തുള്ള അവരുടെ സന്തോഷം, പറയാനും വിവരിക്കാനും പ്രയാസമായ മററനേകം സംഗതികൾ.

ഇതും ഇതുപോലെയുള്ളതുമായ ആത്മീയചിന്തകൾ കൊണ്ടുവേണം ഏകാന്തതയിൽ വസിക്കുന്ന താപസന്റെ മനസ് ദീർഘമായ പോരാട്ടത്തിനുശേഷം അവാച്യമായ സന്തോഷത്താൽ നിരന്തരം പ്രചോദിതമാകേണ്ടതു്. പൈശാചികവും പാപകരവുമായ ചിന്തകൾക്കെതിരെയുള്ള പോരാട്ടത്തിൽ മുൻപു് വളരെയധികം പീഡിപ്പിക്കപ്പെട്ടതിനുള്ള പ്രതിഫലമായി ഇവ ലഭിക്കുന്നു. ''ഞാൻ ബാബിലോണിനെ അതിന്റെ പ്രവൃത്തികൾക്കനുസരിച്ച് ശിക്ഷിക്കും'' എന്നു് ആബാ ഏശായാ പറഞ്ഞതിന്റെ അർത്ഥമിതാണ്. ആബാ മർക്കോസ് പറഞ്ഞ ഒരു വാചകവും ഇതിനു തുല്യമാണ്. ''പോരാട്ടത്തിലൂടെ കടന്നുപോകുന്നവന്റെ മനസ്സ് മററൊന്നും കാണാതെ അടക്കപ്പെട്ടിരിക്കുന്നു; ബാബിലോണിന്റെ സന്തതിയെ കർത്താവു് നശിപ്പിക്കുന്നതുവരെ അവന്റെ മനസ്സ് വിശ്രമിക്കുന്നില്ല.''

സഹോദരാ, നീ ഏകാന്തതയും, ദൈവത്തെകാണാൻ കഴിവു നൽകുന്ന ഹൃദയശുദ്ധിയും കാംക്ഷിക്കുന്നെങ്കിൽ പോരാട്ടത്തിൽ അക്ഷമഭാവം കാണിക്കരുതു്. ദുഷ്ടനും ദുർവിചാരങ്ങൾക്കുമെതിരെ പോരാടുവാൻ നിനക്കു ശിക്ഷണം ലഭിച്ചിട്ടുണ്ടല്ലോ. പോരാട്ടത്തിൽ പരുക്കേററാലും ഭയന്നു് പിൻമാറി ഓടിക്കളയരുതു്; പരാജിതനെപ്പോലെ നിന്റെ മുറിവിട്ടുപോകരുതു്. നിന്റെ പോരാട്ടത്തിന്റെ അവസാനം കർത്താവു് നിന്റെ മുറിയിൽ നിനക്കു് നൽകുവാൻ പോകുന്ന വിജയത്തെ

www.malankaralibrary.com



ക്ഷമയോടും ഉറച്ച പ്രത്യാശയോടുംകൂടെ പ്രതീക്ഷിച്ചിരിക്കുക. നിന്റെ പോരാട്ടത്തിൽ കർത്താവു നിന്നോടുകൂടെ ഉള്ളതായി നിനക്കനുഭവപ്പെടും; നിനക്കുണ്ടാകുന്ന ആനന്ദവും, സന്തുഷ്ടിയും വലുതായിരിക്കയും ചെയ്യും.

ഒരിക്കൽ പോരാട്ടം നടത്തി ശത്രുവിനെ തകർത്ത് പരാജിതനാക്കിയിട്ട്, സന്തോഷിച്ച് പ്രകാശിതനായി ഏകാന്തതയിൽ വസിക്കയും, പിന്നീട് പോരാട്ടം നിർത്തിവച്ച് പരാജിതനായി, ശത്രുവിനാൽ ചവിട്ടിമെതിക്കപ്പെട്ട് ദുഃഖിതനായി ഇരുട്ടിലാകയും, ഏകാന്തതയും മുറിയും ഉപേക്ഷിക്കുകയും ചെയ്യുന്ന അജ്ഞരും ബലഹീനരുമായ മനുഷ്യരെപ്പോലെയാകരുത്; മറിച്ച് നിന്റെ പോരാട്ടത്തിന്റെ കാലം മുഴുവൻ നിനക്കു വന്നുഭവിക്കുന്നവയെല്ലാം ക്ഷമാപൂർവം സഹിക്കുക. ഒരിക്കൽ നീ പിശാചിനെ തോല്പിക്കും. ചിലപ്പോൾ അവൻ നിന്നെ തോല്പിച്ചെന്നിരിക്കും; ഒരിക്കൽ നീയവനെ കാൽ കീഴമർത്തും; ചിലപ്പോൾ അവനായിരിക്കും നിന്നെ അമർത്തുക. എന്നാൽ നിന്റെ നിരന്തരക്ഷമയെ ദർശിക്കുന്ന ദൈവം നിന്റെ ശത്രുക്കളുടെ മേൽ നിനക്കു വിജയം നല്കി ആദ്ധ്യാത്മികജ്ഞാനംകൊണ്ട് നിന്നെ കിരീടം അണിയിക്കും.

ഏകാന്തതയിൽ ദുർവികാരങ്ങളോടുള്ള പോരാട്ടം ഇപ്രകാരമാണ്: ആദ്ധ്യാത്മിക വ്യാപാരങ്ങളും ഏകാന്ത ജീവിതത്തിലുളവാകുന്ന ദുർവിചാരങ്ങളോടുള്ള പോരാട്ടവും ആരംഭിക്കുന്നയാളിന്റെ വർഷം കണക്കാക്കുന്നത് അവന്റെ ശ്രദ്ധയും താല്പര്യവും അനുസരിച്ചാണ്. അവൻ മുന്നേറി ഹൃദയശുദ്ധി പ്രാപിക്കുന്നതുവരെ അനുദിനം പോരാട്ടവും വർദ്ധിക്കുന്നു. ഹൃദയശുദ്ധി പ്രാപിക്കുന്നതിനു തൊട്ടു മുൻപുള്ള പോരാട്ടം അല്പം കാഠിന്യമേറിയതായിരിക്കും; അവന്റെ പ്രലോഭനങ്ങൾ ഉഗ്രതരമായിരിക്കും. **അവയ്ക്ക് കീഴ്പെടാതെ, ഏകാന്തതയിൽ അവ സഹിച്ചാൽ സാവധാനം അവൻ സമാശ്വാസം അനുഭവിച്ചു തുടങ്ങും. ഈ രീതിയിൽ അവൻ എപ്പോഴും ദൈവിക സഹായത്താൽ സംരക്ഷിക്കപ്പെടും.** പിശാചുക്കൾ ദുർവിചാരങ്ങളുമായി വന്ന് അവനെ ആക്രമിച്ചാൽ അവനുടനെ ദൈവസഹായം വിളിച്ചപേക്ഷിക്കും. ദൈവം അവനുത്തരമരുളി അവനെ സഹായിക്കും. മുൻപുണ്ടായിരുന്നതുപോലെ ദീർഘമായി അവനെ പരീക്ഷിക്കാൻ കർത്താവ് അനുവദിക്കയില്ല; ദൈവത്തിന്റെ അനുവാദത്തോടുകൂടി ഏകാന്തവാസിയെ അനുധാവനം ചെയ്യുന്ന വിശുദ്ധ മാലാഖയുടെ പ്രവർത്തനത്താൽ സന്യാസിയുടെ ഭവനത്തിൽ നിന്ന് സാത്താൻ പെട്ടെന്ന് നിഷ്കരുണം ആട്ടിപ്പുറത്താക്കപ്പെടും. സങ്കീർത്തനങ്ങൾ ആലപിക്കുമ്പോഴും പ്രാർത്ഥിക്കുമ്പോഴും വായിക്കുമ്പോഴും ദൈവത്തെയും ദൈവദാനങ്ങളെയും ധ്യാനിക്കുമ്പോഴും സന്യാസിയുടെ മനസ്സ് സ്വച്ഛന്ദമായും ശാന്തമായും വ്യാപരിക്കും.

കുറച്ചുകാലം കഴിഞ്ഞാൽ ആന്തരിക പ്രലോഭനങ്ങൾവഴി ചെറിയ തോതിൽപോലും ആക്രമിക്കാൻ പിശാചുക്കൾക്കു സാധിക്കയില്ല; എന്നാൽ കാഴ്ചയും സ്പർശനവും വഴി അവൻ തുടർന്നും ആക്രമിച്ചുകൊണ്ടിരിക്കും. മൂന്നു വർഷംകൊണ്ട് പൂർണ്ണരാക്കപ്പെട്ട രണ്ടു സഹോ

www.malankaralibrary.com



ദരൻമാരുടെ ചരിത്രത്തിൽ നിന്ന് നാമിതറിയുന്നു. അവരെപ്പററി ഷേതിലെ ആശ്രമാധ്യക്ഷൻ, അലക്സാണ്ഡ്രിയായിലെ ആബാ മക്കാരിയൂസ് രേഖപ്പെടുത്തിയിരിക്കുന്നു. അദ്ദേഹം പ്രാർത്ഥിച്ചപ്പോൾ ഈ സഹോദരൻമാരുടെ താപസകർമ്മങ്ങളും പരിപൂർണ്ണതയുടെ ആഴവും ദൈവം അദ്ദേഹത്തിനു വെളിപ്പെടുത്തിക്കൊടുത്തു; രാത്രിയിൽ അവരിരുവരും പ്രാർത്ഥിക്കുന്നതായി അവൻ ദർശിച്ചു. ഇളയ സഹോദരന്റെ കണ്ണുകളിലും വായിലും ഈച്ചകളെപ്പോലെ പിശാചുക്കൾ അരിക്കുന്നതും അതേസമയം അവനു് എന്തെങ്കിലും ഉപദ്രവം വരുന്നതു് തടഞ്ഞുകൊണ്ട് ഒരു ദൈവദൂതൻ ഊരിയവാളുമായി അവനു ചുററും നടക്കുന്നതും അവൻ കണ്ടു. തങ്ങളുടെ പ്രലോഭനങ്ങളാൽ പിശാചുക്കൾ ഇപ്പോഴും ഇളയ സഹോദരനെ ആക്രമിക്കുന്നതായും, എന്നാൽ അവന്റെ നിശ്ചയധാർഢ്യത്താൽ ദൈവം തന്റെ ദൂതൻവഴി അവനെ ധാരാളമായി സഹായിക്കുന്നതായും ആബാ മക്കാരിയൂസ് ഈ ദർശനത്തിൽ നിന്നു മനസ്സിലാക്കി. മൂത്ത സഹോദരന്റെ പക്കലേക്കടുക്കുവാൻ പിശാചുക്കൾ ധൈര്യപ്പെട്ടില്ല; കാരണം, അവൻ ഹൃദയശുദ്ധിയുള്ളവനും ജിതേന്ദ്രിയനും ആയിത്തീർന്നിരുന്നു.

സഹനാതീതാവസ്ഥയിൽ പ്രലോഭനങ്ങൾക്കു സ്ഥാനമില്ല എന്ന് ആബാ ഏശായാ പറഞ്ഞിട്ടുണ്ടു്. കിരീടം പ്രാപിച്ച അവസ്ഥയാണതു്. എല്ലാവിധ ദുർവിചാരങ്ങൾക്കും ഉപരിസ്ഥമാണു് ആ അവസ്ഥ. പിതാക്കന്മാർ സംസാരിക്കുന്ന സഹനാതീതാവസ്ഥ, ഉത്ഥാനത്തിൽ ലഭ്യമാകുന്ന പരിപൂർണ സഹനാതീതാവസ്ഥയല്ല: പിന്നെയോ, താല്ക്കാലികമായ പ്രലോഭനങ്ങളുടെ ബലഹീനതയിൽ നിന്നു് ആത്മാവിനു ലഭിക്കുന്ന മോചനമാണു്. സഹനാതീതാവസ്ഥയെ മാർ എവാഗ്രിയസ്സ് ഇപ്രകാരം നിർവചിക്കുന്നു: 'ബൗദ്ധികാത്മാവിന്റെ പ്രശോഭിക്കുന്ന നന്മയാണു് സഹനാതീതാവസ്ഥ; അതു് ശുദ്ധതയിലും താഴ്മയിലും അടങ്ങിയിരിക്കുന്നു.' അദ്ദേഹം തുടരുന്നു, 'ശുദ്ധമായ പ്രാർത്ഥന ആഗ്രഹിക്കുന്നെങ്കിൽ, കോപത്തിൽ നിന്നു് അകന്നിരിക്കുക; നീ ശുദ്ധതയെ സ്നേഹിക്കുന്നെങ്കിൽ നിന്റെ ആഹാരത്തിന്റെ ഒരംശം നീക്കിവയ്ക്കുക'. കുറേ വാക്കുകൾ കഴിഞ്ഞിട്ടു് അദ്ദേഹം ഇപ്രകാരം കൂട്ടിച്ചേർക്കുന്നു: 'അപ്പോൾ ഹൃദയത്തിന്റെ സഹനാതീതാവസ്ഥ നിന്റെമേൽ നിഴലിക്കും; നക്ഷത്രം പ്രകാശിക്കുന്നതുപോലുള്ള ഒരു മനസ്സു് നിന്റെ പ്രാർത്ഥനയിൽ നീ കണ്ടെത്തും'. അദ്ദേഹം തുടരുന്നു, 'ബുദ്ധിജീവികളുടെ ഉന്നതാവസ്ഥയാണു് മനസ്സിന്റെ സഹനാതീതാവസ്ഥ. പ്രാർത്ഥനയുടെ അവസരം പരിശുദ്ധ ത്രിത്വത്തിന്റെ പ്രകാശം അതിന്മേൽ നിഴലിക്കുന്നു.' പിതാക്കന്മാരുടെ കൃതികളിൽ നിന്നും, വിശുദ്ധരും പൂർണരും ദിവ്യരുമായ മഹത്‌വ്യക്തികളുടെ വായിൽ നിന്നുള്ള സജീവ വാക്കുകളിൽ നിന്നുമാണു് ഈ സംഗതികൾ നാം ഗ്രഹിച്ചതു്. അവരുടെ കാലടികൾ പിൻതുടരുവാനും അവരുടെ പ്രാർത്ഥനകളാൽ ദൈവസ്നേഹത്തിൽ അവരെപ്പോലെ പൂർണരാക്കപ്പെടാനും തന്റെ അനന്ത കൃപയാൽ ദൈവം നമ്മേയും യോഗ്യരാക്കട്ടെ. ആമ്മീൻ.

ലിഖിതങ്ങളിൽ പരിചയമില്ലാത്തവരും വലിയ ബൗദ്ധികവികാസം പ്രാപിക്കാത്തവരും, ക്ഷുർമ്മബുദ്ധിയും ആഴമായ ജ്ഞാനവും ഇല്ലാത്തവരും എന്നാൽ പ്രകൃത്യാതന്നെ ഋജുമാനസരും, കളങ്കരഹിതരും, പാണ്ഡിത്യമില്ലാത്തവരും, എന്നാൽ ഏകാന്ത ജീവിതത്തിലൂടെ ദൈവ

www.malankaralibrary.com



ത്തെ പ്രസാദിപ്പിക്കാൻ ആഗ്രഹിക്കുന്നവരും ആയവർ പിശാചുക്കളുടെ ആക്രമണങ്ങളെ പേടിക്കാതിരിക്കട്ടെ, പ്രലോഭനങ്ങളെ ഭയക്കാതിരിക്കട്ടെ. ഓരോ മനുഷ്യനും അവനവന്റെ കഴിവനുസരിച്ച് സഹിക്കേണ്ടിയിരിക്കുന്നു; അവന് സഹായകമായ രീതിയിൽ മാത്രമേ ഓരോരുത്തനും ദുർവിചാരങ്ങളുടെയും പിശാചിന്റെ പ്രേരണകളുടെയും പോരാട്ടം ഉണ്ടാകുന്നുള്ളു. ഓരോരുത്തന്റെയും ശക്തിയും അറിവും ആദ്ധ്യാത്മികവികാസവും അനുസരിച്ചുള്ള ഭാരമേ ഓരോരുത്തനും വഹിക്കേണ്ടതുള്ളു.

തന്റെ സ്രഷ്ടാവിനോടുള്ള സ്നേഹം തന്റെ ഹൃദയത്തിൽ ഉണ്ടായിരിക്കയും ഏകാന്തതയിൽ ജീവിക്കയും നമ്മുടെ കർത്താവിന്റെ കർത്തൃപത്തെ പ്രീതിപ്പെടുത്തുന്നവ പ്രവർത്തിക്കുകയും ചെയ്താൽ, കർത്താവിന്റെ സ്നേഹം അവനെ പിശാചുക്കളുടെ അണികളിൽനിന്ന് സുരക്ഷിതനായി കാത്തുകൊള്ളും; അവന്റെ ആത്മാവിനെ പ്രകാശിപ്പിക്കും. നീതിയുടെ എല്ലാ പൂർണതയും പ്രാപിക്കാൻ അവനെ സഹായിക്കുകയും ചെയ്യും.

മാർ അന്തോണിയോസിന്റെ ശിഷ്യനും ഋജുമാനസനുമായ ഭാഗ്യവാനായ പൗലോസിനേക്കാൾ ശുദ്ധനും പാമരനുമായി ഏകാന്തവാസികളായ പിതാക്കന്മാരുടെ ഇടയിൽ ആരാണുള്ളത്. 'ശുദ്ധൻ' എന്ന് എല്ലാവരും അദ്ദേഹത്തെ വിളിക്കത്തക്കവിധം അദ്ദേഹം അത്രമാത്രം നിഷ്കളങ്കനായിരുന്നു. അദ്ദേഹം പാമരനുമായിരുന്നു. വിശുദ്ധ ഗ്രന്ഥങ്ങളിൽ പാണ്ഡിത്യമില്ലാത്തവനുമായിരുന്നു. ഇങ്ങനെയൊക്കെയായിരുന്നിട്ടും, മുറികളുള്ളിലെ ഏകാന്തതയ്ക്കുപകരം ആബാ അന്തോണിയോസ്, പൗലോസിന്റെ സാന്നിധ്യം ഇഷ്ടപ്പെട്ടു; കാരണം, ഏകാന്തതയുടെ ശക്തി ആബാ അന്തോണിയോസിനറിയാമായിരുന്നു. അത് ബുദ്ധിമാന്മാരും വിദഗ്ധരും വിജ്ഞാനികളുമായ മനുഷ്യരെ മാത്രമല്ല, പാമരരും, ശുദ്ധരും, അറിവില്ലാത്തവരും ആയ മനുഷ്യരെയും ദൈവസ്നേഹത്തിന്റെ ഉന്നത സോപാനത്തിലേയ്ക്കുയർത്തുമെന്നും അദ്ദേഹം നന്നായി ഗ്രഹിച്ചു. പൗലോസ് നിരവധി ശ്രേഷ്ഠകർമ്മങ്ങൾ ചെയ്തിരുന്നെങ്കിലും, ഏകാന്തതയിൽ നേടിയവയല്ലാതൊരു ദിവ്യദാനവും സമ്പാദിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല എന്നും ആബാ അന്തോണിയോസ് മനസ്സിലാക്കിയിരുന്നു. അതുകൊണ്ട് പൗലോസിനോട് അദ്ദേഹം പറഞ്ഞു. 'നിനക്കു പിശാചുക്കളുടെ പരീക്ഷണം ഉണ്ടാകുവാൻ, പോയി തനിയെ ഏകാന്തതയിൽ ഇരിക്കുക.' ഏകാന്തത വഴി മനുഷ്യൻ സമ്പാദിക്കുന്ന എല്ലാ മഹനീയ സംഗതികളും ഈ ഒരൊറ്റ വാചകത്തിൽ അദ്ദേഹം ഒതുക്കി നിർത്തി.

'ഞാൻ ബുദ്ധിയില്ലാത്തവനാണ്, ശുദ്ധനാണ്, പാമരനാണ്, വിജ്ഞാനരഹിതനാണ്. അതുകൊണ്ട് ഏകാന്തജീവിതത്തിൽ പ്രവേശിക്കാൻ എനിക്കു സാധിക്കയില്ല' എന്ന് ഒരു മനുഷ്യനും മുട്ടാത്തക്കം പറയാതിരിക്കട്ടെ; മറിച്ച് ഭാവി നന്മകളിലുള്ള അവന്റെ വിശ്വാസക്കുറവിന്റെയും നമ്മുടെ കർത്താവിനോടുള്ള സ്നേഹത്തിന്റെ കുറവിന്റെയും അടയാളമായി കരുതി അവൻ സ്വയം കുറ്റപ്പെടുത്തട്ടെ.

www.malankaralibrary.com



ഇത്തരക്കാരെ കുററപ്പെടുത്തിക്കൊണ്ട് ആബാ മർക്കോസും ഇപ്രകാരം പറയുന്നു; 'വിശ്വാസക്കുറവിനാലോ മറെറന്തെങ്കിലും ബലഹീനതയാലോ ഏകാന്ത ജീവിതത്തിൽ പ്രവേശിക്കുന്നതിനും, എപ്പോഴും പ്രാർത്ഥിക്കുന്നതിനും നമ്മുടെ കർത്താവിനുവേണ്ടി പരീക്ഷിക്കപ്പെടുന്നതിനും കഴിവററവനായി കാണപ്പെട്ടാൽ അവൻ സത്യം ഗ്രഹിച്ച് തന്റെ ജനനത്തെ കുററപ്പെടുത്തിക്കൊണ്ട് കഴിവനുസരിച്ച് പുരോഗമിക്കട്ടെ.' തന്റെ മുറിയിലെ ഏകാന്തതയെ സ്നേഹിക്കാത്തവന് വിശ്വാസവും ശക്തിയും ഇല്ലെന്നാണ് മർക്കോസ് കരുതുന്നത്. തന്റെ വിശ്വാസരാഹിത്യം നിമിത്തം വിനീതനായി സ്വയം കുററപ്പെടുത്താൻ അവൻ കല്പിക്കുന്നു. ഇപ്രകാരമല്ലായിരുന്നെങ്കിൽ എന്തിനാണ് ഉജ്ജ്വലമാനസനായ പൗലോസും ഭാഗ്യവാനും വിശുദ്ധനും ബാർലി ഭക്ഷിക്കുന്നവൻ എന്നറിയപ്പെട്ടവനുമായ മാസിഡോണിയൂസും ഏകാന്തതയിൽ ജീവിക്കുകയും ഏകാന്തതയിൽ ദൈവത്തെ പ്രീതിപ്പെടുത്തുകയും ചെയ്തത്. 'ദൈവസ്നേഹിതരുടെ ഗ്രന്ഥത്തിൽ മാസിഡോണിയൂസിന്റെ ജീവചരിത്രം കാണാം. വിശ്വാസക്കുറവുള്ള ബലഹീനർ നിശബ്ദതയെ ഇഷ്ടപ്പെടുന്നില്ല; ഏകാന്തതയെ ഭയപ്പെടുന്നു. നമ്മുടെ കർത്താവിന്റെ വാഗ്ദാനങ്ങളിൽ അവൻ കുറച്ചുമാത്രമേ വിശ്വസിക്കുന്നുള്ളു; അവനെ വളരെ കുറച്ചേ സ്നേഹിക്കുന്നുള്ളു. ഈ മാസിഡോണിയൂസിന് ഒന്നും അറിയാൻ പാടില്ലായിരുന്നു. അദ്ദേഹം എഴുത്തും വായനയും അഭ്യസിച്ചില്ല; ലൗകികവിജ്ഞാനവും അദ്ദേഹത്തിനില്ലായിരുന്നു. അസാധാരണമാംവിധം ഉജ്ജ്വലമാനസനായിരുന്നു. ബുദ്ധിശക്തികുറഞ്ഞവനും പാണ്ഡിത്യമില്ലാത്തവനുമായിരുന്നു; ഒരു മേല്ക്കൂര കൂടാതെ ഉയർന്ന ഒരു കുന്നിന്റെ മുകളിൽ അദ്ദേഹം അനേകവർഷം ജീവിച്ചു; പരിപൂർണ്ണമായ ദൈവസ്നേഹത്താൽ നിറഞ്ഞ തീക്ഷ്ണമായ പ്രാർത്ഥനകൾ അദ്ദേഹം ദൈവത്തിനു സമർപ്പിച്ചു എന്ന് ചരിത്രകാരൻ അദ്ദേഹത്തെപ്പററി രേഖപ്പെടുത്തിയിരിക്കുന്നു.

നമ്മുടെ ഇക്കാലത്തു് ദൈവസ്നേഹതീക്ഷ്ണത വളരെ കുറഞ്ഞുപോയി. നാം ഏകാന്തതയെ പൂർണ്ണമായി പരിത്യജിച്ചിരിക്കുന്നു. അതിന്റെ ആദ്ധ്യാത്മികാനന്ദവും നമുക്കില്ലാതായി. വിശുദ്ധ ലിഖിതത്തിൽ നിന്നോ, സഭാപിതാക്കന്മാരുടെ കൃതികളിൽ നിന്നോ മരുഭൂമിയിലെ പിതാക്കന്മാരിൽ നിന്നോ ഏകാന്തജീവിതത്തിന്റെ മഹത്വത്തെപ്പററി ഗ്രഹിക്കാൻ നാം ആഗ്രഹിക്കുന്നില്ല. ഏകാന്തതാപരിശീലനത്തെപ്പററി പഴയനിയമവും പുതിയനിയമവും നമ്മെ വളരെയധികം പഠിപ്പിക്കുന്നു. അതിനെ സ്നേഹിക്കുന്നവർക്ക് സൗഭാഗ്യ കിരീടങ്ങൾ സമ്മാനമായി നല്കുന്നു. ജറമിയാ പ്രവാചകൻ വിളിച്ചു പറയുന്നു, 'യൗവനത്തിൽ തന്റെ നുകം വഹിച്ച് നിശബ്ദതയിൽ ഏകനായിരിക്കുന്നതു് നല്ലതാകുന്നു' (വിലാ. 3:27–28). നമ്മുടെ കർത്താവും തന്റെ സുവിശേഷത്തിൽ കല്പിക്കുകയും അനുശാസിക്കുകയും ചെയ്യുന്നു: 'ദൈവരാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക; നിങ്ങൾക്കാവശ്യമുള്ളവ നിങ്ങൾക്കു നല്കപ്പെടും' (മത്താ. 6:33). ഏകാന്തതയും പ്രാർത്ഥനയും കൂടാതെ അവിടുത്തെ രാജ്യവും നീതിയും അന്വേഷിക്കാനും സമ്പാദിക്കാനും സാധിക്കയില്ല. തിരഞ്ഞെടുക്കപ്പെട്ടവരും ആനീതരാക്കപ്പെട്ടവരും ശ്രേഷ്ഠരുമായ മാർ എവാഗ്രിയൂസും ആബാ മർക്കോസും ഇതിനു സാക്ഷ്യം വഹിക്കുന്നു. ഭാഗ്യവാനായ എവാഗ്രിയൂസ് ഇപ്രകാരം പറയുന്നു, 'മഹനീയ ത്രിത്വത്തിന്റെ ആത്മീയ

www.malankaralibrary.com



ജ്ഞാനമാണ് ദൈവരാജ്യം. മനസ്സിന്റെ ശക്തിയുടെ അളവനുസരിച്ചേ അതു ഗ്രഹിക്കാനാവൂ'. അവൻ തുടരുന്നു, 'അസ്ഥിത്വ വസ്തുക്കളുടെ തീയറിയോടുകൂടി ആത്മാവിന്റെ സഹനാതീതാവസ്ഥയിൽ സ്വർഗ്ഗരാജ്യം അധിഷ്ഠിതമായിരിക്കുന്നു'. ഏകാന്തതാ പരിശീലനത്തിനു പുറത്ത് ദൈവരാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കാനും സ്വന്തമാക്കാനും സാദ്ധ്യമല്ല എന്നു കാണുക. ആബാ മർക്കോസും ശിഷ്യരും ലോകത്തിലേക്കിറങ്ങി ശാരീരിക സംബന്ധമായ കാര്യങ്ങളിൽ വ്യാപരിക്കാതെ ഏകാന്തതയിൽ കഴിഞ്ഞതിനെ കുററപ്പെടുത്തിക്കൊണ്ട് ജോലി ചെയ്യാതിരിക്കുക മനുഷ്യപ്രകൃതക്കെതിരാണ് എന്ന് ഒരു പണ്ഡിതൻ പറഞ്ഞപ്പോൾ അദ്ദേഹം അവരെ പഠിപ്പിച്ചുകൊണ്ടു പറഞ്ഞു: 'നമ്മുടെ കർത്താവ് തന്റെ സഭയോടു കല്പിച്ച സംഗതികളാണ് അവർ ഏകാന്തതയിൽ ചെയ്യുന്നത്.' നമ്മുടെ കർത്താവു കല്പിച്ച ജോലിയുടെ സ്വഭാവം അറിയാൻ ആഗ്രഹിച്ച പണ്ഡിതനോട് അദ്ദേഹം പറഞ്ഞു: 'ഏകാന്തതയിലും പ്രാർത്ഥനയിലും നമ്മുടെ ഉള്ളിലുള്ള ദൈവരാജ്യം നാം അന്വേഷിക്കണം. ഇപ്രകാരം ചെയ്യുന്നവരുടെ ആവശ്യങ്ങൾ താൻ സാധിച്ചു കൊടുക്കുമെന്ന് നമ്മുടെ കർത്താവു വാഗ്ദാനം ചെയ്തിട്ടുണ്ട്.' 'ഏകാന്തതാ പരിശീലനം കൂടാതെ സ്വർഗ്ഗരാജ്യം അന്വേഷിക്കുവാൻ ആർക്കും സാധിക്കുകയില്ല എന്ന്' ആനീതരാക്കപ്പെട്ട എവാഗ്രിയുസിന്റെയും മർക്കോസിന്റെയും വിശദീകരണങ്ങളിൽ നിന്ന് വ്യക്തമാണല്ലോ.

'ഏകാന്തവാസികൾ തങ്ങളുടെ ഉള്ളിൽ നിശബ്ദത പാലിക്കട്ടെ; അവർ നീതിയുടെ പ്രവൃത്തികൾക്കു സ്വയം സമർപ്പിക്കട്ടെ' എന്നു പറഞ്ഞുകൊണ്ട് നമ്മുടെ കർത്താവിനെ അനുകരിച്ച് ഭാഗ്യവാനായ ശ്ലീഹായും, ഇടമുറിയാതുള്ള ഏകാന്തത പാലിക്കുവാൻ ഏകാന്തവാസികളോട് ആവശ്യപ്പെടുന്നു. ഭാഷ്യകാരനായ മാർ തിയഡോർ ഈ വാചകത്തിന്റെ അർത്ഥം വ്യാഖ്യാനിച്ചുകൊണ്ട് 'പരിപൂർണ്ണതയെപ്പററിയുള്ള ഗ്രന്ഥം' എന്ന തന്റെ കൃതിയിൽ വിശദമായി ഇതേപ്പററി വിവരിക്കുന്നു. ഏകാന്തതയിൽ തല്പരരായിരിക്കുവാൻ ഏകാന്തവാസികളെ അദ്ദേഹം ഉപദേശിക്കുകയും പഠിപ്പിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്യുന്നു. പ്രവാചക ഗ്രന്ഥങ്ങളിൽ നിന്നും സുവിശേഷങ്ങളിൽ നിന്നും പൗലോസിന്റെ ലേഖനങ്ങളിൽ നിന്നും ഉള്ള സാക്ഷ്യങ്ങളാൽ അവൻ തന്റെ വാക്കിനെ ഉറപ്പിക്കുന്നു. ഏകാന്തവാസികളുടെ പരിപൂർണ്ണതയെപ്പററി എഴുതിയ ഈ ഗ്രന്ഥം ശ്രദ്ധാപൂർവ്വം വായിക്കുന്നവനും, ഏകാന്തതയെപ്പററി ഭാഷ്യകാരൻ പറഞ്ഞതും തന്റെ മുറിക്കു പുറത്തുള്ള ലൗകിക വ്യാപാരങ്ങളാൽ മനഃപതർച്ചയുണ്ടായ ഏകാന്തവാസികളെ അവൻ എപ്രകാരം ശാസിക്കുകയും കുററപ്പെടുത്തുകയും ചെയ്യുന്നു എന്നതും എളുപ്പം ഗ്രഹിക്കാൻ കഴിയും.

മരുഭൂമിയിലെ താപസ പിതാക്കന്മാർ മാത്രമല്ല സഭയിലെ വലിയ പിതാക്കന്മാരും ഏകാന്തജീവിതത്തെ വളരെയധികം സ്നേഹിക്കുകയും വിലമതിക്കുകയും ചെയ്തിരുന്നു. ഭാഷ്യകാരന്റെ 'പരിപൂർണ്ണതയെ പററിയുള്ള' കൃതിയിൽ നിന്നു മാത്രമല്ല വിശുദ്ധ ബസേലിയോസിന്റെയും വി. ജോൺ ക്രിസസ്തോമന്റെയും കൃതികളിൽ നിന്നും ഇതു സുവ്യക്തമാണ്. ഏകാന്തതയിൽ വസിക്കുന്ന സഹോദരന്മാരെ

www.malankaralibrary.com



നീതിമാന്മാർ, മഹനീയർ, പരിപൂർണ്ണ താപസർ എന്നു മാത്രമല്ല വലിയ രക്തസാക്ഷികൾ എന്നവരെ വി. ബസേലിയോസ് വിളിക്കുന്നു. സന്യാസ പരിപൂർണ്ണതയുടെ മഹനീയ കിരീടമാകുന്ന എല്ലാ വലിയ സുകൃതങ്ങളെ കുറിച്ചും ബസേലിയോസ് തന്റെ സഹോദരനായ ഗ്രീഗോറിയോസിനെ പ്രബോധിപ്പിച്ചു. അവ ഗ്രഹിച്ച്, അനുഭവിച്ച്, സ്വന്തമാക്കി പൂർണത നേടുവാൻ അദ്ദേഹം ഗ്രീഗോറിയോസിനെ പ്രേരിപ്പിച്ചു. എന്നാൽ ഏകാന്തതയും നിശബ്ദതയും കൂടാതെ ഇതൊന്നും കിട്ടുകയില്ലെന്നു കാണിക്കുവാൻ ആഗ്രഹിച്ചുകൊണ്ട് അദ്ദേഹം ഇപ്രകാരം എഴുതി, 'നിന്റെ മുറി, നിനക്കിഷ്ടമാണെങ്കിൽ, ആത്മീയ വിജയങ്ങളുടെ കളവും ഈ കിരീടങ്ങൾ മെനയുന്ന യുദ്ധഭൂമിയുമാണ്.'

പൂക്കൾ കൊണ്ട് കിരീടം ഉണ്ടാക്കുന്നവർ ശ്രദ്ധാപൂർവ്വം പൂക്കൾ ശേഖരിച്ച് കിരീടങ്ങൾ നിർമ്മിക്കുന്നു; എന്നാൽ പൂന്തോട്ടങ്ങൾക്കും പഴത്തോട്ടങ്ങൾക്കും അകത്തുവച്ചല്ല, പുറത്തുവച്ചാണ് അവർ അപ്രകാരം ചെയ്യുക. അതുപോലെ ഏകാന്തതയിൽ വസിച്ച്, നിന്റെ മുറിക്ക് ഒരു ബാഹ്യാവരണം കൂടി ഉണ്ടാക്കി, ദൈവത്തിനു പ്രീതികരമായ സംഗതികളിൽ നിരന്തരം വ്യാപരിച്ചെങ്കിലേ സുകൃത പുഷ്പങ്ങൾ ശേഖരിച്ച് നിനക്കായി നീതിയുടെ കിരീടം മെടയാൻ സാധിക്കൂ; അതിനാണ് ആത്മാവ് കിരീടം ധരിപ്പിക്കപ്പെടുന്നത്. 'നിന്റെ മുറി നിനക്കിഷ്ടമാണെങ്കിൽ, ആത്മീയ വിജയങ്ങളുടെ കളമാണ്'' എന്ന വാചകത്തിന്റെ അർത്ഥമിതാണ്. 'ഈ കിരീടങ്ങൾ മെനയുന്ന യുദ്ധഭൂമിയുമാണ്'' എന്നതിന്റെ അർത്ഥം താഴെപ്പറയുന്നതാണ്: തങ്ങൾ നിശ്ചയിച്ചിരിക്കുന്ന പരിധിക്കുള്ളിൽ നിന്നുകൊണ്ട് യുദ്ധം ചെയ്യാത്ത മല്ലൻ കിരീടം ധരിപ്പിക്കപ്പെടുന്നില്ല. പരിധിക്കു പുറത്തു് നിന്നുള്ള പോരാട്ടം കണക്കാക്കപ്പെടുന്നില്ല. അതുപോലെ തന്റെ മുറിയുടെ പരിധിക്കു പുറത്തു് സന്യാസിക്ക് പോരാടാൻ സാധ്യമല്ല. അവൻ തന്റെ മുറിക്കുള്ളിലെ ഏകാന്തതയിൽ താമസിച്ച്, പോരാളിയുടെ പരിധിപോലെ ഒരു മതിൽ മുറിക്കുചുററും ഉണ്ടാക്കി, പ്രലോഭനങ്ങളോടും പിശാചിനോടും പോരാടാതിരുന്നാൽ, സ്വർഗ്ഗീയ രാജാവും നമ്മുടെ കർത്താവും നിയമദാതാവുമായ മിശിഹാ ദിവ്യജ്ഞാനമാകുന്ന കിരീടം അവനെ അണിയിക്കയില്ല. 'നീ എന്റെ ശിരസ്സിൽ ഒരു മഹനീയ കിരീടംവച്ചു'എന്ന് സങ്കീർത്തകൻ പറയുന്നു (2:13). ഭാഗ്യവാനായ ബസേലിയോസ് ഇതോടു ചേർത്തു പറയുന്നു: 'ഏകാന്തതയും മാനുഷിക വേഴ്ചയിൽ നിന്നുള്ള വേർപാടും ഈ യാഥാർത്ഥ്യങ്ങളെ എളുപ്പം മനസ്സിലാക്കാൻ സഹായിക്കുന്നു; പ്രയാസം കൂടാതെ ഇവ ഗ്രഹിക്കാൻ കഴിവു നൽകുന്നു.'

ഏകാന്തതയുടെ മഹനീയ ജീവിതം നയിക്കാൻ എല്ലായിടത്തും കല്പിക്കയും പഠിപ്പിക്കയും പ്രേരിപ്പിക്കുകയും ചെയ്ത വിശുദ്ധ ലിഖിതങ്ങളും വിശുദ്ധ സഭയിലെ മല്പാൻമാരുടെയും മരുഭൂമിയിലെ പിതാക്കന്മാരുടെയും കൃതികളും മാത്രം ഞാൻ ഉദ്ധരിച്ചാൽ പോരല്ലോ. നമ്മുടെ കർത്താവ് ജഡത്തിൽ കാണപ്പെടുന്നതിനു മുൻപ് ജീവിക്കുകയും, സ്വാഭാവിക ബുദ്ധിയുടെ പ്രേരണകൾ അനുസരിച്ച് പ്രവർത്തിക്കുകയും ചെയ്ത താത്വികർ ഏകാന്തതയേയും നിശബ്ദതയേയും വളരെ സ്തുതിച്ച് സംസാരിച്ചിട്ടുണ്ട്. അവരിലൊരാൾ ഇപ്രകാരം പഠിപ്പിക്കുന്നു: 'മനുഷ്യൻ തന്റെ ജോലികളിൽ നിന്ന് ഒഴിഞ്ഞും, എല്ലാ

www.malankaralibrary.com



മാനുഷികബന്ധങ്ങളിൽ നിന്നകന്നും കഴിയുന്നതിനേക്കാൾ മെച്ചമായ ഒരു സംഗതി ഞാൻ വായിച്ച പുസ്തകങ്ങളിലും വിജ്ഞാനസമ്പാദനത്തിനുള്ള എന്റെ തീവ്രയത്നത്തിലും കണ്ടെത്തിയിട്ടില്ല; കാരണം, വായാടികളുടെ അറിവിൽനിന്ന് ഇതിന്റെ കിരീടം മറയ്ക്കപ്പെട്ടിരിക്കുന്നു.' ഈ വാക്കുകൾ സത്യവും അർത്ഥം ശക്തിമത്തുമാണ്. അതോടുകൂടി ആബാ അന്തോണിയോസ് ഇപ്രകാരം കൂട്ടിച്ചേർക്കുന്നു: 'തന്റെ പോരാട്ടത്തിനുശേഷം ഏകാന്തതയിലും നിശബ്ദതയിലും ഒരാൾ നേടിയെടുത്ത വിജ്ഞാനം എന്തെന്നറിയാനും, സ്വന്തമാക്കാനും മനപ്പതർച്ചയുള്ളവർക്കും വ്യർത്ഥഭാഷകർക്കും യഥാർത്ഥത്തിൽ അസാധ്യമാണ്.'

ഏകാന്തതയെ സ്നേഹിക്കുന്നവൻ പെട്ടെന്നു ഹൃദയശുദ്ധി ഉള്ളവനാകുവാനും വിജ്ഞാനത്തിന്റെ ഇരിപ്പിടമാകുവാനും ഏകാന്തതയിൽ ജീവിച്ച് നിശബ്ദത പാലിച്ചാൽ മാത്രം പോരാ, പിന്നെയോ ദുർവിചാരങ്ങൾക്കെതിരെ പോരാടുകയും തന്റെ വികാരങ്ങളെ നിയന്ത്രിക്കുകയും വേണം എന്നു പഠിപ്പിച്ചുകൊണ്ട് മറെറാരു താത്ത്വികൻ പറയുന്നു: 'നിശബ്ദതവഴി ശരീരത്തിലെ നാവിനു കടിഞ്ഞാണിട്ട് പ്രബോധകന്റെ പക്കലേക്ക് തന്റെ ഇന്ദ്രിയങ്ങളെ തിരിച്ച മനുഷ്യന്റെ സംസാരം ഹോമറിന്റേതിനേക്കാൾ ശ്രേഷ്ഠമാണ്.' ബുദ്ധിമാന്മാർ ഈ ലോകത്തിന്റെ സൗന്ദര്യവും വികാരങ്ങളും നിന്ദ്യമായി കരുതി, ഏകാന്തതയും വിജ്ഞാനത്തെപ്പററിയുള്ള ഏകാഗ്രധ്യാനവും വഴി ദൈവത്തിന്റെ സൗന്ദര്യ ധാമങ്ങളായിത്തീരണം എന്നു പഠിപ്പിച്ചുകൊണ്ട് വേറൊരു താത്ത്വികൻ ഇപ്രകാരം പറയുന്നു: 'ദൈവം നമുക്കു ഘടനയിൽ മാററം വരാത്ത നിയമമാണ്. നമ്മുടെ മാററം അത്യുന്നത നന്മയിലേയ്ക്കുയരാനായി ബൗദ്ധികരും വ്യതിയാനവിധേയരുമായി നമ്മെ അവിടുന്നു നിർമ്മിച്ചു. നമ്മുടെ സ്രഷ്ടാവിന്റെ സൗന്ദര്യത്തെ കാംക്ഷിച്ചുകൊണ്ട് നശ്വരസന്തോഷത്തെ നാം പരിത്യജിക്കയും ദൈവത്തിന്റെ വിജ്ഞാന ഭണ്ഡാഗാരത്തെക്കുറിച്ച് ധ്യാനിച്ചുകൊണ്ട് നശ്വരമായ സമ്പത്ത് ദൂരെക്കളയുകയും ഈ ഭൗമിക വാസകാലത്ത് ബുദ്ധിപൂർവം ദൈവഹിതം അനുഷ്ഠിച്ചവർക്ക് ഒരുക്കിയിരിക്കുന്ന മഹത്വം പ്രതീക്ഷിച്ച്, മിന്നിമറയുന്ന എല്ലാ മഹത്വങ്ങളും നിന്ദ്യമായി കരുതുകയും ചെയ്യുന്നതിൽ അത്യുന്നത നന്മ അടങ്ങിയിരിക്കുന്നു.

ഏകാന്തതയുടെ പ്രയോജനത്തെപ്പററി വിശുദ്ധഗ്രന്ഥം, സഭാപിതാക്കന്മാരുടെ കൃതികൾ, മരുഭൂമിയിലെ താപസരായ പിതാക്കന്മാരുടെ കൃതികൾ, അക്രൈസ്തവരായ താത്ത്വികരുടെ കൃതികൾ എന്നിവയിൽ നിന്നുള്ള അനേക സംഗതികളിൽ നിന്ന് കുറച്ചുകാര്യങ്ങൾ ഞാൻ എടുത്തുകാട്ടി. ആശ്രമാധ്യക്ഷന്മാരും ഏകാന്തതയിൽ ജീവിക്കുന്ന പിതാക്കന്മാരും, സഹോദരന്മാരും തങ്ങളുടെ മക്കളുടെയും സഹോദരങ്ങളുടെയും ശ്രേഷ്ഠമായ താല്പര്യത്തെ തടസ്സപ്പെടുത്തരുത്; അതുപോലെ ഏകാന്തജീവിതം വഴി നമ്മുടെ കർത്താവിനെ പ്രസാദിപ്പിക്കാനുള്ള ആഗ്രഹം യുവത്വത്തെ പ്രതിയോ, അജ്ഞതയാലോ, ശാരീരിക ബലഹീനതയാലോ നിവർത്തിയാക്കാതിരിക്കരുത്. പണ്ട് നമ്മുടെ വിശുദ്ധ പിതാക്കൻമാർ, പുരുഷന്മാരും സ്ത്രീകളും, വൃദ്ധരും യുവാക്കളും പണ്ഡിതരും പാമരരുമായി, എല്ലാ ജീവിതാവസ്ഥയിലുള്ളവരെയും ഏകാന്തജീവിതത്തിനനുവദിച്ചു. മർക്കോസ്, എവാഗ്രിയസ് തുടങ്ങിയ പണ്ഡിതർ മാത്രമല്ല ഏകാന്തജീവിതം നയിച്ചത്, പിന്നെയോ പാമ

www.malankaralibrary.com



നും ശുദ്ധനുമായ പൗലോസ്, ബാർലി ഭക്ഷിച്ചു കഴിഞ്ഞ മാസിഡോണിയൂസ് തുടങ്ങിയവരും ഏകാന്തജീവിതം നയിച്ചു. ആബാ മക്കാറിയൂസ് നെപ്പോലെയുള്ള വൃദ്ധരായ ആളുകൾ മാത്രമല്ല, മൂന്നു വർഷം കൊണ്ട് പൂർണ്ണതയിലെത്തിയ രണ്ട് ശിശുരക്തസാക്ഷികളും ഏകാന്തജീവിതം നയിച്ചു. സാറാ, മെലാനിയ തുടങ്ങിയ അമ്മമാർ മാത്രമല്ല, ഒരു കല്ലറയിൽ സ്വയം അടച്ചുപൂട്ടിയ അലക്സാണ്ട്രിയാക്കാരി സ്ത്രീയും, ഏകാന്തജീവിതം നയിച്ചു. സങ്കീർത്തനങ്ങളല്ലാതെ മറ്റൊന്നും അവൾക്കറിയില്ലായിരുന്നു; രോഗാവസ്ഥയിൽ തന്റെ ദാസിയെപ്പോലും തന്റെ കല്ലറയിൽ അവൾ പ്രവേശിപ്പിച്ചില്ല; അങ്ങനെ ഏകാകിയായി അവൾ അവിടെ വച്ചു മരിച്ചു. അവളുടെ അഴുകിയ ജഡമേ അവിടെ പ്രവേശിച്ച പിതാക്കന്മാർക്കു കാണാൻ കഴിഞ്ഞുള്ളു. ഗ്രന്ഥങ്ങളിൽ നിന്നുള്ള സന്തോഷമോ, മാനുഷികബന്ധങ്ങളോ കൂടാതെ മരുഭൂമിയിലെ കല്ലറയിൽ സ്വയം അടച്ചുപൂട്ടിയ പെൺകുട്ടിയെപ്പറ്റി ഓർത്താൽ പുരുഷനായ ആരാണ് തണുപ്പനായി, ഭയത്താലോ, മറ്റെന്തെങ്കിലും കാരണത്താലോ, ആശ്രമത്തിലെ ഏകാന്തജീവിതത്തെ ഭയപ്പെടുന്നതും അതിൽ നിന്നകന്നു മാറുന്നതും മനുഷ്യരുടെ മദ്ധ്യത്തിലേയ്ക്കിറങ്ങി ചെല്ലുന്നതും.

ഏകാന്തജീവിതം വഴി നമ്മുടെ കർത്താവിനെ പ്രസാദിപ്പിക്കാനാഗ്രഹിക്കുന്ന സഹോദരൻ, നമ്മുടെ പ്രതീക്ഷയായ മിശിഹായുടെ വാഗ്ദാനങ്ങളിൽ തന്റെ പ്രത്യാശവയ്ക്കട്ടെ; അവിടുത്തെ സ്നേഹത്താൽ അവൻ എരിയട്ടെ. അവിടുത്തെ പ്രതീക്ഷയുടെ ഉറപ്പിലും അവിടുത്തെ കൃപയിലുള്ള ആത്മവിശ്വാസത്തിലും ഉറച്ചുകൊണ്ട് അവൻ ഏകാന്തജീവിതം നയിക്കാൻ ആരംഭിക്കട്ടെ. അവൻ ഒന്നിനേയും ഭയപ്പെടാതിരിക്കട്ടെ. ഇതാ നമ്മെ സമാശ്വസിപ്പിച്ചുകൊണ്ട് സങ്കീർത്തനത്തിൽ ആത്മാവ് പറയുന്നു, 'നിന്റെ കർത്താവിന്റെ പ്രത്യാശയിൽ ഏകാന്തതയിൽ ഇരിക്കുന്ന ഏകാന്തവാസീ, നീ ഭയപ്പെടേണ്ട. ജെറുസലേം മലകളാൽ ചുററപ്പെട്ടിരിക്കുന്നതുപോലെ ഇതാ, കർത്താവായ മിശിഹാ നിന്റെ ചുററും ഉണ്ട്' (125:2). വീണ്ടും 'കർത്താവിൽ ആശ്രയിക്കുന്നവരെ പരിശുദ്ധാത്മാവിന്റെ കൃപ ചുററിക്കൊള്ളും' (സങ്കീ. 32:10). 'തന്നെ ഭയപ്പെടുന്നവരുടെ ചുററും കർത്താവിന്റെ മാലാഖമാരുടെ നിരകൾ അണിനിരന്ന് അവരെ സംരക്ഷിക്കുന്നു (സങ്കീ. 34:7). വീണ്ടും, 'നാം ഓരോരുത്തരേയും ഓരോ മാലാഖ അനുധാവനം ചെയ്യുന്നു, സംരക്ഷിക്കുന്നു, വട്ടമിടുന്നു, നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു, നമ്മുടെ മനസ്സിനെ പ്രകാശിപ്പിച്ച് ആത്മീയ ദർശനങ്ങളാൽ നിറയ്ക്കുന്നു, രഹസ്യമായി നമ്മെ സമാശ്വസിപ്പിക്കുന്നു.

ഏകാന്തവാസി തനിയേ ഏകാന്തതയിൽ ജീവിക്കുന്നു; കർത്താവ് അവനെ വലയം വയ്ക്കുന്നു; ആത്മാവിന്റെ കൃപ അവനെ അഭിഷേചിക്കുന്നു; അവനു ചുററും മാലാഖമാരുടെ നിരകൾ പാളയമടിച്ചിരിക്കുന്നു. കാവൽ മാലാഖ അവനെ സംരക്ഷിച്ച് സമാശ്വസിപ്പിക്കുന്നു; അവൻ പിന്നെ ആരെ പേടിക്കണം? ഏകാന്തതയെ നമുക്കു നൽകിയ നമ്മുടെ കർത്താവായ യേശുമിശിഹാ വാഴ്ത്തപ്പെട്ടവനാകട്ടെ; ഏകാന്തതയെ സ്നേഹിച്ച് വരിച്ച്, പുല്കിയ ഏകാന്തവാസി അനുഗ്രഹീതനാകുന്നു. ഏകാന്തതയുടെ പ്രാരംഭ പ്രലോഭനങ്ങൾ സഹിച്ച് അതിന്റെ അന്തിമ സന്തോഷങ്ങളിൽ അവൻ സന്തുഷ്ടനാകുന്നു. അതിന്റെ പ്രാഥമിക പോരാട്ടം നടത്തി അന്തിമ കിരീടം അവൻ അണിയുന്നു,

www.malankaralibrary.com



## ഭാഗം 2

**''ഏകാന്തതയ്ക്കായി എത്തുന്നവർ അനേകർ; എന്നാൽ അതിൽ നിലനില്ക്കുന്നവർ ചുരുക്കം'' എന്നു പിതാക്കന്മാർ ഉച്ചരിച്ച വാചകത്തിന്റെ വിശദീകരണവും, അപ്രകാരം പറയാനുള്ള കാരണവും.** നീതിപ്രവർത്തിക്കാനായി അറിവ്, സ്നേഹം, തീക്ഷ്ണത എന്നിങ്ങനെ മൂന്നു കാര്യങ്ങൾ എല്ലാ ബുദ്ധി ജീവികൾക്കും സ്രഷ്ടാവു നല്കിയിരിക്കുന്നു. അറിവിന്റെ ശക്തിവഴി നാം ദൈവത്തെ അറിഞ്ഞ് സ്രഷ്ടാവിനെയും തന്റെ നീതിയേയും സ്നേഹിക്കുന്നു; തീക്ഷ്ണത വഴി ദുർവികാരങ്ങൾക്കും പിശാചുക്കൾക്കും, നമ്മുടെ സ്രഷ്ടാവിനോടുള്ള സ്നേഹത്തിൽ നിന്നും സദ്പ്രവൃത്തികൾ ചെയ്യുന്നതിൽ നിന്നും നമ്മെ തടയുന്ന എല്ലാവർക്കും എതിരെ നാം എരിവുള്ളവരാകുന്നു. സദ്പ്രവൃത്തികൾ ചെയ്യാനായി സ്രഷ്ടാവ് ഈ മൂന്നു ശക്തികളും ബുദ്ധിജീവികളുടെ പ്രകൃതിയിൽ നിക്ഷേപിച്ചിരിക്കുന്നു. എന്നാൽ നിർബന്ധിച്ച് കൈയ്യു പിടിച്ച് ചെയ്യിക്കുന്ന രീതിയിലല്ല പിന്നെയോ, ബൗദ്ധികമായ രീതിയിൽ. അതായത്, നിർബന്ധം കൂടാതെ, സ്വതന്ത്രമായി ചെയ്യത്തക്ക രീതിയിൽ അത്രേ അവിടുന്നിപ്രകാരം ചെയ്തത്. സ്വാഭാവിക സ്നേഹത്തിനു പ്രതിഫലമില്ല; നമുക്കു വേണമെങ്കിൽ അവ വഴി തിന്മ ചെയ്യാം. സ്വതന്ത്ര സ്നേഹം കൂടാതെ ഇച്ഛയുടെ നിഗൂഢ സൗന്ദര്യം അറിയപ്പെടുന്നില്ല.

ദൈവം നീതിയെ പ്രയത്നവുമായി ബന്ധിച്ചിരിക്കുന്നു. സൽപ്രവൃത്തികൾ ചെയ്യുന്നെങ്കിൽ തങ്ങളുടെ സ്രഷ്ടാവിന്റെ നേരേയുള്ള സ്നേഹം കാണിക്കുന്ന ബുദ്ധിജീവികൾ നീതി വഴി തങ്ങളുടെ ഇച്ഛ വെളിപ്പെടുത്തുന്നു. തങ്ങളുടെ ബലഹീനതയും സ്വേച്ഛയും മൂലം തങ്ങളുടെ കർമ്മങ്ങളിൽ ദൈവസ്നേഹവും ദൈവ തിരുമനസ്സും നിറവേററുന്നതിൽ വീഴ്ച വരുത്തുന്നവർ തങ്ങളുടെ ഇച്ഛയും വ്യക്തമാക്കുന്നു. ആത്മാവ് കരുതലില്ലാതിരുന്നാൽ അതിനെ പാപത്തിലേയ്ക്ക് വലിച്ചിഴയ്ക്കുന്നതും അതുപോലെ, ഞാൻ മുകളിൽ പറഞ്ഞ മൂന്നു ശക്തികൾ വഴി, ദുർവികാരങ്ങൾക്കെതിരെ യുദ്ധം ചെയ്യുന്നതിൽ കരുതലോടുകൂടിയിരുന്നാൽ ആത്മാവിനെ കിരീടം ധരിപ്പിക്കുന്നതും വിജയശ്രീലാളിതമാക്കുന്നതുമായ നിരവധി വികാരങ്ങൾ ശരീരത്തിന്റെ പ്രകൃതിയിൽ സ്രഷ്ടാവു സ്ഥാപിച്ചിരിക്കുന്നതു് ഇക്കാരണത്താലാണ്.

അനേകർ ഏകാന്തതയിൽ പ്രവേശിക്കുന്നു, എന്നാൽ എല്ലാവരും അന്ത്യംവരെ അതിൽ നിലനില്ക്കാത്തതിന്റെ ആദ്യകാരണം താഴെപ്പറയുന്നതാണ്. സദ്പ്രവൃത്തികൾ ശ്രേഷ്ഠമെന്നും, ഏററം സ്തുത്യർഹമെന്നും, സന്തുഷ്ടി പ്രദാനം ചെയ്യുന്നവയെന്നും, ഏകാന്തതവഴി ഇവ കരസ്ഥമാക്കാമെന്നും കണ്ട് അനേകർ, തങ്ങളുടെ പ്രകൃതിയിൽ സ്ഥാപിതമായിരിക്കുന്ന സ്വാഭാവിക സ്നേഹത്താൽ മാത്രം പ്രേരിതരായി, താല്പര്യപൂർവം ഏകാന്തതയിൽ പ്രവേശിക്കുന്നു; എന്നാൽ ബുദ്ധിമുട്ടുകളെ സ്നേഹിക്കാൻ ശക്തിപകരുന്ന സ്വതന്ത്രസ്നേഹം കൂടാതെയാണ് അവർ പ്രവേശിക്കുന്നതു്.

www.malankaralibrary.com



ശരീരത്തോടും അതിന്റെ ദുരാഗ്രഹങ്ങളോടും, ലോകത്തോടും അതിന്റെ വശീകരണങ്ങളോടും ഉള്ള പോരാട്ടത്തിനും യുദ്ധത്തിനും നീതിയെക്കുറിച്ചുള്ള സ്വാഭാവിക സ്നേഹം മാത്രം പോരാ എന്നു് അവർ മനസ്സിലാക്കുന്നില്ല. അതിനു സ്വമേധയാ ഉള്ള സ്നേഹം കൂടി വേണം. അതായതു് ബുദ്ധിമുട്ടുകളും പ്രയാസങ്ങളും സഹിക്കാനുതകുന്ന സ്നേഹം. കൊത്തുപണിക്കുള്ള ഉപകരണം കണക്കെ സൽപ്രവൃത്തികൾ പരിപൂർണ്ണമാക്കപ്പെടുന്നതു് അതുവഴിയാണു്. ഏകാന്ത ജീവിതത്തിലേയ്ക്കു താല്പര്യപൂർവ്വം അണയുന്ന ചിലർ അദ്ധ്വാനിക്കാത്തതിനാൽ, വിരസത മൂലം, ജോലി ചെയ്യാതെ, ഏകാന്തത ഉപേക്ഷിച്ച് ലൗകിക സുഖങ്ങൾക്കായി ഇറങ്ങിപ്പുറപ്പെടുന്നു. അനേകർ ഏകാന്തജീവിതം തെരഞ്ഞെടുക്കുന്നു; എന്നാൽ അവസാനം വരെ നിലനില്ക്കുന്നവർ ചുരുക്കം എന്നു പിതാക്കന്മാർ പറഞ്ഞതിന്റെ ആദ്യകാരണം ഇതത്രെ.

രണ്ടാമത്തെ കാരണം ഏകാന്തജീവിതത്തിൽ പ്രവേശിക്കുന്നവരുടെ അറിവിന്റെ അഭാവമാണു്. പിശാചിൽനിന്നും ദുരാശകളിൽ നിന്നും ഏകാന്തതയിൽ ഏകാന്തവാസികൾക്കുണ്ടാകുന്ന പോരാട്ടങ്ങളുടെയും പ്രലോഭനങ്ങളുടെയും ബാഹുല്യത്തെപ്പററി പരിചയം നേടിയവരിൽ നിന്നു് അവർ നേരത്തെ വേണ്ടത്ര അറിവു നേടിയില്ല; അവർ ഏകാന്തത ഉപേക്ഷിക്കാതെ എപ്രകാരം പോരാട്ടം നടത്തി എന്നും, ഓടിപ്പോകാതിരുന്നെന്നും, വിജയകിരീടം നേടുന്നതുവരെ അവർ തങ്ങളുടെ മുഖത്തു് എത്രയെത്ര മുറിവുകൾ ഏററെന്നും മററും ഇക്കൂട്ടർ ഗ്രഹിച്ചില്ല.

അതുകൊണ്ടു്, മനുഷ്യർ ഏകാന്തജീവിതം ഉപേക്ഷിക്കുന്നതിന്റെ ആദ്യകാരണം അവർക്കു് നീതിയെപ്പററിയുള്ള സ്വാഭാവിക സ്നേഹം മാത്രമേയുള്ളൂ, സ്വമേധയായുള്ള അദ്ധ്വാനത്തിനുള്ള സ്നേഹം അവർക്കില്ല എന്നുള്ളതാണു്. രണ്ടാമതു് തങ്ങൾക്കു എത്രമാത്രം സഹിക്കാനുണ്ടു് എന്നതിനെപ്പററി അവർക്കു വേണ്ടത്ര അറിവില്ലാതെ പോകുന്നു എന്നതാണു്. ഇക്കൂട്ടർ അവസാനം വരെ നിലനില്ക്കുകയില്ല. കാരണം, സ്വമേധയായുള്ള അദ്ധ്വാനം കൂടാതെ ഏകാന്ത ജീവിതത്തിനു നിലനില്പില്ല. ഉപവാസത്തിനും ജാഗരണത്തിനും മററു് സ്വമേധയായുള്ള അദ്ധ്വാനത്തിനുമുള്ള സ്വാഭാവികസ്നേഹം മാത്രം ഉള്ളപ്പോളും നിലനില്ക്കില്ല. നിർബന്ധമായി ചെയ്യേണ്ട അദ്ധ്വാനങ്ങളും നിലനില്പിനാവശ്യമാണു്. അതായതു്, പിശാചുക്കളിൽ നിന്നും ദുർവികാരങ്ങളിൽ നിന്നും ഉണ്ടാകുന്ന പ്രലോഭനങ്ങൾ. പിതാക്കന്മാരുടെ വാക്കുകളിൽ ഏകാന്തതയിൽ നിലനില്ക്കാത്തതിന്റെ രണ്ടാമത്തെ കാരണം ഇതത്രെ.

ഏകാന്തതയിൽ നിലനില്ക്കാത്തതിന്റെ മൂന്നാമത്തെ കാരണം ആത്മാവിന്റെ സ്വാഭാവിക തീക്ഷ്ണത മന്ദീഭവിക്കുന്നതാണു്. ബലഹീനമായ മനസിന്റെ നിശ്ചയദാർഢ്യമില്ലായ്മയും, തളർച്ചയുംകൊണ്ടു് ഇതുണ്ടാകുന്നു. വേണ്ടത്ര സ്നേഹമില്ലാത്തതാണു് ഏകാന്തതയിൽ നിലനില്ക്കാത്തതിന്റെ ഒന്നാമത്തെ കാരണം. വേണ്ടത്ര അറിവില്ലാത്തതാണു് രണ്ടാമത്തെ കാരണം. വേണ്ടത്ര തീക്ഷ്ണതയില്ലാത്തതാണു് മൂന്നാമത്തെ കാരണം. പിശാചുക്കൾക്കും വികാരങ്ങൾക്കും എതിരെയുള്ള തീക്ഷ്ണതയിലും ദൈവാശ്രയത്തിലും തീക്ഷ്ണതയുടെ ശക്തിയാൽ ശക്തീകരിക്കപ്പെടാതിരുന്നാൽ, ഏകാന്തവാസി തനിക്കെതിരെയുള്ള പോരാട്ടം ശക്തിപ്പെടുമ്പോൾ വലിച്ചെറിഞ്ഞു് ഓടിപ്പോകുന്നു.

www.malankaralibrary.com



സ്നേഹത്തിൻെറ ഭീതിജനകമായ ആരോഗ്യമാണ് ക്രിസ്തുവിനോടും, നീതിയോടും ഉള്ള സ്നേഹത്തിൻെറ നിരന്തരവും കത്തിജ്വലിക്കുന്നതുമായ ശുശ്രൂഷ്ക്കാന്തി. അറിവിൻെറ ഭീതിജനകമായ ആരോഗ്യമാണ് ദൈവത്തെയും നീതിയെയും നിരന്തരം ധ്യാനിക്കുക എന്നതു്. അതുപോലെ തീക്ഷ്ണതയുടെ ഭീതിദായകമായ ആരോഗ്യം ദൈവത്തിലുള്ള ശക്തിയേറിയ പ്രതീക്ഷയും, ദുർവിചാരങ്ങൾക്കും പിശാചിനുമെതിരെയുള്ള ശക്തിയുമാണ്. ഇക്കാരണത്താലാണു് ഭാഗ്യവാനായ എവാഗ്രിയൂസ്, നല്ല ആരോഗ്യത്തിൽ, ഈ മൂന്നു ശക്തികളുടെ ഗുണഗണങ്ങൾ ചർച്ച ചെയ്തുകൊണ്ടു പറയുന്നതു് "തൻെറ മനസ് സദാ ദൈവത്തോടുകൂടി ആയിരിക്കുകയും, ദൈവിക ചിന്തയിൽ തീക്ഷ്ണനായിരിക്കയും, തൻെറ ആഗ്രഹങ്ങളെല്ലാം ദൈവോന്മുഖമായിരിക്കയും ചെയ്യുന്നവനു് കൊള്ളയടിക്കാൻ തൻെറ ശരീരത്തിനു ചുററും കറങ്ങി നടക്കുന്ന ക്രൂരരായ എതിരാളികളെ ഒട്ടും പേടിക്കേണ്ടതില്ല." തീക്ഷ്ണതയുടെ ശക്തിയെ അവൻ "മനസ്സെന്നും" സ്നേഹത്തിൻെറ ശക്തിയെ 'ആഗ്രഹം' എന്നും വിളിക്കുന്നു. നീതിയെ പ്രതിയുള്ള സ്വാഭാവിക സ്നേഹത്താൽ മാത്രം പ്രേരിതരായി ഏകാന്തതയിൽ പ്രവേശിക്കുന്നവർ അവസാനം വരെ അതിൽ നിലനില്ക്കുകയില്ല. സ്വേച്ഛയായുള്ള കർമ്മങ്ങളുടെ സ്നേഹം മാത്രം ഉള്ളവരും കല്പിക്കപ്പെട്ടവ മാത്രം ചെയ്യുന്നവരും നിലനില്ക്കില്ല. കാരണം, തങ്ങളുടെ തീക്ഷ്ണതയുടെ ശക്തിയാൽ മാത്രം തീക്ഷ്ണതയോടുകൂടി ഏകാന്തതയിലെ പോരാട്ടങ്ങളെ എതിരിടാൻ അവർക്കു സാധിക്കില്ല. അവരുടെ സ്നേഹത്തിൻെറ ശക്തിയും അവരുടെ അറിവിൻെറ ശക്തിയും ആരോഗ്യകരമാണെങ്കിലും അവരുടെ തീക്ഷ്ണതയുടെ ശക്തി ബലഹീനമാകയാൽ അവർ ഏകാന്തതയിൽ അവസാനം വരെ നിലനില്ക്കുകയില്ല. ഏകാന്തവാസി തൻെറ ഏകാന്തതയിൽ നിലനില്ക്കാത്തതിൻെറ മൂന്നാമത്തെ കാരണം ഇതാണു്.

സദ്പ്രവൃത്തികൾ ചെയ്യാനായി സ്രഷ്ടാവ് മനുഷ്യാത്മാക്കളിൽ ഏതെല്ലാം ശക്തികൾ നിക്ഷേപിച്ചിരിക്കുന്നെന്നും ഓരോന്നിൻെറയും ഗുണവിശേഷങ്ങൾ ഏവയൊക്കെയാണെന്നും, ഏകാന്തതയെ സ്നേഹിക്കുന്ന വ്യക്തി ആദ്യമേ പഠിച്ചറിയേണ്ടത് ആവശ്യമാണു്. സ്നേഹത്തിൻെറ ഗുണവിശേഷങ്ങൾ താഴെപ്പറയുന്നവയാണു്: തീക്ഷ്ണത, ദയ, ആഗ്രഹം, സന്തോഷം, ആത്മീയ ഭാവം[1], ദൈവത്തിലുള്ള ആനന്ദം, സദ്പ്രവൃത്തികൾ ചെയ്യുന്നതിലുള്ള സന്തുഷ്ടി, അവ പൂർത്തീകരിച്ചു കാണാനുള്ള തീവ്രമായ ആഗ്രഹം, അതിൻെറ പ്രതിഫലത്തിലുള്ള ആവേശം, ഏകാന്തവാസിയെ നിശബ്ദതയിൽ സമാശ്വസിപ്പിക്കുകയും സ്വമേധയായുള്ളവയും കല്പിക്കപ്പെട്ടവയുമായ പ്രവൃത്തികളുടെ ഭാരം കുറയ്ക്കുകയും ചെയ്യുന്ന ഇതുപോലുള്ള മററു സംഗതികൾ, അറിവിൻെറ ഗുണവിശേഷങ്ങൾ ഇവയാണു്. സത്യവിശ്വാസം, ദൈവത്തെപ്പററിയുള്ള ധ്യാനം, നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ പക്കലേക്കു് മനസ്സിനെ നിരന്തരം തിരിച്ചിരിക്കുന്നതു്, ആദ്ധ്യാത്മിക ധ്യാനം, നീതിയെപ്പററിയുള്ള ധ്യാനം, നമുക്കു ദൈവം നൽകിയതും വാഗ്ദാനം ചെയ്തതുമായ ദാനങ്ങൾ അനുസ്മരിക്കൽ, മുൻകാലപാപങ്ങളെയും അനുദിന കുറവുകളെയും അനുസ്മരിക്കൽ, വികാരങ്ങളുടെയും സുകൃതങ്ങളുടെയും സ്വയം നന്നാകുന്നതിൻെറയും അറിവിനെക്കുറിച്ചുള്ള

---

1 Spiritual emotion

വിചിന്തനം, മരണവിനാഴിക, വിധി, നരകം, സ്വർഗ്ഗം, പറുദീസാ ആദിയായവ—ഏകാന്തതയിൽ കഴിയുന്ന സന്യാസിയെ ബോധവൽക്കരിക്കയും വിജ്ഞാനിയാക്കുകയും ചെയ്യുന്നവ ഇവയാണ്. വിജ്ഞാനപ്രകാശത്താൽ ഇവ അവന്റെ ആത്മാവിനെ നിറയ്ക്കും; ദോഷകരമായ എല്ലാ ചിന്തകളും ഓർമ്മകളും അവനിൽ നിന്ന് വെട്ടിനീക്കും, ഏകാന്തത അവനു കാമ്യമായി തീർക്കുകയും ചെയ്യും.

തീക്ഷ്ണതയുടെ ഗുണവിശേഷങ്ങൾ ഇവയാണ്: ദൈവത്തിലുള്ള ശരണം, ദൈവത്തിലുള്ള ആത്മധൈര്യം, ദുരാശകൾക്കെതിരെയുള്ള ബലം, പിശാചുക്കൾക്കെതിരെയുള്ള ധൈര്യം, പോരാട്ടത്തിലുള്ള സ്ഥിരത, പരീക്ഷണങ്ങളിൽ ക്ഷമ, യുദ്ധത്തിൽ ഉറപ്പ്, അധ്വാനങ്ങളിൽ പരാജയപ്പെടാതിരിക്കൽ, ആത്മാവിന്റെ തീക്ഷ്ണതയുടെ ശക്തിക്കു ചേരുന്ന മററനേക സംഗതികൾ! ഗോല്യാത്തിനെ തോല്പിക്കാനും, ഫിലിസ്ത്യസൈന്യങ്ങളെ ഓടിക്കാനും മനസ്സിനു ശക്തി നല്കുന്ന ഗുണവിശേഷങ്ങൾ ഇവയാണ്. ഇക്കാരണത്താലാണ് അനേകസ്ഥലങ്ങളിൽ വിശുദ്ധ ലിഖിതങ്ങളും, പിതാക്കന്മാരും, ധൈര്യവും ശക്തിയും നമ്മുടെ ആത്മാവിന്റെ തീക്ഷ്ണതയുടെ ശക്തിയിൽ സ്രഷ്ടാവ് സ്ഥാപിച്ചിരിക്കുന്ന ബാക്കിയുള്ള ഗുണവിശേഷങ്ങളും നമ്മെ പഠിപ്പിക്കുന്നത്. ലിഖിതങ്ങളിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു, ''തങ്ങളുടെ തീക്ഷ്ണതയുടെ ശക്തിയാൽ കർത്താവിൽ ശരണപ്പെടുന്നവർ, പിശാചുക്കളുമായുള്ള പോരാട്ടത്തിൽ, സീയോൻ പർവ്വതം പോലെ ഇളകിപ്പോകുകയില്ല; പിന്നെയോ എന്നേയ്ക്കും തങ്ങളുടെ ഏകാന്തതയിൽ നിലനില്ക്കും, കാരണം, മലകൾ ജറുസലേമിനെ ചുററുന്നതുപോലെ, ഏകാന്തതയിൽ ജീവിക്കുന്ന ഏകാന്തവാസികളായ തന്റെ ജനത്തിനു ചുററും കർത്താവായ മിശിഹായുണ്ട്'' (സങ്കീ. 125: 1—2) വീണ്ടും ''തന്റെ മുറിയിലെ ഏകാന്തതയിൽ, തന്റെ സ്വാഭാവിക തീക്ഷ്ണതയുടെ ശക്തിയാൽ കർത്താവിൽ ആശ്രയം വയ്ക്കുന്നവനു ചുററും പരിശുദ്ധാത്മാവിന്റെ കൃപയുണ്ടായിരിക്കും. പിശാചുക്കൾ, ദുർവികാരങ്ങൾ തുടങ്ങി അവന്റെ എല്ലാ ശത്രുക്കളുടെ മേലും അവനു വിജയം നല്കുകയും ചെയ്യും'' (സങ്കീ. 32:10 കാണുക).

പൂർണ്ണതയുടെ ജോലികൾക്കായി, ആത്മാവിന്റെ തീക്ഷ്ണതയുടെ ശക്തിയിൽ സ്രഷ്ടാവു സ്ഥാപിച്ചിരിക്കുന്ന ധൈര്യത്തെപ്പററിയും ശക്തിയെപ്പററിയും നമ്മുടെ പിതാക്കന്മാരും നമ്മെ പഠിപ്പിക്കുന്നുണ്ട്. ആബാ ഏശായാ പറഞ്ഞു: ''ദൈവം കഴിഞ്ഞാൽ, ആത്മാവിന്റെ ഏററം വലിയ സഹായികളാണ് ധൈര്യവും ശക്തിയും.'' ആബാ മർക്കോസ് പറഞ്ഞു: ''തീക്ഷ്ണതയുടെ ശക്തിയാൽ മനസ് കർത്താവിനാൽ ശക്തീകരിക്കപ്പെട്ടു കഴിയുമ്പോൾ, നേരത്തെ ബന്ധിതമായിരുന്ന ദുർവികാരങ്ങളിൽ നിന്ന് ആത്മാവിനെ അതു മാററിക്കളയുന്നു.'' മാർ എവാഗ്രിയൂസ് പറയുന്നു: ''നിന്റെ തീക്ഷ്ണതയുടെ ശക്തിയാൽ ദുരാശകൾക്കെതിരായി നീ ശക്തീകരിക്കപ്പെടുമ്പോൾ വീമ്പടിക്കരുത്.'' സ്രഷ്ടാവ് നമ്മിൽ നിക്ഷേപിച്ച ഈ ശക്തികളെക്കുറിച്ചും അവയുടെ ഗുണഗണങ്ങളെക്കുറിച്ചും ബാക്കിയുള്ള പിതാക്കന്മാരും നമ്മെ പഠിപ്പിക്കുന്നുണ്ട്. ഏകാന്തതയിൽ പ്രവേശിക്കയും സ്വമേധയായുള്ള ജോലികൾ ചെയ്യുകയും വല്ലപ്പോഴും ഉണ്ടാകുന്ന പ്രയാസങ്ങളെ സ്നേഹിക്കുകയും പോരാട്ടത്തിൽ തന്റെ സ്നേഹതീക്ഷ്ണതകൊണ്ടും വിജ്ഞാനദർശനം കൊണ്ടും തീക്ഷ്ണതയുടെ ശക്തികൊണ്ടും ദുഷ്ടപി

www.malankaralibrary.com



ശാചിനെ എതിരിടുകയും ചെയ്യുന്നവൻ, പോരാളിയേപ്പോലെ അസൂയ ജനിപ്പിക്കയും പിശാചുക്കളും ദുർവികാരങ്ങളുമാകുന്ന ശത്രുക്കൾക്കെതിരെ ജയഘോഷം മുഴക്കി അവരെ കീഴ്പ്പെടുത്തുകയും ചെയ്യും എന്നത് സ്പഷ്ടമാണല്ലോ. നമ്മുടെ പ്രത്യാശയായ മിശിഹായുടെ വലിയ ശക്തിയാൽ അവൻ അവയെ തോല്പിച്ച് സംഹരിക്കും. നീതിയുടെ കിരീടം പ്രാപിച്ച് ഭക്തിയിൽ അവൻ തന്റെ ഓട്ടം പൂർത്തിയാക്കും.

## ഭാഗം 3

# ശുദ്ധപ്രാർത്ഥനയെ നശിപ്പിക്കുന്ന ദുർവികാരങ്ങളെപ്പററി

ഏകാന്തജീവിതം ആരംഭിക്കുന്നയാൾ എല്ലാററിനും മുൻപേ താഴെപ്പറയുന്നവ ഗ്രഹിച്ചിരിക്കണം. ഏകാന്തജീവിതം ആരംഭിച്ച് ശുദ്ധപ്രാർത്ഥനയിൽ എത്തുന്നതുവരെ നാലു വികാരങ്ങൾ മററുള്ളവയേക്കാൾ ശക്തിയായി അയാളോടു പോരാട്ടം നടത്തും. ശുദ്ധപ്രാർത്ഥന വഴി അവന്റെ വികാരങ്ങൾ നിയന്ത്രിക്കപ്പെടുന്നു; പാപങ്ങൾ ക്ഷമിക്കപ്പെടുന്നു; ഹൃദയനൈർമല്യവും, മനസംസ്കരണവും ദൈവദർശനവും നേടുന്നു; ആദ്ധ്യാത്മികാനുഷ്ഠാനങ്ങൾക്ക യോഗ്യനായ ത്തീരുന്നു. എന്നാൽ താഴെപ്പറയുന്ന നാലു വികാരങ്ങളാകട്ടെ ശുദ്ധപ്രാത്ഥനയിൽ നിന്നും പെട്ടെന്നു പരിപൂർണത കൈവരിക്കുന്നതിൽ നിന്നും ഏകാന്തവാസിയെ തടയുന്നു: ഭോജനപ്രിയം, ദീർഘനിദ്ര, കോപം, വ്യർത്ഥാഭിമാനം. ഇവയിൽ രണ്ടെണ്ണം ശരീരത്തിന്റെ വികാരങ്ങളും, രണ്ടെണ്ണം ആത്മാവിന്റെ വികാരങ്ങളുമാണ്. ഇവയെ കീഴ്പ്പെടുത്തുന്നതു വഴി മററ് വികാരങ്ങളെയൊക്കെ കീഴ്പ്പെടുത്തി ഇല്ലായ്മ ചെയ്യാൻ സാധിക്കും. വ്യർത്ഥാഭിമാനത്തെ ജയിക്കുന്നവൻ അഹങ്കാരത്തെയും ജയിക്കുന്നു; ഉദരത്തെ ജയിക്കുന്നവൻ നിദ്രയേയും വ്യർത്ഥാഭിമാനത്തെയും ഭോഗാസക്തിയേയും ജയിക്കുന്നു. തന്റെ ഉദരത്തെ ജയിച്ച് ഉദാരനിധിയായി തീർന്നവനോട് ധനതൃഷ്ണ പോരാട്ടം നടത്തില്ല. ധനതൃഷ്ണ ശരീരത്തിന്റെ ആവശ്യങ്ങളുടെ തലത്തിൽപെട്ട സംഗതിയാണല്ലോ. തന്റെ വികാരങ്ങളെ ജയിച്ചവനെ അസംതൃപ്തി എന്ന വികാരം പീഡിപ്പിക്കയില്ല; കാരണം, അസംതൃപ്തി സുഖഭോഗങ്ങളോടുള്ള സ്നേഹത്തിൽ നിന്നുണ്ടാകുന്നതാണല്ലോ. തന്റെ വികാരങ്ങളോട് ധൈര്യപൂർവം പോരാടി ജയിച്ചയാളോട് വിഷാദവും പോരാടുകയില്ല; കാരണം, സഹനാധീനാത്മാവിന്റെ ബലഹീനതയാണല്ലോ വിഷാദം.

ഇക്കാരണത്താലാണ് നമ്മുടെ പിതാക്കന്മാർ എല്ലാ ദുർവികാരങ്ങളെയും മുകളിൽ പറഞ്ഞ നാലെണ്ണത്തിൽ ഉൾപ്പെടുത്തിചേർത്തത്. തീക്ഷ്ണതയോടും ശ്രദ്ധയോടും കൂടെ അവയ്ക്കെതിരെ പോരാട്ടം നടത്താൻ അവർ നമുക്കു മുന്നറിയിപ്പു തരികയും ചെയ്തു. ഇവയെ ജയിക്കുന്നതുവഴി നാം മററുള്ളവയേയും നിശ്ചയമായും കീഴടക്കും; നാം നമ്മുടെ കർത്താവായ മിശിഹായുടെ വാക്കുകളനുസരിച്ച്, നമ്മുടെ സഹായിയായ ദൈവത്തെ വിശുദ്ധിയിൽ ദർശിക്കും (മത്താ. 5:8) ഇവയെപ്പററിയാണ് ഏകാന്തവാസി അനുദിനം ചിന്തിക്കേണ്ടത്;

www.malankaralibrary.com



അവന്റെ മനസ് അവയിലേക്ക തിരിഞ്ഞിരിക്കണം. തനിക്ക മുമ്പി ലും, തന്റെ മുറിക്ക മുമ്പിലും. സാധിക്കമെങ്കിൽ അവ എഴുതിവയ്ക്കണം; പിശാചിന്റെ തെററായ നിമന്ത്രണങ്ങൾക്കനുസരിച്ച്, മറന്നു പോകാതിരിക്കാൻ ഇതു സഹായിക്കും. എന്നാൽ പൈശാചിക പ്രേരണയാലോ, പ്രകൃതിയുടെ ബലഹീനതയാലോ, ഇതിൽ ഏതി ലെങ്കിലും അയവു വരുത്തുകയോ ഇടറിവീഴുകയോ ചെയ്യാനിടയായാൽ അവൻ തന്റെ ആത്മാവിനെക്കുറിച്ചു കരയട്ടെ, കരഞ്ഞു വിലപിച്ച്, നെടുവീർപ്പിടട്ടെ; തന്റെ നെററിയിൽ ഇടിക്കുകയും മീശ പറിക്കയും മുടി വലിച്ചു പറിക്കയും ചെയ്യട്ടെ. അവയെ കീഴടക്കാൻ സാധിക്കുന്നതുവരെ ഇതു തുടരണം. കർത്താവിന്റെ സഹായത്താലും തീക്ഷ്ണമായ സ്വപരിശ്രമത്താലും അവയെ കീഴടക്കിക്കഴിയുമ്പോൾ ''ശുദ്ധ പ്രാർത്ഥനയും തടസ്സം കൂടാത്ത സംഗീതവും'' എന്ന ആദ്യത്തെ തുറമുഖത്തും, വിശ്രമസ്ഥലത്തും അവൻ പ്രവേശിക്കുന്നു. കാരണം, വികാരങ്ങളുടെയും ദുഷ്ടാത്മാക്കളുടെയും ഓളങ്ങളുടെ ബൗദ്ധികസമുദ്രത്തിൽ, ഏകാന്തവാസിയുടെ പാതയിൽ നിരവധി തുറമുഖങ്ങൾ സജ്ജീകരിക്കപ്പെട്ടിരിക്കുന്നു.

## ശുദ്ധപ്രാർത്ഥന

ശുദ്ധവും, തടസ്സരഹിതവും, ശാന്തവുമായ പ്രാർത്ഥന നാലു സുകൃതങ്ങൾ വഴിയാണ് വർദ്ധിക്കുന്നതും, പൂർണമാകുന്നതും, സംരക്ഷിക്കപ്പെടുന്നതും, നിലനില്ക്കുന്നതും. അവ കുറയുന്നതും, അപൂർണ്ണമാകുന്നതും ഇല്ലാതാകുന്നതും, തടസ്സപ്പെടുന്നതും നാലു ദുർവികാരങ്ങൾ വഴിയാണ്. ഉപവാസം, ജാഗരണം, ശാന്തത, എളിമ എന്നിവയാണ് ആ നാലു സുകൃതങ്ങൾ. രണ്ടെണ്ണം ശരീരത്തിന്റെയും രണ്ടെണ്ണം ആത്മാവിന്റെയും. നശിപ്പിക്കുന്ന ദുർവികാരങ്ങൾ: ഞാൻ നേരത്തെ പറഞ്ഞതുപോലെ ഭോജനപ്രിയം, അമിതനിദ്ര, കോപം, വ്യർത്ഥാഭിമാനം. ശുദ്ധപ്രാർത്ഥനയ്ക്കു സഹായിക്കുന്നതും, പിശാചുക്കളെയും ദുർവികാരങ്ങളെയും ജയിക്കാൻ ശക്തി നൽകുന്നതുമായ ശുദ്ധപ്രാർത്ഥനയെപ്പററി, ഏകാന്തവാസികളുടെയും, പ്രകാശിതരായവരുടെയും രണ്ടു നേതാക്കൻമാരായ ആബാ മർക്കോസും ഭാഗ്യവാനായ എവാഗ്രിയോസും വ്യക്തമായി നമ്മെ പഠിപ്പിക്കുന്നു. ഭാഗ്യവാനായ മർക്കോസ് തന്റെ കൃതികളിൽ ഒരിടത്ത് അവയെപ്പററി ഇപ്രകാരം പറയുന്നു; ''മോശയും ഇസ്രായേൽക്കാരും ചെങ്കടൽ തിരിച്ചറിഞ്ഞതുപോലെ, പിശാചുക്കളുടെയും, ദുർവികാരങ്ങളുടെയും ബൗദ്ധിക കടൽ തിരിച്ചറിയാനും, കടക്കാനും ആഗ്രഹിക്കുന്നവൻ ദീർഘശാന്തത നേടട്ടെ; അവൻ സ്വയം വിനീതനാകട്ടെ; ജാഗരണം പാലിക്കട്ടെ; താപസകർമ്മങ്ങളിൽ നിലനില്ക്കുകയും ചെയ്യട്ടെ. ഈ നാലു സുകൃതങ്ങളില്ലാതെ ഏതെങ്കിലും സംഗതി അവന്റെ ഹൃദയത്തിൽ സ്വയം കടന്നുവന്നാലും അവനതു തിരിച്ചറിയാൻ സാധിക്കയില്ല''. അവനിതും കൂട്ടിച്ചേർക്കുന്നു: 'ദുഷ്ടതയിൽ നിന്നകന്നിരിക്കുമ്പോൾ ഏകാന്തത പ്രയോജനപ്രദമാണ്. ഈ നാലു സുകൃതങ്ങൾക്കുവേണ്ടി പ്രാർത്ഥനയിൽ അവനു ദിവ്യസഹായം ലഭിച്ചാൽ, പരിപൂർണ്ണാരോഗ്യത്തിന്റെ പാതയിൽ അവനേക്കാൾ വേഗത ആർക്കും ഉണ്ടായിരിക്കയില്ല'. അവൻ തുടരുന്നു, 'ശരീരത്തിനു സ്വസ്ഥത ഇല്ലെങ്കിൽ ആത്മാവിനും സ്വസ്ഥതയില്ല; ഏകാന്തതയും പ്രാർത്ഥനയും കൂടാതെ ഈ സുകൃതങ്ങൾ സമ്പാദിക്കാൻ സാധ്യമല്ല.'

www.malankaralibrary.com



അവൻ ക്ഷമയെ 'ശാന്തത' എന്നു വിളിക്കുന്നു; കാരണം, മറ്റൊരിടത്തും, ഈ രണ്ടു സുകൃതങ്ങളും ഒന്നു തന്നെയാണെന്നു് അവൻ കാണിക്കുന്നു. അവൻ പറയുന്നു, 'ക്ഷമയുള്ളവൻ വിജ്ഞാനിയാണ്'. വീണ്ടും, നമ്മുടെ കർത്താവിൽ ശാന്തനായവൻ എല്ലാ വിജ്ഞാനികളേക്കാളും വിജ്ഞാനിയാണ്''. ക്ഷമയെക്കുറിച്ചും, ഏകാന്തതയെക്കുറിച്ചും അവ ഒന്നാണെന്ന മട്ടിൽ വിജ്ഞാനത്തോടു ബന്ധപ്പെടുത്തി അവൻ സംസാരിക്കുന്നു.

ശുദ്ധമായ പ്രാർത്ഥനയും, ശാന്തതയും എളിമയും എന്ന ആത്മാവിന്റെ ഈ രണ്ടു സുകൃതങ്ങൾ അത്യാവശ്യമാണ്. നമ്മുടെ കർത്താവു് അവയെപ്പററി നമ്മെ പഠിപ്പിച്ചിട്ടുണ്ട്. 'ഞാൻ ശാന്തശീലനും വിനീതനുമാകയാൽ നിങ്ങൾ എന്നിൽ നിന്നു പഠിക്കുവിൻ, നിങ്ങളുടെ ആത്മാക്കൾക്കു നിങ്ങൾ വിശ്രമം കണ്ടെത്തും' (മത്താ. 11:29). നമ്മുടെ കർത്താവിന്റെ വാക്കുകളനുസരിച്ചു് ഈ രണ്ടു സുകൃതങ്ങൾ വഴിയാണു് ആത്മാവിന്റെ വിശ്രമവും ശുദ്ധപ്രാർത്ഥനയും യഥാർത്ഥമായി സമ്പാദിക്കുന്നതു്. 'ഉപവാസവും പ്രാർത്ഥനയും കൊണ്ടല്ലാതെ ഇത്തരം ദുർവികാരങ്ങളും പിശാചുക്കളും പുറപ്പെട്ടു പോകുന്നില്ല' എന്ന നമ്മുടെ കർത്താവിന്റെ സത്യവചനമനുസരിച്ചു്, ശരീരത്തെ സംബന്ധിക്കുന്ന സുകൃതങ്ങളായ ഉപവാസവും ജാഗരണങ്ങളും ഇവയോടുകൂടി കൂട്ടിച്ചേർക്കപ്പെടണം. അതിന്റെ ശക്തിയും സൗന്ദര്യവും പ്രത്യേകമായി ജാഗരണങ്ങളിലാണു് വെളിപ്പെടുക. 'തപസ്സ്'' 'സന്യാസം' എന്നിങ്ങനെ ആബാ മർക്കോസു് പറയുന്ന നാലാമത്തെ സുകൃതത്തെ സംബന്ധിച്ചു് ഉപവാസത്തിനു് ഈ വാക്കപയോഗിക്കുക അദ്ദേഹത്തിനു പതിവാണു്: 'ഉപവസിക്കുന്നവൻ കുറച്ചേ പരീക്ഷിക്കപ്പെടുന്നുള്ളു.' അദ്ദേഹത്തിന്റെ കൃതിയുടെ മററദ്ധ്യായങ്ങളിൽ ഈ വാക്കിനു് ഇതേ അർത്ഥമാണു്. അദ്ദേഹം പറയുന്നു: 'താപസനും സന്യാസിയുമായ വ്യക്തി ഭോജനപ്രിയത്തിൽ നിന്നകന്നിരിക്കുന്നു.' ഉപവാസം, ആഹാരത്തിലെ മിതത്വം എന്നീ സുകൃതങ്ങളെ തപസ്സെന്നും, സന്യാസമെന്നുമാണു് ആബാ മർക്കോസു് എല്ലായിടത്തും വിളിക്കുന്നതു് എന്നു് വ്യക്തമാണല്ലോ. ഇവയാണു് ആ നാലു് സുകൃതങ്ങൾ: രണ്ടെണ്ണം ശരീരത്തെ സംബന്ധിച്ചും, രണ്ടെണ്ണം ആത്മാവിനെ സംബന്ധിച്ചും. ഇതു വഴി സമാധാനത്തിന്റെ ആദ്യഫലമായ ശുദ്ധ പ്രാർത്ഥന യാഥാർത്ഥ്യമാകുന്നു. അനുദിനം ഏകാന്തവാസി ഇതേപ്പററി ധ്യാനിക്കണം: അതിനുവേണ്ടി പരിശ്രമിക്കണം: അതു ലഭിക്കുന്നതുവരെ അതു സമ്പാദിക്കാനായി പ്രാർത്ഥിക്കണം.

ഈ മൂന്നു സുകൃതങ്ങളിലാണു് ഏകാന്തതയുടെ എല്ലാ സുകൃതങ്ങളും കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നതു് എന്നു് അറിയുക അത്യാവശ്യമാണു്. കേൾവി വഴി വിശ്വാസമുണ്ടാകുന്നു: വ്യക്തിപരമായ വിശ്വാസം വെളിപ്പെടുന്നതു് പ്രതീക്ഷയും സ്നേഹവും വഴിയാണു്. ഒരാൾ തന്റെ മുറിയിൽ കടന്നു് വിശ്വാസത്തിന്റെ പരിശീലനം ആരംഭിക്കുന്നതു മുതൽ —അതായതു് ശാരീരിക പരിശീലനങ്ങൾ—പ്രതീക്ഷയുടെ പരിശീലനത്തിൽ എത്തുന്നതുവരെ—അതായതു് ദൈവിക ധ്യാനമാകുന്ന മാനസിക പരിശീലനങ്ങൾ—മുകളിൽ പറഞ്ഞ നാലു് സുകൃതങ്ങളിലൂടെ, ശുദ്ധ പ്രാർത്ഥനയ്ക്കു് മങ്ങലേല്പിക്കുന്നതും, തടയുന്നതും, പ്രത്യാശയുടെ പരിശീലനമാകുന്ന ദൈവിക ധ്യാനത്തിൽ എത്തുന്നതിനു തടസ്സം നില്ക്കുന്നതുമായ നാലു് ദുർവികാരങ്ങൾക്കെതിരെ അവൻ അധ്വാനിക്കയും പോരാ

www.malankaralibrary.com



ടുകയും ചെയ്യുന്നു. ഞാൻ മുകളിൽ പറഞ്ഞ സുകൃതങ്ങൾ, ഉപവാസം, ജാഗരണം, ശാന്തത, വിനയം എന്നിവയാണ്; ഭോജനപ്രിയം, അമിതനിദ്ര, വ്യർത്ഥാഭിമാനം, കോപം എന്നിവയാണ് അവയ്ക്കെതിരായ ദുർഗ്ഗുണങ്ങൾ.

## ഭാഗം 4

# മറ്റെല്ലാ കല്പനകളും ഉൾക്കൊള്ളുന്ന മൂന്നു കല്പനകൾ: അതാണാധ്യാത്മിക പ്രാർത്ഥന

ദൈവത്തിലുള്ള പ്രത്യാശയുടെ, ഉപകാരപ്രദമായ പരിശീലനം ഒരാൾ ആരംഭിക്കുന്നതുമുതൽ സ്നേഹത്തിന്റെ പരിശീലനത്തിലെത്തുന്നതുവരെ അവൻ മഹത്തരവും എല്ലാററിനെയും ഉൾക്കൊള്ളുന്നതുമായ മൂന്നു കല്പനകളിൽ സ്വയം ശിക്ഷണം നൽകുകയും അധ്വാനിക്കുകയും ചെയ്യുന്നു. സ്നേഹത്തിന്റെ പരിശീലനം ആത്മാവിന്റെ പരിശീലനമാണ്. നമ്മുടെ കർത്താവിന്റെ ആത്മീയ ദർശനത്തിനു വേണ്ടിയുള്ള വ്യക്തിപരമായ വിശ്വാസം അതിലാണ് വ്യക്തമാക്കപ്പെടുന്നത്. നിരന്തരവും തടസ്സരഹിതവുമായ പ്രാർത്ഥന, ഹൃദയത്തിലുദിക്കുന്ന ദുർവികാരങ്ങളെ ആരംഭത്തിൽ തന്നെ പെട്ടെന്ന് തള്ളിക്കളയൽ, ആശാപാശങ്ങളിൽ നിന്നും, പിശാചിൽ നിന്നും, മനുഷ്യരിൽ നിന്നും ഏകാന്തതയിൽ ഉണ്ടാകുന്ന പരീക്ഷണങ്ങളെയും പീഡനങ്ങളെയും സഹിക്കൽ എന്നിവയാണ് ആ മൂന്നു സംഗതികൾ. പ്രതീക്ഷയുടെ ഈ പരിശീലനത്തിൽ അഥവാ മാനസിക പരിശീലനത്തിൽ— നമ്മുടെ കർത്താവിനെക്കുറിച്ചുള്ള ധ്യാനമാണത്. ഏകാന്തവാസി പൂർണ്ണനും കുററമററവനുമായി തീർന്നു കഴിയുമ്പോൾ അവൻ ആധ്യാത്മിക പരിശീലനമായ സ്നേഹത്തിന്റെ പരിശീലനത്തിലേക്കുയർന്നു കയറുന്നു. ശ്ലീഹാ വിവരിക്കുന്ന ആത്മാവിന്റെ എല്ലാ ഫലങ്ങളും ദൃശ്യമാകുന്നതും ശ്രേഷ്ഠതരമാകുന്നതും സ്നേഹത്തിന്റെ പരിശീലനത്തിലാണ്. അവയിൽ പ്രധാനപ്പെട്ടവ മൂന്നാണ്: നമ്മുടെ കർത്താവായ മിശിഹായുടെയും തന്റെ പിതാവിന്റെയും സ്നേഹത്തിലുള്ള മുന്നാസ്വാദന സന്തോഷം; പരിപൂർണ്ണമായ ശാന്തത; വ്യക്തിപരമായ വിശ്വാസം. പരിശുദ്ധാത്മാവിന്റെ വെളിപാടുവഴി നമ്മുടെ കർത്താവിന്റെയും സ്വർഗ്ഗീയ നന്മകളുടെയും ആത്മീയദർശനം. ഭാഗ്യവാനായ പൗലോസ് പറയുന്നു, ''ഞാൻ എന്റെ മുട്ടുകൾ കുത്തുകയും നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു; നിങ്ങൾ പരിശുദ്ധാത്മാവിനാൽ ബലപ്പെടട്ടെ; വിശ്വാസംവഴി മിശിഹാ നിങ്ങളുടെ ആന്തരിക മനുഷ്യനിലും, സ്നേഹവും, മനസ്സിന്റെ താഴ്മയും വഴി നിങ്ങളുടെ ഹൃദയങ്ങളിലും വസിക്കട്ടെ'' (എഫേ. 3: 14–16). മാനസിക പ്രാർത്ഥനയ്ക്കു ഹേതുവാകുന്ന നാലു സുകൃതങ്ങൾ ഈ നാലെണ്ണമാണ്. ആധ്യാത്മിക പ്രാർത്ഥനയ്ക്കു ഹേതുവാകുന്ന മഹത്തും എല്ലാം ഉൾക്കൊള്ളുന്നതുമായ നാല് കല്പനകൾ ഇവയാണ്.

## അതേവിഷയത്തെക്കുറിച്ച്:

ഏകാന്തജീവിതം നയിക്കാനായി തന്റെ മുറികളിൽ കടക്കുന്ന, ശുദ്ധനിയോഗവും ദൈവസ്നേഹവും ഉള്ള സഹോദരനോവ സ്. കല്പനകളും, നാം മുകളിൽ വിവരിച്ച വികാരങ്ങളും അറിഞ്ഞു മനസ്സിലാക്കി ശ്രദ്ധാലുവായിരിക്കാൻ തക്കവിധം ശുഷ്കാന്തി ഇല്ലാതെയും തന്റെ ചിന്തകളിൽ വേണ്ടത്ര വെളിച്ചം ലഭിക്കാതെയും ഇരിക്കുന്നു എന്നു കരുതുക. അതിന്റെ ഫലമായി പരിശീലനം ലഭിക്കാത്ത അവന്റെ മനസ്സും ശുദ്ധഹൃദയവും വിചാരവികാരങ്ങളാൽ ഇളക്കപ്പെട്ട് മനപ്പുതർച്ച ഉണ്ടാകുന്നു; നിരാശയും ക്ഷീണവും അവനെ അലട്ടുന്നു; അവൻ തന്റെ ഏകാന്തതയും മുറിയും വിട്ട് പുറത്തുപോകാൻ പ്രേരിതനാകുന്നു. അവൻ ഉപവാസം, ജാഗരണം, കാനോനിക പ്രാർത്ഥനകൾ, മരുഭൂമിയിലെ പിതാക്കന്മാരുടെ കൃതികളുടെ വായന തുടങ്ങിയ ശാരീരിക പരിശീലന കർമ്മങ്ങളിലൂടെ തന്റെ കഴിവിനനുസരിച്ച് തന്റെ ശരീരത്തെ ദണ്ഡിപ്പിക്കട്ടെ.

ദൈവത്തെപ്പറ്റിയും തന്റെ കല്പനകളെപ്പറ്റിയും പിശാചുക്കൾക്കെതിരെയുള്ള പോരാട്ടത്തെപ്പറ്റിയും ചിന്തിക്കാൻ അവന്റെ മനസ്സ് അശക്തമാണെങ്കിൽ, ദൈവം അവന്റെമേൽ വർഷിച്ച ദാനങ്ങളെപ്പറ്റി തന്റെ മുറിയിൽ ഇരുന്ന് അവൻ നിരന്തരം ധ്യാനിക്കട്ടെ; ഇങ്ങനെ ദൈവത്തിനർഹമായ സ്നേഹം അവൻ അർപ്പിക്കട്ടെ. തങ്ങൾക്കു നന്മ ചെയ്യുന്നവരോട് ബുദ്ധിയില്ലാത്ത മൃഗങ്ങൾപോലും സ്നേഹവും അനുസരണവും കാണിക്കുന്നു. ഒരു സാധാരണ സഹോദരൻ നമ്മുടെ കർത്താവിന് തന്നോടുള്ള സ്നേഹത്തെപ്പറ്റി നിരന്തരം ധ്യാനിക്കുകയാണെങ്കിൽ, അതേസംബന്ധിച്ച് മാനസികവ്യാപാരത്തിന്റെ സ്ഥാനത്തായിരിക്കും ആ പ്രവൃത്തി. അത് അവനെ ദുർവികാരങ്ങളിൽനിന്നു സംരക്ഷിക്കും; കർത്താവിനുവേണ്ടി എപ്പോഴും കാത്തിരിക്കാനുള്ള ആധ്യാത്മിക തീക്ഷ്ണത അവനു പ്രദാനം ചെയ്യും; അവിടുത്തെ സ്നേഹത്തെപ്പറ്റിയുള്ള മധുരസ്മരണ അവനിൽ നിറഞ്ഞിരിക്കും. നിലനില്പിന്റെ ദാനവും തന്റെ മുറിയിലെ നിശബ്ദമായ ഏകാന്തതയും അവനു നല്കും. നമ്മുടെ പേർക്ക് ക്രിസ്തുവിനും ദൈവത്തിനുമുള്ള സ്നേഹത്തെ തുടർച്ചയായി അനുസ്മരിക്കുന്നതിനേക്കാൾ ഉന്നതവും ശ്രേഷ്ഠതരവും കൂടുതൽ പ്രയോജനപ്രദവുമായി മറ്റൊന്നില്ല.

ഇക്കാര്യം നിരന്തരം അനുസ്മരിക്കുകയും വഞ്ചകരായ പിശാചുക്കളാൽ തടസ്സപ്പെടുത്തപ്പെടാതിരിക്കുകയും ചെയ്യുന്ന ഏകാന്തവാസികൾ എല്ലാവരും—തങ്ങളുടെ പരിശീലനത്തിൽ തീക്ഷ്ണമതികളും പ്രകാശിതരും മാത്രമല്ല സാധാരണക്കാരും അരമനസ്സുള്ളവരും—തങ്ങളുടെ ഏകാന്തതയിൽ നിലനിൽക്കാൻ കഴിവുള്ളവരാകും. മനസ്സിന്റെ സൂക്ഷ്മവും ബുദ്ധിമുട്ടുള്ളതുമായ പരിശീലനത്തിനെതിരായി മാത്രമല്ല പിശാചുക്കൾ പോരാടുന്നത്, പിന്നെയോ, ദൈവത്തിനു നമ്മോടുള്ള സ്നേഹത്തിന്റെ അനുസ്മരണത്തിനെതിരായും പോരാടുന്നു; കാരണം ഈ അനുസ്മരണവഴി നമ്മുടെ കർത്താവിന്റെ സ്നേഹത്തിന്റെ ചിന്തയാൽ ബന്ധിതമാകുന്ന സ്വഭാവം ആ വ്യക്തിക്കുണ്ടാകുന്നു എന്നും അവിടുത്തെ സ്നേഹത്തിനു പ്രതിസ്നേഹം കൊടുക്കാൻ പരിശ്രമിക്കുന്നുവെന്നും അവർക്കറിയാം. നമ്മുടെ കർത്താവിനു നിന്നോടുള്ള സ്നേഹത്തിന്റെ അനുസ്മരണയാകുന്ന പരിശീലനം നീ നടത്തുമ്പോൾ, പിശാചിന്റെ പോരാ

ട്ടങ്ങളാൽ നിനക്ക് തടസങ്ങളുണ്ടാകാം. കാരണം, ആബാ മക്കാരിയുസിന്റെ വാക്കുകളിൽ, 'മനസ്സ് നിരന്തരം ദൈവത്തെ അനുസ്മരിക്കയും അവിടുത്തെ സ്നേഹത്തെപ്പറ്റി ധ്യാനിക്കുകയും ചെയ്യുമ്പോൾ, ഈ അനുസ്മരണ അവരുടെ വിധിയും മരണവുമാണ്'. നമ്മുടെ കർത്താവിന്റെ സ്നേഹവും അവൻ നിനക്ക് ചെയ്തിട്ടുള്ള നന്മകളും ഓർത്തിട്ട് നിനക്ക് ''വിരസത'' തോന്നുന്നെങ്കിൽ, നീതിമാനായ ഹാബേൽ മുതൽ അവസാനം വരെയുള്ള വിശുദ്ധരെപ്പററിയുള്ള ചിന്തയിൽ നിന്റെ മനസ്സ് തുടർന്നു വ്യാപരിക്കട്ടെ. അവരോരോരുത്തരുടെയും സുകൃതങ്ങൾ ഓർത്ത് നിന്റെ മനസ്സ് പ്രകാശിതമായി, ശക്തീകരിക്കപ്പെടുകയും, അവരുടെ അനുസ്മരണയിൽ നിന്ന് നമ്മുടെ കർത്താവിന്റെ സ്നേഹത്തെക്കുറിച്ചുള്ള ചിന്തയിലേയ്ക്ക് ഉയർത്തപ്പെടുകയും ചെയ്യുമ്പോൾ, വിശുദ്ധരെക്കുറിച്ചുള്ള അനുസ്മരണ വിട്ടിട്ട്, നിന്റെ നേർക്കു നമ്മുടെ കർത്താവിനുള്ള സ്നേഹത്തിന്റെ അനുസ്മരണയിൽ നിന്റെ ചിന്തകളെ ബന്ധിക്കുക; ഈ ചിന്തയിൽ വിരസത തോന്നുമ്പോൾ വിശുദ്ധർക്ക് നമ്മുടെ കർത്താവിനോടുള്ള സ്നേഹത്തെ ഓർക്കുക; അവർ അവിടുത്തെ സ്നേഹത്തെപ്രതി എത്രമാത്രം അധ്വാനിച്ചെന്നും സഹിച്ചെന്നും ചിന്തിക്കുക. സ്വയം ഒരു കല്ലറയിൽ അടച്ചു പൂട്ടിയ ഭാഗ്യവതിയായ ആ അലക്സാണ്ട്രിയൻ കന്യകയെപ്പോലെ നിന്റെ കഴിവനുസരിച്ച് വിശുദ്ധരെ അനുകരിക്കുക. ആ ഇടുങ്ങിയ കല്ലറയിൽ വിരസത തോന്നുന്നില്ലേ എന്ന് ഭാഗ്യവതിയായ മെലാനിയാ അവളോട് ചോദിച്ചപ്പോൾ അവൾ പറഞ്ഞു: ''എനിക്ക് വിരസതയേ ഇല്ല; കാരണം, ആത്മീയ സങ്കീർത്തനം പാടി, തുന്നൽ പണികൾ കഴിയുമ്പോൾ, നമ്മുടെ കർത്താവിനെ പ്രസാദിപ്പിച്ച എല്ലാ വിശുദ്ധരേയും എന്റെ ചിന്തയിൽ ഞാൻ അനുസ്മരിക്കുന്നു. നമ്മുടെ കർത്താവിനോടുള്ള സ്നേഹത്താൽ ശെമഓൻകീപ്പാ തല കീഴായി ക്രൂശിക്കപ്പെട്ടതു് ഞാൻ കാണുന്നു; പൗലോസ് ശിരച്ഛേദനം ചെയ്യപ്പെട്ടതും കർത്താവിന്റെ മുൻപിൽ അവന്റെ രക്തം ഒരു പാനീയ ബലിയായി ചിന്തപ്പെട്ടിരിക്കുന്നതും ഞാൻ ദർശിക്കുന്നു. സ്വർഗ്ഗത്തിൽ പിതൃവലഭാഗേ ക്രിസ്തു ഇരിക്കുന്നുവെന്നും, നമ്മെ വിധിക്കാൻ വാനമേഘങ്ങളിൽ വരുമെന്നും പറഞ്ഞതിനാൽ, നമ്മുടെ കർത്താവിന്റെ സഹോദരനായ യാക്കോബ് ദേവാലയ ഗോപുരത്തിൽ നിന്ന് തള്ളിയിടപ്പെട്ടു; അലക്കുകാരന്റെ കൊട്ടുവടികൊണ്ട് അദ്ദേഹത്തിന്റെ തല തകർക്കപ്പെട്ടു. ക്രിസ്തുവിനോടുള്ള സ്നേഹത്തെപ്രതി എല്ലാവിധ പീഡനങ്ങൾക്കും വിധേയരായി കിരീടം ധരിപ്പിക്കപ്പെട്ട, ബാക്കിയുള്ള ശ്ലീഹന്മാരും രക്തസാക്ഷികളും! തന്റെ കുരിശിലെ മരണം വഴി നമ്മുടെ കർത്താവ് നമ്മോടുള്ള തന്റെ സ്നേഹം വ്യക്തമാക്കി; എല്ലാവിധ പീഡനങ്ങളും മരണവും വഴി ശ്ലീഹന്മാരും രക്തസാക്ഷികളും നമ്മുടെ കർത്താവിന്റെ പേർക്കുള്ള തങ്ങളുടെ സ്നേഹം വ്യക്തമാക്കിയെങ്കിൽ, ക്രിസ്തുവിനോടുള്ള സ്നേഹത്തെപ്രതി ഈ ഏകാന്തതയിൽ ഞാൻ പാപരഹിതമായ ഒരു ജീവിതം നയിക്കുന്നെങ്കിൽ ഞാനൊരു വലിയകാര്യമാണ് ചെയ്യുന്നതെന്ന് എനിക്കു തോന്നുന്നില്ല.''

ശുഷ്ക്കമാനസനായ സഹോദരാ, ഏകാന്തതയുടെ പ്രയോജനത്തെപ്പറ്റി മാർ എവാഗ്രിയൂസ് രചിച്ച പ്രതിപാദനം ഓർത്ത് ധ്യാനിക്കുകയും, വിചിന്തനം നടത്തുകയും ചെയ്യുക. നിരന്തര ധ്യാനവും പ്രയോജനപ്രദമായ വിചിന്തനവും ശുഷ്ക്കമാനസർക്ക് പ്രയോജനപ്രദമാണ്. അതിപ്രകാരം ആരംഭിക്കുന്നു: 'നീ ഇവിടെ ഭാര്യയെ സ്വീകരിക്കരുതെന്ന് ജെറമിയായിൽ എഴുതപ്പെട്ടിരിക്കുന്നു' (ജെറ. 16:2). അതു തുടരുന്നു: 'ഏകാന്തതയുമായി ഒത്തു പോകുന്ന സുകൃതങ്ങൾ ഞാൻ ന

www.malankaralibrary.com



ങ്ങളുടെ മുൻപിൽ വയ്ക്കുന്നു. അതുകൊണ്ട് നമ്മുടെ സ്നേഹം കല്പിക്കുന്നവയെ ശ്രവിച്ചാലും; നിന്റെ മുറിയിൽ കടന്ന്, ചിന്തകൾ ഏകാഗ്രമാക്കി, നിന്റെ മരണദിവസത്തെ അനുസ്മരിക്കുക; നിന്റെ ശരീരത്തിന്റെ മർത്യതയെപ്പററി പരിഗണിക്കുക; നിന്റെ ശരീരം അഴിഞ്ഞുപോകുന്നതിനെപ്പററി ചിന്തിക്കുക; അതോർത്തു ദുഃഖിക്കുക, നിന്റെ അധ്വാനങ്ങളുടെ ആപേക്ഷികമായ പ്രാധാന്യരാഹിത്യത്തെ നിന്ദിക്കുക; ഏകാന്തതയുടെ സൻമനസ്സോടുകൂടെ അവയെ സഹിക്കുന്നതിന് കഴിവുണ്ടാകുവാൻ തീക്ഷ്ണതയും എളിമയും ഉള്ളവനായിരിക്കുക. നിന്റെ തീരുമാനങ്ങളിൽ അസ്ഥിരനാകരുത്, പിന്നെയോ, ഇപ്പോൾ പാതാളത്തിൽ കഴിയുന്നവരെ ഓർക്കുക; മിശിഹായുടെ ന്യായാസനത്തിൻ മുൻപാകെ നാം നില്ക്കേണ്ടതിനെ സംബന്ധിച്ചും പിശാചുക്കളോടും, ദുഷ്ടരോടും കൂടെ നരകത്തിൽ പീഡിപ്പിക്കപ്പെടുന്നതിനെ സംബന്ധിച്ചും ദൈവത്തോടും മിശിഹായോടും വിശുദ്ധ മാലാഖമാരോടും കൂടെ സ്വർഗത്തിൽ ലഭിക്കുന്ന സന്തോഷത്തെ സംബന്ധിച്ചും ഞാൻ പറഞ്ഞിട്ടുള്ളവയും ഓർക്കുക. മരണം, വിധി, നരകം എന്നിവയുടെ അനുസ്മരണ നിനക്ക് പ്രയോജനകരമായിരിക്കും. പാപികളോടുകൂടി പീഡിപ്പിക്കപ്പെടാതിരിക്കാൻ കരയുകയും നെടുവീർപ്പിടുകയും പാപത്തിൽ നിന്ന് ഓടിയകലുകയും ചെയ്യുക. സ്വർഗ്ഗരാജ്യവും, കർത്താവിനോടും, വിശുദ്ധരോടും ഒത്തുള്ള സന്തോഷവും ഓർത്ത് സന്തോഷിച്ചാനന്ദിച്ചുല്ലസിക്കുക. അത നായി പരിശ്രമിച്ച് ഈ നന്മകൾക്കർഹരാകുവാൻ അധ്വാനിക്കുക. നീ നിന്റെ മുറിയിലെ ഏകാന്തതയിലായിരിക്കുമ്പോൾ ഈ സംഗതികൾ മറക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

എന്റെ സഹോദരാ, നീയിതു ഗ്രഹിക്കുക. ശുദ്ധനിയോഗത്തോടുകൂടെ നീ നിന്റെ മുറിയിൽ ഇരിക്കുകയും ശരീരത്തിന്റെയും ലൗകികമഹത്വത്തിന്റെയും സന്തോഷങ്ങളെ നിന്ദിച്ചുകൊണ്ട് ഏകാന്തതയിൽ ആയിരിക്കുകയും ദൈവസ്നേഹത്തെപ്രതിയും അവിടുന്നു നൽകുന്ന അനുഗ്രഹങ്ങൾ കാംക്ഷിക്കുന്നതിനെ പ്രതിയും നിന്റെ മുറിയിൽ നിനക്കുണ്ടാകാവുന്ന പരീക്ഷണങ്ങളെ തരണം ചെയ്യുകയും ചെയ്യുമ്പോൾ നിന്റെ ശുദ്ധവും പാവനവുമായ നിയോഗത്തെ പ്രതി — സന്തോഷമോ ദുഃഖമോ വിശ്രമമോ പീഡകളോ നൽകുന്നവയാകട്ടെ—എല്ലാം നിനക്കു നല്കപ്പെടും. നീ മുറിയിൽ ആയിരിക്കുമ്പോഴെല്ലാം ദൈവാജ്ഞയാൽ നിന്നോടുകൂടെ ആയിരിക്കയും നിന്നെ സംരക്ഷിക്കുകയും ചെയ്യുന്ന വി. മാലാഖ വഴി, ദൈവേച്ഛയുടെ അടയാളത്താൽ അവ നിനക്കു നൽകപ്പെടും. എന്നാൽ പോരാട്ടത്തിന്റെ കാഠിന്യത്താൽ നിന്റെ തീരുമാനത്തിൽ ഉറച്ചു നിൽക്കാതെ നീ മുറിവിട്ടിറങ്ങി, മാനുഷികസംസർഗ്ഗത്തിൽ നിന്നും ഭക്ഷണപാനീയങ്ങളിൽനിന്നും ആശ്വാസവും സന്തോഷവും തേടുമ്പോൾ, മുറിവിട്ടിറങ്ങി തിരികെ വരുന്നതുവരെ നിനക്കു സംഭവിക്കുന്നവ, ദൈവസഹായം പിൻവലിക്കപ്പെടുന്നതിനാൽ, നിന്നോടു കൂടെ നടന്ന് നിന്നെ പീഡിപ്പിക്കുന്ന ദൂതൻ വഴി നിനക്കു സംഭവിക്കുന്നവയാണ്. നീ ഇവ വ്യക്തമായി ഗ്രഹിച്ച് അറിവു നേടുന്നതിനായി ഞാനിവ നിനക്കു വിശദമായി വിവരിച്ചുതരാം.

നിന്റെ മുറിയിലെ ഏകാന്തതയിലുള്ള പ്രവൃത്തനങ്ങളെ രണ്ടായി തിരിക്കാം. നീ ചെയ്യുന്നവ, നിനക്കുവേണ്ടി ചെയ്യപ്പെടുന്നവ. ഒന്നാമത്തേതിൽ മൂന്നു കാര്യങ്ങൾ അടങ്ങിയിരിക്കുന്നു: നിന്റെ പാപ

www.malankaralibrary.com



ങ്ങൾക്ക മോചനം യാചിക്കലും ദുർവികാരങ്ങൾ മൂലമുള്ള മുറിവുകൾ സുഖമാക്കലും. കല്പനകൾ അനുസരിക്കാനുള്ള ശക്തിയും സഹായവും യാചിക്കൽ, പ്രലോഭനങ്ങളിൽ നിന്നും പിശാചുക്കളിൽ നിന്നും ഉള്ള വിടുതലിനും രക്ഷയ്ക്കും വേണ്ടിയുള്ള അപേക്ഷ. നിനക്കുവേണ്ടി നമ്മുടെ കർത്താവു് തന്റെ ദൂതൻ വഴി ചെയ്യുന്നവയും മൂന്നാണു്: പോരാട്ടത്തിനുള്ള ശക്തി; വിജയത്തിനുള്ള സഹായം; നിന്നെ പരാജയത്തിലേക്ക നയിച്ചുകൊണ്ടു് ദൈവസഹായം പിൻവലിക്കൽ.

ഇവ ഓരോന്നിനെപ്പററിയും ഞാൻ വിശദമായി വിവരിക്കാം. കാരണം ഇവയെപ്പററിയുള്ള അറിവു് അത്യന്താപേക്ഷിതമാണു്. ഇവയെപ്പററിയുള്ള അറിവു് കൂടാതെ മരണം വരെ ഏകാന്തതയിൽ കഴിയാൻ പ്രായോഗികമായി അസാദ്ധ്യമാണു്. നീ നിന്റെ മുറിയിൽ ഇരുന്നു് നിന്റെ പാപങ്ങൾക്കും അനുദിന കുറവുകൾക്കും മോചനമപേക്ഷിക്കുമ്പോൾ സംശയലേശമെന്യേ അതു നൽകപ്പെടും. കാരണം, 'ചോദിപ്പിൻ തരപ്പെടും' എന്ന കർത്തൃവാഗ്ദാനം സത്യമാണു്. ദുരാശകളുടെ മേലുള്ള വിജയത്തിനും കല്പനകളുടെ പൂർത്തീകരണത്തിനും നിന്റെ പ്രാർത്ഥനയിൽ നീ ദൈവസഹായം അപേക്ഷിക്കുമ്പോൾ അവ സത്യമായി നിനക്ക നല്കപ്പെടും. കാരണം, 'അന്വേഷിപ്പിൻ കണ്ടെത്തും' എന്ന കർത്തൃവചനം സത്യമായി വിശ്വസ്തമാണു്. അതുപോലെ, കർത്താവിന്റെ കരുണാവാതിലിൽ നീ മുട്ടിവിളിച്ചു് പിശാചുക്കളിൽനിന്നും പ്രലോഭനങ്ങളിൽനിന്നും വിടുതലും രക്ഷയും യാചിച്ചാൽ സംശയമെന്യ അതു നിനക്ക ലഭിക്കും. 'മുട്ടുവിൻ തുറക്കപ്പെടും' എന്ന മാററമില്ലാത്ത വാഗ്ദാനവചനം സത്യമാണു്. നിന്റെ പോരാട്ടത്തിലും വിശ്രമത്തിലും നിന്റെ സന്തോഷത്തിലും വേദനകളിലും നിന്റെ മുറിയിൽത്തന്നെ നീ വസിച്ചാൽ ഇവയും ഇതുപോലെയുള്ളവയും നിനക്ക ചെയ്യുവാനാകും; നിന്നിൽ നിന്നവ ആവശ്യപ്പെടുകയും ചെയ്യുന്നു. ദൈവം നിനക്കവ നൽകുക തന്നെ ചെയ്യും. നീ നിന്റെ ഏകാന്തതയിൽ വസിക്കയും വിരസതയ്ക്കും ഗ്ലാനതയ്ക്കും വശംവദനാകാതെയും ഇരുന്നാൽ അനുദിനം ഭാഗികമായി അവ നിനക്ക നൽകപ്പെടും. ശരിയായ സമയത്തു് പൂർണ്ണമായും നിനക്കതു് ലഭിക്കും. ഗ്ലാനതകൊണ്ടോ, വിരസതകൊണ്ടോ മറെറന്തെങ്കിലും നിസാരവും അനാവശ്യവുമായ കാരണംകൊണ്ടോ മാനുഷിക സംസർഗ്ഗത്തിൽ നിന്നു ലഭിക്കുന്ന ഉല്ലാസം തേടി നിന്റെ മുറിക്കു പുറത്തുപോയി തിരികെ വന്നശേഷം നിന്റെ താപസകർമ്മങ്ങൾ തുടങ്ങുന്നതുവരെ നിനക്ക സംഭവിക്കുന്നവയും നീ ചെയ്യുന്നവയും എല്ലാം ഉല്ലാസം, സംസർഗം, ഭക്ഷണപാനീയങ്ങൾ ചിരി, ലൗകിക സംബന്ധമായ വാർത്തകളും വിശേഷങ്ങളും ശ്രവിക്കൽ, പരദൂഷണം, അപവാദം ആദിയായവ—രണ്ടു കാരണങ്ങളാലാണു് സംഭവിക്കുക: നിന്റെ മനസ്സിന്റെ ബലക്ഷയം; നിന്നെ അനുഗമിക്കുന്ന പിശാചിന്റെ പ്രവർത്തനം. മറിച്ചു് നീ നിന്റെ മുറിയിൽത്തന്നെ ഇരുന്നാൽ നീ ചെയ്യുന്നവയും നിനക്ക സംഭവിക്കുന്നവയും എല്ലാം നമ്മുടെ കർത്താവിന്റെ കൃപയാൽ ആയിരിക്കും നടക്കുക. അവയിൽ ദൈവം സന്തുഷ്ടനായിരിക്കും. നിന്നെ അനുധാവനം ചെയ്യുന്ന മാലാഖ സന്തുഷ്ടനായി ദൈവത്തെ മഹത്വപ്പെടുത്തും. മർത്ത്യവും നശ്വരവുമായ ഒരു ശരീരത്തിലായിരിക്കുന്ന നീ അമ്പുകൊണ്ടെന്നപോലെ നിരവധി പീഡനങ്ങളാലും പരീക്ഷണങ്ങളാലും എല്ലാ വശത്തുനിന്നും ആക്രമിക്കപ്പെടുന്നതും, പിശാചിന്റെ ആക്രമണങ്ങളാൽ പീഡിപ്പിക്കപ്പെടുന്നതും എന്നാൽ അതേ സമയം നീ ഉപവസിക്കയും, ജാഗരിക്കുകയും, സങ്കീ

www.malankaralibrary.com



ത്തനങ്ങളാലപിക്കയും, പ്രാർത്ഥിക്കയും മുട്ടുകുത്തുകയും, സാഷ്ടാംഗം പ്രണമിക്കുകയും ചെയ്യുന്നതു കാണുന്ന ദൈവദൂതൻ നിന്റെ മുറിയിൽ നീ ചെയ്യുന്നവയിൽ എങ്ങനെ സന്തുഷ്ടനാകാതിരിക്കും? നിന്റെ കർമ്മങ്ങൾ നിമിത്തം ദൈവത്തെ മഹത്വപ്പെടുത്താതിരിക്കാനും ശ്രേഷ്ഠതപ്പെടുത്താതിരിക്കാനും അവനെങ്ങനെ കഴിയും? യഥാർത്ഥത്തിൽ അവൻ നിന്റെ പാപങ്ങളെപ്പററി നെടുവീർപ്പിടും. നിന്റെ കർത്താവിൽനിന്നും നമ്മുടെ സ്വർഗ്ഗീയ പിതാവിൽനിന്നും കരുണയാചിക്കയും ചെയ്യുക. വൃദ്ധരും മരുഭൂമിയിലെ പിതാക്കന്മാരുമായ താപസർ, യുവാക്കൾ ഏകാന്തതയിൽ നിലനില്ക്കുന്നതും നമ്മുടെ കർത്താവിനുവേണ്ടി അദ്ധ്വാനിക്കുന്നതും കണ്ടപ്പോൾ സന്തോഷിക്കയും തങ്ങളുടെ ആത്മാക്കൾക്ക് വലിയ പ്രചോദനം നേടുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും തങ്ങളുടെ അദ്ധ്വാനങ്ങളും താപസകർമ്മങ്ങളും വർദ്ധിപ്പിക്കയും ചെയ്തു. അതുപോലെ നമ്മെ ഓരോരുത്തരെയും അനുധാവനം ചെയ്യുന്ന വി. മാലാഖാ നാം ശ്രദ്ധനിയോഗത്തോടുകൂടി നമ്മുടെ മുറിയിൽ ഇരിക്കുന്നതും നമ്മുടെ കർത്താവിനെ പ്രതിയുള്ള സ്വേച്ഛാകർമ്മങ്ങളിൽ കർമ്മനിരതരായിരിക്കുന്നതും ദുർവ്വികാരങ്ങളും പൈശാചിക ആക്രമണങ്ങളും നിമിത്തം ഉണ്ടാകുന്ന പീഡനങ്ങൾ തന്റെ നാമത്തെ പ്രതി സന്തോഷത്തോടുകൂടി സഹിക്കുന്നതും കാണുമ്പോൾ നിശ്ചയമായും സന്തോഷിക്കും.

നമ്മുടെ കർത്താവ് നിനക്കുവേണ്ടി നിന്റെ മുറിയിൽ ചെയ്യുന്നവയും മൂന്നാണെന്ന് ഞാൻ പറഞ്ഞല്ലൊ. പോരാട്ടത്തിനുള്ള ശക്തി, വിജയത്തിനുള്ള സഹായം, നിന്നെ പരാജയത്തിലേക്ക് നയിക്കത്തക്കവിധം ദൈവസഹായം പിൻവലിക്കൽ. നീ നിന്റെ ഏകാന്തതയിൽ നിലനില്ക്കുകയും കർത്തൃസേവയിൽ നിമഗ്നനായിരിക്കയും ചെയ്യുമ്പോൾ നിനക്കെതിരെ പോരാടുന്ന ദുർവ്വികാരങ്ങൾക്കും, നിന്നെ ആക്രമിക്കുന്ന പിശാചിനും എതിരെയുള്ള നിന്റെ പോരാട്ടത്തിൽ നിനക്കു സഹായഹസ്തം നീട്ടിത്തരാൻ ദൈവിക അടയാളം തന്റെ ദൂതനോടു കല്പിക്കുന്നു. കാരണം, നീ ദുർവ്വികാരങ്ങളെ കീഴമർത്തുന്നില്ല. അവ നിന്നെ പരാജയപ്പെടുത്തുന്നുമില്ല. എന്നാൽ ദിവസം മുഴുവൻ നിന്റെ പോരാട്ടത്താൽ നീ പരിക്ഷീണിതനാകുന്നു. അതുവഴി നിന്റെ ദൈവസ്നേഹം പരിശോധനാവിധേയമാക്കപ്പെടുന്നു. നമ്മുടെ കർത്താവിന്റെ നേരെയുള്ള നിന്റെ സന്മനസ്സും ഏകാന്തതയുടെ ആരംഭത്തിൽ നിനക്കുണ്ടായിരുന്ന ശ്രദ്ധനിയോഗവും നിന്നെ അനുധാവനം ചെയ്യുന്ന മാലാഖായ്ക്കും നിന്നെ പീഡിപ്പിക്കുന്ന പിശാചിനും വ്യക്തമാക്കപ്പെടുന്നു. അങ്ങനെ നീ കൂടുതൽ കർത്തൃസ്നേഹമുള്ളവനായിത്തീർന്ന് ആനന്ദതുന്ദിലനാകുന്നു.

നിന്റെ പീഡനത്തിന്റെ കാരണമിതാണ്. നിന്നെ പീഡിപ്പിക്കുന്ന ദുർവ്വികാരങ്ങൾക്കെതിരായും നിനക്കെതിരെ പോരാടുന്ന പിശാചിനെതിരായും നിന്റെ മനസ്സിനെ പോഷിപ്പിച്ച് ശക്തിപ്പെടുത്താൻ മററു ചിലപ്പോൾ ദൈവിക അടയാളം ദൂതനോടു കല്പിക്കുന്നു. നിന്റെ പക്കലേക്ക് അവൻ അടുക്കുമ്പോഴേ, നിനക്കു ലഭിച്ച ദൈവിക കൃപ നിമിത്തം അവനെ ധൈര്യപൂർവ്വം ശാസിക്കാൻ നിനക്കു കഴിയുന്നു. അവൻ ഉടൻതന്നെ നിന്നിൽനിന്നോടിയകലുന്നു. പോരാട്ടത്തിന്റെ ക്ഷീണം നിനക്കുണ്ടാകയുമില്ല. നിന്റെ വിജയത്തിൽ നീ സന്തോഷിച്ചാനന്ദിക്കുന്നതിനും, മാലാഖയുടെ സഹായം നിന്നെ പ്രേരു

www.malankaralibrary.com



നുഎന്ന് നിന്റെ ഉള്ളിൽ നിനക്കനുഭവപ്പെടുന്നതിനും നീ ഏകനല്ലെന്നും ഗ്രഹിക്കാനാണ് ഇപ്രകാരം നിന്നോട് പ്രവൃത്തിക്കുന്നത്. ഇങ്ങനെ ഭാവിയിലെ പോരാട്ടത്തിനും നിനക്കു ധൈര്യം ലഭിക്കുന്നു. നീ ശക്തമായി ആയുധം ധരിപ്പിക്കപ്പെടുന്നു, വിജയത്തിന്റെ പ്രത്യാശ നിനക്കു നൽകപ്പെടുന്നു. നിന്റെ വിജയത്തിന്റെ കാരണമിതാണ്.

മററവസരങ്ങളിൽ നിന്റെ മേലുള്ള പിടി അല്പം അയയ്ക്കാൻ ദൈവികാടയാളം നിന്റെ ദൂതനോടാജ്ഞാപിക്കുന്നു. അപ്പോൾ നീ വീഴാനിടയാകുന്നു. അപ്പൻ കുഞ്ഞിനെ നടക്കാൻ പഠിപ്പിക്കുന്നതുപോലെയാണിത്. അവന്റെ തന്നെ പ്രയോജനത്തിനായി അവൻ വീഴുന്നു. ദൈവകല്പനയാലും ദൂതന്റെ ഇഷ്ടത്താലും, ദൈവിക പരിപാലനയിൽ നിനക്കിതു സംഭവിക്കുന്നു. നിന്റെ ദുഷ്ടതകൊണ്ടോ ബലഹീനത കൊണ്ടോ പിശാചിന്റെ ശക്തമായ ആക്രമണം കൊണ്ടോ അല്ല അപ്രകാരം സംഭവിക്കുന്നത്. ആബാ മക്കാരിയൂസ് പറഞ്ഞതുപോലെ രണ്ടു കാരണങ്ങളാൽ ഇതുസംഭവിക്കുന്നു: ''നാം മനുഷ്യരും ബലഹീനരുമാണെന്നറിയുവാൻ വേണ്ടി പലപ്പോഴും നാം പരിത്യക്തരാകും.' വീണ്ടും, ''നമ്മുടെ ജോലിയിൽ നമുക്കുള്ള കഴിവുപരിശോധിക്കാനായി അവൻ നമ്മെ ധാരാളമായി മുറിപ്പെടുത്തുന്നു.'' ആബാ മക്കാരിയൂസ് വ വരിക്കുന്നതുപോലെ നീ നിന്റെ മുറിയിൽ ആയിരിക്കയും പുറത്തുപോകുകയോ മാനുഷിക സമാശ്വാസം നേടുകയോ ചെയ്യാതിരിക്കയും ചെയ്യുമ്പോൾ നിന്റെ മുറിക്കുള്ളിൽ നിനക്കുണ്ടാകുന്ന വീഴ്ചയ്ക്കുള്ള കാരണങ്ങളിവയാണ്.

ആബാ ഏശയ്യാ പറയുന്നു, ''സുകൃതപാതയിൽ കെണികൾ ഉണ്ട്''. മാർ എവാഗ്രിയൂസ് പറയുന്നു, ''പാപത്തെ കീഴമർത്താൻ ആരംഭത്തിൽ നാം വേണ്ടത്ര ശക്തരല്ലെന്നു കാണുമ്പോൾ നിരാശരായി പ്രത്യാശ കൈവെടിഞ്ഞു് മുറിവ ട്ടിറങ്ങിപോകരുത്. നമ്മുടെ പോരാട്ടത്തിൽ മിക്കപ്പോഴും നാം അതിനെ കീഴമർത്തുന്നു, ചിലപ്പോൾ അതു നമ്മെയും.'' അതുകൊണ്ട് തീരുമാനങ്ങളിൽ ഉറച്ചുനില്ക്കുക. മനപ്പതർച്ചയ്ക്കു് വശംവദനാകാതിരിക്കുക, നിന്റെ തുണയ്ക്കായി ദൈവസഹായം തേടുക. കഴിവിൽപ്പെട്ട സംഗതികളെല്ലാം ചെയ്യുന്നു മനസാക്ഷിയിൽ ഉറപ്പുണ്ടായിരിക്കുക. ഇങ്ങനെയുള്ളവർക്കു ശത്രുവിനെ പരാജയപ്പെടുത്താൻ സഹായവും ശക്തിയും ലഭിക്കും. എന്നാൽ ആത്മാവ് പീഡനവിധേയമാകുമ്പോൾ പരാജയം സമ്മതിച്ച് ഓടിപ്പോകാൻ പാടില്ല, ലൗകിക സന്തോഷങ്ങളിലേക്ക് തിരികയുമരുത്. അതായത് പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കയും പീഡിപ്പിക്കപ്പെടുകയും ചെയ്യുന്ന ഏകാന്തവാസി തന്റെ മുറിവിട്ട് വിശ്രമവും ആശ്വാസവും ഉല്ലാസവും തേടാൻ പാടില്ല. ഇതിനെ ആശ്രയിച്ചാണ് ദൈവസഹായം ലഭിക്കുക. ദൈവിക അനുവാദത്താൽ കാലിടറി കുറവുകൾക്കടിപ്പെട്ടാൽപോലും തന്റെ മുറിയിൽത്തന്നെ സ്ഥിരമായി കഴിയണം. കർത്തൃകല്പനാനുസൃതം തന്നെ അനുധാവനം ചെയ്യുകയും നയിക്കുകയും ചെയ്യുന്ന ദൂതനിൽ തന്റെ ആത്മാവിനെ ഭാരമേല്പിക്കണം. പോരാട്ടത്തിനു ശക്തി ലഭിക്കാതിരുന്നാൽ പോലും മുറിവിട്ടിറങ്ങരുത്. പിതാക്കന്മാർ പറയുന്നതുപോലെ വിജയാവസരങ്ങളിലും, ദൈവസഹായം പിൻവലിക്കപ്പെട്ട് വീണ് പരാജയപ്പെടുന്ന അവസരങ്ങളിലും ഒരിക്കലും മുറിയിൽനിന്നു് പുറത്തിറങ്ങരുത്. മിശിഹായുടെ നാമത്തെപ്രതി നിന്റെ മുറിയിൽത്തന്നെആയിരുന്നു് തന്റെ കല്പനകൾ പൂർത്തി

www.malankaralibrary.com



യാക്കുന്നതിൽ നീ ശ്രദ്ധാലുവായിരിക്കുമ്പോൾ നിന്റെ ആത്മീയനന്മയ്ക്കായി ദൈവം ഒരുക്കുന്നവയാകയാൽ നിനക്കുണ്ടാകുന്ന വിജയത്തിലും പരാജയത്തിലും സാധിക്കുമെങ്കിൽ ഒരുപോലെ സന്തോഷിക്കുക. എന്നാൽ നീ ബലഹീനനായി പരാജയം സമ്മതിച്ച് നിന്റെ മുറിയിൽ നിന്നു പുറത്തുപോയാൽ, നീ മരിച്ചവരെ ഉയർപ്പിച്ചാൽപോലും നീ സന്തോഷിക്കേണ്ട. രാജാവിനുവേണ്ടി പോരാടുന്ന പോരാളിയേപോലെയാണ് നീ. അവൻ വെട്ടിയാലും വെട്ടപ്പെട്ടാലും വീണാലും വിഴ്ത്തിയാലും വിജയിച്ചാലും പരാജയപ്പെട്ടാലും, രണാങ്കണത്തിലായിരിക്കുന്നിടത്തോളംകാലം ഇവയെല്ലാം മഹത്വം നൽകി അവനെ കിരീടം അണിയിക്കും. എന്നാൽ പരിക്ഷീണിതനായി മനസു തളർന്ന് യുദ്ധമുന്നണിയിൽനിന്നോടിപ്പോയാൽ, അനേകം സദ്പ്രവൃത്തികൾ ചെയ്താലും, അവൻ മരണ വിധേയനാണ്. ദുരാശകൾക്കും പിശാചിനുമെതിരെ പോരാടി തന്റെ മുറിയിൽ സ്ഥിരമായിരിക്കുന്ന ഏകാന്തവാസിയും ഇതുപോലെയാണ്. അവൻ ജയിച്ചാലും പരാജിതനായാലും, വീണാലും എഴുന്നേററാലും ഇവയെല്ലാം അവനെ മഹത്വകിരീടം ധരിപ്പിക്കും, എന്നാൽ അവൻ പരിക്ഷീണിതനായി മനസു തളർന്ന് തന്റെ മുറിവിട്ടിറങ്ങിയാൽ, സുകൃതകർമ്മങ്ങൾ എന്നു കരുതപ്പെടുന്ന അവന്റെ പ്രവൃത്തികളെല്ലാം തന്നെ ശിക്ഷാവിധിക്കും കുററാരോപണത്തിനുമായിത്തീരും. അവൻ പിശാചുക്കളുടെ നടപ്പാതയായിരിക്കും. അവന്റെ ഓഹരി അവരോടൊപ്പമായിരിക്കും.

എന്നാൽ പിതാക്കന്മാരുടെ കല്പനയോടും അനുവാദത്തോടുംകൂടെ പ്രത്യേക കാര്യത്തിനായി പ്രത്യേകസമയത്ത് നീ നിന്റെ മുറിവിട്ടിറങ്ങി നിശ്ചിത കർമ്മം ചെയ്യുക. അതിനുശേഷം തിരികെ നിന്റെ മുറിയിൽ എത്തുക. ഇതു തീർച്ചയായും നിന്റെ മുറിയിലെ ഏകാന്തതയിൽ ഇരിക്കുന്നതിനുള്ള ശക്തി നിനക്കു നൽകുന്ന ഒരു ആത്മീയ കാര്യമാണ്. എന്നാൽ ക്ഷീണംകൊണ്ടോ പൈശാചിക ആക്രമണങ്ങളുടെ ഫലമായോ അനുവാദം കൂടാതെ നീ നിന്റെ മുറിവിട്ടിറങ്ങി എന്തെങ്കിലും ചെയ്യാനാഗ്രഹിച്ചാൽ, അതു പരാജയമായി പരിഗണിക്കപ്പെടും; നീ ശിക്ഷിക്കപ്പെടുകയും ചെയ്യും.

## ഭാഗം 5

# മാർ ദാദീശോയുടെ ചില പ്രബോധനങ്ങൾ

ഭാഗ്യവാനായ ദാവീദ് സംഗീതശൈലിയാണ് തന്റെ സങ്കീർത്തനങ്ങൾ രചിച്ചത്. അതുപോലെ ഞാനും നിന്റെ പ്രയോജനത്തിനായി ചില ഉപദേശങ്ങൾ ആ ശൈലിയിൽതന്നെ രചിക്കാം. നിന്റെ സന്തോഷാവസരങ്ങളിൽ അവ വായിച്ച് നിന്റെ ആത്മാവിന്റെ വരനെ പ്രസാദിപ്പിക്കാൻ നിനക്ക് കഴിയും. നിനക്ക് വിരസത തോന്നുമ്പോൾ അവ ഉരുവിട്ട് ആത്മചൈതന്യം നേടുക. ഞാൻ "ദാരിദ്ര്യം" കൊണ്ടു തുടങ്ങുന്നു. നീതിപാതയുടെ ആരംഭം അതാണല്ലോ. നിന്റെ സ്വർഗ്ഗപ്രവേശനവും സ്വർഗ്ഗരാജ്യത്തിൽ നമ്മുടെ കർത്താവിനോടുകൂടിയുള്ള ജീവിതവും കൊണ്ട് ഞാൻ അവസാനിപ്പിക്കാം. നിന്റെ എല്ലാ പ്രവർത്തനങ്ങളുടെയും അന്ത്യവും പ്രതിഫലവും ഇതാണല്ലോ.

www.malankaralibrary.com



നമ്മുടെ കർത്താവിനെ പ്രതി എല്ലാം ഉപേക്ഷിക്കുക
അവിടുത്തെ നിക്ഷേപങ്ങളെ പ്രതി ദരിദ്രനായിരിക്കുക
അവിടുത്തെപ്രതി എന്നും ഉപവസിക്കുക
അവിടുത്തെ പടിവാതില്ക്കൽ കൂടെക്കൂടെ ജാഗരണം നടത്തുക
അവിടുത്തെ തിരുമുമ്പിൽ തൻെറ സങ്കീർത്തനങ്ങൾ ആലപിക്കുക
അവിടുത്തെ വിളിച്ചപേക്ഷിച്ചു പ്രാർത്ഥിക്കുക.
അവിടുത്തെ തിരുമുമ്പിൽനിന്നു് അവിടുത്തെ സേവനത്തിനായി നിൻെറ കരങ്ങൾ സജ്ജമാക്കുക.

കരഞ്ഞു് കവിളിൽക്കൂടി കണ്ണീരൊഴുക്കുക; അവിടുത്തെ പ്രതി നിൻെറ നെഞ്ചത്തടിക്കുക.
അനുതപിച്ചു് നിൻെറ പാപങ്ങളെ പ്രതി നെടുവീർപ്പിടുക
അവിടുത്തോടു് കൃപയും കരുണയും യാചിക്കുക
നിൻെറ തെററുകുററങ്ങളെക്കുറിച്ചു് ദുഃഖവും അനുതാപവും കാണിക്കുക
അവിടുത്തെ സ്നേഹനിർഭരമായ കാരുണ്യത്തോടു് മാപ്പപേക്ഷിക്കുക
തുടരെത്തുടരെയുള്ള നിരവധി സാഷ്ടാംഗ പ്രണാമങ്ങളാൽ നിൻെറ നടുവു് കുനിക്കുക,
പരിശുദ്ധാത്മാവിൻെറ മാധുര്യഗീതങ്ങൾ അവിടുത്തെ മുമ്പിൽ ആലപിക്കുക
തുടരെത്തുടരെയുള്ള സുദീർഘമായ
ദണ്ഡനമസ്കാരങ്ങളാൽ നിൻെറ നെററി മുട്ടുവരെ കുനിക്കുക.
തുടരെത്തുടരെയുള്ള സാഷ്ടാംഗപ്രണാമങ്ങളാൽ തൻെറ കുരിശിൻെറ മുമ്പിൽ നിൻെറ തല തറയിൽ സ്പർശിക്കുക.
പരിശുദ്ധാത്മാവിൻെറ സങ്കീർത്തനങ്ങൾ മനസ്സിലാക്കി അവിടുത്തെ മുമ്പാകെ ആലപിക്കുക.
നമ്മുടെ കർത്താവു് നമ്മെ പഠിപ്പിച്ച പ്രാർത്ഥന വിചിന്തനത്തോടുകൂടി അവിടുത്തെ തിരുമുമ്പിൽ ഉരുവിടുക.
നിൻെറ ചിന്തകൾ ഏകാഗ്രമാക്കുക,
കർത്താവിനെ മാത്രം ചിന്തിക്കുക.
നിൻെറ ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുക.
നിൻെറ ചിന്തകൾക്ക കടിഞ്ഞാണിടുക.
വൈകുന്നേരം ഉപവസിക്കുക,
ഭോജനപ്രിയം പരിശീലിക്കരുതു്.
നിൻെറ ആഹാരത്തിൽ കുറെ നിയന്ത്രണം വയ്ക്കുക;
നിൻെറ വികാരങ്ങളെ കുറെയൊക്കെ നിയന്ത്രിക്കാൻ നിനക്കു് കഴിയും.

നിൻെറ നിദ്രയ്ക്കു് കുറെ നിയന്ത്രണം വയ്ക്കുക,
നിൻെറ സ്വപ്നങ്ങളെ കുറെയൊക്കെ നിയന്ത്രിക്കാൻ നിനക്കു് കഴിയും.
നിൻെറ സംസാരത്തിൽ കുറെ നിയന്ത്രണം വയ്ക്കുക,
നിൻെറ ക്രോധം കുറെയൊക്കെ നിയന്ത്രിക്കാനാവും.
സങ്കീർത്തനമാലപിച്ചുകൊണ്ടു് തറയിൽ പായു് വിരിച്ചുറങ്ങുക
നിദ്രാധീനനാകുന്നതുവരെ നമ്മുടെ കർത്താവിൽ നിൻെറ ശ്രദ്ധ കേന്ദ്രീകരിക്കുക.
പാവപ്പെട്ടവരെ സഹായിക്കാനായി നിൻെറ കൈകൾകൊണ്ടു് അധ്വാനിക്കുക.

www.malankaralibrary.com



വായനയെ നിന്ദിക്കരുത്;
ധ്യാനം ഉപേക്ഷിക്കയുമരുത്;

നീണ്ട ഏകാന്തതയെ സ്നേഹിക്കുക.
ധാരണയോടു കൂടിയ ഏകാന്തതയെ[2] കാംക്ഷിക്കുക.

നിന്റെ മുറിക്കു ചുററും അലഞ്ഞു നടക്കരുത്
നിന്റെ ചിന്തകൾ പതറി നടക്കുകയുമരുത്

എന്റെ മകനേ, നിന്റെ വാക്കിനെ നിയന്ത്രിക്കുക
നീ അവമാനവും ലജ്ജയും ഏല്ക്കേണ്ടി വരികയില്ല

നമ്മുടെ കർത്താവിനെപ്പോലെ സ്വയം വിനീതനാവുക;
അവിടുത്തെപ്പോലെ നീയും ഉയർത്തപ്പെടും.

അവിടുത്തേപ്പോലെ സ്വയം താഴ്ത്തുക, തന്റെ മഹത്വത്തിൽ
നീ അവിടുത്തെ സഖിയായിരിക്കും.

നിന്നെ പാപത്തിന്റെയും, പിശാചിന്റെയും ദാസ്യത്തിൽ
നിന്നു രക്ഷിപ്പാനും തന്റെ കർതൃത്വത്തിലും തന്റെ
രാജ്യത്തിലും നിന്നെ ഭാഗഭാക്കാക്കാനും നമ്മുടെ
കർത്താവു് തന്റെ ദാസന്മാരുടെയും ശിഷ്യന്മാരുടെയും
ദാസനായി. അതുപോലെ നിന്റെ പിതാക്കന്മാർക്കും
സഹോദരന്മാർക്കും, സഹപ്രവർത്തകർക്കും നീ ദാസനായിരിക്കുക.

മിശിഹായുടെ കല്പനകൾ പാലിക്കുക;
തന്റെ സന്തോഷത്തിൽ നിന്റെ ഹൃദയം ആനന്ദിക്കും
തന്റെ സ്നേഹത്തിൽ നിന്റെ ആത്മാവു് ആമോദിക്കും
തന്റെ ജ്ഞാനത്താൽ നിന്റെ മനസ്സു് പ്രകാശിതമാകും.

സങ്കീർത്തകൻ പറയുന്നു, ''കർത്താവിന്റെ കല്പനകൾ ചൊവ്വുള്ളവയും വിശ്വസ്തതാപൂർവ്വം ആചരിക്കുന്നവരുടെ ഹൃദയത്തെ സന്തോഷിപ്പിക്കുന്നവയുമാണു്. കർത്താവിന്റെ കല്പന നിർമ്മലവും മാനസിക നയനങ്ങളെ പ്രകാശിപ്പിക്കുന്നതുമാണു്.'' കർതൃസ്നേഹത്താൽ അതു് ആനന്ദിക്കും. കൃപയുടെ പ്രകാശത്താൽ അതു് പ്രകാശിതമാകും. നിന്റെ സഹോദരന്മാരെ നിന്നെപ്പോലെ സ്നേഹിക്കുക, ജീവൻ നിറഞ്ഞ തന്റെ സുവിശേഷത്തിൽ നമ്മുടെ കർത്താവു് നമ്മെ പഠിപ്പിച്ചതുപോലെ നിന്നെക്കാൾ കൂടുതലായി നിന്റെ കർത്താവിനെ സ്നേഹിക്കുക.

നല്ലവനും വിനീതനും ദയാലുവും സഹതാപമുള്ളവനും ആയിരിക്കുക; സമാധാനവും ശാന്തതയും വിനയവും താഴ്മയും സമ്പാദിക്കുക.

പിതാവായ ദൈവത്തിലും മിശിഹായിലും പരിശുദ്ധാത്മാവിലും വിശ്വസിക്കുക. അവനിൽ ശരണപ്പെടുക; അവിടുത്തെ വാഗ്ദാനങ്ങൾ വിശ്വസിക്കയും ഉറപ്പിക്കയും ചെയ്യുക.

2 Solitude of understanding

www.malankaralibrary.com



നിന്റെ അയല്ക്കാരോട് സഹതാപം കാട്ടുക; നിന്റെ സഹോദരങ്ങളുടെ തെററുകുററങ്ങൾ ക്ഷമിക്കുക.

വേദനകളെയും എളിമപ്പെടുത്തലുകളെയും സ്നേഹിക്കുക; നിനക്ക് വിശ്രമവും മഹത്വവും ലഭിക്കും.

ശാരീരിക ശുദ്ധതയെ സ്നേഹിക്കുക, ഹൃദയനൈർമല്യം പരിപോഷിപ്പിക്കുക.

നീ ദൈവത്തെ കാണും; മിശിഹായുടെ മഹത്വം സ്വായത്തമാക്കുകയും ചെയ്യും.

പരീക്ഷണങ്ങളിൽ ധൈര്യവാനായിരിക്കുക; നിന്റെ വേദനകളിലും, പീഡനങ്ങളിലും സഹനശക്തി കാട്ടുക.

ഞായറാഴ്ചവരെ നിന്റെ മുറി വിട്ടു പുറത്തിറങ്ങരുത്.
നിന്നോടുള്ള സ്നേഹത്തെപ്രതി ഞാനപേക്ഷിക്കുന്നു
ആഴ്ചയുടെ മധ്യത്തിൽ മുറിവിട്ടിറങ്ങിപ്പോകരുത്.

ആഴ്ചയുടെ മധ്യത്തിൽ പുറത്തുപോകരുതെന്ന്
നിന്റെ സ്നേഹത്തോട് ഒരിക്കൽകൂടി ഞാനപേക്ഷിക്കുന്നു.
ഏകാന്തതയുടെ ശക്തി നിന്നിൽ വസിക്കും; അതിന്റെ
സന്തോഷത്തിൽ നിന്റെ മനസ് ആനന്ദിക്കും.

ജ്വലിക്കുന്ന വികാരങ്ങളെയും പിശാചു് ഉളവാക്കുന്ന
വിരസതയെയും കുറിച്ചു കരുതലുള്ളവനായിരിക്കുക.

ധാരണയോടുകൂടി അദ്ധ്വാനിക്കുക;
വിചിന്തനാപൂർവ്വം പ്രവർത്തിക്കുക.

നിന്റെ അദ്ധ്വാനം കുറയ്ക്കുകയോ നിനക്ക് കഴിയുന്നതിലും കൂടുതൽ ചെയ്യുകയോ അരുത്. നീ വീമ്പടിച്ച് അവസാനം വിരസത തോന്നി നിന്റെ മുറ വിട്ടിറങ്ങിപ്പോകാനിടയാകും.

അശുദ്ധ വികാരങ്ങളെ നിന്നിൽ നിന്നകററുക; വ്യഭിചാരം എന്ന പിശാചിന്റെമേൽ കാർക്കിച്ചു തുപ്പുക.

നിന്റെ സഹോദരനെതിരെ കോപാകുലനാകരുത്;
നിന്റെ സഹജീവിക്കെതിരെ കോപിഷ്ഠനാകരുത്.
നിന്നെയും നിന്റെ സഹോദരനെയും വെറുക്കുന്ന പിശാചിനെതിരെ ക്രുദ്ധനാകുക.

പിശാചിന്റെയും നിശാസന്തതികളുടെയും ഭയപ്പെടുത്തലുകളെ ഭയക്കരുത്. പകലിൽ നിനക്കുണ്ടാകുന്ന മ്ലാനതയെ പേടിക്കയുമരുത്.

ദൈവദൂഷണത്തിന്റെയും ഗർവിന്റെയും ദുഷ്ടാത്മാപിയെ ഭയപ്പെടരുത്. പിന്നെയോ കവിണകൊണ്ട് ഒരു കല്ല് അവന്റെ നേർക്കെറിയുക: ദുഷ്ടനും ദൈവദൂഷകനുമായ പിശാചേ, നിന്റെ ദൈവദൂഷണം നിന്റെ തലമേൽതന്നെ പതിക്കട്ടെ. 'നിന്റെ

www.malankaralibrary.com



ദുഷ്ടതയും അന്യായവും ദൈവദൂഷണവും നിന്റെ മേൽ തന്നെ ആയിരിക്കട്ടെ' എന്ന് സങ്കീർത്തകൻ പറയുന്നു (7:16). ദുഷ്ടനും അഹങ്കാരിയും ദൈവദൂഷകനുമായ പിശാച് ശപിക്കപ്പെടട്ടെ; നമ്മുടെ കർത്താവായ മിശിഹാ വാഴ്ത്തപ്പെടട്ടെ; തന്റെ ദാസനായ ഞാൻ അവനിൽ ആമോദിക്കട്ടെ.'

വ്യർത്ഥാഭിമാനത്തെയും അതിന്റെ പ്രലോഭനങ്ങളുടെ വ്യർത്ഥ സന്തോഷത്തേയും ഭയപ്പെടുക; നിന്റെ അദ്ധ്വാനം വ്യർത്ഥമാകില്ല; നിന്റെ സമ്പാദ്യം തുളയുള്ള പണസഞ്ചി മാത്രവുമാകില്ല.

നിന്നെ കഠിന ഹൃദയനാക്കുന്ന ധനതൃഷ്ണയെ ഭയപ്പെടുക. അതിന്റെ കെണിയിൽ നീ വീണുപോകില്ല; അതിന്റെ വലയിൽ നീ കുടുങ്ങിപ്പോകയുമില്ല.

നിന്നെ സിംഹത്തിനിരയാക്കുന്ന ദുഃഖത്തെയും അതൃപ്തിയെയും പ്രത്യേകിച്ച് ഭയപ്പെടുക. അതു നിന്റെ കർമ്മങ്ങളെ പിച്ചിച്ചീന്തില്ല; നിന്റെ മുറിയിൽ നിന്ന് ലജ്ജാകരമാംവിധം നിന്നെ പുറത്തു ചാടിക്കയില്ല.

വിഷാദത്തിന്റെയും വിരസതയുടെയും പിശാചിന് ഇടം കൊടുക്കരുത്. അത് നിന്നെ നിന്റെ മുറിയിൽ നിന്ന് പുറത്തു ചാടിച്ച് നിന്നെ നോക്കി പല്ലിളിക്കും.

ശാന്തനായ നമ്മുടെ കർത്താവിന്റെ തിരുമുമ്പിൽ കരഞ്ഞ് അനുതാപത്തിന്റെ കണ്ണീർ പൊഴിക്കുക. അവിടുന്ന് നിന്നെ ശ്രവിച്ച് നിനക്കാനന്ദം തരും; വിഷാദത്തിൽ നിന്നു നിന്നെ വിടുവിക്കും.

നിന്റെ സഹോദരനെതിരെ നീ വിധിപറയരുത്; അവന്റെ കുറവുകളെപ്പററി ചിന്തിക്കുകയോ അവയെ വിശകലനം ചെയ്യുകയോ അരുത്. അവനെതിരെ ദൂഷണം പറഞ്ഞ് നിന്റെ നാവ് മലിനമാക്കരുത്. സഹോദരനെതിരെ സംസാരിക്കുന്നവരെ നീ ശ്രദ്ധിക്കരുത്. നിന്റെ സഹോദരങ്ങളെയും സഹപ്രവർത്തകരെയും നിന്റെ ചിന്തയിൽ നീ നിന്ദിക്കരുത്. നിന്നെ കളിയാക്കുകയും നിന്നെ ചവിട്ടിമെതിക്കുകയും ചെയ്യുന്ന പിശാചിന്റെ കൈകളിൽ നീ അകപ്പെടുകയില്ല.

ക്രൂരവും നിന്ദ്യവുമായ പ്രലോഭനമാണ് നൈരാശ്യം. അതിനെ ഭയപ്പെടുക. അതു നിന്നെ നിന്റെ മുറിയിൽ നിന്ന് വലിച്ചിഴച്ച് നാശത്തിന്റെ കുഴിയിലേക്കെറിയുന്നു.

നിന്റെ ചിന്തകളും നിന്റെ പോരാട്ടങ്ങളും നിന്റെ പരീക്ഷണങ്ങളും നിന്റെ പിതാക്കന്മാരെ അറിയിക്കുക. അവരുടെ പ്രാർത്ഥനകളാൽ നിന്റെ ആത്മാവ് വിടുവിക്കപ്പെടും; അവരുടെ ഉപദേശങ്ങളാൽ നീ പ്രകാശിതനാകും. അവരുടെ വാക്കുകൾ നിന്നെ സമാശ്വസിപ്പിക്കും; നീ സന്തുഷ്ടനായിത്തീരുകയും ചെയ്യും. അവരുടെ ഉപദേശം പിൻചെന്ന് അവരുടെ പ്രബോധനമനുസരിച്ച് ജീവിച്ചാൽ ദുരാശകളെയും ദുഷ്ടപിശാചുക്കളെയും ജയിക്കാൻ നിനക്ക് സാധിക്കും. ശാന്തത നിന്നെ കൈവിടുകയില്ല.

www.malankaralibrary.com



പരിശുദ്ധരും ആത്മീയരുമായ പിതാക്കന്മാർ പറയുന്നതെന്തെന്നും, അവർ എപ്രകാരം നിന്നിൽ പ്രത്യാശ ഉളവാക്കുന്നെന്നും നിന്റെ ഹൃദയത്തെ ആശ്വാസംകൊണ്ട് നിറയ്ക്കുന്നെന്നും ശ്രദ്ധിക്കുക: 'മുറിക്കുള്ളിൽ സഹോദരന്റെ ഏകാന്തവാസം കാരാഗൃഹവാസത്തിന് തുല്യമാണ്. എന്നാൽ അവിടെ അവൻ ക്രിസ്തുവിനെ സദാ അനുസ്മരിക്കുന്നു; അവന്റെ തിരുഹിതം എപ്പോഴും നിറവേറുന്നു.' ഞാൻ കാരാഗൃഹത്തിലായിരുന്നു; നീ എന്നെ വന്നുകണ്ട് സന്ദർശിച്ചു' എന്ന വിശുദ്ധ ലിഖിത വാക്യം (മത്താ. 25:36) ഇതിൽ പൂർത്തീകരിക്കപ്പെടുന്നു.

പ്രിയ സഹോദരാ, ശ്രദ്ധിച്ചു മനസ്സിലാക്കുകയും നന്നായി ചിന്തിക്കയും ചെയ്യുക. ബുദ്ധിമാനായിരിക്കുക. പിതാവായ ദൈവം നിന്നോടുകൂടെ വസിക്കുന്നെന്നും ക്രിസ്തു നിന്നെ അനുധാവനം ചെയ്യുന്നെന്നും പരിശുദ്ധാത്മാവ് നിന്റെ മുറി പവിത്രീകരിക്കുന്നെന്നും ഉറപ്പായി കരുതുക.

സഹോദരാ, സ്വർഗ്ഗീയ രാജാവും മഹത്വത്തിന്റെ കർത്താവുമായ നമ്മുടെ കർത്താവീശോമിശിഹായുടെ വലത്തുഭാഗത്ത് ന്യായവിസ്താരസ്ഥലത്ത് നില്ക്കുമ്പോൾ നീ ഭാഗ്യവാനായിരിക്കും. മാലാഖമാരുടെയും വിശുദ്ധരുടെയും മുൻപാകെ അവിടുന്ന് തന്റെ സജീവ വചസുകൾ നിന്നോടുച്ചരിക്കും. അതു നിന്നെ ആനന്ദതുന്ദിലനാക്കും. ''എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ഞാൻ നിന്റെ മുറിയിൽ കാരാഗൃഹത്തിലായിരുന്നു, നീ എന്റെ പക്കലേക്കു വന്നു. അതുകൊണ്ട് നീ എന്നോടുകൂടെ സ്വർഗ്ഗത്തിലേക്കു കരേറി, എന്നോടുകൂടെ സ്വർഗരാജ്യത്തിൽ വസിക്കുക.''

കർത്താവിൽ പ്രിയനേ, മെട്രിക്കൽ ശൈലിയിൽ ഈ ഉപദേശങ്ങൾ ഞാൻ രചിച്ചു. നിന്റെ സന്തോഷാവസരങ്ങളിൽ നീ അവ വായിച്ചുരുവിട്ട് ഹൃദിസ്ഥമാക്കുക, എന്നാൽ പിശാചുക്കൾ തങ്ങളുടെ പോരാട്ടം വഴി നിന്നെ പീഡിപ്പിക്കുമ്പോൾ അവ പാടി സമാശ്വസിക്കുക. നിന്റെ പ്രത്യാശയിൽ നിന്റെ ആത്മാവു സന്തോഷിക്കും. നീ നിന്റെ മുറിയിലായിരിക്കുന്ന ആഴ്ചകൾ മുഴുവൻ ശ്രദ്ധാപൂർവ്വം ഈ നിർദേശങ്ങൾ അനുസരിക്കുക.

വിശുദ്ധ ദിവസമായ ഞായറാഴ്ചയോടുള്ള ബഹുമാനാർത്ഥവും ജീവദായകമായ കുദാശ സ്വീകരിക്കുന്നതിനുവേണ്ടിയും ഒന്നിച്ചുകൂടാൻ മണിയടിക്കുന്നതിനുമുമ്പ് നിന്റെ കാര്യങ്ങൾ ക്രമപ്പെടുത്തി, വാതിലടച്ച്, ഒരു മണിക്കൂർ സമയം നിന്റെ മുറിയിലിരുന്ന്, നിന്റെ ഉള്ളിലേക്കിറങ്ങി ധ്യാനിക്കുക. നീ നിന്റെ മുറിവിട്ടിറങ്ങി വഴിയിലായിരിക്കുമ്പോഴും, ആശ്രമത്തിലായിരിക്കുമ്പോഴും തിരികെ വരുന്നതുവരെ നിന്റെ ആന്തരികവും ബാഹ്യവുമായ ഇന്ദ്രിയങ്ങളെ എപ്രകാരം പാപക്കറകളിൽ നിന്നു വിമുക്തമാക്കാം എന്നതിനെപ്പററി ചിന്തിക്കുക. മണിയടിച്ചാലുടൻ ഭയഭക്തി ബഹുമാനാദരവുകളോടെ നിന്റെ ആത്മാവിനെ ഉണർത്തി കുരിശിനുമുമ്പിൽ മുട്ടുകുത്തി സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ട് ശ്രദ്ധാപൂർവ്വം മനസിലാക്കി കർതൃപ്രാർത്ഥന ഇപ്രകാരം ചൊല്ലുക:

''സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, ഞങ്ങളുടെ കർത്താവേ, രാപകൽ അനുസ്യൂതം മനപ്പതർച്ച കൂടാതെ നിന്റെ നാമം വിശുദ്ധീ

www.malankaralibrary.com



കരിക്കാനും ശ്രേഷ്ഠമാക്കാനും, ഉന്നതപ്പെടുത്താനും ഞങ്ങളെ യോഗ്യരാക്കണമെ. നിന്റെ കൃപയാൽ സ്വർഗ്ഗത്തിലും ഭൂമിയിലും, നിന്റെ രാജ്യത്തിനും നിന്റെ ദർശനത്തിനും നിന്റെ സ്നേഹത്തിനും നിന്റെ ഏകജാതന്റെയും, പരിശുദ്ധാത്മാവിന്റെയും സ്നേഹത്തിനും ഞങ്ങളെ യോഗ്യരാക്കണമെ. ഞങ്ങളുടെ അനുദിനാഹാരം ഇന്നു ഞങ്ങൾക്കു തരണമെ. നിന്റെ ദയയാൽ ഞങ്ങളുടെ പാപങ്ങളും കുറവുകളും ക്ഷമിക്കണമേ. നിന്റെ കല്പന അനുസരിച്ചും തിരുഹിതം അനുസരിച്ചും പരസ്പരം സ്നേഹിക്കാൻ ഞങ്ങൾക്കു ശക്തി നൽകണമെ. നിന്റെ സഹായം കൂടാതെ പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ. നിന്റെ കൃപയാൽ പിശാചുക്കളിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തെന്നാൽ എന്നേക്കും പിതാവും പുത്രനും പരിശുദ്ധാത്മാവുമേ, നിന്റെ രാജ്യവും നിന്റെ പരിശുദ്ധാത്മശക്തിയും സ്വർഗ്ഗത്തിലും ഭൂമിയിലും നിന്നെ ശ്രേഷ്ഠതപ്പെടുത്താൻ ഞങ്ങളെ ശക്തരാക്കുന്ന സ്തുതിയും ഞങ്ങൾക്കു തരുന്നതിനുള്ള ശക്തി നിനക്കുള്ളതാകുന്നു. ആമ്മേൻ''

ഇതിനുശേഷം എഴുന്നേററ് കുരിശിനെ ആലിംഗനം ചെയ്ത് നമ്മുടെ കർത്താവിനെ ചുംബിക്കുക. പിന്നീട് പത്തു സാഷ്ടാംഗപ്രണാമം ചെയ്യുക. ഞാൻ നിന്നോട് പറയാൻ പോകുന്നത് ഉറപ്പായി വിശ്വസിക്കുക. സൂര്യൻ ആകാശത്തിലും കുരിശുരൂപം ഭിത്തിയിലും ആണെങ്കിലും, കുരിശിന്റെ പ്രകാശം നിന്റെ നയനങ്ങൾ കാണുകയും സൂര്യപ്രകാശമടിക്കുമ്പോൾ നിന്റെ ചുണ്ടുകൾ കുരിശിന്റെ ചൂട് അനുഭവിക്കുകയും ചെയ്യുന്നു. നീ ആ കുരിശുരൂപത്തോടു പ്രാർത്ഥിക്കുകയും അതിനെ ചുംബിക്കയും ചെയ്യുന്നു. ഭാഗ്യവാനായ പൗലോസിന്റെ പ്രബോധനമനുസരിച്ച് നമ്മുടെ കർത്താവായ മിശിഹായുടെ മനുഷ്യത്വം ശാരീരികമായി മഹത്വത്തിന്റെ സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്നെങ്കിലും അവിടുത്തെ ശക്തിയും മഹത്വവും പ്രവർത്തനവും ആധിപത്യവും കുരിശിലുണ്ട്. നീ നമ്മുടെ കർത്താവിനെത്തന്നെയാണ് ചുംബിക്കുന്നതും സ്നേഹപൂർവ്വം ആലിംഗനം ചെയ്യുന്നതും. ''ഉന്നതത്തിൽ വസിക്കയും ആഴത്തെ സൂക്ഷിച്ചുനോക്കുകയും ചെയ്യുന്ന നമ്മുടെ കർത്താവീശോമിശിഹായെപ്പോലെ ആരുണ്ട്? എന്നും എഴുതപ്പെട്ടിരിക്കുന്നു (സങ്കീ. 13:5–6). സ്വർഗ്ഗത്തിലും കുരിശിലും എന്നാണതിന്റെയർത്ഥം.

നിന്റെ മുറിയിൽ നിന്നു പുറത്തിറങ്ങി പുറത്തെ കതകടച്ച് അല്പനേരം അവിടെ നില്ക്കുക. സ്വർഗ്ഗത്തിലേയ്ക്ക് നിന്റെ കണ്ണുകളും ചിന്തകളും കരങ്ങളും ഉയർത്തി ഇപ്രകാരം പ്രാർത്ഥിക്കുക: ''ഞങ്ങളുടെ കർത്താവീശോമിശിഹായേ, എന്റെ ഹൃദയം ദുഷ്കാര്യങ്ങളിലേക്ക് ചായാതിരിപ്പാനും ഞാൻ ദുഷ്പ്രവൃത്തികൾ ചെയ്യാതിരിപ്പാനുമായി എന്റെ വായ്ക്ക് കാവൽക്കാരനെയും എന്റെ അധരങ്ങൾക്കു സൂക്ഷിപ്പുക്കാരനെയും നിയമിക്കണമെ'' (സങ്കീ 141:3–4).

നിന്റെമേലും നീ പോകുന്ന വഴിമേലും കുരിശടയാളം വരയ്ക്കുക. എന്നിട്ട് ''കർത്താവേ, നിന്റെ ചെവി എന്നിലേക്കുതിരിച്ച് എന്നെ ശ്രവിക്കണമെ'' എന്നു് ശാന്തമായും നിശബ്ദമായും ഉരുവിട്ടുകൊണ്ട് ആശ്രമത്തിലേക്ക് നടക്കുക. വഴിയിൽ ഇടംവലം നോക്കാതെ മുമ്പോട്ടുനോക്കി പോകുക; മുമ്പോട്ട് ഒന്നോ ഏറിയാൽ രണ്ടോ മുഴം നീള

www.malankaralibrary.com



ത്തിൽമാത്രം നോക്കാൻ പരിശീലിക്കുക. പരിപാവനമായ ഞായറാഴ്ച രാത്രിയും പകലും, ശുശ്രൂഷയിലുള്ള നിന്റെ വിനീതമായ നിലപാടിലും, പ്രാർത്ഥനയിലുള്ള ശുഷ്ക്കാന്തിയിലും, ഭക്ഷണമേശയിലെ നിശബ്ദതയിലും നിന്നെ ദർശിക്കുന്നവർക്ക് നല്ല മാതൃകയായിരിക്കുക. നിന്റെ പിതാക്കന്മാരുടെയും സഹോദരന്മാരുടെയും സുകൃതങ്ങളിൽനിന്ന് സന്മാതൃകകൾ സ്വീകരിക്കുക. എന്നാൽ അവരിലാർക്കെങ്കിലും എന്തെങ്കിലും കുറവുകൾ ഉണ്ടെങ്കിൽ കണ്ണടച്ചുകളയുക, അവയെപ്പറ്റി വിഷമിക്കയുമരുത്.

ശാന്തമായി നിന്റെ മുറിയിൽ തിരിച്ചെത്തിയശേഷം ഞാൻ മുകളിൽ വിവരിച്ചതുപോലെ, കുരിശുരൂപത്തിന്റെ മുമ്പിൽ താണുവീണ് സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ട് കർതൃപ്രാർത്ഥന ചൊല്ലുക. നിന്റെ സ്വന്തവാചകത്തിലും നന്ദിപ്രകടനം നടത്തുക. നിന്റെ പാപങ്ങളിൽനിന്നും കുറവുകളിൽനിന്നും പ്രലോഭനങ്ങളിൽനിന്നും നിന്നെ വിടുവിച്ച് രക്ഷിച്ച് ഹൃദയ സമാധാനത്തോടും, സന്തോഷത്തോടുംകൂടെ നിന്നെ നിന്റെ മുറിയിൽ എത്തിച്ചതിന് ദൈവത്തിനു നന്ദി പറയുക. നിന്റെ ഏകാന്തതയിലെ ഈ താപസകർമ്മങ്ങളിൽ നീ നിലനില്ക്കുകയും, ഇവയെല്ലാം പരിശീലിക്കുകയും, വിഷാദത്തിൽ വഴുതിവീഴാതിരിക്കുകയും ചെയ്താൽ നിന്റെ മനസ് നിന്റെ ജീവിതത്തിന്റെ മൂന്നവസ്ഥകളിലും ഉയർത്തപ്പെടും. നോവിഷ്യേറ്റിലെ അദ്ധ്വാനം, നിന്റെ ജീവിതമദ്ധ്യത്തിലെ പോരാട്ടം, നിന്റെ വാർദ്ധക്യത്തിലെ കിരീടം എന്നിവയാണവ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയാൽ, മുറിക്കുള്ളിലെ സന്തോഷത്തിനും, പറുദീസായിലെ വിശ്രമത്തിനും സ്വർഗ്ഗത്തിലെ സന്തുഷ്ടിക്കും നീ അർഹനായിത്തീരും.

ഏകാന്തതയുടെ ശക്തി നിന്നിൽ വസിക്കുകയും അതിന്റെ ഫലങ്ങൾ നീ അനുഭവിക്കുകയും ചെയ്യുന്നതുവരെ നിന്റെ മുറിക്കുള്ളിലെ ഏകാന്തതയിൽ നില്ക്കുക. നിന്നെപ്പോലെയുള്ള ഒരു യുവസഹോദരനെ നീ മാതൃകയാക്കരുത്. അവൻ നിനക്കു മനഃപതർച്ച ഉണ്ടാക്കാൻ ഇടയുണ്ട്. ആശ്രമത്തിൽനിന്ന് ആശ്രമത്തിലേക്കും, ഗ്രാമത്തിൽ നിന്ന് ഗ്രാമത്തിലേക്കും ഒരിടത്തുനിന്ന് മറ്റൊരിടത്തേക്കും അവൻ നിന്നെ വലിച്ചിഴച്ചു കൊണ്ടുപോയി നിന്റെ ജീവിതം കുത്തഴിഞ്ഞതാക്കാനിടയുണ്ട്. നിന്റെ സഹോദരങ്ങൾക്കെതിരേ നിന്നോട് ദൂഷണം പറയുന്നവനേയും അനുഗമിക്കരുത്. നിന്റെ ഏകാന്തതയും, നിന്റെ സുകൃതകർമ്മങ്ങളും, യാമപ്രാർത്ഥനകളും ഉപേക്ഷിക്കാൻ ഇടയാക്കുന്ന സഹോദരനേയും അനുഗമിക്കരുത്. മറിച്ച്, ഏകാന്തതയെ സ്നേഹിക്കുന്ന കർമ്മനിരതനും, പ്രകാശിതനുമായ പ്രായമുള്ളയാളെ നിരന്തരം അനുഗമിക്കുക. അയാൾ തന്റെ കർമ്മപദ്ധതികളിൽ ചിലത് നിന്നെ പഠിപ്പിക്കും. നിനക്ക് അയാളെ പിൻചെന്ന് അനുകരിക്കാൻ സാധിക്കയും ചെയ്യും.

എന്റെ മകനേ, പരിശുദ്ധാത്മാവ് മുന്നൂറ്റിപതിനെട്ടു പിതാക്കന്മാരുടെ ഏക്യുമെനിക്കൽ സൂനഹദോസുവഴി നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഏഴുനേരത്തെ യാമപ്രാർത്ഥനകൾക്കു മുടക്കം വരുത്തരുത്. പ്രത്യേകിച്ച്, പാതിരാത്രി പ്രാർത്ഥന നടത്താൻ പ്രത്യേക നിഷ്കർഷ കാണിക്കണം. അതുവഴി നിനക്ക് എല്ലാ നന്മകളും ലഭിക്കും. ജാഗരണവും

www.malankaralibrary.com



നിശാനമസ്ക്കാരവും വഴിയാണ് വിശുദ്ധ പിതാക്കന്മാർക്ക് എല്ലാ ദാനങ്ങളുടെയും ദാതാവായ ദൈവം എല്ലാ ആത്മീയ ദാനങ്ങളും നൽവരങ്ങളും നൽകിയിട്ടുള്ളത്.

ആബാ ഏശായാ പറയുന്നതുപോലെ, നിന്നെ സംരക്ഷിക്കാനും, നിന്നെ പ്രബോധിപ്പിക്കാനുമായി നിന്നെ നിരന്തരം അനുധാവനം ചെയ്യുന്ന ദൂതനിലൂടെ കർത്താവ് നിന്നെ വിളിച്ചുണർത്തുമ്പോൾ, ചുറുചുറുക്കോടും താത്പര്യത്തോടും കൂടെ ഉണർന്നെഴുന്നേൽക്കുക. കുരിശുരൂപത്തിന്റെ മുമ്പിൽ മുട്ടുകുത്തി കർതൃപ്രാർത്ഥന ചൊല്ലുക. എന്നിട്ട് എഴുന്നേററ് അനുതാപത്തോടും സ്നേഹത്തോടും കൂടെ കുരിശുരൂപമെടുത്തു ചുംബിച്ച് ആലിംഗനം ചെയ്യുക. അപ്പോൾ ഇപ്രകാരം പ്രാർത്ഥിക്കുക: ''ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ട ഞങ്ങളുടെ കർത്താവേശുമിശിഹായേ, ദൈവത്തിന്റെ പുത്രാ, നിനക്കു മഹത്വം. പിശാചുക്കളിൽ നിന്നുള്ള വിടുതൽ നിന്നിൽ ഞങ്ങൾ കാണുന്നു; നിന്റെ രക്തത്താൽ ഞങ്ങൾക്കു പാപമോചനം ലഭിച്ചു; നിന്റെ മുറിവുകളിൽ ദുർവികാരങ്ങളാൽ നിന്നുള്ള വിജയവും ഞങ്ങൾക്കു കിട്ടി.'' അതിനുശേഷം കുരിശിൽ കിടക്കുന്ന നമ്മുടെ കർത്താവിനെ ചുംബിക്കുക. രണ്ടുപ്രാവശ്യം വലത്തെ കാലിലെ ആണിപ്പഴുതിലും, രണ്ടുപ്രാവശ്യം ഇടത്തെ കാലിലെ ആണിപ്പഴുതിലും ചുംബിച്ചുകൊണ്ട് നിന്റെ ഹൃദയം അവിടുത്തെ സ്നേഹത്താൽ ജ്വലിക്കുന്നതുവരെ ഓരോ പ്രാവശ്യവും ഇപ്രകാരം പറയുക: ''നിന്റെ മുറിവുകളാൽ ഞാൻ സൗഖ്യം പ്രാപിക്കട്ടെ.''

കുരിശുരൂപത്തിന്റെ മുൻപാകെ വീണ്ടും മുട്ടുകുത്തുക. എന്നിട്ട് നിന്റെ മുറിയുടെ മധ്യത്തിൽ നിൽക്കുക. വൃദ്ധരെപ്പോലെ വടിയിൽ ചാരിയോ, ബലഹീനരെപ്പോലെ ഭിത്തിയിൽ ചാരിയോ നില്ക്കാതെ രണ്ടുകാലിൽ നിവർന്നു നില്ക്കുക. മുറിയിലെ നിശാജാഗരണം നടത്തുമ്പോൾ രണ്ടു കാലുകളിലെയും വിരലുകൾ തുണിച്ചരടുകൊണ്ട് കൂട്ടിക്കെട്ടി ഉണർവ്വോടും, താല്പര്യത്തോടും നില്ക്കുന്ന ചില സഹോദരന്മാരെ എനിക്കറിയാം. അതുകൊണ്ട് ഉണർവ്വോടും, താത്പര്യത്തോടും കൂടി നീയും നില്ക്കുക. കുരിശുരൂപംകൊണ്ട് നിന്റെ വായിൽ കുരിശടയാളം വരയ്ക്കുക. എന്നിട്ടിപ്രകാരം പറയുക, ''ഞങ്ങളുടെ കർത്താവേശുമിശിഹായേ, ഞാൻ അങ്ങയോട് പ്രാർത്ഥിക്കാൻ തുടങ്ങുന്നു; ഞാനോ പൊടിയും ചാരവും, ഹീനനും നികൃഷ്ടനും ആകുന്നു. ഞാൻ പുഴുവാകുന്നു, മനുഷ്യനല്ല. ഞാൻ മനുഷ്യരുടെ നിന്ദയും എല്ലാവരാലും വെറുക്കപ്പെട്ടവനുമാകുന്നു'' (സങ്കീ 22:6).

നിന്റെ മനസ്സിന്റെ ആത്മീയ രോദനത്തോടുകൂടെ ശബ്ദമുയർത്തി താഴെക്കാണും വിധം പ്രാർത്ഥിക്കുക: ''ഞങ്ങളുടെ രക്ഷകനായ ദൈവമേ, ഞാൻ നിന്നെ സ്നേഹിക്കാനും നിന്റെ കല്പനകൾ ആചരിക്കാനും എന്നെ സഹായിക്കണമെ. നിന്റെ മാലാഖമാരുടെയും നിന്റെ വിശുദ്ധരുടെയും പ്രാർത്ഥനയാൽ, നിന്റെ നാമത്തെ പ്രതി, എന്റെ പാപങ്ങൾ കഴുകിക്കളയുകയും എന്റെ ശത്രുക്കളിൽനിന്ന് എന്നെ വിടുവിക്കയും ചെയ്യണമെ. വൃദ്ധതാപസന്മാരെപ്പോലെ നീ ആകുന്നതുവരെ ഇപ്രകാരം തുടരുക. അവർ പ്രാർത്ഥനാനിരതരായിരുന്നു: ഓരോ സങ്കീർത്തനത്തിന്റെയും അവസാനം അവർ ഒരു സ്തുതിപ്പും ഒരു പ്രാർത്ഥനയും ചൊല്ലിയിരുന്നു. ദൈവിക കൃപയാൽ അവർക്കു സംഭവിച്ചുകൊ

www.malankaralibrary.com



ണ്ടിരുന്ന അത്ഭുതങ്ങളെപ്രതി പാതിരാത്രിയിലെ നീണ്ട ജാഗരണ സമയത്ത് പത്തു സങ്കീർത്തനങ്ങൾപോലും ചൊല്ലാൻ അവർക്കു കഴിഞ്ഞിരുന്നില്ല: കരച്ചിൽ, കണ്ണുനീർ, നെടുവീർപ്പുകൾ, ആത്മീയ ദർശനങ്ങൾ, ദൈവിക സമാശ്വാസം, ആത്മാവിന്റെ വെളിപാടുകൾ എന്നിവയാണാ അത്ഭുതങ്ങൾ.

നീ ഒരു യുവസന്യാസാർത്ഥി ആയിരിക്കുന്നിടത്തോളം കാലം, ഓരോ മർമീസായുടെ അവസാനവും, ശുബാഹായുടെ അവസാനവും, ഓരോ മൂന്നാം മർമീസായുടെ അവസാനവും ഞാൻ മുകളിൽ വിവരിച്ചതുപോലെ ദുഃഖസ്വരത്തിൽ സ്തുതിപ്പും പ്രാർത്ഥനയും ഉരുവിടുക. പിന്നീട് കുരിശിൽ കിടക്കുന്ന കർത്താവിനെ നോക്കി ഇപ്രകാരം പ്രാർത്ഥിക്കുക: ''ഞങ്ങളുടെ രക്ഷകനായ ദൈവമേ, നിന്നെ സ്നേഹിക്കാനും, നിന്റെ കല്പനകൾ ആചരിക്കാനും എന്നെ സഹായിക്കണമേ. എന്നെ സംരക്ഷിക്കുന്ന വിശുദ്ധ മാലാഖയുടെ പ്രാർത്ഥനയാൽ, നിന്റെ നാമത്തെപ്രതി എന്റെ പാപങ്ങൾ കഴുകിക്കളയുകയും, എന്റെ ശത്രുക്കളിൽനിന്നു് എന്നെ വിടുവിക്കയും ചെയ്യണമേ.''

പ്രാർത്ഥന അവസാനിക്കുന്നതുവരെ ഓരോ ശുബാഹായുടെയും അവസാനം മാത്രം നിന്റെ മാലാഖായോടുള്ള പ്രാർത്ഥന നടത്തുക. ഇസ്രായേൽക്കാർക്ക് സംഭവിച്ചവയെല്ലാം മിഖായേൽ മാലാഖവഴി ദൈവപരിപാലനയാൽ സംഭവിച്ചവയാണ്, അതുപോലെ നിന്റെ ജനനം മുതൽ മരണവും ഉത്ഥാനവും വരെ നിനക്കു സംഭവിക്കുന്നവയെല്ലാം നിന്റെ കാവൽമാലാഖവഴി സംഭവിക്കുന്നുവെന്നു് ഉറപ്പായി വിശ്വസിക്കണം.. ഇക്കാരണത്താൽ നീ അവനെ ഭയഭക്തിബഹുമാനത്തോടുകൂടെ സ്നേഹിക്കയും അവന്റെ മാധ്യസ്ഥ്യം അപേക്ഷിക്കയും വേണം. നിന്റെ ബലഹീനതയാൽ അവനെ വേദനിപ്പിക്കാനും പാടില്ല.

അതുകൊണ്ടു് നീ പ്രാർത്ഥിക്കാനായി ജാഗരണസമയത്തു് നിന്റെ മുറിയിൽ നില്ക്കുമ്പോൾ നിന്റെ വിനീതാവസ്ഥയെപ്പറ്റിയും, കുരിശിൽ കിടക്കുന്ന നമ്മുടെ കർത്താവിന്റെ ഔന്നത്യത്തെപ്പറ്റിയും പരിഗണിക്കുക. നിന്റെ വലത്തുവശത്തു നില്ക്കുന്ന മാലാഖയെക്കുറിച്ചും നിന്റെ ഇടത്തുവശത്തു നില്ക്കുന്ന പിശാചിനെക്കുറിച്ചും ചിന്തിക്കുക. നിന്റെ വായിൽനിന്നു വരുന്ന ഓരോ വാക്കിന്റെയും അർത്ഥത്തെപ്പറ്റി ആത്മീയമായി ചിന്തിക്കുക. നിന്റെ ചിന്ത പതറിപ്പോകാതിരിക്കാൻ ശ്രദ്ധിക്കുക.

''ദൈവമേ, ദുഷ്ടന്റെ കൈകളിൽനിന്നും ക്രൂരനും നീതിരഹിതനുമായ മനുഷ്യന്റെ കൈകളിൽ നിന്നും എന്നെ വിടുവിക്കുക'' എന്ന സങ്കീർത്തനം (71:4) ചൊല്ലുമ്പോൾ, ''ദൈവമേ'', എന്നു പറയുമ്പോൾ കുരിശിലെ നമ്മുടെ കർത്താവിനെ നോക്കുക, ''എന്നെ വിടുവിക്കുക'' എന്നുച്ചരിക്കുമ്പോൾ നിന്നിലേക്കും നിന്റെ വലത്തുഭാഗത്തു നില്ക്കുന്ന മാലാഖയിലേക്കും തിരിയുക. അവൻ വഴിയാണല്ലോ നീ വിടുവിക്കപ്പെട്ടതു്. ''ദുഷ്ടന്റെയും, ക്രൂരനും നീതിരഹിതനുമായ മനുഷ്യന്റെയും കൈകളിൽ നിന്നു്'' എന്നുച്ചരിക്കുമ്പോൾ, നിന്റെ ഇടത്തുവശത്തു നില്ക്കുകയും നിന്നെ വെറുക്കുകയും നിന്നോടു പോരാട്ടം നടത്തുകയും ചെയ്യുന്ന ദുഷ്ടപിശാചിനെ നിന്റെ ചിന്തയിൽ കാണുക. കൂടാതെ ''എന്റെ വേദനയിൽ ആനന്ദിക്കുന്നവർ ലജ്ജി

www.malankaralibrary.com



ക്കയും സംഭ്രമിക്കയും ചെയ്യട്ടെ; എനിക്കെതിരെ ഉയരുന്നവരെ ലജ്ജ മൂടിക്കളയട്ടെ'' (സങ്കീ 35:26) എന്നു ചൊല്ലുമ്പോൾ ദുഷ്ടന്റെ വശത്തേക്കു നോക്കുക....1

എനിക്കു വിജയം ആശംസിക്കുന്നവർ ആനന്ദിച്ചുല്ലസിക്കട്ടെ'' (സങ്കീ 35:27) എന്നു ചൊല്ലുമ്പോൾ, നിന്നെ സഹായിക്കുന്ന വിശുദ്ധ ദൂതനെ നിന്റെ ചിന്തയിൽ നോക്കുക; അവനെ ബഹുമാനിക്കാനും നിന്റെ കർത്തവ്യനിർവ്വഹണത്തിൽ തങ്ങളുടെ സന്തുഷ്ടി രേഖപ്പെടുത്താനും വന്നിരിക്കുന്ന സഹോദരന്മാരെയും ദർശിക്കുക.

''കർത്താവു വലിയവനാകുന്നു, തന്റെ ദാസന്റെ ശാന്തിയിൽ അവിടുന്ന് സന്തുഷ്ടനാണ് എന്ന് അവർ നിരന്തരം പറയട്ടെ'' (27) എന്നു ചൊല്ലുമ്പോൾ കുരിശിലെ നമ്മുടെ കർത്താവിനെ ആത്മനാ ദർശിക്കുക.

''പിശാചുക്കൾ ശപിക്കപ്പെടട്ടെ; കർത്താവേ, അവിടുന്നു വാഴ്ത്തപ്പെടട്ടെ; നിന്റെ ദാസനായ ഞാൻ നിന്നിൽ സന്തോഷിക്കട്ടെ'' (സങ്കീ 109:28) എന്നു ചൊല്ലുമ്പോൾ: ''ശപിക്കപ്പെടട്ടെ'', എന്നുച്ചരിക്കുമ്പോൾ പിശാചിനെ നോക്കുക; ''വാഴ്ത്തപ്പെടട്ടെ'' എന്നുച്ചരിക്കുമ്പോൾ നമ്മുടെ കർത്താവിനെ നോക്കുക, ''നിന്റെ ദാസൻ'' എന്നുച്ചരിക്കുമ്പോൾ നിന്നെപ്പററിയും നിന്റെ മാലാഖയെപ്പററിയും ചിന്തിക്കുക. പിശാച് ക്രുദ്ധനായി തന്റെ ഭീകരദർശനങ്ങളാൽ നിന്നെ ഭയപ്പെടുത്തുകയും പരീക്ഷണങ്ങളാൽ നിന്നെ പേടിപ്പിക്കുകയും ചെയ്താലും ഭയപ്പെടുകയോ ഭ്രമിക്കുകയോ കലങ്ങുകയോ ചെയ്യരുത്. കുരിശിലെ നമ്മുടെ കർത്താവിനെ നോക്കുക; നിന്നെ സംരക്ഷിക്കാനും സഹായിക്കാനും നിന്റെ വലത്തു ഭാഗത്തു നില്ക്കുന്ന വിശുദ്ധ ദൂതനിൽ ആത്മവിശ്വാസവും ശരണവും ഉണ്ടായിരിക്കുക. നിന്റെ ഭയം ഉടനെ മാഞ്ഞുപോകും; നീ സന്തോഷ ചിത്തനാകും. നീ പ്രാർത്ഥിക്കുമ്പോൾ ഓരോ സ്തുതിപ്പിന്റെയും അവസാനം ഇപ്രകാരം ചെയ്യുക.

''ഞങ്ങളുടെ രക്ഷകനായ ദൈവമേ, ഞാൻ നിന്നെ സ്നേഹിക്കാനും നിന്റെ കല്പനകൾ ആചരിക്കാനും എന്നെ സഹായിക്കണമേ. നിന്റെ നാമത്തെപ്രതി എന്റെ പാപങ്ങൾ കഴുകിക്കളയുകയും എന്റെ ശത്രുക്കളിൽനിന്ന് എന്നെ വിടുവിക്കയും ചെയ്യണമേ'' എന്ന് നമ്മുടെ കർത്താവിനെ നീ വിളിച്ചപേക്ഷിക്കുന്ന നിന്റെ പ്രാർത്ഥനയിൽ, ''കർത്താവേ സഹായിക്കണമേ'' എന്നു പറയുമ്പോൾ കർത്താവിനെ നോക്കുക; ''എന്റെ പാപങ്ങൾ കഴുകി എന്നെ വിടുവിക്കുക'' എന്നുച്ചരിക്കുമ്പോൾ നിന്നിലേക്കു തിരിയുക; ''എന്റെ ശത്രുക്കളിൽനിന്ന്'' എന്നു ചൊല്ലുമ്പോൾ നിന്റെ ഇടത്തു വശത്തു നില്ക്കുന്ന പിശാചിനെ നോക്കുക. ''എന്നെ സംരക്ഷിക്കുന്ന വിശുദ്ധ ദൂതന്റെ പ്രാർത്ഥനകളാൽ'' എന്നു ചൊല്ലുമ്പോൾ നിന്റെ വലത്തുഭാഗത്തു നില്ക്കുന്ന കാവൽ മാലാഖായെ നോക്കുക.

1 എന്തോ വിട്ടുപോയിട്ടുണ്ട്.

www.malankaralibrary.com



ദുഃഖമോ, അനുതാപമോ സൂചിപ്പിക്കുന്ന സങ്കീർത്തനമോ വാക്കോ നിന്നെക്കുറിച്ചെന്ന് കരുതുക. നീയാണു പാപം ചെയ്തതെന്ന രീതിയിൽ പ്രാർത്ഥിച്ചപേക്ഷിക്കുക. ദുഃഖിച്ചു കരുണ യാചിക്കുക. ഈ രീതിയിൽ സങ്കീർത്തനങ്ങൾ ആലപിക്കയും പ്രാർത്ഥിക്കയും ചെയ്താൽ ഉറക്കം നിന്നെ കീഴമർത്തുകയില്ല, മനഃപതർച്ച നിന്നെ ശല്യപ്പെടുത്തുകയുമില്ല. പിശാചു നിന്നെ ഭയപ്പെടുത്തുകയുമില്ല. നീ പ്രാർത്ഥിക്കയും സങ്കീർത്തനം ആലപിക്കയും ചെയ്യുമ്പോൾ നിന്റെ ബുദ്ധി അറിവുകൊണ്ട് പ്രകാശിതമാകും; പ്രത്യാശകൊണ്ട് ബലപ്പെടും; സ്നേഹവും സന്തോഷവും കലർന്ന ബാഷ്പകണങ്ങൾ നീ പൊഴിക്കാനിടയാകും. നിന്റെ ശുശ്രൂഷയുടെ അവസാനം അതുല്യമായ ദൈവിക സന്തോഷം നീ അനുഭവിക്കും. തന്റെ ഉള്ളിൽ ജീവന്റെ നിക്ഷേപം പേറുന്നവനെപ്പോലെ നീ ആയിത്തീരും. ജാഗരണത്തിലും സങ്കീർത്തനാലാപത്തിലും പ്രാർത്ഥനകളിലും നിനക്കുണ്ടാകുന്ന സന്തോഷത്താൽ യാമപ്രാർത്ഥനകൾ നിനക്കെളുപ്പമായിത്തീരും. ഇപ്രകാരം നിന്റെ ഏകാന്തതയിൽ നീ ചെയ്യുന്ന നിരന്തരവും അനുസ്യൂതവുമായ അധ്വാനങ്ങളാൽ നിന്നെ ദൈവഭവനത്തിലേയ്ക്കു നയിക്കുന്ന, ക്രിസ്തുവിന്റെ ശക്തമായ അഭയ കേന്ദ്രത്തിൽ നീ വസിക്കും.

നിന്റെ ശാരീരികാധ്വാനങ്ങളോടുകൂടെ മാനസികാധ്വാനങ്ങളും സാവധാനം പരിശീലിക്കുക. അതുവഴി നീ ഹൃദയശുദ്ധി സമ്പാദിക്കും. പ്രകാശത്തിന്റെ വെളിപാടിൽ അതു ദൈവത്തെ ദർശിക്കും. നീ സമൂഹജീവിതം നയിക്കുന്നിടത്തോളം കാലം നിന്റെ ശത്രു വാക്കുകൊണ്ടും പ്രവൃത്തികൊണ്ടുമായിരുന്നു നിന്നെ ആക്രമിച്ചുകൊണ്ടിരുന്നത്. എന്നാലിപ്പോൾ മുതൽ വാക്കുകൾ കൊണ്ടും പ്രവൃത്തികൾകൊണ്ടും എന്നതിനേക്കാൾ ദുർവിചാരങ്ങൾകൊണ്ട് അവൻ നിന്നെ ആക്രമിക്കും. വിജയദാതാവായ നമ്മുടെ കർത്താവീശോമിശിഹായുടെ ശക്തിയാൽ വേണമെങ്കിൽ നിനക്ക് അവന്റെമേൽ പരിപൂർണ്ണവിജയം കൈവരിക്കാൻ കഴിയും. അതുകൊണ്ട് സ്വയം പരിശോധിക്കുക; മാഞ്ഞുപോകുന്ന ലൗകിക സൗന്ദര്യത്താൽ മനപ്പതർച്ച ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുക. ഈലോകത്തെ സ്നേഹിക്കുന്ന ഒരുവനെയും പരിഗണിക്കരുത്, അവനുമായി സംസർഗമരുത്. മരണം സമീപസ്ഥമാണ്. അത് എവിടെ വച്ചുവേണമെങ്കിലും നിന്നെ എത്തിപ്പിടിക്കാനിടയുണ്ട്. കൃപയുടെ കർത്താവിനോട് നമുക്കു കൃപ യാചിക്കാം. ദൈവത്തെ പ്രസാദിപ്പിക്കുന്ന സത്പ്രവൃത്തികൾ കൂടാതെ നാം ഈ ലോകത്തിൽ നിന്നു കടന്നു പോകുന്നെങ്കിൽ നമുക്കു ഹാ കഷ്ടം! അവ കൂടാതെ നാം കടന്നുപോകുകയും പരലോകത്തിൽ നമുക്ക് ഒന്നുമില്ലാതിരിക്കയും ചെയ്യുന്നെങ്കിൽ യഥാർത്ഥത്തിൽ നമുക്കു ഹാ!കഷ്ടം! ഞാൻ നിങ്ങളെ അറിയുന്നില്ല; ദുഷ്ടത പ്രവൃത്തിക്കുന്നവരേ, എന്നിൽ നിന്നകലുവിൻ'' (മത്താ. 7:23) അന്ന് അനേകർ എന്നോടുപറയും. കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ ചാക്കുവസ്ത്രം ധരിച്ചില്ലേ? നിന്റെ നാമത്തിൽ ഭിക്ഷതെണ്ടി ലഭിച്ച അപ്പം ഭക്ഷിച്ചില്ലേ? എന്നാൽ ഞാൻ അവരെ തള്ളിപ്പറയും. ഒന്നും പ്രവർത്തിക്കാത്തവരേ, നിങ്ങളെ ഞാൻ അറിയുന്നില്ല'' എന്നു ക്രിസ്തു നമ്മോടു പറയാൻ ഇടയായാൽ നമുക്ക് ഹാ, കഷ്ടം!

അതുകൊണ്ട് ദൈവഭയം ഉള്ള മനസ്സും, തന്റെ കർതൃത്വത്തിന്റെ അത്ഭുതങ്ങൾ മനസ്സിലാക്കുന്ന ബുദ്ധിയും തന്റെ എളിമ നിറ

www.malankaralibrary.com



ഞ്ഞ പീഡാനുഭവത്തെ ധ്യാനിക്കുന്ന ചിന്തയും, അനുതാപം നിറഞ്ഞ ഹൃദയവും നൽകുവാനായി കർത്താവിനോട് നമുക്ക് പ്രാർത്ഥിക്കാം. ഈ ചിന്തകളില്ലാത്തവനാണ് നീയെങ്കിൽ നീ നാമമാത്രമായി മാത്രം താപസനാകയാൽ കണ്ണുനീരിനുമാത്രം നീ അർഹനാകുന്നു.

വികാരങ്ങളില്ലാത്ത, സത്യംഗ്രഹിക്കാത്ത, യാഥാർത്ഥ്യം ശ്രവിക്കാത്ത, ഒന്നിന്റെയും അർത്ഥം മനസ്സിലാകാത്ത, ചത്തമനുഷ്യനെപ്പോലെ സ്വന്ത ഇഷ്ടത്താൽ ആയിത്തീർന്ന നികൃഷ്ട മനുഷ്യാ, നിനക്കു കഷ്ടം! നികൃഷ്ട മനുഷ്യാ, നിനക്കു കഷ്ടം! യഥാർത്ഥ ജീവനു നീ മൃതനായിരിക്കുന്നു, നിന്റെ മരണത്തിൽ ആരു് കരഞ്ഞു നിലവിളിക്കും? ദുർഭഗനായ മനുഷ്യാ, നിനക്കു കഷ്ടം! നിന്റെ ജീവിതത്തെപ്പററി ദുഃഖിക്കാൻ ആർക്കു സാധിക്കും? എല്ലാം നഷ്ടപ്പെട്ട ദുർഭഗാ, നിന്റെ പാപത്തെക്കുറിച്ചു് കണ്ണീരൊഴുക്കുക. ഇതാ, അവസാനം അടുത്തിരിക്കുന്നു. നിദ്രയിൽ നിന്നു നാം ഉണരേണ്ട നാഴിക സമാഗതമായിരിക്കുന്നു. അസന്തുഷ്ടനായ മനുഷ്യാ, നിന്റെ മരണമണി അടിച്ചു കഴിഞ്ഞു. ഒന്നും എടുക്കാതെ, വെറുംകൈയോടെ ഈ ലോകത്തോടു നീ വിടപറയേണ്ടിവരും.

വത്സലനേ, എന്നെ വിശ്വസിക്കുക; ഞാൻ സത്യമാണു് നിന്നോടു പറയുന്നതു്, പൊളിയല്ല. മനുഷ്യരിലോ, വസ്തുവകകളിലോ, ലോകത്തിലോ, അതിന്റെ നേട്ടങ്ങളിലോ മറെറന്തെങ്കിലും ദൃശ്യവസ്തുക്കളിലോ പ്രത്യാശയോ, ശരണമോ വസ്താനാവില്ല. ‘‘മനുഷ്യരെല്ലാം മായയിൽ നടക്കുന്നു; മഞ്ഞുപോലെ എല്ലാം മാറിപ്പോകുന്നു. (സങ്കീ; 39:7)

എന്റെ വത്സലനേ, നിന്റെ ജീവിതത്തിന്റെ ശരിയായ ക്രമീകരണത്തിനുവേണ്ടി വിശുദ്ധലിഖിതങ്ങളിൽ നിന്നു് ചുരുങ്ങിയ വാക്കുകളിൽ, ഒരു മാർഗരേഖ ഞാൻ വരച്ചുകാട്ടിയിരിക്കുന്നു. അതിന്റെ വിവിധ വഴികളും ഘട്ടങ്ങളും ഞാൻ വ്യക്തമാക്കി. രണ്ടു പാതകളുടെ അവസാനം ദൈവനീതി ഒരുക്കിയിരിക്കുന്ന പ്രതിഫലവും ഞാൻ ചൂണ്ടിക്കാട്ടി.

പാതാളത്തിലേക്കും നിത്യപീഡനങ്ങളിലേക്കും നയിക്കുന്ന വിശാല പാതയിൽ നിന്നു് നിന്റെ കാലടികളെ എത്രയും വേഗം പിൻതിരിക്കാൻ ഇവ നിന്നെ സഹായിക്കട്ടെ. നേരെയുള്ള പാതയിൽ തീക്ഷ്ണതാപൂർവ്വം മുന്നേറാൻ നിനക്കു കഴിയട്ടെ; ഈ ഇടുങ്ങിയ പാതയിലൂടെ കഠിനാധ്വാനം ചെയ്തു് മുന്നോട്ടുപോയി, യേശുമിശിഹാ നിനക്കായി ഒരുക്കിയിരിക്കുന്ന ലക്ഷ്യത്തിൽ എത്തിച്ചേരുക. അവിടുത്തേയ്ക്കു് പിതാവിനോടും പരിശുദ്ധാത്മാവിനോടുമൊപ്പം എന്നുമെന്നേക്കും ബഹുമാനവും മഹത്വവും ആരാധനയും സ്തുതിയും ഉണ്ടായിരിക്കട്ടെ. ആമ്മേൻ.[1]

---

1 Dadiso Qatraya, *A Treatise on Solitude*, in *Woodbrook Studies VII*, Cambridge, 1934, P, 76–143/201–247 (tr. A. Mingana).

www.malankaralibrary.com

# 6

# യേശുദ്നാഹ്

പേർഷ്യയിലെ പൗരസ്ത്യസഭയിൽ 8/9 നൂററാണ്ടുകളിൽ ജീവിച്ച എഴുത്തുകാരനാണ് യേശുദ്നാഹ്. അദ്ദേഹത്തിൻെറ ജീവിതത്തെപ്പററി നമുക്ക് വിവരം ലഭിച്ചിട്ടില്ല. ചില കൃതികളെപ്പററിയുള്ള സൂചനകളുണ്ട്. അദ്ദേഹം മൂന്നു വാല്യങ്ങളിലായി രചിച്ച സഭാചരിത്രത്തിൽനിന്ന് ഏലിയാ ബർ സീനായായും (975–1049) ബാർ എബ്രായായും ഉദ്ധരിക്കുന്നു. 'ക്സാവാ ദ്നക്പ്യസാ' എന്നപേരിൽ അദ്ദേഹം ഒരു സന്യാസ ചരിത്രം എഴുതിയിട്ടുണ്ട്. അതു് നമുക്കു ലഭിച്ചിട്ടുണ്ട്. സന്യാസപ്രസ്ഥാനം ആരംഭിച്ചവർ, സന്യാസത്തെപ്പററി എഴുതിയിട്ടുള്ളവർ, പ്രശസ്തരായ സന്യാസികൾ എന്നിവരെപ്പററിയെല്ലാം അദ്ദേഹം ചുരുക്കമായി ചർച്ചചെയ്യുന്നു. ഈ ഗ്രന്ഥമാണ് താഴെ കൊടുക്കുന്നതു്.[1]

## സന്യാസ ചരിത്രം

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയാൽ സന്യാസ ചരിത്രം ചുരുക്കി വിവരിക്കുന്നു. പേർഷ്യയിലും അറേബ്യയിലും ആശ്രമങ്ങൾ സ്ഥാപിച്ചവരും, ആശ്രമങ്ങളെപ്പററി എഴുതിയിട്ടുള്ളവരും ഇക്കൂട്ടത്തിൽ വരുന്നു. അതുപോലെ കലാലയങ്ങൾ സ്ഥാപിക്കുകയോ, സന്യാസജീവിതത്തെപ്പററി എഴുതുകയോ, പൗരസ്ത്യദേശത്തു് സന്യാസാശ്രമങ്ങൾ തുടങ്ങുകയോ ചെയ്ത മെത്രാപ്പോലീത്താമാരെയും മെത്രാന്മാരെയും ഉൾപ്പെടുത്തിയിരിക്കുന്നു. ആശ്രമങ്ങളും മഠങ്ങളും തുടങ്ങാൻ മുൻകൈയെടുത്ത സ്ത്രീപുരുഷന്മാരായ ചില അത്മായ പ്രമുഖരെപ്പററിയും ചുരുക്കമായി വിവരിക്കാം. ദൈവസ്നേഹിതനും പേരാത്മൈശാനിലെ (ബസ്രായിലെ) മെത്രാപ്പോലീത്തായുമായ യേശു ദ്നാഹാണ് ഇതു് രചിച്ചതു്. പിതാക്കന്മാരുടെ പ്രാർത്ഥനകളാൽ, നമ്മുടെ കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ. ആമ്മീൻ.

### 1. മാർ ഔഗേൻ

ഈജിപ്തിലെ ക്ലിസ്മാദ്വീപാണ് മാർ ഔഗേൻെറ ജന്മദേശം. അദ്ദേഹം നിസിബിസിനടുത്തുള്ള ഈസ്ലാമലയിൽ ഒരാശ്രമം സ്ഥാപിച്ചു. അദ്ദേഹത്തിൻെറ ജീവിതരീതി ആദ്യമാദ്യം ഇപ്രകാരമായിരുന്നു: അദ്ദേഹം ഇരുപത്തഞ്ചുവർഷത്തോളം കടലിൽ മുങ്ങിത്തപ്പി മുത്തുച്ചിപ്പി

---

1 *BO*. 3.1. 195; ബാർ എബ്രായാ, സഭാചരിത്രം, 1.333. W.Wright, *A Short History of Syriac Literature*, Amsterdam, 1966. P.195; A. Baumstark, *Geschichte*, P. 234; 1.O. de Urbina, *Patrologia*, Rome, 1665,P. 217. ജി. ചേടിയത്തു്, സുറിയാനിസഭാപിതാക്കന്മാർ, കോട്ടയം, 1985, പേ. 61. നമ്പർ 81.

www.malankaralibrary.com



കരം ശേഖരിച്ച് പാവപ്പെട്ടവർക്ക വിതരണം ചെയ്യുവന്നു. അവസാനം ആബാ പക്കോമിയസിൽനിന്ന് സന്യാസവസ്ത്രം സ്വീകരിച്ച് ഈസ്ലാ മലയിൽ പോയി. അവിടെ തന്റെ സ്നേഹിതനോടൊപ്പം പ്രശസ്തമായ ഒരാശ്രമം സ്ഥാപിച്ചു. നിരവധി സന്യാസികരം അദ്ദേഹത്തിന്റെ നേതൃത്വം സ്വീകരിച്ചു. അദ്ദേഹത്തിന്റെ കാലത്താണ് മാർ യാക്കോബ് നിസിബിസിലെ മെത്രാപ്പോലീത്താ ആയതു്—ഈ യാക്കോബ് നിസിബിസിലെ കത്തീഡ്രൽ ദേവാലയം പണിയിച്ചു—മാർ ഔഗേൻ ഷപ്പൂർ രാജാവിന്റെ മുൻപാകെ നിരവധി അത്ഭുതങ്ങരം പ്രവർത്തിച്ചു. ആശ്രമങ്ങളും മഠങ്ങളും സ്ഥാപിച്ച അദ്ദേഹത്തിന്റെ ശിഷ്യർ താഴെപ്പറയുന്നവരാണ്: തോമസ്, മാർ താബാ, ഗ്ഗറിയാ, ഗ്രിഗോറിയോസ്, ഈവാനിയോസ്, യോഹന്നാൻ, ശാലീത്താ, ഏലീശാ, സെറാപിയോൻ, മാർ ഔഗേന്റെ സഹോദരി തെക്ലാ, മറെറാരു സഹോദരിയായ സ്ത്രത്തോണീസ്, മറെറാരു യോഹന്നാൻ, മാർ ശേറി, മാർ മിഖായേൽ. മാർ ഔഗേൻ മരിച്ചപ്പോരം അദ്ദേഹം പണിത പള്ളിയുടെ വശത്തുള്ള മർത്തീരിയോണിൽ അടക്കപ്പെട്ടു.

## 2. മാർ യോഹന്നാൻ

മാർ ഔഗേന്റെ ശിഷ്യനായിരുന്നു. അദ്ദേഹത്തിൽനിന്നു സന്യാസവസ്ത്രം സ്വീകരിച്ചു. ബേത്സബ്ദായിലുള്ള ഖസ്രായുടെ അടുത്തു പോയി താമസിച്ചു. യോഹന്നാൻ നിരവധി അത്ഭുതം പ്രവത്തിക്കയും കർദ്ദവിലും ബേത്സബ്ദായിയും ആശ്രമങ്ങരം സ്ഥാപിക്കയും ചെയ്തു. തന്റെ ജീവിതസായാഹ്നത്തിൽ അദ്ദേഹം നമ്മുടെ കർത്താവിന്റെ പക്കലേക്ക കുടിയേറി. അദ്ദേഹത്തിന്റെ ശരീരം, ഹലഹലാ എന്ന കോട്ടസ്ഥകത്തുള്ള ആശ്രമത്തിൽ അടക്കപ്പെട്ടു. എന്നാൽ പിന്നീട് സർന്തഖൊ ആശ്രമത്തിലെ റമ്പാൻ ഗബ്രിയേൽ വന്നു് ശരീരം സർന്തക്കാ ആശ്രമത്തിലേക്ക മാററി.

## 3. മാർ ശേറി

ദാറാമലയിൽ ആശ്രമം സ്ഥാപിച്ച മാർ ശേറിയും മാർ ഔഗേന്റെ ശിഷ്യനായിരുന്നു. പതിനെട്ട് സഹോദരങ്ങളിൽ മൂത്തയാളായിരുന്ന ശേറി നിസിബിസിൽ വന്നു് കുറെനാരം താപസജീവിതം നയിച്ചു. അതിനുശേഷം ദാറാമലയിൽവന്നു് പ്രശസ്തമായ ഒരു സന്യാസാശ്രമം സ്ഥാപിച്ചു. പില്ക്കാലത്തു്, നിസിബിസ് മെത്രാപ്പോലീത്താ മാർ സാബാറീശോ ഈ ആശ്രമം വിപുലപ്പെടുത്തി. ഇതു് കുറേക്കൂടി പ്രശസ്തമാക്കി.

## 4. മാർ യൗനാൻ

ബാഗ്ദാദിനടുത്തു് അൻബാറിൽ ഉള്ള മാർ യൗനാൻ ആശ്രമം സ്ഥാപിച്ചതു് ഇദ്ദേഹമാണ്. കോൺസ്റ്റൻടൈൻ ചക്രവർത്തിയുടെ കുടുംബപരമ്പരയിൽപ്പെട്ടതായിരുന്നു അദ്ദേഹത്തിന്റെ കുടുംബം. ഒരു റോമൻ സെനററായിരുന്നു അദ്ദേഹത്തിന്റെ പിതാവു്. മാർ ഔഗേനെ സന്ദർശിച്ച് ശിഷ്യനായി സന്യാസവസ്ത്രം സ്വീകരിച്ചു. അതിനു

www.malankaralibrary.com



ശേഷം ജറുസലേം, ഷേത് തുടങ്ങി നിരവധി സ്ഥലങ്ങളിൽ തീർത്ഥാടനം നടത്തി. അദ്ദേഹം നിരവധി അത്ഭുതങ്ങൾ ചെയ്തു. അവസാനം സമാധാനത്തിൽ നിദ്ര പ്രാപിച്ചു; സ്വന്തം ആശ്രമത്തിൽ അടക്കപ്പെട്ടു. അദ്ദേഹത്തിന്റെ പ്രാർത്ഥന ഈ ഗ്രന്ഥകാരനെയും വായനക്കാരനെയും കേൾവിക്കാരെയും സംരക്ഷിക്കട്ടെ. ആമ്മേൻ.

## 5. മാർ ശാലീത്താ

ഈജിപ്തുകാരനായ ശാലീത്താ സബ്ദെ—കർദ് പ്രദേശങ്ങളിൽ ആശ്രമം സ്ഥാപിച്ചു. അദ്ദേഹം മൂന്നു പള്ളികൾ പണിതു. പിന്നീട് ആബാ പക്കോമിയസിന്റെ പക്കൽ പോയി സന്ന്യാസവസ്ത്രം സ്വീകരിച്ചു. അതിനുശേഷം ബേത്–സബ്ദായിലെ ഫനാക് ഗ്രാമത്തിൽ പോയി നിരവധി അത്ഭുതങ്ങൾ ചെയ്തു് കുറേനാൾ അവിടെ പാർത്തു. 92–ാം വയസിൽ കർത്താവിൽ നിദ്ര പ്രാപിച്ചു. അദ്ദേഹം പണിത പള്ളിയിൽ സംസ്കരിക്കപ്പെട്ടു. അദ്ദേഹത്തിന്റെ പ്രാർത്ഥന നമ്മെ സഹായിക്കട്ടെ. ആമ്മേൻ.

## 6. മാർ ആഹാ

സർന്നുഖാ ആശ്രമം സ്ഥാപിച്ച മാർ ആഹാ, മാർ ഔഗേന്റെ ശിഷ്യനായിരുന്നു. മാർ ഔഗേൻ മരിച്ചപ്പോൾ ദൈവകൃപ മാർ ആഹായെ ഈസ്സാ ആശ്രമത്തിലെ ഈശോസബ്രാന്റെ പക്കലേക്കു വിട്ടു. അവിടെയുള്ള സഹോദരന്മാർ ജലദൗർലഭ്യത്താൽ കഷ്ടപ്പെടുന്നതായി കണ്ട ആഹാ പ്രാർത്ഥന ഫലമായി പള്ളിയുടെ അടിത്തറയിൽനിന്നു് ഒരു നീരുറവ ഒഴുക്കിക്കൊടുത്തു.

## 7. മാർ യോഹന്നാൻ

പേർഷ്യൻ രാജകുടുംബത്തിൽപെട്ട ആളായിരുന്നു യോഹന്നാൻ. അദ്ദേഹത്തിന്റെ കുടുംബക്കാർ മാജിസത്തിൽ വിശ്വസിച്ചിരുന്ന അക്രൈസ്തവരായിരുന്നു. യോഹന്നാൻ നിസിബിസിൽ വന്നു് മാർ ഔഗേന്റെ ശിഷ്യനായിത്തീർന്നു. അതിനുശേഷം അദ്ദേഹം അറാറാത്തു മലയിൽ കുറെനാൾ താമസിച്ചു. അദ്ദേഹം സമാധാനത്തിൽ നിദ്ര പ്രാപിച്ചു; തന്റെ സ്വന്തം ഗുഹയിൽ സംസ്ക്കരിക്കപ്പെട്ടു. കുറെ നാളുകൾക്കു ശേഷം ഭാഗ്യവാനായ റമ്പാൻ ഉക്കാമ മഹാനായ അബ്രാഹം റമ്പാന്റെ ആശ്രമത്തിൽ വരികയും യോഹന്നാന്റെ നാമത്തിൽ ഒരു വലിയ ദേവാലയം പണിതു് യോഹന്നാന്റെ ശരീരം അതിലേക്കു് മാററി സംസ്ക്കരിക്കുകയും ചെയ്തു. അവരുടെ പ്രാർത്ഥന പാപിയായ ഈ ഗ്രന്ഥകാരനെയും വായനക്കാരനെയും ശ്രോതാക്കളെയും സഹായിക്കട്ടെ. ആമ്മേൻ.

## 8 മാർ ഐത്താലാഹാ

ബേത് നുഹദ്രയിലെ കലായത്തിലെ മാർ ഐത്താലാഹാ ഷപ്പൂർ രാജാവിന്റെ കാലത്തു ജീവിച്ചിരുന്നു. രാജസന്നിധിയിൽ

www.malankaralibrary.com



വച്ച് അദ്ദേഹം അറസ്റ്റു ചെയ്യപ്പെട്ടു. വിലങ്ങുവച്ച് അർബേലിലേയ്ക്കു കൊണ്ടുപോയി ദീർഘനാശം കാരഗൃഹത്തിലടച്ച് പീഡിപ്പിച്ചു. അവിടെ നിന്ന് ബേത് നൂഹദ്രായിലെ റസ്റ്റഗേർദ് ഗ്രാമത്തിൽവച്ച് അദ്ദേഹത്തെ കല്ലെറിഞ്ഞു കൊന്നുകളഞ്ഞു. പ്രസ്തുത സ്ഥലത്ത് ഒരു സുഗന്ധസസ്യം മുളച്ചുവന്നു. എന്നാൽ വിദ്വേഷം നിറഞ്ഞ പുറജാതികൾ അതു പിഴുതുകളഞ്ഞു. അതിനുശേഷം വിശ്വാസികൾ ആ സ്ഥലത്ത് ''ഭാഗ്യവാൻ'' (ത്തുവാനാ) എന്ന പേരിൽ ഒരു വലിയ ആശ്രമം പണിതു.

## 9 മാർ ബർ സഹ്ദേ

ടൈഗ്രീസ് നദീതീരത്തുള്ള ഹർബേ എന്ന സ്ഥലത്ത് ബർ സഹ്ദേ ഒരാശ്രമം സ്ഥാപിച്ചു. ഷപ്പൂർ രാജാവിന്റെ പട്ടണത്തിൽ നിന്നുള്ള ഒരു പേർഷ്യാക്കാരനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ സ്ഥലത്തിന്റെ പേരു് അസ്ഥാർ എന്നും പട്ടണത്തിന്റെ പേരു് പണിത രാജാവിന്റെ പേരായ ഹേ—ഷപ്പൂർ എന്നുമായിരുന്നു. ബർ സഹ്ദേ ബസ്രായിൽ വന്ന് വിദ്യാഭ്യാസം നടത്തി. അതിനുശേഷം സന്യാസവസ്ത്രം സ്വീകരിച്ചു. സേർജിയൂസ് എന്നു പേരുള്ള സ്നേഹിതൻ അദ്ദേഹത്തോട് വളരെ അടുപ്പത്തിലായിരുന്നു. അദ്ദേഹം തൊണ്ണൂറ് വയസ്സുവരെ ജീവിച്ചു. ഹിജറാ 128, ജനുവരി 5ന് വെള്ളിയാഴ്ച അദ്ദേഹം ഭാഗ്യമരണം പ്രാപിച്ചു. അദ്ദേഹത്തിന്റെ ശരീരം അദ്ദേഹം ഹർബേയിൽ സ്ഥാപിച്ച ആശ്രമത്തിൽ സംസ്ക്കരിക്കപ്പെട്ടു.

## 10 കശ്കാറിലെ മാർ യോഹന്നാൻ

ബേത്ഗർമെയാൽ ഊകമലയിലെ അയിൻ ദെക്ളെ ആശ്രമാംഗമായിരുന്നു ഭാഗ്യവാനായ മാർ യോഹന്നാൻ. കശ്കാറിൽ നിന്നാണ് അദ്ദേഹത്തിന്റെ കുടുംബം. പ്രാരംഭ പഠനങ്ങൾക്കുശേഷം അദ്ദേഹം കശ്കാറിലെ ഒരു ആശ്രമത്തിൽ ചേർന്നു. പ്രസ്തുത ആശ്രമം പിൽക്കാലത്ത് മാർ അബ്രഹാം റബാന്റെ ശിഷ്യനായ മാർ ഗാനി പുതുക്കിപ്പണിതു. ആ പേരിൽ അതു് ഇപ്പോഴും അറിയപ്പെടുന്നു. അദ്ദേഹം കപ്യാരായും വാതിൽക്കാവൽക്കാരനായും ശുശ്രൂഷ ചെയ്തു. ഒരു ഉയിർപ്പു ഞായറാഴ്ച മറ്റൊരു സന്യാസിയോടൊപ്പം അദ്ദേഹം ഷേതിലേക്ക് മാറ്റപ്പെട്ടു. അവിടെ ബേത്ഒനേസിമോസിലെ ഏകാന്തവാസികളുടെ സമൂഹത്തെ കണ്ടു് അവരുടെ ആശീർവാദം സ്വീകരിച്ചു. അയിൻ— ദെക്ളെ ആശ്രമത്തിലെ കപ്യാരായി ശുശ്രൂഷ ചെയ്യാൻ ഉടനെ തന്നെ തിരികെപോകാൻ അവിടുത്തെ ആശ്രമാദ്ധ്യക്ഷൻ കല്പിച്ചു. അന്നുതന്നെ അദ്ദേഹം തിരികെ പോയി, ബേത്ഗർമായ് ആശ്രമത്തിൽ എത്തിച്ചേർന്നു. അവിടെ കുറെ വർഷങ്ങൾ കൂടി ജോലി ചെയ്തശേഷം വളരെ വൃദ്ധനായി മരിച്ചു. അദ്ദേഹം ജോലി ചെയ്തുകൊണ്ടിരുന്ന മദ്ബഹായിൽ ആഗസ്റ്റ് 24 ന് സംസ്ക്കരിക്കപ്പെട്ടു. ഒക്ടോബർ ഒന്നിന് അദ്ദേഹത്തിന്റെ ഓർമ്മ ആചരിക്കപ്പെടുന്നു.

## 11 മാർ കർദാക് സഹദാ

മാർ കർദാക് സഹദായുടെ നാമത്തിൽ ആശ്രമങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ബേത്നിമ്രോദിൽ നിന്നുള്ള ഒരു പേർഷ്യാക്കാരനായി

www.malankaralibrary.com



രുന്ന അദ്ദേഹം. ഷപ്പൂറിന്റെ ഉന്നതോദ്യോഗസ്ഥരിൽ ഒരാളായിരുന്ന അദ്ദേഹത്തിന്റെ പിതാവ്. രണശൂരനായ അദ്ദേഹം അർബേലിൽ താമസിച്ചു. അർബേലിന്റെ സമീപത്ത് മൽക്കായി എന്ന ഒരു ഉയർന്ന കുന്നിൽ ആദ്ദേഹം ഒരു കോട്ട പണിതു. മാർ അബ്ദീശോയുടെ പ്രത്യേക പരിലാളനയിൽ കർദാകിന്റെ വിദ്യാഭ്യാസം നടന്നു. താൻ പണിത കോട്ടയുടെ വാതിൽക്കൽവച്ച് അദ്ദേഹം കല്ലെറിഞ്ഞ് കൊല്ലപ്പെട്ടു. പിൽക്കാലത്ത് ആ സ്ഥലത്ത് ഒരു വലിയ ആശ്രമം ഉയർന്നുവന്നു. അദ്ദേഹത്തിന്റെ പ്രാർത്ഥന നമ്മെ സഹായിക്കട്ടെ. ആമ്മേൻ.

## 12 മാർ ഗ്രിഗോറിയോസ്

ആശ്രമാദ്ധ്യക്ഷനായ മാർ ഗ്രിഗോറിയോസ് സന്യാസ ജീവിതത്തെക്കുറിച്ച് ഗ്രന്ഥം രചിച്ചു. പേർഷ്യാക്കാരനായ ഒരു കച്ചവടക്കാരനായിരുന്ന അദ്ദേഹത്തിന് നിരവധി ദർശനങ്ങളുണ്ടായി. അതിന്റെ ഫലമായി അദ്ദേഹം എഡേസ്സയിൽ പോയി; മോശ മല്ലാന്റെ ശിഷ്യനായി സന്യാസം സ്വീകരിച്ചു. തുടർന്ന് ഈസ്ലാമലയിൽ പോയി ദീർഘനാൾ ഏകാന്തജീവിതം നയിച്ചു. തന്റെ നാട്ടിൽ തിരികെ ചെന്ന് തന്റെ ഒരു സഹോദരിയെക്കൂടി ഏകാന്തജീവിതത്തിനു പ്രേരിപ്പിച്ചു. അവരെ നിസിബിസിലെ ഒരു മഠത്തിൽ കൊണ്ടുചെന്നാക്കിയശേഷം വീണ്ടും ഏകാന്തവാസം തുടർന്നു. അങ്ങനെയിരിക്കെ സൈപ്രസിൽപോയി ഒരു പൂന്തോട്ടപ്പണിക്കാരനായിത്തീർന്നു. അദ്ദേഹത്തിനു വിശുദ്ധ ഗ്രന്ഥം മുഴുവൻ മനഃപാഠം അറിയാമായിരുന്നു. അദ്ദേഹത്തിന് ധാരാളം വെളിപാടുകൾ ലഭിച്ചിരുന്നു. അവസാനം തിരികെ ഈസ്ലാമലയിൽ എത്തിയെങ്കിലും അധികം താമസിയാതെ കർത്താവിൽ നിദ്രപ്രാപിച്ചു. വളരെ വൃദ്ധനായിട്ടാണ് അദ്ദേഹം മരിച്ചത്. മാർ ഔഗേന്റെ സ്മാരക സ്തംഭത്തിനടുത്താണ് അദ്ദേഹത്തിന്റെ കല്ലറ. അദ്ദേഹത്തിന്റെ പ്രാർത്ഥന നമ്മെ സഹായിക്കട്ടെ, ആമ്മേൻ.

## 13 മാർ പെതിയോൻ സഹദാ

ഹംവാനിലെ സന്യാസിയായിരുന്ന വി. പെതിയോൻ സഹദാ—യസ്ദിൻ എന്നു പേരുള്ള ഒരക്രൈസ്തവൻ ക്രിസ്തീയ പ്രബോധനം പഠിച്ച് ക്രിസ്ത്യാനിയായി. ബേത്സ്ലോക്കിലെ കർക്കായിൽ ഉള്ള കലാലയങ്ങളിൽ പഠിപ്പിച്ചുകൊണ്ടിരുന്നു. അദ്ദേഹം തന്റെ അനന്തിരവനായ പെതിയോനെ കർക്കായിൽ വരുത്തി ക്രിസ്തുവിന്റെ ശിഷ്യനാക്കി. പെതിയോൻ വളരെക്കാലം മലയിൽ താമസിച്ച്, അക്രൈസ്തവരോട സുവിശേഷം പ്രസംഗിച്ചു. അദ്ദേഹം വളരെയധികം പ്രാർത്ഥിച്ചിരുന്നു. ഒക്ടോബർ 25—ന് അദ്ദേഹം കിരീടം ധരിപ്പിക്കപ്പെട്ടു.

## 14 മഹാനായ മാർ അബ്രഹാം

മാർ അബ്രഹാം ഈസ്ലാമലയിൽ ഒരാശ്രമം സ്ഥാപിക്കുകയും നിരവധി സന്യാസികളുടെ പിതാവായി തീരുകയും ചെയ്തു. കശ്കാറിൽ ആണ് കുടുംബം; അവിടെ പ്രാരംഭ വിദ്യാഭ്യാസം ലഭിച്ചു

www.malankaralibrary.com



ശേഷം ഹിർതായിൽ പോയി പുറജാതികളോടു പ്രസംഗിച്ചു. തുടർന്നു് ഷേത്, സീനായ്മല എന്നിവിടങ്ങളിൽ തീർത്ഥാടനം നടത്തി ഈജിപ്തുവരെ ചുററിസഞ്ചരിച്ചു. തിരികെ നിസിബിസ് കലാലയത്തിലെത്തി. അവിടത്തെ മാർ അബ്രഹാമിൻെറ സഹചാരിയായിരുന്നു. നിസിബിസിലെ മാർ അബ്രഹാമാകട്ടെ മാർ നർസായിയുടെയും അദ്ദേഹത്തിൻെറ ബന്ധുവായ യോഹന്നാൻ ദ്ബേത്റബ്ബാൻെറയും ശിഷ്യനായിരുന്നു. കശ്കാറിലെ മാർ അബ്രഹാം ശ്ലീഹന്മാരെപ്പോലെ നിരവധി അത്ഭുതങ്ങൾ പ്രവർത്തിച്ചു. സന്യാസികൾക്കുവേണ്ടി അദ്ദേഹം നിയമങ്ങൾ എഴുതിയുണ്ടാക്കി. അദ്ദേഹമാണു് അവിടെ ആദ്യമായി സന്യാസപ്പട്ടം ആരംഭിച്ചതു്.

പ്രശസ്തരായ ധാരാളം ശിഷ്യന്മാർ അദ്ദേഹത്തിനുണ്ടായിരുന്നു. അവർ നിരവധി സന്യാസാശ്രമങ്ങൾക്കാരംഭമിട്ടു. ഉദാ. ശേനായിൽ ആശ്രമം സ്ഥാപിച്ച ആബാ ശിമെയോൻ; മാർഗായിലെ ആബാ ബാർ ഈതാ; മാർഗായിലും റൂമാനി ഗ്രാമത്തിനടുത്തും ഓരോ ആശ്രമം സ്ഥാപിച്ച ഗീവർഗീസ്; ഈസ്സാമലയിൽ ആശ്രമം സ്ഥാപിച്ച മാർ ബാബായ്ദ്നിസിബിസ്; കർദ്ദമലയിൽ ആശ്രമം തുടങ്ങിയ റബ്ബാൻ സഹ്റ്വായ്; ദീബോർ—സാലക് മലയിൽ ആശ്രമം സ്ഥാപിച്ച മാർ ഹനാനേശ്രു, അദ്ദേഹത്തിൻെറ ഗുരുവായ മാർ ആബാ; ബർഋറാ ആശ്രമത്തിനടിസ്ഥാനമിട്ട മാർ യൗനാൻ; ഹബീശാ ആശ്രമം സ്ഥാപിച്ച മാർ യാക്കോബ്; ബേത്—നുഹദ്രായിലെ ആബാശപീറാ ആശ്രമം സ്ഥാപിച്ച മാർ സാബാറേശ്രു; അശ്ഗാറിൻെറ തീരത്തു് അദിയബേനെയിൽ ആശ്രമം സ്ഥാപിച്ച ദാസനായ മാർ യൗനാൻ; ശിംഗാർ മലയിൽ ആശ്രമം പണിയിച്ച റബ്ബാൻ ശബോക്ത്; ഉറൂക്മലയിൽ ബക്കാവി എന്നു വിളിക്കപ്പെടുന്ന സ്ഥലത്തു് ആശ്രമം സ്ഥാപിച്ച മാർ ദാനിയേൽ, ഹാറാൻ മലയിൽ ആശ്രമം സ്ഥാപിച്ച മാർ ശാലീത്താ, ബേത്അറമായേയിലെ കശ്കാറിൽ ആശ്രമം സ്ഥാപിച്ച മാർ ഗാനി, കമൂലിലെ മാർ യോഹന്നാൻെറ ഗുഹ നവീകരിച്ചു് ഒരാശ്രമം പണിത റബ്ബാൻ മാർ ഉക്കാമാ; കർദ്ദുവിലെ കെലാലാ ആശ്രമത്തിലെ മാർ യൗനാൻ; ഹേറാതിലെ സർന്നുഖാ ആശ്രമം പണിത യേശുസബ്രാൻ; അർസൂനിലെ നേഹേൽആശ്രമം സ്ഥാപിച്ച മാർ യോഹന്നാൻ; പാഷണ്ഡികളുമായി പടപൊരുതി കെഫാർ ഋത്തായിൽ ഒരു വലിയ പള്ളി പണിത വിശുദ്ധനായ മാർ കേവേല; ബേത്— സബ്ദായിൽ വളരെ പ്രധാനപ്പെട്ട ഒരാശ്രമം സ്ഥാപിച്ച മഹാനായ മാർ ബാബായ്; ദാസെനിൽ ഒരാശ്രമം പണിത അദർമാ എന്നു വിളിക്കപ്പെടുന്ന റബ്ബാൻ യോഹന്നാൻ.

മാർ അബ്രഹാമിൻെറ ആശ്രമത്തിൽ നിന്നിറങ്ങിതിരിച്ചു് വേറെ ആശ്രമങ്ങൾ സ്ഥാപിച്ച മാർ ഏലിയാ, മാർ ഹനാനേശ്രു; മേർവിലെ മരുഭൂമിയിൽ ഒരാശ്രമം സ്ഥാപിച്ച മാർ ഗീവർഗീസ് ഇവരെല്ലാം കശ്കാറിലെ അബ്രഹാമിൻെറ ആത്മീയ സന്താനങ്ങളായിരുന്നു. അതുപോലെ ഇവർ നെത്പാറിലെ അബ്രഹാമിൻെറയും മാർ യോബിൻെറയും സ്റ്റീഫൻെറയും ആത്മീയസന്താനങ്ങളുമായിരുന്നു. ഇവരെപ്പററി പിന്നാലെ ചർച്ച ചെയ്യാം. എൺപത്തിഅഞ്ചാം വയസിൽ അബ്രഹാം തൻെറ ആത്മാവിനെ കർത്താവിനു സമർപ്പിച്ചു. അദ്ദേഹം പണിത പള്ളിയിൽ തന്നെ അദ്ദേഹത്തിൻെറ ശരീരം സംസ്ക്കരിച്ചു. അദ്ദേഹത്തിൻെറയും അദ്ദേഹത്തിൻെറ ആത്മീയ മക്കളുടെയും പ്രാർത്ഥനകൾ പാപിയായ ഈ എഴുത്തുകാരനും മാതാപിതാക്കൾക്കും സഹോദരങ്ങൾക്കും സംരക്ഷിക്കുന്ന കോട്ടയായിരിക്കട്ടെ.

www.malankaralibrary.com



## 15 വിശുദ്ധ ബാർ ഈതാ

മാർഗാമലയിൽ ബാർ ഈതാ ഒരാശ്രമം സ്ഥാപിച്ചു. അദ്ദേഹം നിനവേയിൽ നിന്നുള്ള ആളായിരുന്നു. നിസിബിസിലെ കലാലയങ്ങളിൽ വിദ്യാഭ്യാസം നടത്തി, സഭാപ്രബോധനങ്ങളിലും ഗ്രീക്ക തത്വശാസ്ത്രത്തിലും പാണ്ഡിത്യം സമ്പാദിച്ചു. കലാലയത്തിൽവച്ച് കശ്കാറിലെ മാർ അബ്രാഹാമിനെ പരിചയപ്പെട്ടു. അദ്ദേഹത്തോട് ഒരടുപ്പം തോന്നുകയാൽ ശിഷ്യപ്പെട്ട് ആത്മീയമകനായിതീർന്നു. കുറേനാരം ഈസ്ലാമലയിൽ പോയി താമസിച്ചു. അങ്ങനെ മഹാനായ മാർ അബ്രഹാമിൻെറ ശിഷ്യരിൽ ആദ്യജാതനായിത്തീർന്നു. അബ്രഹാം മരിച്ചപ്പോരം ബാർ ഈതാ മാർഗായുടെ പശ്ചിമഭാഗത്തു് വന്നു പാർത്തു. വളരെ പ്രശസ്തമായൊരാശ്രമം പണിതു. അദ്ദേഹത്തിന് നാന്നൂറിൽ കൂടുതൽ ശിഷ്യന്മാർ ഉണ്ടായിരുന്നു. അദ്ദേഹത്തിൽനിന്നു് സഭാവസ്ത്രം സ്വീകരിച്ചവരിൽ താഴെപ്പറയുന്നവരും ഉരംപ്പെടുന്നു; തിഗ്രീതിനടുത്തുള്ള മലയിൽ ശേനാ ആശ്രമം സ്ഥാപിച്ച ആബാ ശിമെയോൻ; കർദുവിൽ ആശ്രമം സ്ഥാപിച്ച റബ്ബാൻ യോസേദേക്ക്; ബേത്—അദ്രാമലയിൽ ആശ്രമംസ്ഥാപിച്ച റബ്ബാൻ ഹൊർമിസ്ദ്; കർദുവിൽ ഗെലാലാ ആശ്രമം സ്ഥാപിച്ച പേർഷ്യാക്കാരൻ യോഹന്നാൻ—വളരെ അധ്വാനിച്ചശേഷം ബാർ ഈതാ തൻെറ വാർദ്ധക്യത്തിൽ കർത്താവിലേക്കു തീർത്ഥാടനം നടത്തി. കൂദോശീത്തോ ഞായറാഴ്ച അദ്ദേഹത്തിൻെറ ഓർമ്മ അനുസ്മരിക്കുന്നു.

## 15 മാർ ഗീവർഗീസ്

അദ്ദേഹം രണ്ടു് ആശ്രമങ്ങരം സ്ഥാപിച്ചു. ഒന്നു് റമീനി ഗ്രാമത്തിൻെറ പരിസരത്തുള്ള അദിയബേനെയിലും മററതു് മാർഗായിലും.... അദ്ദേഹം റമീനി ഗ്രാമത്തിനടുത്തുള്ള അദിയബേനെ മലയിലെ ഒരു ഗുഹയിൽ പോയി താപസജീവിതം നയിച്ചു. കുറേക്കാലത്തിനുശേഷം അദ്ദേഹം വളരെ പ്രശസ്തമായ ഒരാശ്രമം പണിതു; ഏതാണ്ടു് അഞ്ഞൂറു് പുരുഷന്മാർ അദ്ദേഹത്തിൻെറ കൂടെ കൂടി. അദ്ദേഹം മാർഗയിലും ബാബാഗാശിലും സുവിശേഷം പ്രസംഗിച്ചു. മാർഗായിൽ ബിർതാ ഗ്രാമത്തിനടുത്തു് ബേത്സയ്ദേ എന്ന സ്ഥലത്തു് പ്രസിദ്ധമായ ഒരാശ്രമം സ്ഥാപിച്ചു. കർദുവിൽ ആശ്രമം സ്ഥാപിച്ച റബ്ബാൻ ബാസീമാ അദ്ദേഹത്തെ കാണാൻ വരികയും സന്യാസവസ്ത്രം സ്വീകരിക്കയും ചെയ്തു. അങ്ങനെ അദ്ദേഹത്തിൻെറ ശിഷ്യനായി ശിക്ഷണം നേടി. അദ്ദേഹം സർവ്വവിധ സുകൃതങ്ങളാലും അലംകൃതനായി കർത്താവിലേയ്ക്കു തീർത്ഥാടനം നടത്തി.

## 17 നിസിബിസിലെ മാർ ബാബായ്

ഈസ്ലാമലയിൽ മാർ ബാബായ് ഒരാശ്രമം സ്ഥാപിച്ചു. അദ്ദേഹം നിസിബിസിൽ നിന്നാണു്. ഷപ്പൂർ രാജാവ് നിസിബിസിൽ കുടിയിരുത്തിയ പേർഷ്യാക്കാരുടെ കുടുംബത്തിൽപെട്ടയാളായിരുന്നു അദ്ദേഹം. അദ്ദേഹം മഹാനായ മാർ അബ്രഹാമിനെ സന്ദർശിച്ചു് അദ്ദേഹത്തിനു ശിഷ്യപ്പെടുകയും സന്യാസപരിശീലനം നടത്തുക

www.malankaralibrary.com



യും ചെയ്തു. ഗുരുവിന്റെ മരണശേഷം ഒരു പഴയ മേൽവസ്ത്രം ധരിച്ച് അദ്ദേഹം അദിയബേനെ മലയിലേക്ക പോയി, ബേത്ഗാമാലായ്ക്കും അശ്ഗാർ മലയ്ക്കും ഇടയ്ക്കുള്ള അത്തിഗ്രാമത്തിലെ ഒരു ഗുഹയിൽ പാർത്തു. അവിടെ അദ്ദേഹത്തോടൊപ്പം മാർ അബ്ദായും ഉണ്ടായിരുന്നു. മാർ അബ്ദാ അതിനുശേഷം അതിനടുത്തുതന്നെ ഒരാശ്രമം സ്ഥാപിച്ചു. ദിവ്യരഹസ്യങ്ങൾ സ്വീകരിക്കാനായി മാർ ബാബായ്, മാർ യേശുസെക്കായുടെ ആശ്രമത്തിൽ പോയി. യേശുസെക്കാ, സാബാർ യേശു കാതോലിക്കായോടുകൂടി ഹിർതാരാജാവ് നാമാനിൽനിന്ന് പിശാചിനെ ഓടിച്ചയാളാണ്—പിന്നെ തിരികെ തന്റെ സ്ഥലത്തു തന്നെ വന്നു പാർത്തു. കുറേനാളുകൾക്കുശേഷം ദൈവികവെളിപാടു ലഭിച്ചതിനാൽ അദ്ദേഹം ഈസ്ലാമലയിൽ പോയി തകർന്നടിഞ്ഞ ഒരാശ്രമത്തിന്റെ സ്ഥാനത്ത് പുതിയൊരാശ്രമം പണിതു. എഴുപത്തിയഞ്ചാം വയസ്സിൽ അദ്ദേഹം കർത്താവിലേയ്ക്കു തീർത്ഥാടനം നടത്തി. അദ്ദേഹത്തിന്റെ ശരീരം അൾത്താരയ്ക്കു താഴെ സ്ഥാപിക്കപ്പെട്ടു. അദ്ദേഹത്തിന്റെ പ്രാർത്ഥന പാപിയായ ഈ ഗ്രന്ഥകാരനെ സഹായിക്കട്ടെ.

## 18 മാർ ശഹ്റവായ്

അദ്ദേഹവും മാർ അബ്രഹാമിനെ കണ്ട്, ശിഷ്യനായി. അദ്ദേഹത്തിന്റെ കുടുംബം നിബിസിൽ നിന്നായിരുന്നു. തന്റെ ഗുരുവിന്റെ മരണാനന്തരം അദ്ദേഹം കർദുവിൽ പോയി ഒരാശ്രമം പണിതു് അതിനെ അലങ്കരിച്ചു. ധാരാളം അത്ഭുതങ്ങൾ പ്രവർത്തിച്ചു. വളരെ വൃദ്ധനായി, കർത്താവിൽ നിദ്രപ്രാപിച്ചു. മൃതശരീരം അദ്ദേഹം പണിയിച്ച ആശ്രമത്തിൽതന്നെ അടക്കി. 'സൈദിന്റെ ആശ്രമം' എന്നാണ് ഈ ആശ്രമത്തിന്റെ പേര്.

## 19 മാർ ഏലിയാസ്

മോസൂളിലെ മലയിൽ മാർ ഏലിയാസ് ആശ്രമം സ്ഥാപിച്ചു. അറബികളുടെ പട്ടണമായ ഹിർതാ ആയിരുന്നു ജന്മനാട്. ആ ഗ്രാമത്തിലെ പള്ളിയിൽ നിന്നു് സഭാസംബന്ധമായ കാര്യങ്ങൾ പഠിച്ചിട്ട് വളരെ താല്പര്യപൂർവം ഈസ്ലാമലയിൽപോയി മാർ അബ്രഹാമിൽ നിന്നു് സന്യാസവസ്ത്രം സ്വീകരിച്ചു; തിരികെ മോസൂളിലെത്തി അടുത്തുള്ള മലയിൽ ഏകാന്തജീവിതം ആരംഭിച്ചു. സന്യാസ സഹോദരന്മാരുടെ സംഖ്യ വർദ്ധിച്ചപ്പോൾ മാർ ഏലിയാസ് ഒരു പള്ളി സ്ഥാപിച്ചു. അദ്ദേഹം ശ്ലീഹന്മാരെപ്പോലെ നിരവധി അത്ഭുതങ്ങൾ ചെയ്തു. നൂറിൽ പരം വർഷങ്ങൾ ജീവിച്ചശേഷം കർത്താവിലേക്ക് ആരോഹണം ചെയ്തു. അദ്ദേഹം പണികഴിപ്പിച്ച ചെറിയ മർതീരിയോണിൽ തന്നെ അദ്ദേഹം സംസ്ക്കരിക്കപ്പെട്ടു. അദ്ദേഹത്തിന്റെ പ്രാർത്ഥന പാപിയായ ഈ എഴുത്തുകാരനെ സഹായിക്കട്ടെ.

## 20 അർമാഹിലെ മാർ യോഹന്നാൻ

ദാസെനിൽ ഒരു പ്രശസ്താശ്രമം സ്ഥാപിച്ചു. —അദ്ദേഹത്തിന്റെ ഭവനം ബേത് അറമായെയിലെ കശ്കാറിലായിരുന്നു. അദ്ദേഹം

www.malankaralibrary.com



മാർ അബ്രാഹാമിന്റെ പക്കൽപോയി ശിഷ്യനായിത്തീർന്നു. ഗുരുവിന്റെ മരണശേഷം ഭാഗ്യവാനായ ഗീവർഗീസിനോടും ആബാ ബാർ ഈതായോടും കൂടി ആശ്രമംവിട്ട് മാർഗായിലെത്തി. അവിടെനിന്ന് ദൈവകൃപ അദ്ദേഹത്തെ ദാസനിൽ എത്തിച്ചു. അവിടെ അദ്ദേഹം ഒരു വലിയ പള്ളി പണിതു. ധാരാളം സഹോദരന്മാർ അദ്ദേഹത്തിന്റെ ശിഷ്യരായി. കർത്താവിനുവേണ്ടി നിരവധി പീഡകൾ സഹിച്ച ശേഷം അദ്ദേഹം കർത്താവിൽ നിദ്ര പ്രാപിച്ചു. അദ്ദേഹം നിർമ്മിച്ച മർതീരിയോണിൽ ശരീരം സംസ്ക്കരിക്കപ്പെട്ടു.

## 21 മാർ ഹനാനേശ്രു

സാലാക്ക്—ദീബോറിൽ അദ്ദേഹം ഒരാശ്രമം സ്ഥാപിച്ചു.—നാമാൻ രാജാവിന്റെ കുടുംബത്തിൽപെട്ട ഒരു ഇശ്മായേല്യനായിരുന്നു ഹനാനേശ്രു. അദ്ദേഹം മാർ അബ്രാഹാമിനെ കാണുവാൻ അദ്ദേഹത്തിന്റെ ആശ്രമത്തിലേക്കു പോയി. അവിടെ മാർ ബാബായ് റമ്പായോടും തന്റെ ബന്ധുവായ മാർ ഏലിയാസിനോടും രക്തസാക്ഷിയായ ഗീവർഗീസിനോടും അടുത്തിടപ്പെട്ടു. മാർ ഗീവർഗീസ്, പേർഷ്യൻ രാജാവായ ഖുസ്രായുടെ വംശത്തിൽ പെട്ടയാളായിരുന്നു — ഹനാനേശ്രു അവിടെവച്ച് സന്ന്യാസവസ്ത്രം സ്വീകരിച്ച് ഒരു ഗുഹയിൽ പാർത്തു. അദ്ദേഹം പാഷണ്ഡരുമായി വലിയ തർക്കത്തിലേർപ്പെട്ടു. അതിനുശേഷം ദീബോർ—സാലാക്കിൽ പോയി പ്രസംഗിച്ചു. ആശ്രമസ്ഥാപനാനന്തരം ഇരുപതു വർഷം കൂടി ജീവിച്ചു. വളരെ പ്രായം ചെന്നശേഷം മരിച്ചു. അദ്ദേഹം പണിത പള്ളിയിൽ തന്നെ സംസ്ക്കരിക്കപ്പെട്ടു.

## 22 മാർ യോഹന്നാൻ

അർസൂനിൽ ''നെഹേലിന്റെ ആശ്രമം'' എന്നു പറയപ്പെടുന്ന സന്ന്യാസഭവനം സ്ഥാപിച്ചു.—സഹോദരന്മാരുടെ ഇടയിൽ കലഹം ഉണ്ടായതിനാൽ, തന്റെ ഗുരുവായ അബ്രഹാമിന്റെ മരണശേഷം ഈസ്ലായിലെ ആശ്രമം വിട്ടു. രണ്ട് സഹോദരന്മാരോടൊപ്പം അർസൂനിൽ വന്ന്, നെഹേലിനടുത്തുള്ള മലയിൽ ഏകാന്തവാസം തുടങ്ങി. നെഹേലിൽ വിഗ്രഹങ്ങളുള്ള ഒരമ്പലത്തിനടുത്ത് ഒരാശ്രമം സ്ഥാപിച്ചു. വളരെ വാർദ്ധക്യത്തിൽ ഭൗമികജീവിതം വിട്ടു. അദ്ദേഹം പണിത പള്ളിയിൽ സംസ്ക്കരിക്കപ്പെട്ടു.

## 23 മാർ യോഹന്നാൻ

ഇദ്ദേഹം കങ്കൽ ആശ്രമം സ്ഥാപിച്ചു. — മാർ ബാബായ് റമ്പായുടെ കാലത്ത് അദ്ദേഹത്തിന്റെ ആശ്രമം സന്ദർശിക്കയും ശിക്ഷണം സ്വീകരിക്കയും ചെയ്തു. കുറേനാൾ അദ്ദേഹത്തിന്റെ കൂടെ താമസിച്ചു. പിന്നീട് ജറുസലേം, ഷേത് എന്നിവിടങ്ങളിൽ തീർത്ഥാടനം നടത്തിയ ശേഷം എമേസായിൽ താമസമാക്കി. അവിടെ സ്നാപകയോഹന്നാന്റെ ശിരസ്സു വച്ചിരുന്ന സ്മാരകസ്തംഭത്തിന്റെ ചുമതല രണ്ടുവർഷത്തോ

www.malankaralibrary.com



ളം വഹിച്ചു. എമേസയിലെ മെത്രാൻ അദ്ദേഹത്തിനു വൈദികപട്ടം നൽകി. മെത്രാന്റെ മരണശേഷം പിന്നീട് മെത്രാനായ വ്യക്തിയു മായി യോഹന്നാന് അഭിപ്രായ വ്യത്യാസമുണ്ടായി. ജനങ്ങൾ മെത്രാ നേക്കാൾ കൂടുതലായി യോഹന്നാനെ ബഹുമാനിച്ചിരുന്നു എന്നതായി രുന്നു കാരണം. അദ്ദേഹം അവിടെനിന്ന്, സർബാത് നദീതീരത്തുള്ള കങ്കെൽ ഗ്രാമത്തിൽ പോയി. അത് അർസൂൻ പട്ടണത്തിനടുത്താണ്. അവിടെ അദ്ദേഹത്തിനു ധാരാളം ശിഷ്യന്മാരുണ്ടായി. ഒരിക്കൽ സ്നാ പക യോഹന്നാൻ അദ്ദേഹത്തിനു സ്വപ്നത്തിൽ കാണപ്പെട്ടു പറഞ്ഞു. 'എമേസയിലേക്കു തിരിച്ചുചെല്ലുക. എന്റെ തിരുശേഷിപ്പുള്ള സ്ഥല ത്തു ചെന്ന് എന്റെ തലമുടിയിൽ നിന്ന് തിരുശേഷിപ്പ് എടുക്കുക. ഞാൻ തന്നെ അതു നിനക്കു നൽകുന്നു. തിരികെ വന്ന് ഇവിടെ ഒരാശ്രമം പണിയുക.' വിശുദ്ധൻ പറഞ്ഞതുപോലെ അദ്ദേഹം പോ യി തലമുടിയെടുത്തു തിരികെ വന്ന് ഒരാശ്രമം പണിതു. അൾത്താര യുടെ കിഴക്കുവശത്തുള്ള അടിസ്ഥാനത്തിൽ ആ തിരുശേഷിപ്പു പ്രതി ഷ്ഠിച്ചു. മരണം അടുത്തപ്പോൾ അദ്ദേഹം തന്റെ ആത്മീയ മക്കളെ വി ളിച്ച് തന്റെ ശരീരം പള്ളിയുടെ വാതിലിനു പുറത്ത് നടയുടെ താഴെ സംസ്ക്കരിക്കണം എന്നു കല്പിച്ചു. പള്ളിയിൽ കയറുകയും ഇറങ്ങുകയും ചെയ്യുന്നവർ എന്നെ ചവിട്ടിപ്പോകണം; അങ്ങനെ എനിക്കു വിനീതനാകാം എന്നദ്ദേഹം പറഞ്ഞു. അദ്ദേഹം ഡിസംബർ ഒന്നിന് കർത്താവിന്റെ പക്കലേക്കെടുക്കപ്പെട്ടു. അദ്ദേഹം കല്പിച്ചതുപോലെ ശിഷ്യന്മാർ ശരീരം വാതിൽക്കൽ അടക്കി. അദ്ദേഹത്തിന്റെ പ്രാർ ത്ഥന ഈ പാപിയായ എഴുത്തുകാരനെ സഹായിക്കട്ടെ.

## 24 മാർ യാക്കോബ്

അദ്ദേഹം സേർതിനടുത്തും അർസൂനിനു സമീപവുമായി ഹെ ബീശാ ആശ്രമം സ്ഥാപിച്ചു. കർദ്ദമലയിൽ താമസിച്ചിരുന്ന ചില ഏകാന്തവാസികളിൽ നിന്ന് അദ്ദേഹം സന്യാസവസ്ത്രം സ്വീകരിച്ചു. തുടർന്ന് അദ്ദേഹം മാർ ഹെബീശായെ ചെന്നുകണ്ട് വളരെ നാൾ അദ്ദേ ഹത്തിന്റെ കൂടെ പാർത്തു. അവരിരുവരും ഒന്നിച്ച് ഒരാശ്രമം പണിതു. സന്യാസജീവിതത്തെക്കുറിച്ചുള്ള തന്റെ ഗ്രന്ഥത്തിന്റെ പ്രഥമ ഭാഗത്ത് മർതീരീസ്, മാർ ഹബീശായെപ്പററി സൂചിപ്പിക്കുന്നു. ബേത്–ഗർ മായിൽ മഹോസേ ദർസൂനിലെ മെത്രാനായിരുന്നു മർതീരീസ്. വിശ്വാസ തീക്ഷ്ണമായ ജീവിതം നയിച്ച് ശോഭാപൂർണരായി അവ രിരുവരും കർത്താവിൽ നിദ്രപ്രാപിച്ചു. അവർ പണിത പള്ളിയിൽ അവരെ സംസ്ക്കരിച്ചു. അവരുടെ പ്രാർത്ഥന പാപിയായ ഈ എഴു ത്തുകാരനെ സഹായിക്കട്ടെ.

## 25 മാർ ആബാ

അദ്ദേഹം ബർഉറാ ആശ്രമത്തിന്റെ അടിസ്ഥാനമിട്ടു. അദ്ദേഹ ത്തിന്റെ ശിഷ്യനായ മാർ യൗനാൻ പണി പൂർത്തിയാക്കി. ബേത്– അറബായേയിലെ ഹോർദെപ്നാ ആയിരുന്നു ജന്മസ്ഥലം—നീതി മാനായ മാർ ഗബ്രൂനായുടെ സഹപാഠിയായിരുന്നു അദ്ദേഹം.

www.malankaralibrary.com



ഈ ഗബ്രൈനാ, ബേത് —അറബായേയുടെയും ബേത് — സബ്ദാ യുടെയും അതിർത്തിയിലുള്ള പിർദ്ദൂൺ മലയിൽ ഷമൂനാ ആശ്രമം സ്ഥാപിച്ചു. അദിയബേനെ മലയിൽ പാർത്തിരുന്ന മാർ ദാദീശോയെ കാണാൻ ഇദ്ദേഹം പന്ത്രണ്ടാം വയസിൽ മലയിലേക്കു പോയി അവിടെ കുറെനാൾ താമസിച്ചു. മഹാനായ മാർ അബ്രഹാമിന്റെ ശിഷ്യനായിരുന്ന ദാദീശോ. അദ്ദേഹം ഈസ്ലായിൽ മാർ അബ്രഹാമിന്റെ ആശ്രമത്തിൽ വന്ന് വിശുദ്ധ സന്യാസവസ്ത്രം സ്വീകരിക്കയും തപസനുഷ്ഠിക്കുകയും ചെയ്തു. ഗബ്രിയേൽ, ബ്രീക്കേശൂ, ഊക്കാമാ എന്നീ സഹോദരന്മാർ ആബായോട് വലിയ അടുപ്പത്തിലായിരുന്നു. റമ്പാൻ ഊക്കാമാ അർസൂനിലെ മെത്രാനായി. വാർധക്യകാലത്ത് സഹോദരന്മാർ അദ്ദേഹത്തോട് സഹകരിച്ച് കർദ്ദുവിൽ കമൂൽ ആശ്രമം സ്ഥാപിച്ചു. അവിടെവച്ച് അദ്ദേഹം മരിച്ചു. ഗബ്രിയേലും ബ്രീക്കേശൂവും ശിംഗാർ മലയിൽ പോയി പാർത്തു. മാർ ആബായുടെ പരിശ്രമത്താൽ ബർഗ്ഗൂറാ ആശ്രമത്തിന്റെ അടിസ്ഥാനമിട്ടു. പിന്നെ മാർ യൗനാൻ അവിടെയെത്തി. ആ സ്ഥലത്തെ രൂപാന്തരപ്പെടുത്തി ഒരാശ്രമം തുടങ്ങുന്നതിനും അനേകരുടെ ആത്മീയ പിതാവായി തീരുന്നതിനും ദൈവത്താൽ അയയ്ക്കപ്പെട്ടവനായിരുന്നു അദ്ദേഹം. മാർ ആബാ നിരവധി അത്ഭുതങ്ങൾ പ്രവർത്തിച്ചു. വാർധക്യത്തിൽ കർത്തൃസവിധത്തിലേക്ക് തീർഥാടനം നടത്തി. ശരീരം അദ്ദേഹം പണിത പള്ളിയിൽ സംസ്ക്കരിക്കപ്പെട്ടു.

## 26 മാർ സാബാറേശൂ

അദ്ദേഹം ആബാ ശപ്പീറാ ആശ്രമം സ്ഥാപിച്ചു. നിനവെ ആയിരുന്നു വാഴ്ത്തപ്പെട്ട സാബാറേശൂവിന്റെ ജന്മദേശം. അർബേലിൽ പോയി വിദ്യാഭ്യാസം നടത്തി. മഹാനായ അബ്രഹാമിനെപ്പററി കേട്ട്, അദ്ദേഹത്തെ കാണാൻ പോയി. അദ്ദേഹത്തിന്റെ ശിഷ്യനായി കുറേനാൾ അവിടെ താമസിച്ചു. പിന്നീട് ബേത് —നൂഹദ്രായിൽ ഒരാശ്രമം സ്ഥാപിക്കാൻ ദൈവകൃപ അദ്ദേഹത്തെ പ്രേരിപ്പിച്ചു. മാർ ഗീവർഗീസ് സഹദായോടുകൂടി വലിയ ആശ്രമം വിട്ടവരിൽ ഒരാളായിരുന്നു സാബാറേശൂ. എല്ലാ സുകൃതങ്ങളും അഭ്യസിച്ച് അദ്ദേഹം കർത്താവിന്റെ പക്കലേക്ക് കരേറി. അദ്ദേഹം പണിത ആശ്രമത്തിൽ തന്നെ അദ്ദേഹത്തിന്റെ ശരീരം കബറടക്കി. കുറേനാൾ കഴിഞ്ഞ് മാർ ശുബ്ഹാലമാറൻ അവിടെ ചെന്ന് അദ്ദേഹത്തിന്റെ സുകൃതങ്ങൾ വെളിപ്പെടുത്തി. വിശുദ്ധ റമ്പാൻ അഫ്നീമാറനും ഈ ആശ്രമത്തിൽ താമസിച്ച് സുകൃതങ്ങളാൽ ഇതിനെ അലങ്കരിച്ചു.

## 27 മാർ യൗനാൻ

അദ്ദേഹം അദിയബേനെയിൽ ഒരു ആശ്രമം സ്ഥാപിച്ചു. —അദിയബേനയിലെ ഫറോക് —അബാദ് ഗ്രാമത്തിലെ ഒരാളുടെ[1] ദാസനായിരുന്നു ഈ വാഴ്ത്തപ്പെട്ടവൻ. ഒരിക്കൽ തന്റെ ഗുരുവിന്റെ

1 മ്ഗുശൻ

www.malankaralibrary.com



മുന്തിരിത്തോട്ടത്തിൽ നിന്നു് വീഞ്ഞു കൊണ്ടുവരുവാൻ പോകവേ, നിസിബിസിലെ മാർ ബാബായിയുടെ ഗുഹയുടെ അടുത്തുകൂടി കടന്നു പോകുവാൻ ഇടയായി—മാർ അബ്രാഹമിന്റെ മരണശേഷം മാർ ബാബായ് ആശ്രമംവിട്ട്, ബേത്ഗാമാലയിലെ അതിഗ്രാമത്തിനടുത്തുള്ള അദിയബേനേ മലയിൽപോയി താമസിച്ചു. ഈ കാര്യം മാർ യൗനാന്റെ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്—മാർ യൗനാൻ തന്റെ വഴിവിട്ട് മാർ ബാബായ് താമസിക്കുന്നിടത്തു ചെന്നു് അദ്ദേഹത്തെ കണ്ടു. മാർ ബാബായിയുടെ ജീവിതമാതൃക കണ്ട് അദ്ദേഹത്തിന്റെ ഉൽകൃഷ്ട വചസ്സുകളാൽ ഉജ്വലിച്ച് നേരം വളരെ വൈകി, വീഞ്ഞെടുക്കാൻ വേണ്ടി ഗ്രാമത്തിലേക്കുപോകാൻ സാധിക്കാതെ വന്നു; ഗുരുവിനു് അപ്രീതി ഉണ്ടാകും എന്നു കരുതി യൗനാൻ ദുഃഖിതനായി. അപ്പോൾ മാർ ബാബായി മനസ്സലിഞ്ഞ് ഇപ്രകാരം പറഞ്ഞു: ''എന്റെ ഉറവയിൽനിന്നു് നിന്റെ തുകൽ സഞ്ചികളിൽ വെള്ളം നിറച്ച് കഴുതപ്പുറത്തുകയററി ഒട്ടും ഭയപ്പെടാതെ ഗുരുവിന്റെ പാത്രത്തിൽ ഒഴിച്ചു കൊടുക്കുക.'' അദ്ദേഹം തുകൽസഞ്ചികളിൽ വെള്ളം നിറച്ച് തിരികെ പോയി. താൻ കൊണ്ടുവന്ന വീഞ്ഞ് കുടിക്കാൻ വരുന്ന ഗുരുവിനെ അവൻ കണ്ടു. തന്റെ ഗുരു തന്നെ കുററപ്പെടുത്തുകയോ ശിക്ഷിക്കുകയോ ചെയ്യും എന്നു കരുതി യൗനാൻ ഭയന്നു വിറച്ചുപോയി. എന്നാൽ മാർ ബാബായിയുടെ പ്രാർത്ഥനയുടെ ഫലമായി വെള്ളം വീഞ്ഞായി ത്തീർന്നിരുന്നു. അതിന്റെ മാധുര്യത്തിലും ഗുണത്തിലും അയാൾ അത്ഭുതപ്പെട്ടുപോയി. ഈ അത്ഭുതത്തിനുശേഷം ബാബായിയെ കാണാൻ അദ്ദേഹം ഗുഹയിലേയ്ക്കുപോയി, അദ്ദേഹത്തിന്റെ പ്രാർത്ഥന യാചിച്ചു. വിശുദ്ധന്റെ നിർദ്ദേശപ്രകാരം അയാൾ യൗനാനെ സ്വതന്ത്രനാക്കി. മാർ ബാബായ് വിദ്യാഭ്യാസത്തിനായി മാർ യൗനാനെ നിസിബിസ് കലാലയത്തിലേക്കയച്ചു. അതുപോലെ സന്യാസ നിയമങ്ങൾ അഭ്യസിക്കാൻ വലിയ ആശ്രമത്തിലേയ്ക്കും പറഞ്ഞയച്ചു. മാർ അബ്രഹാമിന്റെ ആശ്രമത്തിലെ അപ്പോഴത്തെ അദ്ധ്യക്ഷനായിരുന്ന മാർ ദാദീശോ അദ്ദേഹത്തിനു സന്യാസവസ്ത്രം നൽകി. ദൈവിക ജ്ഞാനത്തിൽ വളർന്നപ്പോൾ അദ്ദേഹം അദിയബേനെ മലയിൽ ബാബായിയുടെ പക്കലേക്ക് തിരികെ പോയി. അവിടെ ബാബായിയുടെ ആത്മീയമകനും ശിഷ്യനുമായിത്തീർന്നു. കുറേക്കാലത്തിനുശേഷം അദ്ദേഹം അവിടെ ഒരാശ്രമം പണിതു് അതിനെ വളരെ മനോഹരമായി അലങ്കരിച്ചു. സന്തോഷപ്രദമായ വാർധക്യത്തിൽ തന്റെ ആത്മീയമക്കളുടെ എണ്ണത്തിൽ സന്തുഷ്ടനായി അദ്ദേഹം നമ്മുടെ കർത്താവിന്റെ പക്കലേക്ക് തീർത്ഥാടനം ചെയ്തു. അദ്ദേഹത്തിന്റെ പ്രാർത്ഥന പാപിയായ ഈ എഴുത്തുകാരനെ സഹായിക്കട്ടെ.

## 28 മാർ ഗാനി

അദ്ദേഹം കശ്കാറിൽ ഒരാശ്രമം സ്ഥാപിച്ചു.—ബേത്അറമായേയിലെ കശ്കാറാണ് അദ്ദേഹത്തിന്റെ ജന്മദേശം. അദ്ദേഹത്തിന് ധാരാളം ആടുമാടുകളും അടിമകളും ദാസന്മാരുമുണ്ടായിരുന്നു. എന്നാൽ തനിക്കുള്ളവയെല്ലാം അദ്ദേഹം ദരിദ്രർക്കു പങ്കിട്ടുകൊടുത്തു. പിന്നീട് ഈസ്ലായിൽ മാർ അബ്രഹാമിന്റെ ആശ്രമത്തിൽ പോയി അദ്ദേഹത്തിൽനിന്നു സന്യാസവസ്ത്രം സ്വീകരിച്ചു. അദ്ദേഹം തന്റെ ഒരു ദാസനെക്കൂടെ അവിടെ കൊണ്ടുപോയിരുന്നു; അയാളും സന്യാസവസ്ത്രം

www.malankaralibrary.com



സ്വീകരിച്ചു. മാർ അബ്രഹാമിന്റെ മരണശേഷം അദ്ദേഹം ജറുസലേം, സീനായ്മല, ഷേത് എന്നിവിടങ്ങളിൽ തീർത്ഥാടനം നടത്തി. പിന്നീട് തന്റെ ദാസനോടൊപ്പം കശ്കാറിൽ തിരികെ വന്നു ലൂക്കാസ് എന്നുകൂടി വിളിക്കപ്പെടുന്ന ശെമഓൻദ്തൈബൂസാ, മാർ ഗാനിയെപ്പററി സാക്ഷ്യപ്പെടുത്തുകയും അദ്ദേഹത്തിന്റെ സുകൃതങ്ങളെപ്പററി വിവരിക്കുകയും ചെയ്യുന്നു. ''മൂന്നാം മണിക്കുള്ള പ്രാർത്ഥനയ്ക്കു മുൻപ് സന്യാസികൾ ഒന്നിച്ചുകൂടി ഉല്ലസിക്കാൻ പാടില്ല'' എന്ന് മാർ ഗാനി പറയുമായിരുന്നു. കശ്കാറിലെ മരുഭൂമിയിൽ അദ്ദേഹം ഒരാശ്രമം സ്ഥാപിച്ചു. അവസാനം അദ്ദേഹം നമ്മുടെ കർത്താവിന്റെ കല്ലറയ്ക്കു തീർത്ഥാടനം നടത്തി. അദ്ദേഹത്തിന്റെ ശരീരം അദ്ദേഹം പണിത ആശ്രമത്തിൽ സംസ്കരിക്കപ്പെട്ടു.

## 29 മാർ സബോക്ത്

ഈസ്സായിലെ മാർ അബ്രഹാമിന്റെ ശിഷ്യൻ; ശിംഗാറിനടുത്തുള്ള മലയിൽ ഒരാശ്രമം സ്ഥാപിച്ചു.—വാഴ്ത്തപ്പെട്ട സബോക്ത്, കലീനരും ധനാഢ്യരുമായ മാതാപിതാക്കളിൽ നിന്ന് നിസിബിസിൽ ജനിച്ചു. സഹ്രാവായിയോടൊത്ത് മാർ അബ്രഹാമിന്റെ പക്കലെത്തി സന്യാസവസ്ത്രം സ്വീകരിച്ചു. അദ്ദേഹത്തിന് നിസിബിസിലെ മാർ ബാബായിയോട് വളരെ അടുപ്പമായിരുന്നു. മാർ അബ്രഹാം മരിച്ചപ്പോൾ മാർ ആബാ, ഗബ്രിയേൽ, ബ്രിക്കേശു എന്നിവരോടുകൂടെ ബർ ള്ളറാ ആശ്രമത്തിനടിസ്ഥാനമിടുകയും അവിടെ ഏകാന്തതയിൽ വസിക്കയും ചെയ്തു. അദ്ദേഹം ബർള്ളറായുടെ മുകളിൽ പ്രധാനപ്പെട്ട ഒരാശ്രമം സ്ഥാപിച്ചു. നിരവധി സുകൃതങ്ങൾ അഭ്യസിച്ചശേഷം മൗദ്യാനന്മാരുടെ വെള്ളിയാഴ്ച അദ്ദേഹം കർത്തൃസവിധത്തിലേക്കു വാങ്ങിപ്പോയി. അദ്ദേഹത്തിന്റെ പ്രാർത്ഥന പാപിയായ ഈ എഴുത്തുകാരനെ സഹായിക്കട്ടെ.

## 30 മാർ ഊക്കാമ

കർദ്ദവിലെ ഒരു ഗ്രാമത്തിൽ, കമൂലിലെ യോഹന്നാന്റെ സ്മാരകസ്തംഭത്തിൽ അദ്ദേഹം ഒരാശ്രമം സ്ഥാപിച്ചു.[1]

ആദ്യമായി ആകാശം പറഞ്ഞു: ''എന്റെ പക്കലാണ് രാജ്യവും മാലാഖമാരും''.

ഭൂമി മറുപടിയായി പറഞ്ഞു; ''എന്റെ പക്കൽ നീതിമാന്മാരുടെ സമൂഹമുണ്ട്.''

ആകാശം: എന്റെ പക്കൽ സിംഹാസനത്തിനു മുമ്പിൽ നില്ക്കുന്ന ദൂതന്മാരുണ്ട്.''

ഭൂമി: ''എന്റെ പക്കൽ കുരിശിന്റെ മുമ്പിൽ നില്ക്കുന്ന സംഖ്യാതീതമായ ജാതികളും രാജ്യങ്ങളും ഉണ്ട്.''

ആകാശം: ''എന്റെ പക്കൽ നക്ഷത്രങ്ങളും ഗ്രഹങ്ങളുമുണ്ട്.''

ഭൂമി: ''എന്റെ പക്കൽ നീതിമാന്മാരും താഴ്മയുള്ളവരും ഉണ്ട്.''

ആകാശം: ''എന്റെ പക്കൽ, നിന്നിൽ വസിക്കുന്നവരെ വിറപ്പിക്കുന്ന ഇടിമുഴക്കം ഉണ്ട്.''

---

1. അദ്ദേഹത്തിന്റെ ഏതെങ്കിലും കൃതിയുടെ ഭാഗമായിരിക്കാം.

www.malankaralibrary.com



ഭൂമി: "എന്റെ പക്കൽ നിന്റെ ആളുകളെ ഇളക്കുന്ന പ്രാർത്ഥനകളുണ്ട്."

ആകാശം: എന്റെ പക്കൽ നിന്നിലേക്കു പതിക്കുന്ന ഇടിമിന്നലുണ്ട്.

ഭൂമി: എന്റെ പക്കൽ, ചിറകില്ലാതെ നിന്റെ പക്കലേക്കു പറക്കുന്ന നീതിമാന്മാരുണ്ട്.

ആകാശം: എന്റെ പക്കൽ, മഴപെയ്യിക്കുന്ന കാർമേഘങ്ങളുമുണ്ട്.

ഭൂമി: എന്റെ പക്കൽ, പുരുഷനെക്കൂടാതെ ഗർഭം ധരിക്കുന്ന കന്യകയുണ്ട്

ആകാശം: എന്റെ പക്കൽ, എല്ലായിടത്തും പരിമളം പരത്തുന്ന മഞ്ഞുതുള്ളികളുണ്ട്.

ഭൂമി: എന്റെ പക്കൽ, ദൈവങ്ങളുടെ ദൈവത്തെ സാന്ത്വനപ്പെടുത്തുന്ന കണ്ണുനീരുണ്ട്.

ആകാശം: എന്റെ പക്കൽ കാർമേഘങ്ങളെ ചിതറിക്കുന്ന ദൂതന്മാരുണ്ട്

ഭൂമി: എന്റെ പക്കൽ, മരിച്ചവരെ ജീവിപ്പിക്കുന്ന വിശുദ്ധരുണ്ട്.

ആകാശം: എന്റെ പക്കൽ ദുഷ്ടരെ സംഹരിക്കുന്ന തീനാളങ്ങളുണ്ട്.

ഭൂമി: എന്റെ പക്കൽ പാപം പോക്കുന്ന മാമോദീസായുണ്ട്.

ആകാശം: എന്റെ പക്കൽ അഭക്തരെ കത്തിച്ചു കളയുന്ന അഗ്നിയുണ്ട്.

ഭൂമി: ഭക്ഷിക്കുന്നവരെ ജീവിപ്പിക്കുന്ന ബലി എന്റെ പക്കലുണ്ട്.

ആകാശം: ഞാൻ എന്റെ ഗുരുവിനെ വണങ്ങി. ഗോഗുൽത്തായിലെ നാഥനെ കാണാതിരിപ്പാൻ ഞാൻ ഗോളങ്ങളെ മറച്ചു.

ഭൂമി: ഞാൻ അവനെ ഉയിർപ്പിച്ചു. ഞാൻ എന്റെ അടിത്തട്ടിൽ നിന്നു കിടിലം കൊണ്ടു. ഞാൻ എന്നിലെ ശവകുടീരങ്ങൾ തുറന്ന് മരിച്ചവരുടെ അസ്ഥികളെ കൂട്ടിച്ചേർത്തു. പരേതരെ കല്ലറയിൽവച്ച് കൂട്ടിയോജിപ്പിച്ചു. ദുഃഖസൂചകമായി ഞാൻ കറുത്തവസ്ത്രം ധരിച്ചു. മഹത്വത്തോടുകൂടെ അവൻ ഉയിർക്കുന്നതുവരെ ഞാൻ ദുഃഖപൂരിതയായിരുന്നു. മൂന്നു ദിവസം കഴിഞ്ഞപ്പോൾ ഞാൻ കറുത്തവസ്ത്രം മാററി വെള്ളവസ്ത്രം ധരിച്ചു.

ആകാശം: ഞാൻ വിശുദ്ധരുടെ ആനന്ദമാണ്.

ഭൂമി: അവൻ എന്നെ പൊടിയിൽ നിന്ന് എടുത്തു; ചാരത്തിൽ നിന്നുയർത്തി. എന്നെ തന്റെ വലത്തുഭാഗത്തിരുത്തി. മേശപ്പുറത്ത് നല്ല ഭക്ഷണസാധനങ്ങൾ നിരത്തി എന്നെ അവൻ തീററിപ്പോററി. കാസായിൽ ജീവൻ സജ്ജമാക്കി എന്നെ കുടിപ്പിച്ചു. എന്റെ പക്കൽ വന്ന് അവൻ സഭയാകുന്ന പൂങ്കാവനം നട്ടു. അവന്റെ ആനന്ദദായകമായ വാഗ്ദാനങ്ങളുടെ പൂർത്തീകരണത്തിനായി ഞാൻ ഇപ്പോൾ കാത്തിരിക്കുന്നു.

ആകാശം: എന്റെ പക്കൽ അവൻ സിംഹാസനസ്ഥനായിരിക്കുന്നു.

ഭൂമി: എന്റെ പക്കൽ അവന്റെ ബലിപീഠമുണ്ട്,

www.malankaralibrary.com



ആകാശം: എന്റെ പക്കൽ അവന്റെ ഉത്ഥാനം സന്തോഷം ഉളവാക്കി.

ഭൂമി: അവന്റെ ഉയിർപ്പുദിവസം അവനെന്നെ കിരീടം ധരിപ്പിച്ചു.

ആകാശം: എന്റെ പക്കൽ സ്രഷ്ടാവു മാത്രം ആരാധിക്കപ്പെടുന്നു. നിന്റെ പക്കൽ സ്വർണം കൊണ്ടും വെള്ളികൊണ്ടും നിർമിക്കപ്പെട്ട എല്ലാ ബിംബങ്ങളെയും മനുഷ്യർ ആരാധിക്കുന്നു.

ഭൂമി: എന്റെ പക്കൽ വിഗ്രഹങ്ങളെ ആരാധിക്കുന്നവർ ഉണ്ടെങ്കിലും, തങ്ങളുടെ രക്തംകൊണ്ട് ദൈവത്തെ സാന്ത്വനപ്പെടുത്തുന്ന രക്തസാക്ഷികളുമുണ്ട്.

## 31 മാർ ദാനിയേൽ

അദ്ദേഹം ഉറുക് മലയിൽ ഒരാശ്രമം സ്ഥാപിച്ചു.—ബാബിലോണിലെ ബേത് അറമായെയിലെ കശ്കാറാണ് അദ്ദേഹത്തിന്റെ ജന്മദേശം. മാതാപിതാക്കൾ വിഗ്രഹാരാധകരായിരുന്നു. അദ്ദേഹം ഉറുക് മലയിലെ മാർ അബ്രഹാമിന്റെ പക്കൽ പോയി ഒരാശ്രമം സ്ഥാപിച്ചു. രക്തസാക്ഷിമകുടം ചൂടി കർത്താവിന്റെ പക്കലേക്ക് യാത്രയായി. ശരീരം അദ്ദേഹം പണിത ആശ്രമത്തിലടക്കി. അദ്ദേഹത്തിന്റെ പ്രാർത്ഥന വിശ്വാസികളെ സഹായിക്കട്ടെ. ആമ്മേൻ.

## 32 മാർ ബർകേവേലാ

മെസൊപ്പൊട്ടേമിയായിലെ കെഫർതുത്തായിൽ അദ്ദേഹം ഒരു പള്ളിസ്ഥാപിച്ചു. റമ്പാൻ അബ്രഹാമിന്റെ മരണശേഷം ബർകേവേല, ഈസ്ലായിൽ നിന്നു് കെഫർതുത്തായിൽ വന്നു. അവിടെ ഒരു ഗുഹയിൽ കുറേനാൾ താമസിച്ചു. സിറിൾ, സെവേരൂസ്, യാക്കോബു ബുർദായ എന്നിവരുടെ ''തെറ്റുകൾ'' കൊണ്ടു് കുപ്രസിദ്ധമായിരുന്നു കെഫർതുത്താ. അതുകൊണ്ടു് സഹായാഭ്യർത്ഥനയുമായി ആളുകൾ നിരന്തരം അദ്ദേഹത്തിന്റെ പക്കലെത്തിയിരുന്നു. ഒരു പള്ളിയ്ക്കുവേണ്ടി സ്ഥലം ലഭിക്കാൻ അദ്ദേഹം ശ്രമം നടത്തി. സത്യവിശ്വാസം പ്രചരിപ്പിക്കാമെന്നു് പ്രതീക്ഷിച്ചുകൊണ്ടു് അദ്ദേഹം അവിടെ വളരെക്കാലം താമസിച്ചു. കുറേപ്പേരെ സ്വാധീനിച്ചു. തുടർന്നു് അദ്ദേഹം അവിടെ ഒരു വലിയ പള്ളി പണിതു. അവിടെ യാമപ്രാർത്ഥനകൾ നടത്തിക്കൊണ്ടിരുന്നു. നിരവധി അത്ഭുതങ്ങൾ പ്രവർത്തിച്ചു. നഗരത്തിലുടനീളം പഠിപ്പിച്ചുകൊണ്ടു് ചുററിനടന്നു. അവസാനം അദ്ദേഹം കർത്താവിൽ നിദ്ര പ്രാപിച്ചു. അദ്ദേഹം പണിത പള്ളിയിൽതന്നെ സംസ്ക്കരിക്കപ്പെട്ടു. അദ്ദേഹത്തിന്റെ പ്രാർത്ഥന വിശ്വാസികളെ സഹായിക്കട്ടെ.

## 33 റമ്പാൻ യോനാ

വിശുദ്ധ യോനാ കർദുവിൽ ഒരാശ്രമം സ്ഥാപിച്ചു.—അദ്ദേഹത്തിന്റെ കുടുംബം................അദ്ദേഹം തന്റെ ജീവിതത്തിൽ പണം

www.malankaralibrary.com



കണ്ടിട്ടില്ല എന്നു പറയപ്പെടുന്നു. പ്രാഥമിക പഠനാനന്തരം ഈസ്സാമലയിൽ പോയി സന്യാസവസ്ത്രം സ്വീകരിച്ച് ഏകാന്ത ജീവിതം നയിച്ചു. അതിനുശേഷം ഹതീർ ഗ്രാമത്തിലെ പൊട്ടിപ്പൊളിഞ്ഞ ഒരു മഠത്തിലേക്ക് ദൈവകൃപ അദ്ദേഹത്തെ നയിച്ചു. മാർ ഔഗേനിന്റെ ഒരു ശിഷ്യൻ സ്ഥാപിച്ചതായിരുന്നു ഈ ആശ്രമം. അവിടെ അദ്ദേഹം നല്ലൊരു പള്ളിയും സഹോദരന്മാർക്കുവേണ്ടി ഒരു കെട്ടിടവും പണിതു. ധാരാളം സഹോദരന്മാർ അദ്ദേഹത്തിന്റെ ചുററുംകൂടി. എൺപത്തിനാലാം വയസിൽ അദ്ദേഹം കർത്താവിൽ നിദ്രപ്രാപിച്ചു. അദ്ദേഹം പണിത ആശ്രമത്തിൽ തന്നെ സംസ്ക്കരിക്കപ്പെട്ടു. അദ്ദേഹത്തിന്റെ പ്രാർത്ഥന പാപിയായ ഈ ഗ്രന്ഥകർത്താവിനെ സഹായിക്കട്ടെ.

## 34 മാർ യാക്കോബ്

വി. യാക്കോബ് മാർഗായിലെ ബേത്—ആബേ ആശ്രമം സ്ഥാപിച്ചു. ബേത്—ഗർമായിലെ ലാശോം ആയിരുന്നു ജന്മദേശം. മലയിൽ പാർക്കുന്ന ചില ഏകാന്തവാസികളെ വണങ്ങുവാൻ അദ്ദേഹം മലയിലേക്കുപോയി. അദ്രായേ ഗ്രാമത്തിലെ സ്കൂളുകളിൽ പ്രാഥമിക പഠനം നടത്തി. യോഹന്നാൻ ദ്ബേത്റമ്പാന്റെ ശിഷ്യരിലൊരാളായ ഒരു പണ്ഡിതനിൽ നിന്നു് കൂടുതൽ ആഴമായ പഠനം നടത്തി. അതിനുശേഷം ബേത്—മാബാർ ഗ്രാമത്തിൽ പോയി കുറേനാറം പഠിപ്പിച്ചു. ശേറാൻ മലയിൽ പാർത്തിരുന്ന സാബാറേശ്രുവിനെ അദ്ദേഹം പതിവായി സന്ദർശിക്കയും അദ്ദേഹത്തിന്റെ കൂടെ പാർക്കുകയും ചെയ്തിരുന്നു. സാബാറേശ്രു പിന്നീട് ലാശോമിലെ മെത്രാനും അതിനുശേഷം കാതോലിക്കായുമായി. അദ്ദേഹവുമായി വളരെ അടുത്തിടപെട്ടു. അദ്ദേഹം ജറുസലേമിലേക്കു തീർഥാടനം നടത്തി. തിരിച്ചുവന്നു് മാർ അബ്രഹാമിന്റെ ആശ്രമത്തിൽ വച്ച് സന്യാസവസ്ത്രം സ്വീകരിച്ചു. കുറേനാളുകൾക്കുശേഷം തർക്കങ്ങൾ കൊണ്ടും അസൂയ കൊണ്ടും മററ് ഒൻപതു സഹോദരന്മാരോടൊപ്പം അദ്ദേഹം മാർ അബ്രഹാമിന്റെ ആശ്രമം വിട്ടു. അദ്ദേഹം അവരിൽ നിന്നു മാറി വടക്ക് മാർഗെയിലെ ബേത്—ആബേയിൽപോയി താമസിച്ചു. ധാരാളം ഞാങ്ങണകളുള്ള ചതുപ്പുസ്ഥലമായിരുന്നതു്. അതു് ഒരു വിഗ്രഹാരാധനാകേന്ദ്രവുമായിരുന്നു. അദ്ദേഹം അവിടെ ഒരു മനോഹര ദേവാലയവും ഒരാശ്രമവും പണിയിച്ചു. വളരെ വൃദ്ധനായ ശേഷം അദ്ദേഹം കർത്താവിൽ നിദ്ര പ്രാപിച്ചു. അദ്ദേഹത്തിന്റെ ശരീരം അദ്ദേഹം പണിത മർതീരിക്കോനിൽ സംസ്കരിക്കപ്പെട്ടു. അദ്ദേഹത്തിന്റെ പ്രാർത്ഥന ബലഹീനനും പാപിയുമായ ഈ എഴുത്തുകാരനെ സംരക്ഷിക്കട്ടെ.

## 35 മാർ ശാലീത്താ

ഹാറാനും എഡേസായ്ക്കും ഇടയ്ക്കു് മെത്രാനായ വി. ശാലീത്താ ഒരാശ്രമം സ്ഥാപിച്ചു. ബേത്—ഗർമായിലെ സാറാകായിരുന്നു ജന്മസ്ഥലം. ഈസ്സായിലെ മാർ അബ്രഹാമിനെ സന്ദർശിച്ച് അദ്ദേഹത്തിൽ നിന്നു സന്യാസവസ്ത്രം സ്വീകരിച്ചു. അതിനുശേഷം കഠിനമായ താപസജീവിതത്തിനു സ്വയം സമർപ്പിച്ചു. പിന്നീടു് അദ്ദേ

www.malankaralibrary.com



ഹം ഹാറാനിലെ മെത്രാനായി. അദ്ദേഹം ധാരാളം പള്ളികൾ പണിതു. ഹാറാൻ മലയിൽ ഒരാശ്രമം പണിതു. നിരവധി സഹോദരന്മാർ അവിടെ കൂടി. സന്തോഷപ്രദമായ വാർധക്യത്തിനുശേഷം അദ്ദേഹം കർത്താവിലേക്ക് എടുക്കപ്പെട്ടു. അദ്ദേഹം പണിയിച്ച ആശ്രമത്തിൽ തന്നെ സംസ്കരിക്കപ്പെട്ടു. അദ്ദേഹത്തിന്റെ പ്രാർത്ഥന നമ്മെയെല്ലാം സഹായിക്കട്ടെ. ആമ്മേൻ.

## 36 മാർ ഗീവർഗീസ്

ഖൊറാസാനിലെ മേർവിനടുത്തുള്ള എഗാൽഗാലിലെ ആശ്രമം സ്ഥാപിച്ച വി. ഗീവർഗീസ് മർവാസ്യാ—അദ്ദേഹം പേർഷ്യൻ വംശജനായിരുന്നു; മാതാപിതാക്കൾ ധനികരും. പേർഷ്യൻ മതത്തിൽ മകനെ അഭ്യസിപ്പിക്കാൻ പിതാവ് ഉദ്യമിച്ചെങ്കിലും മകനു് അതിഷ്ടമായിരുന്നില്ല. ദൈവിക പ്രബോധനങ്ങൾ പഠിപ്പിക്കുന്ന കലാലയങ്ങളിൽ അവൻ പോയി. വിശുദ്ധ ബർശാബാ മെത്രാൻ സ്ഥാപിച്ചവയായിരുന്നവ—മേർവിൽ ബർശാബാ സത്യവിശ്വാസം പ്രസംഗിച്ചു.—പിതാവ് മാർ ഗീവർഗീസിനോട് ചോദിച്ചു: ''നീ എന്തുകൊണ്ട് പേർഷ്യൻ പ്രബോധനം അഭ്യസിക്കുന്നില്ല?'' അദ്ദേഹം മറുപടി പറഞ്ഞു: ''ദൈവഭയം അഭ്യസിപ്പിക്കാത്ത പ്രബോധനം സാത്താന്റെ വഞ്ചനയാണ്.'' അദ്ദേഹത്തിന്റെ പിതാവ് ഇതിൽ ആശ്ചര്യഭരിതനായി. വിദ്യാഭ്യാസത്തിനുശേഷം അദ്ദേഹം ജറുസലേമിലേയ്ക്കു് തീർത്ഥാടനം നടത്തി. വിശുദ്ധ സ്ഥലങ്ങൾ സന്ദർശിച്ചശേഷം ഈസ്ളാമലയിൽ തിരികെയെത്തി മാർ അബ്രാഹമിന്റെ ശിഷ്യനായി ജീവിച്ചു. അവിടെ കുറേനാൾ പാർത്തശേഷം സ്വന്തം പ്രദേശത്തു് തിരിച്ചുചെന്നു. സാറാക് ഗ്രാമത്തിൽ ഒരു കൂടാരമടിച്ച് അവിടെ പാർത്തു. അദ്ദേഹത്തിന്റെ ചുറ്റും സഹോദരന്മാർ വർദ്ധിച്ചപ്പോൾ അദ്ദേഹം ഒരാശ്രമവും ഒരു കലാലയവും സ്ഥാപിച്ചു. അദ്ദേഹം കർത്താവിങ്കലേയ്ക്കു് മടങ്ങിപ്പോയി. അദ്ദേഹം പണിയിച്ച പള്ളിയിൽത്തന്നെ സംസ്ക്കരിക്കപ്പെട്ടു.

## 37 മാർ യൗസേഫ്

വിശുദ്ധ് യൗസേഫ് മർവാസ്യാ പലസ്തീനായിലെ എഫ്രേമിൽ സമറൂണാ ആശ്രമം സ്ഥാപിച്ചു. —ഖൊറാസാനിലെ മേർവായിരുന്നു ജന്മസ്ഥലം; മാതാപിതാക്കൾ ധനികരായിരുന്നു. ഈസ്ളാമലയിലെ വാഴ്ത്തപ്പെട്ട മാർ അബ്രാഹമിനെപ്പററി കേട്ടപ്പോൾ അദ്ദേഹത്തെ സന്ദർശിച്ച് സന്യാസ വസ്ത്രം സ്വീകരിച്ചു. ജറുസലേമിലേയ്ക്കു് തീർത്ഥാടനം നടത്തി. അദ്ദേഹം വളരെ മനോഹരമായ ഒരാശ്രമം പണികഴിപ്പിച്ചു. സുകൃതാലംകൃതനായ അദ്ദേഹം കർത്താവിൽ നിദ്രപ്രാപിച്ചു. അദ്ദേഹത്തിന്റെ ശരീരം അദ്ദേഹം പണിത പള്ളിയിൽത്തന്നെ അടക്കംചെയ്തു.

## 38 മാർ ഓദീശോ

അദ്ദേഹം മാർ അബ്രാഹമിന്റെ ശിഷ്യനും അബ്രാഹമിനുശേഷം ഈസ്ളാം ആശ്രമാധ്യക്ഷനും നിയമദാതാവുമായിരുന്നു—ബേതു് അറമായേയിലായിരുന്നു അദ്ദേഹത്തിന്റെ കുടുംബം. തന്റെ മാതാപിതാക്ക

www.malankaralibrary.com



ളെ വിട്ട് നിസിബിസിൽ പോയി. കലാലയത്തിൽ അഭ്യസനം നടത്തി. അവിടെനിന്ന് അദിയബേനെയിൽ പോയി. അർബേലിൽ വച്ച് വിശുദ്ധ ഗ്രന്ഥങ്ങൾ അഭ്യസിച്ചു. പിന്നീട് അതിയബേനെ മലയിൽ ഏകാന്തജീവിതം നയിച്ചു. മാർ അബ്രഹാം ഇഹലോകവാസം വെടിയാൻ തുടങ്ങിയപ്പോൾ ശിഷ്യന്മാർ അദ്ദേഹത്തോട് ചോദിച്ചു: 'പിതാവേ, ഈ ആശ്രമം ആരെയാണ് അങ്ങ് ഏല്പിക്കുന്നത്?' അദ്ദേഹം മറുപടി പറഞ്ഞു: 'അദിയബേനെ മലയിൽനിന്ന് ദാദീശോ വന്ന് ഇതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കും; നിങ്ങൾ പര്യാകുലരാകേണ്ട' അബ്രാഹം മരിച്ച് മൂന്നുമാസം കഴിഞ്ഞപ്പോൾ ദാദീശോ വന്ന് ആശ്രമത്തിന്റെ നേതൃത്വം ഏറ്റെടുത്ത് ഭംഗിയായി നടത്തി. അദ്ദേഹം എഴുപത്തിയഞ്ചാം വയസ്സിൽ മരിച്ചു. മാർ അബ്രാഹമിന്റെ കല്ലറയുടെ എതിർവശത്തായി തെക്കുഭാഗത്ത് അദ്ദേഹത്തെ സംസ്ക്കരിച്ചു.

## 39 മഹാനായ മാർ ബാബായ്

മാർ ബാബായ്റമ്പാ ബേത്സബ്ദായിൽ പ്രശസ്തമായ ഒരു കലാലയവും ആശ്രമവും സ്ഥാപിച്ചു. —ബേത്സബ്ദായാണ് അദ്ദേഹത്തിന്റെ ജന്മദേശം. ഗ്രാമത്തിന്റെ പേര് ബേത്—ഐനാതാ. മാതാപിതാക്കൾ ക്രിസ്ത്യാനികളായിരുന്നു; അവർക്ക നിരവധി ദാസന്മാരും ദാസികളും ഉണ്ടായിരുന്നു. ബാബായ് പതിനഞ്ചുവർഷത്തോളം ഭാഷ്യങ്ങളും പ്രബോധനങ്ങളും പഠിച്ചു. അതിനുശേഷം നിസിബിസിലെ സെനോഡോക്കിയോനിൽ മല്പാനായി. പിന്നീട് അദ്ദേഹം മലയിൽ മാർ അബ്രഹാമിന്റെ പക്കലെത്തി ശിഷ്യപ്പെട്ടു. അവിടെ കുറേക്കാലം താമസിച്ചശേഷം തിരികെ ബേത്—സബ്ദായിൽ വന്ന് തന്റെ സ്വന്തം പറമ്പിൽ പ്രശസ്തമായ ഒരാശ്രമവും ഒരു കലാലയവും സ്ഥാപിച്ചു. കുറേനാൾ കഴിഞ്ഞ് മാർ അബ്രഹാമിന്റെ ആശ്രമത്തിൽ തിരികെ പോയി ഏകാന്തജീവിതം നയിച്ചു. അദ്ദേഹം ധാരാളം കൃതികളും ഭാഷ്യങ്ങളും രചിച്ചിട്ടുണ്ട്. എഴുപത്തിയഞ്ചാം വയസിൽ കർത്താവിൽ നിദ്രപ്രാപിച്ചു. അദ്ദേഹത്തിന്റെ ശരീരം മാർ അബ്രഹാമിന്റെയും മാർ ദാദീശോയുടെയും ഇടയ്ക്ക് സംസ്ക്കരിച്ചു.

## 40 മാർ യാബ്

ഈ താപസൻ ദൈവത്തെപ്പററിയും ദൈവസൃഷ്ടികളെപ്പററിയും എഴുതി. ഈ വിശുദ്ധ ദൈവമനുഷ്യൻ ബേത്നുഹദ്രായിലെ മലയിൽ പാർത്തിരുന്നു. ദാറീശാ എന്നായിരുന്നു സ്ഥലത്തിന്റെ പേര്. പിന്നീട്, ഉറുക്മലയിൽ താമസിച്ചിരുന്ന മാർ ദാനിയേലിന്റെ പക്കൽ ചെന്ന് അദ്ദേഹത്തിന്റെ കൂടെ താമസിച്ചു. മാർ യാബ് നിരവധി ഗ്രന്ഥങ്ങൾ രചിച്ചു. വളരെ വൃദ്ധനായശേഷം കർത്താവിൽ നിദ്രപ്രാപിച്ചു. അദ്ദേഹത്തിന്റെ ശരീരം അദ്ദേഹത്തിന്റെ കല്ലറയിൽ അടക്കി.

## 41 വി. അബീമെലെക്

നിസിബിസിൽ മലകൾക്കിടയിൽ ബേത്—സഹദേ കലാലയം പൂർത്തിയാക്കിയ ഭാഷ്യകാരനാണദ്ഹേം. —ഈ ഭാഗ്യവാന്റെ ജന്മദേശം കർദ്ദുവാണ്. അദ്ദേഹം ഇസ്സാമലയിൽ പോയി മാർ അബ്ര

www.malankaralibrary.com



ഹാമിന്റെ ശിഷ്യനായി. ആദ്യം അദ്ദേഹം ബാലാനിൽ മല്പാനായിരുന്നു; പിന്നീട് നിസിബിസ് മെത്രാപ്പോലീത്ത മാർ ഏലിയാസിന്റെ പ്രേരണയാൽ ബേത്സഹ്ദേകലാലയത്തിലെ മല്പാനും വ്യാഖ്യാതാവുമായി. ഡീക്കൻ ഏലീശാ പണിതതാണ് ഈ കലാലയം. ചെത്തിയ കല്ലുകൊണ്ട് അബ്രീമെലേക്ക് തന്നെ പണിതതാണ് അവിടത്തെ ആശ്രമം. അദ്ദേഹം ധാരാളം അത്ഭുതങ്ങൾ പ്രവർത്തിച്ചു. സുകൃതാലംകൃതനായി കർത്താവിൽ നിദ്രപ്രാപിച്ചു. ശരീരം കലാലയത്തിലെ പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

## 42 മാർ അബ്രഹാം

അദ്ദേഹം നിസിബിസിലെ വ്യാഖ്യാതാവും രക്തസാക്ഷിയുമായിരുന്നു. ബേത്—അറമായെപ്പറ്റതിർവശത്തുള്ള ബേഹ്ഖവാദാണ് ജന്മസ്ഥലം. അദ്ദേഹം ആദ്യം തന്റെ ജന്മസ്ഥലത്തു പ്രാഥമിക വിദ്യാഭ്യാസം നടത്തി. പിന്നീട് ദൈവകൃപ അദ്ദേഹത്തെ നിസിബിസിലേക്കു നയിച്ചു. അവിടെ അദ്ദേഹം കുറേനാൾ മല്പാനായിരുന്നു. അതിനുശേഷം മഹാനായ മാർ അബ്രഹാമിന്റെ ശിഷ്യത്വം സ്വീകരിച്ചു. തന്റെ ഗുരുവിന്റെ സഹായത്താൽ ബേത്—സഹദേ കലാലയത്തിൽ മല്പാനായി. ഒരു ദിവസം അദ്ദേഹം ആശ്രമത്തിന്റെ ഒരു വിശ്രമകേന്ദ്രത്തിലേക്കു പോകുമ്പോൾ ഒരു കൂട്ടം റോമൻ പട്ടാളക്കാർ അദ്ദേഹത്തെ ആക്രമിച്ചു. അവരിലൊരാൾ അദ്ദേഹത്തെ കുന്തത്താൽ കുത്തിക്കൊന്നു. വിശ്വാസികൾ വന്ന് അദ്ദേഹത്തിന്റെ ശരീരം എടുത്തു് പ്രാർത്ഥനകൾ ചൊല്ലി കലാലയത്തിൽ സംസ്കരിച്ചു.

## 43 മാർ അബ്രഹാം ദ് നെത്പാർ

അദ്ദേഹം സന്യാസജീവിതത്തെപ്പറ്റി എഴുതി.— അദിയബേനെയിലെ ബേത്—നെത്പാറാണ് അദ്ദേഹത്തിന്റെ ജന്മസ്ഥലം. അദ്ദേഹത്തിന്റെ മാതാപിതാക്കൾ രക്തസാക്ഷികളുടെ കുടുംബത്തിൽ പെട്ടവരായിരുന്നു. ഷപ്പൂർ രാജാവ് ഈ കുടുംബത്തിൽ ചിലരെ വെട്ടിക്കൊന്ന്, നെത്പാറിനടുത്തുള്ള ദാറാനദിയിൽ അവരുടെ രക്തം ഒഴുക്കി—അബ്രഹാം തന്റെ യൗവനകാലത്തു് വേണ്ടത്ര പാണ്ഡിത്യം സമ്പാദിച്ചു. പിന്നീട് തന്റെ ഗ്രാമത്തിൽ ചെന്നു് മൂന്നുവർഷം അവിടെ താമസിച്ചു. അദ്ദേഹം അതിനുശേഷം ഈജിപ്തിലേക്കു പോയി ആബാ പക്കോമിയസിന്റെ ആശ്രമത്തിൽ കുറേനാൾ പാർത്തു. അദിയബേനെയിലെ ഗുഹയിൽ തിരികെ എത്തിയ അദ്ദേഹം നിരവധി ഗ്രന്ഥങ്ങൾ രചിച്ചു. സന്തോഷപ്രദമായി വാർധക്യം ചെലവഴിച്ച് മരിച്ചു. ബേത്—നെത്പാറിലെ പള്ളിയിൽ അദ്ദേഹത്തെ സംസ്കരിച്ചു. കുറേക്കാലത്തിനുശേഷം മാർ യോബ് അദ്ദേഹത്തിന്റെ ഗുഹയുടെ മുകൾഭാഗത്തു് ഒരാശ്രമം പണിതു് ശരീരം അങ്ങോട്ടു മാററി.

## 44 മാർ യോബ്

അദിയബേനെയിൽ യോബ് ഒരാശ്രമം സ്ഥാപിച്ചു. റിവർദഷീറിൽ നിന്നുള്ള ഒരു പേർഷ്യൻ വംശജനായിരുന്നു അദ്ദേഹം. മാതാപിതാക്കൾക്ക് ധാരാളം ദാസന്മാരും ദാസികളും ഉണ്ടായിരുന്നു. രത്ന

www.malankaralibrary.com



ങ്ങളും കല്ലുകളും വില്ക്കുന്ന വ്യാപാരിയായിരുന്ന പിതാവ്, തലസ്ഥാനത്ത് രത്നക്കല്ലുകൾ കൊണ്ടുവരുന്ന റോമാക്കാരുടെ രാജ്യത്തേക്ക് മകനെ അയച്ചു. അയാൾ നിസിബിസ്‌വരെ എത്തി. നഗരത്തിന്റെ കിഴക്കുഭാഗത്തുള്ള ഒരാശ്രമത്തിൽ രാപാർത്തു. ദൈവനിശ്ചയത്താൽ, അവിടെവച്ച് അദ്ദേഹം രോഗഗ്രസ്ഥനായികിടപ്പിലായി. അവിടെ വായനയിലും പഠനത്തിലും മുഴുകിയിരുന്ന ആശ്രമസഹോദരങ്ങളെ അദ്ദേഹം കാണാനിടയായി. അവർ വൈകുന്നേരം മാത്രമേ ഭക്ഷിച്ചിരുന്നുള്ളു. അവരുടെ ജീവിതം അദ്ദേഹത്തെ ആകർഷിച്ചു. അദ്ദേഹം ഇതേപ്പററി ചിന്തിച്ച് ഇപ്രകാരം ആത്മഗതം ചെയ്തു: ''എന്റെ പിതാമഹന്മാരും അവർ സേവ ചെയ്ത രാജാക്കന്മാരും എവിടെ? ഞാൻ രോഗവിമുക്തനായാൽ എന്റെ ശിഷ്യജീവിതം ഇവരെപ്പോലെ നയിക്കും? കുറേ ദിവസങ്ങൾക്കുശേഷം അദ്ദേഹം രോഗവിമുക്തനായി. ദിവ്യജ്ഞാനത്തിൽ പാണ്ഡിത്യം നേടി. അവിടെയുണ്ടായിരുന്ന എല്ലാ ഗ്രന്ഥങ്ങളും വായിച്ചു. തുടർന്ന് നെത്പാറിലെ അബ്രഹാമിന്റെ ആശ്രമത്തിൽ പോയി താമസിച്ചു. ധാരാളം സഹോദരന്മാർ അദ്ദേഹത്തിനു ചുററും കൂടി അദ്ദേഹം വളരെ വൃദ്ധനായി മരിച്ചു. ശരീരം അദ്ദേഹം പണിത പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

## 45 മാർ കർദാക്

മാർ ബാബായ് റമ്പായുടെ കുടുംബത്തിൽ പെട്ടയാളായിരുന്നു മാർ കർദാക്. ഹേനയ്താ—മായൽതാ ആയിരുന്നു ജന്മസ്ഥലം. തന്റെ ഗ്രാമമായ ബേത്— അഫ്രായേയിൽ വിശുദ്ധ ഗ്രന്ഥവും ഭാഷ്യങ്ങളും പഠിച്ചു. ഹേനയ്തായിലെ മെത്രാനായ ബർശബ്താ അദ്ദേഹത്തെ ദീർഘനാൾ ആശ്രമധ്യക്ഷനായി നിയമിച്ചു. അവസാനം അദ്ദേഹം മാർ അബ്രഹാമിനെ സന്ദർശിച്ച്, അദ്ദേഹത്തിന്റെ ശിഷ്യനായിത്തീർന്നു. നാല്പതു വർഷം അദ്ദേഹം ഏകാന്തജീവിതം നയിച്ചു. സുകൃതപൂർണനായി നമ്മുടെ കർത്താവിന്റെ പക്കലേക്കു തീർത്ഥാടനം നടത്തി.

## 46 മാർ യോഹന്നാൻ

ഈസ്സാമലയിൽ മേയാറെ ആശ്രമാംഗമായിരുന്നു മാർ യോഹന്നാൻ. അറബികളുടെ ഹിർതായാണ് ജന്മദേശം. മാതാപിതാക്കൾ ധനാഢ്യരും കുലീനരുമായിരുന്നു. അദ്ദേഹം തന്റെ പട്ടണം വിട്ട് ശാസ്ത്രങ്ങളുടെ മാതാവായ നിസിബിസിൽ പോയി വിദ്യാഭ്യാസം നടത്തി. പിന്നീട് ശിംഗാർ മലയിൽ വച്ച് ആട്ടിടയനായി. അതിനുശേഷം ഈസ്സാമലയിൽ മേയാറെ എന്ന സ്ഥലത്തുപോയി പാർത്തു. അദ്ദേഹം ധാരാളം അത്ഭുതങ്ങൾ പ്രവർത്തിച്ചു. വാർധക്യത്തിൽ കർത്താവിന്റെ പക്കലേക്കെടുക്കപ്പെട്ടു. ഒരു അർമേനിയൻ രാജകുമാരൻ അദ്ദേഹത്തിന്റെ ശരീരം അർമേനിയയിലേക്കു കൊണ്ടുപോകുവാൻ ആഗ്രഹിച്ചു, രാജകുമാരന്റെ പുത്രിയെ യോഹന്നാൻ സൗഖ്യമാക്കിയിരുന്നു— എന്നാൽ സ്ഥലത്തെ ജനങ്ങൾ അതിനെ എതിർത്തു. എന്നാൽ രാജാവിന്റെ ഒരു പട്ടാളക്കാരൻ അഭക്തമായി അദ്ദേഹത്തിന്റെ ശിരസ് വിച്ഛേദിച്ച് അവരുടെ നാട്ടിലേക്കു കൊണ്ടുപോയി. ശരീരം സംസ്കരിക്കപ്പെട്ട ഗുഹയുടെ മുകളിൽ ഒരു ദേവാലയം ഉയർന്നുവന്നു. ''മാർ യോഹന്നാൻ അറബിയുടെ മേയാറെ ആശ്രമം'' എന്ന് അതു വിളിക്കപ്പെടുന്നു.

www.malankaralibrary.com



## 47 മാർ യേശുസെക്കാ

അദ്ദേഹം മൂന്നു് ആശ്രമങ്ങളും അവയോടനുബന്ധിച്ചു് കലാലയങ്ങളും സ്ഥാപിച്ചു. ബേത്റമ്മാനിലെ ശേനായാണു് ജന്മസ്ഥലം. പേർഷ്യാക്കാർ അതിനെ ഖർദിൽ—അബാദ് എന്നു വിളിക്കുന്നു. വളരെ ചെറുപ്പത്തിലെ അദ്ദേഹം വിശുദ്ധ ഗ്രന്ഥങ്ങൾ പഠിച്ചു. പിന്നീടു് ബേത്—അറബായേയിൽ ഒരാശ്രമം സ്ഥാപിച്ചു; അതോടനുബന്ധിച്ചു് ഒരു കലാലയം സ്ഥാപിച്ചു് അദ്ധ്യാപകരെ നിയമിച്ചു. പിന്നീടു് ഹെഫ്ത്തുൻ—ബേത്ബാഗാശ് മലയിലേക്കുപോയി. വാർധക്യകാലത്തു് ആശ്രമങ്ങളും അവയോടു ചേർന്നുള്ള കലാലയങ്ങളും ഗുരുക്കന്മാരെ ഏല്പിച്ചിട്ടു് അദ്ദേഹം അദിയബേനെയിലേക്കുപോയി. അദിയബേനെ മലകൾക്കടുത്തു് കരിങ്കൽ കൊണ്ടും മാർബിൾ കൊണ്ടും അദ്ദേഹം ഒരാശ്രമം പണിയിച്ചു. മററിടങ്ങളിലുള്ളതിലേറെ കൊള്ളക്കാരുള്ള സ്ഥലമായിരുന്നതു്; എന്നാൽ അവിടെയും കലാലയങ്ങൾ സ്ഥാപിച്ചു് അദ്ധ്യാപകരെ നിയമിച്ചു. ''യേശുസേക്കായുടെ മാർബിൾ ആശ്രമം'' എന്നാണ് ഇപ്പോഴും അതിന്റെ പേരു്. പിന്നീടു്, ഹിർതായിൽ താമസിച്ചിരുന്ന അറബിരാജാവു് നാമാന്റെ അടുത്തു് സാബാറേശു കാതോലിക്കായുടെ കൂടെ പോയി രാജാവിനെയും രാജകിങ്കരന്മാരെയും സുഖപ്പെടുത്തി. അതിനുശേഷം ബേത്—ആബെയിൽ പോയി മാർ യാക്കോബിനെ സന്ദർശിച്ചു. വളരെ വൃദ്ധനായി അദ്ദേഹം മരിച്ചു. ശരീരം അദിയബേനെ മലകളിലെ ആശ്രമത്തിലടക്കി. ഇരുനൂറു് വർഷങ്ങൾക്കുശേഷം ഈ ആശ്രമം തകർക്കപ്പെട്ടു. അറബികളുടെ രാജാവായ ജാഫർ ബിൻ മൊത്തസെമിന്റെ ഭരണത്തിന്റെ മൂന്നാം വർഷം അദിയബേൻ മലയിലെ റമ്പാൻ യൗനാൻ ആശ്രമവാസികൾ യേശുസെക്കായുടെ ശരീരമെടുക്കാൻ വന്നു. ഇരുനൂററുപതു വർഷങ്ങൾക്കുശേഷവും ശരീരത്തിനു് അഴിവോ കേടോ ഇല്ലാത്തതായി അവർ കണ്ടു. അവർ അതെടുത്തു് പുതിയൊരു ശവപ്പെട്ടിയിൽ വച്ചു്, തങ്ങളുടെ ആശ്രമം സ്ഥാപിച്ച ഭാഗ്യവാനായ യൗനാന്റെ കല്ലറയ്ക്കടുത്തുതന്നെ വീണ്ടും സംസ്കരിച്ചു.

## 48 മാർ നെസ്തോറിയൂസ്

അദിയബേനെയിൽ അദ്ദേഹം ഒരാശ്രമം സ്ഥാപിച്ചു. ദാസെനിലായിരുന്നു അദ്ദേഹത്തിന്റെ കുടുംബം. അദ്ദേഹത്തിന്റെ യൗവനകാലത്തു്, ഹലീതാ മലയിൽ ഒരു ഗുഹയിൽ താമസിച്ചിരുന്ന ഒരു സന്യാസിയുടെ അടുത്തുപോയി അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിച്ചു. ആ താപസൻ നെസ്തോറിയൂസിനു് സന്യാസവസ്ത്രം നൽകി. വിശുദ്ധഗ്രന്ഥ വായനയിലും ദിവ്യതത്വപഠനങ്ങളിലും ആ താപസൻ അദ്ദേഹത്തിനു് നിർദേശങ്ങൾ നൽകി. ആ സന്യാസി മരിച്ചപ്പോൾ അദ്ദേഹത്തിന്റെ ഗുഹയിൽ തന്നെ നെസ്തോറിയൂസ് അദ്ദേഹത്തെ അടക്കി. അദ്ദേഹവും അവിടെത്തന്നെ താമസിച്ചു. അവിടെ ധാരാളം ആളുകൾ പോകുകയും വരികയും ചെയ്തിരുന്നതിനാൽ അദ്ദേഹം അവിടെ നിന്നു പുറപ്പെട്ടു് അദിയബേനെയിലേക്കു പോയി. അദ്ദേഹത്തിന്റെ കൂടെ ധാരാളം സഹോദരന്മാർ കൂടി. ഉടനെ റസാഫ് എന്നു വിളിക്കപ്പെടുന്ന ഗ്രാമത്തിനടുത്തു് അദ്ദേഹം ഒരാശ്രമം പണിയിച്ചു. നിസിബിസിലെ മാർ ബാബായിയും അദിയബേനെ മലയിലാണു് താമസിച്ചിരുന്നതു്. നെസ്തോറിയൂസും ബാബായിയും ഒന്നിച്ചു് ദിവ്യകാ

www.malankaralibrary.com



രുങ്ങൾ സംസാരിച്ച് ദീർഘനേരം ചെലവഴിച്ചിരുന്നു. എഴുപത്തി മൂന്നാം വയസിൽ നെസ്തോറിയൂസ് കർത്താവിൽ നിദ്ര പ്രാപിച്ചു. അദ്ദേഹം പണിത മർതീരിയോനിൽ സംസ്കരിക്കപ്പെട്ടു.

## 49 ആബാ യൗനാൻ

അദ്ദേഹം ശിംഗാർ പട്ടണത്തിനടുത്ത് ബർത്തുറാ ആശ്രമം സ്ഥാപിച്ചു. അദ്ദേഹം ചെറുപ്പമായിരുന്നപ്പോൾ സ്വപ്നത്തിൽ ഒരു ദൂതൻ കാണപ്പെട്ട് പറഞ്ഞു: നീ എഴുന്നേററ് വി. സബോക്തിനെ കാണുവാൻ പുറപ്പെടുക; അദ്ദേഹത്തോടുകൂടെ ആശ്രമത്തിൽ താമസിക്കുക. കയ്യെഴുത്തു പ്രതികൾ പകർത്തുക; അദ്ദേഹത്തിന്റെ ആത്മീയ മക്കളോടുകൂടെ വിശുദ്ധ ഗ്രന്ഥങ്ങൾ പഠിക്കുക.' അവൻ എഴുന്നേററ് സ്വപ്നത്തിൽ കണ്ടതുപോലെ ചെയ്തു. കുറേനാൾ സബോക്തിന്റെ ആത്മീയമകനും ശിഷ്യനുമായി ജീവിച്ചു. അതിനുശേഷം മാർ ആബായെ കാണാനായി ഇറങ്ങിത്തിരിച്ചു. ആ കാലഘട്ടത്തിൽ മാർ ആബാ വലിയ ആശ്രമത്തിൽ നിന്നു് പുറപ്പെട്ടുപോയി ബർ—ത്തുറായിൽ പാർക്കുകയായിരുന്നു. യൗനാൻ അദ്ദേഹത്തിന്റെ ദാസനായി; ധാരാളം സഹോദരന്മാർ അവിടെ കൂടി. മാർ ആബാ തന്റെ മക്കളോടു പറഞ്ഞു: 'വിശുദ്ധ രഹസ്യങ്ങൾ ആഘോഷിക്കുവാനായി നാം പണിത ഈ ചെറിയ മന്ദിരത്തെ ഈ മനുഷ്യന്റെ കൈകൾ വലുതും പ്രശസ്തവുമായ ഒരാശ്രമമാക്കിത്തീർക്കും. ഈ കെട്ടിടം അവന്റെ നാമത്തിൽ അറിയപ്പെടാനായി ദൈവം അവനെ തെരഞ്ഞെടുത്തിരിക്കുന്നു. അദ്ദേഹം യൗനാനു് സന്യാസവസ്ത്രം നൽകി. സത്യവിശ്വാസപാഠങ്ങൾ അദ്ദേഹത്തെ പഠിപ്പിച്ചു, പത്തു വർഷത്തോളം അദ്ദേഹം സഹോദരന്മാരെ സേവിച്ചു. അതിനുശേഷം മാർ ആബാ മരിച്ചു. അദ്ദേഹത്തെ അവിടെയുള്ള പള്ളിയിൽ സംസ്കരിച്ചിട്ട് യൗനാൻ അവിടെത്തന്നെ താമസിച്ചു. ധാരാളം സഹോദരന്മാർ അദ്ദേഹത്തിനു ചുററും കൂടി. അദ്ദേഹം ഒരു വലിയ പള്ളിയും സഹോദരന്മാർക്കു മുറികളും നിർമ്മിച്ചു. ആ പ്രദേശത്തുണ്ടായ ബഹളം കാരണം താൻ തന്നെ പണിയിച്ച ബർത്തുറാ ആശ്രമം വിട്ട് വിശുദ്ധൻ ഇറങ്ങിപ്പോകേണ്ടിവന്നു. തന്റെ ആത്മീയ മക്കളെല്ലാവരോടുംകൂടെ ഹട്ടദോക്ത് എന്ന സന്യാസിയുടെ ആശ്രമത്തിലേക്കു പോയി. തന്റെ മക്കളോട് അദ്ദേഹം പറഞ്ഞു. 'എന്നെ നിങ്ങൾ ഇവിടെ അടക്കണം. അതുകൊണ്ടു് നിങ്ങൾ ഒട്ടും ദുഃഖിക്കയും വേണ്ട. ഏഴു വർഷങ്ങൾക്കുശേഷം സമാധാനം പുനഃസ്ഥാപിക്കപ്പെടും. നിങ്ങൾക്കു് ആശ്രമത്തിൽ തിരികെ പോകാൻ സാധിക്കും. അവിടേക്കു് ഞാനും നിങ്ങളോടൊപ്പം തിരികെ വരും.' അതിനുശേഷം അദ്ദേഹം തന്റെ കാലുകൾ നീട്ടി മരിച്ചു. അവർ അദ്ദേഹത്തെ ആ ആശ്രമത്തിൽ തന്നെ സംസ്കരിച്ചു. ഏഴു വർഷങ്ങൾക്കു ശേഷം സമാധാനം പുനഃസ്ഥാപിക്കപ്പെട്ടു. സഹോദരന്മാർ ബർത്തുറാ ആശ്രമത്തിൽ വീണ്ടും ഒന്നിച്ചു കൂടി. അവർ ഈ വിശുദ്ധന്റെ ശരീരം തേടി വന്നു. അവർ അതെടുത്തു് മാർ ആബായുടെയും മാർ ഗബ്രിയേലിന്റെയും പാദത്തിൽ സംസ്കരിച്ചു.

## 50 വിശുദ്ധ ബർ ബ്യസ്സേ

അദ്ദേഹം മോസൂളിൽ ഒരാശ്രമം പണിതു. നിനവെയിലായിരുന്നു അദ്ദേഹത്തിന്റെ കുടുംബം. അദ്ദേഹം പ്രാരംഭവിദ്യാഭ്യാസം നടത്തിയശേഷം മാർ അബ്രഹാം ദ്നെതപ്ഹാറിന്റെ ശിഷ്യനായ

www.malankaralibrary.com



യോബിനെ കാണാനായി ഇറങ്ങിപ്പുറപ്പെട്ടു. അദിയബേനെയിൽ അദ്ദേഹം ഒരാശ്രമം സ്ഥാപിച്ചിരുന്നു. യോബ് അദ്ദേഹത്തിനു സന്യാസവസ്ത്രം നൽകി; ഏററം വിനീതനായി അദ്ദേഹം സഹോദരങ്ങളെ ശുശ്രൂഷിക്കയും വേല ചെയ്യുകയും. ചെയ്തു. അഞ്ചു വർഷം കഴിഞ്ഞപ്പോരം അദ്ദേഹം ജറുസലേമിലേക്കു പോയി. തിരികെ വന്നപ്പോരം നിനവേയിലെ എൻപേപ്മലയിൽ കയറി ഒരു ഗുഹയിൽ താമസം തുടങ്ങി. ആ മലയിൽ പാർത്തിരുന്ന പാഷണ്ഡികരം അദ്ദേഹത്തെ മിക്കപ്പോഴും ഉപദ്രവിച്ചുകൊണ്ടിരുന്നു. അതുകൊണ്ട് അദ്ദേഹം ഹെസ്നാ എബ്രായായിൽ അതായതു്, മേസ്സൂളിൽ പോയി. കാരണം, ആ കാലഘട്ടത്തിലും അവിടെ പട്ടണം പണിയപ്പെട്ടിരുന്നില്ല. ഒരു ചെറിയ കോട്ടമാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു. സഹോദരന്മാർ അദ്ദേഹത്തിനു ചുററും കൂടിയപ്പോരം അദ്ദേഹം ഒരാശ്രമവും മുറികളും പണിയിച്ചു. സുകൃതസമ്പന്നായി ശ്ലീഹാനോമ്പിന്റെ ആദ്യ ഞായറാഴ്ച അദ്ദേഹം കർത്താവിൽ നിദ്രപ്രാപിച്ചു.

## 51 റമ്പാൻ ശമ്ഊനാ

പിർഥ്ഗൻ (ഖർതാ) മലയിൽ അദ്ദേഹം ഒരാശ്രമം സ്ഥാപിച്ചു. ശമ്ഊനാ ആശ്രമം എന്നു് ഇന്നും അതു് വിളിക്കപ്പെടുന്നു. ബേതു് അറബായെയിലെ ഹോർദെപ്നായാണു് അദ്ദേഹത്തിന്റെ ജന്മസ്ഥലം. അദ്ദേഹം തന്റെ മാതാപിതാക്കളെ വിട്ടു് ബർഗ്ഗുറാ ആശ്രമത്തിലെ പിതാക്കന്മാരെ കാണാൻ പോയി. മാർ യൗനാന്റെ ആത്മീയമക്കളോടുകൂടെ അദ്ദേഹം അവിടെ താപസജീവിതത്തിനു സ്വയം സമർപ്പിച്ചു. കുറേകാലത്തിനുശേഷം, ബേതു്—സബ്ദായുടെയും ബേതു് അറബായെയുടെയും അതിർത്തിയിലുള്ള പിർദ്ഗൻ മലയിൽ പോയി ഏകാന്തവാസം തുടങ്ങി. അക്കാലത്തു് പിർദ്ഗൻ മലയിൽ ഒരു കോട്ടയുണ്ടായിരുന്നു. അവിടുത്തെ പ്രധാനിയായ ശമ്ഊനായ്ക്കു് പിശാചു ബാധിച്ച ഒരു മകളുണ്ടായിരുന്നു. വിശുദ്ധൻ അവളെ സുഖപ്പെടുത്തി. സഹോദരന്മാർ അദ്ദേഹത്തിനു ചുററുംകൂടി. അവിടെ ശമ്ഊനായുടെ ചെലവിൽ അദ്ദേഹം മനോഹരമായ ഒരു പള്ളി പണിതു. ശമ്ഊനായുടെ പേരിലാണു് ഇപ്പോഴും അതറിയപ്പെടുന്നതു്. സുകൃതാലംകൃതനായി ശമ്ഊനാ കർത്താവിൽ നിദ്ര പ്രാപിച്ചു. അദ്ദേഹം പണിത പള്ളിയിൽ തന്നെ അദ്ദേഹം സംസ്കരിക്കപ്പെട്ടു.

## 52 മാർ ഹബീബ്

കർദുവിലെ ആശ്രമാംഗം. സ്റ്റെസിഫണിലെ കലാലയങ്ങളിൽ പ്രശസ്തമായി വിദ്യാഭ്യാസം നടത്തി. അതിനുശേഷം സന്യാസവസ്ത്രം സ്വീകരിച്ചു. നിനവെയിൽ നിന്നുള്ള ഭക്തരായ മുപ്പതു് പുരുഷന്മാരോടുകൂടെ അദ്ദേഹം സീനായ് മലയിൽപോയി. പിന്നീടു് സാമാർ മലയിൽ അവർ മനോഹരമായ ഒരു ദേവാലയം പണിതു. കുറേനാരം ഹബീബ് അവിടെ താമസിച്ചു. അതിനുശേഷം കെഫാർത്തുത്താ ഗ്രാമത്തിൽ ഉള്ള ഒരു ആശ്രമത്തിൽ പോയി താമസിക്കാനായി ആരോ പറയുന്നതായി അദ്ദേഹത്തിനു് ഒരു ദർശനമുണ്ടായി. അവിടെയും സഹോദരന്മാർ അദ്ദേഹത്തിനു ചുററും കൂടി; അവർ ഒരു മനോഹര ദേവാലയം പണിതു. നൂററിഇരുപതാം വയസ്സിൽ അദ്ദേഹം കർത്താവിന്റെ പക്കലേക്കു് ആരോഹണം ചെയ്തു. അദ്ദേഹം പണിത പള്ളിയിൽതന്നെ അദ്ദേഹം സംസ്കരിക്കപ്പെട്ടു.

www.malankaralibrary.com



## 53 മാർ ബാസീമ

കെഫാർത്തുത്താ ആശ്രമാംഗം. കർദ്ദുവായിരുന്നു ജന്മദേശം. മുപ്പതാം വയസിൽ അദ്ദേഹം രാജാവിൻെറ സൈന്യത്തിൽ ചേർന്നു. അദ്ദേഹം ധൈര്യശാലിയും ദൃഢഗാത്രനുമായിരുന്നു. അദ്ദേഹത്തിന്ന് പിന്നീട് ഒരു സ്വപ്നമുണ്ടായി. ഒരു ഒട്ടകത്തിൻെറ പുറത്തുകയറി ഒരു വിദ്വാനെ കാണാനായി പോയി. വിദ്വാൻ അദ്ദേഹത്തോടു പറഞ്ഞു: 'നിൻെറ വാക്കുകൾ അനുസരിച്ചുതന്നെ നീ എൻേറതാണ്.' കുറേക്കഴിഞ്ഞ് അദ്ദേഹം കർക്കാ ദ്ബേത് സ്ലോക്കിൽ പോയി, മാർസ്ലീബായുടെ ആശ്രമത്തിൽ ചേർന്നു. അവിടെ വച്ച് ദിവ്യപ്രബോധനങ്ങൾ പഠിച്ചു. പിന്നീട് ഭാഗ്യവാനായ മാർ ഗീവർഗീസിനെ കാണുവാനായി പോയി. ഗീവർഗീസ് മാർഗായിയിലും അദിയബേനെയിലും രണ്ട് ആശ്രമങ്ങൾ സ്ഥാപിച്ചിരുന്നു.— മാർ ഗീവർഗീസ് അദ്ദേഹത്തിനു സന്യാസവസ്ത്രം നൽകി. കുറേ നാളുകൾക്കുശേഷം അദ്ദേഹം കർദ്ദുവിൽ തിരികെവന്നു. അവിടെയുള്ള മലയിലെ ഗുഹകളിൽ പാർത്തിരുന്ന പന്ത്രണ്ടു പിതാക്കന്മാരെ കണ്ടു. അദ്ദേഹം അവരോടൊപ്പം താമസിച്ചു. മാർ ഹബീബു പണിത ആശ്രമത്തിലേക്കുപോകാൻ അദ്ദേഹത്തിനു ദൈവത്തിൽ നിന്നു കല്പന ലഭിച്ചു. അവിടെയെത്തി: അവിടെയുണ്ടായിരുന്ന സഹോദരന്മാരോട്ടുകൂടെ ആശ്രമം വിപുലപ്പെടുത്തുകയും മോടിപിടിപ്പിക്കുകയും ചെയ്തു. അതിനുശേഷം കർത്താവിൽ നിദ്രപ്രാപിച്ചു: മാർ ഹബീബിൻെറ പാദങ്ങളിൽ സംസ്കരിക്കപ്പെട്ടു.

## 54 മാർ തീത്തൂസ്

അദ്ദേഹം ഹാദെതിലെ കത്തീഡ്രൽ ദേവാലയം പണിതു. സിയസൂർ ആയിരുന്നു ജന്മദേശം; പേർഷ്യൻ മാജി കുടുംബാംഗമായിരുന്നു. ആ സ്ഥലത്ത് ഒരു പകർച്ചവ്യാധി ഉണ്ടായപ്പോൾ തൻെറ അമ്മയോടുകൂടെ സ്ഥലം വിട്ടു; കർകാദ്ബേത് സ്ലോക്കിൽ ചെന്നു പാർത്തു. ക്രിസ്തീയ പ്രബോധനം സ്വീകരിക്കാനുള്ള ആഗ്രഹം ദൈവം അദ്ദേഹത്തിനു പ്രദാനം ചെയ്തു; അദ്ദേഹം ദിൻഹാ മല്പാൻെറ ശിഷ്യനായി. വിശുദ്ധ ലിഖിതങ്ങളും ശാസ്ത്രങ്ങളും പഠിച്ചശേഷം കാതോലിക്കോസ് മാർ എസക്കിയേലിനെ കാണാനായി അദ്ദേഹം മെദീനാത് എസ്—ശാലേമിലേക്കു പോയി. അവിടെ കുറേനാൾ താമസിച്ച് സന്യാസവസ്ത്രം സ്വീകരിച്ചു. അതിനുശേഷം ഹാദേതിലെ മെത്രാനായി കാതോലിക്കോസ് അദ്ദേഹത്തിനു പട്ടം കൊടുക്കുകയും അദ്ദേഹത്തെ സ്വീകരിക്കുവാൻ അസ്സീറിയയിലെ മെത്രാപ്പോലീത്തായ്ക്ക് എഴുതുകയും ചെയ്തു. പട്ടണത്തിനു സമീപത്തുള്ള ഒരു സ്ഥലം അദ്ദേഹം തീത്തൂസിനു നൽകി. തീത്തൂസ് ധാരാളം അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തു. പാഷണ്ഡികളോട് പടപൊരുതി അവരെ പട്ടണത്തിൽ നിന്നോടിച്ചു.; ഒരു മനോഹര ദേവാലയം പണിതു. കുറെക്കാലം മെത്രാൻെറ ജോലകൾ നിർവഹിച്ചശേഷം ഡിസംബർ ആറാം തീയതി അദ്ദേഹം കർത്താവിൽ നിദ്ര പ്രാപിച്ചു.

## 55 റബ്ബാൻ ഷാബ്ബൂർ

ബേത്—ഹ്ദസായേയിൽ അദ്ദേഹം ഒരാശ്രമം പണിതു.— ചെറുപ്പത്തിൽതന്നെ വിശുദ്ധ ലിഖിതങ്ങൾ പഠിച്ചു; സന്യാസവസ്ത്രം സ്വീകരിച്ചു. അദ്ദേഹം പുറജാതികളോട് പ്രസംഗിച്ചു; ഷുഷ്ത്രാ പട്ട

www.malankaralibrary.com



ണത്തിനടുത്തുള്ള മലയിൽ താമസിച്ചു. മുമ്പ് പുറജാതികളുടെ അമ്പലമായിരുന്ന ഒരു സ്ഥലത്ത് ഒരാശ്രമം പണിതു. സുകൃതസമ്പന്നനായി അദ്ദേഹം കർത്താവിൽ നിദ്രപ്രാപിച്ചു. വേനൽക്കാലത്ത് അദ്ദേഹം ശുശ്രൂഷിച്ചിരുന്ന ബസിലിക്കയിൽ അദ്ദേഹത്തിന്റെ ശരീരം അടക്കം ചെയ്തു.

## 56 വി. ഗ്രീഗോറിയോസ്

അദ്ദേഹം നിസിബിസിലെ മെത്രാപ്പോലീത്ത ആയിരുന്നു. സന്യാസജീവിതത്തിന്റെ കടമകളെപ്പററി അദ്ദേഹം എഴുതി; അനേകരെ മാനസാന്തരപ്പെടുത്തി. ഒരു സ്കൂളും പണികഴിപ്പിച്ചു. ബേത് അറമായയിലെ കശ്കാറായിരുന്നു അദ്ദേഹത്തിന്റെ ജന്മദേശം. മാതാപിതാക്കൾ ക്രിസ്ത്യാനികളായിരുന്നു അവർ ചെറുപ്പത്തിലെ മരിച്ചുപോയി. രാജകീയ നഗരമായ മഹോസേയിലെ സ്കൂളുകളിൽ പോയി അഭ്യസനം നടത്തി. അർബേലിലെ ജനങ്ങൾ അദ്ദേഹത്തെ അവരുടെ മല്പാനായി കിട്ടാൻ അഭിലഷിച്ചു; കുറേനാൾ അദ്ദേഹം അർബേലിൽ മല്പാനും പ്രബോധകനുമായിരുന്നു; അതിനുശേഷം കശ്കാറിൽ ഒരു കലാലയം തുടങ്ങി. മാർ സാബാറേശൂ കാതോലിക്കോസ് അദ്ദേഹത്തെ നിസിബിസിലെ മെത്രാപ്പോലീത്തായായി വാഴിച്ചു. അദ്ദേഹത്തിന്റെ കാലത്താണ് അദിയബേനെക്കാരൻ ഹെനാനാ നിസിബിസ് കലാലയത്തിലെ പ്രധാനാദ്ധ്യാപകനായതും വിശ്വാസത്തെ കോട്ടിമാട്ടിയതും. വിശുദ്ധൻ ഹെനാനായോട് കരുണാപൂർവ്വം പെരുമാറി. അർബേലിലെ ജനങ്ങൾ അദ്ദേഹത്തെ ദുരദൃഷ്ടിയോടുകൂടെ വീക്ഷിച്ചുകൊണ്ടിരുന്നു അദ്ദേഹം നഗരത്തെ ശപിച്ചിട്ട് രാത്രിയിൽ ഒളിച്ചോടിപ്പോയി. പുറജാതികളുടെ അടുക്കൽ പോയി പ്രസംഗിച്ചു. അദ്ദേഹം ഒരു സഭാചരിത്രവും മററ് നിരവധി ഗ്രന്ഥങ്ങളും എഴുതി. അതിനുശേഷം തന്റെ ദേശമായ കശ്കാറിൽ തിരികെ വരികയും അവിടെവച്ച് ഭൗമിക ജീവിതം അവസാനിക്കുകയും ചെയ്തു.

## 57 മാർ ഗീവർഗീസ്

അദ്ദേഹം സന്യാസിയും രക്തസാക്ഷിയുമായിരുന്നു; ബാബിലോണിൽ ഒരു സ്കൂൾ തുടങ്ങി; സന്യാസജീവിതത്തെപ്പററിയും പാഷാണ്ഡരെപ്പററിയും എഴുതി. ബാബിലോണിലെ ബേത് അറമായേയായിരുന്നു ജന്മദേശം. മാജികളുടെ കുടുംബത്തിൽ പെട്ടയാളായിരുന്നു. അതിനുശേഷം സത്യവിശ്വാസിയായി മാമോദീസാ സ്വീകരിച്ചു. അദ്ദേഹം, വലിയ ആശ്രമത്തിൽ മാർ ദാദീശോയുടെ പക്കൽപോയി സന്യാസവസ്ത്രം സ്വീകരിച്ചു. അവിടെ കുറേനാൾ താമസിച്ചു. സന്യാസജീവിതകടമകളെപ്പററിയും ശിംഗാറിലെ ഗബ്രിയേലിന്റെ അനുയായികളായ പാഷണ്ഡർക്കെതിരെയും [1] ഗ്രന്ഥങ്ങളെഴുതി. അവസാനം ശിംഗാർ നിവാസികളുടെ ദുഷ്പ്രേരണ നിമിത്തം അദ്ദേഹത്തെ ഖുസ്രാരാജാവ് അറസ്ററു ചെയ്തു ജയിലിലിട്ടു. മാജിസം ഉപേക്ഷിച്ച് ക്രിസ്ത്യാനിയായതിനാൽ അദ്ദേഹം കുരിശിൽ തറയ്ക്കപ്പെട്ടു.

1 ഏകസ്വഭാവവാദികൾ

www.malankaralibrary.com



## 58 മാർ ശ്രുബ്ഹാലമാറൻ

കർകാദ്ബേത് സ്ലോക്കിലെ മെത്രാപ്പോലീത്താ; സന്യാസജീവിതത്തെപ്പററി ഗ്രന്ഥങ്ങളെഴുതി.—ഖുസ്രോ രാജാവിൻെറ ഭിഷഗ്വരനും പാഷണ്ഡിയുമായ ഗബ്രിയേലിൻെറ കാലത്താണ് ഈ വിശുദ്ധൻ ജീവിച്ചിരുന്നതു്. കർക്കാദ്ബേത്സ്ലോക്കിലെ മെത്രാപ്പോലീത്താ ആയിത്തീർന്നു. ആ അവസരം കാതോലിക്കോസ് ഇല്ലായിരുന്നു. സന്യാസജീവിതത്തെപ്പററി അദ്ദേഹം നിരവധി കൃതികളെഴുതി. ശിംഗാർ നിവാസികളുമായുള്ള പ്രശ്നങ്ങളുടെ പേരിൽ ഖുസ്രോ അദ്ദേഹത്തെ നാടുകടത്തി; അദ്ദേഹം വിപ്രവാസത്തിൽ മരിച്ചു.

## 59 മാർ സാബാറേശ്ശു

അദിയബേനെയിലെ ബേത്കോക്കായിൽ അദ്ദേഹം ഒരാശ്രമം സ്ഥാപിച്ചു.—ടിർഹാനിലെ അവാനാ ആയിരുന്നു ജന്മദേശം. തൻെറ ജന്മദേശത്തും അദിയബേനെയിലുമായി അദ്ദേഹം വിദ്യാഭ്യാസം നടത്തി. അർബേലിലെ ജയിലിൽ കിടന്ന യേശ്ശുസബ്രാൻ സഹദായെ സന്ദർശിച്ചു. അറസ്ററു ചെയ്യപ്പെടാൻ അദ്ദേഹം തീക്ഷ്ണത കാണിച്ചു. അദ്ദേഹത്തിൻെറ വിലങ്ങുകളെ ആദരപൂർവം ബഹുമാനിച്ചു. യേശ്ശുസബ്രാൻെറ കൈയിൽനിന്ന് സന്യാസവസ്ത്രം സ്വീകരിച്ചിട്ട് മലയിലേയ്ക്കു പോയി. വലിയ സാബ്നദിയുടെ തീരത്തുള്ള ആശ്രമത്തിൽ പ്രവേശിച്ചു. അവിടെ താമസിച്ചിരുന്ന വിശുദ്ധ താപസനായ ഹൊർമിസ്ദിനെ സന്ദർശിച്ച് അദ്ദേഹത്തിൻെറ ശിഷ്യനും സെക്രട്ടറിയുമായി. വിശുദ്ധ ഹൊർമിസ്ദ് അദ്ദേഹത്തിന് കാണിച്ചുകൊടുത്ത ഗുഹയിൽ ഏതാണ്ട് പന്ത്രണ്ടുവർഷം താമസിച്ചു. അദിയബേനെ മെത്രാപ്പോലീത്തായും പിന്നീട് കാതോലിക്കായുമായ യേശ്ശുയാബ് അദ്ദേഹത്തെ കാണാൻ വരികയും അവർ പരസ്പരാശ്ലേഷണം നടത്തുകയും ചെയ്തു. അദ്ദേഹത്തിൻെറ ചുററും കൂടിയിരുന്ന സഹോദരന്മാരുടെ യോജിപ്പുള്ള സമൂഹത്തെകണ്ട് യേശ്ശുയാബ് സന്തോഷിക്കുകയും അദ്ദേഹത്തെ അവരുടെ അദ്ധ്യക്ഷനായി നിയമിക്കുകയും ചെയ്തു. അദ്ദേഹത്തിന് ഏതാണ്ട് അൻപതു ശിഷ്യന്മാരുണ്ടായിരുന്നു. അദ്ദേഹം തൻെറ ആശ്രമത്തെ എല്ലാവിധ അലങ്കാരങ്ങളുംകൊണ്ടും അലങ്കരിച്ചു. വലിയ നോമ്പിൻെറ ആദ്യദിവസം അദ്ദേഹം മരിച്ചു. അദ്ദേഹം പണികഴിപ്പിച്ച മർതീരിയോണിൽ തന്നെ അദ്ദേഹം സംസ്കരിക്കപ്പെട്ടു. അദ്ദേഹത്തിൻെറ പ്രാർത്ഥന പാവപ്പെട്ട ഈ എഴുത്തുകാരനെ സഹായിക്കട്ടെ.

## 60 യേശ്ശുസബ്രാൻ സഹദാ

അർബേലിൽ അദ്ദേഹത്തിൻെറയും മററ് പന്ത്രണ്ട് സഹദാമാരുടെയും നാമത്തിൽ ഒരാശ്രമം പണിയപ്പെട്ടു. ഖുസ്രോരാജാവിൻെറ വാഴ്ചയുടെ മുപ്പതാം വർഷം പതിമൂന്നു വിശ്വാസസാക്ഷികൾ പിടിക്കപ്പെട്ടു. അവരിൽ ഒന്നാമൻ യേശ്ശുസബ്രാൻ എന്ന സന്യാസിയായിരുന്നു. ഏതാണ്ട് പതിനഞ്ചുവരഷത്തോളം അവരെ അർബേലിൽ ജയിലിലടച്ചു. ബേത്ഗർമായേയും ബെലാശ്ഫറിനെയും ബന്ധിക്കുന്ന പാലത്തിനടുത്തുള്ള ദേവർദാഗ്രാമത്തിലേക്ക് അവരെ ആനയിച്ച് അ

www.malankaralibrary.com



വീടെ വച്ച് കരിശിൽ തറച്ചുകൊന്നു. അർബേലിലെ ചില വിശ്വാസികരം വന്ന് അവരുടെ ശരീരം മറവുചെയ്യുകയും അവരുടെ ബഹുമാനാർത്ഥം പ്രശസ്തമായ ഒരാശ്രമം പണികഴിപ്പിക്കുകയും ചെയ്തു.

## 61 മാർ മിഖായേൽ

അദിയബേനെയിൽ കെഫാർ ഉസിയേൽ പട്ടണത്തിനടുത്തു് അദ്ദേഹം ഒരാശ്രമം സ്ഥാപിച്ചു.—ബേത്കോക്കായിലെ സാബാറേശ്ശുവിൻെറ ശിഷ്യനായിരുന്നു ഈ വിശുദ്ധൻ. അദ്ദേഹം ദീർഘകാലം ഏകാന്തതയിൽ താമസിച്ചു. അതിനുശേഷം സാബാറേശ്ശുവിൻെറ ആശ്രമം വിട്ട്, കെഫാർ ഉസിയേൽ പട്ടണത്തിനടുത്തു് തറയേൽ ഗ്രാമത്തിൽ ഒരാശ്രമം പണിയാൻ ദൈവകൃപ അദ്ദേഹത്തെ വിളിച്ചു. അദ്ദേഹത്തിൻെറ ആദ്ധ്യാത്മികപിതാവിൻെറ ആശ്രമത്തിൽനിന്ന് ഏതാണ്ട് അഞ്ച് ദിവസത്തെ വഴി ദൂരെയായിരുന്നതു്. അദ്ദേഹം ആദ്ധ്യാത്മിക കാര്യങ്ങളിൽ വ്യാപൃതനായിരുന്നു. തൻെറ ആശ്രമത്തെ ഗ്രന്ഥങ്ങരം കൊണ്ടും മേല്ത്തരം അലങ്കാരങ്ങരംകൊണ്ടും നന്മകരംകൊണ്ടും അദ്ദേഹം അലങ്കരിച്ചു. വളരെ വൃദ്ധനായശേഷം അദ്ദേഹം മരിച്ചു. അദ്ദേഹത്തിൻെറ ആശ്രമം വിപുലപ്പെടുത്തിയതും പൂർത്തിയാക്കിയതും കെഫാർ ഉസിയേലിലെ സാബാർയേശ്ശു ബർ നാക്കോറിൻെറ മേൽനോട്ടത്തിലാണ്.

## 62 വി. ഹനാനേശ്ശു

ബേത് കോക്കായിലെ മാർ സാബാറേശ്ശുവിൻെറ ശിഷ്യൻ— അദിയബേനെയിലെ നഹ്ഷിർവാൻ ഗ്രാമമാണ ജന്മദേശം. ഗ്രാമത്തിലെ സ്കൂളുകളിൽ വിദ്യാഭ്യാസം നടത്തി. അദ്ദേഹം വി. സാബാറേശ്ശുവിനെ സന്ദർശിക്കയും അദ്ദേഹത്തിൽ നിന്നു സന്യാസവസ്ത്രം സ്വീകരിക്കുകയും ചെയ്തു. ദുർവികാരങ്ങരം ശമിക്കുന്നതുവരെ ദീർഘകാലം അദ്ദേഹം ഒരു ചെറുമുറിയിൽ വസിച്ചു. ബേത് കോക്കാ ആശ്രമത്തിൻെറ അദ്ധ്യക്ഷനായിത്തീർന്നു. അദ്ദേഹം മരിച്ചപ്പോരം മർതീരിയോണിൽ സംസ്ക്കരിക്കപ്പെട്ടു.

## 63 മാർ യോഹന്നാൻ

ബേത്കോക്കാ ആശ്രമത്തിലെ സുപ്പീരിയർ.— അദ്ദേഹത്തിൻെറ കുടുംബം അദിയബേനെയിൽ ആയിരുന്നു. അദ്ദേഹം മാർ സാബാറേശ്ശുവിനെ സന്ദർശിക്കുകയും അദ്ദേഹത്തിൽ നിന്നു സന്യാസവസ്ത്രം സ്വീകരിക്കുകയും ചെയ്തു. അതിനുശേഷം തൻെറ സഹോദരനോടുകൂടെ സാമാർ മലയിലേക്കു പോയി. കുറേനാരം കഴിഞ്ഞു്, ഹനാനേശ്ശുവിൻെറ മരണത്തിനുശേഷം, മാർ സാബാറേശ്ശുവിൻെറ ശിഷ്യന്മാർ തങ്ങളുടെ അദ്ധ്യക്ഷനാക്കുവാനായി മാർ യോഹന്നാനെ തേടിവന്നു. അദ്ദേഹം കുറേനാരം ഈ ജോലി ഏറ്റെടുത്തു നടത്തി; അതിനുശേഷം കർത്താവിൽ നിദ്രപ്രാപിച്ചു.

www.malankaralibrary.com



## 64 വി ശൂബ്ഹാലമാറൻ

ബേത് കോക്കാ ആശ്രമത്തിന്റെ അദ്ധ്യക്ഷൻ. മായൽതായാണ് അദ്ദേഹത്തിന്റെ ജന്മദേശം. അദ്ദേഹം മാർ സാബാറേശ്ശൂവിന്റെ ആശ്രമം സന്ദർശിച്ച് സന്യാസവസ്ത്രം സ്വീകരിച്ചു. പരിപൂർണമായ ഏകാന്തതയിൽ മുപ്പതുവർഷം ചെലവഴിച്ചു. പിന്നീട് മാർ യോഹന്നാന്റെ പിൻഗാമിയായി; ശ്ലീഹന്മാരെപ്പോലെ അത്ഭുതങ്ങൾ പ്രവർത്തിച്ചു. ഏതാണ്ട് മുപ്പത്തഞ്ചുവർഷം അദ്ധ്യക്ഷനായിരുന്നശേഷം അദ്ദേഹം തന്റെ ഗുരുവിന്റെ പക്കലേക്കു തീർത്ഥാടനം ചെയ്തു. മാർതീരിയോണിൽ സംസ്ക്കരിക്കപ്പെട്ടു.

## 65 മാർ യൗസേപ്പ്

ഭാഗ്യവാനായ മാർ യൗസേപ്പ് ബേത് കോക്കാ ആശ്രമാദ്ധ്യക്ഷനായിരുന്നു. മാർഗായിലെ ഗാഫ താഗ്രാമമായിരുന്നു ജന്മദേശം. വിദ്യാഭ്യാസത്തിനുശേഷം അദ്ദേഹം സന്യാസവസ്ത്രം സ്വീകരിച്ചു. തന്റെ മരണംവരെ പാചകം ചെയ്ത ഭക്ഷണം അദ്ദേഹം കഴിച്ചിരുന്നില്ല. കുറേനാൾ അദ്ദേഹം മലയിൽപോയി താമസിച്ചു. ചെറിയൊരസുഖത്തിനുശേഷം അദ്ദേഹം മരിച്ചു. മാർതീരിയോണിൽ പിതാക്കന്മാരോടൊപ്പം അദ്ദേഹവും സംസ്ക്കരിക്കപ്പെട്ടു.

## 66 മാർ നഥാനിയേൽ

വിശുദ്ധൻ ബേത് കോക്കാ ആശ്രമാദ്ധ്യക്ഷനായിരുന്നു. മാർഗായിലായിരുന്നു കുടുംബം, ഗ്രാമം ....[1]

## 66a മാർ നഥാനിയേൽ സഹദാ[2]

ഭാഷ്യകാരൻ; സിയർസൂർ മെത്രാൻ; സങ്കീർത്തനങ്ങൾക്ക് ഒരു ഭാഷ്യം എഴുതി; മാജികൾക്കെതിരെ ഗ്രന്ഥമെഴുതി.—സിയർസൂർ ആണ് ജന്മദേശം. നിസിബിസിലെ കലാലയങ്ങളിൽ വിദ്യാഭ്യാസം നടത്തി. മാജികൾക്കെതിരെ ഒരു താർക്കിക കൃതിയും സങ്കീർത്തനങ്ങൾക്കൊരു ഭാഷ്യവുമെഴുതി. പിന്നീട് സിയർസൂർ മെത്രാനായി. ഖുസ്രോ രാജാവ് ഏററം ക്രൂരമായ ശാരീരിക പീഡനങ്ങൾക്ക് അദ്ദേഹത്തെ വിധേയനാക്കി; അവസാനം കുരിശിൽ തറച്ചു കൊന്നു. അദ്ദേഹത്തിന്റെ കത്തീഡ്രൽ ദേവാലയത്തിൽ വിശ്വാസികൾ അദ്ദേഹത്തെ സംസ്ക്കരിച്ചു.

## 67 വി. ആബാ ശിമെയോൻ

ശേനാപട്ടണത്തിൽ അദ്ദേഹം ഒരാശ്രമം സ്ഥാപിച്ചു—ബേത് അറമായെയിലെ കശ്കാറിലാണ് അദ്ദേഹത്തിന്റെ കുടുംബം. സന്യാസവസ്ത്രം സ്വീകരിക്കുന്നതിനുമുൻപ് അദ്ദേഹം തിഗ്രീസിൽ പോയി.

---

1 ബാക്കി നഷ്ടപ്പെട്ടുപോയി. 2 കയ്യെഴുത്തു പ്രതികളിൽ പേരില്ല. 'നഥാനിയേൽ' ആയിരിക്കാം.

www.malankaralibrary.com



മാർഗായിൽ ആശ്രമം സ്ഥാപിച്ച റമ്പാൻ ബാർഇൗതായെ സന്ദർശിക്കുകയും അദ്ദേഹത്തിൽനിന്നും സന്യാസവസ്ത്രം സ്വീകരിക്കുകയും ചെയ്തു. ആ ആശ്രമത്തിൽ അദ്ദേഹം ഏകാന്തജീവിതം നയിച്ചു. അതിനുശേഷം ജറുസലേമിൽ പോയി ദീർഘനാരം അവിടെ താമസിച്ചു. പിന്നീട് തിരികെയെത്തി നിനവേ മലയിൽ ഏകാന്തവാസം നയിച്ചു. ധാരാളം സഹോദരന്മാർ അദ്ദേഹത്തിനു ചുററും കൂടിയപ്പോരം അദ്ദേഹം മനോഹരമായ ഒരു ദേവാലയം പണിയിച്ചു. അദ്ദേഹം, കർകാദ്ബേത് സ്ലോകിന്റെ സമീപത്തുള്ള മാർ ഗാനീബാ ആശ്രമത്തിന്റെ അദ്ധ്യക്ഷനായി. ബേത് നൂഹദ്രായിലെ ആശ്രമം സ്ഥാപിച്ച വി. റമ്പാൻ അഫ്നീമാറനെ ശിമയോനാണ് നയിച്ചിരുന്നതു്. മാർ ശിമയോൻ മരിച്ചപ്പോരം സർസാർ നദിക്കടുത്തുള്ള മാർ സ്ലീബാ ആശ്രമത്തിൽ സംസ്കരിക്കപ്പെട്ടു. രണ്ടു വർഷങ്ങരംക്കുശേഷം ശരീരം അവിടെ നിന്നെടുത്തു് ശേനാ പട്ടണത്തിൽ കൊണ്ടുപോയി അവിടെയുള്ള ആശ്രമത്തിൽ അടക്കി.

## 68 വി. മാർ ഹബീബാ

ഇസ്ലായിലെ വലിയ ആശ്രമത്തിന്റെ അദ്ധ്യക്ഷൻ.—ബേത് നൂഹദ്രയാണു ജന്മസ്ഥലം. വലിയ ആശ്രമത്തിലെ അദ്ധ്യക്ഷനായ റമ്പാൻ മാർ ദാദീശോയാണ് അദ്ദേഹത്തെ വളർത്തിയതു്. പിന്നീട് ഹബീബാ അദ്ധ്യക്ഷനായി. 92-ാം വയസ്സിൽ അദ്ദേഹം മരിക്കുകയും മാർതീരിയോണിൽ സംസ്കരിക്കപ്പെടുകയും ചെയ്തു.

## 69 വി. ആബാ സീനായ്

അദ്ദേഹം സന്യാസ ജീവിതത്തെപ്പററി കൃതികളെഴുതി. അദിയബേനെ മലയിൽ ഒരാശ്രമം സ്ഥാപിച്ചു. അദിയബേനെ ആശ്രമത്തിൽ താമസിച്ചിരുന്ന സ്റ്റീഫൻ എന്നുപേരുള്ള ഒരു പ്രശസ്തനായ താപസനെ സന്ദർശിക്കാനായി വിദ്യാഭ്യാസാനന്തരം, അദ്ദേഹം മലയിലേക്കുപോയി. അദ്ദേഹത്തിൽ നിന്നു സന്യാസവസ്ത്രം സ്വീകരിച്ചു. ആ വിശുദ്ധൻ മരിച്ചപ്പോരം അദ്ദേഹത്തെ അടക്കയിട്ടു് ആബാ സീനായ് മലയിൽ നിന്നിറങ്ങി അടിവാരത്തിലെത്തി. ചെറിയ സാബ് എന്ന നദിക്കടുത്തു് ഒരു പള്ളിയും ഒരാശ്രമവും പണിതു. അതിനുശേഷം നിസിബിസിലെ ബാബായിയെയും അദ്ദേഹത്തിന്റെ സഹചരനായ റമ്പാൻ അബ്ദീശോയേയും കാണുവാൻ പോയി. അവരോടൊത്തു് കുറച്ചു സമയം ചെലവഴിച്ചു. അറുപതിലേറെ സഹോദരന്മാർ അദ്ദേഹത്തെനു ചുററും കൂടി. എല്ലാ രീതിയിലുമുള്ള അലങ്കാരങ്ങളാൽ ആ ആശ്രമത്തെ അലങ്കരിച്ചശേഷം അദ്ദേഹം കർത്താവിന്റെ പക്കലേക്കു മടങ്ങിപോയി. അദ്ദേഹത്തിന്റെ ശരീരം പള്ളിയിൽ അടക്കി. ആ ആശ്രമത്തെ അദ്ദേഹം വിശുദ്ധ മാർ ബർശബ്തായുടെ കൈകളിൽ ഏല്പിച്ചു. കുറെ വർഷങ്ങരംക്കുശേഷം ബർശബ്തായും അവിടം വിട്ടിറങ്ങി മായൽതാ— ഹെനൈതാ പ്രദേശങ്ങളിൽ ഒരാശ്രമം സ്ഥാപിച്ചു.

www.malankaralibrary.com



## 70 മാർ അബ്ദീശോ

നിസിബിസിലെ ബാബായിയുടെ ശിഷ്യൻ.—ശഹർസൂറാണ് ജന്മസ്ഥലം. മാതാപിതാക്കൾ കലീനരായിരുന്നു. അദ്ദേഹം മാർ ബാബായിയെ കാണുവാൻ പോയി. അദ്ദേഹത്തിന്റെ ശിക്ഷണം സ്വീകരിച്ചു. അദിയബേനെ വനത്തിൽ പാർക്കാൻ ബാബായി പോയപ്പോഴും പിന്നീട് ആശ്രമം തുടങ്ങാൻ ഈസ്ലായിൽ തിരികെ വന്നപ്പോഴും മാർ അബ്ദീശോ അദ്ദേഹത്തെ അനുധാവനം ചെയ്തു. അദ്ദേഹം നാല്പത്തിഒൻപതുവർഷം ജീവിച്ചിട്ട് കർത്താവിൽ നിദ്രപ്രാപിച്ചു. മാർ ബാബായിക്കഭിമുഖമായി ദേവാലയത്തിൽ അദ്ദേഹം സംസ്ക്കരിക്കപ്പെട്ടു.

## 71 മാർ ശിമെയോൻ

അദ്ദേഹം ബേതു് ബാഗാശിലെ ആശ്രമം സ്ഥാപിച്ചു. ........ .... [1] അശ്ഗാർ ഗ്രാമത്തിനടുത്തു് മാർ യൗനാന്റെ.... അവിടെ കുറേനാൾ താപസകർമ്മങ്ങളനുഷ്ഠിച്ചു. അതിനുശേഷം ആശ്രമം വിട്ടിട്ടു് ബേതു് ബാഗാശ് മലയിൽ പോയി ഒരു ഗുഹയിൽ പാർത്തു. അദ്ദേഹം ഒരു പള്ളിയും കുറേ മുറികളും പണിയിച്ചു. ധാരാളം ശിഷ്യന്മാർക്ക പ്രബോധനം നൽകി. 70—ാം വയസിൽ അദ്ദേഹം മരിച്ചു. അദ്ദേഹം പണിത ആശ്രമത്തിൽ തന്നെ കബറടക്കി.

## 72 വി. റമ്പാൻ മാർ നർസൈ

ഈസ്ലായിൽ മാർ അബ്രാഹം റമ്പായുടെ ആശ്രമത്തിന്റെ അദ്ധ്യക്ഷൻ.—കശ്കാറായിരുന്നു അദ്ദേഹത്തിന്റെ ജന്മദേശം. അദ്ദേഹം വിശുദ്ധഗ്രന്ഥങ്ങളും അവയുടെ ഭാഷ്യങ്ങളും സന്യാസത്തിന്റെ പ്രാരംഭപാഠങ്ങളും വലിയ ആശ്രമത്തിൽ അഭ്യസിച്ചു. പീഡാനുഭവരാത്രിയിൽ അദ്ദേഹം ജറുസലേമിലേക്ക പോയി; അതേ രാത്രിൽ തന്നെ തിരിച്ചെത്തി. 96—ാം വയസിൽ അദ്ദേഹം കർത്താവിൽ നിദ്രപ്രാപിച്ചു. മാർതിരിയോന്നിൽ അദ്ദേഹത്തിന്റെ ശരീരം സംസ്ക്കരിക്കപ്പെട്ടു.

## 73 മാർ തിയഡോർ

അദ്ദേഹം കശ്കാറിൽ ഒരു കലാലയം തുടങ്ങി. —കശ്കാറാണ് ജന്മദേശം. നിസിബിസിലെ ബാബായിയെ കാണാൻ പോയി. അദ്ദേഹത്തിൽ നിന്നു സന്യാസവസ്ത്രം സ്വീകരിച്ചശേഷം തിരികെ തന്റെ നാട്ടിൽ എത്തി. അവിടെ ഒരു വലിയ ആശ്രമം സ്ഥാപിച്ചു. അതിനോടനുബന്ധിച്ച് ഒരു സ്കൂളും തുടങ്ങി; ഒരു മല്പാനെയും അവിടെ നിയമിച്ചു. ബേതു്നീശാർ ആശ്രമം സ്ഥാപിച്ച മാർ മാക്കീക്കാസ്സു് പരിശീലനം നൽകിയതു് തിയഡോറാണ്. വളരെ വൃദ്ധനായശേഷം അദ്ദേഹം മരിച്ചു. അദ്ദേഹം പണിയിച്ച സ്കൂളിൽ തന്നെ കബറടക്കി.

---

1 എന്തോ വിട്ടുപോയിട്ടുണ്ടു്

www.malankaralibrary.com



## 74 മാർബാബായ്

അദ്ദേഹം സന്യാസജീവിതത്തെപ്പററി ഒരു കൃതി എഴുതി. ബേത് കർദ്ദവാണു ജന്മസ്ഥലം. അദ്ദേഹം ഹിർതാ പട്ടണത്തിൽ പോയി. ഹിർതായിലെ മർസ്ബാന്റെ റൈട്ടറായി. ഒരു ദിവസം മർസ്ബാനോടുകൂടി അദ്ദേഹം നായാട്ടിനു പോയി. മാർ ബാബായിയെത്തന്നെ പിടിക്കാൻ ദൈവം തിരുമനസ്സായി. അദ്ദേഹം സാന്ദർഭികമായി ഹിർതാ മരുഭൂമിയിലെ ഒരു ഗുഹയിലെത്താനിടയായി. അതിനകത്തു് ഒരു സന്യാസിയെ കണ്ടുമുട്ടി. അദ്ദേഹം അകത്തു കടന്നു. സുകൃത ജീവിതത്തിൽ സന്യാസി അദ്ദേഹത്തെ പ്രബോധിപ്പിച്ചു. അദ്ദേഹത്തിനു സന്യാസവസ്ത്രവും നൽകി. ദീർഘകാലം അദ്ദേഹം ആ സന്യാസിയോടൊപ്പം അവിടെ കഴിച്ചുകൂട്ടി; സന്യാസജീവിതത്തെപ്പററി ഗ്രന്ഥങ്ങൾ രചിച്ചു. ബേത് ഹാലേയുടെ വിഭജനത്തെപ്പററിയും അതിന്റെ സ്ഥാപകനായ റബ്ബാൻ കൂദാവിയെപ്പററിയും അദ്ദേഹം പ്രവചിച്ചു. ഒരിക്കൽ വിശ്വാസസംബന്ധമായി ഹിർതായിൽ ഒരു തർക്കം ഉണ്ടായി. അദ്ദേഹത്തെത്തേടി ആളുകൾ വന്നു. മെത്രാൻ അദ്ദേഹത്തോടു പറഞ്ഞു: ''നിന്നിൽ വിശ്വാസമർപ്പിച്ചിരിക്കുന്ന ജനങ്ങളെ നയിച്ചാലും.'' ഒരിക്കലും സംസാരിച്ചിട്ടില്ലാത്ത ഒരു കുട്ടിയെ അദ്ദേഹം അരികിൽ വിളിച്ചു് അതിനോടു പറഞ്ഞു: ''കുഞ്ഞേ, എന്തിലാണു നീ മാമോദീസാ സ്വീകരിച്ചിരിക്കുന്നതു്'' അതുവരെ സംസാരിച്ചിട്ടില്ലാത്ത കുട്ടി മറുപടി പറഞ്ഞു: ''പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലാണു് ഞാൻ സ്നാനപ്പെട്ടിരിക്കുന്നതു്. ക്രിസ്തു പൂർണ മനുഷ്യനും പൂർണ ദൈവവുമാണെന്നു് ഞാൻ പ്രഖ്യാപിക്കുന്നു.'' അപ്പോൾ വിശുദ്ധൻ അവരോടു പറഞ്ഞു: ''വിശുദ്ധവും സത്യവുമായ പ്രഖ്യാപനമിതാ!'' അദ്ദേഹം മരിക്കാറായപ്പോൾ മാർ ആബാ അബ്ദായോട് തന്റെ സ്വന്തം ഗുഹയിൽ തന്നെ അടക്കണമെന്നു് അദ്ദേഹം ആവശ്യപ്പെട്ടു. കുറേനാൾ കഴിഞ്ഞു് അതിനു മുകളിൽ ഒരാശ്രമം ഉയർന്നു വന്നു.

## 75 വി. മാർ അബ്ദാ

മേയാറേ ആശ്രമത്തിൽനിന്നു്—ബേത് അറമായേയിൽ ഹിർതായ്ക്കടുത്തുള്ള ആക്കുളാ പട്ടണത്തിന്റെ സമീപത്തായിരുന്നു അദ്ദേഹത്തിന്റെ കുടുംബം. മാജികളുടെ കൂട്ടത്തിൽപെട്ടയാളായിരുന്നു അദ്ദേഹം. ഒരു ദിവസം അദ്ദേഹം മാർ സേർജീയൂസിന്റെ ആശ്രമത്തിലേക്കുപോയി. അതു് ദുഃഖശനിയാഴ്ചയായിരുന്നു. അന്നു് അവിടെ ആശ്രമത്തിൽ വലിയൊരു ജനാവലി തടിച്ചുകൂടിയിരുന്നു. സ്നാനം സ്വീകരിച്ചവരെ പ്രകാശിപ്പിക്കുന്ന പ്രകാശമായി അദ്ദേഹം ജീവിച്ചു. അദ്ദേഹം കലാലയങ്ങളിൽപോയി വിശുദ്ധ ഗ്രന്ഥങ്ങൾ പഠിച്ചു; അതിനുശേഷം എഴുത്തുകാരനായ ബാബായിയുടെ പക്കൽ പോയി സന്യാസവസ്ത്രം സ്വീകരിച്ചു. കുറേക്കാലം അദ്ദേഹത്തിന്റെ കൂടെ താമസിച്ചു. അവിടെ നിന്നു പോകുവാൻ അബ്ദാ ആഗ്രഹിച്ചപ്പോൾ, അദ്ദേഹത്തിനു് ഒരു സ്വപ്നമുണ്ടായി. ദൈവം അദ്ദേഹത്തോടരുൾ ചെയ്തു: ''ഇവിടെ നിന്നു പോകരുതു്; ഇതാ, നിന്നെ കാണാൻ ഹിർതായിൽ നിന്നൊരാൾ വരുന്നു; അയാളുടെ പേരു മാററി മാർ അബ്ദാ എന്നു പേരിടുക. വലിയ വെളിപാടുകൾ സ്വീകരിക്കാൻ അയാൾ വിളിക്ക

www.malankaralibrary.com



പ്പെട്ടിരിക്കുന്നു.'' അദ്ദേഹത്തിന്റെ സ്വപ്നം യാഥാർത്ഥ്യമായി. അദ്ദേഹം മരിച്ചപ്പോൾ ശിഷ്യനായ ചെറിയ മാർ അബ്ദാ അദ്ദേഹത്തിന്റെ ശരീരം അദ്ദേഹത്തിന്റെ ഗുഹയിൽ സംസ്കരിച്ചു; അതിനരികിൽ ഒരാശ്രമം പണിതു. ''ആബാ മാർ അബ്ദായുടെ ആശ്രമം'' എന്ന് അത് ഇപ്പോഴും വിളിക്കപ്പെടുന്നു.

## 76 ചെറിയ മാർ അബ്ദാ ബർ ഹൊതിഫ്

ആബാ മാർ അബ്ദായുടെ ശിഷ്യൻ; മേയാറെയിൽ ആശ്രമം തുടങ്ങിയ ആൾ.—ഹിർതാ ആയിരുന്നു ജന്മദേശം; മാതാപിതാക്കൾ കലീനരും. അദ്ദേഹം സന്യാസിയാകുന്നതിനെപ്പറ്റി ഒരിക്കലും ചിന്തിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ വിളി ദൈവത്തിൽ നിന്നാണ് വന്നത്. മഹാനായ മാർ അബ്ദാ ഈ ലോകത്തിൽനിന്നു കടന്നു പോകാറായപ്പോൾ ഒരു ദൈവദൂതൻ അദ്ദേഹത്തോട് പറഞ്ഞു: ''ഇതാ, ഹിർതായിൽ നിന്ന് ഞാൻ ഒരു ചെറുപ്പക്കാരനെ നിനക്കു കൂട്ടിക്കൊണ്ടുവരുന്നു. അവൻ തന്റെ ശുശ്രൂഷയിൽ നിന്നെ സഹായിക്കും. അവന്റെ പേരു മാററി നിന്റെ സ്വന്തം പേരായ മാർ അബ്ദാ എന്ന് അവനെ വിളിക്കണം.'' മാലാഖ ആ യുവാവിനോട് പറഞ്ഞു: ''എഴുന്നേററ് പോയി സന്യാസിയാകുക; വൃദ്ധനായ മാർ അബ്ദായുടെ സേവനത്തിനു സമർപ്പിക്കുക.'' മൂന്നു പ്രാവശ്യം മാലാഖ അവനു കാണപ്പെട്ടു. ഉടനെ അദ്ദേഹം മാർ അബ്ദായെ കാണാൻ വരികയും സന്യാസവസ്ത്രം സ്വീകരിക്കയും ചെയ്തു. അദ്ദേഹത്തിന്റെ മരണംവരെ അദ്ദേഹത്തെ ശുശ്രൂഷിച്ചു. അദ്ദേഹം നിരവധി പുറജാതികളെ മാനസാന്തരപ്പെടുത്തി. ബേത് ഹാലേ ആശ്രമം അദ്ദേഹത്തിന്റെ കാലത്ത് പണിതതാണ്. അദ്ദേഹം നൂറ് വർഷം ജീവിച്ചിട്ട് കർത്താവിലേക്കു കരേറി.

## 77 വി. റമ്പാൻ ബർ സഹ്ദേ

ബറൂക്കാ ഗ്രാമത്തിൽ ഗംറേ ആശ്രമത്തിനടുത്ത് അദ്ദേഹം ഒരാശ്രമം സ്ഥാപിച്ചു. ഖത്തർ ഉൾക്കടലിലെ ഒരു ദ്വീപായ ദേറിൻ ആണ് ജന്മദേശം. കച്ചവടക്കാരോടുകൂടി ഒരിക്കൽ അദ്ദേഹം ഇൻഡ്യയിലേക്ക് കടൽയാത്ര ചെയ്തിരുന്നു. ഒരവസരം കൊള്ളക്കാർ അവരെ പിടികൂടി അദ്ദേഹത്തോടുകൂടെ കപ്പലിൽ ഉണ്ടായിരുന്ന രണ്ടു പേരെ കൊന്നു കളഞ്ഞു. അപ്പോൾ അദ്ദേഹം ഇപ്രകാരം പ്രതിജ്ഞ ചെയ്തു: ''ഞാൻ രക്ഷപെടുകയാണെങ്കിൽ, ഞാൻ ഒരു സന്യാസിയാകും.'' ആ കപ്പലിൽ ഉണ്ടായിരുന്നവരിൽ അദ്ദേഹമൊഴികെ മററാരും രക്ഷപെട്ടില്ല. അദ്ദേഹം പിന്നീട് റമ്പാൻ ഷാബൂറിന്റെ ആശ്രമത്തിൽ പോയി സന്യാസവസ്ത്രം സ്വീകരിച്ചു. അതിനുശേഷം റമ്പാൻ അബ്ദായേയും അദ്ദേഹത്തിന്റെ ശിഷ്യനേയും കാണാനായി പോയി. കുറേക്കാലം കഴിഞ്ഞ് ബറൂക്കാ ഗ്രാമത്തിൽ ഏകാന്തവാസത്തിനായി അദ്ദേഹം പിൻവാങ്ങി. അദ്ദേഹം ഒരാശ്രമം പണിതു. ധാരാളം സഹോദരന്മാർ അദ്ദേഹത്തിനു ചുററും കൂടി. അദ്ദേഹം മരിച്ചപ്പോൾ അദ്ദേഹം പണിയിച്ച പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

www.malankaralibrary.com



## 78 വി. മാർ കൂദാവി

അദ്ദേഹം ബേത്ഹാലെയിൽ ഒരാശ്രമം സ്ഥാപിച്ചു.—അദ്ദേഹത്തിന്റെ ജന്മദേശം ബേത് അറമായേ ആയിരുന്നു. വിദ്യാഭ്യാസത്തിനുശേഷം വി. റമ്പാൻ ആബാ ഷാബൂറിനെ കാണാൻ പോയി— ഷാബൂർ ബേത് ഹ്ലൂസായേയിലെ ശിശ്താറിൻ മലയിൽ ഒരാശ്രമം സ്ഥാപിച്ചിരുന്നു.— കൂദാവി ഷാബൂറിൽ നിന്നു സന്യാസവസ്ത്രം സ്വീകരിക്കയും ഒരു ചെറിയ മുറിയിൽ താമസിച്ചുകൊണ്ട് കുറേക്കാലം താപസകർമ്മങ്ങൾ അനുഷ്ഠിക്കയും ചെയ്തു. അതിനുശേഷം ഹിർതാമരുഭൂമിയിൽപോയി ഒരു ഗുഹയിൽ പാർത്തു. ബേത്ഹാലേ മരുഭൂമിയിൽ അദ്ദേഹം ഒരാശ്രമം പണിതു. തൊണ്ണൂററിഅഞ്ചാം വയസിൽ അദ്ദേഹം കർത്താവിൽ നിദ്രപ്രാപിച്ചു. പള്ളിയുടെ പോർട്ടിക്കോയ്ക്കു താഴെ കബറടക്കപ്പെട്ടു.

## 79 മാർ ശ്രുബ്ഹാലമാറൻ

താപസൻ; മസാബദാൻ മലയിൽ അദ്ദേഹം ഒരാശ്രമം സ്ഥാപിച്ചു.— അദ്ദേഹത്തിന്റെ ജന്മദേശം ബേത് അറമായേയാണ് ബേത് ഹാലേ ആശ്രമസ്ഥാപകനായ കൂദാവിയെ കാണാൻ അദ്ദേഹം പോയി. കൂദാവിയിൽനിന്നു സന്യാസവസ്ത്രം സ്വീകരിച്ചു. കുറേനാൾ മലയിൽ ഏകാന്തവാസം നയിച്ചു. ധാരാളം സഹോദരന്മാർ ചുററും കൂടിയപ്പോൾ അദ്ദേഹം ആശ്രമം സ്ഥാപിച്ചു. അദ്ദേഹം മരിച്ചപ്പോൾ അദ്ദേഹത്തിന്റെ ആശ്രമത്തിൽ തന്നെ അടക്കി.

## 80 മാർ സേർജിയൂസ് ദാവൂദാ

കശ്കാർ മലയിൽ അദ്ദേഹം ഒരാശ്രമം സ്ഥാപിച്ചു.— ബേത് അറമായെയിലെ കശ്കാറാണ് അദ്ദേഹത്തിന്റെ ജന്മദേശം. റമ്പാൻ കൂദാവിയുടെ ആശ്രമത്തിൽവച്ച് അദ്ദേഹം സന്യാസവസ്ത്രം സ്വീകരിച്ചു. അവിടെ ദീർഘനാൾ ഏകാന്തതയിൽ താമസിച്ചു. തന്റെ സ്വന്തനാട്ടിൽ അദ്ദേഹം ഒരാശ്രമം സ്ഥാപിച്ചു. നൂററിപ്പത്താം വയസിൽ അദ്ദേഹം മരിക്കയും അദ്ദേഹം പണിത പള്ളിയിൽ സംസ്ക്കരിക്കപ്പെടുകയും ചെയ്തു.

## 81 മാർ ശ്രുബ്ഹാലമാറൻ

ബേത്ഗർമായിലെ ഷാബ്രൂദിനടുത്ത് അദ്ദേഹം ഒരാശ്രമം സ്ഥാപിച്ചു.— ബേത് അറമായേയാണ് ജന്മദേശം. ബേത് ഹാലേലിലെ റമ്പാൻ കൂദാവിയുടെ ആശ്രമത്തിൽപോയി സന്യാസവസ്ത്രം സ്വീകരിച്ചു. ബസേലിയോസ്, ശീല എന്നീ സഹോദരന്മാർ അദ്ദേഹത്തെ അനുഗമിച്ചു. അദ്ദേഹം ആശ്രമത്തിന്റെ വാതിൽകാവൽക്കാരനായി; അതിനുശേഷം കുറേനാൾ ഏകാന്തനായി താപസജീവിതം നയിച്ചു. ബേത്ഗർമായിലെ ഷാബ്രൂദ് നദീതീരത്ത് ഒരാശ്രമം പണിയാൻ അദ്ദേഹത്തിനു ദൈവത്തിൽനിന്നു കല്പന കിട്ടി.

www.malankaralibrary.com



എഴുപതു സഹോദരന്മാർ അദ്ദേഹത്തിന്റെ കൂടെ കൂടി. വളരെ വൃദ്ധനായശേഷം അദ്ദേഹം ഈ ലോകത്തിൽ നിന്നു കടന്നുപോയി. ഭാഗ്യവാനായ ബസേലിയോസ് ആശ്രമത്തിന്റെ ചുമതല ഏറ്റെടുത്തു. അദ്ദേഹം പണിത മാർത്തീരിയോണിൽ അദ്ദേഹം അടക്കപ്പെട്ടു.

## 82 മാർ ദാദീശോ

ഭാഗ്യവാനായ ദാദീശോ ഒരാശ്രമം പണികഴിപ്പിച്ചു. ബാഗ്ദാദിനടുത്തുള്ള മഹോസെ ദ്ബദാരൂൺ ആണ് അദ്ദേഹത്തിന്റെ ജന്മസ്ഥലം. അദ്ദേഹം ബേത് ഹാലേ ആശ്രമത്തിൽ പോയി, റമ്പാൻ കൂദാവിയുടെ ശിഷ്യനും ആശ്രമാദ്ധ്യക്ഷനുമായ മാർ ബാബായിയിൽ നിന്ന് സന്യാസവസ്ത്രം സ്വീകരിച്ചു. കുറേനാൾ ഒരു ഗുഹയിൽ താമസിച്ചു. അതിനുശേഷം ഹ[illegible]താസ്സടുത്തു് ഒരാശ്രമം പണിതു. വളരെ പ്രായം ചെന്നശേഷം മരിച്ചു. ആശ്രമത്തിൽ സംസ്ക്കരിക്കപ്പെട്ടു.

## 83 മാർ അബ്രഹാം

ബദാരൂൺ ഗ്രാമത്തിനടുത്തുള്ള കാക്കി ആശ്രമം മാർ ദാദീശോയോടുകൂടെ അദ്ദേഹം നവീകരിച്ച് ഒരു പുതിയ ആശ്രമമാക്കി. ഈ ഗ്രാമം ബാഗ്ദാദിനടുത്താണ്. —ബേത് അറമായേ ആണു ജന്മസ്ഥലം. ബേത് ഹാലേ ആശ്രമത്തിൽപോയി സന്യാസവസ്ത്രം സ്വീകരിച്ചു. യോഹന്നാൻ അസ്രാക്കിനോട് സൗഹൃദ്ബന്ധം സ്ഥാപിച്ചു. അസ്രാക്ക് പിന്നീട് ഹിർതാമെത്രാനായി. കുറേനാൾ അദ്ദേഹം ഒരു ഗുഹയിൽ താമസിച്ചു. അതിനുശേഷം അദ്ദേഹത്തോട് സൗഹൃദ്ബന്ധം സ്ഥാപിച്ച പത്തു സഹോദരന്മാരോടൊപ്പം ആശ്രമം വിട്ട് തിഗ്രീസിന്റെ തീരത്തുള്ള മഹോസെ ദ്ബദാരൂണിലേക്ക പോയി. മാർ ദാദീശോയോടുകൂടി അദ്ദേഹത്തെയും അദ്ധ്യക്ഷനായി വിശ്വാസികൾ തെരഞ്ഞെടുത്തു. അദ്ദേഹം കാക്കി ആശ്രമം നവീകരിച്ച് അതിനെ മനോഹരമായ ഒരാശ്രമമാക്കി മാററി. അദ്ദേഹത്തോടൊപ്പം അവിടെ തൊണ്ണൂറ് സഹോദരന്മാരുണ്ടായിരുന്നു. അദ്ദേഹം മരിച്ചപ്പോൾ ആ ആശ്രമത്തിൽ തന്നെ സംസ്ക്കരിക്കപ്പെട്ടു.

## 84 മാർ എസക്കിയേൽ

അദ്ദേഹം ബേത് ഗർമായിൽ ഒരാശ്രമം സ്ഥാപിച്ചു. —കോൺസ്റ്റന്റയിൻ ചക്രവർത്തി ജനിച്ച ദിവസം തന്നെയാണ് ഭാഗ്യവാനായ മാർ എസക്കിയേലും ജനിച്ചത്. യൗസേപ്പിന്റെ മകനായ മനാശ്ശെയുടെ ഗോത്രത്തിൽ പെട്ടയാളാണിദ്ദേഹം. ഈജിപ്തായിരുന്നു ജന്മദേശം. മാർ ഔഗേനിൽ നിന്നു സന്യാസവസ്ത്രം സ്വീകരിച്ചു. ഡിസംബർ 6—ാം തീയതി, മംഗലവാർത്തക്കാലത്തെ ഒന്നാം വെള്ളിയാഴ്ച, അദ്ദേഹം മരിച്ചു. അദ്ദേഹത്തിന്റെ ആശ്രമത്തിൽ 1652 സന്യാസിമാർ ഉണ്ടായിരുന്നു.

## 85 വി. മാർ ദൗസാ

ബേത് അറമായേയിൽ, ബേത് അശ്കഫിലിനടുത്തു് അദ്ദേഹം ഒരു ആശ്രമം സ്ഥാപിച്ചു. 'ബർഹസീസ് ആശ്രമം' എന്ന് ഇന്നും

www.malankaralibrary.com



അതു വിളിക്കപ്പെടുന്നു. —കശ്കാറാണ് അദ്ദേഹത്തിന്റെ ജന്മദേശം. യോഹന്നാൻ എന്നു പേരുള്ള മററൊരാളോടുകൂടെ അദ്ദേഹം റമ്പാൻ കൂദാവിയുടെ ആശ്രമത്തിൽ പോയി സന്യാസവസ്ത്രം സ്വീകരിച്ചു. കുറേനാരം അദ്ദേഹം ഒരു ചെറിയ മുറിയിൽ താമസിച്ചു. പിന്നീട് യോഹന്നാനോടുകൂടെ ആശ്രമം വിട്ട് ദ്ഗാ ദ്ഖൂനിയുടെ സമീപത്തുള്ള അശ്കഫിൽ ഗ്രാമത്തിൽ എത്തി. അവിടെ അവർ ഒരാശ്രമം പണിതു. സഹോദരന്മാർ അവരുടെ ചുററും കൂടി. വളരെ പ്രായമായിട്ട് അദ്ദേഹം മരിച്ചു; അദ്ദേഹം പണിത ആശ്രമത്തിൽ അടക്കപ്പെട്ടു.

## 86 പേർഷ്യാക്കാരൻ മാർ ബാബായ്

ആശ്രമാദ്ധ്യക്ഷനായിരുന്നു.— റമ്പാൻ കൂദാവിയുടെ ശിഷ്യനായി; സന്യാസവസ്ത്രം സ്വീകരിച്ചു. റമ്പാൻ കൂദാവി മരിക്കുന്ന അവസരം ബാബായയെ പിൻഗാമിയായി നിർദേശിച്ചു. ബാബായ് മരിച്ചപ്പോരം ആശ്രമത്തിൽ സംസ്കരിക്കപ്പെട്ടു.

## 87 ഭാഗ്യവാനായ മാർ ദാവീദ് ബർനുതാറാ

ഖൊറാസാനിലെ മേർവിനടുത്ത് അദ്ദേഹം ഒരാശ്രമം സ്ഥാപിച്ചു. മേർവ് ആണ് ജന്മദേശം. റമ്പാൻ കൂദാവിയുടെ ആശ്രമത്തിൽ പോയി സന്യാസവസ്ത്രം സ്വീകരിച്ചു. അതിനുശേഷം തന്റെ നാട്ടിൽ തിരികെപോയി വളരെ മനോഹരമായ ഒരാശ്രമം സ്ഥാപിച്ചു. വളരെ പ്രായമാകുന്നതുവരെ അദ്ദേഹം ജീവിച്ചു. അദ്ദേഹം മരിച്ചപ്പോരം അദ്ദേഹം പണിയിച്ച പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

## 88 വി. റമ്പാൻ ഹൊർമിസ്ദ്

ബേത് അദ്രായ് പട്ടണത്തിലെ മലയിൽ അദ്ദേഹം ഒരാശ്രമം സ്ഥാപിച്ചു. —അദ്ദേഹം പേർഷ്യൻ വംശജനായിരുന്നു. പ്രാരംഭവിദ്യാഭ്യാസത്തിനുശേഷം റമ്പാൻ ബാർ ഈതായുടെ ആശ്രമത്തിൽ പോയി സന്യാസവസ്ത്രം സ്വീകരിച്ചു. കുറേ വർഷങ്ങരം ഒരു ചെറിയ മുറിയിൽ താമസിച്ച് താപസകർമ്മങ്ങളനുഷ്ഠിച്ചു. റീശാ ആശ്രമത്തിൽ റമ്പാൻ യോസേദേക്കിന്റെ കൂടെയാണ് താമസിച്ചതു്. ബേത് നുഹദ്രാ മലയിലാണ് ഈ ആശ്രമം. പിന്നീട് അൽക്കോശിനടുത്തുള്ള ബേത് അദ്രായ്മലയിൽ പോയി അവിടെ ഒരാശ്രമം പണിതു. അദ്ദേഹം തൊണ്ണൂറാം വയസിൽ മരിച്ചു. അദ്ദേഹം പണിത മർതീരിയോണിൽ സംസ്കരിക്കപ്പെട്ടു.

## 89 വി. റമ്പാൻ കാമേശു

മാർഗായ്ക്കടുത്ത് ഹെഫ്തൂൺ മലയിൽ അദ്ദേഹം ഒരാശ്രമം സ്ഥാപിച്ചു. — മാർഗായിലെ ഖൂഫ് ഗ്രാമമാണ് ജന്മദേശം. അദ്ദേഹം ബേത് ആബേയിലെ മാർ യാക്കോബിനെ സന്ദർശിക്കാനായി പോയി. അദ്ദേഹം ബർസഹ്ദേയ്ക്ക്, അതായതു് മർതീരിസിന്, സന്യാസവസ്ത്രം നൽകി. മർതീരിസ് അദ്ദേഹത്തോട് സ്നേഹബന്ധം

www.malankaralibrary.com



പുലത്തിയിരുന്നു. അവരിരുവരും കൂടെ ഉറുക് മലയിലേക്ക പോയി അവിടെ കുറേനാരം ഏകാന്തവാസം നയിച്ചു. പിന്നീട് അവർ ബേത്ആബേയിൽ തിരികെ വന്നു. അവിടെ കാമേശ്ക്ര ആശ്രമശ്രേഷ്ഠനായിത്തീർന്നു. എന്നാൽ അദ്ദേഹം ആ ജോലി ഉപേക്ഷിച്ച് ബേത് ആബേയിൽ നിന്നു് പത്തു മൈൽ ദൂരെയുള്ള ഹെഫ്ഘൂൺ മലയിൽ പോയി താമസിച്ചു. അവിടെ അദ്ദേഹം ഒരാശ്രമം പണിതു. വളരെ പ്രായം ചെന്ന ശേഷം മരിക്കയും ആ ആശ്രമത്തിൽ തന്നെ സംസ്കരിക്കപ്പെടുകയും ചെയ്തു.

## 90 വി. മാർ യോസേദേക്

കർദ്ദമലയിൽ അദ്ദേഹം ഒരാശ്രമം സ്ഥാപിച്ചു.—നിനവേയ്ക്കടുത്തു് ബേത്ശമീനാ ഗ്രാമമാണ് ജന്മസ്ഥലം. വിദ്യാഭ്യാസത്തിനു ശേഷം മാർഗായിൽ, റമ്പാൻ ബാർഈതായുടെ ആശ്രമത്തിൽ പോയി സന്യാസവസ്ത്രം സ്വീകരിച്ചു. അൽക്കോശ് മലയിൽ ആശ്രമം സ്ഥാപിച്ച റമ്പാൻ ഹൊർമിസ്ദിനോടും, ശേനാമലയിൽ ആശ്രമം സ്ഥാപിച്ച ആബാ ശിമെയോനോടും അദ്ദേഹം പ്രത്യേക സ്നേഹബന്ധത്തിൽ ജീവിച്ചു. അദ്ദേഹം ആ ആശ്രമം വിട്ട് റീശാ ആശ്രമത്തിൽ കുറേനാരം താമസിക്കാനായി പോയി. അദ്ദേഹത്തിനു് ഒരു വെളിപാടുണ്ടായി; അതിന്റെ ഫലമായി കർദ്ദവിൽപോയി പ്രശസ്തമായ ഒരാശ്രമം പണിതു. അദ്ദേഹത്തിനു ഏറ്റം സഹോദരന്മാർ കൂടി. എൺപതാം വയസിൽ അദ്ദേഹം മരിച്ചു. അദ്ദേഹം പണിത പള്ളിയിൽ തന്നെ സംസ്ക്കരിക്കപ്പെട്ടു.

## 91 വി. മാർ യേശുസബ്രാൻ

കർദ്ദമലയിൽ റമ്പാൻ യോസേദേക് സ്ഥാപിച്ച ആശ്രമത്തിന്റെ അദ്ധ്യക്ഷനായിരുന്നു അദ്ദേഹം.—നുഹദ്രായാണു ജന്മസ്ഥലം. വിദ്യാഭ്യാസാനന്തരം മാർ യോസേദേക്കിനെ സന്ദർശിക്കാനായി പോയി. റമ്പാൻ യോസേദേക് തന്റെ ആശ്രമത്തിൽ നടപ്പാക്കിയ നിയമങ്ങളനുസരിച്ച് അദ്ദേഹം ഏഴുവർഷം സമൂഹജീവിതം നയിച്ചു. അതിനു ശേഷം ഏകാന്തവാസം നയിച്ചു; ആശ്രമത്തിന്റെ അദ്ധ്യക്ഷനുമായി. അദ്ദേഹം മരിച്ചപ്പോൾ തന്റെ ഗുരുവിന്റെ ആശ്രമത്തിൽ സംസ്കരിക്കപ്പെട്ടു.

## 92 വി. മാർ സാബാറേശു

ബേത്ഗർമായ് മെത്രാപ്പോലീത്താ.—ബേത് അറമായേയാണു് ജന്മദേശം. റാദാനിൽ വിദ്യാഭ്യാസം നടത്തി. ബേത് ഗർമായിൽ തന്റെ സ്വന്തം ആശ്രമത്തിൽ കാതോലിക്കോസ് മാർ സാബാറേശു അദ്ദേഹത്തെ വായനക്കാരനായി നിയമിച്ചു. അവിടെ അദ്ദേഹം കുറേനാരം താമസിച്ചു. അതിനുശേഷം അവിടെനിന്നു പുറപ്പെട്ട് തന്റെ ഗുരുവിന്റെ ഗുഹയിൽ ഏകാന്തവാസം നയിക്കാനായി ശേറാൻ മലയിലേക്ക പോയി. ബേത് ഗർമായിൽ പകർച്ചവ്യാധി ഉണ്ടായപ്പോൾ അദ്ദേഹം പ്രാർത്ഥിക്കുകയും വ്യാധി നീങ്ങിപ്പോകുകയും ചെയ്തു. ബാശേറാൻ മലയിൽ ബാബ്താ ദ്മഹോസേ എന്ന സ്ഥലത്തു് അദ്ദേഹം

www.malankaralibrary.com



ഒരു വലിയ ആശ്രമം പണിയിച്ചു. ബേത്ഗർമായ് മെത്രാപ്പോലീത്താ ആയി മാർ എമ്മേ കാതോലിക്കായാണ് അദ്ദേഹത്തിനു കൈവപ്പ് നൽകിയത്. അദ്ദേഹം മരിച്ചപ്പോൾ അദ്ദേഹം പണികഴിച്ച ആശ്രമത്തിൽ സംസ്ക്കരിക്കപ്പെട്ടു.

## 93 വി. മാർ അഫ്നീമാറൻ

ബേത് നൂഹദ്രാ മലയിൽ അദ്ദേഹം ഒരാശ്രമം സ്ഥാപിച്ചു.—കർക്കാ ദ്ബേത് സ്ലോക്കാണ് ജന്മസ്ഥലം. ശേനായിൽ ആശ്രമം സ്ഥാപിച്ച ആബാശെമഓനെ കാണാൻ അദ്ദേഹം ഇറങ്ങിപ്പുറപ്പെട്ടു. ബേത് ആബേയിൽ പോകാൻ ആബാ ശെമഓൻ അദ്ദേഹത്തെ ഉപദേശിച്ചു; അദ്ദേഹം ആ ഉപദേശം സ്വീകരിച്ചു. ബേത് ആബേയിലെ സ്പ്പീരിയർ റമ്പാൻ കാമേശ്രുവിൽനിന്നു് സന്യാസവസ്ത്രം സ്വീകരിച്ചു. സമൂഹത്തിൽ ജീവിച്ചശേഷം അദ്ദേഹം കുറേനാൾ കടുത്ത ഏകാന്ത ജീവിതം നയിച്ചു. അതിനുശേഷം സർന്യക്കാ ആശ്രമത്തിൽ പോയി മൂന്നുവർഷം അവിടെ താമസിച്ചു. പിന്നീട് അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരുന്ന സഹോദരന്മാരോടുകൂടെ ഇറങ്ങിത്തിരിച്ച്, യോഹന്നാൻ ദ്ഹൽഹലായുടെ ആശ്രമത്തിൽ എത്തിച്ചേർന്നു. അദ്ദേഹം വലിയൊരാശ്രമം പണിതു. എന്നാൽ ചിലർ അസൂയാലുക്കളായി. അദ്ദേഹം അവിടെനിന്നു പുറപ്പെട്ടു്, മലയുടെ അടിവാരത്തിൽ ഏകാന്തവാസിയായ ഗൗശീശോ പാർത്തിരുന്നിടത്തു വന്നു് ഏകാന്തജീവിതം നയിച്ചു. അദ്ദേഹം അവിടെ ഒരാശ്രമം പണിതു. അപ്പോൾ സഹോദരന്മാർ അദ്ദേഹത്തിനു ചുററം കൂടി. അദ്ദേഹം നൂറാം വയസ്സിൽ ഈ ലോകത്തിൽ നിന്നു കടന്നുപോയി. അദ്ദേഹം പണിത മാർത്തീരിയോണിൽ സംസ്ക്കരിക്കപ്പെട്ടു.

## 94 വി. മാർ ശീവർഗീസ്

യേശ്ശുസബ്രാൻ സഹദായുടെ കുടുംബത്തിൽപ്പെട്ട ആളാണിദ്ദേഹം. മാർ യോസേദേക്കിന്റെ ആശ്രമത്തിൽ കുറേനാൾ താമസിച്ചു. തൊണ്ണൂറാംവയസിൽ അദ്ദേഹം മരിച്ചു. മാർതീരിയോണിൽ ശരീരം സംസ്ക്കരിക്കപ്പെട്ടു.

## 95 വി. മാർ മാക്കീക്കാ

ബേത്നീശാർ ആശ്രമത്തിലെ ഏകാന്തവാസി.—വിദ്യാഭ്യാസം കഴിഞ്ഞു് അദ്ദേഹം ജറുസലേമിലേക്ക പോയി. കശ്കാറാണ് ജന്മദേശം. ബേത്നീശാർ ആശ്രമത്തിൽ വന്നു് കടുത്ത ഏകാന്തതയിൽ ജീവിച്ചു. അദ്ദേഹം മരിച്ചപ്പോൾ ആ ആശ്രമത്തിൽ തന്നെ സംസ്ക്കരിക്കപ്പെട്ടു.

## 96 റമ്പാൻ അബ്രഹാം

ദാസെനിൽ അദ്ദേഹം ഒരാശ്രമം സ്ഥാപിച്ചു.—കശ്കാറാണ് അദ്ദേഹത്തിന്റെ ജന്മദേശം. അദ്ദേഹം ബേത് ആബേയിൽ പോയി

www.malankaralibrary.com



സന്യാസവസ്ത്രം സ്വീകരിക്കുകയും കുറേനാൾ ഒരു ചെറിയ മുറിയിൽ താമസിക്കുകയും ചെയ്തു. ദാസെനിൽപോയി ഒരാശ്രമം പണികഴിപ്പിക്കാൻ ദൈവം അദ്ദേഹത്തെ പ്രേരിപ്പിച്ചു. വി. മാർ സക്കായേശുവിനോടു കൂടെ അദ്ദേഹം ബേത് ആബേയിൽനിന്നു പുറപ്പെട്ട് മലയിൽ ഏകാന്തവാസം നയിക്കാൻ തുടങ്ങി. സക്കായേശു അദ്ദേഹത്തോട് വലിയ സ്നേഹത്തിലായിരുന്നു. അദ്ദേഹം ഒരാശ്രമം പണിതു. നാല്പതു സഹോദരന്മാർ അദ്ദേഹത്തിനു ചുറ്റും കൂടി. ആയിടയ്ക്ക് മാർ ഗീവർഗീസ് കാതോലിക്കോസ് മാർഗായിൽവന്ന് ദാസെനിലെ മെത്രാനാകാൻ മാർ അബ്രഹാമിനെ പ്രേരിപ്പിച്ചു. അദ്ദേഹം ധാരാളം പ്രസംഗങ്ങൾ നടത്തി. മെത്രാൻസ്ഥാനം രാജിവച്ചപ്പോൾ അദ്ദേഹം ബേത് ആബേയിൽ തിരികെ വന്ന് കുറേനാൾ ഒരു ചെറിയ മുറിയിൽ താമസിച്ചു. അദ്ദേഹം മരിച്ചപ്പോൾ മാർ യാക്കോബിന്റെ പാദങ്ങളിൽ സംസ്ക്കരിക്കപ്പെട്ടു.

## 97 മാർ ആബാ ശലോമോൻ

ബേത്നൂഹദ്രായിൽ മാർ യൗസേപ്പിന്റെ ആശ്രമത്തിന്റെ അദ്ധ്യക്ഷൻ.—അദിയബേനെയാണ് ജന്മസ്ഥലം. മാർ സാബാറേശുവിന്റെയും ആബാ ശപ്പീറായുടെയും ആശ്രമത്തിൽ ചെന്ന് സന്യാസവസ്ത്രം സ്വീകരിച്ചു. മാർ യൗസേപ്പിന്റെ ആശ്രമത്തിലെ അദ്ധ്യക്ഷനാകാൻ അദ്ദേഹം നിർബന്ധിക്കപ്പെട്ടു. കുറെനാൾ ആ വാഴ്ത്തപ്പെട്ടവൻ ആ ചുമതല നിർവഹിച്ചു. അദ്ദേഹം മരിച്ചപ്പോൾ മാർ യൗസേപ്പിന്റെയും മാർ യാക്കോബിന്റെയും പാദങ്ങളിൽ സംസ്ക്കരിക്കപ്പെട്ടു.

## 98 റമ്പാൻ മേലക്യേശു

നെഫ്ദ്ഏലാം ആശ്രമാംഗം— ബേത് ഹ്ദസായേയാണ് ജന്മസ്ഥലം. വിദ്യാഭ്യാസാനന്തരം ഷാബ്ബൂറിൽ നിന്ന് സന്യാസവസ്ത്രം സ്വീകരിക്കുകയും അദ്ദേഹത്തിന്റെ ശിഷ്യനാകുകയും ചെയ്തു. മലയുടെ അടിവാരത്തിൽ ഏലാമിലെ മരുഭൂമിയിൽ അദ്ദേഹം ഒരാശ്രമം സ്ഥാപിച്ചു. അദ്ദേഹത്തിന്റെ ചുറ്റും സഹോദരന്മാർ കൂടി. അദ്ദേഹം മരിച്ചപ്പോൾ ആ ആശ്രമത്തിൽ അടക്കി.

## 99 വാഴ്ത്തപ്പെട്ട പൊന്തിയോൻ

വലിയ മാർ അഫ്നീമാറന്റെ ശിഷ്യൻ.— ബേത് ഗർമായിലെ ബാസും ഗ്രാമമാണ് ജന്മസ്ഥലം. അദ്ദേഹം അഫ്നീമാറന്റെ ശിഷ്യനായിരുന്നു. അദ്ദേഹത്തിൽ നിന്നു സന്യാസവസ്ത്രം സ്വീകരിച്ചു. ചെറിയ ആശ്രമത്തിൽ അദ്ദേഹം അദ്ധ്യക്ഷനായി. അദ്ദേഹം മരിച്ചപ്പോൾ മാർ അഫ്നീമാറന്റെ പാദത്തിൽ സംസ്ക്കരിക്കപ്പെട്ടു. അദ്ദേഹത്തിന്റെ ചരിത്രം ആരോ എഴുതിയിട്ടുണ്ട് എന്നു പറയപ്പെടുന്നു.

## 100 വി. റമ്പാൻ ഗീവർഗീസ്

പേർഷ്യയിൽ അശ്താറിനടുത്ത് അദ്ദേഹം ഒരാശ്രമം സ്ഥാപിച്ചു. ബാല്യകാലവിദ്യാഭ്യാസം സ്വന്ത സ്ഥലമായ കശ്കാറിലെ

www.malankaralibrary.com



സ്കൂളുകളിൽ നടത്തി. ഏകാന്തവാസിയായ മാക്കിക്കായെ കാണാൻ അദ്ദേഹം ഇറങ്ങിത്തിരിച്ചു. അദ്ദേഹത്തിൽ നിന്നു സന്ന്യാസവസ്ത്രം സ്വീകരിച്ച് അദ്ദേഹത്തിന്റെ പരിശീലനത്തിൽ കുറേനാൾ അവിടെ താമസിച്ചു. അതിനുശേഷം പേർഷ്യൻ മലകളിൽ പോയി. നാശ്താറിൽ ഒരാശ്രമം പണിയിച്ചു. അദ്ദേഹത്തിനുചുറ്റും സഹോദരന്മാർ കൂടി; അദ്ദേഹം മരിച്ചപ്പോൾ, അദ്ദേഹം പണിയിച്ച ആശ്രമത്തിൽ സംസ്ക്കരിക്കപ്പെട്ടു.

## 101 ആബാ സ്ളീബാ

അദ്ദേഹം ബേത് നൂഹദ്രായിൽ ഒരാശ്രമം സ്ഥാപിച്ചു. —അദിയബേനെ ആയിരുന്നു ജന്മദേശം. അദ്ദേഹത്തിനു സന്ന്യാസികളായ നാലു സഹോദരന്മാർ ഉണ്ടായിരുന്നു. ബത്സയിദാ ആയിരുന്നു അദ്ദേഹത്തിന്റെ ഗ്രാമം....1 അദ്ദേഹം സന്ന്യാസവസ്ത്രം സ്വീകരിച്ചു. കുറേനാൾ അദ്ദേഹത്തിനു ശിഷ്യപ്പെട്ടിരുന്നു. പിന്നീട് ബേത് നൂഹദ്രാ മലയിൽ ബേത് ആസ്യാ എന്നു വിളിക്കപ്പെടുന്ന സ്ഥലത്തേക്കു പോയി അവിടെ വളരെ മനോഹരമായ ഒരാശ്രമം പണിതു. അമ്പതോളം സഹോദരന്മാർ അദ്ദേഹത്തിന്റെ ശിഷ്യരായി. അദ്ദേഹം സഹോദരന്മാരെ അടുത്തുവിളിച്ച് റമ്പാൻ കുറിയാക്കോസിനെ അവരുടെ അദ്ധ്യക്ഷനാക്കി. കുറിയാക്കോസ് പിന്നീട് ബാലാദിലെ മെത്രാനായി. എൺപതാംവയസിൽ അദ്ദേഹം കർത്താവിൽ നിദ്രപ്രാപിച്ചു. കൂദാശ് ഈത്തോ ആഴ്ചയുടെ വ്യാഴാഴ്ചയായിരുന്നു അതു്.

## 102 മാർ കുറിയാക്കോസ്

ആബാ സ്ലീബായുടെ ശിഷ്യനും ബാലാദിലെ മെത്രാനും. —തിർഹാനിലെ ദൂറാ അറബായാ എന്ന ക്രിസ്തീയ ഗ്രാമമാണു ജന്മസ്ഥലം. ബേത് അറബായേയിൽ റമ്പാൻ ബാവൂതിന്റെ പക്കൽ പോയി അദ്ദേഹം സന്ന്യാസവസ്ത്രം സ്വീകരിച്ചു. അതിനുശേഷം സീനായ് മലയിൽ പോയി കുറേനാൾ അവിടെ താമസിച്ചു. പിന്നീട് കർദ്ദമലയിൽ പോയി കമ്മൂൽ ആശ്രമത്തിനടുത്തു് വാസമുറപ്പിച്ചു. തുടർന്നു് ആബാ സ്ലീബായുടെഅടുത്തുവന്നു് താമസിച്ചു് അദ്ദേഹത്തിന്റെ ശിഷ്യനായി. നൂററിമുപ്പതു് സഹോദരന്മാർ അവരുടെ കൂടെ കൂടി. ആയിടയ്ക്കു് നിസിബിസിലെ മാർ സിപ്രിയാന്റെ കത്തോടുകൂടി ബാലാദിലെ ജനങ്ങൾ കുറിയാക്കോസിന്റെ പക്കലെത്തി തങ്ങളുടെ മെത്രാനാകണമെന്നപേക്ഷിച്ചു. മാർ അത്കെന്റെ കൈകളിൽ ആശ്രമത്തെ ഏല്പിച്ചിട്ട് അദ്ദേഹം പോയി മെത്രാനായി അഭിഷിക്തനായി. അദ്ദേഹം ധാരാളം അദ്ധ്വാനിച്ചു; മനോഹരമായ ഒരു കത്തീഡ്രൽ ദേവാലയം പണിതു. പതിമൂന്നു വർഷം ശുപതാശുശ്രൂഷ നടത്തിയശേഷം അദ്ദേഹം കർത്താവിൽ നിദ്രപ്രാപിച്ചു. അദ്ദേഹം പണിയിച്ച വലിയ പള്ളിയിൽ സംസ്ക്കരിക്കപ്പെട്ടു.

---

1 എന്തോ വിട്ടുപോയിട്ടുണ്ട്

www.malankaralibrary.com



## 103 വി. റമ്പാൻ ബാവൂത്

ബർ ഖുറായിലെ മാർ യൗനാൻെറ ആശ്രമാംഗം. ബേത് നൂഹദ്രായിൽ അദ്ദേഹം ഒരാശ്രമം സ്ഥാപിച്ചു.—ബേത് അറബായേയാണ ജന്മസ്ഥലം. ബർ ഖുറായിലെ മാർ യൗനാൻെറ കൈകളിൽ നിന്ന സന്ന്യാസവസ്ത്രം സ്വീകരിക്കയും കുറേനാൾ അവിടെ ഏകാന്തതയിൽ പാർക്കുകയും ചെയ്തു. അവിടെവച്ച് അദ്ദേഹത്തിന് ഒരു സ്വപ്നമുണ്ടായി. ''ഒരമ്മയോടും അവളുടെ മകളോടും കൂടെ നീ ഉറങ്ങും.'' മാർ യോഹന്നാൻ ദ്ദൈലമിൻെറ പ്രേഷ്ഠ ശിഷ്യനായ മാർ യേശ്രുസബ്രാന് ബാവൂത് ഈ സ്വപ്നം വെളിപ്പെടുത്തി. അദ്ദേഹം മറുപടി പറഞ്ഞു: ''ബേത് നൂഹദ്രായ്ക്കടുത്തുള്ള ആശ്രമത്തെ നവീകരിച്ച് ഒരു മനോഹരമായ ആശ്രമമാക്കി മാററാനായി നീ ഇവിടെ നിന്നിറങ്ങി അവിടെ പോകണം എന്ന് മിശിഹാ എനിക്കു വെളിപ്പെടുത്തി തന്നിരിക്കുന്നു. നീ മരിക്കുമ്പോൾ വാഴ്ത്തപ്പെട്ട കുഹാദോക്തിനോടും അവളുടെ മകളോടും കൂടെ സംസ്ക്കരിക്കപ്പെടും. അവരിരുവരും ആ ആശ്രമത്തിൻെറ അടിത്തറയിൽ സംസ്ക്കരിക്കപ്പെട്ടിരുന്നു.—അദ്ദേഹം ബർഖുറാ ആശ്രമം വിട്ടിറങ്ങി; ഒരു മനോഹര ആശ്രമമായി അതിനെ രൂപാന്തരപ്പെടുത്തി. അദ്ദേഹം മരിച്ചപ്പോൾ അദ്ദേഹത്തിൻെറ ശരീരം വിശുദ്ധരുടെ പാദത്തിൽ സംസ്കരിച്ചു. അങ്ങനെ യേശ്രുസബ്രാൻെറ പ്രവചനം നിറവേറി.

## 104 വി.യേശ്രുസബ്രാൻ

മാർ യോഹന്നാൻ ദ്ദൈലമിൻെറ സ്നേഹിതൻ. ബേത്ഗർമായ് ആണ് ജന്മദേശം. വിദ്യാഭ്യാസത്തിനുശേഷം ശേനാമലയിൽ ഒരാശ്രമം പണിത കശ്കാറിലെ ആബാ ശിമഓനെ കാണാൻ പോയി, സന്ന്യാസവസ്ത്രം സ്വീകരിച്ചു. അക്കാലത്ത് ആബാ ശിമഓൻ ബേത് ഗർമായിൽ മാർ ഗാനീബാ ആശ്രമത്തിൻെറ അദ്ധ്യക്ഷനായിരുന്നു. മാർ യേശ്രു സബ്രാൻ മാർ ഗാനിബാ ആശ്രമം വിട്ട് ബേത് ബാഗാശ് മലയിലേക്കു പോയി മാർ യോഹന്നാൻ ദ്ദൈലമിനെയും അദ്ദേഹത്തിൻെറ ഗുരുവായ അബ്രഹാം ശാന്തായേയും സന്ദർശിച്ചു. അവരുടെ അടുത്തുള്ള ഒരു ഗുഹയിൽ പാർത്തു. കുറേ നാളുകൾക്കുശേഷം അവർ മൂവരുംകൂടി ബേത് ഗാസാ മരുഭൂമിയിൽ വന്ന് ഏകാന്തതയിൽ ജീവിച്ചു. ദൈലമിൽ നിന്നുള്ള ഒരുകൂട്ടം കൊള്ളക്കാർ അപ്പോഴും അദിയബേനെയിൽ ഉണ്ടായിരുന്നു. അവർ യേശ്രുസബ്രാനേയും മാർ യോഹന്നാൻ ദ്ദൈലമിനെയും എവിടേക്കോ തടവുകാരായി പിടിച്ചു കൊണ്ടുപോയി. യേശ്രുസബ്രാനെ പിടിച്ചവൻ അദ്ദേഹത്തെ ആടുമേയ്ക്കാൻ ഏല്പിച്ചു. കുറേനാൾ കഴിഞ്ഞ് അദ്ദേഹം തൻെറ യജമാനൻെറ മകൻെറ മാരകരോഗം സുഖമാക്കിയതിനാൽ അവൻ അദ്ദേഹത്തെ വിട്ടയച്ചു. അദ്ദേഹം വളരെ വൃദ്ധനായശേഷം മരിച്ചു. ബർഖുറായിലെ ആബാ യോനായുടെ പാദത്തിൽ സംസ്ക്കരിക്കപ്പെട്ടു.

## 105 വാഴ്ത്തപ്പെട്ട ആബാ ദയറാതാ

മഹാനായ അഫ്നീമാറൻെറ ശിഷ്യൻ.—ബേത് ഗർമായ് ആയിരുന്നു ജന്മദേശം. ശേനാ ആശ്രമസ്ഥാപകൻ മാർ ശെമഓനിൽ നിന്നു

www.malankaralibrary.com



സന്യാസവസ്ത്രം സ്വീകരിച്ചു. ആയിടയ്ക്കദ്ദേഹം ബേത്ഗർമായിൽ മാർ ഗാനീബാ ആശ്രമാദ്ധ്യക്ഷനായിരുന്നു. പിന്നീട് അദ്ദേഹം ബേത് ആബേ ആശ്രമത്തിൽ പോയി. ബേത് നൂഹദ്രാമലയിൽ ആശ്രമം സ്ഥാപിച്ച വി. അഫ്നീമാറനു ശിഷ്യപ്പെട്ടു. അദ്ദേഹവും റമ്പാൻ അഫ്നീമാറനും ഒന്നിച്ച് ബേത്ആബേ വിട്ടു. അഫ്നീമാറൻ പണികഴിപ്പിച്ച ആശ്രമത്തിലെത്തി കുറേനാൾ അവിടെ താപസകർമ്മങ്ങളിലേർപ്പെട്ടു. ധാരാളം ജോലികൾ ചെയ്ത ശേഷം അദ്ദേഹം മരിച്ചു. അഫ്നീമാറൻെറ പാദത്തിൽ സംസ്കരിക്കപ്പെട്ടു.

## 106 വീ. മാർ അബ്രഹാം ദ്മേയാറേ

അദ്ദേഹം മാർ ഔഗേൻെറ ആശ്രമം പണിതു.—മേയാറെയാണ് ജന്മസ്ഥലം. ബേത് നൂഹദ്രാമലമുകളിൽ ഒരാശ്രമം പണിയിച്ച മാർ അബ്രഹാമിൻെറ കൈയിൽ നിന്നു സന്യാസവസ്ത്രം സ്വീകരിച്ചു. റീശാ ആശ്രമത്തിൽ 1 അദ്ദേഹം കുറേനാൾ താമസിച്ചു. അതിനുശേഷം മാർ അബ്രഹാം അദ്ദേഹത്തെ ഈസ്സാ ആശ്രമത്തിലേക്കയച്ചു അദ്ദേഹം മാർ ഔഗേൻെറ ആശ്രമം നവീകരിച്ചു. അമ്പതോളം പുരുഷന്മാർ അദ്ദേഹത്തിൻെറ ശിഷ്യരായി. അദ്ദേഹം രോഗിയായപ്പോൾ തൻെറ ആത്മീയ മക്കളെ അടുത്തു വിളിച്ചു പറഞ്ഞു: ''എൻെറ മരണശേഷം മോസൂളിലെ മാർ മിഖായേൽ ആശ്രമത്തിലെ റൂസ്ബീഹാൻ ഇവിടെ വരും; അദ്ദേഹമായിരിക്കും നിങ്ങളുടെ അദ്ധ്യക്ഷൻ. അദ്ദേഹം മരിച്ചപ്പോൾ ശരീരം ആശ്രമത്തിലെ മാർതീരിയോണിൽ സംസ്കരിച്ചു.

## 107 വി റൂസ്ബീഹാൻ

നിസിബിസിലെ മെത്രാപ്പോലീത്താ.—മോസൂളിൽ 'മിഖായേലിൻെറ ചെറിയ ആശ്രമത്തിൽ ചെന്ന് കാതോലിക്കാ മാർ സ്ലീബാസേക്കായുടെ അനന്തിരവനും ആശ്രമാദ്ധ്യക്ഷനുമായ മാർ യേശുയാബിൽ നിന്ന് സന്യാസവസ്ത്രം സ്വീകരിച്ചു. അദ്ദേഹം കുറേനാൾ അവിടെ താമസിച്ചു. പിന്നീട് മാർ ഔഗേൻ ആശ്രമത്തിൻെറ അദ്ധ്യക്ഷനായ മാർ അബ്രഹാമിൻെറ മരണശേഷം അദ്ദേഹം പ്രവചിച്ചിരുന്നതുപോലെ മാർ ഔഗേൻ ആശ്രമത്തിലേക്കുപോയി. കുറേക്കാലങ്ങൾക്കുശേഷം അദ്ദേഹം നിസിബിസ് മെത്രാപ്പോലീത്താ ആയി നിയമിതനായി. അദ്ദേഹം ഹിസ്ഗാൻ ഗ്രാമത്തെ മാർ ഔഗേൻ ആശ്രമത്തിനു നൽകി. അദ്ദേഹം മരിച്ചപ്പോൾ ശരീരം നിസിബിസിലെ പള്ളിയിൽ അടക്കി.

## 108 വി. മാർ സോക്കേ

ഹാദേത്തിലെ മെത്രാൻ —ബേത്ഗർമായ് ആണ് ജന്മദേശം. കർദ്ദവിലെ റമ്പാൻ ബാശീമാ ആശ്രമത്തിൽവച്ച് സന്യാസവസ്ത്രം സ്വീകരിച്ചശേഷം അദ്ദേഹം ആബാ ശപീറായുടെ ആശ്രമത്തിലേയ്ക്ക് പോയി. അദ്ദേഹം വലിയ മാർ അഫ്നീമാറനു ശിഷ്യപ്പെട്ടു. പിന്നീട് അദ്ദേഹം

---

1 മലമുകളിലെ ആശ്രമം

www.malankaralibrary.com



നൈയാമികമായി ഹാദേതിലെ മെത്രാനായി നിയമിതനായി. അദ്ദേഹം നിരവധി അത്ഭുതങ്ങൾ പ്രവർത്തിച്ചു. അദ്ദേഹം മരിച്ചപ്പോൾ ശരീരം കത്തീഡ്രൽപള്ളിയിലെ മാർതീരിയോണിൽ സംസ്കരിക്കപ്പെട്ടു.

## 109. വി. റമ്പാൻ സഫ്രാ

ഈസ്ലാമലയിൽ അദ്ദേഹം ഒരാശ്രമം സ്ഥാപിച്ചു—മെസപ്പൊട്ടാമിയാ ആണ് ജന്മദേശം. മാർ ഔഗേൻെറ ആശ്രമത്തിൽ വച്ചു സന്യാസവസ്ത്രം സ്വീകരിക്കുകയും തൻെറ ഗുരുവിൻെറ മരണംവരെ അവിടെ ഏകാന്തതയിൽ പാർക്കുകയും ചെയ്തു. പിന്നീട് ആശ്രമത്തിൽ നിന്ന് രണ്ടുദിവസത്തെ വഴിയകലെ പോയി ഒരാശ്രമം പണിതു. സഹോദരന്മാർ അദ്ദേഹത്തിനു ചുററം കൂടി. വളരെ വൃദ്ധനായശേഷം അദ്ദേഹം കർത്താവിൽ നിദ്രപ്രാപിച്ചു. അദ്ദേഹം പണിത ആശ്രമത്തിൽതന്നെ സംസ്ക്കരിക്കപ്പെട്ടു.

## 110. വി. ആബാ യൗസേപ്

ബാലാദ് പട്ടണത്തിൻെറ എതിർവശത്ത് അദ്ദേഹം ഒരാശ്രമം പണിതു.—ഷഹ്രസൂറാണ് ജന്മദേശം. ബേത് ആബേ ആശ്രമത്തിൽ പോയി സന്യാസവസ്ത്രം സ്വീകരിച്ചു. അദ്ദേഹം തീക്ഷ്ണതാപൂർവം കഠിനതാപസകർമങ്ങളനുഷ്ഠിക്കുകയും കുറേ വർഷങ്ങൾ ആശ്രമത്തെ നയിക്കുകയും ചെയ്തു. കാതോലിക്കോസ് സ്ലീബാസേക്കാ ആശ്രമത്തിൽ വന്നപ്പോൾ അദ്ദേഹം ആശ്രമത്തിൻെറ ചുമതല വിട്ട് അവിടെനിന്നു പുറപ്പെട്ടു. ബാലാദ് പട്ടണത്തിനടുത്ത് ത്ഗ്രീസ് നദീതീരത്തുള്ള മരുഭൂമിയിൽ വന്നു. അവിടെ അദ്ദേഹത്തിൻെറ രണ്ടു സഹോദരന്മാർ ഉണ്ടായിരുന്നു. അദ്ദേഹം പ്രശസ്തമായൊരാശ്രമം പണികഴിപ്പിച്ചു. ആശ്രമജീവിതത്തെപ്പററി സഹോദരങ്ങൾക്ക് അദ്ദേഹം ഉപദേശം നൽകി. അവസാനം കർത്താവിൻെറ പക്കലേക്ക് കടിയേറി.

## 111. വി ആബാ യേശു

റമ്പാൻ ആഫ്നീമാറൻെറ ശിഷ്യനും ആശ്രമാധ്യക്ഷനും.—തിർഹാനിലെ അവാനയാണ് ജന്മസ്ഥലം. വിദ്യാഭ്യാസാനന്തരം അഫ്നീമാറനെ സന്ദർശിച്ച് സന്യാസവസ്ത്രം സ്വീകരിക്കുകയും ഏകാന്തതയിൽ താപസകർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്തു. ബാലാദിനടുത്ത് ആബാ യൗസേപ്പിൻെറ ആശ്രമത്തിൽവന്ന് അവിടെ വച്ചു മരിച്ചു. റമ്പാൻ ആഫ്നീമാറൻെറയും റമ്പാൻ പെതിയോൻെറയും പാദത്തിൽ അദ്ദേഹം സംസ്ക്കരിക്കപ്പെട്ടു.

## 112. വാഴ്ത്തപ്പെട്ട മാർ യോഹന്നാൻ

അദ്ദേഹം കർദുവിൽ ഒരാശ്രമം പണികഴിപ്പിച്ചു.—അദ്ദേഹം പേർഷ്യാക്കാരനായിരുന്നു. മാർഗായിൽ റമ്പാൻ ബാർ ഈതായുടെ ആശ്രമത്തിൽ വച്ച് സന്യാസവസ്ത്രം സ്വീകരിച്ചു. അവിടെ കുറേനാൾ

www.malankaralibrary.com



സന്യാസം അനുഷ്ഠിച്ചു. അതിനുശേഷം ആശ്രമംവിട്ട് കർദ്ദമലയി ലെ ഒരു ഗുഹയിൽ പോയി താമസിച്ചു. ദാദർ ഗ്രാമത്തിനടുത്തു് അദ്ദേഹം മനോഹരമായ ഒരാശ്രമം പണിതു. തന്റെ ജീവിതാവ സാനംവരെ അവിടെ പാർത്തു. ആശ്രമത്തിൽ സംസ്ക്കരിക്കപ്പെട്ടു.

## 113. വാഴ്ത്തപ്പെട്ട ശിമയോൻ

റമ്പാൻ യോസേദേക്കിന്റെ ആശ്രമത്തിലെ അധ്യക്ഷൻ—കർദ്ദമല പ്രദേശത്തുള്ള മാർഗാഗ്രാമമാണു ജന്മസ്ഥലം. കർദ്ദവിൽ മാർ അദോ ണാ ആശ്രമത്തിൽ വിദ്യാഭ്യാസം നടത്തി.—മാർ അദോണാ ബേത് അറമായയിലെ കശകാറിൽ നിന്നായിരുന്നു. അദ്ദേഹം ഏലാമിലെ മെത്രാപ്പോലീത്താ ആയി. ഷപ്പൂർ രാജാവിന്റെ കാലത്തു് രക്തസാ ക്ഷിമകടം ചൂടി. അദ്ദേഹത്തിന്റെ തിരുശേഷിപ്പ് കർദ്ദവിലേക്ക മാററപ്പെട്ടു. അദ്ദേഹത്തിന്റെ കല്ലറയ്ക്കു മുകളിൽ ഒരു സ്തൂപം സ്ഥാപി ക്കപ്പെട്ടു. അവിടെയായിരുന്നു ശിമയോൻ പഠിച്ചതു്.—റമ്പാൻ യോസേ ദേക്കിന്റെ ശിഷ്യനായ മാർ യേശുസബ്രാനെ കണ്ടു് ശിമയോൻ സന്യാ സവസ്ത്രം സ്വീകരിച്ചു. അദ്ദേഹം കുറേനാൾ ഒരു ചെറിയ മുറിയിൽ താമസിച്ചു; പിന്നീട് യോസേദേക് ആശ്രമത്തിന്റെ അധ്യക്ഷനായി. അദ്ദേഹം മരിച്ചപ്പോൾ ആശ്രമത്തിൽതന്നെ സംസ്ക്കരിക്കപ്പെട്ടു.

## 114. വാഴ്ത്തപ്പെട്ട റമ്പാൻ യൗസേഫ്

ബേത്നൂഹദ്രായിൽ അദ്ദേഹം ഒരാശ്രമം സ്ഥാപിച്ചു.—ദാസെ നാണു് ജന്മദേശം. ഒരു ഗുഹയിൽ പാർത്തിരുന്ന റമ്പാൻ യാക്കോബി നെ കണ്ടു് അദ്ദേഹത്തിൽനിന്നു സന്യാസവസ്ത്രം സ്വീകരിച്ചു. സഭാശാസ്ത്രം പഠിച്ചു് കുറേനാൾ താപസകർമ്മങ്ങളനുഷ്ഠിച്ചു. അദ്ദേഹം മനോഹരമായ ഒരു ദേവാലയം പണിതു. മാർ യാക്കോബ് ബേത്നൂഹദ്രാമലയിൽ മാർ യേശുയാബിന്റെ ആശ്രമത്തിലേക്ക പോയപ്പോൾ റമ്പാൻ യൗസേഫ് അദ്ദേഹത്തോടുകൂടി പോകുകയും താമസിക്കുകയും അവിടെ വച്ചുമരിക്കുകയും ചെയ്തു.

## 115. വി. ആബാ ബർദയറാ

ഏകാന്തവാസി. കർദ്ദവിൽ ശേബാൻ എന്നു വിളിക്കപ്പെടുന്ന ഗ്രാമമാണു് ജന്മസ്ഥലം. സ്ക്കൂളുകളിൽ പഠിച്ചശേഷം ആബാസ്ലീബാ ആശ്രമാദ്ധ്യക്ഷനും പിന്നീട് ബാലാദു മെത്രാനുമായ കറിയാക്കോസി നെ സന്ദർശിച്ചു് സന്യാസവസ്ത്രം സ്വീകരിച്ചു. അദ്ദേഹം തീക്ഷ്ണതാ പൂർവ്വം താപസകർമങ്ങളനുഷ്ഠിച്ചു് കർദ്ദുമലയിൽ പാർത്തു. ഒരിക്കൽ അദ്ദേഹം വിശന്നു വലഞ്ഞപ്പോൾ ഒരു ചെറിയ വന്യമൃഗം [1] പന്ത്രണ്ടു് കരു മേലകപ്പഴങ്ങൾ അദ്ദേഹത്തിന്റെ മുമ്പിൽ കൊണ്ടുവച്ചു. മറെറാരവസരം എന്തോ തീയിൽ ചുടുന്ന മണം അദ്ദേഹത്തിനനുഭവപ്പെട്ടു. ഉടനെ വാതിൽക്കൽ ചെന്നു നോക്കിയപ്പോൾ തീയിൽ വലിയൊരു വെട്ടക്കിളി കിടന്നു് വേകുന്നതു കണ്ടു. അദ്ദേഹം അതെടുത്തു് ഭക്ഷിച്ചു് വിശപ്പടക്കി.

---

1 കീരിവർഗ്ഗത്തിൽപ്പെട്ട മാർട്ടൻ എന്ന ജീവി.

www.malankaralibrary.com



## 116 വി. യോഹന്നാൻ ദ് ദൈലം

അർഗാൻ പട്ടണത്തിനടുത്തു് പേർഷ്യൻ മലയിൽ അദ്ദേഹം ഒരാശ്രമം സ്ഥാപിച്ചു–ഹാദേത് പട്ടണമായിരുന്നു ജന്മസ്ഥലം. ദൈലാം നിവാസികൾ അദ്ദേഹത്തെ അടിമയായി പിടിച്ചുകൊണ്ടുപോയി. അദ്ദേഹം രണ്ടു് ആശ്രമങ്ങൾ സ്ഥാപിച്ചു. അദ്ദേഹം മരിച്ചപ്പോൾ സുറിയാനിക്കാരുടെ ആശ്രമത്തിൽ അടക്കപ്പെട്ടു.

## 117 ആബാ അഹറോൻ

ബാലാദ് പട്ടണത്തിനടുത്തു് ''കൈസാദ്ര[1] മാർ സ്ലീബാ'' എന്ന നാമത്തിൽ അദ്ദേഹം ഒരാശ്രമം സ്ഥാപിച്ചു.—തിർഹാനിലെ അവാനായാണു് ജന്മസ്ഥലം. മാർ യാക്കോബ് ഹസായായുടെ കീഴിൽ വിദ്യാഭ്യാസം നടത്തി. മാർ യാക്കോബിൽനിന്നു സന്യാസവസ്ത്രം സ്വീകരിച്ചു. പിന്നീടു് ബേത് ആഹദ്രായിൽ വി. മാർ യേശുയാബിന്റെ ആശ്രമത്തിൽ വന്നു. മാർ യാക്കോബിന്റെ മരണംവരെ അവിടെ താമസിച്ചു് താപസകർമ്മങ്ങളനുഷ്ഠിച്ചു. ബാലാദിലെ മെത്രാനായ മാർ കുറിയാക്കോസിന്റെ നിർദ്ദേശപ്രകാരം ''കൈസാ ദ്മാർ സ്ലിബാ'' എന്ന പേരിൽ അഹറോൻ ഒരാശ്രമം പണികഴിപ്പിച്ചു. ''ആബാ അഹറോൻ സ്ഥാപിച്ച കൈസാ സ്ഗീദാ ദ്മാർ സ്ലീബാ ആശ്രമം'' എന്നാണു് ഇന്നും അതറിയപ്പെടുന്നതു്. അദ്ദേഹം മരിച്ചപ്പോൾ ആ ആശ്രമത്തിൽ സംസ്കരിക്കപ്പെട്ടു.

## 118 മാർ ബോക്തേശു

അദ്ദേഹം സീനായ്[2] മലയുടെ അടിവാരത്തിൽ ''മർഗാനാ'' എന്നു വിളിക്കപ്പെടുന്ന സന്യാസഭവനം സ്ഥാപിച്ചു.—അദിയബേനെയിൽ സാബ് നദീതീരത്തു് ഖാതർതാ ഗ്രാമത്തിൽ ജനിച്ചു. ചെറിയ സാബിന്റെ സമീപത്തുള്ള ''ശീനേറേ'' എന്നു വിളിക്കപ്പെടുന്ന ആശ്രമത്തിൽപോയി സന്യാസവസ്ത്രം സ്വീകരിക്കുകയും കഠിന താപസകർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്തു. അദ്ദേഹം കുറേക്കാലം സീനായ് മലയിൽപോയി താമസിച്ചു. വൃദ്ധനായപ്പോൾ അദ്ദേഹം മലയിൽനിന്നിറങ്ങി സീനായ് ഗ്രാമത്തിൽ, മുമ്പ് വി. മാർ നീഹാ താമസിച്ചിരുന്ന ''മാർഗാനാ'' എന്നു വിളിക്കപ്പെടുന്നിടത്തുവന്നു പാർത്തു. ധാരാളം സഹോദരന്മാർ അദ്ദേഹത്തിന്റെ ശിഷ്യരായി. അദ്ദേഹം ഒരാശ്രമവും ചെറിയ മുറികളും പണികഴിപ്പിച്ചു. അദ്ദേഹം കർത്താവിൽ നിദ്രപ്രാപിച്ചപ്പോൾ അദ്ദേഹത്തിന്റെ ശരീരം അദ്ദേഹം പണിത മാർതീരിയോണിൽ അടക്കപ്പെട്ടു.

---

1 മരം, തടി. 2 Zinai

www.malankaralibrary.com



## 119 ഭാഗ്യവാനായ മാർ അത്കെൻ

ബേത് നൂഹദ്രായിൽ അദ്ദേഹം ഒരാശ്രമം പണിതു— ബേത് ഗർമായ് ആയിരുന്നു ജന്മദേശം. പ്രാരംഭപഠനങ്ങൾക്കുശേഷം മഹാനായ മാർ അബ്രഹാമിന്റെ ആശ്രമത്തിൽപോയി സന്ന്യാസവസ്ത്രം സ്വീകരിക്കുകയും തീക്ഷ്ണതാപൂർവം താപസകർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്തു. അതിനുശേഷം ബേത് നൂഹദ്രാ മലയിൽ ആബാ സ്ലീബായുടെ ആശ്രമത്തിനടുത്തുപോയി താമസിച്ചു. അവിടെ അദ്ദേഹം മനോഹരമായ ഒരാശ്രമം പണിതു. അദ്ദേഹത്തിനു നിരവധി ശിഷ്യന്മാർ ഉണ്ടായി. അദ്ദേഹം മരിച്ചപ്പോൾ ആശ്രമത്തിൽ സംസ്കരിക്കപ്പെട്ടു.

## 120 ഭാഗ്യവാനായ മാർ അബ്രഹാം

യൂഫ്രട്ടീസ് നദീതീരത്തുള്ള ഹീത് നഗരത്തിനടുത്ത് അദ്ദേഹം ഒരാശ്രമം സ്ഥാപിച്ചു. ബേത് അറമായേ ആയിരുന്നു ജന്മദേശം. ബേത് ഹാലേ ആശ്രമത്തിൽവച്ച് സന്ന്യാസവസ്ത്രം സ്വീകരിച്ചു; പിന്നീട് ഗംറേ ആശ്രമത്തിൽപോയി താപസകർമ്മങ്ങളനുഷ്ഠിച്ചു. ഗമ്രേ ആശ്രമത്തിനടുത്തുള്ള ബാറൂക്കാ ആശ്രമത്തിന്റെ അദ്ധ്യക്ഷനായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. അതിനുശേഷം അദ്ദേഹം ബേത് അറമായേയിൽ യൂഫ്രട്ടീസ് നദീതീരത്തുള്ള ഹീത് നഗരത്തിൽവന്ന് ആശ്രമവും മുറികളും പണികഴിപ്പിച്ചു. അദ്ദേഹത്തിനു ധാരാളം ശിഷ്യന്മാരുണ്ടായി. വളരെ വൃദ്ധനായശേഷം അദ്ദേഹം മരിച്ചു. ആ ആശ്രമത്തിൽതന്നെ സംസ്കരിക്കപ്പെട്ടു

## 121 മാർ ഗബ്രിയേൽ ദ് കശ്കാർ

അദ്ദേഹം മൂന്ന് ആശ്രമങ്ങൾ സ്ഥാപിച്ചു: ഒന്ന്, ബേത് ഗർമായിൽ മഹോദസ ദ് അറിവാനു് സമീപം; രണ്ട്, ദ്ദറാ ദ്ഖൂനിയുടെ അടുത്ത്; മൂന്ന്, ബേത് ബൂശ്മേയിൽ "ഗബ്ബാറാ ആശ്രമം" എന്നു വിളിക്കപ്പെടുന്നത്.—ബേത് അറമായെ ആയിരുന്നു ജന്മദേശം. അദ്ദേഹം തന്റെ ഗ്രാമത്തിനുപുറത്ത് ഒരാശ്രമം പണിതു. അവിടെ സഹോദരന്മാർ വന്നുചേർന്നു. പിന്നീട് അദ്ദേഹം ജറൂസലേമിലേക്കു പോയി. സൈദീന് അടുത്തുള്ള ഒരാശ്രമത്തിൽവച്ച് അദ്ദേഹം സന്ന്യാസവസ്ത്രം സ്വീകരിച്ചു. കശ്കാറിൽനിന്നുള്ള ഒരു വിശുദ്ധൻ സ്ഥാപിച്ചതായിരുന്നു ഈ ആശ്രമം. അവിടെ താപസകർമ്മങ്ങളനുഷ്ഠിച്ചശേഷം കശ്കാറിൽ ദ്ദറാ ദ് ഖൂനിയിൽ തിരിച്ചുവന്നു. കർസാഗ്രാമത്തിനടുത്ത് ഒരാശ്രമം പണിതു. "കർസാ ദയറാ" എന്നാണ് ഇന്നും അത് വിളിക്കപ്പെടുന്നത്. അവിടെ ആ ആശ്രമത്തിൽ ഇരുനൂറോളം സഹോദരന്മാർ ഉണ്ടായിരുന്നു. കുറേനാളുകൾക്കുശേഷം അദ്ദേഹം കശ്കാറിനടുത്തുള്ള ബേത് റൂശ്മേയിൽ പോയി ഘൂസറായാ ഗ്രാമത്തിനടുത്ത് ഒരാശ്രമം സ്ഥാപിച്ചു. "ദയറാ ദ്ഗബ്ബാറേ" എന്നാണ് ഇന്നും ഈ ആശ്രമം വിളിക്കപ്പെടുന്നത്. ഈ വാഴ്ത്തപ്പെട്ടവൻ മോസുളിൽ മാർ ഗബ്രിയേൽ ആശ്രമവും പണിയിച്ചു. ബേത്ഗർമായിലെ ഒരാശ്രമത്തിൽവച്ച് ക്രിസ്തുവർഷം 1050—ൽ മരിച്ചു. അദ്ദേഹത്തിന്റെ ശരീരം അദ്ദേഹത്തിന്റെ ആശ്രമത്തിൽ അടക്കപ്പെട്ടു. പിന്നീട് അൻപത്തൊൻപതുവർഷ

www.malankaralibrary.com



ങ്ങൾക്കശേഷം മഹോസെ പട്ടണം ശത്രുക്കൾ ആക്രമിച്ചു; ആശ്രമം തകർക്കപ്പെട്ടു. കർസാ ആശ്രമത്തിലെ സഹോദരന്മാർ അദ്ദേഹത്തിന്റെ ശരീരം എടുത്തു് ദേവാലയത്തിന്റെ മുൻവശത്തു് സംസ്ക്കരിച്ചു.

## 122 മാർ ഹന്നാനേശ്ശു

അദ്ദേഹം ഹാദേത് നഗരത്തിനടുത്തു് ബേത് രഖ്നാ ആശ്രമം പണികഴിപ്പിച്ചു. അദ്ദേഹത്തിന്റെ ജന്മസ്ഥലം ആയിരുന്നു. സന്യാസ വസ്ത്രം സ്വീകരിച്ചശേഷം അദ്ദേഹം ഹാദേത് നഗരത്തിൽ പോയി മാർ യോഹന്നാൻ സ്ഥാപകന്റെ നാമത്തിൽ ഒരാശ്രമം സ്ഥാപിച്ചു. ഇതന്റെ പണിയിൽ ''ബേത് രഖ്നാ'' എന്നു വിളിക്കപ്പെടുന്ന ഗോത്രത്തിൽപെട്ട ജനങ്ങൾ സഹകരിച്ചു. ''ദയറാ ദ്ബേത് രഖ്നാ'' എന്നാണ് ഇന്നും ഈ ആശ്രമം അറിയപ്പെടുന്നതു്. അദ്ദേഹം മരിച്ചപ്പോൾ അദ്ദേഹത്തിന്റെ ആത്മീയമക്കൾ അദ്ദേഹം പണിത പള്ളിയുടെ ഹൈക്കലായിലെ സ്തംഭനിരയുടെ താഴെ ശരീരം സംസ്ക്കരിച്ചു.

## 123 വി. ആബാ ശമാശ

ബേത് അറമായേയിൽ അൻബാർ പട്ടണത്തിനും റെവാബ് ഗ്രാമത്തിനും അടുത്തു് അദ്ദേഹം ഒരാശ്രമം പണിതു.—ബേത് അറമായേ ആയിരുന്നു ജന്മദേശം. വി. റമ്പാൻ മാർ അബ്ദായുടെ ശിഷ്യനായിരുന്നു. അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ താപസകർമ്മങ്ങളനുഷ്ഠിച്ചു. അതിനുശേഷം കുറേക്കാലം അദ്ദേഹം അസ്സീറിയൻ മലകളിലേക്കുപോയി; അൻബാറിനടുത്തുവന്നു പാർത്തു. അവിടെ ഒരാശ്രമം പണിതു. സഹോദരന്മാരെ തന്റെ ചുററും കൂട്ടി. പിന്നീടു് അദ്ദേഹം കർത്താവിൽ നിദ്ര പ്രാപിക്കുകയും അവിടെത്തന്നെ അടക്കപ്പെടുകയും ചെയ്തു.

## 124 വി. മാർ ഇസഹാക്ക്

നിനവേയിലെ മെത്രാൻ; അദ്ദേഹം ഭ്രുപതാഭരണം രാജിവച്ച് സന്യാസജീവിതത്തെപ്പററി ഗ്രന്ഥങ്ങൾ രചിച്ചു.—ബേത് ആബേ ആശ്രമത്തിൽവച്ച് ഗീവർഗീസ് കാതോലിക്കോസ് അദ്ദേഹത്തെ നിനവേയിലെ മെത്രാനായി വാഴിച്ചു. മോശ മെത്രാന്റെ പിൻഗാമിയായി നിനവേ ഭ്രുപത അഞ്ചുമാസം ഭരിച്ചശേഷം രാജിവച്ച് മലയിലേയ്ക്കു പോയി. രാജിവയ്ക്കാനുള്ള കാരണം ദൈവത്തിനു മാത്രം അറിയാം.— തുടർന്നു് കുറേനാൾ നിനവേയിൽ മെത്രാനില്ലായിരുന്നു. പിന്നീടു് സാബ്ബാറേശ്ശു പിൻഗാമിയായി. കാതോലിക്കോസ് ഹന്നാനേശ്ശുവിന്റെ കാലത്തു് അദ്ദേഹവും രാജിവച്ച് ഏകാന്തജീവിതം നയിച്ചു. കർദുവിൽ മാർ ശാഹിന്റെ ആശ്രമത്തിൽവച്ചു മരിച്ചു-ബേത് ഹ്ദസായേ പ്രദേശത്തെ ചുററിക്കിടക്കുന്ന മത്തുത് മലയിലേക്കാണ് നിനവേ ഭ്രുപത വിട്ടിട്ട് ഇസഹാക്ക പോയതു്. അവിടെയുള്ള ഏകാന്തവാസികളായ താപസരുടെ ഇടയിൽ ഏകാന്തവാസം കഴിച്ചു; പിന്നീടു് റമ്പാൻ ഷാബ്ബൂറിന്റെ ആശ്രമത്തിൽ വന്നു. വിശുദ്ധ ഗ്രന്ഥങ്ങളുടെ പഠനത്തിൽ അദ്ദേഹം വളരെയധികം തീക്ഷ്ണത കാണിച്ചു. പഠനം കൊണ്ടും നോമ്പുകൊണ്ടും കണ്ണിന്റെ കാഴ്ചതന്നെ അദ്ദേഹത്തിനു നഷ്ടപ്പെട്ടു. ദിവ്യരഹസ്യങ്ങളിൽ അദ്ദേഹത്തിനു് ആഴമായ അറിവുണ്ടാ

www.malankaralibrary.com



യിരുന്നു. സന്യാസജീവിതത്തെപ്പററി മനോഹരമായി ഗ്രന്ഥങ്ങരം എഴുതി. അദ്ദേഹം മൂന്നു പ്രസ്താവനകരം നടത്തി; എന്നാൽ നിരവധി ജനങ്ങരം അവ അംഗീകരിച്ചില്ല. അദ്ദേഹം പറഞ്ഞതിനെതിരായി ബേത് ഗർമായ് മെത്രാൻ ദാനിയേൽ ബർ ത്തുവാനീസാ എഴുതുകയുണ്ടായി. വളരെ വൃദ്ധനായശേഷം ഇസഹാക്ക് ഈ ലോകവാസം വെടിഞ്ഞു. ഷാബൂറിന്റെ ആശ്രമത്തിൽ അദ്ദേഹത്തിന്റെ ശരീരം സംസ്ക്കരിക്കപ്പെട്ടു. അദ്ദേഹം ബേത് കത്രായേയിൽ നിന്നുള്ള ആളായിരുന്നതിനാൽ, മെസപ്പൊട്ടേമിയായിലുള്ളവർ അസൂയ നിമിത്തമായിരിക്കാം അദ്ദേഹത്തെ എതിർത്തതെന്ന് എനിക്ക് തോന്നുന്നു. ഇതുതന്നെ യൗസേപ്പ് ഹസായാ, യോഹന്നാൻ ദ്അപ്പമേയ, യോഹന്നാൻ ദ്ദീലൈതാ എന്നിവരുടെ കാര്യത്തിലും സംഭവിച്ചു.

## 125 വി. ആബാ യൗസേപ് ഹസായാ

അബ്ദീശോ എന്നുകൂടി വിളിക്കപ്പെടുന്നു—പേർഷ്യയിൽ നെമ്രൂദ് പട്ടണമായിരുന്നു ജന്മസ്ഥലം. അദ്ദേഹത്തിന്റെ പിതാവ് ഒരു മാജിയും മാജികളുടെ [1] നേതാവുമായിരുന്നു. അന്ന് അറബികളുടെ രാജ്യം ഭരിച്ചിരുന്നത് ഓമാർ ഇബ്ൻ ഹതിബ് ആയിരുന്നു. തുർക്കികളോട് യുദ്ധത്തിന് അദ്ദേഹം സൈന്യങ്ങളെ അയച്ചപ്പോരം നെമ്രൂദ് നഗരം രാജാവിനെതിരെ മൽസരിച്ചു. സൈന്യത്തിന് വാതിൽ തുറന്നുകൊടുത്തില്ല—നെമ്രൂദ, പട്ടണം പണിതു് തന്റെ നാമം പട്ടണത്തിനു കൊടുത്തു—അപ്പോരം വാതിലിനു പുറത്തു കണ്ട നൂററിമുപ്പതു് ആളുകളോടൊപ്പം യൗസേപ്പും തടവുകാരനായി പിടിക്കപ്പെട്ടു. അന്ന് അദ്ദേഹത്തിന് ഏഴു വയസ്സേ പ്രായമുണ്ടായിരുന്നുള്ളു. ശ്ഹഗാറിൽ നിന്നുള്ള ഒരറബി 370 സൂബെയ്സു് [2] അദ്ദേഹത്തെ വിലയ്ക്കുവാങ്ങി പരിച്ഛേദനം നടത്തി മുസ്ളീമാക്കി. മൂന്നു വർഷം അയാളുടെ കൂടെ താമസിച്ചു. അപ്പോരം യജമാനൻ മരിച്ചു. അദ്ദേഹത്തിന്റെ മക്കരം യൗസേപ്പിനെ കർദ്ദുവിലെ ദാദാർ ഗ്രാമവാസിയായ കറിയാക്കോസ് എന്ന ക്രൈസ്തവന് 570 സൂബെയ്സു് മറിച്ചു വിററു. അയാരംക്ക് മക്കളില്ലായിരുന്നു. അയാരം യൗസേപ്പിനെ തന്റെ വീട്ടിൽ ജോലിക്കാരനായി കൂട്ടിക്കൊണ്ടുപോയി. ക്രിസ്ത്യാനിയാകാൻ കറിയാക്കോസ് അവനെ നിർബന്ധിച്ചുകൊണ്ടിരുന്നു. എന്നാൽ അവൻ ഒരു തരത്തിലും വഴങ്ങിയില്ല. ഒരു ദിവസം കറിയാക്കോസ് ആ ചെറുപ്പക്കാരനോടുകൂടി ഗ്രാമത്തിനടുത്തുള്ള കമൂൽ ആശ്രമത്തിൽ പോയി. ഈ യുവാവ് അവിടെയുള്ള സന്യാസികളെ കണ്ട് നമ്മുടെ കർത്താവിനോടുള്ള സ്നേഹത്താൽ ഇളകിവശായി. ഉടനെ അവിടെ മാർ യോഹന്നാൻ ദ്കമൂൽ ആശ്രമത്തിൽവച്ച് സ്നാനം സ്വീകരിച്ചു. അവൻ പ്രാത്ഥനാനിരതനും സന്യാസം കാംക്ഷിക്കുന്നവനുമാണെന്നു കണ്ടതിനാൽ കറിയാക്കോസ് അവനെ സ്വതന്ത്രനാക്കി. ബേത്നൂഹദ്രായിലെ ആബാ സ്ലീബാ ആശ്രമത്തിലേക്ക് അവൻ പുറപ്പെട്ടു. ആശ്രമാദ്ധ്യക്ഷനും പിന്നീട് ബാലാദിലെ മെത്രാനുമായിരുന്ന വാഴ്ത്തപ്പെട്ട കറിയാക്കോസ് അവനെ സ്വീകരിച്ചു. അവിടെ സന്യാസികളുടെ കൂട്ടജീവിതം അഭ്യസിച്ചു. സങ്കീർത്തനങ്ങളും വിശുദ്ധരുടെ ജീവ

1. മ്ഗൂശെ. 2. അറബിനാണയം

www.malankaralibrary.com



ചരിത്രങ്ങളും വായിക്കുന്നതിൽ അയാൾ അതീവ താല്പര്യം കാട്ടി അതിനുശേഷം അയാൾ കർദുവിൽ പോയി. അറാബാ എന്ന സ്ഥലത്തു താമസിച്ചു. ദീർഘനാൾ അദ്ദേഹം അവിടെ പാർത്തു. തുടർന്നു് കർദ്ദുവിലെ മാർ ബാസീമാ ദയറായുടെ അദ്ധ്യക്ഷനാക്കാനായി ജനങ്ങൾ അദ്ദേഹത്തെതേടിവന്നു. കുറേനാൾ അവർക്കു് നേതൃത്വം നൽകിയശേഷം അദ്ദേഹംസീനായ്[1] മലയിലേക്കു്പോയി. അദ്ദേഹം അവിടെ കുറേനാൾ താമസിച്ചു. ഹിർതാ മെത്രാൻ മാർ ക്കുദാവിയുടെ നിർദ്ദേശപ്രകാരം 'ദയറാ ദ് മർഗാനാ' എന്നുകൂടി അറിയപ്പെടുന്ന റമ്പാൻ ബൊക്ക്തേശുവിന്റെ ആശ്രമത്തിലെ അദ്ധ്യക്ഷനാക്കാനായി വിശ്വാസികൾ അദ്ദേഹത്തെ സമീപിച്ചു. സീനായ്[1] ഗ്രാമത്തിനടുത്താണു് ഈ ആശ്രമം. അദ്ദേഹം ഗ്രന്ഥരചനയിൽ നിന്നു് ഒരിക്കലും വിരമിച്ചിരുന്നില്ല. അദ്ദേഹത്തിനു് അബ്ദീശോ എന്നു പേരുള്ള ഒരു സഹോദരനുണ്ടായിരുന്നു. അദ്ദേഹം നെത്രൂദിൽ നിന്നു് അവിടെത്തി സ്നാനം സ്വീകരിക്കയും സന്യാസിയാകുകയും ചെയ്തു. അതിനുശേഷം തന്റെ ഗ്രന്ഥങ്ങൾ തന്റെ സഹോദരന്റെ പേരിലാണു് എഴുതിയതു്. അദ്ദേഹത്തിന്റെ കൃതികളിലെ നാലു വാചകങ്ങൾ സഭാമല്പാന്മാർ അംഗീകരിച്ചില്ല. ബർ ഹശാമിന്റെ ഭരണകാലത്തു് 170—ാമാണ്ടിൽ മാർ തിമോതിയോസ് ഒരു സിനഡുകൂടി അവയെ ശപിച്ചു. യൗസേപ് ഹസായാ ഇവ പഠിപ്പിച്ചിരുന്നോ? ബേത് നൂഹദ്രാ മെത്രാൻ നെസ്തോറിയസ് എഴുതിയ ചരിത്രത്തിൽ നിന്നു് അതു് ഗ്രഹിക്കാനാവും. കാതോലിക്കോസ് അസൂയനിമിത്തമാണു് ഇപ്രകാരം ചെയ്തതെന്നു് എനിക്കു തോന്നുന്നു; ദൈവം സത്യം അറിയുന്നു. കുറേനാൾ മാർഗായിലെ ആശ്രമം ഭരിച്ചശേഷം വളരെ വൃദ്ധനായി അദ്ദേഹം മരിച്ചു. റമ്പാൻ മാർഅത്കെന്റെ ആശ്രമത്തിൽ അദ്ദേഹത്തെ സംസ്കരിച്ചു. കർത്താവ് അദ്ദേഹത്തെ ഉയത്തെഴുന്നേല്പിക്കാൻ വരുന്നതു് നോക്കിപ്പാർക്കുന്നു. അദ്ദേഹത്തിന്റെയും ഈ ഗ്രന്ഥത്തിൽ സൂചിപ്പിച്ചിരിക്കുന്ന എല്ലാ പിതാക്കന്മാരുടെയും പ്രാർത്ഥന ബലഹീനനായ ഗ്രന്ഥകാരനും അവന്റെ മാതാപിതാക്കൾക്കും സംരക്ഷിക്കുന്ന കോട്ടയായിരിക്കട്ടെ. ആമ്മേൻ.

## 126 വി. മാർ യോഹന്നാൻ

അദ്ദേഹം കർദുവിൽ ഒരാശ്രമം സ്ഥാപിച്ചു. ബേത് ദീലൈതാ മലയിൽ താമസിച്ചു—ബേത് നൂഹദ്രായാണു് ജന്മസ്ഥലം. കലാലയങ്ങളിൽ പഠനമെല്ലാം പൂർത്തിയാക്കിയശേഷം മാർ യോസേദേക്കിന്റെ ആശ്രമത്തിൽവച്ചു് സന്യാസവസ്ത്രം സ്വീകരിച്ചു. മാർ യാക്കോബ് ഹസായായുടെയും റമ്പാൻ അഫ്നീമാറന്റെയും ശിഷ്യനായ വാഴ്ത്തപ്പെട്ട സ്ലീഫന്റെ ശിഷ്യനായി. യോഹന്നാനു് സേർജിയൂസ് എന്നും തിയഡോർ എന്നും രണ്ടു സഹോദരന്മാരുണ്ടായിരുന്നു. അവരും സന്യാസികളായിത്തീർന്നു. ബേത്—ദീലൈതാ മലയിൽ പാർക്കുവാനായി അദ്ദേഹം ആ ആശ്രമം വിട്ടിറങ്ങി. അവിടെ അദ്ദേഹത്തിനു് അപ്പത്തിനു പകരം ഭക്ഷണമായി കാട്ടുമൾബറിയേ ഉണ്ടായിരുന്നുള്ളു. സന്യാസജീവിതത്തെപ്പറ്റി അദ്ദേഹം നിരവധി ഗ്രന്ഥങ്ങൾ രചിച്ചു കുറേനാൾ കഴിഞ്ഞു് അദ്ദേഹം അർഗ്ഗൂൾ മലയുടെ അടുത്തു് കർദുമലയിൽ പാർക്കുവാൻ പോയി. അദ്ദേഹത്തിന്റെ ശിഷ്യഗണം വർദ്ധിച്ചപ്പോൾ

---

1. Zinai

www.malankaralibrary.com



അദ്ദേഹം അവിടെ ഒരാശ്രമം പണിതു. കാതോലിക്കോസ് തിമോതി അദ്ദേഹം രചിച്ച ഗ്രന്ഥങ്ങൾ അംഗീകരിച്ചില്ല. കാതോലിക്കോസ് ഒരു സിനഡ് വിളിച്ചുകൂട്ടി അവയെ ശപിച്ചു. നമ്മുടെ കർത്താവിന്റെ മനുഷ്യത്വം അവിടുത്തെ ദൈവത്വവുമായി യോജിച്ചിരിക്കുന്നു എന്നു കൃതികളിൽ രേഖപ്പെടുത്തിയതിനാണ് ഇപ്രകാരം ചെയ്തതു്. വളരെ പ്രായം ചെല്ലുന്നതുവരെ അദ്ദേഹം ജീവിച്ചു. അദ്ദേഹം വിശ്വാസികളെയും സന്യാസികളെയും അരികിൽ വിളിച്ച് ആശ്രമസംബന്ധമായ നിർദ്ദേശങ്ങൾ നൽകി. ആ നിമിഷം തന്നെ അദ്ദേഹം കർത്താവിലേക്കു വാങ്ങിപ്പോയി. സഹ്ദോണായുടെ ആശ്രമത്തിൽ അദ്ദേഹം സംസ്ക്കരിക്കപ്പെട്ടു.

## 127 ബർ സഹ്ദേ (മർതീരിസ്)

മഹോസേദ് അറിവാനിലെ മെത്രാൻ 1 —ബേത്നുഹദ്രായിലെ ഹലമൂൻ ഗ്രാമമാണ് ജന്മസ്ഥലം. മാർ ഐതാലാഹായുടെ സ്കൂളിൽ പഠിച്ചു. ഈസ്ളാമലയിൽ മാർ അബ്രഹാമിന്റെ ആശ്രമത്തിൽ നിന്നു മാർ യാക്കോബ് ഇറങ്ങിപ്പുറപ്പെട്ട് മാർഗയിൽ ചെന്നു് അവിടെ ഒരാശ്രമം പണിയാൻ തുടങ്ങി എന്നറിഞ്ഞപ്പോൾ അദ്ദേഹം യാക്കോബിനെ സന്ദർശിച്ചു് ശിഷ്യനായിത്തീർന്നു—ഹെഫ്തൂൺ മലമുകളിൽ തന്റെ വാർദ്ധക്യത്തിൽ ഒരാശ്രമം പണിത ഭാഗ്യവാനായ കാമീശോയും അദ്ദേഹത്തോടു ചേർന്നു. മാർ യാക്കോബ് അവർക്കിരുവർക്കും സന്യാസവസ്ത്രം നൽകി—ഒരാശ്രമം പണിയാൻ കാമിശോയ്ക്കു നിർദ്ദേശം നൽകിയതു് അദ്ദേഹമാണു്. മാർതീരിസ് അതിന്റെ ചുമതലവഹിച്ചു—അദ്ദേഹം താപസ കർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്തു. സന്യാസ ജീവിതത്തെപ്പററി കൃതികളെഴുതി. യേശുയാബ് ദ്അർബേൽ അദ്ദേഹത്തെ ബേത്ഗർമായിലെ മഹോസെദ് അറിവാനിലെ മെത്രാനായി നിയമിച്ചു. അദ്ദേഹം 'സത്യവിശ്വാസത്തിൽ' നിന്നു വഴുതിമാറി.

അടിയബേനെ മെത്രാപ്പോലീത്താ യേശുയാബിനു് അദ്ദേഹത്തോടു് വാത്സല്യമായിരുന്നു. ഇതേപ്പററി കേട്ടപ്പോൾ അദ്ദേഹം ഇപ്രകാരം എഴുതി: ''നിന്റെ അഭിപ്രായം ഉപേക്ഷിക്കുക.'' എന്നാൽ യേശുയാബിനു് അദ്ദേഹത്തെ സ്വാധീനിക്കാൻ സാധിച്ചില്ല. അപ്പോൾ പിതാക്കന്മാർ മാർ എമ്മേ കാതോലിക്കോസിന്റെ നേതൃത്വത്തിൽ ഒന്നിച്ചുകൂടി, അദ്ദേഹത്തെ ശപിക്കയും അദ്ദേഹത്തിന്റെ വിശ്വാസപ്രഖ്യാപനം പിച്ചിച്ചീന്തിക്കളയുകയും അദ്ദേഹത്തിന്റെ സ്ഥാനത്തു് മാർ സാബായെ മെത്രാനായി നിയമിക്കയും ചെയ്തു. അദ്ദേഹം ഉടനെ മലയിലേക്കു കയറിപ്പോയി. അദ്ദേഹത്തിനു മനസ്സമാധാനം ലഭിക്കായ്കയാൽ ബേത്ഗർമെ മെത്രാപ്പോലീത്താ മാർ സാബാറേശുവിനെ കാണാൻ വേഗത്തിൽ തിരികെവരികയും തന്റെ തെററ് ഏററുപറയുകയും ചെയ്തു. എന്നാൽ അതിൽ അദ്ദേഹം ഉറച്ചുനിന്നില്ല. അന്നു് ജറുസലേമിലായിരുന്ന റോമൻ ചക്രവർത്തി ഹെറാക്ലിയസിനെ കാണാൻ അദ്ദേഹം അവിടേക്കു പോയി. ഹെറാക്ലിയസിനോടു പറഞ്ഞു: ''ഞാൻ സത്യവിശ്വാസം പ്രഖ്യാപിക്കുന്നതിനാൽ പൗരസ്ത്യമെത്രാന്മാരാൽ പീഡിപ്പി

1. സഹ്ദോണാ

www.malankaralibrary.com



ക്കപ്പെടുന്നു.'' അവിടെ പള്ളിയിൽവച്ച് തന്റെ വിശ്വാസപ്രഖ്യാപനം നടത്തുകയും ദിയദോറിന്റെ വിശുദ്ധ അനുയായികളെ ശപിക്കയും ചെയ്തു. അപ്പോൾ ചക്രവർത്തിയുടെ കല്പനയാൽ അദ്ദേഹം എഡേസ്സാ മെത്രാനായി നിയമിതനായി. അദ്ദേഹം കുറേനാൾ എഡേസ്സാത്രൂപത യെ ഭരിച്ചു; എന്നാൽ, അദ്ദേഹത്തിന്റെ വിശ്വാസനിഷേധം അദ്ദേഹത്തിന് ഒരു ഗുണവും ചെയ്തില്ല. ചിലയാളുകൾ ചക്രവർത്തിയെ ചെന്നു കണ്ടു, അയാൾ ദിയദോറിന്റെ അഭിപ്രായങ്ങൾ വച്ചുപുലർത്തുന്നു എന്ന് കുററപ്പെടുത്തി.. ചക്രവർത്തിയുടെ കല്പനയിൽ അദ്ദേഹത്തെ അവർ എഡേസ്സയിൽ നിന്നോടിച്ചു. ഉടനെ അദ്ദേഹം കാതോലിക്കാ മാർ എമ്മെയെ കണ്ട് മാപ്പിരന്നു. സുകൃതാഭ്യസനം നടത്തിയ ഒരു സന്യാസി എന്ന നിലയിൽ സഹദോണായെ തന്റെ രൂപതയിലേക്ക് തിരികെ പോകാൻ മാർ എമ്മേ സമ്മതിച്ചു. ഭാഗ്യവാനായ മാർ സാബാ ഇതിനകം മരിച്ചുകഴിഞ്ഞിരുന്നു. മാർ യേശുയാബ് ദ്അർബേൽ ഇതേപ്പററി അറിഞ്ഞപ്പോൾ മാർ എമ്മേയ്ക്ക് ഒരു കത്തെഴുതി ഇപ്രകാരം അറിയിച്ചു: ''റോമൻപ്രദേശത്തുനിന്ന് പുറപ്പെട്ടവിച്ച് അങ്ങേ പക്കലേക്ക് സഹ്ദോണായെ കൃത്യമായി നയിച്ചതു് പിശാചാണ്. നമ്മുടെ വിശ്വാസത്തിനും നമ്മുടെ പ്രബോധനങ്ങൾക്കുമെതിരായി അയാൾ രചിച്ച രണ്ടു ഗ്രന്ഥങ്ങൾ അയാളുടെ പക്കലുണ്ട്.'' ആ കത്തു വായിച്ചുകഴിഞ്ഞപ്പോൾ പിന്നെ മർത്തീരിസ് സഹദോണാ പള്ളിയിൽ പ്രവേശിക്കാൻ അവർ ആഗ്രഹിച്ചില്ല. പിന്നെ സഹദോണാ അവിടെ കഴിഞ്ഞില്ല; കരഞ്ഞു നിലവിളിച്ച് എഡേസ്സയിൽ തിരികെപ്പോയി മലയിലെ ഒരു ഗുഹയിൽ പാർത്തു. അയാൾ തന്റെ അബദ്ധാഭിപ്രായങ്ങളുപേക്ഷിക്കയും സത്യവിശ്വാസം സ്വീകരിക്കയും ചെയ്തു എന്നു പറപ്പെടുന്നു.

അയാൾ ദീർഘനാൾ ഏകാന്തതയിൽ ജീവിച്ചു. അയാൾ മരിച്ചപ്പോൾ അയാളുടെ ഗുഹയിൽതന്നെ അടക്കി. സഹദോണാ സഭയിൽ നിന്ന് ഓടിക്കപ്പെട്ടശേഷം ബേത് ആബേ ആശ്രമാദ്ധ്യക്ഷനായ ഗബ്രിയേൽ അദ്ദേഹത്തെ കാണാനായി എഡേസ്സയിൽ പോയി. ഗബ്രിയേൽ തന്നെ അതേപ്പററി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ''സഹദോണാ സഭയിൽനിന്ന് ഓടിക്കപ്പെട്ടശേഷം ഗബ്രിയേലായ ഞാൻ തീക്ഷ്ണതയിൽ എരിഞ്ഞു് എഡേസ്സയിൽ അയാളുടെ പക്കൽ പോയി തർക്കിക്കയും അയാളെ പരാജയപ്പെടുത്തുകയും ചെയ്തു.''

## 128 റംവായ്

എന്ന വിശ്വാസി കശ്കാറിൽ ഒരാശ്രമം സ്ഥാപിച്ചു.—കശ്കാറായിരുന്നു അദ്ദേഹത്തിന്റെ ജന്മദേശം. അദ്ദേഹത്തിന്റെ നാട്ടിൽ ഒരു പ്രശസ്താശ്രമം സ്ഥാപിച്ചു.

## 129 ബ്രിക്കാ

എന്നവിശ്വാസി തിഗ്രീസിന്റെ തീരത്തു് ഗെബിൽതായുടെ അടുത്തു് ഒരാശ്രമം സ്ഥാപിച്ചു.

## 130 ശംയൻ

എന്ന വിശ്വാസി കശ്കാറിൽ ഒരാശ്രമം സ്ഥാപിച്ചു.

www.malankaralibrary.com



## 131 അബ്രഹാം

എന്ന സന്ന്യാസി മാസബദാൻ എന്ന സ്ഥലത്തു് ഒരാശ്രമം സ്ഥാപിച്ചു.

## 132 ഓഡിഷോ

എന്ന സന്ന്യാസി അറബികളുടെ പട്ടണമായ ഹിർതായിൽ ഒരാശ്രമം സ്ഥാപിച്ചു.

## 133 ഹെലേനാ

സന്ന്യാസിനി—കർദ്ദുവിൽ റമ്പാൻ യോസേദേക്കു് ആശ്രമത്തിന്റെ അദ്ധ്യക്ഷനായ ശിമയോന്റെ സഹോദരി. നിനവേ നോമ്പിന്റെ ശനിയാഴ്ച മുതൽ ഉത്ഥാന ഞായറാഴ്ചവരെ അപ്പം ഭക്ഷിക്കാതെ അവൾ ജീവിച്ചു.

## 134 അദ്രമാന്നാഗ്

ഹിർതായിൽ ഒരു ആശ്രമം സ്ഥാപിച്ചു.

## 135 മാർ അബ്രഹാം

മാർ യേശു സെക്കായുടെ ജീവചരിത്രമനുസരിച്ചു്, തീക്ഷ്ണനും രക്തസാക്ഷിയുമായ അദ്ദേഹം ഇമാമെയിൽ ഒരാശ്രമം സ്ഥാപിച്ചു.

## 136 മാർ ഗബ്രിയേൽ

രാധാനിൽ ഒരാശ്രമം സ്ഥാപിച്ചു.

## 137 മാർ യോഹന്നാൻ

ബേത്ത് അർണേയിൽ ഒരാശ്രമം പണിയിച്ചു.

## 138 മാർ സ്ലീഫാൻ

സേജെസ്ഥാനിൽ ഒരാശ്രമം പണിയിച്ചു.

## 139 വി. മാർ യേശുയാബ്

അദ്ദേഹം തന്റെ നാടുവിട്ടു് ബേത്ത്നുഹദ്രാമലയിൽ ഒരാശ്രമം സ്ഥാപിച്ചു—ചെറുപ്പത്തിൽ തമനോനിലെ സ്കൂളുകളിൽ പോയി വിദ്യാഭ്യാസം നടത്തി. പഠനാനന്തരം മാർ യേശു സെക്കായെ കാണാനായി അദ്ദേഹം അദിയബേനെയിലേക്കു് പോയി. മാർ യേശു സ്ളീബാ സെക്കായുടെ ആശ്രമത്തിൽ അദ്ദേഹം വായനക്കാരനായിത്തീർന്നു. കുറേക്കാലം കഴിഞ്ഞു് മാർ സെക്കാ അദ്ദേഹത്തെ ഈസ്ളാമലയിൽ, നിസിബിസിലെ മാർ ബാബായിയുടെ പക്കലേക്കയച്ചു; അവിടെവച്ചു് അദ്ദേഹം സന്ന്യാസവസ്ത്രം സ്വീകരിച്ചു. തന്റെഗുരുവിന്റെ മരണശേഷം മററു് മൂന്നു സഹോദരന്മാരോടുകൂടെ അദ്ദേഹം ബേത്ത്നുഹദ്രാ മലയിൽവന്നു് വളരെ പ്രശസ്തമായ ഒരാശ്രമം സ്ഥാപിച്ചു. ധാരാളം സഹോദരന്മാർ അദ്ദേഹത്തിന്റെ ശിഷ്യരായി. ആ ആശ്രമം ഉപേക്ഷിക്കരുതെന്നു് ബേത്ത്നുഹദ്രാമെത്രാൻ മാർ ഇസഹാക്കു് അദ്ദേഹത്തോടപേക്ഷിച്ചു. മെത്രാന്റെ

www.malankaralibrary.com



വാക്ക് അനുസരിച്ച് അദ്ദേഹം പ്രവർത്തിച്ചു. പ്രശസ്തമായ ജീവിതത്തിനു ശേഷം അൻപത്തഞ്ചാം വയസ്സിൽ അദ്ദേഹം കർത്താവിൽ നിദ്ര പ്രാപിച്ചു. അദ്ദേഹം പണികഴിപ്പിച്ച മർതീരിയോണിൽ സംസ്കരിക്കപ്പെട്ടു.

## 140 വി. മാർ യാക്കോബ്

പ്രവാചകൻ, ദാർശനികൻ, മാർ യൗസേപ്പിന്റെ ശിഷ്യൻ— ബേത് ഗർമായ് ആയിരുന്നു ജന്മദേശം. ഹർബത്—ഗെലാലിലെ സ്കൂളുകളിൽ വിദ്യാഭ്യാസം നടത്തിയശേഷം ബേത് ആബേ ആശ്രമത്തിലേക്കു പോയി. ആശ്രമാധ്യക്ഷനും കശ്കാർകാരനുമായ മാർ അബ്രഹാമിൽ നിന്നു സന്യാസവസ്ത്രം സ്വീകരിച്ചു.—ബേത്ആബേയുടെ സ്ഥാപകനായ മാർ യാക്കോബിന്റെ ശിഷ്യനായിരുന്നു അബ്രഹാം. അദ്ദേഹം ദാസെനിൽ ഒരാശ്രമം സ്ഥാപിച്ചു—യാക്കോബ് അബ്രഹാമിന്റെ ശിഷ്യനായി ഏകാന്തതയിൽ താമസിച്ചു. അദ്ദേഹത്തെ മെത്രാനാക്കാൻ ഗീവർഗീസ് കാതോലിക്കോസ് ആഗ്രഹിച്ചു. എന്നാൽ അദ്ദേഹം അതിനു സമ്മതിച്ചില്ല. അദ്ദേഹത്തെ നിസിബിസിലെ മെത്രാപ്പോലീത്താ ആക്കുവാൻ ഹെനാനിശോ കാതോലിക്കോസും ആഗ്രഹിച്ചു; എന്നാൽ അദ്ദേഹം അതും ചെവിക്കൊണ്ടില്ല. അദ്ദേഹം ബേത്നുഹദ്രായിൽ പോയി മൂന്നു വർഷം ഒരു ഗുഹയിൽ താമസിച്ചു. ആ അവസരം നുഹദ്രാ മെത്രാനും ജനങ്ങളും കൂടി മാർയേശുയാബിന്റെ ആശ്രമത്തിനുവേണ്ടി അദ്ദേഹത്തെ അന്വേഷിച്ചുവന്നു. അദ്ദേഹം അവരോടൊത്തു പോയി. അവിടെ ആശ്രമത്തിൽ മുന്നൂറിലധികം സഹോദരന്മാർ ഉണ്ടായിരുന്നു. അദ്ദേഹം അവിടെ മനോഹരമായ ഒരു ദേവാലയം പണിതു. അദ്ദേഹം തൊണ്ണൂറാം വയസ്സിൽ കർത്താവിൽ നിദ്ര പ്രാപിച്ചു. അവിടത്തെ മർതീരിയോണിൽ മാർ യേശുയാബിന്റെ പാദത്തിൽ സംസ്ക്കരിക്കപ്പെട്ടു.

വിശുദ്ധരുടെയും അവർ പണിയിച്ച ആശ്രമങ്ങളുടെയും അവർ പാർത്ത സ്ഥലങ്ങളുടെയും ചുരുങ്ങിയ വിവരണങ്ങളടങ്ങിയ ചരിത്രം അവസാനിച്ചു. മുകളിൽ സൂചിപ്പിച്ച ഹെലേനായെ കൂടാതെ അവ 140 എണ്ണമുണ്ട്. അവരുടെയും, നീതിമാന്മാരുടെയും വിശുദ്ധന്മാരുടെയും പ്രാർത്ഥനകളാം നിർഭാഗ്യവാനായ ഈ എഴുത്തുകാരന് ഇപ്പോഴും എല്ലാ ദിവസവും പാപമോചനം നേടിത്തരട്ടെ.

Bibliography
Le Livre de la Chastete' compose par Jesudenah, Eveque de Basra, publie et traduit par J. B. Chabot, (Melanges d' archeologie et d' histoire) Paris-Rome, 1896.

www.malankaralibrary.com

# 7

# മാർ ഇസഹാക്കിന്റെ സിനഡ് (410)

**ആമുഖം**

പേർഷ്യയിലെ പൗരസ്ത്യസഭയിൽ 399–ൽ മാർഇസഹാക്ക് സെലൂഷ്യൻ മെത്രാനായിത്തീർന്നു. അക്കാലത്തും പേർഷ്യൻ സാമ്രാജ്യത്തിലെ സഭകളെല്ലാം ഒരു നേതൃത്വത്തിൻ കീഴിലല്ലായിരുന്നു. വിവിധ സ്ഥലങ്ങളിലെ മെത്രാന്മാരെയെല്ലാം സെലൂഷ്യൻ മെത്രാന്റെ നേതൃത്വത്തിൽ കൊണ്ടുവരുവാനുള്ള ഒരു ശ്രമം 410–ലെ സെലൂഷ്യൻ സിനഡിൽ വച്ചുണ്ടായി. മാർഇസഹാക്കിന് പല മെത്രാന്മാരുടെയും എതിർപ്പിനെ നേരിടേണ്ടിവന്നു. റോമൻ സാമ്രാജ്യത്തിലെ ചില മെത്രാന്മാർ ഇതറിയാനിടയായി. അവർ 'പാശ്ചാത്യ പിതാക്കന്മാർ' എന്നാണ് പേർഷ്യൻ സിനഡുകളിൽ വിളിക്കപ്പെടുന്നത്. അവർ മാർ മാറുഥാ എന്ന മെത്രാനെ പേർഷ്യയിലേക്കയച്ചു. മീഫർക്കീൻ (മൈഫർക്കാട്ട്) എന്ന രൂപതാധ്യക്ഷനായിരുന്നു മാറുഥാ. അദ്ദേഹം പാശ്ചാത്യ പിതാക്കന്മാരുടെ ഒരു ശുപാർശക്കത്തുമായിട്ടാണ് പേർഷ്യയിലെത്തിയത്. ഒന്നിലേറെ പ്രാവശ്യം പേർഷ്യൻ രാജാവിന്റെ പക്കൽ ബിസന്റയിൻ ചക്രവർത്തിയുടെ പ്രതിപുരുഷനായി മാറുഥാ വന്നിട്ടുണ്ട്.

മാർ ഇസഹാക്കും മാർ മാറുഥായും കൂടി 410–ൽ സെലൂഷ്യയിൽ വച്ച് ഒരു സിനഡുകൂടി. ഈ സിനഡിൽ വച്ച് നിഖ്യാ വിശ്വാസപ്രമാണം ഔദ്യോഗികമായി പേർഷ്യൻ സഭ അംഗീകരിച്ചു. പൗരസ്ത്യരും പാശ്ചാത്യരെപ്പോലെ പ്രധാന തിരുനാളുകൾ ഒരേ ദിവസം ആചരിക്കണമെന്ന് തീരുമാനിച്ചു. സഭാജീവിതത്തെ സ്പർശിക്കുന്ന 21 കാനോനകളും അവർ പാസാക്കി. സെലൂഷ്യൻ മെത്രാന്റെ നേതൃത്വം അംഗീകരിക്കുന്ന കാനോനാകളും അക്കൂട്ടത്തിൽപെടുന്നു. ഈ സിനഡിന്റെ നടപടികളും കാനോനകളുമാണ് ചുവടേ ചേർക്കുന്നത്.[1]

## സെലൂഷ്യൻ സിനഡ്

സെലൂഷ്യാ സ്റ്റെഡിഫണിൽ ഭരിക്കുന്ന കാതോലിക്കോസ് മാർ ഇസഹാക്കിന്റെയും യസ്ദ്ഗേർദ് രാജാവിന്റെയും കാലത്ത് മൈഫർക്കാട്ടിലെ മെത്രാൻ മാർ മാറുഥാ പേർഷ്യക്കാരുടെ ഇടയിൽ ദൂതനായി വന്നപ്പോൾ ക്രോഡീകരിച്ച കാനോനാകളും നമ്മുടെ വിശുദ്ധ പിതാക്കന്മാർ പൗരസ്ത്യദേശത്ത് വിവിധ കാലഘട്ടങ്ങളിൽ നടപ്പാക്കിയ സിനഡൽ തീരുമാനങ്ങളും സജീവനായ ദൈവത്തിന്റെ സഹായത്താൽ നാം പകർത്തിയെഴുതുന്നു.

പേർഷ്യയിൽ ആദ്യമായി സമ്മേളിച്ച മെത്രാന്മാരുടെ യോഗത്തിൽ ക്രമീകരിച്ച സംഗതികളുടെ വിവരണം: റോമൻ സാമ്രാജ്യത്തിലെ മെത്രാ

---

1. ജി. ചേടിയത്ത്, പൗരസ്ത്യ കാതോലിക്കോസ്, കോട്ടയം, 1985, 37–44; J. B. Chabot, Synodicon Orientale, Paris 1902, P. 17-36/253-275.

www.malankaralibrary.com



ന്മാർ ക്രോഡീകരിച്ച നിയമങ്ങളെയും കാനോനാകളെയും കുറിച്ച്, പേർഷ്യയിലെ മെത്രാന്മാരും അവ അംഗീകരിച്ചതിനെക്കുറിച്ച്; എപ്പിസ്കോപ്പാമാർ, മെത്രാപ്പോലീത്താമാർ, പാത്രിയർക്കീസ്, വൈദിക ഗണത്തിൽപെട്ട മററുള്ളവർ എന്നിവരുടെ സ്ഥാനക്രമം സംബന്ധിച്ച് അവർ ക്രമീകരിക്കയും തീരുമാനിക്കയും ചെയ്ത സംഗതികളെ സംബന്ധിച്ച്; സഭാശുശ്രൂഷ സംബന്ധിച്ച് അവർ നടപ്പാക്കിയ തീരുമാനങ്ങളെക്കുറിച്ച്; 318 പിതാക്കന്മാരുടെ വിശ്വാസപ്രമാണം; അതോടുകൂടി പേർഷ്യയിലുണ്ടായിരുന്ന നാല്പതു മെത്രാന്മാർ കൂട്ടിച്ചേർത്ത പല സംഗതികൾ; ഇവയെല്ലാം അംഗീകരിക്കയും സ്വീകരിക്കയും ഉറപ്പിക്കയും മററ് കാനോനാകൾ ക്രോഡീകരിക്കയും ചെയ്തതിനെക്കുറിച്ച്; അവരുടെ ഒപ്പുകൾ.

## കാതോലിക്കോസ് ഇസഹാക്കിന്റേതാണ് ആദ്യ സിനഡ്

വിജയശ്രീലാളിതനും രാജാക്കന്മാരുടെ രാജാവുമായ യസ്ദ്ഗേർദിന്റെ വാഴ്ചയുടെ പതിനൊന്നാംവർഷം; കർത്താവിന്റെ സഭകൾക്ക് സമാധാനവും ശാന്തതയും പുനഃസ്ഥാപിക്കപ്പെട്ടപ്പോൾ അദ്ദേഹം മിശിഹായുടെ സമൂഹങ്ങൾക്ക് സ്വാതന്ത്ര്യവും വിശ്രമവും നൽകി. ജീവിച്ചിരിക്കുമ്പോഴും മരിക്കുമ്പോഴും തങ്ങളുടെ ശരീരത്തിൽ മിശിഹായെ പരസ്യമായി പുകഴ്ത്തുവാൻ അദ്ദേഹം അവരെ അനുവദിച്ചു. ദൈവത്തിന്റെ എല്ലാ സഭകളിലെയും മർദ്ദനത്തിന്റെ കൊടുങ്കാററ് അദ്ദേഹം മാററിക്കളഞ്ഞു. പീഡനത്തിന്റെ നിഴലുകൾ എല്ലാ സഭാ സമൂഹങ്ങളിൽ നിന്നും അദ്ദേഹം നീക്കിക്കളഞ്ഞു. തന്റെ പിതാക്കന്മാർ തകർത്ത പള്ളികൾ തന്റെ കാലത്ത് മനോഹരമായി പുതുക്കിപണിയണമെന്നും പൊളിച്ചുമാററപ്പെട്ട ബലിപീഠങ്ങൾ വളരെ ശ്രദ്ധാപൂർവ്വം പുനഃസ്ഥാപിക്കണമെന്നും പേർഷ്യൻ സാമ്രാജ്യത്തിലുടനീളം അദ്ദേഹം പ്രസിദ്ധപ്പെടുത്തി. ദൈവനാമത്തെ പ്രതി പരീക്ഷണവിധേയവരായവരെയും ജയിലിൽ കിടന്ന് പീഡനങ്ങളനുഭവിച്ചവരെയും സ്വതന്ത്രരായി വിട്ടയച്ചു. വൈദികർക്കും നേതാക്കന്മാർക്കും സന്യാസികൾക്കും ഭയം കൂടാതെ രാജ്യത്ത് സഞ്ചരിക്കാമെന്ന നിലവന്നു.

സെലൂഷ്യാ സ്റെറസിഫൺ എപ്പിസ്കോപ്പായും പൗരസ്ത്യം മുഴുവന്റെയും ആർച്ചുബിഷപ്പും കാതോലിക്കായും ആയി ശ്രേഷ്ഠനും ദൈവമനുഷ്യനും നമ്മുടെ പിതാവുമായ മാർ ഇസഹാക്ക് ഉന്നത നേതൃസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടപ്പോൾ മുതലാണ് ഇവ സംഭവിച്ചത്. പൗരസ്ത്യം മുഴുവന്റെയും അദ്ധ്യക്ഷസ്ഥാനത്ത് അവരോധിക്കപ്പെടാൻ അദ്ദേഹത്തെ ദൈവം യോഗ്യനായി കണ്ടു; അദ്ദേഹം തന്റെ നയപരമായ ഭരണംവഴി ദൈവത്തിന്റെ സഭയുടെയും ജനങ്ങളുടെയും സമാധാനത്തിനും ശാന്തിക്കുമായി കരുണയുടെ വാതിൽതുറന്നു; അദ്ദേഹത്തിന്റെ വിശുദ്ധി മുൻഗാമികളായ പൗരസ്ത്യ എപ്പിസ്കോപ്പാമാരേക്കാൾ വളരെ കൂടുതൽ ശോഭയോടെ തെളിഞ്ഞു പ്രകാശിച്ചു.

അദ്ദേഹത്തിന്റെ ശ്രദ്ധയാലും മാർ മാറൂഥായുടെ പരിശ്രമത്താലും ആണ് താഴെപ്പറയുന്നവ നടന്നത്. മാർ മാറൂഥാ എപ്പിസ്കോപ്പായും ശ്ലീഹായും ബഹുമാന്യനായ നേതാവും പണ്ഡിതനായ പിതാവും ദൈവം

www.malankaralibrary.com



തന്റെ കരുണയാൽ പൗരസ്ത്യദേശത്തേക്കയച്ച സമാധാന ദൂതനും ആയിരുന്നു. കിഴക്കും പടിഞ്ഞാറും തമ്മിൽ സമാധാനവും പരസ്പര ധാരണയും ഉണ്ടാക്കുവാൻ മദ്ധ്യസ്ഥനായി വർത്തിച്ചതു് അദ്ദേഹമാണ്. മിശിഹാ കർത്താവിന്റെ സഭകളെ ഉറപ്പിക്കാൻ അദ്ദേഹം അശ്രാന്തപരിശ്രമം ചെയ്തു. ബഹുമാന്യപിതാക്കന്മാരായ മെത്രാന്മാർ പടിഞ്ഞാറു് നടപ്പാക്കിയ ദിവ്യകല്പനകളും പ്രമാണങ്ങളും, യഥാർത്ഥവും ചൊവ്വുള്ളവയുമായ കാനോനാകളും നീതിക്കും സത്യത്തിനും വേണ്ടിയും എല്ലാ ദൈവജനത്തിന്റെയും ശിക്ഷണത്തിനുവേണ്ടിയും പൗരസ്ത്യദേശത്തും നടപ്പാക്കുവാൻ അദ്ദേഹം അശ്രാന്തപരിശ്രമം നടത്തി.

റോമൻ പ്രദേശത്തുള്ള മെത്രാന്മാരായ പിതാക്കന്മാരും പ്രമാണികളും കൂടി ഇതിനായി പരിശ്രമിച്ചു. അവർ: അന്ത്യോക്യായിലെ എപ്പിസ്ക്കോപ്പായും കാതോലിക്കായുമായ പൊർഫീരിയസ്; അലെപ്പോയിലെ എപ്പിസ്കോപ്പാ അകാചിയുസ്; എഡേസ്സയിലെ എപ്പിസ്കോപ്പാ പെഖീദാ; തെല്ലായിലെ എപ്പിസ്കോപ്പാ എവുസേബിയസ്; അമീദിലെ അകാചിയുസ്—പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും പൗരസ്ത്യദേശത്തുള്ള നമ്മുടെ സഭകളുടേയും സമൂഹങ്ങളുടെയും മുൻപാകെ നല്ല ഓർമ്മയ്ക്കർഹരായ എല്ലാവരും..

നമ്മുടെ സഭയുടെ മഹത്വവും ബഹുമാന്യ സഹോദരനുമായ മാറൂഥാ ക്കു് അവർ ഒരു കത്തെഴുതി. ആ കത്തു് വിജയശ്രീലാളിതനും ഭുവനപ്രശസ്തനുമായ മഹാരാജാവിന്റെ മുമ്പാകെ വായിക്കണമെന്നു് ഉറപ്പായ ശപഥത്തോടുകൂടി അവനോടാവശ്യപ്പെട്ടു. ശാരീരികമായി നമ്മിൽ നിന്നകലെയാണെങ്കിലും നമ്മോടുള്ള അവരുടെ മഹനീയസ്നേഹവും വിവേകപൂർണ്ണമായ ശ്രദ്ധയും ഇതുവഴി അവർ വ്യക്തമായി സ്പഷ്ടമാക്കുന്നു.

ബഹുമാന്യനായ എപ്പിസ്കോപ്പാ മാർ മാറൂഥാ തന്റെ സഹോദരനും സഹപ്രവർത്തകനും വത്സലസ്നേഹിതനും നമ്മുടെ പിതാവും ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവനും സെലൂഷ്യാ സ്റ്റെസിഫണിലെ മെത്രാനും പൗരസ്ത്യം മുഴുവന്റെയും ആർച്ചുബിഷപ്പും കാതോലിക്കോസുമായ മാർ ഇസഹാക്കിനെ രഹസ്യമായി ആ എഴുത്തുകാണിച്ചു. അവരൊന്നിച്ചു് ഏകാഭിപ്രായത്തോടും ഏക മനസ്സോടുംകൂടെ ഗ്രീക്കിൽ നിന്നു പേർഷ്യൻഭാഷയിലേക്കു് ഈ കത്തു് വിവർത്തനംചെയ്തു. വിജയശ്രീലാളിതനും വിശ്വവിഖ്യാതനുമായ മഹാരാജാവിന്റെ മുൻപാകെ അതു വായിച്ചുകേൾപ്പിച്ചു. ''കർത്താവിന്റെ കയ്യിലെ ഒരു നീർച്ചാലാണു് രാജാവിന്റെ ഹൃദയം; അവൻ അതു് ഇഷ്ടമുള്ളിടത്തേക്കു് തിരിച്ചുവിടും'' (സുഭാ. 21:1) എന്നു് എഴുതപ്പെട്ടിരിക്കുന്നതുപോലെ എല്ലാവിധ നന്മ ചെയ്യാനും എല്ലാവിധ ശ്രേഷ്ഠകാര്യങ്ങളും നൽകുവാനും രാജാക്കന്മാരുടെ രാജാവായ യസ്ദഗേർദിന്റെ ഹൃദയത്തെ ദൈവേഷ്ടം സജ്ജമാക്കി. അതു കേട്ട നിമിഷം തന്നെ സന്തോഷാധിക്യത്താൽ യസ്ദ്ഗേർദ് ഇപ്രകാരം പറഞ്ഞു: എന്റെ രാജത്വത്തിൻ കീഴിൽ കിഴക്കും പടിഞ്ഞാറും ഒരൊററ ആധിപത്യത്തിലമർന്നിരിക്കുന്നു.'' എപ്പിസ്കോപ്പാമാരെ അറിയിക്കാനുള്ള രാജകല്പനയുമായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഗവർണമാരുടെ പക്കലേക്കു് അഞ്ചലോട്ടക്കാരെ അയയ്ക്കണമെന്നു് വളരെ താല്പര്യമായി അദ്ദേഹം കല്പിച്ചു: താഴെപ്പറയുന്ന മെത്രാന്മാരെ വരുത്താനായിരുന്നു

www.malankaralibrary.com



കല്പന. നിസിബിസിലെയും ആ പ്രോവിൻസിലെയും; ഹെദിയാബിലെയും ആ പ്രോവിൻസിലെയും; ബെത്‌ഗർമായിലെയും ആ പ്രോവിൻസിലെയും; ബേത്‌ഹ്ദസായേയിയെയും ആ പ്രോവിൻസിലെയും; മൈശാനിലേയും ആ പ്രോവിൻസിലെയും, കശ്‌കാറിലെയും. നാല്പതുപേർ വന്നുചേർന്നതായി പേരു്‌ രജിസ്റ്റർ ചെയ്യപ്പെട്ടു. അവർ ഒന്നിച്ചു വന്നുകൂടിയതിനാൽ തർക്കങ്ങൾ അവസാനിപ്പിക്കാൻ സാധിച്ചു; ശീശ്‌മകളും വിഭജനങ്ങളും ഇല്ലാതായി; കത്തോലിക്കാ സഭയുടെ നീതിപൂർവകവും ഉചിതവുമായ ക്രമീകരണത്തിനാവശ്യമായ സംഗതികൾ തീരുമാനിച്ചുറപ്പിച്ചു. ഫാർസിലും മററിടങ്ങളിലും നിന്നു്‌ സഹോദര മെത്രാന്മാർ സന്നിഹിതരായിരുന്നില്ലെങ്കിലും ഇതേപ്പററി അറിയിപ്പ്‌ ലഭിച്ചപ്പോൾ ഇവയെല്ലാം അവരും അംഗീകരിച്ചു.

ജാനുവരി മാസം ആറാം തീയതി പരിശുദ്ധ ദനഹത്തിരുനാളിൽ പൗരസ്ത്യ പട്ടണങ്ങളുടെയെല്ലാം തലസ്ഥാനമായ മഹാനഗരത്തിൽ അവരെല്ലാവരും ഒന്നിച്ചുകൂടി. ഉടനെ അവരുടെ വരവിനെക്കുറിച്ച്‌ വിജയശ്രീലാളിതനും വിശ്വപ്രശസ്തനുമായ മഹാരാജാവിനെ അറിയിച്ചു. എപ്പിസ്ക്കോപ്പാമാരെയെല്ലാം വലിയ ദേവാലയത്തിൽ ഒന്നിച്ചുകൂട്ടി പാശ്ചാത്യ എപ്പിസ്‌കോപ്പാമാർ അയച്ച കത്തു്‌ അവരുടെ മുമ്പാകെ വായിക്കണമെന്നും ശ്രദ്ധിച്ചുകേട്ട്‌ അതിലെഴുതിയിരിക്കുന്നതുപോലെ എല്ലാ കാര്യങ്ങളും ചെയ്യണമെന്നും, സെലൂഷ്യാസ്റ്റെസിഫണിലെ എപ്പിസ്ക്കോപ്പായും പൗരസ്ത്യദേശത്തെ ആർച്ചുബിഷപ്പും കാതോലിക്കായും നമ്മുടെ ബഹുമാന്യ പിതാവുമായ മാർ ഇസഹാക്കിനോടും അദ്ദേഹത്തിന്റെ സഹോദര മെത്രാൻ മാർ മാറൂഥായോടും രാജാവു കല്‌പിച്ചു.

ഫെബ്രുവരി ഒന്നാംതീയതി ചൊവ്വാഴ്ച ഉത്ഥാനത്തിന്റെയും മരണത്തിൽനിന്നു്‌ ജീവിക്കുന്നതിന്റെയും ദിവസമായി ഞങ്ങൾ ദർശിച്ചു. ഞങ്ങൾക്കു്‌ അന്നു സുരക്ഷിതത്വം കൈവന്നു; സമാധാനം കരഗതമായി. നമ്മുടെ പിതാവും കാതോലിക്കോസും ആർച്ചുബിഷപ്പുമായ മാർ ഇസഹാക്കിന്റെ നേതൃത്വത്തിലും അദ്ദേഹത്തിന്റെ കാലത്തും സമാധാന പുനഃസ്ഥാപനാർത്ഥം അദ്ധ്വാനിക്കയും ഐക്യം വിതയ്ക്കുകയും ചെയ്ത മാർ മാറൂഥാ എപ്പിസ്‌കോപ്പായുടെ പരിശ്രമത്താലും പൗരസ്ത്യ ദേശത്തു്‌ എപ്പിസ്‌കോപ്പാമാരുടെ സിനഡ്‌ അദ്ദേഹം വിളിച്ചുകൂട്ടിയ ദിവസം നമ്മുടെ ഇടയിൽ അത്ഭുതകരമായ സംഗതികൾ സംഭവിച്ചിരിക്കുന്നു. ദൈവസ്തുതികൾക്കായി നമ്മുടെ അധരങ്ങൾ തുറന്നിരിക്കുന്നു; നമ്മുടെ ഹൃദയം സന്തോഷംകൊണ്ടു്‌ തുടിക്കുന്നു. നമ്മുടെ നാവുകൾ ദിവ്യ സ്തുതികൾ പാടുന്നു. വിശ്വാസത്തോടും തികഞ്ഞ ഭക്തിയോടുംകൂടെ സജീവ ദൈവത്തെയും രക്ഷകനായ മിശിഹായേയും പരിശുദ്ധാത്മാവിനെയും നാം മഹത്ത്വപ്പെടുത്തുന്നു. കാരണം., അവിടുന്നു്‌ ഈ മഹനീയ സംഗതികൾ നമ്മുടെ ഇടയിൽ ചെയ്‌കയും വർദ്ധിപ്പിക്കുകയും ചെയ്തിരിക്കുന്നു; അവിടുത്തേക്കു്‌ കൃതജ്ഞത അർപ്പിക്കാൻ ഒരുരീതിയിലും നമ്മെക്കൊണ്ടാവില്ല. മഹാരാജാവും വിജയശ്രീലാളിതനും വിശ്വപ്രശസ്തനുമായ യദ്‌സ്‌ഗേർദ്‌ രാജാവിനു ദീർഘായുസ്‌ നൽകട്ടെ എന്നു്‌ കാരുണ്യവാനായ ദൈവത്തോടു്‌ ഏകസ്വരത്തിൽ ഞങ്ങൾ അപേക്ഷിക്കുന്നു. തലമുറ തലമുറയോളവും യുഗയുഗാന്തരങ്ങളോളവും അദ്ദേഹത്തിന്റെ ആയുസ്‌ ദീർഘിക്കട്ടെ. മെത്രാന്മാരുടെ സിനഡിന്റെ ഈ മഹനീയ ദർശനത്താൽ മിശിഹായുടെ മഹിമാസനത്തിൻ മുമ്പാകെ എന്നവണ്ണം നമ്മുടെ ഹൃദയം ഉയരുന്നു. പൗരസ്ത്യദേശത്തു്‌

www.malankaralibrary.com



ഇപ്പോഠം പുതുതായി ഒന്നിച്ചുകൂടിയിരിക്കുന്ന ഈ സിനഡിൽ പാശ്ചാത്യ ദേശത്തുനിന്നുള്ള കത്ത് എല്ലാവരുടെയും മുൻപാകെ വായിക്കണമെന്ന് തെരഞ്ഞെടുക്കപ്പെട്ട പിതാക്കന്മാരും സിനഡിൻെറ പ്രധാനികളും കല്പിച്ചു. വിവിധ സ്ഥലങ്ങളിൽനിന്ന് വന്നുചേർന്നിരിക്കുന്ന നാല്പതാളം മെത്രാന്മാരായ ഞങ്ങഠം ശ്രദ്ധാപൂർവം സന്തോഷത്തോടുകൂടി ഈ കത്തു വായിച്ചുകേഠക്കുകയും അതിലെഴുതിയിരിക്കുന്നത് പൂർണ്ണമായി അംഗീകരിക്കുകയും ചെയ്യുന്നു.

ഒന്നാമതായി, മെത്രാന്മാരെ സംബന്ധിച്ച്: ഒരേ പട്ടണത്തിൽ രണ്ടോ മൂന്നോ മെത്രാന്മാർ ഉണ്ടായിരിക്കാൻ പാടില്ല; പിന്നെയോ ഓരോ പട്ടണത്തിലും ഓരോ മെത്രാനും അദ്ദേഹത്തിൻെറ ഭരണാധികാരവും മതി. ഒരു മെത്രാൻ മരിക്കുന്നതിനു മുമ്പ് മറെറാരാളെ വാഴിക്കാൻ അയാഠക്കധികാരമില്ല: അയാഠ ജീവിച്ചിരിക്കുമ്പോഴും മരിക്കുന്ന അവസരവും പാടില്ല. ഒരു മെത്രാൻ തനിച്ചോ രണ്ടു മെത്രാന്മാർ കൂടിയോ മറെറാരു മെത്രാനെ വാഴിക്കുന്നത് നിയമാനുസൃതമല്ല. പിന്നെയോ മൂന്നുപേർകൂടി വാഴിക്കുന്നതാണ് ശരി. അതും ദൂരെയുള്ള മെത്രാന്മാരായിരുന്നാൽ ഏറെ നന്ന്. ആർച്ചുബിഷപ്പ് മെത്രാപ്പോലീത്തായുടെ അധികാരപത്രത്തോടുകൂടിയേ ഇപ്രകാരം വാഴിക്കാവൂ.

രണ്ടാമതായി, ഒന്നിച്ച് കൂടിയിരിക്കുന്ന ഞങ്ങളെല്ലാവരും, വാഴ്ത്തപ്പെട്ട തിരുനാളുകളുടെ ആദ്യത്തെ വിശുദ്ധ തിരുനാളായ, നമ്മുടെ രക്ഷകൻെറ സ്തുത്യർഹമായ യൽദായും ദനഹായും ഐകരൂപ്യമായി ആചരിക്കും എന്നു തീരുമാനിക്കുന്നു. അതുപോലെ നാല്പതു ദിവസത്തെ നോമ്പ് ഏഴാഴ്ചകളിലായി ഒരേ കാലഘട്ടത്തിൽ ഇവിടെ കൂടിയിരിക്കുന്ന എല്ലാവരും ആചരിക്കും. നമ്മുടെ രക്ഷകൻെറ വിശുദ്ധ പെസഹാത്തിരുനാളും പീഡാനുഭവത്തിൻെറയും മരണത്തിൻെറയും ഉത്ഥാനത്തിൻെറയും ദിവസവും ആചരിക്കും. ഞങ്ങളുടെ എല്ലാ ദേവാലയങ്ങളിലും ജീവിച്ചിരിക്കുന്നവരുടെ വിശുദ്ധിക്കുംമരിച്ചവരുടെ ഉത്ഥാനത്തിനും വേണ്ടി, മിശിഹായുടെ ശരീരത്തിൻെറയും രക്തത്തിൻെറയുമായ വിശുദ്ധ ബലി ദൈവത്തിനു് അർപ്പിക്കും.

മൂന്നാമതായി, ബഹുമാന്യനായ മാറ് മാറൂഥാ എപ്പിസ്കോപ്പായും പാശ്ചാത്യപിതാക്കന്മാർ എഴുതിയതു് ഏററം ഉചിതവും ഉത്തമവുമാണു്:

"നമ്മുടെ ആവശ്യം അംഗീകരിച്ച് ഒരു സിനഡുകൂടുവാൻ നമ്മുടെ കർത്താവിനിഷ്ടമായി വിജയശ്രീലാളിതനായ മഹാരാജാവ് കല്പിച്ചിരിക്കുന്ന ഈ അവസരം നീതിമാനും ദൈവസ്നേഹിതനും വിജയശ്രീലാളിതനുമായ കോൺസ്റ്റൻറയിൻ ചക്രവർത്തിയുടെ കാലത്തു് നിഖ്യാ നഗരത്തിൽവച്ചു് 318 മെത്രാന്മാർ കൂടിയ വലിയ സൂഹനദോസിൽ തീരുമാനിച്ചുറച്ച എല്ലാ കാനോനാകളും ഞങ്ങഠം അഞ്ഞേട്ടുന്നുയുന്നു. അവരുടെ ദൈവവിശ്വാസമനുസരിച്ച്, സത്യപ്രമാണങ്ങളും വിശുദ്ധ നിയമങ്ങളും ചൊവ്വുള്ള പ്രവൃത്തികളും മഹനീയ കാനോനാകളും വ്യക്തമായ ക്രമങ്ങളും അവർ തയ്യാറാക്കി നടപ്പാക്കി."

നമ്മുടെ ബഹുമാന്യരായ സഹപ്രവർത്തകരുടെ കത്തിലെ ഈ

www.malankaralibrary.com



വാചകം കേട്ടപ്പോൾ നമ്മുടെ പിതാവും ഭാഗ്യസ്മരണാർഹനും സെലൂഷ്യാ സ്റ്റെസിഫൺിലെ എപ്പിസ്കോപ്പായും കാതോലിക്കോസും ആർച്ച്ബിഷപ്പുമായ മാർ ഇസഹാക്ക്, സഹപ്രവർത്തകരിൽ പ്രധാനി എന്ന നിലയിൽ ആദ്യമായി സംസാരിച്ചു.—അദ്ദേഹത്തിൻെറ കാലത്താണ് നമ്മുടെ കുനിഞ്ഞ തലകൾ നിവർന്നതും നമുക്ക് സമാധാനവും ശാന്തിയും കൈവന്നതും.—മിശിഹായുടെ സമാധാനത്തിൽ വാത്സല്യം പങ്കുവയ്ക്കുന്ന മാർ മാറൂഥാ എപ്പിസ്കോപ്പായോട് മാർ ഇസഹാക്ക് പറഞ്ഞു: ''ഈ കാനോനാകൾ രേഖപ്പെടുത്തിയിരിക്കുന്ന വാല്യം ഇവിടെ കൊണ്ടുവന്ന് മെത്രാന്മാരുടെ സിനഡിൻെറ മുൻപാകെ വായിക്കാവുന്നതാണ്.'' ഉടനെ അതുകൊണ്ടുവന്നു വായിച്ചു. മിശിഹായുടെ സഭയിലെ ശുശ്രൂഷയെ ക്രമീകരിക്കാനായി നിർമ്മിക്കപ്പെട്ട നിയമങ്ങളെല്ലാം ഞങ്ങൾ കേട്ടു. പാശ്ചാത്യലോകത്തെ പരിശുദ്ധവും മഹനീയവുമായ സിനഡിൽവച്ച് മെത്രാന്മാരായ പിതാക്കന്മാരിലൂടെ ദൈവികജ്ഞാനം സംമ്പാദിച്ച എല്ലാ കാനോനാകളും ഞങ്ങൾ അംഗീകരിച്ചു; പരിപൂർണസന്തോഷത്താൽ ഞങ്ങൾ സന്തോഷചിത്തരായി. ഒന്നാമനായ മാർ ഇസഹാക്ക് എപ്പിസ്ക്കോപ്പാ, തൻെറ സഹപ്രവർത്തകരുടെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധി എന്ന നിലയിൽ പറഞ്ഞു: ''ഈ മഹനീയ നിയമങ്ങളും ഈ സത്യകാനോനകളും സ്വീകരിച്ച് അംഗീകരിക്കാത്തവർ ദൈവജനത്തിന് ശപിക്കപ്പെട്ടവരായിരിക്കും; മിശിഹായുടെ സഭയിൽ അവർക്കൊരവകാശവും ഉണ്ടായിരിക്കുന്നതല്ല.'' അദ്ദേഹത്തിനുശേഷം മെത്രാന്മാരായ ഞങ്ങളെല്ലാവരും ഏകസ്വരത്തിൽ അദ്ദേഹം പറഞ്ഞതുപോലെ പറയുകയും തീർപ്പുകല്പിക്കുകയും ചെയ്തു.

അതിനുശേഷം മാർ മാറൂഥാ ഞങ്ങളെല്ലാവരോടുമായി പറഞ്ഞു: ഈ ചട്ടങ്ങളും ഈ നിയമങ്ങളും ഈ കാനോനാകളും എഴുതി സൂക്ഷിക്കണം. ഇതിൻെറ അവസാനം നാമെല്ലാവരും ഒപ്പിടണം; മാററമില്ലാത്ത ഉടമ്പടിയാൽ നമ്മുടെ ഒപ്പ് ഉറപ്പിക്കയും വേണം. ആദ്യമായി കാതോലിക്കോസ് മാർ ഇസഹാക്ക് പറഞ്ഞു: ''എല്ലാവർക്കും മുൻപ് എൻെറ സ്വന്തം കൈകൊണ്ട് ഞാൻ ഒപ്പുവയ്ക്കും.'' അതിനുശേഷം വിവിധ സ്ഥലങ്ങളിൽനിന്നുള്ള മെത്രാന്മാരായ ഞങ്ങൾ ഇപ്രകാരം പ്രഖ്യാപിച്ചു: ''ഞങ്ങളും ഇവ സന്തോഷപൂർവം അംഗീകരിക്കുന്നു; മുകളിൽ എഴുതപ്പെട്ടനതിൻെറയെല്ലാം അവസാനം ഞങ്ങൾ ഒപ്പുവച്ച് ഇവയെല്ലാം അംഗീകരിക്കുന്നതാണ്.''

കുറേ ദിവസങ്ങൾക്കുശേഷം ഞങ്ങളുടെ പിതാക്കന്മാർ,—പൗരസ്ത്യ കാതോലിക്കോസ് മാർ ഇസഹാക്കും മാർ മാറൂഥാ എപ്പിസ്ക്കോപ്പായും,—വിജയശ്രീലാളിതനും ഭുവനപ്രശസ്തനുമായ രാജാക്കന്മാരുടെ രാജാവിനോട് സംസാരിച്ചു. അദ്ദേഹം വിജ്ഞാനത്തോടും സ്വാതന്ത്ര്യത്തോടും കൂടെ ഒരു കല്പന എഴുതി. സർവ സൈന്യാധിപന്മാരായ മിഹ്ർ ശബൂറിനും വലിയ വിസീർ ഖുസ്രൗ യെസ്ദ് ഗേറിനും കൊടുത്തു. ഞങ്ങൾ അവരുടെ സന്നിധിയിൽ പ്രവേശിച്ചു. ഞങ്ങളെല്ലാവരുംകൂടി അവരെ ശ്രവിച്ചു. അവർ ഇപ്രകാരം ചുരുക്കത്തിൽ പറഞ്ഞു: ''മുമ്പ് നിങ്ങൾക്കെതിരായി വലിയ മതപീഡനം നടന്നു. നിങ്ങൾ രഹസ്യമായിട്ടത്രേ സഞ്ചരിച്ചിരുന്നത്; ഇപ്പോൾ മഹാരാജാവ് നിങ്ങൾക്ക് വലിയ സമാധാനവും ശാന്തിയും നൽകിയിരിക്കുന്നു. ഇസഹാക്ക് കാതോലിക്കോസുമായുള്ള പരിചയംകൊണ്ട്, പൗരസ്ത്യദേശത്തുള്ള എല്ലാ ക്രിസ്ത്യാനികളുടെയും തലവനായി അദ്ദേഹത്തെ ആക്കുന്നത് മഹാരാ

www.malankaralibrary.com



ജാവിന് സമ്മതമുള്ള കാര്യമാണ്. വിശിഷ്യാ, മാറൂഥാ എപ്പിസ്കോപ്പാ ഇവിടെ വന്ന ദിവസംമുതൽ മഹാരാജാവിന്റെ ഔദാര്യംമൂലം നിങ്ങൾക്കു സമാധാനവും ശാന്തിയും കൈവന്നിരിക്കുന്നു. ഇവിടെയുള്ള മെത്രാന്മാരെ സംബന്ധിച്ച് റോമൻ പ്രദേശത്തുനിന്നു കൊണ്ടുവന്ന കത്തിനെക്കുറിച്ച് മഹാരാജാവായ യസ്ദ്ഗേർദ് ഇപ്രകാരം കല്പിക്കുന്നു: സഭാദ്ധ്യക്ഷന്മാരാകുവാനും ദൈവജനത്തെ നയിക്കാനും യോജിച്ച ആളുകളായി നിങ്ങൾ തെരഞ്ഞെടുക്കുന്നവരെയെല്ലാം ഇസഹാക്ക് എപ്പിസ്കോപ്പായും മാറൂഥായും കൂടെ നിയമിക്കും. അവർ അദ്ധ്യക്ഷന്മാരായിരിക്കയും ചെയ്യും. ഈയാളുകൾ അവരിൽ നിന്ന് വേർപെട്ടുപോകാൻ പാടില്ല. ആരെങ്കിലും അവരെ എതിർക്കുകയോ അവരുടെ ഹിതത്തിനെതിരായി പ്രവർത്തിക്കുകയോ ചെയ്യുമ്പോൾ അവർ അക്കാര്യം ഞങ്ങളോടു പറഞ്ഞാൽ ഞങ്ങൾ അതു മഹാരാജാവിനെ അറിയിക്കാം. പ്രസ്തുത വ്യക്തി തന്റെ ധൃഷ്ടതയ്ക്ക് ശിക്ഷിക്കപ്പെടുകയും ചെയ്യും എന്നറിഞ്ഞിരിക്കട്ടെ''— ഞങ്ങളെല്ലാവരും ഒന്നിച്ച് അവനെ വണങ്ങി. വീണ്ടും, പൗരസ്ത്യകാതോലിക്കോസ് മാർ ഇസഹാക്കും അദ്ദേഹത്തിന്റെ സഹോദരനും ബഹുമാന്യ മെത്രാനുമായ മാർ മാറൂഥായും ഞങ്ങളോട് ഇപ്രകാരം പറഞ്ഞു: മെത്രാന്മാർ ഓരോരുത്തരും ഏതൊക്കെ പട്ടണത്തിലായിരിക്കണം, അവർ എപ്രകാരമായിരിക്കണം വ്യാപരിക്കേണ്ടത്, അവരുടെ പരിധികൾ, അവരുടെ അധികാരങ്ങൾ എന്നിവയെ സംബന്ധിച്ച് ഇന്നുനടന്ന സിനഡിൽ നിങ്ങളുടെ മുൻപാകെ വായിക്കപ്പെട്ട ഈ കാനോനാകളും ഈ നിയമങ്ങളും നിങ്ങളെല്ലാവരും കേട്ട് അംഗീകരിച്ചതാണല്ലോ. ഇപ്പോൾ, കത്തോലിക്കാസഭയുടെ ശുശ്രൂഷയ്ക്കാവശ്യമായ സംഗതികൾക്കുവേണ്ടിയുള്ള തീരുമാനത്തിൽ എല്ലാവരും ഒപ്പുവയ്ക്കണം. നിങ്ങളുടെ സ്വന്തം കൈകൊണ്ട് ഒപ്പിട്ട്, മാററമില്ലാത്തതും അഴിവില്ലാത്തതുമായ ഒരു ഉടമ്പടിയാൽ അതുറപ്പിക്കണം.'' ഉടനെ ഉയർന്ന ശബ്ദത്തിൽ ഞങ്ങളെല്ലാവരും പറഞ്ഞു: തീർച്ചയായും ഞങ്ങൾ അപ്രകാരം ചെയ്യും. സന്തോഷപൂർവം ഞങ്ങൾ അതിൽ ഒപ്പിടും. ഇതംഗീകരിക്കാതെയും ഈ തീരുമാനത്തിനെതിരായി പിന്നീട് കലഹം ഉണ്ടാക്കുന്ന രീതിയിൽ പ്രവർത്തിക്കയും ചെയ്യുന്നയാൾ, ന്യായമായി, മിശിഹായുടെ സഭ മുഴുവനിലുംനിന്ന് പൂർണമായും പുറന്തള്ളപ്പെടും എന്നറിഞ്ഞുകൊള്ളട്ടെ; ആ മുറിവിന് ഒരു മരുന്നുമില്ല. മഹാരാജാവിന്റെ കഠിനമായ വിധിക്കും അവൻ വിധേയനാകും; പീഡനസ്ഥലത്തേക്ക് അവൻ എറിയപ്പെടുകയും ചെയ്യും; അവിടെ ലജ്ജയും നിന്ദയും അവൻ അനുഭവിക്കും.

മാററമില്ലാത്ത ഉടമ്പടിയാലും മാററിക്കൂടാത്ത പ്രതിജ്ഞയാലും അഴിവില്ലാത്ത നിശ്ചയത്താലും, വ്യതിയാനരഹിതമായ തീരുമാനത്താലും എല്ലാ സംഗതികളും പൂർണ്ണമായി ഞങ്ങൾ അംഗീകരിച്ചു. ഇപ്രകാരം രേഖപ്പെടുത്താൻ എഴുത്തുകാരനെ ഞങ്ങൾ ചുമതലപ്പെടുത്തി.

രാജാക്കന്മാരും ഉന്നതസ്ഥാനീയരും പ്രശാന്തവും സമാധാനപൂർണ്ണവുമായി ജീവിക്കുന്നതിനും ദൈവത്തിന്റെ സഭയ്ക്കും ജനത്തിനും എതിരെ ക്രൂരവും അഹങ്കാരപൂർണ്ണവുമായ പദ്ധതികൾ രൂപീകരിക്കാതിരിക്കാനുമായി ''എല്ലാററിനും മുമ്പ് സഭ മുഴുവൻ യാചനകളും പ്രാർത്ഥനകളും അപേക്ഷകളും ദൈവത്തിനും, തന്റെ മിശിഹായ്ക്കും തന്റെ ജീവനുള്ള ശുദ്ധാത്മാവിനും അർപ്പിക്കണം'' (1 തിമോ. 2: 1 f).

www.malankaralibrary.com

# മുന്നൂററിപതിനെട്ട് എപ്പിസ്കോപ്പാമാരുടെ വിശ്വാസപ്രമാണം

''സർവശക്തിയുള്ള പിതാവും ദൃശ്യാദൃശ്യങ്ങളുടെ നിർമ്മാതാവുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ പുത്രനും പിതാവിൽനിന്നു ജനിച്ചവനും ഏകജാതനും പിതാവിന്റെ സത്തയിൽ നിന്നുള്ളവനും ദൈവത്തിൽ നിന്നുള്ള ദൈവവും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സത്തയിൽ പിതാവിനോടു സമത്വമുള്ളവനും തന്നാൽ ആകാശത്തിലും ഭൂമിയിലുമുള്ള സകലവും നിർമ്മിക്കപ്പെട്ടവനുമായ ഏക കർത്താവേശുമിശിഹായിലും ഞങ്ങൾ വിശ്വസിക്കുന്നു. അവൻ മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി സ്വർഗത്തിൽ നിന്നിറങ്ങി ശരീരമെടുത്തു മനുഷ്യനായി. അവൻ കഷ്ടപ്പെട്ടു മരിക്കയും മൂന്നാംനാൾ ഉയിർത്തെഴുന്നേൽക്കുകയും സ്വർഗ്ഗത്തിലേക്ക് കരേറുകയും ചെയ്തു. ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാൻ അവൻ വരും. പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. 'അവൻ ഇല്ലായിരുന്ന ഒരു സമയം ഉണ്ടായിരുന്നു' എന്നോ, 'ജനിക്കുന്നതിനു മുമ്പ് അവൻ ഇല്ലായിരുന്നു' എന്നോ, 'ഇല്ലാതിരുന്ന അവസ്ഥയിൽ നിന്ന് അവനുണ്ടായി' എന്നോ, 'അവൻ മറെറാരു സാരാംശത്തിൽ അഥവാ സത്തയിൽ നിന്നാണ്'' എന്നോ, 'മാററത്തിനും വ്യതിയാനത്തിനും വിധേയനാണ്'' എന്നോ ദൈവപുത്രനെപ്പററി പറയുന്ന എല്ലാവരെയും കാതോലികവും ശ്ലൈഹികവുമായ സഭ പുറന്തള്ളുന്നു.

# സിനഡിൽ പാസാക്കിയ 21 കാനോനകൾ

## കാനൻ 1

മെത്രാന്മാരുടെ തെരഞ്ഞെടുപ്പ്, കൈവയ്പ് എന്നിവ സംബന്ധിച്ച ക്രമീകരണം.[1]

ഒരു മെത്രാൻ തനിച്ചോ, രണ്ടു മെത്രാന്മാർ മാത്രം കൂടിയോ ഒരാളെ മെത്രാനായി വാഴിച്ചാൽ, പട്ടം നൽകിയ ആളും പട്ടം സ്വീകരിച്ചയാളും സ്ഥാനഭ്രഷ്ടരാക്കപ്പെടണം. മെത്രാനെ വാഴിക്കേണ്ട അവസരങ്ങളിലെല്ലാം, മെത്രാന്മാർ പട്ടണത്തിൽ ഒന്നിച്ചുകൂടി ആലോചിച്ച് വ്യക്തിയെപ്പററി വേണ്ട അന്വേഷണം നടത്തണം: ദരിദ്രരെ പരിഗണിക്കുകയും, അപരിചിതരെ സ്വീകരിക്കുകയും, പീഡിതരെ ആശ്വസിപ്പിക്കുകയും, അനാഥരെയും വിധവകളെയും തീററിപ്പോററുകയും, അമിത പലിശയ്ക്ക് പണം കൊടുക്കാതിരിക്കയും, കൈക്കൂലി വാങ്ങാതിരിക്കയും വിധിക്കുമ്പോൾ മുഖം നോക്കാതിരിക്കയും, അഹങ്കാരത്തിൽനിന്നും ഭോജനപ്രിയത്തിൽനിന്നും അകന്നിരിക്കയും ചെയ്യുന്നവനും, പ്രസംഗിക്കാൻ കഴിവുള്ളവനും വിജ്ഞാനിയും വിശുദ്ധ ലിഖിതത്തിലെ പ്രബോധനങ്ങളെ രാപകൽ ധ്യാനിക്കുന്നവനും, സഭാശുശ്രൂഷയ്ക്കാവശ്യമായവ നിയ

1. നിഖ്യാ, കാനൻ 4: ജി. ചേടിയത്ത് സഭാപിതാക്കന്മാർ, 1 59–60.

www.malankaralibrary.com



ന്ത്രിച്ച് നയിക്കാൻ ഉള്ള ബുദ്ധിശക്തിയും വിവേചനാശക്തിയും ഉള്ളവനും ആയ വ്യക്തിയെ കണ്ടുപിടിക്കണം.

മെത്രാന്മാർ ജനങ്ങളോടുകൂടി ദേവാലയത്തിൽ ഒന്നിച്ചുകൂടി കർബാനയുടെ മധ്യത്തിൽ, ബലിപീഠത്തിൻെറ മുമ്പിൽവച്ച് അർത്ഥിയുടെ തലയിൽ സുവിശേഷം വച്ചുകൊണ്ട് വലത്തുകൈ അയാളുടെ മുകളിലേക്ക് നീട്ടുക. അവരിൽ പ്രധാന കാർമ്മികൻ കൈവയ്പിൻെറ പ്രാർത്ഥന ചൊല്ലണം. അതിനുശേഷം, മെത്രാനായി അഭിഷിക്തനായ വ്യക്തി പൂർത്തീകരണത്തിനായി സെലൂഷ്യാ—സ്റ്റെസിഫണിലെ കാതോലിക്കയായ വലിയ മെത്രാപ്പോലീത്തായുടെ അടുക്കലേക്ക് പോകണം. പട്ടംകൊടുത്ത മെത്രാന്മാരുടെ കത്തും അയാൾ കൊണ്ടുപോകണം.—എന്നാൽ നമ്മിലാരെങ്കിലും, ജീവിതകാലത്തോ മരണാവസരമോ, മറൊരു മെത്രാനെ വാഴിക്കാൻ തുനിഞ്ഞാൽ, 318 മെത്രാന്മാരുടെ വിശുദ്ധ സിനഡിൽ പാസ്സാക്കിയ തീരുമാനമനുസരിച്ച്, പട്ടംകൊടുത്തയാളും പട്ടം സ്വീകരിച്ചയാളും സഭയുടെ എല്ലാ വൈദികഗണത്തിൽ നിന്നും ദയകൂടാതെ തള്ളപ്പെടണം.

## കാനൻ 2

അംഗവൈകല്യം വരുത്തുകയോ, അവയവങ്ങൾ നശിപ്പിക്കുകയോ ചെയ്യുന്ന ഷണ്ഡന്മാരെക്കുറിച്ച്: 1

ഷണ്ഡന്മാരെ സംബന്ധിച്ച് സിനഡിൻെറ തീരുമാനം തന്നെ ഞങ്ങളും അംഗീകരിക്കുന്നു: അതായത്, സ്വന്ത ഇഷ്ടത്താൽ വൃഷണ ഛേദനം നടത്തി ഷണ്ഡരായവരെ സഭയിൽ സ്വീകരിക്കാൻ പാടില്ല. എന്നാൽ ചെറുപ്പത്തിൽ തങ്ങളുടെ യജമാനന്മാരുടെയും, അപരിഷ്കൃതരുടെയും നിർബന്ധംമൂലം അംഗവിച്ഛേദനത്തിനിടയായവരെയും ഏതെങ്കിലും രോഗംനിമിത്തം ഭിഷഗ്വരന്മാർ ഓപ്പറേഷനു വിധേയരാക്കിയവരെയും സഭയുടെ വൈദികഗണത്തിൽ ചേർക്കാവുന്നതാണ്; ഭാഗ്യവാന്മാരായ പിതാക്കന്മാരുടെ കാനോനായും ഇതംഗീകരിക്കുന്നുണ്ട്.

## കാനൻ 3

മുൻകാല രീതിയനുസരിച്ചുള്ള ''സുബ് ഇൻത്രോഡുക്തേ''2 വൈദികസ്ഥാനത്തുള്ളവരോടുകൂടെ പാർക്കുവാൻ പാടില്ല എന്നതിനെ സംബന്ധിച്ച്—''സുബ ഇൻത്രോഡുക്തേ''യെ സംബന്ധിച്ച് സിനഡ് കൈകൊണ്ടിക്കാണിച്ചത് ഞങ്ങൾ അനുവർത്തിക്കുന്നു. ഒറ്റയ്ക്ക് സഭാശുശ്രൂഷകർക്ക് യോജിച്ച രീതിയിൽ വിശുദ്ധമായും ശുദ്ധതയോടുകൂടിയും പുരുഷന്മാർ പുരുഷന്മാരോടുകൂടെ വേണ്ടെയല്ലാതെ സ്ത്രീകളോടുകൂടെ പാർക്കുന്ന മെത്രാന്മാരെയും വൈദികരെയും ഡീക്കന്മാരെയും സബ് ഡീക്കന്മാരെയും ഉടമ്പടിയുടെ പുത്രന്മാരെയും സഭാശുശ്രൂഷകർക്ക് മേലിൽ അനുവദിക്കാൻ പാടില്ല.

---

1. നിഖ്യ; കാനൻ 1: ജി. ചേടിയത്ത്, പേ. 57.
2. നിഖ്യാ, കാനൻ 3: ജി. ചേടിയത്ത്, പേ. 59

www.malankaralibrary.com



**കാനൻ 4**

അന്യായ ലാഭത്തിനു പരിശ്രമിക്കുന്ന വൈദികസ്ഥാനീയരെ കുറിച്ച്: 1 അന്യായനേട്ടം, അമിതലാഭം, അന്യായ പലിശ എന്നിവ സംബന്ധിച്ച് സിനഡിൽ തീരുമാനിച്ചതുതന്നെ സ്വേച്ഛയാ ഞങ്ങളും അംഗീകരിക്കുന്നു. സഭാശുശ്രൂഷയിലേർപ്പെട്ടിരിക്കുന്ന വ്യക്തികൾ അവർ ഏതു ഗണത്തിൽപെട്ടവരായിരുന്നാലും ശരി മേലിൽ അമിത പ്പലിശ വാങ്ങുകയോ, അന്യായമായ ലാഭമുണ്ടാക്കുകയോ ചെയ്താൽ ശുശ്രൂഷയിൽ നിന്ന് അന്യരായിരിക്കും; നമ്മോടുകൂടെ അവർക്ക് ഭാഗ ഭാഗിത്വം ഉണ്ടായിരിക്കുന്നതല്ല.

**കാനൻ 5**

ലക്ഷണം പറയിക്കൽ, ശകുനംനോട്ടം, മററ് വിജാതീയ പ്രവൃ ത്തികൾ എന്നിവ വിശ്വാസികൾക്കുചിതമല്ല എന്നതും സംബന്ധിച്ച്: ലക്ഷണം പറയുക, ശകുനം നോക്കുക, പുറജാതികൾക്കു ചേരുന്ന അഭ ക്തവും പാപകരവുമായ രഹസ്യകർമ്മങ്ങൾ, ചരടുകെട്ട്, രക്ഷകെട്ട്, മന്ത്രവാദം, പൈശാചികാരാധന തുടങ്ങിയ സംഗതികൾ ചെയ്യുന്നവർ സഭാഭ്രഷ്ടരും ശപിക്കപ്പെട്ടവരുമായിരിക്കും. ഇവയിലേതെങ്കിലും പ്രവ ർത്തിക്കുന്നതായി കാണപ്പെടുന്ന വ്യക്തികൾ, കരുണ കൂടാതെ, മിശിഹാ യുടെ സഭ മുഴുവനിലുംനിന്നു പുറന്തള്ളപ്പെടും; അവരുടെമേൽ പിന്നൊ രിക്കലും കരുണ ഉണ്ടായിരിക്കുന്നതല്ല.

**കാനൻ 6**

മെത്രാന്മാരുടെ യോഗത്തെ സംബന്ധിച്ച്, എപ്പോൾ, എന്തിനു വേണ്ടി കൂടണം എന്നതു സംബന്ധിച്ച്: 'മെത്രാന്മാരുടെ സിനഡിൽ വച്ച് എല്ലാ കലഹങ്ങളും കുററാരോപണങ്ങളും അവസാനിക്കുന്നതി നാൽ ആണ്ടിൽ രണ്ടുപ്രാവശ്യം മെത്രാന്മാരുടെ യോഗം കൂടണം:''— ഈ കാനൻ സിനഡ് പാസാക്കിയതാണ്. 2 രാജാവ് സെലൂഷ്യാ സ്റ്റെസി ഫണിലായിരിക്കുമ്പോൾ രണ്ടുവർഷത്തിലൊരിക്കൽ കോക്കേ സിംഹാ സനത്തിൽ അദ്ധ്യക്ഷനായിരിക്കുന്ന വലിയ മെത്രാപ്പോലീത്താ, നാം സന്തോഷപൂർവം ഒന്നിച്ചുകൂടുന്നതിനും അദ്ദേഹത്തെ ബഹുമാനിക്കുന്ന തിനും എത്തുവാൻ, നമുക്കെഴുതണമെന്ന് ഞങ്ങൾ സിനഡിൻെറ പ്രമാ ണികളോട് ഉടനെതന്നെ ആവശ്യപ്പെടുന്നു. ദൈവഭയമനുസരിച്ച് നാം തീരുമാനിക്കുന്നതെല്ലാം താമസംകൂടാതെ നാം നടപ്പാക്കുന്നതാണ്. നാം തീരുമാനിച്ച് നിശ്ചയിക്കുന്ന, നമ്മുടെ കർത്താവായ മിശിഹായുടെ നിയമങ്ങൾ നാം സ്വീകരിച്ച് ബഹുമാനത്തോടും അവിടുത്തെ ഇച്ഛയോ ടുള്ള വിധേയത്വത്തോടുംകൂടെ നടപ്പാക്കും.

**കാനൻ 7**

പരദേശികളെ സ്വീകരിക്കാനുള്ള ഭവനങ്ങളെപ്പററി; ശുപാർശ

1. നിഖ്യാ. 17, ചേടിയത്തു് 74.
2 നിഖ്യകാനൻ. 5; ചേടിയത്തു്, 60–61.

www.malankaralibrary.com



ക്കത്തുകളുമായി വരുന്നവരെ സ്വീകരിക്കുന്നതിനെപ്പററി:[1] പാവപ്പെട്ടവരെയും പരദേശികളെയും സ്വീകരിക്കാൻ എല്ലാ പള്ളികളോടുചേർന്ന് ഒരു പ്രത്യേക ഭവനം ഉണ്ടായിരിക്കണമെന്ന് നാം തീരുമാനിക്കുന്നു. ഒരു മെത്രാനിൽനിന്ന് മറെറാരു സഹോദരമെത്രാനും, ഒരു വൈദികനിൽനിന്നു വേറൊരു വൈദികനും ഉള്ള ശുപാർശക്കത്തോടുകൂടിവരുന്നവരെ സ്വീകരിക്കണം.

## കാനൻ 8

ഒരു വിരുന്നിനോ അടിയന്തിരത്തിനോ ക്ഷണിക്കപ്പെട്ട വൈദികസ്ഥാനി ഒരു ഭാഗം എടുത്തുകൊണ്ടുപോകാൻ പാടില്ല; അതു ചോദിക്കാനും പാടില്ല; അവർ ഹോട്ടലുകളിൽനിന്നു ഭക്ഷിക്കരുത്; പന്തിഭോജനങ്ങൾക്ക പോകയുമരുത് എന്നതു സംബന്ധിച്ച്.— വൈദികരും ഡീക്കന്മാരും സബ്ഡീക്കന്മാരും പാവപ്പെട്ടവരുടെ അടിയന്തിരങ്ങൾക്ക പോകാത്തതിനാൽ അവർക്കൊരു പ്രത്യേകവിരുന്ന് തയാറാക്കാറുണ്ട്. ഒരു ഭാഗം എടുത്തുകൊണ്ടുപോകാറുമുണ്ട്. സഭയുടെ ഔന്നത്യത്തിനു് കളങ്കവും അപമാനവും വരുത്തുന്ന സംഗതിയാണിതു്.—മരിച്ച വീട്ടിലോ, ഹോട്ടലുകളിലോവച്ചു നടത്തുന്ന പന്തിഭോജനങ്ങൾക്കോ സദ്യകൾക്കോ വൈദികസ്ഥാനികളാരുംതന്നെ—വൈദികർ, ഡീക്കന്മാർ, സബ്ഡീക്കന്മാർ, ഉടമ്പടിയുടെ പുത്രന്മാർ, ദൈവസമർപ്പിതർ—ഒരുകാരണവശാലും പോയി പങ്കെടുക്കാൻപാടില്ല.

## കാനൻ 9

ഞായറാഴ്ചയിലെ ശുശ്രൂഷയെ ഉചിതമാംവിധം ബഹുമാനിക്കേണ്ടതിൻെറ ആവശ്യകതയെപ്പററി:—ഞായറാഴ്ചതോറും മററ് പുസ്തകങ്ങളോടുകൂടെ സുവിശേഷവും വായിക്കേണ്ടതാണ്; മൂന്നാംമണിക്കൂറിലോ നാലാംമണിക്കൂറിലോ ദൈവവചനം പ്രസംഗിക്കണം; കുർബാനയും അർപ്പിക്കണം.

## കാനൻ 10

ഈ കാനോനകൾ അനുസരിച്ചുകൊള്ളാമെന്നുള്ള ഉടമ്പടിപ്രകാരം ധ്യാനിക്കാനും അതനുസരിച്ച് ഉചിതമായി എല്ലാം ക്രമീകരിക്കാനും ഓരോ മെത്രാപ്പോലീത്തായ്ക്കും ഈ കാനോനാകളുടെ ഓരോ കോപ്പി ഉണ്ടായിരിക്കണം.—ഈ കാനോനകളിലെ വാക്കുകളുടെ പ്രാധാന്യംനിമിത്തം, മൂന്നോ നാലോ അഞ്ചോ എപ്പിസ്കോപ്പാമാരുടെമേൽ അധികാരമുള്ള എല്ലാ മെത്രാപ്പോലീത്താമാരും ഈ കാനോനകൾ എഴുതിവയ്ക്കണം. അവ അങ്ങനെ എപ്പോഴും കൺമുമ്പിൽ ഉണ്ടായിരിക്കും. സഭാഭരണവും ക്രമങ്ങളും അവയനുസരിച്ച് ഉചിതമായി ക്രമീകരിക്കാനും നിയന്ത്രിക്കാനും സാധിക്കും.—മഹനീയമായ ഈ നിയമങ്ങളും ശ്രേഷ്ഠങ്ങളായ ഈ ചട്ടങ്ങളും ഞങ്ങളോ ഞങ്ങളുടെ പിൻഗാമികളോ ഒരിക്കലും ലംഘിക്ക

---

1 അന്ത്യോക്യാ സിനഡ്, കാനൻ 7: ജി. ചേടിയത്തു്, അന്ത്യോക്യൻസഭ, പേ. 243.

www.malankaralibrary.com



യില്ലെന്ന് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും മുൻപാകെ ആത്മാർത്ഥമായി ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു. നമുക്ക് ഒരേ ഒരു വിശ്വാസവും ഒരു മാമോദീസായും ഒരു സഭയും മാത്രമേയുള്ളു; പരിശുദ്ധത്രിത്വത്തിന്റെ ഒരേ ഒരു സത്തയെ നാം ആരാധിക്കുന്നു; ഇപ്പോഴും, നിത്യത്വം വരെയും നമ്മുടെ എല്ലാ പള്ളികളിലും രൂപതകളിലും നമ്മുടെ പിൻഗാമികളും കർത്താവായ മിശിഹായിലുള്ള വിശ്വാസത്തിൽ ജനിക്കപ്പെടുകയും വളർത്തപ്പെടുകയും ചെയ്യും.

## കാനൻ 11

ഒരു മെത്രാൻ തനിച്ച് മറ്റൊരു മെത്രാന് കൈവയ്പ്പ് കൊടുക്കരുത്; മെത്രാന്മാർ മുടക്കിയ വൈദികരെപ്പററി.— ഇനിമേലിൽ നമ്മുടെ ഇടയിൽ കലഹമുണ്ടാകാൻ പാടില്ല. ഒരു മെത്രാൻതന്നെ വേറൊരാളെ വാഴിക്കാൻ പാടില്ല: പിന്നെയോ മുകളിൽ എഴുതിയിരിക്കുന്നത് നാം പാലിക്കും. —ഒരു മെത്രാനും ക്രമരഹിതമായി തന്റെ സഹപ്രവർത്തകന്റെ അതിർത്തി ലംഘിക്കരുത്. താൻ സ്വന്തമായി അംഗീകരിക്കാത്തവ തന്റെ സഹപ്രവർത്തകനും ചെയ്യരുത്.—ഏതെങ്കിലും മെത്രാൻ മുടക്കിയ വൈദികരും ഡീക്കന്മാരും മത്സരിച്ച് മറ്റൊരു മെത്രാനെ സമീപിച്ചാൽ സ്വീകരിക്കാൻ പാടില്ല.

## കാനൻ 12

സെലൂഷ്യാ— സ്റ്റെസിഫണിലെ കാതോലിക്കാസ്സ് അർഹമായ ബഹുമാനം നൽകുന്നതിനെക്കുറിച്ച്—സെലൂഷ്യാ സ്റ്റെസിഫണിലെ മെത്രാപ്പോലീത്തായും ആർച്ചുബിഷപ്പും എപ്പിസ്കോപ്പായുമായ കാതോലിക്കായെ മശിഹായുടെ വരവുവരെ നാമെല്ലാവരും—ഈ കോക്കേ പള്ളിയിലെ മഹനീയ സിംഹാസനത്തിൻ കീഴിലുള്ള എല്ലാ മെത്രാന്മാരും— അതായത്, പൗരസ്ത്യദേശത്തെ മെത്രാന്മാരായ നാമും നമ്മുടെ പിൻഗാമികളും— നീതിപൂർവകവും കാനോനികവുമായ എല്ലാ കാര്യങ്ങളിലും പൂർണ്ണഹൃദയത്തോടെ അനുസരിക്കുന്നതാണ്. മഹാരാജാവായ യസ്ദ്ഗേർദിൽ നിന്ന് ഇക്കാര്യം സംബന്ധിച്ച് നമുക്ക് കല്പനയും കിട്ടിയിട്ടുണ്ട്.

## കാനൻ 13

സഭാശുശ്രൂഷകൾ, വിശുദ്ധരഹസ്യങ്ങൾ, നമ്മുടെ രക്ഷകന്റെ മഹനീയ തിരുനാളുകൾ എന്നിവ സംബന്ധിച്ചുള്ള കാനോനാകളും നിയമങ്ങളും— എപ്പിസ്കോപ്പാമാരായ ഇസഹാക്കും മാറൂഥായും നമ്മെ പഠിപ്പിച്ചതുപോലെയും ഈ സെലൂഷ്യാ ദേവാലയത്തിൽ അവർ ആചരിക്കുന്നതായി നാം കണ്ടതുപോലെയും പാശ്ചാത്യസഭയിലെ ശുശ്രൂഷപോലെയും നാമെല്ലാവരും ഇപ്പോൾ മുതൽ മേലിൽ ഒരുപോലെ സഭാശുശ്രൂഷകൾ പരികർമ്മം ചെയ്യുന്നു. ഇവിടെയുള്ളതുപോലെ എല്ലാ പട്ടണങ്ങളിലും ഡീക്കന്മാർ കാറോസൂസാ പ്രാർത്ഥനയും ചൊല്ലണം. വിശുദ്ധഗ്രന്ഥവായനയും അവർ തന്നെ നടത്തണം. ഓരോ പള്ളിയിലുമുള്ള ഏകബലിപീഠത്തിൽ പരിശുദ്ധവും പരിപാവനവുമായ

www.malankaralibrary.com



ബലി അർപ്പിക്കപ്പെടണം. വീടുകളിൽ കുർബാന അർപ്പിക്കുന്ന പുരാതന രീതി മേലിൽ നമ്മുടെ ഇടയിൽ ഉണ്ടായിരിക്കാൻ പാടില്ല. ആരും അപ്രകാരം അർപ്പിക്കരുത്. —സെലൂഷ്യാ സ്റ്റെസിഫണിലെ ആർച്ചു ബിഷപ്പും കാതോലിക്കായുമായ മെത്രാപ്പോലീത്താ നമ്മെ അറിയിക്കുന്നതുപോലെ ഒരുപോലെ നാമെല്ലാവരും നമ്മുടെ കർത്താവിന്റെ ദനഹാ തിരുനാളും നമ്മുടെ കർത്താവിന്റെ ഉത്ഥാനത്തിന്റെ മഹാദിവസവും ആചരിക്കണം. തന്റെ സഭയിലും തന്റെ ജനങ്ങളുടെ ഇടയിലും, പൗരസ്ത്യവും പാശ്ചാത്യവുമായ സഭകളോടൈക്യമില്ലാതെ തന്നിഷ്ടപ്രകാരം ദനഹാ തിരുനാളും, നോമ്പും, പെസഹാ തിരുനാളും ആചരിക്കുന്നവർ, ദുഷിച്ചവർ എന്ന രീതിയിൽ, കാരുണ്യം കൂടാതെ, എല്ലാ സഭാ ശുശ്രൂഷകളിൽ നിന്നും പുറന്തള്ളപ്പെട്ടവരായിരിക്കും; അവർക്ക് ഒരു ചികിത്സയുമില്ല.

## കാനൻ 14

കോറെപ്പിസ്ക്കോപ്പാ— ഒരു മെത്രാന് ഒന്നിലധികം കോറെപ്പിസ്കോപ്പാമാർ ഉണ്ടായിരിക്കുക എന്ന ക്രമരാഹിത്യം ഇപ്പോഴില്ല. ഓരോ മെത്രാനും ഓരോ കോറെപ്പിസ്കോപ്പാ മതിയാകും. കൂടുതൽ പേരുള്ളിടത്ത് അവരുടെ സ്ഥാനം പിൻവലിക്കണം.

## കാനൻ 15

ആർച്ചുഡീക്കന്റെ തെരഞ്ഞെടുപ്പ്; അയാളുടെ ശുശ്രൂഷയും ഭരണവും സംബന്ധിച്ചുള്ള ക്രമീകരണങ്ങൾ; ഇക്കൊണോമൂസനെകുറിച്ച്; വിധേയത്വത്തിന് കൂട്ടാക്കാത്തവരെ തിരുത്തുന്നതിനെക്കുറിച്ച്— ഓരോ മെത്രാനും തന്റെ പട്ടണത്തിൽ ഓരോ ആർച്ചുഡീക്കനുണ്ടായിരിക്കണം. അയാൾ വാക്ചാതുരി ഉള്ളവനും പ്രബോധനങ്ങളിൽ പാണ്ഡിത്യം ഉള്ളവനും ആയിരിക്കണം. അവൻ ദരിദ്രരെ സംരക്ഷിക്കയും പരദേശികളെ സൽക്കരിക്കയും വേണം. സഭാശുശ്രൂഷസംബന്ധിച്ചുള്ള എല്ലാ സംഗതികളും നിയന്ത്രിക്കുകയും ക്രമീകരിക്കുകയും ചെയ്യുന്നതു് അവനാണു്. ഞായറാഴ്ചദിവസം, മെത്രാന്റെ സാന്നിധ്യത്തിൽ ബേമായിൽ നിന്നുകൊണ്ട് ഡീക്കന്റെ കാറോസൂസാ ചെല്ലുന്നതും സുവിശേഷം വായിക്കുന്നതും ആർച്ചുഡീക്കനാണു്. അയാൾ സഭാശുശ്രൂഷ സംബന്ധിച്ച സർവ്വസംഗതികളും ക്രമീകരിക്കുന്നു. മെത്രാന്റെ കൈയായും നാവായും അയാൾ വർത്തിക്കുന്നു. മെത്രാനെ അയാൾ ബഹുമാനിക്കണം. മെത്രാന്റെ രഹസ്യമായ ആഗ്രഹങ്ങൾ അയാൾ പരസ്യമായി അറിയിക്കുന്നു. വൈദികർക്ക് ഇരിപ്പിടം ക്രമീകരിച്ചുകൊടുക്കുന്നതു് അയാളാണു്. മെത്രാൻ തന്റെ സിംഹാസനത്തിലിരിക്കുമ്പോൾ ക്രമമനുസരിച്ച് ഡീക്കൻമാരിൽ ഒന്നാമനായി ആർച്ചുഡീക്കൻ വർത്തിക്കുന്നു. കാനോനാ നമസ്ക്കാരത്തിന്റെ അവസരം അയാൾ സബ്ഡീക്കൻമാരെ വാതിൽക്കൽ നിറുത്തുന്നു—നമ്മുടെ ഇടയിൽ അവർ 'പിശാചിനെ ഓടിക്കുന്നവർ' എന്നറിയപ്പെടുന്നു. —വായനക്കാർക്ക് വായിക്കാനുള്ള പുസ്തകങ്ങൾ അയാൾ നൽകുന്നു. മാമോദീസായ്ക്കും മദ്ബഹായിലെ ശുശ്രൂഷയ്ക്കും പള്ളിയിലെ ജാഗരണത്തിനും അലങ്കാരത്തിനും മററുമായി വൈദികർക്കും, ഡീക്കൻമാർക്കും സബ്ഡീക്കൻമാർക്കും ആഴ്ചതിരിച്ചുകൊടുക്കുന്നതും അയാളാണു്.

www.malankaralibrary.com



മെത്രാന്റെ എല്ലാ പള്ളികളിലും ഇപ്രകാരമായിരിക്കും.— ആഴ്ച ജോലിക്കായി തെരഞ്ഞെടുക്കപ്പെടുന്നവർ പള്ള കൊണ്ടുപജീവനം കഴിക്കണം; 'ദിയാക്കോണിയത്തിൽ' തന്നെ താമസിക്കണം. എല്ലാ പള്ളികളിലും എല്ലാ പട്ടണങ്ങളിലും ഇപ്രകാരമായിരിക്കണം പങ്കിട്ടു കൊടുക്കേണ്ടതു്. — പള്ളിയിലെ ധനശേഖരണവും വരവിനവും സംബന്ധിച്ചു്: വിശ്വസ്തനായ ഒരു എക്കൊണോമൂസിനെ അതു് ഏല്പിക്കണം. ഈ നിയമം ഇപ്പോഴം മുതൽ പാലിക്കണം. ധനകാര്യ മുറിയുടെ താക്കോൽ ബലിപീഠത്തിൽ വച്ചിരിക്കണം; എക്കോണോമൂസ് ആകുന്നയാളം അതു് അവിടെനിന്നെടുക്കണം. ആ ജോലി വിട്ടുപിരിയുമ്പോഴം അഥവാ അതു് വിട്ടിട്ടു് പോകാൻ മെത്രാൻ ആവശ്യപ്പെട്ടപ്പോഴം, അഠത്താരയിൽ നിന്നു് നന്മയായാലും തിന്മയായാലും തന്റെ പ്രതിഫലം സ്വീകരിക്കാൻ അർഹനായിരിക്കുന്നതിനാൽ താക്കോൽ അഠത്താരയിൽ കൊണ്ടുവച്ചിട്ടു പോകണം.—പട്ടണത്തിലെ വൈദികർ ഗൗരവമായ രോഗാവസ്ഥയിലല്ലെങ്കിൽ തങ്ങളുടെ സഹോദരങ്ങളോടു കൂടി പ്രാർത്ഥനാവസരം തങ്ങളുടെ ഇരിപ്പിടങ്ങളിലോ, കുർബാനാവസരം മദ്ബഹായിലോ സന്നിഹിതരാകാതിരുന്നാൽ തങ്ങളുടെ സ്ഥാനത്തു നിന്നു് ഭ്രഷ്ടരാക്കപ്പെടണം. മെത്രാൻ സന്നിഹിതനാകാതിരിക്കുമ്പോഴം, കുർബാന അർപ്പിക്കേണ്ട വൈദികനെ നിർദേശിക്കുന്നതു് ആർച്ചുഡീക്കനാണു്. മെത്രാൻ സന്നിഹിതനാണെങ്കിൽ, അദ്ദേഹത്തിനിഷ്ടമുള്ളയാളെ നിർദേശിക്കാം. ഡീക്കന്മാരെ സംബന്ധിച്ചും ഇപ്രകാരം തന്നെ. പട്ടണത്തിലെഡീക്കന്മാർ, ഗൗരവമായ രോഗാവസ്ഥയിലല്ലെങ്കിൽ, ഡീക്കന്മാരുടെ ഗണത്തിൽ ജനങ്ങളുടെ കൂടെ പ്രാർത്ഥനാസമയങ്ങളിൽ സന്നിഹിതരായിരിക്കണം. പുസ്തകമെടുത്തു് ബേമായിൽ കയറി വായിക്കാൻ ആർച്ചുഡീക്കനിൽ നിന്നു് നിർദ്ദേശം കിട്ടുമ്പോഴം രോഗാവസ്ഥയിലല്ലെങ്കിൽ വായിച്ച ശേഷം ജനങ്ങളെ വിട്ടു് വിശ്രമിക്കാനായി ഡിയാക്കോണിയത്തിന്റെ ഉള്ളിലേക്കു പോകാൻ പാടില്ല. പിന്നെയോ ബാക്കിയുള്ളസമയം മററുള്ളവരോടു കൂടി തന്റെ സ്ഥാനത്തു തന്നെ നില്ക്കേണ്ടതാണു്. ഈ നിശ്ചയങ്ങളം ലംഘിക്കുന്ന ഡീക്കന്മാരെ ശരിയായ രീതിയിൽ ആർച്ചു ഡീക്കനെ ശിക്ഷിക്കാവുന്നതാണു്.– സബ് ഡീക്കന്മാരെ സംബന്ധിച്ചും ഇപ്രകാരം തന്നെ. രോഗാവസ്ഥയിലല്ലാതിരിക്കുകയോ യാത്രയിലായിരിക്കുകയോ മററെന്തെങ്കിലും തടസ്സമുണ്ടായിരിക്കുകയോ ചെയ്യാതെ പ്രാർത്ഥനാവസരം പള്ളിയിൽ കാണാതിരിക്കുകയോ സങ്കീർത്തനങ്ങളംക്കു് സന്നിഹിതനാകാതിരിക്കുകയോ, പ്രാർത്ഥനാവസരം പള്ളിയുടെ വാതിൽക്കൽ ജാഗരണം നോക്കാതിരിക്കുകയോ ചെയ്യുന്നവർ പുറന്തള്ളപ്പെടണം. കാരണം ഈ അശ്രദ്ധ കൂടുതൽ പേരെ വഴി തെററിക്കാൻ പാടില്ല. ഈ നിയമങ്ങളനുസരിച്ചു് ഓരോരുത്തരെയും ചോദ്യം ചെയ്യാനും അന്വേഷണം നടത്താനും ആർച്ചുഡീക്കനു് അധികാരമുണ്ടു്. അയാളുടെ അനുവാദംകൂടാതെ വൈദികരും, ഡീക്കന്മാരും സബ്ഡീക്കന്മാരും ഗ്രാമപ്രദേശങ്ങളിലേക്കു പോകാൻ പാടില്ല. ആർച്ചുഡീക്കനു് വളരെയധികം ശ്രദ്ധയാവശ്യമാണു്. മററുള്ളവർക്കു് സന്മാതൃക ആയിരിക്കത്തക്ക രീതിയിൽ തീക്ഷ്ണതയോടും താല്പര്യത്തോടും കൂടെ മിശിഹായുടെ സഭയിൽ അവൻ ശുശ്രൂഷ നിർവഹിക്കണം. കാരണം തന്റെ വാക്കുകളം കൊണ്ടും പ്രബോധനം കൊണ്ടും അയാളം സഭയുടെ വിളക്കും മെത്രാന്റെ മുമ്പാകെ പ്രകാശവുമായിരിക്കണം.

പ്രായമുള്ള ഒരു വൈദികൻ സന്നിഹിതനായിരിക്കുമ്പോഴം പ്രായം കുറഞ്ഞ ഒരു വൈദികൻ കുർബാനയർപ്പിക്കാൻ പാടില്ല എന്ന പുരാ

www.malankaralibrary.com



തന രീതി ഇപ്പോഠം നിലവിലില്ല. ഇക്കാരണത്താൽ ചെറുപ്പക്കാർക്കു വഴിമാറിക്കൊടുക്കുന്നു എന്ന വ്യാജേന എല്ലാ വൈദികരും ഡീക്കന്മാരും സ്ഥലം വിടുന്നു. അനുവാദം ലഭിച്ചാൽ മെത്രാനേക്കാഠം പ്രായം കുറഞ്ഞ വൈദികനും മെത്രാൻെറ സന്നിധിയിൽ ബലിയർപ്പിക്കാവുന്നതാണ്.

മെത്രാൻെറ അഭാവത്തിൽ പ്രായമുള്ളയാളോ ചെറുപ്പക്കാരനോ ആയ ഒരു വൈദികൻ ബലിയർപ്പിച്ചുകൊണ്ടിരിക്കുമ്പോഠം വൈദികരും ഡീക്കന്മാരും മദ്ബഹായിൽ നിന്നിറങ്ങിപ്പോകാൻ പാടില്ല എന്നുമാത്രം. 'ഓരോരുത്തനും തൻെറ സഹോദരനെ തന്നെക്കാഠം ശ്രേഷ്ഠനെന്നു കരുതണം' എന്നു് ഭാഗ്യവാനായ പൗലോസ് പറഞ്ഞതനുസരിച്ച് എല്ലാവരും പരസ്പരം ബഹുമാനിക്കണം.

## കാനൻ 16

വിളിക്കപ്പെടുകയും കൈവയ്പ്പ് സ്വീകരിക്കാനായി അടുത്തു വരുകയും ചെയ്യുന്ന വൈദികസ്ഥാനികളെ സംബന്ധിച്ച് പാലിക്കേണ്ട നിയമം: വിശുദ്ധഗ്രന്ഥപ്രബോധനമറിയാൻ പാടില്ലാത്ത യുവാക്കന്മാർ പരീക്ഷകളൊന്നും കൂടാതെ പെട്ടെന്നും ഉടൻ തന്നെയും കൈവയ്പ്പ് സ്വീകരിക്കുന്ന എന്ന ഒരു കുററകരമായ രീതിയുണ്ട്; അതു പ്രശ്നമുണ്ടാക്കുന്നുണ്ട്. സിനഡിൻെറ തീരുമാനവുമായി യോജിച്ചുകൊണ്ടും 1 പരിധിവച്ചുകൊണ്ടും മുപ്പതുവയസ്സിൽ താഴെയുള്ളവർക്ക് മേലിൽ വൈദികപട്ടം നൽകാൻ പാടില്ല എന്നു് ഞങ്ങഠം തീരുമാനിക്കുന്നു.

സാധാരണ സ്ഥലങ്ങളിൽവച്ച് വൈദികർക്കോ ഡീക്കൻമാർക്കോ പട്ടംകൊടുക്കാൻ പാടില്ല. പിന്നെയോ പള്ളികളിലും ആശ്രമങ്ങളിലും ബലിപീഠത്തിൻെറ മുൻപിൽവച്ച് വി. കർബാന അർപ്പിക്കുമ്പോഠം മാത്രം നൽകണം—ബുദ്ധിശക്തിയില്ലാത്തവനും ദാവീദിൻെറ സങ്കീർത്തനങ്ങഠം മനഃപാഠം ഹൃദിസ്ഥമാക്കി ചൊല്ലാൻ കഴിവില്ലാത്തവനുമായ വ്യക്തി സബ്ഡീക്കനാകാൻ പാടില്ല. സങ്കീർത്തനങ്ങഠം മുഴവൻ മനഃപാഠം ചൊല്ലുന്നതുവരെ അവനെ സ്വീകരിക്കരുതു്. ഈ അശ്രദ്ധ മൂലം പള്ളികളിൽ അന്ധകാരം കയറിപ്പററിയിരിക്കുന്നു. ഇവ അറിയാൻ പാടില്ലാത്ത ആരെങ്കിലും ഏതെങ്കിലും കാരണത്താൽ വൈദികനോ ഡീക്കനോ ആയി നേരത്തെ പട്ടം സ്വീകരിച്ചിട്ടുണ്ടെങ്കിൽ അവൻ ധ്യാനിച്ചു പഠിക്കട്ടെ; കാരണം, തങ്ങളുടെ പ്രബോധനങ്ങളിലും അറിവിലും മിശിഹായുടെ ശുശ്രൂഷകർ അജ്ഞരായ അൽമായരെ അനുകരിക്കുന്നവരാകരുതു്.

## കാനൻ 17

ഈ കാനോനാകഠം അനുസരിക്കുന്നതിനെ സംബന്ധിച്ച് മെത്രാന്മാരുണ്ടാക്കിയ ഉടമ്പടിയും വ്യവസ്ഥയും. ഇവ അനുസരിക്കാത്ത നിന്ദകർക്കെതിരെ പാസാക്കിയ താക്കീതു്:

വിജയശ്രീലാളിതനും വിശ്വവിഖ്യാതനുമായ യസ്ദ്ഗേർദ് മഹാരാജാവിൻെറ കല്പനയാൽ വിവിധസ്ഥലങ്ങളിൽനിന്നു് ഇവിടെ ഒന്നിച്ചു

1. നിഖ്യകാനൻ, 2.9; നെയോ ചെസാറിയ, 11

www.malankaralibrary.com



കൂടിയിരിക്കുന്ന മെത്രാന്മാരായ നാം എല്ലാവരും എല്ലാ സംഗതികളും അംഗീകരിച്ചു: ആദ്യമായി നമ്മുടെ പിതാവും നേതാവും എപ്പിസ്കോപ്പായും മെത്രാപ്പോലീത്തായും കാതോലിക്കായും ആർച്ചുബിഷപ്പുമായ മാർ ഇസഹാക്ക്; അതുപോലെ നാമെല്ലാവരും—ഈ കല്പനകൾ ലംഘിക്കുന്നവന്റെ മേൽ ദൈവത്തിന്റെ അഗ്നി ഇറങ്ങട്ടെ. ദൈവകോപം അവന്റെ മേൽ വസിക്കട്ടെ. ലോകത്തിന്റെ നാലു ഭാഗങ്ങളിലുമുള്ള, മിശിഹായുടെ സഭ മുഴുവനിലും അവൻ ശപിക്കപ്പെട്ടവനും ഭ്രഷ്ടനുമായിരിക്കട്ടെ.

പ്രാചീന പതിവുകൊണ്ട് മുമ്പുണ്ടായിട്ടുള്ള കുഴപ്പം നിമിത്തം, പൗരസ്ത്യ സഭകളുടെയും മെത്രാന്മാരുടെയും നവീകരണത്തിനുവേണ്ടി ഈ ചട്ടങ്ങളെല്ലാം വരുംതലമുറകൾക്കായി ഇപ്രകാരം എഴുതി രേഖപ്പെടുത്തേണ്ടത് ആവശ്യമായിരുന്നു. ഇപ്പോൾ മുതൽ മേലിൽ ഈ പ്രാചീന കലക്കത്തിന് ഒരു സ്ഥാനവുമില്ല. അതുകൊണ്ട് ഇപ്പോഴത്തെ മെത്രാന്മാരുടെ പേരുകളും സിനഡിന്റെ കല്പനയാൽ അവർക്കു ലഭിച്ചതും അവർക്കുണ്ടായിരുന്നതുമായ അധികാരവും രേഖപ്പെടുത്തുന്നു. അവരുടെ പിൻഗാമികൾക്കും ഈ തീരുമാനം ബാധകമായിരിക്കും.

ഈ കാനൻ ലംഘിക്കാൻ മുതിരുന്നവർക്കും മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ശാപവും നീക്കലും മഹാരാജാവിന്റെ ശിക്ഷയും ഉണ്ടായിരിക്കും. സഭയുടെ ശരിയായ ക്രമീകരണം അംഗീകരിക്കുന്ന മറ്റൊരാളെ അയാളുടെ സ്ഥാനത്തു നിയമിക്കാൻ സെലൂഷ്യാസ്റ്റെസിഫണിലെ എപ്പിസ്കോപ്പായ്ക്ക് പൂർണസ്വാതന്ത്ര്യം ഉണ്ടായിരിക്കും. എന്നാൽ ഈ എപ്പിസ്കോപ്പാ—മെത്രാപ്പോലീത്താ തനിയെ അപ്രകാരം ചെയ്യാൻ പാടില്ല, പിന്നെയോ അഞ്ചു മെത്രാന്മാർ—കുറഞ്ഞത് മൂന്നു പേരെങ്കിലും അദ്ദേഹത്തോടുകൂടെ ഉണ്ടായിരിക്കണം.—സഭയുടെ അംഗീകാരത്തിനു യോഗ്യനാണെന്ന് തെളിയിക്കുകയും മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന കാനോനകളനുസരിച്ച് ഭരിക്കയും ചെയ്യുന്ന മെത്രാന് എല്ലാ പള്ളികളിലും മിശിഹായുടെ സഭ മുഴുവനിലും നല്ല അനുസ്മരണ ഉണ്ടായിരിക്കും; കടന്നുപോകാത്ത രാജ്യത്തിൽ അവൻ മഹത്വം പ്രാപിക്കും; അവൻ ജീവൻ സമ്പാദിക്കും; വിശ്വസ്തതാപൂർവം ശുശ്രൂഷിച്ചവരോടുകൂടെ അവൻ പ്രതിഫലം പ്രാപിക്കും. കർത്താവിന്റെ മഹത്വപൂർണമായ പ്രത്യക്ഷീകരണത്തിന്റെ ദിവസത്തിൽ സ്വർഗരാജ്യത്തിൽ നല്ലൊരു സ്ഥലം അവൻ കണ്ടെത്തും.

## കാനൻ 18

മെത്രാപ്പോലീത്താമാരുടെ മുൻഗണന; അവരുടെ അധികാരത്തിൻ കീഴിൻ ഏതെല്ലാം എപ്പിസ്കോപ്പാമാർ ഉണ്ടായിരിക്കണം എന്നതിനെക്കുറിച്ച്—(അധികാരികൾ സ്ഥിരീകരിക്കപ്പെട്ട പട്ടണങ്ങളുടെ പേരുകൾ; മെത്രാന്മാരെ ഓരോരുത്തരെ പ്രത്യേകമായി നിയമിച്ചുറപ്പിച്ചിട്ടുള്ള പട്ടണങ്ങളുടെ പേരുകൾ; അവിടെ മെത്രാനായിരിക്കേണ്ടതാർ)[1]—മറ്റുള്ളവരുടെ മേൽ അധികാരമുള്ള മെത്രാൻ അവരുടെ സഹായത്തിനായി വരികയും അവരുടെ കാര്യങ്ങളിൽ ശ്രദ്ധിക്കയുംവേണം. അവ

1 ഇതു് കാനൻ 21 ന്റെ തലക്കെട്ടാണെന്നു് തോന്നുന്നു.

www.malankaralibrary.com



രുടെ ഇടയിൽ എന്തെങ്കിലും തർക്കമുണ്ടായാൽ, അധികാരത്തിന്റെ ശക്തി ഉപയോഗിച്ചല്ല, സ്നേഹപൂർണമായ ഉപദേശംകൊണ്ട് അവരെ രമ്യപ്പെടുത്തണം.

തങ്ങളുടെ സ്വന്തം രൂപതകളിലോ പട്ടണങ്ങളിലോ വൈദികരെയും ഡീക്കൻമാരെയും വാഴിക്കുന്നതിനും, പ്രസംഗിക്കുന്നതിനും, പള്ളികാം പണിയുന്നതിനും ഓരോ മെത്രാനും അധികാരമുണ്ടായിരിക്കും. ഓരോരുത്തനും തന്റെ സഹപ്രവർത്തകന് സന്മാതൃകയായിരിക്കുന്നതിന് അവൻ സുകൃതസമ്പന്നനായിരിക്കണം. വിവിധ സ്ഥലങ്ങളിലുള്ള സഹോദര മെത്രാന്മാരുടെമേൽ നിയമിതനായിരിക്കുന്ന എപ്പിസ്കോപ്പാ—മെത്രാപ്പോലീത്തായുടെ സ്ഥാനത്തെ അവർ ബഹുമാനിക്കണം; തന്റെ ഭരണാധികാരത്തിൻകീഴിലുള്ള സമീപപ്രദേശങ്ങളിലെ മെത്രാന്മാരുടെ ഇടയിൽ സംഭവിക്കുന്ന എല്ലാ കാര്യങ്ങളെക്കുറിച്ചും അദ്ദേഹം വലിയ മെത്രാപ്പോലീത്തായ്ക്ക് എഴുതിക്കൊണ്ടിരിക്കണം. രണ്ടു മെത്രാന്മാർ തമ്മിലോ, മെത്രാനും വൈദികനും തമ്മിലോ, ഒരു ഡീക്കനും തന്റെ മെത്രാനും തമ്മിലോ തർക്കം ഉണ്ടാകുകയാണെങ്കിൽ, നിയമങ്ങളനുസരിച്ച് ഏതെങ്കിലും മെത്രാൻ സഭാശുശ്രൂഷ ചെയ്യാതിരുന്നാൽ, അവരുടെമേൽ ചുമതലക്കാരനായി നിയമിതനായിരിക്കുന്ന മെത്രാപ്പോലീത്താ വലിയ സിനഡിലെ കാനോനകൾക്കനുസൃതം സ്നേഹത്തോടും വിവേകത്തോടും കരുണയോടുംകൂടെ ഇടപെടണം. എന്നാൽ ഏതെങ്കിലും സംഗതി സമാധാനപരമായി തീർക്കാൻ കഴിയാതെവരികയും തന്റെ പരിധിക്കപ്പുറത്തായി കാണുകയും ചെയ്താൽ വലിയ മെത്രാപ്പോലീത്തായെ അദ്ദേഹം എഴുതി അറിയിക്കണം; അങ്ങനെ അദ്ദേഹത്തിന് കാറ്റം ഒഴിവാക്കാം. പ്രശ്നം പരിഹരിച്ച് പരിപക്വമായ തീർപ്പുകല്പിക്കുക കാതോലിക്കോസിന്റെ ചുമതലയാണ്.

## കാനൻ 19

സ്വേച്ഛാധിപത്യപരമായി പ്രവർത്തിക്കാൻ മെത്രാന് അനുവാദമില്ല; തന്റെ സഹപ്രവർത്തകരായ മെത്രാന്മാരോട് അക്രമം കാട്ടുവാനും പാടില്ല.—തന്റെകീഴിലുള്ള മെത്രാന്മാരുടെ രൂപതാഭരണത്തിൽ അതിക്രമിച്ചു കടക്കാനോ അധികാരം പ്രയോഗിക്കാനോ മെത്രാപ്പോലീത്തായ്ക്ക് അനുവാദമില്ല; അതുപോലെ നിർബന്ധിച്ച് എന്തെങ്കിലും ചെയ്യിക്കാനായി എഴുതാനും പാടില്ല. പിന്നെയോ, അദ്ദേഹത്തെ പ്രേരിപ്പിക്കാം എന്ന പ്രതീക്ഷയിൽ, കേട്ട ആരോപണവിഷയം സംബന്ധിച്ച് തന്റെ രൂപതയിൽനിന്ന് സ്ഥലത്തെ മെത്രാന് എഴുതുകയാണു വേണ്ടത്; അല്ലെങ്കിൽ വലിയ മെത്രാപ്പോലീത്തായെ അറിയിക്കുക; മെത്രാന് എഴുതിയാലും ഇപ്രകാരം ചെയ്യാവുന്നതാണ്.—രക്തസാക്ഷികളുടെ ഓർമദിവസം, സ്ഥലത്തെ മെത്രാന് ഇഷ്ടമാണെങ്കിൽ, തന്റെ മേലുള്ള മെത്രാപ്പോലീത്തായോട് വന്നു സന്ദർശിക്കാൻ ആവശ്യപ്പെടാവുന്നതാണ്. തന്റെ അധികാരിയായ മെത്രാനെ ബഹുമാനിക്കുക ഓരോ മെത്രാന്റെയും കടമയാണ്.

## കാനൻ 20

തങ്ങളുടെ അധികാരത്തിൻ കീഴിലുള്ള മെത്രാന്മാരുടെ തെരഞ്ഞെടുപ്പും കൈവയ്പും സംബന്ധിച്ച് മെത്രാപ്പോലീത്താ പാലിക്കേണ്ടവ

www.malankaralibrary.com



യെക്കുറിച്ച്: തന്റെ അധികാരത്തിൻ കീഴിലുള്ള ഒരു രൂപതയിലെ മെത്രാൻമരിക്കുമ്പോൾ മെത്രാപ്പോലീത്താ മററു മെത്രാന്മാരെവ ിളിച്ചുകൂട്ടി ആ രൂപതയിലേക്ക് ഒരു മെത്രാനെ വാഴിക്കണം. പട്ടം കൊടുത്തശേഷം ഒരു കത്തോടുകൂടി മെത്രാപ്പോലീത്താ അദ്ദേഹത്തെ വലിയ മെത്രാപ്പോലീത്തായുടെ പക്കലേക്ക് അംഗീകാരത്തിനായി അയയ്ക്കണം. അതിനു മുൻപ് മെത്രാപ്പോലീത്തായ്ക്ക് തന്റെ കീഴിൽ വയ്ക്കപ്പെട്ടിരിക്കുന്ന മെത്രാന്മാരുടെ മേൽ അധികാരം ഉണ്ടായിരിക്കുന്നതല്ല; ദുരാഗ്രഹം കൊണ്ടോ ഭോജനപ്രിയംകൊണ്ടോ എന്തെങ്കിലും കൊടുക്കാനോ വാങ്ങാനോ അവരെ നിർബന്ധിക്കാൻ പാടില്ല.

## കാനൻ 21

പൗരോഹിത്യ ക്രമവും സ്ഥാനവും; മെത്രാപ്പോലീത്തൻ പ്രോവിൻസുകളും രൂപതകളും അവയുടെ കീഴിലുള്ള രൂപതകളും—(ഓരോ പട്ടണങ്ങളിലെയും മെത്രാപ്പോലീത്തൻ രൂപതകളിലെയും മെത്രാന്മാരെയും അവരുടെ കീഴിലുള്ള മെത്രാന്മാരേയും പ്രത്യേകം പ്രത്യേകം ഒന്നിനു പുറകെ ഒന്നായി ഈ വാചകത്തിൽ എണ്ണി യെണ്ണി പറയുന്നതു് എന്തുകൊണ്ട്; പട്ടണത്തിന്റെ വലിപ്പമനുസരിച്ചാണ് രൂപതയുടെ ബഹുമാനം എന്നതിനെക്കുറിച്ച്:) മെത്രാന്മാർ പുറംതള്ളപ്പെടുകയും നീക്കപ്പെടുകയും ചെയ്ത ചില പട്ടണങ്ങളിലും പ്രദേശങ്ങളിലും കുഴപ്പവും കലക്കവും നിലനിൽക്കുന്നുണ്ട്. ഒരു കുഴപ്പക്കാരൻ.... വന്നു.[1] ഇവിടെ ഉണ്ട്.... ബേത്‌ലാപാതിലും കർകായിലും, മെത്രാന്മാർ.... യസ്ദായ്ദാദ്, അഗാപീററസ്, മാറെ, ബർശബ്താ, ശീലാസ്; അവർക്ക് നിരർത്ഥകമായ പട്ടം കൊടുക്കാൻ അവർ ധൈര്യം കാണിച്ചു. അവരിലോരോരുത്തനും സ്വന്തം നേട്ടത്തിനായി അധികാരം പിടിച്ചെടുക്കാൻ ശ്രമിക്കുന്നു. ഈ കലഹത്തിൽ തലയിട്ട് മുതലെടുക്കാൻ ലൗകികരായ വ്യക്തികൾ തക്കംനോക്കുന്നു. കാരണം, ഓരോ വിഭാഗവും വ്യത്യസ്തമായി സ്വയം പുകഴ്ത്തുന്നു.—ഇക്കാരണത്താൽ ഒന്നിനു പുറകേ ഒന്നായി ഓരോ രൂപതയും വേർതിരിച്ച് അറിയിക്കുന്നതു് ആവശ്യമാണ്.

ഈ രണ്ടു പട്ടണങ്ങളിലെ മെത്രാന്മാർ,—അതായതു് ബേത്‌ലാപാതിലെയും കർകായിലെയും—തങ്ങളുടെ സഭയും സമൂഹവുംകൊണ്ട് തൃപ്തിപ്പെടണം; അവരിലാർക്കും മററുള്ളവരുടെ മേൽ അധികാരമില്ല എന്ന് ഞങ്ങൾ ഈ സിനഡിൽ തീരുമാനിക്കുന്നു. അവരുടെ മരണംവരെ അവർ പട്ടണത്തിലോ ഗ്രാമങ്ങളിലോ, വൈദികരെയോ ഡീക്കന്മാരെയോ വാഴിക്കാൻ പാടില്ല. മെത്രാന്മാരെ സംബന്ധിച്ച്, ഇവിടെ മുകളിൽ പ്രഖ്യാപിക്കപ്പെട്ടവരൊഴികെ മററാരെയും വാഴിക്കാൻ അവർക്കധികാരമില്ല. ശാപത്തിൻ കീഴിലാണ് ഈ തീരുമാനം പാസാക്കിയിരിക്കുന്നതു്.

പട്ടണത്തിന്റെ ശ്രേഷ്ഠത അനുസരിച്ച് ഒന്നിനു പിറകെ ഒന്നായി രൂപതകൾ ബഹുമാനിക്കപ്പെടുന്നു; ഏതു രൂപതയിലെ മെത്രാനായാലും പ്രായപരിഗണനകൂടാതെ ആ രൂപതയിലെയും ആ പട്ടണത്തിലെയും ബഹുമാനം പ്രാപിക്കുന്നു. ഒന്നാമത്തേതും പ്രധാനപ്പെട്ടതുമായ സിംഹാ

1. ഈ ഭാഗത്തു് എന്തോ വിട്ടുപോയിട്ടുണ്ട്.

www.malankaralibrary.com



സനം സെലൂഷ്യാസ്റ്റെസിഫണിലേതാണ്: ആ സിംഹാസനത്തിലെ മെത്രാൻ വലിയ മെത്രാപ്പോലീത്തായും എല്ലാ മെത്രാന്മാരുടെയും പ്രധാനിയുമായിരിക്കും. കശ്കാറിലെ മെത്രാൻ ഈ മെത്രാപ്പോലീത്തായുടെ അധികാരത്തിൽ ഉൾപ്പെട്ടിരിക്കുന്നു. അയാൾ അദ്ദേഹത്തിൻെറ വലത്തു കൈയും സഹായിയുമാണ്. കശ്കാർ മെത്രാൻ മരിക്കുമ്പോൾ അദ്ദേഹം ആ രൂപത ഭരിക്കും. സെലൂഷ്യാസ്റ്റെസിഫൺ സിംഹാസനത്തിലെ ഈ വലിയ മെത്രാപ്പോലീത്തായുടെ അധികാരത്തിൻ കീഴിലാണ് ആ പ്രോവിൻസിലെ മെത്രാപ്പോലീത്താ.

അതിനുശേഷം ബേത് ഹുസായേയുടെ മെത്രാപ്പോലീസായ ബേത ലാപാത് സിംഹാസനമാണ്. മുകളിൽ തീരുമാനിക്കപ്പെട്ട മെത്രാന്മാർ മരിക്കുമ്പോൾ സെലൂഷ്യയിലെ മെത്രാപ്പോലീത്താ വാഴിക്കുന്ന ആളായിരിക്കും തൻെറ സഹപ്രവർത്തകരായ മെത്രാന്മാരുടെ മുകളിലുള്ള മെത്രാപ്പോലീത്താ. അതിനുശേഷം നിനിവേ മെത്രാസനമാണ്; അവിടത്തെ മെത്രാൻ, അർസൂൻ, കർദു, ബേത് സബ്ദായ്, ബേത് റാഹീമായ്, ബേത്മോക്സായെ എന്നീ രൂപതകളുടെയും അവിടെയുള്ള മെത്രാന്മാരുടെയും മെത്രാപ്പോലീത്താ ആയിരിക്കും.

പേരാത്തും മൈശാനുമാണ് പിന്നീടുള്ള മെത്രാസനം; അവിടത്തെ, മെത്രാൻ കർകാ,റീമാ, നെഹർഗുർ എന്നിവിടങ്ങളിലെയും അവിടെയുള്ള മെത്രാന്മാരുടെയും മെത്രാപ്പോലീത്താ ആയിരിക്കും.

അർബേലാണ് അടുത്ത മെത്രാസനം; അവിടത്തെ മെത്രാൻ ബേത നൂഹദ്രാ, ബേത് ബാഗാശ്, ബേത് ദാസെൻ, ബേത് റമോനീൻ ബേത് മഹ്ഖർത്, ദബറീനോസ് (?) എന്നിവിടങ്ങളിലേയും അവിടെയുള്ള മെത്രാന്മാരുടെയും മെത്രാപ്പോലീത്താ ആയിരിക്കും.

അതിനുശേഷം വരുന്ന മെത്രാസനം കർകാദ് ബേത് സ്ലോക്കാണ്; അവിടത്തെ മെത്രാൻ ശെഹർഖർത്, ലാശോം, അരേവാൻ, റാദാനി, ഹർബഗെലാൽ എന്നിവിടങ്ങളിലെ മെത്രാപ്പോലീത്താ ആയിരിക്കും.

ഇപ്പോൾ വിവിധ സ്ഥലങ്ങളിലുള്ള മെത്രാന്മാരുടെയും മെത്രാപ്പോലീത്താമാരുടെയും പേരുകൾ—മെത്രാപ്പോലീസായ ബേത്ലാപാതിൽ, തൻെറ സഹപ്രവർത്തകരായ മെത്രാപ്പോലീത്താമാരുടെ കൂടെ പേരു ചേർക്കാൻ സാധിക്കുന്ന മെത്രാനില്ല; കാരണം, രണ്ടോ മൂന്നോ മെത്രാന്മാരുള്ള പട്ടണങ്ങളിലെ മെത്രാന്മാരെ സിനഡ് അംഗീകരിക്കുന്നില്ല. ബേത്ലാപാതിൽ ഒരു മെത്രാൻ മാത്രം ഉണ്ടാകുമ്പോൾ, അദ്ദേഹം കർകാദ് ലേദാൻ, ഹൊർമിസ്ദ്അർദശീർ, ശൂശ്തെരീൻ, സൂസ് എന്നിവിടങ്ങളിലെയും അവിടെയുള്ള മെത്രാന്മാരുടെയും മെത്രാപ്പോലീത്താ ആയിരിക്കും. ഈ മൂന്നു പട്ടണങ്ങളിലെ മെത്രാന്മാരെ ഓരോ പട്ടണത്തിനുമായി ഉറപ്പിക്കുന്നു; യോഹന്നാൻ—ഹൊർമിസ്ദ് അർദശീർ മെത്രാൻ; അബ്ദീശോ—ശൂശ്തെരീൻ മെത്രാൻ; സൂഖാ—സൂസിലെ മെത്രാൻ—രണ്ടാമത്തെ മെത്രാപ്പോലീത്താ:ഹോശിയാ- നിസിബിസ് മെത്രാൻ; അദ്ദേഹത്തിൻെറ കീഴിലുള്ള മെത്രാന്മാർ: ദാനിയേൽ—അർസൂൻ മെത്രാൻ; ശാമുവേൽ—ബയ്താദ് ഔസ്ഥാനുവേണ്ടി അർസൂൻ മെത്രാൻ; ദാനിയേൽ—ബേത് മോക്സായേ മെത്രാൻ; അബ്രഹാം—ബേത് റാഹീമായ് മെത്രാൻ.

www.malankaralibrary.com



മൈശാനിലെ മെത്രാപ്പോലീത്താ—ഫേരാതിലെ മെത്രാനായ സബ്ദാ; അദ്ദേഹത്തിന്റെ കീഴിൽ മാറായ്—കർകാ (ദ്'മൈശാനിലെ) മെത്രാൻ; അബ്രഹാം—റീമാ മെത്രാൻ; യോഹന്നാൻ—നെഹർഗൂർ മെത്രാൻ.

ഹെദ്യാബിലെ മെത്രാപ്പോലീത്താ: ദാനിയേൽ — അർബേൽ മെത്രാൻ; അദ്ദേഹത്തിന്റെ കീഴിൽ ഇസഹാക്ക്—ബേത്നൂഹദ്രാ മെത്രാൻ; ബറീതോസ്—ബേത് ബാഗാശ്ശ് മെത്രാൻ; ആഹാദാബൂയ് ബേത്ദാസെൻ മെത്രാൻ; അഖ്ബാലാഹാ—റമോനിൻ മെത്രാൻ; നോഹ—റബറിൻഹെസ്ൻ (?) മെത്രാൻ.

ബേത്ഗർമായിലെ മെത്രാപ്പോലീത്താ: അഖ്ബാലാഹാ—കർകാ (ദ്ബേത് സ്ളോക്) മെത്രാൻ; മെത്രാന്മാർ: പൗലൂസ്—ശെഹർഖർത് മെത്രാൻ; ബാതാ—ലാദശോം മെത്രാൻ; യോഹന്നാൻ—അരേവാൻ മെത്രാൻ; നർസെ—റാദാനി മെത്രാൻ; യൗസേഫ്—ഹർബഗെലാൽ മെത്രാൻ.

വിദൂരപ്രദേശങ്ങളായ പേർഷ്യ, ദ്വീപുകൾ 1 ബേത്—മാദായേ, ബേത് റസിഖായേ എന്നിവിടങ്ങളിലെയും അബ്രാശഹർപ്രദേശങ്ങളിലെയും മെത്രാന്മാർ ഈ കൗൺസിലിന്റെ തീരുമാനങ്ങൾ പിന്നീട് അംഗീകരിക്കേണ്ടതാണ്. അവർ ഇനിയും ആദ്യമായി വരുമ്പോൾ തന്നെ ഇവ അംഗീകരിച്ച് സ്വന്തംകൈപ്പടയിൽ വെച്ച് ഒപ്പുടുകയും ഈ കാനോനകൾ സ്വീകരിക്കയുംവേണം. അർദായ് തൂദ്റു 2 ദ്വീപുകൾക്കായി വലിയ മെത്രാപ്പോലീത്താ ഒരു മെത്രാനെ വാഴിച്ചു; പൗലോസ് എന്നാണ് അദ്ദേഹത്തിന്റെ പേരു്. അദ്ദേഹം ഇവ അംഗീകരിച്ച് തന്റെ സഹപ്രവർത്തകരായമെത്രാന്മാരോടു കൂടെ ഒപ്പിട്ടിട്ടുണ്ട്.

നേരത്തെ മുടക്കപ്പെട്ട് സ്ഥാനഭ്രഷ്ടനാക്കപ്പെട്ട, മശ്മാഹീഗിലെ ബാതായിയെ സിനഡ് വീണ്ടും ശപിച്ച് മുടക്കിഭ്രഷ്ടനാക്കി സ്ഥാനത്തുനിന്നു നീക്കി. അതുപോലെ അയാളിൽ നിന്നു് കൈവയ്പു സ്വീകരിക്കുന്നവരെയും; അക്രമംകാട്ടി മെത്രാനെന്ന പേരു സ്വീകരിക്കയും അനേകരെ ചതിക്കുകയും ചെയ്ത കുഴപ്പക്കാരും ധിക്കാരികളുമായ മററാളുകളെ സംബന്ധിച്ച്: ആകാശത്തിലും ഭൂമിയിലും അവർ ശപിക്കപ്പെട്ടവരും ഭ്രഷ്ടരും ആയിരിക്കും എന്നു് മെത്രാന്മാരുടെ സിനഡ് തീരുമാനിക്കുന്നു. അവരെ സ്വീകരിക്കയോ, അവരോടു സഹകരിക്കയോ, അവരോടൊത്തു പ്രാർത്ഥിക്കുകയോ ഭവനത്തിൽ സ്വീകരിക്കയോ ചെയ്യുന്നവരും ഇപ്രകാരമായിരിക്കും. സഭ മുഴുവനിൽനിന്നും ക്രിസ്തുവിന്റെ അജഗണങ്ങളിൽ നിന്നും അവർ തള്ളപ്പെട്ടവരായിരിക്കും. ആകാശത്തിൻ കീഴിൽനിന്നു് അവരുടെ ഓർമ്മ നീങ്ങിപ്പോകട്ടെ. അവർ അനുതാപത്തിന്റെ ഫലങ്ങൾ കാണിച്ചാൽ അൽമായരെപ്പോലെ അവർ പരിഗണിക്കപ്പെടണം; അവർ വലിയ മെത്രാപ്പോലീത്തായുടെ പക്കൽ വന്നു് സ്ഥാനത്യാഗം ചെയ്യുന്നു എന്നു് എഴുതി ഒപ്പിട്ടുകൊടുക്കണം.

1. ഖത്തർ

1. തോഡൂറു (തോറൂട്ട; താറൂദ്)?

അവർക്ക് നിശ്ചയിക്കപ്പെട്ടവ അവർ അനുസരിച്ച് പ്രവർത്തിച്ചാൽ അവരോട് കാരുണ്യം കാണിക്കണം. അവരിലാരെങ്കിലും ഈ തീരുമാനത്തെ എതിർക്കാൻ മുതിർന്നാൽ, അക്കാര്യം രാജാവിനെ ധരിപ്പിക്കണം; അവന് രാജാവിൽ നിന്നും സിനഡിൽ നിന്നും ഉള്ള ശിക്ഷ കിട്ടും. അവന് മരുന്നില്ല; അവനോട് ക്ഷമിക്കേണ്ടതുമില്ല.

ശപിച്ചും മുടക്കിയും ഉള്ള, സിനഡിന്റെ കത്തിനുശേഷം അവർ എവിടെയായിരുന്നാലും പ്രത്യേകമായി ശപിക്കപ്പെട്ടവരും മുടക്കപ്പെട്ടവരും സ്ഥാനഭ്രഷ്ടരുമായിരിക്കും. കലഹക്കാരിൽ, ദാനിയേൽ എന്ന പേരുള്ളയാൾ ഇവരുടെ സന്നിഹിതനാണ്; ശപിക്കപ്പെട്ട് പുറന്തള്ളപ്പെട്ട ബാതായയിൽ നിന്ന് അയാൾ വ്യത്ഥമായ കൈവയ്പ്പ് സ്വീകരിച്ചിട്ടുണ്ട്. ഈ സിനഡ് അയാളെയും ശപിച്ച് സഭാഭ്രഷ്ടനാക്കി. അയാൾ കുഴപ്പം ഉണ്ടാക്കിയ സ്ഥലത്തു നിന്നു പുറപ്പെട്ടുപോയി. പിന്നെ അയാളെ ആരും കണ്ടിട്ടില്ല. ശപിക്കപ്പെട്ട് പുറന്തള്ളപ്പെട്ട് സ്ഥാനഭ്രഷ്ടനാക്കപ്പെട്ട് അയാൾ തന്റെ സ്ഥലത്തേക്കുപോയി (നട 1.25).

കാതോലികവും അപ്പോസ്തോലികവുമായ സഭയുടെ സത്യവിശ്വാസമാകുന്ന നേരായുള്ള പാതയിലൂടെ സഞ്ചരിക്കുന്നവരോടുകൂടെ മിശിഹാ കർത്താവിന്റെ സമാധാനം ഉണ്ടായിരിക്കട്ടെ.

## ഒപ്പുകൾ

| | | | | |
|---|---|---|---|---|
| 1 | ഞാൻ, | ഇസഹാക്ക് — മെത്രാൻ, കാതോലിക്കോസ് മുകളിൽ എഴുതപ്പെട്ടവയെല്ലാം ഞാൻ അംഗീകരിക്കുന്നു. | | |
| 2 | ഞാൻ, | മാറൂഥാ — മെത്രാൻ | | ,, |
| 3 | ,, | ഹോശയാ - നിസിബിസ് മെത്രാൻ | | ,, |
| 4 | ,, | സബ്ദാ - പേരാത് | ,, | ,, |
| 5 | ,, | ദാനിയേൽ - അർബേൽ | ,, | ,, |
| 6 | ,, | അഖ്ബാലാഹാ - കർക്കാ | ,, | ,, |
| 7 | ,, | യസ്ദയ്ദാദ് | ,, | ,, |
| 8 | ,, | അഗാപിററസ് | ,, | ,, |
| 9 | ,, | മീലെസ് | ,, | ,, |
| 10 | ,, | ബർ ശബ്താ | ,, | ,, |
| 11 | ,, | മാറെ | ,, | ,, |
| 12 | ,, | ശീലാസ് | ,, | ,, |
| 13 | ,, | അബ്ദീശോ | ,, | ,, |
| 14 | ,, | സൂഖാ | ,, | ,, |
| 15 | ,, | ബർഹൈലാ | ,, | ,, |
| 16 | ,, | ദാനിയേൽ - അർസൂൻ | ,, | ,, |
| 17 | ,, | ശാമുവേൽ - അർസൂൻ ദ് ബൈതാ ദ് ഔസ്ഥാൻ മെത്രാൻ | | ,, |
| 18 | ,, | മീഹ്റ്ബോസേദ് മെത്രാൻ | | ,, |
| 19 | ,, | മാറായ് - കർക്കാദ് മൈശാൻ | ,, | ,, |
| 20 | ,, | അബ്രഹാം - റീമാ | ,, | ,, |
| 21 | ,, | യോഹന്നാൻ - നെഹർഗൂർ | ,, | ,, |

www.malankaralibrary.com



| | | | | |
|---|---|---|---|---|
| 22 | ഞാൻ, | ഇസഹാക്ക് — മെത്രാൻ, മുകളിൽ എഴുതപ്പെട്ടവയെല്ലാം ഞാൻ അംഗീകരിക്കുന്നു | | |
| 23 | ,, | ബറീനോസ് | മെത്രാൻ | ,, |
| 24 | ,, | പൗലൂസ് | ,, | ,, |
| 25 | ,, | ............ | ,, | ,, |
| 26 | ,, | മാറായ് - കശ്കാർ | ,, | ,, |
| 27 | ,, | ബാതാ | ,, | ,, |
| 28 | ,, | യൗസേപ് - അരേവാൻ | ,, | ,, |
| 29 | ,, | യോഹന്നാൻ - ഗരീതീൻ | ,, | ,, |
| 30 | ,, | അബ്രഹാം | ,, | ,, |
| 31 | ,, | മാറെ | ,, | ,, |
| 32 | ,, | മീലെസ് — ഫേരാത് | ,, | ,, |
| 33 | ,, | ആബായ് — റീമാ മെത്രാൻ,, ഈ വിശുദ്ധ സിനഡിൽ വച്ച് മുകളിൽ എഴുതപ്പെട്ടവയെല്ലാം ഞാൻ അംഗീകരിക്കുന്നു. | | ,, |
| 34 | ,, | അബ്ദീശോ — നെഹർഗുർ മെത്രാൻ | | ,, |
| 35 | ,, | മീലെസ് - സാബേ | ,, | ,, |
| 36 | ,, | ഹോശിയ - ഹിർതാ | ,, | ,, |
| 37 | ,, | ശിമയോൻ ബർട്ടഖ് — ശ്രുശ്തെർ മെത്രാൻ | | ,, |
| 38 | ,, | ഏലിയാസ് - മാശ്മാഹീഗ് | ,, | ,, |

മാർ ഇസഹാക്കിൻെറ സിനഡിൻെറ അവസാനം

www.malankaralibrary.com

# 8

# മാർ യാബാലാഹായുടെ സിനഡ്

# (420)[1]

## ആമുഖം

റോമൻ സാമ്രാജ്യത്തിൽനിന്ന് 420—ൽ ബിസൻറയിൻ ചക്രവർത്തിയുടെ ദൂതനായി അമീദിലെ മാർ അകാചിയൂസ് മെത്രാൻ പേർഷ്യയിൽ വന്നു. പേർഷ്യൻ—റോമൻ സാമ്രാജ്യങ്ങൾ തമ്മിൽ സ്നേഹത്തിൽ കഴിഞ്ഞിരുന്ന കാലമായിരുന്നതു്. മാർ അകാചിയൂസ് ദൂതനായി വരുന്നതിനുമുമ്പ്, (417 418—ൽ) പേർഷ്യൻ രാജാവ് യസ്ദ്ഗേർദ് ഒന്നാമൻ, തൻെറ ദൂതനായി മാർ യാബാലാഹായെ കോൺസ്റ്റാൻറിനോപ്പിളിൽ ബിസൻറയിൻ ചക്രവർത്തിയുടെ പക്കലേക്ക് അയച്ചിരുന്നു. അമീദിലെ മാർ അകാചിയൂസ് പേർഷ്യയിൽ വന്നപ്പോൾ ബേഹ്-അർദഷീറിൽവച്ച് പേർഷ്യൻ മെത്രാൻമാരുടെ ഒരു സിനഡു നടന്നു. പത്തു മെത്രാൻമാർ ഈ സിനഡിൽസംബന്ധിച്ചു. മത്സരിക്കുകയും, സഭയിൽ കലഹവും പിളർപ്പും ഉണ്ടാക്കുകയും ചെയ്തവരെ സിനഡ് കുററപ്പെടുത്തി. ബിസൻറയിൻ സാമ്രാജ്യത്തിൽ വച്ചുനടന്ന അൻസീറാ (314), നെയോചെസാറിയ (315), ഗാംഗ്ര (325 331) അന്ത്യോക്യ (341), ലവദീക്യ (343 381) സിനഡുകൾ പേർഷ്യൻ സഭ സ്വീകരിച്ചു. 410—ലെ സിനഡിൻെറ ഡിക്രികളോടുകൂടെ ഈ സിനഡിൻെറ തീരുമാനങ്ങളും അംഗീകരിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടു.

## ബേത്—അർദഷീർ സിനഡ്

ബേത്ലാപാത്, നിസിബിസ്, പേർഷ്യ, അർമേനിയ, ഫേരാത് മൈശാൻ, ഹദിയാബ്, ബേത് ഗർമായ്, ഗൂർസാൻ, ബേത്മാദായേ, ആറാൻ, അബ്രാശഹർ, അസർബൈജാൻ, ദ്വീപുകൾ ഇഷ്തഹർ, കർക്കാ,അർസൂൻ, സൂസ്, സൂസ്തേർ, ബെലാഷ്ഫർ, ദാസ്കർതാ, സാബേ, പേദറാശ്-ഷപ്പൂർ, ദർഗേർദ്, ബേത്-ദാറായേ, ഷപ്പൂർ—കവസ്സ്. അർദശീർ ഫരീദ്, ബേത്—ഷപ്പൂർ, മൈസമാരാത് എന്നിവയുടെ കാതോലിക്കോസ് മാർ യാബാലാഹായുടെ സിനഡ്.

രാജാക്കൻമാരുടെ രാജാവായ യസ്ദ്ഗേർദിൻെറ ഭരണത്തിൻെറ ഇരുപത്തി ഒന്നാംവർഷം:—ദൈവകൃപയാൽ, അദ്ദേഹത്തിൻെറ ഭരണകാലത്തു് ലോകം മുഴുവൻ സമാധാനം സംസ്ഥാപിതമായി. അദ്ദേഹത്തിൻെറ മഹാമനസ്ക്കതയാൽ പൗരസ്ത്യം മുഴുവനുമുള്ള ക്രിസ്തുവിൻെറ അജഗണങ്ങൾക്കും പള്ളികൾക്കും ഉയർച്ച ഉണ്ടായി.—മെത്രാനും, കിഴക്കിൻെറ ആർച്ചുബിഷപ്പും കാതോലിക്കോസും ദൈവ

1 J. B. Chabot, Synodicon Orientale, P. 37—42/276—284

www.malankaralibrary.com



ത്താൽ തെരഞ്ഞെടുക്കപ്പെട്ടവനും മഹാനും അഭിവന്ദ്യനും വാഴ്ത്തപ്പെട്ടവനും ആയ മാർ യാബാലാഹായുടെ പ്രധാനാചാര്യശുശ്രൂഷയുടെ അഞ്ചാം വർഷം—പൗരസ്ത്യ ദേശത്തുള്ള, ക്രിസ്തുവിൻെറ സമൂഹങ്ങളുടെയും സഭകളുടെയും സമാധാനത്തിനും ഐശ്വര്യത്തിനും വേണ്ടി, വിജയശ്രീലാളിതനും സമാധാനപ്രേമിയുമായ രാജാക്കന്മാരുടെ രാജാവിൻെറ പക്കലേക്ക് റോമൻ ചക്രവർത്തി, അമീദ് നഗരത്തിലെ ബഹുമാന്യ മെത്രാനായ മാർ അകാചിയൂസിനെ പ്രതിനിധിയായി അയച്ച അവസരം—മെത്രാനും കാതോലിക്കോസും പൗരസ്ത്യ മെത്രാന്മാരുടെയെല്ലാം തലവനും വിശുദ്ധപുരോഹിതനും നമ്മുടെ പിതാവും വന്ദ്യനുമായ മാർ യാബാലാഹായെ അദ്ദേഹത്തിൻെറ പ്രധാനാചാര്യശുശ്രൂഷയുടെ മൂന്നാംവർഷ —വിജയശ്രീലാളിതനും സമാധാനപ്രേമിയും ഭുവനപ്രശസ്തനുമായ മഹാരാജാവ് തൻെറ വാഴ്ചയുടെ പത്തൊൻപതാം വർഷം, പ്രപഞ്ചത്തിൻെറ ബലിഷ്ഠസ്തംഭങ്ങളായ ഈ രണ്ടു സാമ്രാജ്യങ്ങളുടെ സമാധാനത്തിനും സുസ്ഥിതിക്കുമായി വലിയ ആഡംബരത്തോടും സമാധാനത്തോടുംകൂടെ റോമൻ ചക്രവർത്തിയുടെ പക്കലേക്ക് പ്രതിനിധിയായി അയച്ചതിൻെറ പ്രതിസന്ദർശനമായിട്ടാണ് അകാചിയൂസ് അയയ്ക്കപ്പെട്ടത്. —അംബാസഡർമാരും നമ്മുടെ പിതാക്കന്മാരുമായ ഈ രണ്ടു മെത്രാന്മാർ ബേത് അർദഷീർ നഗരത്തിൽ വച്ച് മഹാരാജസമക്ഷം ഒന്നിച്ചുകൂടിയ അവസരം—

മെത്രാനും പൗരസ്ത്യ കാതോലിക്കോസും ഞങ്ങളുടെ ബഹുമാന്യ പിതാവുമായ മാർ യാബാലാഹായെ ബഹുമാനിച്ചുവണങ്ങുന്നതിനും, അദ്ദേഹത്തിൻെറ ബഹുമാന്യ സഹോദരനും മെത്രാനും അംബാസഡറുമായ മാർ അകാചിയൂസിനെ സന്ദർശിക്കുന്നതിനുമായി, പൗരസ്ത്യദേശങ്ങളിലെല്ലാം ഉള്ള മെത്രാന്മാരായ ഞങ്ങൾ ഒന്നിച്ചുകൂടിയിരിക്കുന്നു. ഞങ്ങളെല്ലാവരുംകൂടി ഒത്തൊരുമിച്ച് ഏകയോഗമായി കാതോലിക്കോസിനും, മെത്രാനും അംബാസിഡറും ബഹുമാന്യനുമായ മാർ അകാചിയൂസിനും ഈ അപേക്ഷ സമർപ്പിച്ചു:

''പരിശുദ്ധ പിതാവായ അവിടുന്ന് പാശ്ചാത്യദേശത്തേക്ക് അംബാസഡറായി പോകുകയും ആ പ്രദേശങ്ങളിലെ വിഖ്യാത നഗരങ്ങളിലെ വിശുദ്ധ പിതാക്കന്മാരോടുകൂടി കത്തോലിക്കാസഭയുടെ എല്ലാ ശുശ്രൂഷകളിലും പങ്കെടുക്കുകയും ചെയ്തുവല്ലോ. അതുപോലെ അങ്ങയുടെ ബഹുമാന്യസഹോദരൻ മാർ അകാചിയൂസ് മെത്രാൻ അംബാസഡറായ ഇവരുടെ വരികയും, വൈദികക്രമം സംബന്ധിച്ച് സകല സംഗതികളിലും അങ്ങുമായും ഞങ്ങളുമായും യോജിപ്പിൽ ആയിരിക്കയും ചെയ്യുന്നു. ഈ അവസരം, പാശ്ചാത്യലോകത്ത് വിവിധ അവസരങ്ങളിലായി നടന്ന, മെത്രാന്മാരുടെ സിനഡുകളിൽ നിശ്ചയിച്ചുറപ്പിച്ച കാനോനാകളും നിയമങ്ങളും, വൈദികക്രമസംബന്ധമായി, ഭാഗ്യവാന്മാരായ ശ്ലീഹന്മാരുടെ പാരമ്പര്യമനുസരിച്ച് നമ്മുടെ പിതാക്കന്മാർ ഉചിതമാംവിധം നിശ്ചയിച്ച കോൺസ്റ്റിററ്യൂഷനുകളും വിചിന്തനം നടത്തി പകർത്തിയെഴുതി നമ്മുടെ ഒപ്പും മുദ്രയും കൊണ്ട് ഉറപ്പിക്കയും അംഗീകരിക്കയും ചെയ്യുക എല്ലാ കൊണ്ടും സമുചിതമാണ്.

താഴെപ്പറയുന്നവയാണ് ആ കാനോനാകൾ:

ദൈവത്തിൻെറ യഥാർത്ഥ സ്നേഹിതനും വിജയശ്രീലാളിതനും ആയ കോൺസ്റ്റൻറെൻ ചക്രവർത്തിയുടെ കാലത്ത് 318 പിതാക്ക

www.malankaralibrary.com



ന്മാർ നിഖ്യാനഗരത്തിൽ കൂടി പാസ്സാക്കിയ കാനോനാകൾ:— ഗലാത്യയിലെ അൻസീറയിൽ വച്ചും കപ്പദോചിയായിലെ സൂറിയായിൽ വച്ചും പാസ്സാക്കിയ കാനോനാകൾ;— നെയോചെസാറിയാ നഗരത്തിൽവച്ച് പാസാക്കിയ കാനോനാകൾ;—ഗാംഗ്രാ നഗരത്തിൽവച്ചു പാസാക്കിയ കാനോനാകൾ;—അന്ത്യോകൃയിലെ ദേവാലയക്കൂദാശയോടനുബന്ധിച്ച് അന്ത്യോക്യാ പട്ടണത്തിൽ വച്ചു നടന്ന സിനഡിന്റെ കനോനാകൾ;—ഫ്റീജിയായിലെ ലവദീഷ്യയിൽ വച്ചു നടന്ന സിനഡിന്റെ കാനോനാകൾ.—

എല്ലാവരുടെയും സമ്മതത്തോടും ഞങ്ങളുടെ സമൂഹത്തിന്റെ ഏകയോഗമായ തീരുമാനത്തോടും കൂടെ, ഞങ്ങളുടെ അഭിപ്രായങ്ങൾ ശേഖരിച്ച് രേഖപ്പെടുത്തുന്ന എഴുത്തുകാരനോട്, എഴുതാൻ അദ്ദേഹം കല്പന കൊടുത്തു :

''നമ്മുടെ ആരാധ്യനായ ദൈവം വിവിധ രീതികളിൽ വിവിധ അവസരങ്ങളിൽ നമ്മുടെ പിതാക്കന്മാരോടു സംസാരിച്ചു (എബ്രാ. 1:1). അവിടുന്ന് തന്റെ സഹായം സമൃദ്ധമാംവിധം മനുഷ്യകുലത്തിന്മേൽ വർഷിച്ചു. ഇപ്പോഴും, തന്റെ നാമം വിളിച്ചപേക്ഷിക്കുന്നവരുടെ മേൽ തനിക്ക് പതിവായിരിക്കുന്നതുപോലെ തന്റെ കരുണ ചൊരിയുന്നു. ഇടയന്മാരെയും സഹായികളെയും കൊണ്ട് എല്ലാവിധ നന്മകളാലും അവിടുന്ന് തന്റെ സഭയെ സന്ദർശിക്കുന്നു. തന്റെ സ്വന്തം രക്തം കൊണ്ട് താൻ വിലയ്ക്കു വാങ്ങിയ അജഗണത്തിന് സൗഖ്യദായകമായ പ്രതിവിധികൾ അവിടുന്ന് പ്രദാനം ചെയ്യുന്നു. വിവിധ അവസരങ്ങളിൽ ശുദ്ധ നിയോഗത്തോടുകൂടി സിനഡുകളിൽ ഒന്നിച്ചുകൂടിയ പിതാക്കന്മാരായ മെത്രാന്മാർ, സഭകളുടെ ക്രമീകരണത്തിനും ഭരണത്തിനും ആവശ്യമായ സംഗതികൾ ഞങ്ങളുടെ വായ് തുറന്ന് അരുൾ ചെയ്തിട്ടുണ്ട്. സീമാതീതവും അനന്തവുമായ മഹനീയ ത്രിത്വത്തിന്റെ സത്യം അംഗീകരിച്ചവർക്കു വേണ്ടി, പരിശുദ്ധാത്മാവിന്റെ ശക്തിയാൽ, സുരക്ഷിതവും സജീവവും സഹായകരവുമായ നിയമങ്ങൾ നിശ്ചിച്ചുറപ്പിക്കാൻ അവർക്കു കഴിഞ്ഞു. അധികാരം ക്രമീകരിക്കുന്നതിനും, പൗരോഹിത്യം സംരക്ഷിക്കുന്നതിനും, 'ഉടമ്പടി' ഉറപ്പിക്കുന്നതിനും, അൽമായർ പാപക്കുഴിയിൽ നിന്നും വിടുവിക്കപ്പെടുന്നതിനുമായിരുന്നിത്. മനുഷ്യകുലത്തിന്റെ ശത്രുവായ പിശാച് ആർക്കെതിരെ ദുർമോഹം ഉജ്ജ്വലിപ്പിക്കുകയും തന്റെ വിനാശം വർദ്ധിപ്പിക്കുകയും, ആരെ തന്റെ നിഗൂഢ വഞ്ചനകളാൽ വിഷമിപ്പിക്കുകയും ചെയ്യുമ്പോ അവർക്ക് വീണ്ടും എഴുന്നേല്പാനുള്ള മാധ്യമമായി അവിടുന്ന് അനുതാപത്തിന്റെ ക്രമത്തെ സ്ഥാപിച്ചിരിക്കുന്നു. പിശാചിന്റെ ദുഷ്ടത മൂലം ലോകത്തിനു വന്നു ഭവിച്ച നാശനഷ്ടങ്ങൾ പരിഹരിക്കാൻ വിമോചകരും സംരക്ഷകരും എന്ന നിലയിൽ അവർ നിയമം ഉണ്ടാക്കിയിരിക്കുന്നു. ഉരുക്കിനേക്കാൾ ബലിഷ്ഠമായ പാപം പിശാചിന്റെ കല്പനകളനുസരിച്ച് കൂടുതൽ പ്രവർത്തിക്കാതെ അതിനെ നിരോധിക്കാനാണിത്. വിശ്വാസം കൊണ്ടും പ്രതികാരഭീതി കൊണ്ടും പിശാചിന്റെ കുലം ഉണങ്ങി വരണ്ടു പോകും. ഇന്ദ്രിയ സന്തോഷങ്ങളാൽ നനയ്ക്കപ്പെട്ട് ദുഷ്കാമത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കാൻ അവർക്കു കഴിവില്ലാതെ വരും. അങ്ങനെ മനുഷ്യകുലത്തിന്റെ ശത്രു ശക്തമായ ആഘാതത്താൽ പൂർണ്ണമായും അടിക്കപ്പെടുകയും ദയാരഹിതമായി കൊല്ലപ്പെടുകയും ചെയ്യും.

നമ്മുടെ കർത്താവായ മിശിഹായുടെ റോമാസാമ്രാജ്യത്തിലെ എല്ലാ സഭകളും അവയുടെ അദ്ധ്യക്ഷന്മാരും, പരിശുദ്ധാത്മാവിനാൽ നിവേശി

തരായി വിശുദ്ധ ശ്ലീഹന്മാരുടെ പാരമ്പര്യമനുസരിച്ച് മെത്രാന്മാരായ പിതാക്കന്മാരാൽ, വാഴ്ത്തപ്പെട്ട സിനഡിൽ വച്ച് അംഗീകരിച്ചുറപ്പിച്ച എല്ലാ സംഗതികളും വളരെക്കാലങ്ങൾക്കു മുൻപു തന്നെ സന്തോഷപൂർവ്വം അംഗീകരിച്ചിരിക്കുകയാണ്. സഹായകരമായ ഈ നിയമങ്ങൾ അവർ വളരെ ശ്രദ്ധാപൂർവ്വം ആചരിക്കുന്നു. എന്നാൽ, ഇവയുടെ അഭാവത്താൽ നമ്മുടെ നാടുകളിലെ സഭകളിൽ പല കുഴപ്പങ്ങളും സംഭവിച്ചിരിക്കുന്നു. അദ്ധ്യക്ഷന്മാരുടെ പക്കൽ നിയമാവലികൾ ഇല്ലാത്തതിനാൽ അവിടെയും ഇവിടെയും തർക്കങ്ങളും ശീശ്മകളും ഉണ്ടാകുന്നു; കാലുകൊണ്ട് ചവിട്ടിത്തേച്ച പുൽമേട്ടിൽ മിശിഹായുടെ അജഗണം മേയുകയും വിഭജനത്താൽ കലങ്ങി മറിഞ്ഞ ജലം കുടിക്കയും രോഗങ്ങളും വ്യാധികളും അവരുടെയിടയിൽ പെരുകുകയും ചെയ്തു. രക്ഷാകര നിയമങ്ങളും ചട്ടങ്ങളും ഇല്ലാത്തതിനാൽ കഷ്ടവും പാപം മൂലമുള്ള നിറഭേദവും അവരിൽ പ്രത്യക്ഷമായി. ശ്രേഷ്ഠ ശ്ലീഹന്മാരുടെ പാരമ്പര്യങ്ങൾക്കും മെത്രാന്മാരായ പിതാക്കന്മാരുടെ വിശുദ്ധ സിനഡിന്റെ പ്രബോധനങ്ങൾക്കും എതിരായി ഈ കാര്യങ്ങൾ നിലനിന്നതിനാൽ, ദൈവകോപം ഉജ്ജ്വലിച്ചു. അസൂയയിലും കലഹത്തിലും നിലനിന്ന അദ്ധ്യക്ഷന്മാർ നിയമ രഹിതരായി; ആത്മീയരായി വ്യാപരിക്കാതെ ജഡികരായി. അപ്പോൾ, അന്ന് സെലൂഷ്യാ—സ്റ്റെസിഫണിൽ ഭരിച്ചിരുന്ന ഭാഗ്യവാനായ മാർ ഇസഹാക്കും വിശ്വസ്തനായ മാർ മാറൂഥാ മെത്രാനും കൂടി മിശിഹായുടെ സഭയിൽ കുറെ നവീകരണ നിയമങ്ങളുണ്ടാക്കി. വിശുദ്ധ സിനഡിൽ പാസ്സാക്കിയ നിയമങ്ങളിൽ ഭൂരിഭാഗവും, അതനുസരിച്ചുള്ള ശരിയായ പാരമ്പര്യങ്ങളും അവഗണിച്ചതിനാൽ, പ്രത്യേകിച്ച് മെത്രാന്മാരായ പിതാക്കന്മാരുടെ കാനോനാകളിൽ ചേർത്തിട്ടില്ലാതിരുന്നതിനാൽ, അതും അതുപോലെ അത്യാവശ്യമെന്ന് തോന്നിയ മററു സംഗതികളും അവർ അക്കാലത്ത് എഴുതിയ പുസ്തകത്തിൽ എഴുതിച്ചേർത്തു. എന്നാൽ നമ്മുടെ സഹോദര മെത്രാൻമാരിൽ ഭൂരിഭാഗവും മരിച്ച് മൺമറഞ്ഞു പോയതിനാൽ അവ നടപ്പിലായില്ല; അജ്ഞതയുടെ ആദ്യരോഗത്തിന് പരിപൂർണ്ണമായ പ്രത്യൗഷധം പരക്കെ വ്യാപിച്ചുമില്ല. കൃപയെ നിരസിക്കുകയും സുസ്ഥിതിയെ അവഗണിക്കുകയും ചെയ്യുന്ന ധിക്കാരികളും അഹങ്കാരികളുമായ ആളുകൾ മൂലം പല സ്ഥലങ്ങളിലും, പണ്ട് അജ്ഞതയിൽ ചെയ്തിരുന്നവണ്ണം, കലഹങ്ങളും പിളർപ്പുകളും ഇപ്പോഴും നിലനിൽക്കുന്നു.

ഇക്കാരണത്താലാണ് മെത്രാൻമാരായ ഞങ്ങളെല്ലാവരും ഞങ്ങളെ അനുഗമിക്കുന്ന ശുശ്രൂഷകരോട് കൂടി വിവിധ സ്ഥലങ്ങളിൽനിന്ന്, ആരാധ്യനായ നമ്മുടെ ദൈവത്തിന്റെയും നമ്മുടെ പ്രത്യാശയായ മിശിഹായുടെയും നമ്മുടെ പ്രതീക്ഷയായ പരിശുദ്ധാത്മാവിന്റെയും ഇഷ്ടത്താൽ സെലൂഷ്യാ - സ്റ്റെസിഫണിൽ, മെത്രാനും പൗരസ്ത്യ കാതോലിക്കോസും ആർച്ചുബിഷപ്പും നമ്മുടെ ബഹുമാന്യ പിതാവുമായ മാർ യാബാലാഹായുടെയും അദ്ദേഹത്തിന്റെ സഹോദരനും മെത്രാനും അംബാസഡറും ശ്രേഷ്ഠനുമായ അകാചിയൂസിന്റെയും സന്നിധിയിൽ ഏകയോഗമായി, ഒരേ ദിവ്യസ്നേഹത്തോടും ഒരേ സത്യവിശ്വാസത്തോടും, ഒരേ പൂർണ്ണ പ്രത്യാശയോടും കൂടെ ഒന്നിച്ചു കൂടിയിരിക്കുന്നത്.

ശ്രേഷ്ഠരായ പിതാക്കന്മാരും ഭാഗ്യവാന്മാരായ മെത്രാന്മാരും റോമാസാമ്രാജ്യത്തിലെ കത്തോലിക്കാസഭയ്ക്കുവേണ്ടി ഉണ്ടാക്കുകയും അവർ ഇന്നുവരെ ശ്രദ്ധയോടും താല്പര്യത്തോടും കൂടെ പാലിച്ചുവരികയും ചെയ്തിരിക്കുന്ന നിയമങ്ങൾ, മഹനീയനും, ശക്തനും, സമാധാനപ്രിയനും ആയ യസ്ദ്ഗേർദ് മഹാരാജാവിന്റെ സാമ്രാജ്യം മുഴുവനുമുള്ള മെത്രാ

www.malankaralibrary.com



ന്മാരായ ഞങ്ങളുടെയും ഞങ്ങളുടെ സഹോദര മെത്രാന്മാരുടെയും തലവനും നേതാവും ഞങ്ങളുടെ ബഹുമാന്യപിതാവുമായ അങ്ങ്, ഞങ്ങൾ ക്കോരോരുത്തർക്കും നൽകണമെന്ന് അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു. നമ്മുടെ പിതാക്കന്മാരുടെ നിയമങ്ങളുടെ യഥാർത്ഥ പാരമ്പര്യം അങ്ങയുടെ കൈകളിൽ നിന്നു ഞങ്ങൾ സ്വീകരിക്കട്ടെ. അവ ഞങ്ങൾ ശ്രദ്ധാപൂർവം അനുസരിക്കയും രാവും പകലും അവയെപ്പററി ധ്യാനിക്കയും ചെയ്യും. അവ ഞങ്ങൾക്കും ഞങ്ങളുടെ സമൂഹങ്ങൾക്കും ഗുരുവും മാർഗദർശിയും ആയിരിക്കും. അങ്ങു ഞങ്ങൾക്കു നേടിത്തരുന്ന നന്മയ്ക്ക് ഞങ്ങളും ഞങ്ങൾക്കുശേഷം ഞങ്ങളുടെ സ്ഥാനങ്ങളിൽ ഞങ്ങളുടെ സിംഹാസനങ്ങളിൽ ഇരിക്കുന്നവരും, ആരാധ്യനായ ദൈവത്തിന്റെ മുൻപാകെ പൂർണഹൃദയത്തോടെ അങ്ങയുടെ തീക്ഷ്ണതയെ പ്രകീർത്തിക്കും; അങ്ങയുടെ നേതൃത്വത്തിൽ ഞങ്ങളുടെ പാദങ്ങൾ നേരായ പാതയിലേക്കും വലത്തേക്കും തിരിഞ്ഞിരിക്കും; അങ്ങയുടെ വാക്കുകളിലൂടെ ഭാഗ്യവാൻമാരായ മെത്രാൻമാരായ നമ്മുടെ ശ്രേഷ്ഠപിതാക്കൻമാരുടെ സംരക്ഷിക്കുന്ന ചട്ടങ്ങളും സ്വതന്ത്രരാക്കുന്ന നിയമങ്ങളും ഞങ്ങൾ കണ്ടെത്തും. ശ്രേഷ്ഠശ്ളീഹൻമാരിൽ നിന്നനുഭവിച്ച, മെത്രാൻമാരായ ഈ പിതാക്കൻമാരുടെ ഏകസത്യവിശ്വാസം പ്രഖ്യാപിച്ചുകൊണ്ട്, വിവിധ കാലത്തു് അവർ നിശ്ചയിച്ചിട്ടുള്ള നിയമങ്ങളാൽ ഞങ്ങൾ നയിക്കപ്പെടും. അങ്ങനെ ഞങ്ങളും അവരും തമ്മിൽ ഏററം ചെറിയ കാര്യത്തിൽ പോലും ഒരു വ്യത്യാസവും ഉണ്ടായിരിക്കുന്നതല്ല. അതുപോലെ, സഭാഭരണത്തിൽ അവരുടെ ദിവ്യസ്നേഹത്തിന്റെ അതേ പരിപൂർണ്ണതയും അവരുടെ പൂർണ്ണമായ ക്രമത്തിന്റെ പൂർണ്ണതയും മിശിഹായാകുന്ന ഏക ശരീരത്തിലെ അവയവങ്ങളായ ഞങ്ങളും സ്വീകരിക്കുന്നു. എന്നാൽ ആരാധ്യനായ ദൈവത്തിൽ നിന്നകന്ന അഹങ്കാരമനസ്ഥിതിയോടുകൂടെ ഞങ്ങളിലാരെങ്കിലും, മെത്രാന്മാരായ പിതാക്കൻമാർ നിശ്ചയിച്ചുറപ്പിച്ച ഈ നിയമങ്ങൾ ലംഘിക്കാൻ മുതിരുകയോ; അയാളുടെ ചിന്താപദ്ധതികൾ ആരെങ്കിലും സമ്മതിക്കുകയോ ചെയ്താൽ: അയാൾ ദൈവത്തിന്റെയും തന്റെ മിശിഹായുടെയും തന്റെ പരിശുദ്ധാത്മാവിന്റെയും മുമ്പാകെ എന്നേക്കും ശപിക്കപ്പെട്ടവനും ഭ്രഷ്ടനുമായിരിക്കും എന്നറിയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.''

അപ്പോൾ ഞങ്ങളുടെ ബഹുമാന്യപിതാവും എപ്പിസ്കോപ്പായും പൗരസ്ത്യ കാതോലിക്കോസുമായ മാർ യാബാലാഹാ, തന്റെ ബഹുമാന്യ സഹോദരനും എപ്പിസ്കോപ്പായും അംബാസഡറുമായ മാർ അകാചിയുസിന്റെ മുൻപാകെ തന്റെ വിജ്ഞാന ഭണ്ഡാഗാരത്തിൽ നിന്നും തന്റെ മഹത്തായ ബുദ്ധികൂർമതയിൽ നിന്നും ഇപ്രകാരം പറഞ്ഞു:

''നിങ്ങൾ ഇപ്രകാരമുള്ള രക്ഷാകരവും നല്ലതുമായ ചിന്തകൾ പുലർത്തുന്നതിനാൽ ഞാൻ തന്നെ ഈ സംഗതികൾ യഥാർത്ഥമായി നടപ്പിലാക്കുന്നതാണ്. നിങ്ങളാകട്ടെ, നിങ്ങളുടെ ചിന്തകളും നിങ്ങളുടെ സദുദ്ദേശങ്ങളും നിങ്ങളുടെ വാഗ്ദാനങ്ങളും നടപ്പാക്കണം. ചുരുക്കത്തിൽ, ഇടയന്മാരും അജഗണവും വിശുദ്ധിയും ശുദ്ധതയും ജാഗ്രതയും ഉള്ളവരായിരിക്കുന്നതിനും വിശുദ്ധ ശുശ്രൂഷകൾ പരികർമ്മം ചെയ്യുന്നവർ ബഹുമാനിക്കപ്പെടുന്നതിനും വൈദികർ ശുദ്ധതയിൽ സംരക്ഷിക്കപ്പെടുന്നതിനും അൽമായർ ദുഷ്ടന്റെ കെണികളെയും ബന്ധനങ്ങളെയും തകർക്കുന്നതിനും വേണ്ടി, എല്ലാ മനുഷ്യരുടെയും രക്ഷ ആഗ്രഹിക്കുന്ന നമ്മുടെ ആരാധ്യനായ ദൈവം തന്റെ സഭയുടെ സുസ്ഥിതിക്കും ക്രമീകരണത്തിനും വേണ്ട സംഗതികൾ ചെയ്യുന്നു.

www.malankaralibrary.com



പ്രശസ്തരും ഭാഗ്യവാന്മാരും സൽസ്മരണാർഹരും മെത്രാന്മാരുമായ പിതാക്കന്മാർ തങ്ങളുടെ വിശുദ്ധ നിയമങ്ങളാൽ മശിഹായുടെ സഭകൾക്ക് നിയമദാതാക്കളായിത്തീരാൻ പ്രചോദിതരായി. അവരുടെ സത്യപ്രബോധനമാകുന്ന പുളിപ്പ് സ്വീകരിച്ച സ്ഥലങ്ങളിലെല്ലാം വിശുദ്ധ ശ്ലീഹന്മാരിൽ നിന്നു ലഭിച്ച സത്യവിശ്വാസം ഉറപ്പായി നിലനിൽക്കുന്നു. അവരുടെ സത്യ പാരമ്പര്യമാകുന്ന, കലർപ്പില്ലാത്ത നല്ല ഉപ്പ് നാം വരെ എത്തിച്ചേർന്നിട്ടുണ്ട്. സത്യത്തെ സ്നേഹിക്കുന്നവർക്കും, നീതി പാലിക്കുന്നവർക്കും മഹനീയത്രിത്വത്തിന്റെ സത്യം പ്രസംഗിക്കുന്നവർക്കും അനുയോജ്യമായിരിക്കുന്നതുപോലെ. പരിചയരാഹിത്യത്താൽ നമ്മുടെ സഭയിൽ നിലനിൽക്കുന്ന വലിയ കുഴപ്പങ്ങൾ കണ്ടുകൊണ്ട് നിങ്ങളെന്നെ അഭിസംബോധന ചെയ്ത് നടത്തിയ പ്രസംഗത്തിൽസഭകളുടെ അഭ്യുന്നതിക്കുവേണ്ടി പാശ്ചാത്യലോകത്തു വച്ച് വിവിധ കാലഘട്ടങ്ങളിൽ നടന്ന സിനഡുകളിൽ പാസാക്കിയ നിയമങ്ങൾ നിങ്ങൾക്ക ഞാൻ നൽകണമെന്ന് നിങ്ങൾ അപേക്ഷിക്കുന്നു എന്ന് നിങ്ങൾ അറിയിക്കുകയുണ്ടായി. നിങ്ങളുടെ ഏകയോഗമായ നല്ല താല്പര്യം നാം സ്വാഗതം ചെയ്യുന്നു കാരണം, ചിട്ടയുള്ളവരും, ബുദ്ധിയുള്ളവരും, ശുദ്ധതയുള്ളവരും, പരിശുദ്ധരും തങ്ങളുടെ വ്യാപാരങ്ങളാൽ ബഹുമാനിതരുമായ മനുഷ്യരെപ്പോലെയാണ് നിങ്ങൾ ആവശ്യപ്പെട്ടിരിക്കുന്നത്. ഈ നിയമങ്ങൾ പാലിച്ചുകൊള്ളാമെന്ന് നിങ്ങൾ ഉറപ്പായി വാഗ്ദാനം ചെയ്തിരിക്കുന്നു. ഇവ ലംഘിക്കുന്നവർ മുടക്കപ്പെട്ടമെന്നും ഭ്രഷ്ടരാക്കപ്പെടുമെന്നും നിങ്ങളെന്നോട് പ്രഖ്യാപിച്ചിരിക്കുന്നു. ദൈവകൃപയാൽ നാം ഈ സ്ഥാനത്തിരിക്കുന്നത നാൽ നമുക്കും ഇതേ മന:സ്ഥിതി തന്നെയാണ്. ദൈവാനുഗ്രഹത്താൽ നിങ്ങൾ എന്റെ സന്നിധിയിൽ ഒന്നിച്ചുകൂടിയിരിക്കുകയും നിങ്ങളുടെ അഭ്യർത്ഥനയിലൂടെ ഏകയോഗമായി എന്നോടപേക്ഷിക്കുകയും ചെയ്തിരിക്കുന്ന ഇന്ന്, ജാഗ്രതാപൂർവം നിങ്ങൾ അനുസരിക്കാനായി, പാശ്ചാത്യ പിതാക്കന്മാരായ മെത്രാന്മാർ സ്ഥാപിച്ചുറപ്പിച്ചിരിക്കുന്ന ഈ കാനോനാകൾ നിങ്ങൾക്കോരോരുത്തർക്കുമായി നാം നൽകുന്നു. ഇവയിലൊന്നു പോലും ലംഘിക്കാൻ ആരും മുതിരാതിരിക്കട്ടെ. നാമാകട്ടെ, ആദ്യമായി പൂർണഹൃദയത്തോടെ ഇവ അംഗീകരിക്കയും നിങ്ങളോടുകൂടെയും നിങ്ങളെപ്പോലെയും ഇവ കാത്തുസൂക്ഷിക്കാൻ പരിശ്രമിക്കയും ചെയ്യും. ഈ സത്യകാനോനാകൾ ലംഘിക്കുന്നവരെല്ലാം മുടക്കപ്പെട്ടവരും ശപിക്കപ്പെട്ടവരും ആയിരിക്കുമെന്നു പ്രഖ്യാപിച്ചുകൊള്ളുന്നു. ദൈവികജ്ഞാനത്തിനെതിരായി ഉയരുന്ന എല്ലാ അഹങ്കാരവും അമർച്ച ചെയ്യപ്പെടുന്നതിനും ദുഷ്ടന്റെ വലകളെ കീറി, കെട്ടുകളെ പൊട്ടിച്ച് അവന്റെ എല്ലാ ദുഷ്ടപദ്ധതികളെയും ഇല്ലായ്മ ചെയ്യുന്നതിനുമാണിത്. വിശുദ്ധ സിനഡിൽ പിതാക്കന്മാർ സ്ഥാപിച്ചുറപ്പിച്ച നിയമങ്ങൾ ഏവയാണെന്ന് ഈ എഴുത്തിൽ നൽകിയിട്ടുള്ള സംഗതികളിൽ നിന്ന് നിങ്ങൾക്ക് ഗ്രഹിക്കാൻ സാധിക്കും.

വിജയശ്രീലാളിതനായ മഹാരാജാവിന്റെ വാഴ്ചയുടെ പതിനൊന്നാമാണ്ടിൽ, മാർ ഇസഹാക്കിന്റെ ഭരണകാലത്ത് ഒരു ഡിക്രിവഴി എഴുതിയ നിയമങ്ങളെല്ലാം അന്നത്തെ കാലത്തിനും സാഹചര്യത്തിനും അനുസൃതമായി എഴുതപ്പെട്ടവയാണ്. എന്നാൽ കാലം മാറുന്നതനുസരിച്ച് സാഹചര്യങ്ങളും മാറുന്നു; നിയമങ്ങളും അതോടൊപ്പം മാറുന്നു. അവിടെയും ഇവിടെയും ഉടലെടുത്തിരിക്കുന്ന കലക്കം ചില്ലറയല്ല; ക്രമരാഹിത്യവും വളരെയാണ്. ധിക്കാരികളെ അമർച്ച ചെയ്യാനാണ്, കാലത്തിനൊപ്പിച്ച്, കാഠിന്യം കൂടിയ നിയമങ്ങൾ ഉണ്ടാക്കിയിരു

www.malankaralibrary.com



ക്കുന്നതു്. അവ സംരക്ഷിക്കതന്നെ വേണം; അവ നീക്കം ചെയ്യാൻ പാടില്ല. മററുള്ളവർക്കു് വിശ്വസിക്കാനുള്ള ഒരു കാരണമാണവ; മുമ്പുള്ള കലഹം വീണ്ടും കുത്തിപ്പൊക്കാൻ ആരും ഒരുമ്പെടരുതു്.''

അപ്പോൾ ബഹുമാന്യനും ശ്രേഷ്ഠനുമായ അംബാസഡർ, അകാചിയൂസ് എപ്പിസ്കോപ്പാ, മെത്രാന്മാരായ ഞങ്ങളെല്ലാവരോടുമായി ഇപ്രകാരം പറഞ്ഞു: ''മുമ്പു് എഴുതിയവയും മറക്കാതെ കാത്തുസൂക്ഷിക്കുന്നതു് ഉചിതമായിരിക്കും. ഇന്നും, തിരുത്തലിനും, നിയമരഹിതമായി ജീവിക്കുന്നവരെയും സൽപ്രമാണങ്ങളെ ലംഘിക്കാനുള്ള മനസ്ഥിതിയുള്ളവരെയും, ഭയപ്പെടുത്തുന്നതിനും ഇവ ഉപകരിക്കും.''

അവിടെയുണ്ടായിരുന്ന മെത്രാന്മാരായ ഞങ്ങളെല്ലാവരും, പൗരസ്ത്യ കാതോലിക്കോസും എപ്പിസ്കോപ്പായും ഞങ്ങളുടെ ബഹുമാന്യ പിതാവുമായ മാർ യാബാലാഹായുടെയും, ഞങ്ങളുടെ ബഹുമാന്യസഹോദരനും എപ്പിസ്കോപ്പായും അംബാസഡറുമായ മാർ അകാചിയൂസിന്റെയും സാന്നിധ്യത്തിൽ, ഏകയോഗമായി ഞങ്ങളെഴുതിയവയെല്ലാം ഒപ്പിട്ടു മുദ്രവച്ചു. എല്ലാം ഭംഗിയായി ക്രമീകരിക്കാനായി, ഞങ്ങൾക്കോരോരുത്തർക്കും കാനൻ പുസ്തകത്തിന്റെ ഓരോ കോപ്പി ലഭിച്ചു. ഞങ്ങളിലാരെങ്കിലുമോ, ഞങ്ങൾക്കുശേഷം വരുന്നവരോ, ഇവയ്ക്കെതിരായി നിന്നാൽ അയാൾ മിശിഹായുടെ ശുശ്രൂഷയ്ക്കു് അന്യനായിരിക്കും.

## ഒപ്പുകൾ

1 ഞാൻ, യാബാലാഹാ എപ്പിസ്കോപ്പ,
പൗരസ്ത്യ കാതോലിക്കോസ്, മുകളിൽ എഴുതപ്പെട്ടവയെല്ലാം അംഗീകരിക്കുന്നു.

| | | | |
|---|---|---|---|
| 2 | ഞാൻ, | അകാചിയൂസ് എപ്പിസ്കോപ്പാ | ,, |
| 3 | ,, | അഗാപീററസ്, ബേത്_ലാപാതിലെ എപ്പിസ്കോപ്പാ, | ,, |
| 4 | ഞാൻ, | ഹോശിയ, നിസിബിസിലെ എപ്പിസ്കോപ്പാ | ,, |
| 5 | ഞാൻ, | സൗമാ, കർകാ ദ്ലേദാനിലെ എപ്പിസ്കോപ്പ | ,, |
| 6 | ,, | തിയഡോറൂസ്, എപ്പിസ്കോപ്പ | ,, |
| 7 | ,, | ദ്ദഖാ, സൂസിലെ എപ്പിസ്കോപ്പ | ,, |
| 8 | ,, | ഗ്ഗറാ, ഷുഷ്തേറിലെ ,, | ,, |
| 9 | ,, | ശത്മൻ (?) ,, | ,, |
| 10 | ,, | ഗാറിൻ ,, | ,, |
| 11 | ,, | ബർശേമാ ,, | ,, |
| 12 | ,, | നർസായ് ,, | ,, |

മാർ യാബാലാഹായുടെ സിനഡിന്റെ അവസാനം

www.malankaralibrary.com

# 9

# മാർ ദാദീശോയുടെ സിനഡ് (424)[1]

**ആമുഖം**

ദാദീശോ സെലൂഷ്യയിൽ കാതോലിക്കോസായപ്പോൾ സഭയിൽ ശീശ്മയും കലഹവും ഉണ്ടാക്കിയ മെത്രാന്മാരിൽ നിന്നുള്ള എതിർപ്പിനെ നേരിടേണ്ടിവന്നു. ഈ ശീശ്മക്കാർ ദാദീശോയ്ക്കെതിരെ നിരവധി ആരോപണങ്ങളുന്നയിച്ചു. ദാദീശോ ജയിലിലടയ്ക്കപ്പെട്ടു. അമീദിലെ മെത്രാൻ മാർ അകാചിയൂസ് ഇടപെട്ട് ദാദീശോയെ ജയിൽ വിമുക്തനാക്കി. എന്നാൽ തുടർന്ന് സഭാനേതൃത്വം ഏറ്റെടുക്കാൻ അദ്ദേഹം കൂട്ടാക്കിയില്ല. അദ്ദേഹം രാജിവച്ച് സെലൂഷ്യയ്ക്കടുത്ത് മർകബ്താ എന്ന സ്ഥലത്തു താമസമായി. ഈ അവസരത്തിൽ (424-ൽ) പേർഷ്യൻ സഭയിലെ 36 മെത്രാന്മാർ ഒന്നിച്ചുകൂടി അദ്ദേഹത്തിന്റെ പക്കലെത്തി. അവിടെ വച്ച് ഒരു സിനഡ് നടന്നു. സിനഡിൽ സംബന്ധിച്ച മെത്രാന്മാർ ദാദീശോയ്ക്ക് അനുകൂലമായ സമീപനം സ്വീകരിച്ചു. ദാദീശോ സഭാനേതൃസ്ഥാനത്തു തുടരണം എന്ന് അവർ ഐകകണ്ഠ്യേന അഭ്യർത്ഥിച്ചു. സഭാദ്ധ്യക്ഷനെ വിധിക്കാനും നീക്കാനും കീഴുള്ളവർക്ക് അധികാരമില്ലെന്നും അനുസരണവും വിധേയത്വവും കാണിക്കാത്തവരെ സഭയ്ക്കു പുറത്താക്കണമെന്നും സിനഡ് തീരുമാനിച്ചു. ആർക്കും കാതോലിക്കോസിനെ വിധിക്കാൻ പാടില്ല എന്നു മാത്രമല്ല, അദ്ദേഹത്തിനെതിരെ റോമൻ സാമ്രാജ്യത്തിലെ പാത്രിയർക്കീസുമാരുടെ പക്കൽ പരാതിപ്പെടാനും പാടില്ല എന്ന് അവർ അംഗീകരിച്ചു. മെത്രാന്മാർ ഇപ്രകാരം വിധേയത്വം പ്രഖ്യാപിച്ച സാഹചര്യത്തിൽ ദാദീശോ തുടർന്ന് നേതൃത്വം ഏറ്റെടുത്തു. ഈ സിനഡിന്റെ നടപടികളാണ് താഴെ കൊടുക്കുന്നത്.

## മർകബ്താ സിനഡ്

രാജാക്കന്മാരുടെ രാജാവായ വാറന്റെ കാലത്ത്, കാതോലിക്കേറ്റിന്റെ ഭരണം രാജിവച്ചൊഴിയാൻ മാർ ദാദീശോ കാതോലിക്കോസ് ആഗ്രഹിച്ചപ്പോൾ തയ്യായേയിലെ മർക്കബ്തായിൽ വച്ച് മെത്രാപ്പോലീത്താമാരും എപ്പിസ്കോപ്പാമാരും ഒന്നിച്ചുകൂടിയ സഭായോഗം.

മഹാരാജാവായ വാറന്റെ ഭരണത്തിന്റെ നാലാം വർഷം; പൗരസ്ത്യദേശത്തെ ക്രിസ്ത്യാനികളുടെയെല്ലാം ഭരണാധികാരിയും മെത്രാന്മാരുടെയെല്ലാം ഉന്നതാധികാരിയും കാതോലിക്കോസുമായ മാർ ദാദീശോയുടെ സാന്നിദ്ധ്യത്തിൽ തയ്യായേയിലെ മർകബ്തായിൽ സമ്മേളിച്ച മെത്രാന്മാർ:

1 J. B. Chabot, Synodicon Orientale, P. 43-53 /285-298

www.malankaralibrary.com



1 അഗാപീററസ്, ബേത്‌ലാപാത് എപ്പിസ്കോപ്പാ
2 ഹോശിയാ, നിസിബിസ് ,,
3 സബ്ദാ, ഫേരാത് ,,
4 ദാനിയേൽ, അർബേൽ ,,
5 അക്ബാലാഹാ, കർകാദ്ബേത്സ്ലോക്ക് ,,
6 യസ്ദാദ്, റിവ് അർദശീർ ,,
7 മീലെസ്, കർദ ,,
8 അബ്ദീശോ, ഷുഷ്തേർ ,,
9 ദാനിയേൽ, അർസൂൻ ,,
10 ശിമയോൻ, ഹിർതാ ദ് തയ്യായേ ,,
11 അബ്രഹാം, റീമാ ,,
12 യോഹന്നാൻ, നെഹർഗുർ ,,
13 നർസെ, കർകാദ്മൈശാൻ ,,
14 നർസെ, റാദാനി ,,
15 മാറായ്, കശ്കാർ ,,
16 ബാതാ, ലാശോം ,,
17 യൗസേപ്, ഹർബാഗെലാൽ ,,
18 യോഹന്നാൻ, ഔസ്സാൻ ദ് അർസൂൻ ,,
19 മീലെസ്, ഷുഷ്തേർ ,,
20 ബർ സാബാ, മേർവ് ,,
21 യസ്ദോയ്, ഹേരാത് ,,
22 അഫ്രീദ്, സേജെസ്ഥാൻ ,,
23 ദാവീദ്, അബ്രാശഹർ ,,
24 ഡൊമീഷ്യൻ, ശാവീതാ ദ്ഗുർഗാൻ ,,
25 ദാവീദ്, റായ് ,,
26 ആദായ്, അരേവാൻ ദ്അബ്രാ ,,
27 സാസർ (?), ബേത്ദാറായേ ,,
28 അററിക്കസ്, ബേത് മോക്സായേ ,,
29 അർതാഷഹർ, അർമേനിയാ ,,
30 കീറിസ്; ദാസെൻ ,,
31 മാറെ, ബേത്—ബാഗാശ് ,,
32 അഫ്രാത്, ഇഷ്ഫഹാൻ ,,
33 അർദാക്, മശ്കേനാ ദ്കർദ ,,
34 സാദോയ്, ഇഷ്താഹർ ,,
35 യോഹന്നാൻ, മാസോൻ ,,
36 ഹതീതാ, ശ്ബീതാ ദ് ബെലാശ്ഫർ ,,

ഈ മെത്രാന്മാർ എല്ലാവരുംകൂടി പിതാവും നേതാവും പൗരസ്ത്യ മെത്രാന്മാരുടെയെല്ലാം തലവനും കാതോലിക്കോസും വാഴ്ത്തപ്പെട്ടവനും വിശുദ്ധനുമായ മാർ ദാദീശോയ്ക്ക് ഒരപേക്ഷ സമർപ്പിച്ചു. അദ്ദേഹം തന്റെ സിംഹാസനത്തിൽ തിരികെ വരണമെന്നും ദൈവത്തിന്റെ സഭയുടെ നേതൃസ്ഥാനം വീണ്ടും ഏറെറടുക്കണമെന്നും മിശിഹായുടെ പൗരസ്ത്യദേശം മുഴുവനുമുള്ളതും ശ്ലീഹന്മാരിൽ പ്രധാനിയായ പത്രോസിനെപ്പോലെ അദ്ദേഹം സ്വീകരിച്ച ഉന്നത പൗരോഹിത്യത്താൽ മിശിഹാ അദ്ദേഹത്തെ ഭരമേല്പിച്ചതുമായ അജഗണത്തിന്റെ നിയന്ത്രണം തുടർന്നും നടത്തണമെന്നും അവർ അപേക്ഷിച്ചു.

www.malankaralibrary.com



വിശുദ്ധരുടെയും വിശ്വാസസാക്ഷികളുടെയും ആർച്ചുബിഷപ്പുമാരുടെയും പൊതുസമ്മതത്താലും പൊതുവായ തീരുമാനത്താലും, മല്പാന്മാരുടെ എഴുത്തുകളാലും പ്രശസ്തരുടെയും ഞങ്ങളുടെ നാഥനായ മിശിഹായ്ക്കു സാക്ഷ്യം നൽകുന്നതിൽ കിരീടം ധരിപ്പിക്കപ്പെട്ട രക്തസാക്ഷികളുടെയും സഹനത്താലും കോക്കെയിലെ വലിയ ദേവാലയത്തിലെ ഈ വാഴ്ത്തപ്പെട്ട സിംഹാസനത്തിന് പാത്രിയാർക്കാസ്ഥാനം എന്ന ദാനം നൽകപ്പെടുകയും ഉറപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു. മാർ കാതോലിക്കോസ്, ഈ സിംഹാസനത്തിന്റെ പിതാവും, നേതാവും പൗരസ്ത്യദേശത്തുള്ള ക്രിസ്ത്യാനികളുടെയെല്ലാം തലവനും ആയി അങ്ങ് നിയമിക്കപ്പെടുകയും ഉറപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു. അങ്ങയുടെ സിംഹാസനത്തിൽ നിന്ന് ഈ ദാനം ഈ സാമ്രാജ്യത്തിലെ മാത്രമല്ല, ഇതിനപ്പുറത്തും ഉള്ള എല്ലാ എപ്പിസ്കോപ്പൽ സിംഹാസനങ്ങളിലേക്കും വ്യാപിക്കയും ചൊരിയപ്പെടുകയും ചെയ്തിരിക്കുന്നു; ഇപ്പോഴും അനുസ്യൂതം വ്യാപിക്കയും പരക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ശക്തരായ രാജാക്കന്മാരുടെ കല്പനകൾക്കോ, ക്രൂരരായ അധികാരികളുടെ താഡനങ്ങൾക്കോ, പീഡനങ്ങൾക്കോ അതിനെ തടയാൻ സാധ്യവുമല്ല. —മെത്രാന്മാരായ ഞങ്ങൾ ഇപ്രകാരം പറഞ്ഞുകഴിഞ്ഞപ്പോൾ, പൗരസ്ത്യദേശം മുഴുവന്റെയും തലവനും നേതാവും ശ്രേഷ്ഠനായ വിശ്വാസസാക്ഷിയുമായ ഞങ്ങളുടെ പിതാവ് സംസാരിക്കാൻ തുടങ്ങി; അദ്ദേഹം ഞങ്ങളുടെ സമൂഹത്തോട് ഇപ്രകാരം പറഞ്ഞു:

''ഞങ്ങൾക്കുപരിയായി ഒരധ്യക്ഷനുണ്ടായിരിക്കുന്നത് നമ്മുടെ ഇടയിലെ ധിക്കാരികൾക്കിഷ്ടമില്ല. നമ്മുടെ ഗുരുക്കന്മാരും പിതാക്കന്മാരും വി. കാതോലിക്കാമാരുമായ മാർ ഇസഹാക്കും മാർ യാബാലാഹായും അവരുടെ കൂടെയുണ്ടായിരുന്ന മെത്രാന്മാരുംകൂടി സിനഡുകളിൽ ഈയാളുകളെ പല പ്രാവശ്യം മുടക്കുകയും സ്ഥാനഭ്രഷ്ടരാക്കുകയും ചെയ്തിട്ടുള്ളതാണ്. അവരിലൊരാൾ ഈ ലോകത്തിൽ നിന്നു കടന്നുപോയിരിക്കുന്നു. ഇപ്പോൾ ഇവിടെ സന്നിഹിതരായിരിക്കുന്ന നിങ്ങൾക്ക്, ഈ അഹങ്കാരികളുടെ ദുഷ്ടതയെപ്പററി നന്നായറിയാവുന്നതാണല്ലോ; ബാതായ് ദ്ഹെർമിസ്ദ് അർദശീർ; ബർസബ്താ ദ്സൂസ്; സെബദീദാ ദ് സാബേ; കീശാദ്കോനി, ശർബീൽ ദ് ദാസ്കർതാദ്മൽക്കാ: അബ്നേർ ദ്കശ്ക്കാർ;; ശലോമോൻ ദ്നൂഹദ്രാ; ബർഹയ്ലേ ദ് തഹാൽ,; ബെറീക്കോയ് ദ്ബെലാശ്ഫാർ; ഫർബോകത് ദ്അർദശീർ ക്കുറാഹ്; യസ്ദ്ബോസേദ് ദ്ദാരബ്ഗേർദ്; ബാക്കിയുള്ള അവരുടെ അനുയായികളെ നിങ്ങൾക്കറിയാമല്ലോ. അവരെ താക്കീതുചെയ്ത് സ്ഥാനഭ്രഷ്ടരാക്കി, എല്ലാ വൈദികസ്ഥാനങ്ങളും എടുത്തുകളഞ്ഞ്, ഒരു ഡിക്രിവഴി വിശുദ്ധ രഹസ്യങ്ങളിൽ ഉള്ള സംസർഗത്തിൽ നിന്ന് അവരെ നീക്കിയപ്പോൾ, പുറജാതികളായ ലൗകികാധികാരികളുടെ പക്കൽ സഹായം തേടുവാൻപോയി. അവരെപ്പോലെ മത്സരിച്ച ചില മനുഷ്യരും അവരുടെ കൂടെ കൂടി. അവരിൽ ചിലരെ നാം മുടക്കി; മററുള്ളവരുടെ സ്ഥാനം എടുത്തുകളഞ്ഞു. അവർ വിശ്വാസികളുടെ മനസ്സാക്ഷിയെ കലക്കിമറിക്കുന്നു; അവർ ജനങ്ങളോട് ഇപ്രകാരം പറഞ്ഞുകൊണ്ട് അവരെ വഞ്ചിക്കുന്നു: ''കാരണം കൂടാതെയാണ് വൈദികസ്ഥാനത്തുനിന്ന് ഞങ്ങളെ അവർ മുടക്കിയതും സ്ഥാനങ്ങൾ എടുത്തുകളഞ്ഞതും; മാർ ഇസഹാക്കും മാർ

www.malankaralibrary.com



യാബാലാഹായും അവരുടെ കൂടെയുള്ള മെത്രാൻമാരും ഞങ്ങളോട് നീതിരഹിതമായിട്ടാണ് പെരുമാറിയിട്ടുള്ളത്. ഞങ്ങളുടെ മനസാക്ഷിയിൽ ഞങ്ങൾ കുറക്കാരല്ലാത്തതിനാൽ ഞങ്ങൾക്കെതിരെയുള്ള മുടക്കുകളും സ്ഥാനഭ്രഷ്ടമാക്കലും ഞങ്ങൾ കൂദാശസ്ഥാപനയരുതെന്നും, ഞങ്ങൾ ക്രിസ്ത്യാനികളുമായി സംസർഗം ചെയ്യരുതെന്നും മററുമുള്ള വിലക്കുകളും ഞങ്ങൾ അംഗീകരിക്കുന്നില്ല.''

അവരുടെ ദുഷ്ടത നിമിത്തം അവർക്കെതിരായി ഞാൻ വിധി തീർപ്പ് എഴുതി അവരുടെ സ്ഥലങ്ങളിൽ അറിയിക്കയുണ്ടായി. അതു കണ്ടപ്പോൾ അവർ ഇപ്രകാരം പറഞ്ഞു: ''ദാദീശോയുടെ വിധിതീർപ്പ് ഞങ്ങൾ അംഗീകരിക്കുന്നില്ല; കാരണം, അദ്ദേഹത്തിനു കാതോലിക്കേററ് നൽകപ്പെട്ടിട്ടില്ല. മെത്രാനെന്നു പേരുള്ള ഒരു മനുഷ്യൻ അയാളുടെ തലയിൽ കൈവച്ച് ക്രമരഹിതമായി, കാതോലിക്കോസ് എന്നു പ്രഖ്യാപിക്കയാണ് ചെയ്തിട്ടുള്ളത്. കൂടാതെ അയാൾ പേർഷ്യൻ മാജികൾക്ക് ഇപ്രകാരം എഴുതി ഒപ്പിട്ടു (എന്നും അവർ പറയുന്നു): 'ഞാൻ ക്രിസ്ത്യാനികളുടെ തലവനല്ല; ഞാൻ മെത്രാനെയോ വൈദികനെയോ ഡീക്കനെയോ വാഴിക്കുന്നില്ല.' അയാൾ അഗ്നിയേയും ജലത്തെയും വന്ദിക്കുന്നു. അയാൾ എല്ലാ ക്രിസ്തുമതാചാരാനുഷ്ഠാനങ്ങളിൽ നിന്നും അന്യനാണ്. വലിയ ദുർമാർഗത്തിൽ ആണ്ടുപോയി. അയാൾ ധാരാളം പണം പലിശയ്ക്കു കൊടുക്കുന്നു; പള്ളികളേയും ആശ്രമങ്ങളേയും കൊള്ളയടിക്കുന്നു; വലിയ കാഴ്ചകൾ നൽകുന്നവർക്കേ അയാൾ പട്ടം കൊടുക്കുന്നുള്ളു. താൻ സ്വീകരിച്ച സമ്മാനങ്ങൾ മൂലവും നീതിരഹിതമായ വിധിതീർപ്പുകൾ മൂലവും അനേകമാളുകൾ ഇന്നു നിരാശയിലാണ്. തന്റെ എല്ലാ വ്യാപാരങ്ങളിലും അയാൾ വഞ്ചകനും കിറുക്കനും അജ്ഞനുമാണ്; കാരണം അയാൾക്ക് പരിചയസമ്പത്തില്ല; വിശുദ്ധ ഗ്രന്ഥങ്ങൾ വായിക്കാനറിയില്ല. അയാളുടെ ദുരാരോപണം നിമിത്തമാണ് ഇപ്പോൾ ക്രിസ്ത്യാനികൾക്കെതിരായി മതപീഡനം ഉണ്ടായിരിക്കുന്നത്.''

അവർ ഇങ്ങനെയൊക്കെ ക്രിസ്ത്യാനികളോട് പറഞ്ഞു. അവരിൽ വിവേചനാ ശക്തിയില്ലാത്ത അനേകർ അവരുടെ പിറകെ പോയി. ഈ ദുഷ്ടത പറഞ്ഞുപരത്തിയവരെക്കാൾ ശ്രോതാക്കളായിരുന്ന ചിലർ തങ്ങളുടെ സഹോദരങ്ങൾക്ക് ഇടർച്ച വരുത്തിക്കൊണ്ട് നമ്മെ സംബന്ധിച്ച് ദുഷ്പ്രചരണം നടത്തി. മുടക്കപ്പെട്ട ആളുകളിൽ നിന്ന് കേട്ട രീതിയിലല്ല പിന്നെയോ നമ്മെപ്പററി അവർ പറയുന്നവ, നാം ചെയ്യുന്നവ നേരിൽ കണ്ടവരെപ്പോലെ നമുക്കെതിരെ എല്ലാ ദുഷ്ടതയും അവർ പറഞ്ഞു പരത്തി. കഴിഞ്ഞ വർഷംപോലും പ്രഭുക്കന്മാരുടെയും പുറജാതികളുടെയും പക്കൽ നമുക്കെതിരെ അവർ ദുരാരോപണങ്ങളും അപവാദങ്ങളും ഉന്നയിച്ചു. എന്നെ അവർ ജയിലിലടച്ചു കഠിനമായി പീഡിപ്പിച്ചു. ഈ അഹങ്കാരികളുടെ പ്രചരണത്താൽ എന്നെപ്രതി ക്രിസ്ത്യാനികളിൽ അധികം പേർ ഇടറുകയുണ്ടായി. ജയിൽ മർദ്ദനങ്ങളാലും കഠിന മർദ്ദനങ്ങളാലും പീഡകളാലും എനിക്കുണ്ടായ വേദനയിലും അത്യാഹിതത്തിലും എന്നെ ആശ്വസിപ്പിക്കാൻ ആരുമുണ്ടായിരുന്നില്ല. അതുകൊണ്ട് പീഡകർ കൂടുതൽ ക്രുദ്ധരായിത്തീർന്നു; മാജികൾ പള്ളികളെയും ആശ്രമങ്ങളെയും തകർക്കുന്നതിൽ കൂടുതൽ തീക്ഷ്ണത കാട്ടി. അനേകർ വിശ്വാസം ത്യജിക്കയും നമ്മുടെ സമൂഹത്തിൽ നിന്ന് വിട്ടുപോകുകയും ചെയ്തു. എന്നാൽ ചിലർ വിശ്വാസം ഏററുപറഞ്ഞു; ഭൂരിഭാഗവും ഓടി ഒളിച്ചു. ഈ മുടക്കപ്പെട്ട വ്യക്തികൾ, സഭയിലെ ഇടയന്മാരുടെ തലവൻ വഴി

www.malankaralibrary.com



പരിശുദ്ധാത്മാവ് അവരുടെമേൽ ഉച്ചരിച്ച നീതിപൂർവ്വകമായ വിധി വാചകം അംഗീകരിക്കാതെ, ക്രിസ്തുമതത്തിന്റെ നാശത്തിനായി ഇപ്പോഴും തങ്ങളുടെ ദുഷ്ടമനസ് ആവർത്തിക്കാൻ ആഗ്രഹിച്ചു. അവരുടെ ദുഷ്ടതയ്ക്കനുസരിച്ച് അവരുടെ വഴിപിഴയ്ക്കൽ സാധാരണ മനുഷ്യരുടെ ഇടയിൽ പ്രചരിച്ചു. പാപച്ചെളിയിലൂടെ സഞ്ചരിക്കാൻ അവർ തീരുമാനിക്കയും നാശത്തിലേക്കു നയിക്കുന്ന സ്വതന്ത്രപാത എപ്പോഴും വേണമെന്ന് അവർ ആഗ്രഹിച്ചതിനാലും, തങ്ങളുടെ ദുഷ്ടപാതയിൽ മുന്നോട്ടു പോകുന്നത് തടയുന്നതിന് ഒരു നേതാവിനെയോ നിയന്താവിനെയോ അവർ ഇഷ്ടപ്പെട്ടില്ല. വേട്ടക്കാരന്റെ ഞാണിൽ നിന്നു പക്ഷിയെന്നവണ്ണം ഞാൻ സ്വതന്ത്രനായ വിവരം ഒരു വിശ്വസ്തദൂതൻ നിങ്ങളെ അറിയിച്ചല്ലോ. എനിക്കുണ്ടായ ബഹുവിധ പരീക്ഷണങ്ങളാൽ വിവരണാതീതമായി ഞാൻ ദുഃഖിതനാണ്. പീഡിപ്പിക്കപ്പെട്ട എന്റെ ആത്മാവിനെ നിങ്ങളെന്തിനു പിന്നെയും മഥിക്കുന്നു? നിങ്ങളുടെ ന്യായമായ ബഹുമാനത്തിനു വേണ്ടി ഞാൻ വലിയ നിന്ദയും അളവില്ലാത്ത പീഡനങ്ങളും സഹിച്ചു. സഭയുടെ നാശത്തിലും സഭാസന്താനങ്ങളുടെ അവമാനത്തിലും തകർച്ചയിലും കരഞ്ഞു ദുഃഖിക്കുവാൻ എന്നെ നിങ്ങൾ വിട്ടേക്കുവിൻ.'' അദ്ദേഹം ഇതു പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ രണ്ടും നിറഞ്ഞു; തന്റെ ദുഃഖത്തിൽ അദ്ദേഹം കരഞ്ഞു; അദ്ദേഹത്തോടൊപ്പം എല്ലാ മെത്രാന്മാരും കരഞ്ഞു.

അപ്പോൾ അഗാപീററസ് എപ്പിസ്കോപ്പാ എഴുന്നേററു. മെത്രാന്മാരുടെ പ്രധാനനേതാവും പൗരസ്ത്യം മുഴുവന്റേയും നിയന്താവുമായ ദാദീശോയുടെ മുൻപാകെ സംസാരിക്കാൻ അദ്ദേഹം അനുവാദം ചോദിച്ചു. അതുപോലെ പാശ്ചാത്യനേതാക്കന്മാർ വിവിധാവസരങ്ങളിൽ നമ്മുടെ പിതാക്കന്മാർക്കയച്ച കാനോനിക ലേഖനങ്ങൾ, പ്രത്യേകിച്ച്, അവസാനമായി, മാർ ഇസഹാക്ക് കാതോലിക്കോസിന്റെയും മാർ യാബാലാഹാ കാതോലിക്കോസിന്റെയും കാലത്തു് അയച്ചവ, വായിക്കുന്നതിനും ദാദീശോയോട് അനുവാദം ചോദിച്ചു. മാർ ദാദീശോ അദ്ദേഹത്തെ അനുവദിച്ചു. അഗാപീററസ് കത്തുകൾ വായിച്ചിട്ട് സഭയ്ക്കെതിരായി മതപീഡനം ആരംഭിച്ചപ്പോഴുണ്ടായ ആദ്യകലഹങ്ങളെപ്പററി പ്രത്യേകിച്ച്, അനുസരണരഹിതരും മത്സരബുദ്ധിക്കാരുമായ മെത്രാന്മാരുടെ ചെയ്തികളെപ്പററി ഒന്നിനു പിറകേ ഒന്നായി വിവരിക്കാൻ തുടങ്ങി. അവരുടെ ലജ്ജാകര പ്രവൃത്തികൾ നിമിത്തം വിശുദ്ധനും ശ്രേഷ്ഠമഹാപുരോഹിതനും വിശ്വസ്തനുമായ മാർ പാപ്പാ കാതോലിക്കോസ് അക്കാലത്തു് അവരെ കുററപ്പെടുത്തുകയുണ്ടായി. അപ്പോൾ അവർ മാർ മീലെസിന്റെയും അദ്ദേഹത്തെപ്പോലെ സുകൃതവാന്മാരായ മെത്രാന്മാരുടെയും പക്കൽ അഭയം തേടി. അവർ നിഷ്കളങ്കരായിരുന്നതിനാൽ ഇതു കേട്ടപ്പോൾ അവർക്കു് വിഷമമുണ്ടായി. അജ്ഞതയിൽ അവർ വ്യർത്ഥമായ തീക്ഷ്ണതയോടുകൂടി പ്രവർത്തിക്കാൻ പ്രേരിതരായി. ഈ എതിരാളികളിൽ ചിലർ പാപ്പായെ കുററപ്പെടുത്തി; മററു ചിലർ സാക്ഷികളായി മാറി. വിധിയാളന്മാർ എന്ന നിലയിൽ മാർ മീലെസും അദ്ദേഹത്തെപ്പോലെ സുകൃതവാന്മാരായ മററു മെത്രാൻമാരും ഈ മത്സരക്കാരുടെ സാക്ഷ്യം സ്വീകരിച്ചു. വിധിയാളൻമാരായിരിക്കാൻ അവർക്കൊരധികാരവും ഉണ്ടായിരുന്നില്ലെങ്കിലും മാർ പാപ്പായെ അവർ സ്ഥാനഭ്രഷ്ടനാക്കുകയും അദ്ദേഹത്തിന്റെ പട്ടം എടുത്തുകളയുകയും ചെയ്തു. ആ സമൂഹത്തിൽ നിന്ന് നീതി അകന്നുപോയിരിക്കുന്നെന്നും, ദുഷ്ടരെപ്പോലെ സത്യസന്ധരെയും ഒരുപോലെ ദുഷ്ടത കടന്നാക്രമിച്ചിരിക്കുന്നു എന്നും, തിരഞ്ഞെടുക്കപ്പെട്ടവരിൽ നിന്നും മത്സരക്കാരിൽ നിന്നും സത്യം ഒരുപോലെ ഓടി മറ

www.malankaralibrary.com



ഞ്ഞിരിക്കുന്നു എന്നും മാർപാപ്പാ കണ്ടു. താനും സമൂഹവുമായി നീതി പൂർവ്വകമായ ചർച്ച നടക്കില്ലെന്ന് അദ്ദേഹം മനസ്സിലാക്കി. അദ്ദേഹം കോപാവേശം പൂണ്ട് മധ്യത്തിൽ വച്ചിരുന്ന സുവിശേഷത്തിൽ രോഷത്തോടുകൂടെ ഇടിച്ചുകൊണ്ട് പറഞ്ഞു: ''സുവിശേഷമേ, സംസാരിക്കു; സംസാരിക്കു; എന്താണ്? ഞങ്ങളുടെയിടയിൽ ഒരു ന്യായാധിപനായി നീ വയ്ക്കപ്പെട്ടിരിക്കുന്നു; വഴിപിഴച്ചവരിലും സത്യസന്ധരായ മെത്രാന്മാരിലും നിന്ന് സത്യം അകന്നുപോയിരിക്കുന്നേ എന്നു നീ കാണുന്നു; നീതിക്കുവേണ്ടിയുള്ള പ്രതികാരത്തിനു നീ നിലവിളിക്കുന്നില്ല.'' എന്നാൽ മാർപാപ്പാ ബഹുമാനത്തോടും വിശ്വാസത്തോടും കൂടെ സുവിശേഷത്തെ സമീപിക്കാഞ്ഞതിനാലും അതിൽ അഭയം തേടുന്നവനെപ്പോലെ അതിന്മേൽ കൈവയ്ക്കാതിരുന്നതിനാലും, പെട്ടെന്ന് അദ്ദേഹത്തിന് തന്റെ ശരീരത്തിൽ ശിക്ഷാവിധി ഉണ്ടായി. എതിരാളികളായ മെത്രാൻമാർ പാപ്പായ്ക്കെതിരായി ഉന്നയിച്ച അനീതിയുടെയും ക്രൂരതയുടെയും അശുദ്ധിയുടെയും ആരോപണങ്ങളെല്ലാം, കൂടുതൽ വിശ്വസനീയമായി കൂടിയിരുന്ന മെത്രാൻമാർക്കു തോന്നി. ഒരു ദുഷ്പ്രവൃത്തകന്റേതെന്നപോലെ അപവാദം നിറഞ്ഞ ഒരു ചരിത്രം അവർ രചിച്ച്, അനേകം സ്ഥലങ്ങളിൽ ഇതിന്റെ കോപ്പികൾ അവർ പ്രചരിപ്പിച്ചു. അവസാനം പാശ്ചാത്യപിതാക്കൻമാർ ഈ കാര്യങ്ങൾ അറിയാൻ ഇടയായി. എതിരാളികളുടെ ദുരാരോപണങ്ങളെപ്പററി അവർ സൂക്ഷ്മ പരിശോധന നടത്തി, അവരുടെ ദുഷ്ടത വെളിച്ചത്തു കൊണ്ടുവന്നു. മാർ പാപ്പായെ ദുരാരോപണം നടത്തിയവരെയും സാക്ഷി പറഞ്ഞവരെയും സ്ഥാനഭ്രഷ്ടരാക്കി. അവരുടെ വൈദികസ്ഥാനം എടുത്തുകളഞ്ഞു. മാർ പാപ്പായ്ക്കെതിരായി കൂടിയ യോഗത്തിലുണ്ടായിരുന്ന സുകൃതവാന്മാരായ ചില മെത്രാൻമാർ രക്തസാക്ഷിമകുടം ചൂടി ഈ ലോകത്തിൽനിന്ന് കടന്നു പോയി; മററു ചിലർ സൽപേരോടുകൂടി കർത്താവിൽ നിദ്ര പ്രാപിച്ചു. അവരിൽ അവശേഷിച്ചവരെ അവരുടെ സ്ഥാനങ്ങളിൽ തന്നെ തുടരാനനുവദിച്ചു; അവരുടെ ചെയ്തികൾ നിമിത്തമല്ല, പിന്നെയോ, തങ്ങൾ സരളരും ലളിതമാനസരുമായിരുന്നുവെന്ന് അവർ ഏററുപറഞ്ഞതിനാലാണ്, വഴിപിഴച്ചവർക്ക്, ഇപ്രകാരം എളുപ്പത്തിൽ ചതിക്കുന്നതിനും, ഈ വാഴ്ത്തപ്പെട്ടവരുടെ സുകൃതത്തിന്റെ മറവിൽ പാത്രിയർക്കീസിനെതിരായി തങ്ങളുടെ ദുഷ്ടപദ്ധതികൾ നടപ്പാക്കുന്നതിനും അവർക്ക് സാധിച്ചു. എന്നാൽ അവർ ഭയപ്പെട്ടിരുന്നത്,–തങ്ങളുടെ വൈദികസ്ഥാനത്തുനിന്ന് തങ്ങൾ ഭ്രഷ്ടരാക്കപ്പെട്ടു എന്ന് അവർ അറിഞ്ഞപ്പോൾ–പാശ്ചാത്യപിതാക്കന്മാർ വഴി അവർക്ക് വന്നുഭവിച്ചു: ദയ കൂടാതെ അവർ ഉരിയപ്പെടുകയും ഭ്രഷ്ടരാക്കപ്പെടുകയും പുറന്തള്ളപ്പെടുകയും ചെയ്തു. മാർ പാപ്പയ്ക്കെതിരായി അവർ ചെയ്തവയെല്ലാം പിതാക്കന്മാർ റദ്ദുചെയ്യുകയും തിരുത്തിക്കുറിക്കുകയും ചെയ്തു. തന്റെ എല്ലാ മുൻഗാമികളേക്കാളും ശ്രേഷ്ഠമായി അദ്ദേഹം ജീവിച്ചു. ഈ മഹനീയ കർമ്മങ്ങളും വിശ്വാസത്തിനുവേണ്ടിയുള്ള അദ്ദേഹത്തിന്റെ വലിയ തീക്ഷ്ണതയും പരിഗണിച്ച്, അദ്ദേഹത്തിനെതിരായി അധികാരമില്ലാതെ അദ്ദേഹത്തിന്റെ ശിഷ്യന്മാർ ചെയ്തവയ്ക്ക് ഈ യോഗത്തിൽവച്ച് പ്രായശ്ചിത്തം ചെയ്യപ്പെട്ടു: പിതാക്കന്മാർ ഇപ്രകാരം കല്പിച്ചു:

''മാർ പാപ്പാ എല്ലാവർക്കും മുമ്പായി അനുസ്മരിക്കപ്പെടണം; അദ്ദേഹത്തിന്റെ എല്ലാ മുൻഗാമികളും അദ്ദേഹത്തിനു ശേഷമായിരിക്കും അനുസ്മരിക്കപ്പെടുക. നേതൃത്വം സംബന്ധിച്ച് കലഹം ഉണ്ടായ കാലത്ത്, നമുക്കറിയാവുന്നതുപോലെ, മാർ പാപ്പായുടെ സ്ഥാനത്ത് അവരോധിക്കപ്പെട്ട മാർ ശിമയോൻ സുകൃതവാനും ദിവ്യനുമായിരുന്നു;

www.malankaralibrary.com



യോഗത്തിൻെറ നിർബന്ധത്താൽ അദ്ദേഹം ഇതിലേയ്ക്കു വലിച്ചിഴയ്ക്കപ്പെട്ടതാണ്. അദ്ദേഹം മാർ പാപ്പായുടെ ആർച്ചു ഡീക്കനായിരിക്കും; സ്നേഹത്തോടും ദൈവവിശ്വാസത്തോടും കൂടെ അദ്ദേഹത്തോടൊപ്പം ശുശ്രൂഷ നിർവഹിക്കണം, മാർ പാപ്പാ ഈ ലോകത്തിൽനിന്നു തൻെറ നാഥനിലേക്ക് എടുക്കപ്പെടുമ്പോൾ മാർ ശിമയോൻ മാർ പാപ്പായുടെ സിംഹാസനത്തിലിരുന്ന് ഈ പാത്രിയാർക്കേററിൻെറ ഭരണം നടത്തണം എന്നു ഞങ്ങൾ തീരുമാനിക്കുന്നു കാരണം, ഞങ്ങളുടെയിടയിൽ ശിഷ്യന്മാർ ഗുരുവിനു മുകളിലായി ഉയരുവാൻ സാധ്യമല്ല; അവരുടെ വിധിയാളന്മാരും ആകാൻ പാടില്ല. തങ്ങളുടെ ഗുരുവായ മിശിഹായിൽ നിന്ന് അത്തരം ഒരധികാരം അവർക്കു ലഭിച്ചിട്ടില്ല. ദൈവം മനുഷ്യപ്രകൃതിയിൽ നിക്ഷേപിച്ചിരിക്കുന്ന നീതിപൂർവമായ നിയമങ്ങളനുസരിച്ച്, മക്കൾക്ക് തങ്ങളുടെ ശാരീരിക മാതാപിതാക്കളെ ശിക്ഷിക്കാനാവില്ല; എന്നാൽ മാതാപിതാക്കൾക്ക് മക്കളെ ശിക്ഷിക്കാം; ദാസന്മാർക്ക് തങ്ങളുട യജമാനന്മാരുടെ സ്വാതന്ത്ര്യത്തെ ഹനിക്കാൻ സാധിക്കയില്ല; എന്നാൽ യജമാനന്മാർക്ക് ദാസന്മാരെ സംബന്ധിച്ച് സാധിക്കും; ഭാര്യയ്ക്കു തൻെറ ഭർത്താവിന്ന് തൻെറമേലുള്ള അധികാരത്തെ നീക്കിക്കളയാനാവില്ല. മറിച്ച് ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴ്പ്പെട്ടിരിക്കണം. ഭർത്താക്കന്മാർ ആകട്ടെ തങ്ങളുടെ ഭാര്യമാരെ ഭരിക്കുന്നു. തങ്ങളുടെ ഭർത്താക്കന്മാരെ സ്നേഹിക്കുവാനും അവരെ അനുസരിക്കുവാനും അവരെ ശ്രവിക്കുവാനും ഭാര്യമാരോട് ഉപദേശിക്കുമ്പോൾ, ഭാര്യമാരെ സ്നേഹിക്കണമെന്നല്ലാതെ അവരെ അനുസരിക്കണമെന്ന് ഭർത്താക്കന്മാരോട് പറയുന്നില്ല ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ അനുസരിക്കാൻ മുതിർന്നപ്പോളൊക്കെ പ്രകൃതിയിൽ ദൈവം നിക്ഷേപിച്ച നിയമങ്ങളും ക്രമങ്ങളും അനുസരിക്കാൻ സാധിക്കായ്കയിൽ, അവർ തങ്ങളുടെമേൽ ശിക്ഷ വലിച്ചുവച്ചു.

കൂടുതൽ ശക്തമായ കാരണത്താൽ, വിശുദ്ധ സഭയിൽ എല്ലാ പൂർണ്ണതയും പൂർത്തീകരിക്കപ്പെടുക എന്നുള്ളതു ന്യായയുക്തമാണ്; സത്യപിതാവ് ഏകനാണ്; അവിടത്തെ പുത്രൻ— രക്ഷകനായ മിശിഹാ— ഏകനാണ്; സജീവനും ആശ്വാസദായകനുമായ പരിശുദ്ധാത്മാവ് ഏകനാണ്. കേപ്പാ എന്ന മറുനാമമുള്ള ശെമോൻ ബർയോനാ എന്ന ഏക വിശ്വസ്ത ദാസനെയല്ലാതെ മററാരേയും തെരഞ്ഞെടുത്തു പുത്രൻ ഇപ്രകാരം വാഗ്ദാനം ചെയ്തില്ല: ''ഈ പാറമേൽ ഞാൻ എൻെറ സഭയെ പണിയും; സ്വർഗ്ഗരാജ്യത്തിൻെറ താക്കോലുകൾ നിനക്കു ഞാൻ തരും.'' എന്നാൽ എല്ലാ ശിഷ്യന്മാരോടുമായി മിശിഹാ പറഞ്ഞില്ല, ''നിങ്ങളിൽ ഞാൻ പണിയും.'' ''നിങ്ങൾക്കു ഞാൻ നൽകും.'' പൗരോഹിത്യദാനം എല്ലാ ശിഷ്യന്മാർക്കുമായി നൽകപ്പെട്ടു. എന്നാൽ ഏകനേതൃത്വം — അതായതു് ആത്മീയ പിതൃത്വം — എല്ലാവർക്കും നൽകപ്പെട്ടില്ല. ഏകസത്യദൈവത്തിന് ഒരേ ഒരു വിശ്വസ്ത ഭരണാധികാരിയേ ഉള്ളു. അയാൾ തലവനും നിയന്താവും സഹോദരന്മാരുടെ കാര്യസ്ഥനുമാണ്. നമ്മുടെ സഭയിൽ ഈ നിയമങ്ങളും ഈ അനുശാസനങ്ങളും പാലിക്കപ്പെടുന്നു.

ഏതെങ്കിലും എപ്പിസ്കോപ്പായ്ക്കു തൻെറ മേലധികാരി തന്നോട് മോശമായി പെരുമാറി എന്നു തോന്നിയാൽ, അനുസരണയുള്ള ശിഷ്യനെപ്പോലെ, തൻെറ സാന്നിദ്ധ്യത്തിൽ എല്ലാ വർഷവും കൂടുന്ന യോഗത്തിൻെറ മുമ്പാകെ തൻെറ പ്രശ്നം ഉന്നയിക്കാം. ക്രൂരത കാട്ടി എന്ന്

www.malankaralibrary.com



എല്ലാ മെത്രാന്മാർക്കും ബോധ്യമായാൽ, കുട്ടികൾ തങ്ങളുടെ പിതാവിനോടെന്നവണ്ണം തന്റെ മക്കളോട് മോശമായി പെരുമാറരുതെന്ന് യാചിച്ചുകൊണ്ട് തങ്ങളുടെ സഹോദരനുവേണ്ടി അവർ ഒരപേക്ഷ സമർപ്പിക്കണം. നമ്മുടെ ഇടയിൽ ഉടലെടുത്തേക്കാവുന്ന പ്രശ്നങ്ങൾ പരിഹരിക്കാനായി എല്ലാ വർഷവും സിനഡുകൾ കൂടണമെന്ന് നാം തീരുമാനിക്കുന്നു. ഇപ്രകാരം തന്നെ പൗരസ്ത്യദേശത്ത്, സെലൂഷ്യാ നഗരത്തിൽ കോക്കേയിലെ വലിയ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന പാത്രിയാർക്കൽ സിംഹാസനത്തിൽ, തങ്ങളുടെ തലവനും ഗുരുവുമായ പാത്രിയക്കീസിനെതിരായി യോഗം കൂടാൻ മെത്രാന്മാർക്കധികാരമില്ല; കാരണം അദ്ദേഹത്തെ വിധിക്കാൻ അവർക്കധികാരമില്ല; മനുഷ്യരാലോ, ദൈവത്താലോ തങ്ങൾക്ക് നൽകപ്പെടാത്തവരെ ശിക്ഷിക്കാൻ അധികാരമില്ല എന്നത് എല്ലാവർക്കും അറിവുള്ളതാണല്ലോ.'' പാശ്ചാത്യദേശത്തുള്ള നമ്മുടെ പ്രാചീന പിതാക്കന്മാർ ഇപ്രകാരം തീരുമാനിച്ച് പൗരസ്ത്യദേശത്തുള്ള നമ്മുടെ പ്രാചീനപിതാക്കന്മാരെ എഴുതി അറിയിക്കയുണ്ടായി. ദൈവവചനത്തിന്റെ അധികാരത്താൽ അവരുടെ എഴുത്തുകൾ ഉറപ്പിക്കപ്പെട്ടിരിക്കുന്നു. ഇവയെ ലംഘിക്കുന്നവർക്ക് നിയമങ്ങളുടെ ശാപവും അവർ കൂട്ടിച്ചേർത്തിട്ടുണ്ട്.

ഇതുപോലെ തന്നെ, ദൈവമനുഷ്യനായ മാർ ഇസഹാക്ക് കാതോലിക്കോസിന്റെ കാലത്തും സംഭവിച്ചു. ക്രിസ്തീയ ജനങ്ങളുടെമേലുള്ള ഉന്നത പൗരോഹിത്യത്തിന്റെ അധികാരം 22 വർഷം ഒഴിഞ്ഞുകിടന്ന ശേഷം വീണ്ടും പുനസ്ഥാപിക്കപ്പെട്ടപ്പോൾ, അദ്ദേഹത്തിന്റെ കരങ്ങൾ വഴി വലിയ അത്ഭുതങ്ങളും മഹനീയ സംഗതികളും നടന്നു. രാജസമക്ഷം ദൈവം അദ്ദേഹത്തിനു നൽകിയ വലിയ മമത നിമിത്തം അധികാരം പുനസ്ഥാപിച്ചതുവഴി അദ്ദേഹം സഭയെ ഉയർത്തി. ആ കാലത്ത്, മെത്രാന്മാരെന്ന് സ്വയം വിളിക്കുന്ന ലഹളക്കാരും ദുഷിച്ച കലഹക്കാരും ആയ ചിലർ തങ്ങളുടെ ദുഷ്പ്രവർത്തനങ്ങളാൽ മാർ ഇസഹാക്ക് കാതോലിക്കോസിനെതിരായി ഒരു ഗൂഢസംഘമുണ്ടാക്കുവാൻ പോലും ധൈര്യപ്പെട്ടു. അവർ അദ്ദേഹത്തെ കുററപ്പെടുത്തിക്കൊണ്ടും ഗൗരവമായ ആരോപണങ്ങളുന്നയിച്ചുകൊണ്ടും എഴുതുകയുണ്ടായി. അവർ കള്ളക്കഥകൾ കെട്ടിച്ചമച്ച് സാധാരണക്കാർക്ക് ഇടർച്ച ഉണ്ടാക്കുകയും അവരുടെ മനസാക്ഷിയെ വിഷമിപ്പിക്കുകയും ചെയ്തു; അവർ അദ്ദേഹത്തെപ്പററി രാജസമക്ഷം പരാതി കൊടുത്തു. രാജാവിനെ പ്രേരിപ്പിച്ച് മാർ ഇസഹാക്കിനെ ജയിലിൽ ഇടുന്നതിന് സാധിക്കത്തക്കവിധം അവർ രാജസമക്ഷം ദുരാരോപണങ്ങൾ ഉന്നയിച്ചു. അപ്പോൾ പാശ്ചാത്യ പിതാക്കൻമാർ ഇതറിയാൻ ഇടയായി. അവർ ഒരെഴുത്തെഴുതി ക്രിസ്തീയ രാജാവിന്റെ കൃപാർശയോടുകൂടെ രാജാക്കൻമാരുടെ രാജാവായ യസ്ദ്ഗേർദിന്റെ പക്കലേക്ക് മാർ മാറൂഥാ എപ്പിസ്കോപ്പായെ അയച്ചു. അദ്ദേഹം താൻ കൊണ്ടുവന്ന കത്ത് നിരവധി സമ്മാനങ്ങളോടുകൂടെ രാജാവിന് സമർപ്പിച്ചു. മഹാരാജാവായ യസ്ദ്ഗേർദിന്റെ കല്പനയാൽ മെത്രാൻമാരുടെ ഒരു സിനഡ്കൂടി ശ്രദ്ധാപൂർവ്വം എല്ലാം പരിശോധിച്ചിട്ട് മാർ മാറൂഥാ ഈ മത്സരക്കാരെ മടക്കി; വിധേയത്വമില്ലാത്ത ഈ മെത്രാൻമാർ മൂലം ഉണ്ടായ കുഴപ്പങ്ങളെല്ലാം അദ്ദേഹം പരിഹരിച്ചു.

മാർ യാബാലാഹാ കാതോലിക്കോസിന്റെ കാലത്തും മത്സരക്കാരും അഹങ്കാരികളുമായവർ ഇപ്രകാരം പ്രവർത്തിച്ചു. ശക്തരായ ചില ക്രിസ്ത്യാനികളുടെ സഹായത്താലും പുറത്തുള്ള ആളുകളുടെ ഒത്താശയാലും

www.malankaralibrary.com



തങ്ങളുടെ നേട്ടത്തിനുവേണ്ടി മെത്രാൻസ്ഥാനം അവർ പിടിച്ചുപററി· അവരുടെ മ്ലേച്ഛകർമ്മങ്ങൾ നിമിത്തവും തങ്ങളെപ്പററിത്തന്നെ അവർക്കുണ്ടായിരുന്ന അതിരുകടന്ന വ്യർത്ഥചിന്ത നിമിത്തവും മാർ യാബാലാഹായുടെ അധികാരത്തിന് വിധേയരായിരിക്കുന്ന മനസ്ഥിതിയിലേക്ക് വരുന്നതിന് അവർക്കു കഴിഞ്ഞില്ല. അവർ ധാരാളമാളുകളെ കലക്കുകയും അവർക്ക് ഇടർച്ച വരുത്തുകയും ചെയ്തു. അവർ ശീശ്മ ഇളക്കിവിട്ടുകയും സഭയിൽ പിളർപ്പുണ്ടാക്കുകയും ചെയ്തു. ഒരു സമാധാനദൂതൻ ഈ സംഗതികൾ നമ്മുടെ പാശ്ചാത്യ പിതാക്കൻമാരെ അറിയിച്ചു; അവരാകട്ടെ ഇക്കാര്യം ചക്രവർത്തിയെയും ധരിപ്പിച്ചു. അവരുടനെ ഏകയോഗമായി, തീക്ഷ്ണനും ഈ ദൗത്യത്തിനു പററിയവനുമായ ഒരാളെ ഇവിടേക്കയച്ചു; അദ്ദേഹം നൽകിയ നിയമങ്ങൾ വഴിയും, ഈ മത്സരക്കാർക്കെതിരായി അദ്ദേഹം ചെയ്ത വിധിതീർപ്പുകൾ വഴിയും മാർ യാബാലാഹാ കാതോലിക്കോസിന്റെ കാലത്ത് അദ്ദേഹം നേടിയെടുത്ത വലിയ ശാന്തിവഴിയും താൻ വിശ്വസ്തനാണെന്ന് അദ്ദേഹം തെളിയിച്ചു. പ്രിയ പിതാക്കൻമാരേ, നിങ്ങൾക്കെല്ലാം ഇതറിയാവുന്നതാണല്ലോ. നമ്മുടെ ഇടയിൽ ശീശ്മയും കലഹവും ഉടലെടുക്കുമ്പോഴെല്ലാം ഈ സിംഹാസനത്തിന്റെ സഹായികളും സംരക്ഷകരുമായി അവർ ഓടിയെത്താറുണ്ട്. ശരീരത്തിലെ അവയവങ്ങളുടെ രാജ്ഞിയായ ശിരസിനോട് അവയവങ്ങൾ ഒന്നിച്ചിരിക്കുന്നതുപോലെ മക്കളും ശിഷ്യരും എന്ന നിലയിൽ നാം അവരോടു ബന്ധിതരും യോജിച്ചിരിക്കുന്നവരുമാണ്. വിവിധ കാലഘട്ടങ്ങളിൽ നമ്മെപ്രതി അവർ അയച്ച അംബാസഡർമാർ വഴി, നമുക്കും നമ്മുടെ പിതാക്കൻമാർക്കും എതിരായി മാജികൾ ഇളക്കിവിട്ട പീഡനങ്ങളിൽ നിന്നും അവർ നമ്മെ വിടുവിച്ച് സ്വതന്ത്രരാക്കുകയും ചെയ്തു. ഇപ്പോൾ നമ്മുടെമേലുള്ള മതപീഡനവും നമ്മുടെ അരിഷ്ടതകളും വളരെ വർദ്ധിച്ചിരിക്കുന്നു; എന്നാൽ മുൻകാലങ്ങളിലെപ്പോലെ നമ്മുടെ കാര്യത്തിൽ ഇടപെടാൻ സാഹചര്യങ്ങൾ അവരെ അനുവദിക്കുന്നില്ല. എന്നാൽ സ്നേഹിക്കപ്പെട്ട മക്കളും ശ്രദ്ധയുള്ള അവകാശികളും എന്ന നിലയിൽ നമുക്കുള്ള അധികാരം ഉപയോഗിച്ച് നാം പരസ്പരം സഹായിക്കയും ബലപ്പെടുത്തുകയും വേണം. കാരണം, നാം അധികാരത്തിന്റെ ഉന്നതിയിൽ ചവിട്ടിക്കയറിയാൽ, ദയാരഹിതമായി നാം നശിച്ചതു തന്നെ.— ദൈവം അതു് അനുവദിക്കാതിരിക്കട്ടെ. വന്ന് നമ്മുടെ ജനങ്ങളുടെയും നമ്മുടെ വൈദികഗണത്തിന്റെയും മുറിവുകൾ സുഖപ്പെടുത്തുക; നമ്മുടെ തലവനും പിതാവുമായ മാർ ദാദീശോ കാതോലിക്കോസിനു വേണ്ടി ഞങ്ങൾ ഞങ്ങളെത്തന്നെഎല്ലാവിധ പീഡനങ്ങൾക്കും മരണത്തിനും ഏല്പിക്കുന്നു. അദ്ദേഹം നമ്മുടെ തലവനും ഭരണാധികാരിയും ദൈവിക ഭണ്ഡാഗാരത്തിലെ എല്ലാ നിക്ഷേപങ്ങളും നമുക്ക് പങ്കിട്ടുതരുന്നവനുമാണ്. അദ്ദേഹം നമുക്ക് പത്രോസിനെപ്പോലെ എല്ലാ സഭായോഗങ്ങളുടെയും അദ്ധ്യക്ഷനാണ്. ഞങ്ങളുടെ അപേക്ഷ സ്വീകരിക്കാൻ അങ്ങേയ്ക്ക് തിരുവുള്ളമുണ്ടാകണമെന്ന് ഞങ്ങളുടെ പിതാവായ അങ്ങയോടു ഞങ്ങൾ അപേക്ഷിക്കയും യാചിക്കയും ചെയ്യുന്നു. അല്ലെങ്കിൽ, അങ്ങേയ്ക്കു ഞങ്ങളിൽ കരുണ തോന്നി, ഞങ്ങളുടെ ആവശ്യം അംഗീകരിച്ച്, സിംഹാസനത്തിൽ തിരികെ വന്ന് ശ്ലീഹൻമാരുടെ തലവനായ പത്രോസിന് മിശിഹാ നൽകിയ പ്രബോധനമനുസരിച്ച് ഞങ്ങളുടെമേലുള്ള ഭരണം അങ്ങ് ഏറെറടുക്കുന്നതുവരെ കരഞ്ഞും നിലവിളിച്ചും ചാക്കുധരിച്ചും ചാരം പൂശിയും കണ്ണുനീരോടും നെടുവീർപ്പോടും കൂടെ ഞങ്ങളെല്ലാവരും അങ്ങയുടെ വാതിൽക്കൽതന്നെ ഇരിക്കും.

www.malankaralibrary.com



അഗാപീററസ് എപ്പിസ്കോപ്പാ ഇപ്രകാരം സംസാരിച്ചു കഴിഞ്ഞപ്പോൾ നിസിബിസിലെ എപ്പിസ്കോപ്പാ ഹോശിയ എഴുന്നേററ് ഇപ്രകാരം പറഞ്ഞു: ''എന്റെ സഹോദരന്മാരും സഹപ്രവർത്തകരുമേ, മുടക്കപ്പെട്ട്, ഭ്രഷ്ടരാക്കപ്പെട്ട ഈ മനുഷ്യരെപ്പോലെ നിങ്ങൾ എന്തുകൊണ്ടാണ് നിശ്ശബ്ദരായിരിക്കുന്നതും, വിചാരനിമഗ്നരായിരിക്കുന്നതും? അവർ സഭയ്ക്ക് നാശവും ഉപദ്രവവും ചെയ്യുന്നു. തങ്ങളുടെ വ്യർത്ഥസംതൃപ്തിക്കും സ്വബഹുമാനത്തിനും വേണ്ടി പുറത്തുള്ളവരുടെ പക്കലുള്ള തങ്ങളുടെ ദുരാരോപണങ്ങളും അപവാദങ്ങളും നിന്ദനങ്ങളും കുററം ചുമത്തലുകളും, ക്രിസ്തീയഭവനങ്ങളിൽ സൂത്രത്തിൽ കടന്നുകൂടി ചെയ്യുന്ന മനസ്സാക്ഷി മഥനങ്ങളും വഴി ഇവർ എല്ലാ ക്രിസ്തീയജനത്തിന്റെയും ഇടയിൽ നാശം വിതയ്ക്കുന്നു. അങ്ങനെയെങ്കിൽ നമ്മുടെ പിതാവും നേതാവുമായ മാർ ദാദീശോ കാതോലിക്കോസിന്റെ സിംഹാസനം ഉറപ്പിക്കുന്നതിനും, സഭയുടെ സമാധാനത്തിനും ശാന്തിക്കും, സഭാസന്താനങ്ങളുടെ വളർച്ചയ്ക്കുംവേണ്ടി, എല്ലാവരോടുമുള്ള നമ്മുടെ താല്പര്യത്തെ പ്രതി, നമ്മുടെ കഴിവിൽപെട്ടവയൊക്കെ ചെയ്യാൻ അതിലെത്രയോ ശക്തമായി പ്രവർത്തിക്കാൻ നാം ജാഗരൂകരാണെന്ന് കാണിക്കാൻ നാം കടപ്പെട്ടിരിക്കുന്നില്ല! ശാസിക്കപ്പെട്ട് മുടക്കേററ്, ഭ്രഷ്ടരാക്കപ്പെട്ടവർ സഭാസന്താനങ്ങളുടെ ഇടയിൽ വിതറിയ ഇടർച്ചയും കലഹവും കുഴപ്പങ്ങളും നിമിത്തം അവർ ഉന്നതഭവനത്തിൽനിന്നു പുറന്തള്ളപ്പെട്ടിരിക്കുന്നു. ഈ കലഹക്കാർ തങ്ങളുടെ അഹങ്കാരത്താൽ ദൈവവിശ്വാസമാകുന്ന സൗധത്തെ എപ്പോഴും തകർക്കുന്നവരായിത്തീർന്നിരിക്കുന്നു. അതുകൊണ്ടു വരുവിൻ, അകന്നവരെ നമുക്കപേക്ഷിക്കാം; അടുത്തിരിക്കുന്നവരെ നമുക്കു സുഖപ്പെടുത്താം. നാം അവിടുത്തെ പാദങ്ങളിൽ പിടിക്കാതെ പട്ടണവാതിൽക്കൽ മാത്രം നിന്നാൽ നാം വളരെ അകലത്തായിരിക്കും.

എല്ലാ മെത്രാന്മാരും അപ്പോൾ എഴുന്നേററ് അദ്ദേഹത്തിന്റെ മുമ്പിൽ സാഷ്ടാംഗ പ്രണാമംചെയ്തു. അവർ അദ്ദേഹത്തിന്റെ പാദത്തിൽ സ്പർശിച്ചുകൊണ്ട് അദ്ദേഹത്തോടു ചേർന്നു. അവർ അത്യന്തം ദുഃഖിതരായി ശബ്ദമുയർത്തി ഇപ്രകാരം പറഞ്ഞു: മത്സരക്കാരും ദോഷികളുമായ ആളുകളുടെ പ്രലോഭനത്താൽ തിരിച്ചറിവില്ലാതെ വഞ്ചിച്ചിഴയ്ക്കപ്പെടാൻ അനുവദിച്ച നിന്റെ മക്കളുടെ അപസ്മാരം ക്ഷമിച്ചാലും എന്ന് ഞങ്ങൾ അങ്ങയോടപേക്ഷിക്കുന്നു. നിന്റെ മക്കളുടെ ഈ സമൂഹത്തെ പരിഗണിച്ചാലും. നിന്റെ നാഥന്റെ ആട്ടിൻകൂട്ടത്തിലെ ആട്ടുകളോട് കരുണ കാണിക്കുക. അതിനുവേണ്ടി ദീർഘനാളത്തേക്ക് ക്രൂരമായ ചങ്ങലകൾക്കും പീഡനങ്ങൾക്കും രൂക്ഷമായ വേദനകൾക്കും അങ്ങ് കയ്യാളിക്കപ്പെട്ടു.

അതിനുവേണ്ടി നിരവധി പോരാട്ടങ്ങളുടെ അപകടങ്ങൾ അങ്ങ് സന്തോഷപൂർവം സഹിച്ചു. ഇപ്പോൾ അതിൽനിന്ന് അങ്ങ് മുഖം തിരിച്ചു കളയരുത്; ഭ്രഷ്ടരും ഉരിയപ്പെട്ടവരുമായ ഈ ക്രൂരചെന്നായ്ക്കളുടെ കൈകളിൽ അവരെ വിട്ടുകൊടുക്കരുത്; പിന്നെയോ അങ്ങയുടെ അജഗണത്തിലെ എല്ലാ വിഭാഗങ്ങളോടും കരുണ കാണിക്കുക. കരുണ കൂടാതെ, അന്യരായിത്തീർന്ന ഈ ശിക്ഷാർഹരായവരിൽ നിന്ന് പൗരോഹിത്യ സ്ഥാനവും അതിന്റെ ബഹുമാനവും വൈദികരുടെ വിശുദ്ധ വസ്ത്രവും നീക്കിക്കൊണ്ട് കഠിനമായ വിധിവാചകം അവർക്കെതിരെ മാത്രം പ്രയോഗിക്കണം; പുറജാതികളെപ്പോലെ, ക്രിസ്ത്യാനികളുമായി അവർക്കൊരു ബന്ധമോ വ്യാപാരമോ പാടില്ല.

www.malankaralibrary.com



അവരുടെ മുടക്കം അവരുടെ സ്ഥാനഭ്രംശവും മിശിഹായുടെ എല്ലാ സഭകളിലും പരസ്യമാക്കണം. അവർ അനുതാപപൂർവം അങ്ങയുടെ സന്നിധിയിൽ കരഞ്ഞപേക്ഷിച്ചാൽ അൽമായരെപ്പോലെ അവരെ സ്വീകരിക്കാം. വിശ്വാസികളായ അൽമായരോടൊപ്പം വിശുദ്ധകൂദാശകളിൽ പങ്കെടുക്കാൻ അവരെ അനുവദിക്കാം.

വിവിധ അവസരങ്ങളിൽ നമ്മുടെ ഈ പൗരസ്ത്യ നാട്ടിലേക്ക് അയയ്ക്കപ്പെട്ട പൈതൃകനിയമങ്ങളും ദൈവികമായ അനുശാസനങ്ങളും ഞങ്ങൾ സ്വീകരിച്ചിട്ടുണ്ട്; സ്വീകരിക്കുകയും ചെയ്യുന്നു. അവയിൽ ഇപ്രകാരം തീർപ്പുകല്പിക്കപ്പെട്ടിരിക്കുന്നു: ''പിതാവിനെ തന്റെ അവകാശത്തിൽ നിന്നു നീക്കാൻ തന്റെ മക്കൾക്ക് സാധ്യമല്ല; നേതാവും തലവനും ആയിരിക്കുന്ന ആളിനോട് കല്പിക്കാനോ അയാളെ ഭരിക്കാനോ അയാൾക്കു താഴെയുള്ളവർക്ക് കഴിയില്ല; ഉന്നതാധികാരി തന്റെ കീഴിലുള്ള അധികാരികൾക്ക് വിധേയനായിരിക്കേണ്ടതില്ല.''

പാശ്ചാത്യപിതാക്കന്മാർ ഇപ്രകാരം പ്രഖ്യാപിച്ചിരിക്കുന്നു: ''തങ്ങളുടെ തലവനെതിരായി യോഗം കൂടുന്നതിനോ തലവന്മാർക്കെതിരെ ആരോപണങ്ങളുന്നയിച്ചുകൊണ്ടോ കുററപ്പെടുത്തിക്കൊണ്ടോ എഴുതുന്നതിനോ എപ്പിസ്കോപ്പാമാർക്ക് അനുവാദം ഇല്ല; പിന്നെയോ, പാത്രിയർക്കീസിന്റെ സാന്നിദ്ധ്യത്തിലുള്ള യോഗത്തിൽ പരാതിപ്പെട്ടിട്ട് നീതി ലഭിക്കാതെ വന്നാൽ, തന്റെ സഹപ്രവർത്തകരോട് പറയണം. കാര്യങ്ങൾ എല്ലാം പരിഗണിച്ചശേഷം അവർ വേണ്ടതു തീരുമാനിക്കണം.'' പലപ്രാവശ്യം സംഭവിച്ചതുപോലെ കാതോലിക്കോസിനെതിരെ പരാതിയുമായെത്തുന്നവർ പലപ്പോഴും കുററക്കാരായി കാണപ്പെട്ടിട്ടുണ്ട്. സ്ഥാനഭ്രംശവും പുറംതള്ളലും വഴി അവരുടെ അപസ്മാരത്തിനുതക്ക ശിക്ഷ അവർക്ക് ലഭിച്ചിട്ടുണ്ട്. തങ്ങളുടെ സ്ഥാനക്രമവും അതിനോട് ബന്ധപ്പെട്ട സ്ഥാനവസ്ത്രവും നീക്കം ചെയ്യപ്പെട്ട് അവർ തരം താഴ്ത്തപ്പെടുന്നു; ഇപ്പോൾ ദൈവവചനത്താൽ ഞങ്ങൾ ഇപ്രകാരം നിർണയിക്കുന്നു: ''തങ്ങളുടെ പാത്രിയർക്കീസിനെതിരെ പാശ്ചാത്യ പാത്രിയർക്കീസുമാരുടെ പക്കൽ പൗരസ്ത്യർ പരാതിയുമായി പോകാൻ പാടില്ല. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ തീർക്കാൻ പററാത്ത കാര്യങ്ങളെല്ലാം മിശിഹായുടെ ന്യായാസനത്തിനായി വിട്ടുകൊടുക്കുക.'' അഴിവില്ലാത്തതും അനശ്വരവുമായ ഈ കോൺസ്റ്റിററ്യൂഷൻ ഞങ്ങൾ നിർണയിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. കാരണം, പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിലാണ് ഞങ്ങളിതു നിർണയിക്കുന്നത്. കാതോലിക്കോസിനെതിരായി സിനഡു വിളിച്ചുകൂട്ടുവാനോ, കലഹമോ, ശീശ്മയോ, പിളർപ്പോ ഉണ്ടാക്കാനോ, മുൻപു ചെയ്തിട്ടുള്ളതുപോലെ അദ്ദേഹത്തിനെതിരായി, കുററപ്പെടുത്തിക്കൊണ്ടോ, പരാതി പറഞ്ഞുകൊണ്ടോ നേതാക്കന്മാർക്കെഴുതാനോ, മാർ പാപ്പായ്ക്കെതിരായി ചെയ്തതുപോലെ ആരോപണങ്ങളടങ്ങിയ കത്തുകൾ പ്രോവിൻസുകളിലേക്കയയ്ക്കാനോ, അദ്ദേഹത്തെപ്പററി അപഖ്യാതി പറഞ്ഞുപരത്താനായി ഭവനങ്ങളിൽ കയറിയിറങ്ങാനോ ഒരു വ്യക്തിക്കും അനുവാദമുണ്ടായിരിക്കുന്നതല്ല. പൗരസ്ത്യ കാതോലിക്കോസിനെ അദ്ദേഹത്തിന്റെ കീഴിലുള്ളവർക്കോ അദ്ദേഹത്തെപ്പോലെയുള്ള മറെറാരു പാത്രിയർക്കീസിനോ വിധിക്കാവുന്നതാണ് എന്ന് ഒരു കാരണവശാലും പറയാൻ ആരും തുനിയരുത്. തന്റെ കീഴിലുള്ള സർവസംഗതികളുടെയും വിധികർത്താവ് അദ്ദേഹമായിരിക്കും; എന്നാൽ അദ്ദേഹത്തെ തെരഞ്ഞെടുത്ത് ഉയർത്തി തന്റെ സഭയുടെ അദ്ധ്യക്ഷസ്ഥാനത്തു പ്രതി

www.malankaralibrary.com



ഷ്ടിച്ച മിശിഹാ മാത്രമായിരിക്കും അദ്ദേഹത്തെ വിധിക്കുന്നതു് ; കാരണം, തന്റെ മഹോന്നതാധികാരത്തേക്കാൾ തന്റെ അനന്തമായ മഹത്വമാണു് സഭാധികാരത്തിലൂടെ തുടരുന്നതും ബഹുമാനിക്കപ്പെടുന്നതും. അതു കൊണ്ടു് കാതോലിക്കോസിന്റെ ശിഷ്യരും മക്കളുമായി അദ്ദേഹത്തിന്റെ കീഴെയുള്ളവർക്കു് വിധിതീർപ്പിനായി കാതോലിക്കോസിനെ സമീപിക്കാം; അദ്ദേഹം നൽകുന്ന തീരുമാനങ്ങൾ സ്വമനസ്സാ അവർ സ്വീകരിക്കുകയും വേണം. അങ്ങും ഈ സിംഹാസനത്തിൽ അങ്ങയുടെ പിൻഗാമികളായി ആരൂഢരാകുന്ന പിതാക്കന്മാരും ചെയ്യുന്ന സംഗതികളെല്ലാം സന്നിഹിതരോ അല്ലാത്തവരോ ആയ മെത്രാൻമാരായ ഞങ്ങളെല്ലാവരും ഞങ്ങളുടെ പിൻഗാമികളും അംഗീകരിക്കുകയും ഞങ്ങളുടെ സമ്മതം നൽകുകയും ചെയ്യുന്നു.

അതോടുചേർന്നു് മെത്രാൻമാർ ഇതും പറഞ്ഞു: ''കർത്താവു് വാഴട്ടെ; ഞങ്ങളുടെ പിതാവായ അങ്ങു വാഴട്ടെ. സന്നിഹിതമായിരിക്കുന്ന ഈ സമൂഹത്തിനും സഭ മുഴുവനും അങ്ങു് സമാധാനം ആശംസിക്കുന്നതുവരെ ഞങ്ങൾ തറയിൽ നിന്നു് ശിരസുയർത്തുകയോ അങ്ങയുടെ പാദത്തിൽ നിന്നു് കൈ മാററുകയോ ചെയ്കയില്ല.''

അപ്പോൾ നമ്മുടെ പിതാവായ വിശുദ്ധ കാതോലിക്കോസ് മാർ ദാദീശോ ഇപ്രകാരം പറഞ്ഞു: ''നിങ്ങളിപ്രകാരം സാഷ്ടാംഗപ്രണാമംചെയ്തുകൊണ്ടു് എനിക്കു് ദുഃഖത്തിനുമേൽ ദുഃഖം ഉണ്ടാക്കരുതെന്നു് ഞാൻ നിങ്ങളോടു് അപേക്ഷിക്കുന്നു; നിങ്ങൾ എഴുന്നേൽക്കുവിൻ; നിങ്ങൾ ആവശ്യപ്പെടുന്നതെല്ലാം ഞാൻ ചെയ്യാം. തങ്ങളുടെ അഭക്തിമൂലം മുടക്കപ്പെട്ടു് വൈദികസ്ഥാനത്തുനിന്നു ഭ്രഷ്ടരാക്കപ്പെട്ടവർ കരുണ അർഹിക്കുന്നില്ല. അതായതു്, ആദ്യത്തെ കൂട്ടരും അവരോടുകൂടെ അടുത്തകാലത്തു് ചേർന്നവരും. അജ്ഞതമൂലമോ, തെററായ തീക്ഷ്ണതമൂലമോ ഇതിൽ ഉൾപ്പെട്ടുപോകാനിടയായവരൊഴികെ ഉള്ളവരെ നിങ്ങളോടുകൂടെ ഞാൻ മുടക്കിയതാണല്ലോ. എന്നാൽ അവർക്കും നമുക്കും ഇടയിലുള്ള എല്ലാ അകൽച്ചയും നമ്മുടെ മനസ്സിൽ നിന്നു നാം അകററുകയും ഉപേക്ഷിക്കയും നിഷ്കാസനം ചെയ്യുകയും ചെയ്യുന്നു. നിങ്ങളുടെ പ്രാർത്ഥനയാലും, എന്നേക്കും തന്റെ സഭയിൽ കരുണ ചൊരിയുന്നവനും ദയാപരനും ആശ്വാസപ്രദനുമായ പരിശുദ്ധാത്മാവിന്റെ കൃപയാലും നാം അവരോടു ക്ഷമിക്കുന്നു.''

എപ്പിസ്കോപ്പാമാർ പറഞ്ഞു: ''ആമേൻ''. ഉടനെ മെത്രാന്മാർ എഴുന്നേററു് വീണ്ടും ഇപ്രകാരം പറഞ്ഞു: ''അങ്ങുമായി ഞങ്ങൾ നിർണ്ണയിച്ചു് സമ്മതിച്ച കാര്യങ്ങൾ ഇവയാണു്. ഇപ്പോഴോ പിന്നീടോ, ആരെങ്കിലും ഇവയിലേതെങ്കിലും ലംഘിക്കാൻ മുതിർന്നാൽ, മുമ്പു് മത്സരിച്ചവരെയും ഇക്കാലത്തു് മത്സരിക്കുന്നവരെയും നിരസിച്ചു് ഭ്രഷ്ടരാക്കിയതുപോലെ ദയാരഹിതമായി നിരസിക്കപ്പെടുകയും വൈദികസ്ഥാനത്തുനിന്നും ഭ്രഷ്ടരാക്കപ്പെടുകയും ചെയ്യും എന്നറിഞ്ഞുകൊള്ളുക. ആരെങ്കിലും ഏതെങ്കിലും കാരണത്താൽ അവരുടെ മദ്ധ്യസ്ഥനായി വർത്തിക്കുകയും, എന്നാൽ സഭാധികാരത്തെ ധിക്കരിച്ച വ്യർത്ഥാഭിമാനികളും അഹങ്കാരികളുമായ ഈ മത്സരക്കാർ സഭയ്ക്കു വരുത്തിക്കൂട്ടിയ നാശനഷ്ടങ്ങളും ദുരിതങ്ങളും അരിഷ്ടതകളും അവരെ വ്യക്തമായി മനസിലാക്കിയിട്ടും അവർ അവസാനം വിധേയത്വം പ്രഖ്യാപിക്കാതിരിക്കയും ചെയ്താൽ അവരും എല്ലാ വൈദികസ്ഥാനത്തുനിന്നും ദയാരഹിതമായി നീക്കപ്പെടുമെന്നറിഞ്ഞുകൊള്ളട്ടെ. സജീവ ത്രിത്വത്തിന്റെ വചന

www.malankaralibrary.com



ത്താൽ ഇപ്പോൾ നാം നിർണ്ണയിച്ചുറപ്പിച്ച് നമ്മുടെ കൈകൊണ്ട് എഴുതി ഒപ്പും മുദ്രയുംവച്ച ഈ കാര്യങ്ങൾ നമുക്കോ നമ്മുടെ പിൻഗാമികൾക്കോ നീക്കിക്കളയാനോ മാററിക്കളയാനോ സാധ്യമല്ല.''

ഈ വാല്യത്തിന്റെ മുകളിൽ പേരെഴുതി ഒപ്പും മുദ്രയും വച്ച മെത്രാന്മാരെല്ലാവരും താഴെയും അവരുടെ ഒപ്പിട്ടു. പിന്നീടു വന്ന മെത്രാന്മാരും നേരത്തെ വന്നവർ ചെയ്തവയെല്ലാം അംഗീകരിക്കയും തങ്ങളുടെ ഒപ്പുവെയ്ക്കുകയും ചെയ്തു. ഈ സിനഡിൽവച്ച് മാർ ദാദീശോ കാതോലിക്കോസ് മുടക്കിയ മററു മെത്രാന്മാർ ഒപ്പുവച്ചില്ല. പിന്നീട് വരുന്നവർ ഈ എഴുതിയതിനുശേഷം തങ്ങളുടെ ഒപ്പും മുദ്രയും നൽകും. ഈ എഴുത്തിൽ നിന്നു തന്നെ അവരുടെ പേരു് വ്യക്തമാണു്.

മാർ ദാദീശോ കാതോലിക്കോസിന്റെ സിനഡ് അവസാനിച്ചു.

www.malankaralibrary.com

# 10

# എഡേസ്സയിലും മെസൊപ്പൊട്ടേമിയായിലും പ്രസംഗിച്ച
# ആദായിയുടെ പ്രബോധനം

## ആമുഖം

പുരാതന കാനോനിക സമാഹാരങ്ങളിൽ ഉൾപ്പെട്ട ഒരു രേഖയാണിതു്. ആദായിയും തദേവൂസും ഒരാൾ തന്നെയെന്നു് കരുതുന്നവരുണ്ടു്. എഡേസ്സയിൽ സുവിശേഷം പ്രസംഗിച്ചയാളാണു് ആദായി /തദേവൂസ്. അദ്ദേഹത്തിൻെറ പേരിൽ അറിയപ്പെടുന്ന ഒരു പിൽക്കാലരേഖയാണിതു്; ഈ രേഖയാണിവിടെ താഴെ കൊടുക്കുന്നതു്.[1]

## ആദായിയുടെ പ്രബോധനം

സ്വർഗ്ഗത്തിൽ തൻെറ പിതാവിൻെറ സവിധത്തിലേക്കു്, മിശിഹാ എടുക്കപ്പെട്ട സമയത്തെക്കുറിച്ചും, പരിശുദ്ധാത്മദാനവും, ചട്ടങ്ങളും സഭാനിയമങ്ങളും ശ്ലീഹന്മാർ പ്രാപിച്ച രീതിയെക്കുറിച്ചും, അവരോരോരുത്തരും പോയ സ്ഥലങ്ങളെക്കുറിച്ചും, പൗരോഹിത്യ കൈവയ്പു് റോമൻ സാമ്രാജ്യത്തിലെ പ്രദേശങ്ങൾ ആരിൽ നിന്നു സ്വീകരിച്ചു എന്നതിനെക്കുറിച്ചും:

ഗ്രീക്കുവർഷം 339 ജൂൺ മാസം നാലാംദിവസം, ആഴ്ചയുടെ ഒന്നാം ദിവസം, പെന്തിക്കൊസ്തിയുടെ അവസാനം— തങ്ങളോടു് കർത്താവു് അരുൾചെയ്തതുപോലെ അവിടുത്തെ സ്വർഗാരോഹണം ദർശിച്ചതിനാൽ ശ്ലീഹന്മാർ അത്യധികമായി ദൈവത്തെ സ്തുതിച്ചുകൊണ്ടിരിക്കയായിരുന്നു മോശയുടെയും അഹറോൻെറയും കുടുംബക്കാരുടെ പൗരോഹിത്യത്തിൻെറ വലത്തുകൈയും ദാനവും സ്വീകരിച്ചതിനാൽ അവർ സന്തോഷിച്ചു.

അവിടെ നിന്നു് അവർ, കർത്താവു് തൻെറ ശിഷ്യരുമൊത്തു് പെസഹ ആചരിച്ച മുകളിലത്തെ നിലയിൽ കയറി; അവിടെ വച്ചാണല്ലോ, "കർത്താവിനെ കുരിശുമരണത്തിനു് ഒററിക്കൊടുക്കുന്നവൻ ആരാണു്?" എന്ന ചോദ്യം ഉന്നയിക്കപ്പെട്ടതു്.

തൻെറ ഉത്ഥാനവും തൻെറ സുവിശേഷവും എപ്രകാരമാണു് ലോകത്തിൽ അറിയിക്കേണ്ടതു് എന്നതിനെക്കുറിച്ചും അവിടെവച്ചു് ചോദ്യങ്ങളുയർന്നു. തൻെറ ശരീരത്തിൻെറയും രക്തത്തിൻെറയും രഹസ്യം ഈ ലോകത്തിൽ ആചരിക്കപ്പെടുവാനായി, മുകളിലത്തെ മുറിയിൽ വച്ചു്

1. A. Voobus, Synodicon, I. P. 187-197.

www.malankaralibrary.com



കർത്താവ് തുടങ്ങിയതുപോലെ, തന്റെ പ്രസംഗത്തിന്റെ പ്രബോധനത്തിന് ഈ ലോകത്തിൽ അധികാരം ഉണ്ടായിരിക്കാൻ അവിടെ നിന്നു തന്നെ തുടങ്ങി.

തങ്ങൾക്കജ്ഞാതമായ അപരിചിത ഭാഷകളുള്ള ജനതകളുടെ ഇടയിൽ എപ്രകാരമാണ് തന്റെ സുവിശേഷം പ്രസംഗിക്കേണ്ടത് എന്നതു സംബന്ധിച്ച് ശ്ലീഹന്മാർ ഉൽക്കണ്ഠാകുലരായി ഇപ്രകാരം പറഞ്ഞു: ''നമുക്കറിവില്ലാത്ത അന്യഭാഷകൾ സംസാരിക്കുന്ന ജനങ്ങളുടെ മുൻപാകെ മിശിഹാ തന്നെ നമ്മുടെ കൈകളിലൂടെ വലിയ അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിക്കുമെന്ന് നമുക്കറപ്പുണ്ടെങ്കിലും അവരുടെ ഭാഷകളിൽ—അവക്ക് നമ്മുടെ ഭാഷയും വശമില്ല—അവരെ ആരു പഠിപ്പിക്കും? ഈ മഹനീയമായ അടയാളങ്ങളും അത്ഭുതങ്ങളും നടക്കുന്നത് ക്രൂശിതനായ മിശിഹായുടെ നാമത്തിലാണെന്ന് ആര് അവരെ ഗ്രഹിപ്പിക്കും? ശിഷ്യന്മാർ ഇപ്രകാരം ചിന്താധീനരായിരുന്നപ്പോൾ ശെമഓൻ കേപ്പാ എഴുന്നേററ് അവരോട് ഇപ്രകാരം പറഞ്ഞു: ''എന്റെ സഹോദരന്മാരേ, തന്റെ സുവിശേഷം ലോകത്തിൽ നാം എങ്ങനെ പ്രസംഗിക്കണം എന്ന് തീരുമാനിക്കുക നമ്മുടെ കാര്യമല്ല; അവിടുന്ന് നമ്മോടു വാഗ്ദാനം ചെയ്തരുൾചെയ്ത പരിപാലനയിൽ നമുക്കാശ്രയിക്കാം: ഞാൻ എന്റെ പിതാവിങ്കലേക്കു കരേറുമ്പോൾ, ഞാൻ നിങ്ങൾക്ക് ആശ്വാസപ്രദനെ അയയ്ക്കാം; നിങ്ങൾ അറിയേണ്ടതും അറിയിക്കേണ്ടതുമായ സംഗതികളെല്ലാം അവിടുന്ന് നിങ്ങളെ പഠിപ്പിക്കും.'' (യോഹ. 14:26). തന്റെ സഹശിഷ്യരോട് ശെമഓൻ കേപ്പാ ഇപ്രകാരം പറഞ്ഞുകൊണ്ടിരുന്നപ്പോൾ, അലൗകികമായ ഒരു സുഗന്ധപരിമളം അവിടെ വീശുകയും സുഗന്ധത്തോടും ശബ്ദത്തോടും ഒപ്പം അഗ്നിനാവുകൾ സ്വർഗ്ഗത്തിൽനിന്ന് അവരുടെ പക്കലേക്കിറങ്ങി അവരിലോരോരുത്തന്റെയും മേൽ ആവസിച്ചു പ്രകാശിച്ചുകൊണ്ടിരിക്കുകയും ചെയ്തു. ഓരോരുത്തനും ലഭിച്ചവ്യത്യസ്ത നാവനുസരിച്ച്, ആ ഭാഷ സംസാരിക്കയും കേൾക്കുകയും ചെയ്യുന്ന നാട്ടിലേക്കു പോകാനായി ഓരോരുത്തനും ഒരുങ്ങി. അന്ന് അവർക്ക് നൽകപ്പെട്ട ആത്മാവിന്റെ ദാനമനുസരിച്ച് അവർ കാനോനാകൾ ഉണ്ടാക്കി; നിയമങ്ങളും ചട്ടങ്ങളും ക്രമീകരിച്ചു.— തങ്ങളുടെ സുവിശേഷപ്രസംഗമനുസരിച്ചും തങ്ങളുടെ പ്രബോധനത്തോട് വിശ്വസ്തത പുലർത്തിയും അതിനനുസൃതവുമായിരുന്നു അവ:

1 ശ്ലീഹന്മാർ ഇപ്രകാരം തീർപ്പു കല്പിച്ചു: കിഴക്കോട്ടു തിരിഞ്ഞു നിന്നുകൊണ്ടു പ്രാർത്ഥിക്കണം; കാരണം, 'കിഴക്കു നിന്നു മിന്നുന്ന മിന്നൽ പടിഞ്ഞാറും കാണപ്പെടുന്നതുപോലെയായിരിക്കും മനുഷ്യപുത്രന്റെ വരവും' (മത്താ. 24:27). അന്ത്യത്തിൽ അവിടുന്ന് കിഴക്കുനിന്ന് പ്രത്യക്ഷനാകും എന്ന് ഇതിനാൽ നാം അറിയുകയും ഗ്രഹിക്കുകയും ചെയ്യുന്നു.

2 ശ്ലീഹന്മാർ വീണ്ടും ഇപ്രകാരം തീർപ്പു കല്പിച്ചു: ആഴ്ചയുടെ ഒന്നാം ദിവസം ശുശ്രൂഷയും വിശുദ്ധ ഗ്രന്ഥവായനയും അർപ്പണവും ഉണ്ടായിരിക്കണം; കാരണം, ആഴ്ചയുടെ ആ ഒന്നാം ദിവസം, അവിടുന്ന് മരിച്ചവരുടെ സ്ഥലത്തുനിന്ന് ഉത്ഥിതനായി; അതുപോലെ ആഴ്ചയുടെ ഒന്നാം ദിവസം അവിടുന്ന് സ്വർഗ്ഗത്തിലേക്കു കരേറി; ആഴ്ചയുടെ ഒന്നാം ദിവസം, അവസാനം തന്റെ മാലാഖമാരോടുകൂടെ അവിടുന്ന് പ്രത്യക്ഷനാകും.

www.malankaralibrary.com



3 ശ്ലീഹന്മാർ വീണ്ടും തീർപ്പു കല്പിച്ചു: ആഴ്ചയുടെ നാലാം ദിവസം ശുശ്രൂഷ ഉണ്ടായിരിക്കണം: കാരണം, അന്നേദിവസം നമ്മുടെ കർത്താവ് തന്റെ പീഡാനുഭവത്തെപ്പററിയും ക്രൂശാരോഹണത്തെപ്പററിയും മരണത്തെപ്പററിയും ഉത്ഥാനത്തെപ്പററിയും തന്റെ ശിഷ്യർക്കു വെളിപ്പെടുത്തിക്കൊടുക്കുകയും അതേപ്പററി ശിഷ്യന്മാർ ദുഃഖിതരാകുകയും ചെയ്തു.

4 ശ്ലീഹന്മാർ വീണ്ടും തീർപ്പു കല്പിച്ചു: വെള്ളിയാഴ്ച ഒൻപതാം മണിക്കു ശുശ്രൂഷ ഉണ്ടായിരിക്കണം; കാരണം, നമ്മുടെ രക്ഷകന്റെ പീഡാനുഭവത്തെപ്പററി നാലാം ദിവസം പറഞ്ഞ സംഗതികൾ ഈ സന്ധ്യയിൽ നിറവേറി; ലോകങ്ങളും സൃഷ്ടികളും അന്നു ഭയന്നുവിറച്ചു; ആകാശഗോളങ്ങൾ ഇരുണ്ടുപോകുകയും ചെയ്തു.

5 ശ്ലീഹന്മാർ വീണ്ടും തീർപ്പു കൽപ്പിച്ചു: ലേവ്യരെപോലെ മൂപ്പന്മാരും ഡീക്കന്മാരും ഉണ്ടായിരിക്കണം; കർത്താവിന്റെ വിശുദ്ധ സ്ഥലത്തിന്റെ പ്രാകാരങ്ങളിൽ പാത്രങ്ങൾ വഹിക്കുന്നവരെപ്പോലെ സബ് ഡീക്കന്മാർ ഉണ്ടായിരിക്കണം; ലേവ്യരുടെ ഇടയിൽ അഹറോനെപ്പോലെ ജനങ്ങളുടെയെല്ലാം വഴികാട്ടിയും വൈദിക സമൂഹം മുഴുവന്റെയും തലവനും പ്രധാനിയുമായി ഒരു മേലന്വേഷകനും ഉണ്ടായിരിക്കണം.

6 ശ്ലീഹന്മാർ വീണ്ടും തീർപ്പു കല്പിച്ചു: സഭയിലെ പ്രധാന പെരുന്നാളായ കർത്താവിന്റെ ദനഹാ, ജനുവരി ആറിനാചരിക്കണം.

7 ശ്ലീഹന്മാർ വീണ്ടും തീർപ്പു കൽപ്പിച്ചു: നമ്മുടെ കർത്താവിന്റെ പീഡാനുഭവത്തിനു മുൻപ് നാൽപ്പതു ദിവസം ഉപവസിക്കണം; അതിനുശേഷം കർത്താവിന്റെ പീഡാനുഭവവും ഉത്ഥാനവും ആചരിക്കുക; കാരണം, പെരുന്നാളുകളുടെ നാഥനായ നമ്മുടെ കർത്താവു തന്നെയും നാൽപ്പതു ദിവസം ഉപവസിച്ചു; അതുപോലെ ഈ രഹസ്യത്തിലാമഗ്നരായിരുന്ന മോശയും ഏലിയാവും നാൽപ്പതു ദിവസം ഉപവസിക്കുകയും മഹത്വീകരിക്കപ്പെടുകയും ചെയ്തു.

8 ശ്ലീഹന്മാർ വീണ്ടും തീർപ്പു കല്പിച്ചു: വിശുദ്ധ ഗ്രന്ഥങ്ങളുടെ വായനാവസാനം, അവയുടെ പരിസമാപ്തിയായി അന്ത്യത്തിൽ സുവിശേഷം വായിക്കണം; ജനങ്ങൾ നിന്നുകൊണ്ടു് സുവിശേഷം ശ്രവിക്കണം; കാരണം, എല്ലാ മനുഷ്യരുടെയും വീണ്ടെടുപ്പിനുള്ള സുവിശേഷമാണിതു്.

9 വിശുദ്ധ ശ്ലീഹന്മാർ വീണ്ടും ഇപ്രകാരം തീർപ്പു കല്പിച്ചു: കർത്താവിന്റെ ഉത്ഥാനത്തിന്റെ അൻപതാം ദിവസം പൂർത്തിയാകുമ്പോൾ, നമ്മുടെ കർത്താവ് സ്വർഗ്ഗത്തിൽ തന്റെ പിതാവിന്റെ പക്കലേക്കു കരേറിയതിന്റെ അനുസ്മരണം കൊണ്ടാടണം.

10 ശ്ലീഹന്മാർ വീണ്ടും തീർപ്പു കൽപ്പിച്ചു: സഭയുടെ വിശ്വാസവും അതിലെ നിയമങ്ങളും ചട്ടങ്ങളും അറിയാൻ പാടില്ലാത്തയാൾ സഭയുടെ അദ്ധ്യക്ഷനും ഭരണാധികാരിയും ആകാൻ പാടില്ല; അവ അറിയാമെങ്കിലും അവ ലംഘിക്കുന്നവൻ പിന്നീട് ശുശ്രൂഷ ചെയ്യാൻ പാടില്ല.

11 ശ്ലീഹന്മാർ വീണ്ടും തീർപ്പു കൽപ്പിച്ചു: ആണയിടുകയോ, കള്ളം പറകയോ, കള്ളസാക്ഷി പറകയോ, മാന്ത്രികരുടെയും ലക്ഷണം പറയുന്നവരുടെയും കൽദായരുടെയും അടുത്തുപോയി, ദൈവത്തെ അറിയാത്ത

www.malankaralibrary.com



മനുഷ്യരെപ്പോലെ ജാതകത്തിലും വിധിയിലും ആശ്രയം വയ്ക്കുകയോ ചെയ്യുന്നവരെ, ദൈവത്തെ അറിയാത്തവരെപ്പോലെ ശുശ്രൂഷയിൽനിന്ന് നിഷ്ക്കാസനം ചെയ്യണം; അവർ ശുശ്രൂഷ ചെയ്യാൻ പാടില്ല.

12 ശ്ലീഹന്മാർ വീണ്ടും തീർപ്പു കൽപ്പിച്ചു: ശുശ്രൂഷയെ സംബന്ധിച്ച് തന്റെ മനസ്സിൽ വിഭജിതനായി, വിധേയത്വമില്ലാതെ വർത്തിക്കുന്നയാൾ വീണ്ടും ശുശ്രൂഷ ചെയ്യാൻ പാടില്ല: കാരണം, ശുശ്രൂഷയുടെ കർത്താവിനോട് അവൻ വിശ്വസ്തത കാട്ടുന്നില്ല, യഥാർത്ഥത്തിൽ അവൻ ദൈവത്തെയല്ല മനുഷ്യരെ മാത്രം ചതിക്കുന്നു; കാരണം, ''തന്റെ മുൻപിൽ ചതിപ്രയോഗങ്ങൾ വിലപ്പോകില്ലല്ലോ.''

13 ശ്ലീഹന്മാർ വീണ്ടും തീർപ്പു കല്പിച്ചു: കടം കൊടുത്ത് അന്യായപ്പലിശ വാങ്ങുകയും അത്യാഗ്രഹത്തിലും അമിതലാഭത്തിലും കണ്ണു നട്ടിരിക്കുകയും ചെയ്യുന്നവൻ വീണ്ടും ശുശ്രൂഷ ചെയ്യാൻ പാടില്ല; അവന് ശുശ്രൂഷയിൽ പങ്കുണ്ടായിരിക്കയില്ല.

14 ശ്ലീഹന്മാർ വീണ്ടും തീർപ്പു കല്പിച്ചു: യൂദായെപ്പോലെ ധനത്തെ സ്നേഹിക്കുകയോ, സ്രഷ്ടാവിനു പകരം സൃഷ്ടികളെ ആരാധിക്കുന്ന പുറജാതികളെ അനുകരിക്കുകയോ ചെയ്യുന്നയാൾ ശുശ്രൂഷയ്ക്കായി കടന്നുവന്ന് ശുശ്രൂഷ ചെയ്യാൻ പാടില്ല; അപ്രകാരം കടന്നുകൂടിയിട്ടുണ്ടെങ്കിൽ അവനെ തള്ളിക്കളയേണ്ട; തങ്ങളിൽനിന്ന് വേർതിരിച്ചിൽ മതി; തങ്ങളോടുകൂടി ശുശ്രൂഷ ചെയ്യേണ്ട.

15 ശ്ലീഹന്മാർ വീണ്ടും തീർപ്പു കൽപ്പിച്ചു: യൂദരിൽ നിന്ന് നമ്മുടെക്കൂടെ ചേർന്നശേഷം നമ്മെ ഉപേക്ഷിച്ച് വീണ്ടും യൂദരോടുകൂടെ ചേർന്നയാൾ, രണ്ടാമത് നമ്മോടുകൂടെ വരാൻ ആഗ്രഹിച്ചാൽ അയാളെ സ്വീകരിക്കരുത്. അവനെ യൂദനായി തന്നെ എല്ലാവരും പരിഗണിക്കണം.

16 ശ്ലീഹന്മാർ വീണ്ടും തീർപ്പു കൽപ്പിച്ചു: സഭയിൽ ശുശ്രൂഷ ചെയ്യുന്നവരെ കൂടാതെ സഭാസംബന്ധമായ കാര്യങ്ങൾ കൈമാററം ചെയ്യാൻ അദ്ധ്യക്ഷന് അനുവാദമില്ല; അവരെല്ലാവരുടെയും ആലോചനയോടുകൂടി അവർ നിരാകരിക്കാതെ, എല്ലാവരും അംഗീകരിക്കുന്ന സംഗതി മാത്രമേ കൽപ്പിക്കാൻ പാടുള്ളു.

17 ശ്ലീഹന്മാർ വീണ്ടു തീർപ്പു കൽപ്പിച്ചു: മിശിഹായിലുള്ള വിശ്വാസത്തിനു നല്ല സാക്ഷ്യത്തോടും തന്റെ നാമത്തെ പ്രതിയുള്ള പീഡനങ്ങളോടും കൂടെ ഈ ലോകത്തിൽ നിന്നു വേർപിരിഞ്ഞു പോയവരുടെ അനുസ്മരണം അവർ രക്തസാക്ഷി മകുടം ചൂടിയ ദിവസം നടത്തണം.

18 ശ്ലീഹന്മാർ വീണ്ടും തീർപ്പു കൽപ്പിച്ചു: ''ഞാൻ കർത്താവിനെ എപ്പോഴും സ്തുതിക്കും; അവിടുത്തെ സ്തുതിപ്പുകൾ സദാ എന്റെ അധരത്തിലുണ്ട്.'' ''ഞാൻ രാത്രിയും പകലും ധ്യാനിക്കയും സംസാരിക്കയും എന്റെ ശബ്ദം കേൾപ്പിക്കയും ചെയ്യും'' എന്നീ വചനമനുസരിച്ച്, അനുദിനമുള്ള സഭാശുശ്രൂഷയിൽ ദാവീദിന്റെ സങ്കീർത്തനങ്ങൾ ആലപിക്കണം.

19 വിശുദ്ധ ശ്ലീഹന്മാർ വീണ്ടും ഇപ്രകാരം തീർപ്പു കൽപ്പിച്ചു: മാമോനിൽ നിന്ന് വിമുക്തരായി, ലൗകിക നേട്ടങ്ങൾക്കായി പരക്കം പായാതിരിക്കുന്നവരെ സഭാശുശ്രൂഷയ്ക്കായി തെരഞ്ഞെടുത്തു വിളിക്കണം.

www.malankaralibrary.com



20 ശ്ലീഹന്മാർ വീണ്ടും തീർപ്പു കൽപ്പിച്ചു: നീതിരഹിതമായും അകാരണമായും മറെറാരാളെ ബന്ധിക്കുന്ന പുരോഹിതൻ നീതിപൂർവ്വം ശിക്ഷിക്കപ്പെടണം; എന്നാൽ ബന്ധിക്കപ്പെട്ടവൻ ശരിയായി ബന്ധിക്കപ്പെട്ടവനെപ്പോലെ ബന്ധനം സ്വീകരിക്കണം.

21 ശ്ലീഹന്മാർ വീണ്ടും തീർപ്പു കൽപ്പിച്ചു: മുഖം നോക്കി വിധിച്ച് കുററമററവരെ ശിക്ഷിക്കയും കുററക്കാരെ വെറുതെ വിടുകയും ചെയ്യുന്ന ന്യായാധിപൻ മുഖംനോക്കി വിധിക്കുന്നവൻ എന്ന ദുഷ്പേരുള്ളതിനാൽ മറെറാരു കേസും കേൾക്കാൻ പാടില്ല.

22 ശ്ലീഹന്മാർ വീണ്ടും തീർപ്പു കൽപ്പിച്ചു: ഗർവ്വും ഔദ്ധത്യവും നിറഞ്ഞവരെ ശുശ്രൂഷയ്ക്ക് സ്വീകരിക്കരുത്; കാരണം, 'മനുഷ്യരുടെ മുൻപാകെ ഉന്നതമായിരിക്കുന്നതു് ദൈവമുൻപാകെ മ്ളേച്ഛമാകുന്നു' എന്നുണ്ടല്ലോ (ലൂ. 16:15). അവരെപ്പററി ഇങ്ങനെയും പറഞ്ഞിരിക്കുന്നു: ''ഔദ്ധത്യം നിറഞ്ഞവർക്കെതിരായി ഞാൻ പ്രതികാരം ചെയ്യും'(ഏശാ.2:12)

23 ശ്ലീഹന്മാർ വീണ്ടും തീർപ്പു കൽപ്പിച്ചു: ഗ്രാമങ്ങളിലെ പള്ളികളിലുള്ള മൂപ്പന്മാർക്ക് ഒരു മേലാളുണ്ടായിരിക്കണം; അവരുടെയെല്ലാം തലവനായി അയാൾ അംഗീകരിക്കപ്പെടണം. അതായതു് എല്ലാവരും അനുസരിക്കണം. കാരണം, ശാമുവേലും ഇപ്രകാരം ഓരോ സ്ഥലവും സന്ദർശിച്ച് കൽപ്പനകൾ നൽകിയിരുന്നു. (1 ശാമു. 3. 1 ff)

24 ശ്ലീഹന്മാർ വീണ്ടും തീർപ്പു കൽപ്പിച്ചു: ഭാവിയിൽ മിശിഹായിൽ വിശ്വസിക്കുന്ന രാജാക്കന്മാർക്ക് മദ്ബഹായുടെ മുൻപാകെ സഭാതലവന്മാരോടൊപ്പം കയറി നില്ക്കാൻ അധികാരമുണ്ടായിരിക്കും. കാരണം, ദാവീദും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നവരും ബലിപീഠത്തിന്റെ മുൻപാകെ കയറിനിന്നു. (2 ശാമു. 6:17ff.)

25 ശ്ലീഹന്മാർ വീണ്ടും തീർപ്പു കൽപ്പിച്ചു: തന്റെ പൗരോഹിത്യാധികാരത്തിൻ കീഴിൽ നീതിരഹിതമായും മാന്യമായുമല്ലാതെ യാതൊന്നും പ്രവർത്തിക്കാൻ ഒരു വൈദികനും തുനിയരുതു്; പിന്നെയോ, നീതിയോടും നേരാംവണ്ണവും, മുഖംനോട്ടം കൂടാതെയും, കുററം കൂടാതെയും പ്രവർത്തിക്കണം.

26 ശ്ലീഹന്മാർ വീണ്ടും തീർപ്പു കൽപ്പിച്ചു: അർപ്പണത്തിനുള്ള അപ്പം ചുടുന്ന ദിവസം തന്നെ ബലിപീഠത്തിൽ വയ്ക്കണം; പിന്നീടൊരു ദിവസം വയ്ക്കുക അനുവദനീയമില്ല.

ശ്ലീഹന്മാർ ഈ സംഗതികളെല്ലാം, തങ്ങൾക്കു വേണ്ടിയല്ല, തങ്ങളുടെ പിന്നാലെ വരുന്നവർക്കു വേണ്ടി ക്രമീകരിച്ചു; കാരണം, ഭാവിയിൽ ചെന്നായ്ക്കൾ കുഞ്ഞാടിന്റെ വേഷം ധരിച്ചു വരുമെന്നു് അവർ അറിഞ്ഞിരുന്നു. തങ്ങൾക്കാകട്ടെ, തങ്ങളിൽ ഉണ്ടായിരുന്ന ആശ്വാസപ്രദനായ പരിശുദ്ധാത്മാവ് മതിയായവനായിരുന്നു. അവരുടെ കരങ്ങളിലൂടെ അവൻ ഇവ ക്രമീകരിച്ചതുപോലെ നിയമാനുസൃതം അവരെ വഴി നടത്തിക്കൊള്ളും. കാരണം, നമ്മുടെ കർത്താവിൽനിന്നു് ശക്തിയും അധികാരവും സ്വീകരിച്ചവർക്ക് മററുള്ളവർ നിയമം ഉണ്ടാക്കിക്കൊടുക്കേണ്ട ആവശ്യമില്ലായിരുന്നു. പൗലോസും

www.malankaralibrary.com



തിമോതിയോസും സിറിയാ, സിലിഷ്യാ പ്രദേശങ്ങളിൽ ചുററി സഞ്ചരിച്ചപ്പോൾ ശ്ളീഹന്മാരുടെയും മൂപ്പന്മാരുടെതുമായ ഈ കൽപ്പനകളും നിയമങ്ങളും, തങ്ങൾ പ്രസംഗിച്ച് പഠിപ്പിച്ച വിവിധ സ്ഥലങ്ങളിലെ ഗ്ലൈഹിക സഭകളിലുള്ള മൂപ്പന്മാരെ ഭരമേൽപ്പിച്ചു. ശ്ളീഹന്മാർ ഈ ചട്ടങ്ങളും നിയമങ്ങളും ക്രോഡീകരിച്ചശേഷം സുവിശേഷ പ്രസംഗം തുടർന്നുകൊണ്ടിരുന്നു. അവരുടെ കരങ്ങൾ വഴി അവിടുന്ന് മഹത്തും മഹനീയവുമായ കാര്യങ്ങൾ ചെയ്തുകൊണ്ടുമിരുന്നു. മിശിഹായിൽ വിശ്വസിച്ച അനേകമാളുകൾ ഓരോ ദിവസവും അവരുടെ ചുററും കൂടി; മററു പട്ടണങ്ങളിൽ നിന്നുകൂടി ആളുകൾ അവരുടെ വാക്ക് കേൾക്കുവാൻ വന്നിരുന്നു.

യഹൂദരുടെ സിനഗോഗിലെ പ്രധാനികളായ നിക്കൊദേമൂസും, ഗമാലിയേലും ശ്ളീഹന്മാരുടെ പ്രബോധനത്തോടു യോജിച്ചിരുന്നതിനാൽ രഹസ്യമായി അവരുടെ പക്കൽ വന്നു. കൂടാതെ, ഹനനിയാസിൻെറ മക്കളായ ലേവി, പേരി, ജോസഫ്, ജുസ്റ്റസ് എന്നിവരും കയ്യാഫാസ്, അലക്സാന്ത്രോസ് എന്നീ പുരോഹിതന്മാരും രാത്രിയിൽ ശ്ളീഹന്മാരുടെ അടുത്തുവന്ന് ദൈവപുത്രനെ ഏററുപറഞ്ഞു. എന്നാൽ അവർ തങ്ങളുടെ സ്വന്തജനങ്ങളെ ഭയപ്പെട്ടിരുന്നതിനാൽ തങ്ങളുടെ അന്തരംഗം ശിഷ്യരെ അറിയിച്ചില്ല.

ശ്ലീഹന്മാർ വാത്സല്യപൂർവ്വംഅവരെ സ്വീകരിച്ചുകൊണ്ടു പറഞ്ഞു: ലജ്ജകൊണ്ടോ മനുഷ്യരെപ്പററിയുള്ള ഭയം കൊണ്ടോ ദൈവത്തിൻെറ മുൻപാകെ നിങ്ങളുടെ ജീവിതം നശിപ്പിക്കരുത്; അവൻെറ രക്തം ഞങ്ങളുടെ മേൽ വന്നു ഭവിക്കട്ടെ എന്നുപറഞ്ഞ നിങ്ങളുടെ പിതാക്കന്മാരെപ്പോലെ മിശിഹായുടെ രക്തത്തിനു നിങ്ങൾ കണക്കു പറയാൻ ഇടയാകാതിരിക്കട്ടെ. നിങ്ങൾ അവൻെറ ആരാധകരായിരിക്കേ, തൻെറ ആരാധ്യപുത്രൻെറ കൊലയാളികളുടെ പക്കൽ പോയി അവരുമായി ബന്ധപ്പെടുന്നത് ദൈവമുൻപാകെ സ്വീകാര്യമല്ല. സത്യവിശ്വാസികളോടൊപ്പം അപ്രകാരമല്ലാത്ത നിങ്ങളുടെ വിശ്വാസം സ്വീകരിക്കപ്പെടണമെന്ന് എങ്ങനെ നിങ്ങൾക്കു പ്രതീക്ഷിക്കാൻ കഴിയും? അതുകൊണ്ട് ഞങ്ങൾ പ്രസംഗിക്കുന്ന ഈ വിശ്വാസം നിങ്ങൾ പരസ്യമായി പ്രഖ്യാപിക്കുക എന്നത് മിശിഹായിൽ വിശ്വസിക്കുന്നവർ എന്ന നിലയിൽ ഉചിതമാകുന്നു.

ശ്ളീഹന്മാരിൽ നിന്ന് ഇതു കേട്ടപ്പോൾ ആ വൈദിക സന്താനങ്ങൾ ജനം മുഴവൻെറയും ശ്ളീഹന്മാരുടെയും മുൻപാകെ ഇപ്രകാരം ഉച്ചത്തിൽ നിലവിളിച്ചു: ''ക്രൂശിക്കപ്പെട്ട മിശിഹായിൽ ഞങ്ങൾ വിശ്വസിക്കയും അവനെ ഏററുപറകയും ചെയ്യുന്നു. അവൻ നിത്യത മുതൽ ദൈവപുത്രനാണെന്ന് ഞങ്ങൾ പ്രഖ്യാപിക്കുന്നു. അവനെ ക്രൂശിക്കാൻ ധൈര്യം കാട്ടിയവരെ ഞങ്ങൾ തള്ളിപ്പറയുന്നു;'' ജനങ്ങളുടെ പുരോഹിതന്മാർ പോലും രഹസ്യത്തിൽ അവനെ ഏററുപറയുന്നു; എന്നാൽ ജനങ്ങളുടെ മേലുള്ള ഭരണം കാംക്ഷിച്ചതിനാൽ പരസ്യമായി ഏററുപറയാൻ അവർ ആഗ്രഹിച്ചില്ല; ''അറിവിൽ അവിടുന്നാണ് കർത്താവ്; തന്ത്രശാലികളുടെ പദ്ധതികളൊന്നും അവൻെറ മുൻപിൽ വിലപ്പോവില്ല'' (ഇയ്യോബ്. 5:12f.) എന്ന് എഴുതപ്പെട്ടിരിക്കുന്നത് അവർ മറന്നുപോയി. തങ്ങളുടെ മക്കളിൽ നിന്ന് പിതാക്കന്മാർ ഈ കാര്യം അറിഞ്ഞപ്പോൾ

www.malankaralibrary.com



അവർ അവരെ ഗൗരവപൂർവ്വം താക്കീതു ചെയ്തു. അവർ മിശിഹാ യിൽ വിശ്വസിക്കാനിടയായതിലല്ല, പിന്നെയോ ജനങ്ങളുടെ മുൻ പാകെ തങ്ങളുടെ പിതാക്കന്മാരുടെ ചിന്ത വെളിപ്പെടുത്തിയതിനാ ലാണു്.

എന്നാൽ വിശ്വസിച്ചവർ ശ്ളീഹന്മാരോടു് പററിച്ചേർന്നു; അവ രിൽ നിന്നകന്നുമാറിയില്ല; കാരണം അവർ ജനങ്ങളെ പഠിപ്പിച്ചവ യെല്ലാം എല്ലാവരുടെയും മുൻപാകെ അവർ പ്രാവർത്തികമാക്കിയി രുന്നു എന്നു് കണ്ടിരുന്നു.

മിശിഹായിലുള്ള വിശ്വാസപ്രഖ്യാപനം നിമിത്തം മതപീഡനം ഉണ്ടായപ്പോൾ അവരോടൊപ്പം സഹിക്കുന്നതിൽ ശിഷ്യന്മാർ സന്തോ ഷിക്കയും സന്തോഷപൂർവ്വം അടികളും കാരാഗൃഹവാസവും സ്വീകരി ക്കയും ചെയ്തു. തങ്ങളുടെ ജീവിതത്തിന്റെ എല്ലാ ദിവസവും യഹൂദ രുടെയും ശത്രുക്കളുടെയും മുൻപാകെ നമ്മുടെ കർത്താവായ മിശിഹായെ അവർ പ്രസംഗിച്ചു. ശ്ളീഹന്മാരുടെ മരണശേഷം സഭകളിൽ അദ്ധ്യ ക്ഷന്മാരും മേലന്വേഷകരും ഉണ്ടായിരുന്നു; ശ്ളീഹന്മാർ ഭരമേൽപ്പി ച്ചവയും സഭകളിൽ നിലനിന്നു.

അവരും ശ്ളീഹന്മാരിൽനിന്നു തങ്ങൾക്കു ലഭിച്ചവയെല്ലാം തങ്ങ ളുടെ മരണാവസരം തങ്ങളുടെ ശിഷ്യന്മാരെ ഭരമേൽപ്പിച്ചു: യാക്കോ ബു് ജറുസലേമിൽ നിന്നെഴുതിയതും ശെമഓൻ റോമാനഗരത്തിൽ നിന്നെഴുതിയതും യോഹന്നാൻ എഫേസോസിൽ നിന്നെഴുതിയതും മർ ക്കോസ് വലിയ അലക്സാണ്ട്രിയായിൽനിന്നും അന്ത്രയോസ് ഫ്രീ ജിയായിൽ നിന്നും ലൂക്കോസ് മാസിഡോണിയായിൽ നിന്നും തോമാ ഇൻഡ്യയിൽ നിന്നും: പൗലോസ് ശ്ളീഹായുടെ ലേഖനങ്ങളും ശ്ളീഹന്മാരുടെ വിജയത്തിന്റെ നടപടികളും എല്ലാ സ്ഥലങ്ങളിലുമുള്ള സഭകളിൽ സ്വീകരിച്ചു് വായിക്കേണ്ടതാണു്; ലൂക്കോസ് സുവിശേഷ കനെഴുതിയ ശ്ളീഹന്മാരുടെ നടപടികളും വായിക്കണം; അതുവഴി ശ്ളീഹന്മാരും പ്രവാചകരും പഴയനിയമവും പുതിയനിയമവും അറി യപ്പെടാൻ ഇടയാകും. അവരെല്ലാം ഒരേസത്യം പ്രസംഗിച്ചു; ഏകദൈവ ത്തിൽ നിന്നുള്ള ഏകപരിശുദ്ധാത്മാവു് അവരിലൂടെ സംസാരിച്ചു. ആ ഏകദൈവത്തെ അവരെല്ലാം ആരാധിച്ചു; അവരെല്ലാം പ്രസംഗിച്ചു.

അനേക രാജ്യങ്ങൾ അവരുടെ പ്രബോധനം സ്വീകരിച്ചു. അങ്ങനെ ശ്ളീഹന്മാരിലൂടെ നമ്മുടെ കർത്താവു സംസാരിക്കയും ശ്ളീഹന്മാർ തങ്ങളുടെ പിൻഗാമികൾക്കു കൈമാറുകയും ചെയ്തവയെല്ലാം എല്ലാ രാജ്യങ്ങളിലും നമ്മുടെ കർത്താവിനോടുള്ള ബന്ധം കൊണ്ടു് വിശ്വസി ക്കാനും സ്വീകരിക്കാനും ഇടയായി. 'ഞാനോ, ഇതാ, ലോകാവസാ നം വരെ നിങ്ങളോടുകൂടിയുണ്ടു്' എന്നു് അവിടുന്നു് വാഗ്ദാനം ചെയ്തി രുന്നല്ലോ (മത്താ. 28:20).

പ്രവാചക ഗ്രന്ഥങ്ങളുപയോഗിച്ചു് സഭാദ്ധ്യക്ഷന്മാർ യൂദന്മാരോടു് തർക്കിച്ചുകൊണ്ടിരുന്നു. വഞ്ചിതരായ പുറജാതിക്കാരോടാകട്ടെ മിശി ഹായുടെ നാമത്തിൽ ചെയ്ത മഹനീയസംഗതികൾ വഴി അവർ മല്ലടി ച്ചുകൊണ്ടിരുന്നു. എന്നാൽ എല്ലാ ജനങ്ങളും, മററു രാജ്യങ്ങളിൽ വസി ക്കുന്നവർ പോലും, ശാന്തമായും നിശ്ശബ്ദമായും മിശിഹായുടെ സുവി ശേഷം സ്വീകരിച്ചു.

www.malankaralibrary.com



മതപീഡനാവസരം വിശ്വാസസാക്ഷികൾ ഇപ്രകാരം വിളിച്ചു പറഞ്ഞു: ''ഞങ്ങളുടെ ഇന്നത്തെ ഈ പീഡനം ഞങ്ങൾക്കുവേണ്ടിയുള്ള മധ്യസ്ഥനായിരിക്കട്ടെ; കാരണം ഞങ്ങൾ മുൻപ് പീഡകരായിരുന്നു.'' വാളാൽ കൊല്ലപ്പെടുവാനായി വിധിക്കപ്പെട്ട ചിലർ അവരിലുണ്ടായിരുന്നു; മററു ചിലർക്കുള്ളതെല്ലാം അവർ കൊള്ളയടിച്ചിട്ട് അവരെ വെറുതെ ഇറക്കിവിട്ടു. അവരുടെ നേർക്കുള്ള മർദ്ദനം വർദ്ധിച്ചതനുസരിച്ച് അവരുടെ സമൂഹങ്ങൾ സമൃദ്ധങ്ങളായി; അവർ വർദ്ധിച്ചു പെരുകിക്കൊണ്ടിരുന്നു. തങ്ങളുടെ ഹൃദയത്തിൽ സന്തോഷത്തോടുകൂടെ അവർ എല്ലാത്തരത്തിലുമുള്ള മരണവും സ്വീകരിച്ചു.

നമ്മുടെ കർത്താവിൽ നിന്നും ശ്ലീഹന്മാർക്കു ലഭിച്ച പൗരോഹിത്യ കൈവയ്പിലൂടെ അവരുടെ സുവിശേഷം ലോകത്തിന്റെ നാലു ഭാഗങ്ങളിലും പറന്നെത്താനിടയായി. അവർ പരസ്പരം സന്ദർശിക്കയും പരസ്പരം ശുശ്രൂഷിക്കയും ചെയ്തു.

### വിശ്വസിച്ച രാജ്യങ്ങൾ എപ്രകാരമാണ് പൗരോഹിത്യം സ്വീകരിച്ചത്

ജറൂസലേമും പലസ്തീനായിലെ എല്ലാ പ്രദേശങ്ങളും ശമ്രായരുടെയും ഫിലിസ്ത്യരുടെയും പ്രദേശങ്ങളുടെ ഭാഗങ്ങളും അറബികളുടെയും ഫിനീഷ്യരുടെയും പ്രദേശങ്ങളും കൈസറിയായിലെ ജനങ്ങളും യാക്കോബിൽ നിന്നു പൗരോഹിത്യ കൈവയ്പു സ്വീകരിച്ചു. സീയോനിൽ പണിയപ്പെട്ട ശ്ലീഹന്മാരുടെ സഭയിൽ അദ്ദേഹം മേലദ്ധ്യക്ഷനും[1] നേതാവുമായിരുന്നു.[2]

വലിയ അലക്സാണ്ഡ്രിയായും തേബായിസും ഈജിപ്തിന്റെ ഉൾനാടുകൾ മുഴുവനും പെലൂസിയത്തെ എല്ലാ പ്രദേശങ്ങളും ഇൻഡ്യയുടെ അതിർത്തി വരെയുള്ള പ്രദേശങ്ങളും സുവിശേഷകനായ മർക്കോസിൽ നിന്ന് പൗരോഹിത്യത്തിന്റെ ശ്ലൈഹിക കൈവയ്പു സ്വീകരിച്ചു. അവൻ സ്ഥാപിച്ചു ശുശ്രൂഷിച്ച സഭയിൽ അവൻ മേലദ്ധ്യക്ഷനും നായകനുമായിരുന്നു.

ഇൻഡ്യയും അതിനുചുററും വിദൂരകടൽ വരെയുള്ള അതിലെ എല്ലാ നാടുകളും തോമായിൽ നിന്ന് പൗരോഹിത്യത്തിന്റെ ശ്ലൈഹിക കൈവയ്പു സ്വീകരിച്ചു. അവൻ സ്ഥാപിച്ചു ശുശ്രൂഷിച്ച സഭയിൽ അവൻ മേലദ്ധ്യക്ഷനും നേതാവുമായിരുന്നു.

അന്തോക്യയും, സിറിയയും, കിലിക്യയും പോന്തുസു വരെയുള്ള ഗലാത്യയും ശെമഓൻ കേപ്പായിൽ നിന്ന് പൗരോഹിത്യത്തിന്റെ ശ്ലൈഹിക കൈവയ്പു സ്വീകരിച്ചു. അവിടെല്ലാം അവൻ സഭസ്ഥാപനമിടുകയും പുരോഹിതനായിരിക്കയും, റോമിലെ ജനങ്ങളെ വഞ്ചിച്ചുകൊണ്ടിരുന്ന ക്ഷുദ്രക്കാരൻ ശെമഓൻ നിമിത്തം അവിടെനിന്ന് റോമിലേക്കു പോകുന്നതുവരെ അവിടെ ശുശ്രൂഷിക്കുകയും ചെയ്തു.

---

1 സൂനേഗോറോസ് (ഗ്രീ) (Supe.intendent)

2 മ്ദബ്റാനാ (സു) leader

www.malankaralibrary.com



റോമാനഗരവും ഇററലി മുഴുവനും, സ്പെയിനും, ബ്രിട്ടണും, ഗാളും ഇവയ്ക്കു ചുററുമുള്ള പ്രദേശങ്ങളും ശെമഓൻ കേപ്പായിൽ നിന്നു് പൗരോഹിത്യത്തിന്റെ കൈവയ്പ്പ സ്വീകരിച്ചു. അവൻ അന്ത്യോക്യയിൽ നിന്നാണു് പോയതു്. അവൻ അവിടെ മേലദ്ധ്യക്ഷനും നായകനുമായിരുന്നു. എഫേസോസും തെസ്സലോനിക്കായും ആസിയായിലെ എല്ലാ രാജ്യങ്ങളും കോറിന്തോസുകാരുടെ എല്ലാ രാജ്യങ്ങളും അകായിയാ മുഴുവനും അതിനു ചുററുമുള്ളവയും സുവിശേഷകനായ യോഹന്നാനിൽ നിന്നു് പൗരോഹിത്യത്തിന്റെ ശ്ളൈഹിക കൈവയ്പ്പ സ്വീകരിച്ചു. അന്ത്യത്താഴത്തിൽ അവനാണു് കർത്താവിന്റെ മാർവിൽ ചാരിക്കിടന്നതു്. അവൻ അവിടെ സഭ സ്ഥാപിക്കുകയും അവിടെ അദ്ധ്യക്ഷനായി ശുശ്രൂഷ ചെയ്യുകയും ചെയ്തു.

നിഖ്യായും നിക്കൊമേദിയായും ബിഥിനിയായിലെ എല്ലാ രാജ്യങ്ങളും ഗോത്തിയായും അതിനു ചുററുമുള്ള പ്രദേശങ്ങളും പൗരോഹിത്യത്തിന്റെ ശ്ളൈഹികകൈവയ്പ്പു് ശെമഓൻ കേപ്പായുടെ സഹോദരനായ അന്ത്രയോസിൽ നിന്നു സ്വീകരിച്ചു. അവൻ അവിടെ സ്ഥാപിച്ച സഭയിൽ അവൻ അദ്ധ്യക്ഷനും നേതാവുമായിരുന്നു; അവൻ അവിടെ പൗരോഹിത്യ ശുശ്രൂഷചെയ്തു. ബിസാൻസ്യവും ത്രേസിലെ എല്ലാ രാജ്യങ്ങളും അതിനെ മരുഭൂമിയിൽ നിന്നു് വേർതിരിക്കുന്ന അതിർത്തി വരെ അതിനു ചുററും ഉള്ള പ്രദേശങ്ങളും ലൂക്കാ ശ്ളീഹായിൽ നിന്നു് പൗരോഹിത്യത്തിന്റെ ശ്ളൈഹിക കൈവയ്പ്പു് സ്വീകരിച്ചു; അവൻ അവിടെ സഭ സ്ഥാപിച്ചു് അധ്യക്ഷനും നേതാവുമായി ശുശ്രൂഷ ചെയ്തു.

എഡേസ്സായും അതിനു ചുററിനും എല്ലായിടത്തുമുള്ള പ്രദേശങ്ങളും നിസിബിസും അറേബ്യയും വടക്കൻ പ്രദേശങ്ങളും മുഴുവനും അതിനു ചുററുമുള്ള പ്രദേശങ്ങളും തെക്കും മെസപ്പൊട്ടേമിയായുടെ അതിർത്തികളും, എഴുപത്തിരണ്ടു ശ്ളീഹന്മാരിൽ ഒരാളായ ആദായി ശ്ളീഹായിൽ നിന്നു് പൗരോഹിത്യത്തിന്റെ ശ്ളൈഹിക കൈവയ്പ്പ സ്വീകരിച്ചു. അവൻ അവിടെ പ്രസംഗിക്കയും പൗരോഹിത്യ ശുശ്രൂഷ നിർവഹിക്കയും അധ്യക്ഷനായിരിക്കയും ചെയ്തു.

പേർഷ്യാ മുഴുവനും, അസ്സീറിയാക്കാരുടെയും അർമേനിയാക്കാരുടെയും മേദ്യരുടെയും പ്രദേശങ്ങളും, ഇൻഡ്യൻ അതിർത്തിവരെയും ഗോഗിന്റെയും മാഗോഗിന്റെയും രാജ്യം വരെയും ബാബിലോണിനും ബേത്ഹൂസായേയും ഗെലിയേയും ചുററുമുള്ള രാജ്യങ്ങളും എല്ലാ വശത്തുമുള്ള മററെല്ലാ രാജ്യങ്ങളും ആദായി ശ്ളീഹായുടെ ശിഷ്യനും സിൽക്കു നിർമ്മാതാവും ആയ ആഗായ് ശ്ളീഹായിൽ നിന്നു് പൗരോഹിത്യത്തിന്റെ ശ്ളൈഹികകൈവയ്പ്പ സ്വീകരിച്ചു.

ശ്ളീഹന്മാരുടെ ശേഷിച്ച സഹപ്രവർത്തകർ അപരിഷ്കൃതരുടെ വിദൂര സ്ഥലങ്ങളിലേക്കു പോയി. അവർ ഒരിടത്തുനിന്നു മറൊരിടത്തേക്കു് പഠിപ്പിച്ചുകൊണ്ടു കടന്നുപോയി. തങ്ങളുടെ പ്രബോധനം വഴി അവർ അവിടെ ശുശ്രൂഷ ചെയ്തു. അവിടെ വച്ചുതന്നെ അവർ ഈ ലോകത്തിൽ നിന്നു കടന്നുപോയി. അവർക്കുശേഷം അവരുടെ ശിഷ്യന്മാർ ഈ ദിവസംവരെ മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു. അവരുടെ പ്രബോധനത്തിൽ അവർ മാററമോ കൂട്ടിച്ചേർക്കലോ ഒന്നും വരുത്തിയില്ല.

www.malankaralibrary.com



കൂടാതെ, സുവിശേഷകനായ ലൂക്കാ ശ്ലൈഹിക കർമ്മങ്ങളുടെ നേട്ടങ്ങളും പൗരോഹിത്യ ശുശ്രൂഷയുടെ നിയമങ്ങളും ചട്ടങ്ങളും ഓരോരുത്തരും പോയ ഇടങ്ങളും താല്പര്യപൂർവം രേഖപ്പെടുത്തി. ലൂക്കാ ശ്രദ്ധാപൂർവം ഇവയും ഇതിലുപരിയും എഴുതി തന്റെ ശിഷ്യരായ പ്രിഷില്ലായെയും അകപീലൂസിനെയും ഏല്പിച്ചു. പൗലോസ് ശ്ലീഹായുടെ ആദ്യശിഷ്യരായ തിമോത്തിയും ലുസ്ത്രായിലെ എറാസ്റ്റസും മെനിലും (നട 13.1) അദ്ദേഹത്തെ അനുധാവനം ചെയ്തതുപോലെ ഇവരും ലൂക്കായുടെ മരണംവരെ അവനെ അനുധാവനംചെയ്തു.

# അനുബന്ധം I

## യേശുദ്നാഹ്–സന്യാസ ചരിത്രം

## i വിഷയവിവരം


| | | |
|---|---|---|
| 1 | ഔഗേൻ | 153 |
| 2 | യോഹന്നാൻ | 154 |
| 3 | ശേറി | 154 |
| 4 | യൗനാൻ | 154 |
| 5 | ശാലീത്താ | 155 |
| 6 | ആഹാ | 155 |
| 7 | യോഹന്നാൻ | 155 |
| 8 | ഐത്താലാഹാ | 155 |
| 9 | ബർസഹദേ | 156 |
| 10 | യോഹന്നാൻദ്കശ്കാർ | 156 |
| 11 | കർദാക് സഹദാ | 156 |
| 12 | ഗ്രിഗോറിയോസ് | 157 |
| 13 | പെതിയോൻ സഹദാ | 157 |
| 14 | അബ്രഹാം റമ്പാ | 157 |
| 15 | ബാർ ഈതാ | 159 |
| 16 | ഗീവർഗീസ് | 159 |
| 17 | ബാബായ് ദ് നിസിബിസ് | 159 |
| 18 | ശഹ്റവായ് | 160 |
| 19 | എലിയാസ് | 160 |
| 20 | യോഹന്നാൻ ദ് അദർമാഹ് | 160 |
| 21 | ഹനാനേശു | 161 |
| 22 | യോഹന്നാൻ | 161 |
| 23 | യോഹന്നാൻ | 161 |
| 24 | യാക്കോബ് | 162 |
| 25 | ആബാ | 162 |
| 26 | സാബാറേശു | 163 |
| 27 | യൗനാൻ | 163 |
| 28 | ഗാനി | 164 |
| 29 | സബോക്ത് | 165 |
| 30 | ഊക്കാമാ | 165 |
| 31 | ദാനിയേൽ | 167 |
| 32 | ബർ കേവേലാ | 167 |
| 33 | യോനാ റമ്പാൻ | 167 |
| 34 | യാക്കോബ് | 168 |
| 35 | ശാലീത്താ | 168 |
| 36 | ഗീവർഗീസ് | 169 |
| 37 | യൗസേപ്പ് | 169 |
| 38 | ദാദീശോ | 169 |
| 39 | ബാബായ്റമ്പാ | 170 |
| 40 | യാബ് | 170 |
| 41 | അബീമെലെക് | 170 |
| 42 | അബ്രഹാം | 171 |
| 43 | അബ്രഹാംദ്നെത്പാർ | 171 |
| 44 | യോബ് | 171 |
| 45 | കർദാക് | 172 |
| 46 | യോഹന്നാൻ | 172 |
| 47 | യേശുസെക്കാ | 173 |
| 48 | നെസ്തോറിയുസ് | 173 |
| 49 | ആബായൗനാൻ | 174 |
| 50 | ബർ ഖുസ്രേ | 174 |
| 51 | റമ്പാൻ ഗബ്രൂനാ | 175 |
| 52 | ഹബീബ് | 175 |
| 53 | ബാസിമാ | 176 |
| 54 | തീത്തൂസ് | 176 |
| 55 | റമ്പാൻ ഷാബൂർ | 176 |
| 56 | ഗ്രിഗോറിയോസ് | 177 |
| 57 | ഗീവർഗീസ് | 177 |
| 58 | ശുബ്ഹാലമാറൻ | 178 |
| 59 | സാബാറേശു | 178 |
| 60 | യേശുസബ്രാൻ സഹദാ | 178 |

| | | |
|---|---|---|
| 61 | മിഖായേൽ | 179 |
| 62 | ഹനാനേശു | 179 |
| 63 | യോഹന്നാൻ | 179 |
| 64 | ശുബ്ഹാലമാറൻ | 180 |
| 65 | യൗസേപ് | 180 |
| 66 | നഥാനിയേൽ | 180 |
| 66 a | നഥാനിയേൽ സഹദാ | 180 |
| 67 | ആബാ ശിമെയോൻ | 180 |
| 68 | മാർ ഹബീബാ | 181 |
| 69 | ആബാ സീനായ് | 181 |
| 70 | അബ്ദീശോ | 182 |
| 71 | ശിമെയോൻ | 182 |
| 72 | റമ്പാൻ നർസൈ | 182 |
| 73 | തിയഡോർ | 182 |
| 74 | ബാബായ് | 183 |
| 75 | അബ്ദാ | 183 |
| 76 | അബ്ബാ ബർഹൊതിഫ് | 184 |
| 77 | റമ്പാൻ ബർസഹ്ദേ | 184 |
| 78 | കുദാവി | 185 |
| 79 | ശുബ്ഹാലമാറൻ | 185 |
| 80 | സേർജിയൂസ് ദാവൂദാ | 185 |
| 81 | ശുബ്ഹാലമാറൻ | 185 |
| 82 | ദാദീശോ | 186 |
| 83 | അബ്രഹാം | 186 |
| 84 | എസ്ക്കിയേൽ | 186 |
| 85 | ദൗസാ | 186 |
| 86 | ബാബായ്ദ്പേർഷ്യ | 187 |
| 87 | ദാവീദ് ബർ നതാറാ | 187 |
| 88 | റമ്പാൻ ഹൊർമിസ്ദ് | 187 |
| 89 | റമ്പാൻ കാമേശു | 187 |
| 90 | യോസേദേക്ക് | 188 |
| 91 | യേശുസബ്രാൻ | 188 |
| 92 | സാബാറേശു | 188 |
| 93 | അഫ്നീമാറൻ | 189 |
| 94 | ഗീവർഗീസ് | 189 |
| 95 | മാക്കീക്കാ | 189 |
| 96 | റമ്പാൻ അബ്രഹാം | 189 |
| 97 | ആബാ ശലോമോൻ | 190 |
| 98 | റമ്പാൻ മേലേക്യേശു | 190 |
| 99 | പെത്തിയോൻ | 190 |
| 100 | റമ്പാൻ ഗീവർഗീസ് | 190 |
| 101 | ആബാ സ്ളീബാ | 191 |
| 102 | കുറിയാക്കോസ് | 191 |
| 103 | റമ്പാൻ ബാവൂത് | 192 |
| 104 | യേശു സബ്രാൻ | 192 |
| 105 | ആബാ ദയറാതാ | 192 |
| 106 | അബ്രഹാംദ് മേയാറേ | 193 |
| 107 | റൂസ്ബീഹാൻ | 193 |
| 108 | സോക്കേ | 193 |
| 109 | റമ്പാൻ സഫ്റ | 194 |
| 110 | ആബാ യൗസേപ് | 194 |
| 111 | ആബാ യേശു | 194 |
| 112 | യോഹന്നാൻ | 194 |
| 113 | ശിമയോൻ | 195 |
| 114 | റമ്പാൻ യൗസേപ് | 195 |
| 115 | ആബാ ബർ ദയറാ | 195 |
| 116 | യോഹന്നാൻ ദ് ദൈലം | 196 |
| 117 | ആബാ അഹറോൻ | 196 |
| 118 | ബോക്തേശു | 196 |
| 119 | അത്കെൻ | 197 |
| 120 | അബ്രഹാം | 197 |
| 121 | ഗബ്രിയേൽദ്കശ്കാർ | 197 |
| 122 | ഹനാനേശു | 198 |
| 123 | ആബാ ശമാശ | 198 |
| 124 | ഇസഹാക്ക് | 198 |
| 125 | ആബാ യൗസേപ് ഹസായ | 199 |
| 126 | യോഹന്നാൻ | 200 |
| 127 | ബർ സഹ്ദേ | 201 |
| 128 | റാംവായ് | 202 |
| 129 | ബക്രാ | 202 |
| 130 | ഗായൻ | 203 |
| 131 | അബ്രഹാം | 203 |
| 132 | ദാവൂദി | 203 |
| 133 | ഹെലേനാ | 203 |
| 134 | അദ്രമാനാഗ് | 203 |
| 135 | അബ്രഹാം | 208 |
| 136 | ഗബ്രിയേൽ | 203 |
| 137 | യോഹന്നാൻ | 203 |
| 138 | സ്തീഫൻ | 203 |
| 139 | യേശുയാബ് | 203 |
| 140 | യാക്കോബ് | 204 |


www.malankaralibrary.com

www.malankaralibrary.com



# അനുബന്ധം II

## യേശുദ്നാഹ്-സന്യാസചരിത്രം-വിഷയവിവരം

### ii അകാരാദി ക്രമത്തിൽ


അത്കെൻ 197
അദ്രമനാഗ് 203
അഫ്നീമാറൻ 189
അബീമെലേക്ക് 170
അബ്ദാ 183
അബ്ലാബർ ഹൊതിഫ് 184
അബ്ദീശോ 182
അബ്രഹാം 171, 186, 197, 203
അബ്രഹാം ദ് നെത്പാർ 171
അബ്രഹാം ദ് മേയാറേ 193
അബ്രഹാം റമ്പാ 157
അബ്രഹാം റമ്പാൻ 189
ആബാ 162
അബാ ബർ ദയറാ 195
ആഹാ 155
ഇസഹാക്ക് 198
ഊക്കാമാ 165
എസക്കിയേൽ 186
ഏലിയാസ് 160
ഐത്താലാഹാ 155
ഔഗേൻ 153
കർദാക് 172
കർദാക്സഹദാ 156
കാമേശു റമ്പാൻ 187
കുറിയാക്കോസ് 185
കുദാവി 185
ഗബ്രിയേൽ 203
ഗബ്രിയേൽ ദ്കശ്കാർ 197
ഗബ്രൂനാ റമ്പാൻ 175
ഗാനി 164
ഗായൻ 203
ഗീവർഗീസ് 159, 169, 177, 189, 190
ഗ്രീഗോറിയോസ് 157, 177
തിയഡോർ 182
തീത്തുസ് 176
ദയറാതാ 192
ദാദീശോ 169, 186
ദാനിയേൽ 167
ദാവീദ് ബർ നതാറാ 187
ദാവൂദി 203
ദൗസാ 186
നഥാനിയേൽ 180
നർസൈ 182
നെസ്തോറിയൂസ് 173
പെതിയോൻ 157, 190
ബക്രാ 202
ബർ കേവേലാ 167
ബർ ഖുസ്രേ 174
ബർ സഹദേ 156, 184, 201
ബാബായ് 183
ബാബായ് ദ്നിസിബിസ് 159
ബാബായ് ദ്പേർഷ്യ 187
ബാബായ് റമ്പാ 170
ബാവൂത് 192
ബാസീമാ 176
ബാർ ഈതാ 159
ബോക്തേശു 196
മാക്കീക്കാ 189
മിഖായേൽ 179
മേലേക് യേശു 190
യാക്കോബ് 162, 203
യാബ് 170
യേശു 194
യേശുയാബ് 203
യേശുസബ്രാൻ 178, 188, 192
യേശുസെക്കാ 173
യോനാ റമ്പാൻ 168

www.malankaralibrary.com




| | | | |
|---|---|---|---|
| യോബ് | 171 | ശിമയോൻ, മാർ ആബാ | 180 |
| യോഹന്നാൻ | 154, 155, 161 172, 179, 194, 200, 203 | ശ്രുബ്ഹാലമാറൻ | 178, 180, 185 |
| | | ഷബൂർ റബാൻ | 176 |
| യോഹന്നാൻ ദ് അദർമാഹ് | 160 | സഹ്രാ റബാൻ | 194 |
| യോഹന്നാൻ ദ് കശ്കാർ | 156 | സബോകത് | 165 |
| യോഹന്നാൻ ദ് ദൈലം | 196 | സാബാറേശ്രു | 163, 178, 188 |
| യോസേദേക് | 188 | സീനായ്, മാർ ആബാ | 181 |
| യൗനാൻ | 154, 163, 174 | സ്ലീബാ | 191 |
| യൗസേപ് | 169, 180, 195 | സ്ലീഹാ | 203 |
| യൗസേപ്, വി. ആബാ | 194 | സേർജിയുസ് ദാവൂദാ | 185 |
| യൗസേപ് ഹസായാ | 199 | സോക്കേ | 193 |
| ശമാശാ | 198 | ഹനാനേശ്രു | 161, 179, 198 |
| ശലോമോൻ, മാർ ആബാ | 190 | ഹബീബാ | 175, 181 |
| ശഹ്റവായ് | 160 | ഹെലേനാ | 203 |
| ശാലീത്താ | 155, 168 | റംബായ് | 202 |
| ശിമയോൻ | 182, 195 | റുസ്ബീഹാൻ | 193 |


# അനുബന്ധം III

## യേശുദ്നാഹ്–സന്യാസചരിത്രം

## കേരളത്തിൽ

ഉദയംപേരൂർ സൂനഹദോസിന്റെ കാലത്ത് ഈ ഗ്രന്ഥം കേരളത്തിൽ അറിയപ്പെട്ടിരുന്നു. കത്തിച്ചുകളയേണ്ട ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ഇതും ഉൾപ്പെടുത്തിയിട്ടുണ്ട്. സിനഡിന്റെ മൂന്നാം സെഷനിൽ 14–ാം ഡിക്രിയിലാണ് ഈ ചർച്ച: ഗുവയായുടെ ഗ്രന്ഥത്തിൽ നിന്ന്:[1]

Item o liuro a modo de Flos Sanctorum que contem em sy muytas vidas de hereges Nestorianos a que chama Sanctos, assi: dito liuro junto como qualpuer das vidas que andar escrita em particular, em special as de Abraham que chama magno[1], George Abbade[2], Cardeg que chamao mart.[3], Iacob[4], Abba[5], Saurixo[6], Iohanan[7], Gauris[8], Raban Sabacat[9], Ocama[10] Daniel[11], Barcaula[12], Raban nuna[13], Iacob[14], Rabai Magno[15], Dadixo[16], Iomarusia[17], Schalita[18], Ihab[19], Abimelec expositor[20], Abraham[21], outro Abraham Natpraya[22], Iobcarder[23], Ioannes[24], Ireasca[25], Nestorio[26], Iaunam[27], Barcurra[28], Raban Gabaro[29],

---

1. J. B. Chabot, L'autodafe', 620-1.

www.malankaralibrary.com



Schabibi[30], Barcima[31], Tito[32], Raban sapor[33], Gregorio Metropolita[34], Georgio Monacho[35], Xahucalmaran[36], Ioseph[37], Natanael[38], Simao Abbade[39], chabita[40], Zinai Abbade[41], Audixo[42], Ioane crascaya[43], Barcahade[44], Italaah[45], Ioanes[46], Sahadui[47], Aha[48], Xalita[49], Ioanacoreta[50], Xari[51], outro-Ioannes[52], Elias[53], Ioadarmah[54], Ananixo[55], outro Ioannes[56], Barhetta[57], Rabai Simeon[58], Narsai Naban[59], Raban Theodoro[60], Rabai doctor[61], Abda[62], Abolaminer[63], Raban tarsaha de-Cadarui[64], Xuucalmaran[65], Sergiududa[66], Xuuealmaran[67], Dadixo[68], outro Abraham[69], et Ezechieldosa[70], Rabai Perca[71], David Barnutar[72], Hormisda[73], Pition[74], Salamon Abbade[75], Raban Machixo[76], outro Georgio[77], Muchiquo[78], outro Abraham Apnimacan[79], Xaurixo[80], Ixosauran[81], Iosedec[82], Rabancamixo[83], Bardirta Abbade[84], Abraham Barmaharait[85], Georgio Raban[86], Zliua Abbade[87], Guiriaco[88], Rabanbaut[89], Ioseph Abbade[90], Zaca[91], Nosbian[92], IesusAbbade[93], Aaron[94], Bucatixo[95], Atcan[96], outro Abraham[97], Xonxa Abbade[98], Amanixo Gasraya[99], Sahedona Bispo[100], Ioseph Azaya[101], Isahaha Bispo[102], Iacob que chamao Propheta[103], Ixaiahu[104], Eunuco Ramai[105] IobarMalchi[106] os quaes todos sam hereges Nestorianos, e, principaes seguidores des ua maldita seita como constadesu as vidas, as quaes eatao cheas de muytas heregias, blasfemias et milagres fabulosos et falsos com que pretendem a creditar sua seita.

1 അബ്രഹാം റമ്പാ: സന്യാസചരിത്രം, (നമ്പർ, 14)[2]
2 ഗീവർഗീസ് അബ്ബാദേ (16): ആബാ ഗീവർഗീസ്
3 കർദാക് സഹദാ(11)
4 യാക്കോബ് (24)
5 ആബാ (25)
6 സൗറിക്കോ (26): സാബാറീശോ
7 യോഹന്നാൻ (27): (യൗനാൻ)
8 ഗൗരി (28): (ഗാനി)
9 റമ്പാൻ സബകാത് (29): (സബോക്ത്)

2 നാം പ്രസിദ്ധീകരിച്ചിരിക്കുന്ന ''സന്യാസചരിത്രം'' എന്ന കൃതിയിലെ നമ്പരാണ് ബ്രാക്കറ്റിൽ കാണുന്നത്.

www.malankaralibrary.com



10 ഊക്കാമ (30)
11 ദാനിയേൽ (31)
12 ബർ കൗളാ (32): (ബർ കേവേലാ)
13 റമ്പാൻ നൂനാ (33): (യോനാ റമ്പാൻ)
14 യാക്കോബ് (34)
15 റാബ്ബായ് റമ്പാ (39): ബാബായ് റമ്പാ3
16 ദാദീക്സോ (38) :(ദാദീശോ)
17 യോമറൂസിയാ (37) : (യൗസേപ്പ് മർവസായാ)
18 ശാലീത്താ (35)
19 ഇഹാബ് (40): യാബ്
20 അബീമെലേക്ക് (41)
21 അബ്രഹാം (42)
22 അബ്രഹാം ദ്നെത്പാർ (43)
23 യോബ് കർദെർ
യോബ് (44)
കർദാക് (45)
24 യോഹന്നാൻ (46)
25 ഇശ്കാസ്കാ (47): യേശ്ശുസെക്കാ (ഈശോസെക്കാ)
26 നെസ്തോറിയൂസ് (48)
27 യൗനാം (49): ആബായൗനാൻ
28 ബർകുറാ (50): ബർ ബുസ്രേ
29 റമ്പാൻ ഗാബാറോ (51): ഗബ്രൂനാ
30 ഷബീബി (52): ഹബീബ്
31 ബർസീമാ (53): ബാസീമാ
32 ടിറോറാ (54): തീത്തൂസ്
33 റമ്പാൻ സപോർ (55): ഷാബൂർ
34 ഗ്രീഗോറിയോസ് (56)
35 ഗീവർഗീസ് (57)
36 ശ്ലീഹകൽമാറൻ (58): ശുബ്ഹാലമാറൻ
37 യൗസേപ്പ് (65)
38 നഥാനിയേൽ (66)
39 ശിമാഓ അബാദേ (67): ആബാ ശിമെയോൻ
40 ഷബീതാ (68): ഹബീബാ
41 സീനായ് അബാദേ (69): ആബാ സീനായ്
42 ഓദിക്സോ (70): അബ്ദീശോ
43 യൊവാനെ ക്രസ്കായാ (10): യോഹന്നാൻ ദ്കശ്കാർ
44 ബർ സഹ്ദേ (9)
45 ഇത്തലാഹ് (8): ഐത്താലാഹ (ഈസാലാഹ)
46 യോഹന്നാൻ (7): യോ. ദ്കമൂൽ
47 ശഹ്ദ്ദയ് (18): 'ശഹ്റവായ്' എന്നതു് ഒരു പക്ഷേ ശഹ്ദ്ദയ് എന്നു് വായിക്കണം.
48 ആഹാ (6)
49 ക്സലീത്താ (5): ശാലീത്താ

3 പകർത്തിയെഴുതിയതിലെയോ അച്ചടിയിലെയോ തെറ്റാണു്. മൂലത്തിലെ തെറ്റല്ല.

www.malankaralibrary.com



50 യോനാകൊറേത്താ (4): യൗനാൻ സന്യാസി
51 ക്സരി (3): ശേറി (ശറി)
52 യോഹന്നാൻ (2)
53 ഏലിയാസ് (19)
54 യോദർമാ (20): യോഹന്നാൻ ദ്അദർമാഹ്
55 അനാനീക്സോ (21): ഹനാനീശോ
56 യോഹന്നാൻ (22)
57 ബാറേത്താ (15): ബാറീതാ
58 റാബായ് ശിമെയോൻ
ബാബായ് (17)
ശിമെയോൻ (71)
59 നർസൈ നമ്പാൻ (72): റമ്പാൻ നർസൈ
60 റമ്പാൻ തിയഡോർ (73)
61 റാബായ് മല്പാൻ (74): ബാബായ്
62 അബ്ദാ (75)
63 അബോലമിനെർ (76): അബ്ദാ തൽമീദേ
64 റമ്പാൻ തർസഹദേ ദ്കദറുയ്: ബർസഹ്ദേ (77)
ക്ലൂദാവി (78)
65 ക്സുആൽമാറൻ (79): ശ്രുബ്ഹാലമാറൻ
66 സേർജിയൂദാ (80): സേർജിയൂസ് ദാവൂദാ
67 ക്സുആൽമാറൻ (81): ശ്രുബ്ഹാലമാറൻ
68 ദാദീക്സോ (82): ദാദീശോ
69 അബ്രഹാം (83)
70 എസക്കിയേൽദോസാ:
എസക്കിയേൽ (84)
ദൗസാ (85)
71 ബാബായ് പേർസ (86)
72 ദാവീദ് ബർ നതാർ (87)
73 ഹൊർമിസ്ദാ (88)
74 പ്തിയോൻ (99): പെത്തിയോൻ
75 ശലോമോൻ അബ്ബദേ (97): ആബാശലോമോൻ
76 റമ്പാൻ മക്കീക്സോ (98): റമ്പാൻ മേലേക് യേശു
(മല്കീശോ)
77 ഗീവർഗീസ് (94)
78 മൂക്കീക്കാ (95): മാക്കീക്കാ
79 അബ്രഹാം അഫ്നീമാസാൻ:
അബ്രഹാം (96)
അഫ്നീമാറൻ (93)
80 ക്സൗറീശോ (92): സാബാറീശോ
81 ഈക്സോ സൗറാൻ (91): ഈശോസബ്രാൻ
82 യോസേദേക് (90)
83 റമ്പാൻ ക്സാമീശോ (89): കാമേശു
84 ബർദിർതാ അബ്ബദേ (105): ആബാ ദയറാതാ
85 അബ്രഹാം ബർമഹറയിത് (106):
അബ്രഹാം ദ്മേയാറേ
86 ഗീവർഗീസ് റമ്പാൻ (100)
87 സ്ളീവാ അബ്ബദേ (101): ആബാ സ്ളീബാ

www.malankaralibrary.com



88 കുറിയാക്കോസ് (102)
89 റമ്പാൻ ബാവുത് (103)
90 ജോസഫ് അബ്ബദേ (110): ആബായൗസേപ്
91 സക്ക (108): സോക്കേ
92 നൊസ്ബിയാൻ (107): റൂസ്ബീഹാൻ
93 യേശ്രു അബ്ബാദേ (111): ആബായേശ്രു
94 ആറോൻ (117): ആബാ അഹറോൻ
95 ബുക്കതിക്സോ (118): ബോക്തേശ്രു (ബോക്തീശോ)
96 അത്കൻ (119)
97 അബ്രഹാം (120)
98 ഷ്ലോൺക്ലാ അബ്ബാദേ (123): ആബാ ശമാശ
99 അമാനിക്സോ ഗസ്രായാ
ഹനാനീശോ 122)
ഗബ്രിയേൽ കശ്കറായാ (121)
100 സഹെദോണാ ബിസ്പോ (127): ബർസഹ്ദേ
101 യോസപ് അസായാ (125): യൗസേപ് ഹസായാ
102 ഇസഹാഹാബിസ്പോ (124): ഇസഹാക്ക് ദ്നിനവേ
103 യാക്കോബ് പ്രവാചകൻ (140)
104 ഇക്സായ്യാഹ (139): ഈശോയാഹ്ബ്
105 റാമായ്ഷണ്ഡൻ (128): വിശ്വാസിയായ റാംവയ്
106 യോബാർ മൽക്കി (ഇല്ല):

## ഗ്രന്ഥസൂചിക


Baumstark, A., *Geschichte der syrischen Literatur*, Bonn, 1922

B. O.= *Bibtiotheca Orientalis*, 3 vols. ed., J. S. Assemani. Rome, 1719-28.

Chabot, J. B., "L'autodafe, des Livres syriaques du Malabar, in *Florilegium ....Melchior de Vogue'* Paris, 1909, p. 613-23.

________________, Le Livre de la Chaste'te' compose par Je'susdnah, e'v, de Basrah, in *Me'langes da'rch'eologieet dhistoire,* Paris-Rome, 16 (1896).

________________ , *Synodicon Orientale,* Paris, 1902.

DTC = Dictionnaire d'theologie catholique

Hahn, A.- Hahn, G. L., *Bibliothek der Symbole und Glaubensregeln der alten Kirche*, Hildesheim, 1962.

Dadiso Qatraya, *A Treatise on Solitude.* in *WS.* VII, Cambridge, 1934, p. 70—143/201-247 (ed. & tr. by A. Mingana).

PO=Patrologia Orientalis

Voobus A., *The Synodicon in the West Syrian Tradition,* Louvain, 1975 (CSCO 368/Syr.162).

WS = Woodbrooke Studies,